سورة الملك

67. സൂറത്തുൽമുൽക്

മക്കഃയിൽ അവതരിച്ചത് - വചനങ്ങൾ 30 - വിഭാഗം (റുകൂഉ്) 2

ജുസുഉ് -29

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ

പരമകാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

تَبَٰرَكَ ٱلَّذِى بِيَدِهِ ٱلْمُلْكُ وَهُوَ عَلَىٰ كُلِّ شَىْءٍ قَدِيرٌ ﴿١﴾

﴿1﴾ രാജാധിപത്യം യാതൊരുവന്റെ കയ്‌വശമാണോ അവൻ നന്മ (അഥവാ മഹത്വം) ഏറിയവനാകുന്നു. അവൻ എല്ലാ കാര്യത്തിനും കഴിവുള്ളവനുമത്രെ.

ٱلَّذِى خَلَقَ ٱلْمَوْتَ وَٱلْحَيَوٰةَ لِيَبْلُوَكُمْ أَيُّكُمْ أَحْسَنُ عَمَلًا ۚ وَهُوَ ٱلْعَزِيزُ ٱلْغَفُورُ ﴿٢﴾

﴿2﴾ നിങ്ങളിൽ ആരാണ് കൂടുതൽ നല്ല പ്രവൃത്തിചെയ്യുന്നവരെന്ന് നിങ്ങളെ പരീക്ഷണം ചെയ്യാൻവേണ്ടി, മരണവും ജീവിതവും സൃഷ്ടിച്ചവനാണ് (അവൻ). അവനത്രെ, വളരെ പൊറുക്കുന്നവനായ പ്രതാപശാലി.

﴿1﴾ تَبَٰرَكَ നന്മ (ഗുണം- മഹത്വം- മേന്മ) ഏറിയിരിക്കുന്നു ٱلَّذِى യാതൊരുവൻ بِيَدِهِ അവന്റെ കയ്യിലാണ്, കൈവശമാണ് ٱلْمُلْكُ രാജത്വം, ആധിപത്യം وَهُوَ അവൻ عَلَىٰ كُلِّ شَىْءٍ എല്ലാ കാര്യത്തിനും قَدِيرٌ കഴിവുള്ളവനാണ് ﴿2﴾ ٱلَّذِى خَلَقَ സൃഷ്ടിച്ചവൻ ٱلْمَوْتَ وَٱلْحَيَوٰةَ മരണവും ജീവിതവും لِيَبْلُوَكُمْ നിങ്ങളെ പരീക്ഷണം ചെയ്യാൻവേണ്ടി أَيُّكُمْ നിങ്ങളിൽ ഏതൊരുവനാണ് (ആരാണ്) أَحْسَنُ അധികം

നല്ലവൻ (എന്ന്) عَمَلًا പ്രവൃത്തി, കർമം وَهُوَ ٱلْعَزِيزُ അവനത്രെ പ്രതാപശാലി ٱلْغَفُورُ വളരെ പൊറുക്കുന്നവൻ

അഖില വസ്തുക്കളുടെയും ഭരണാധിപതിയും, സർവ്വശക്തനുമായ അല്ലാഹു എല്ലാവിധ നന്മയും എല്ലാ മഹൽഗുണങ്ങളും വർദ്ധിച്ചവനാണ് എന്ന മുഖവുര യോടുകൂടിയ പ്രാരംഭ വചനത്തിനുശേഷം, അതിന്റെ കാരണം- അല്ലെങ്കിൽ വിശ ദീകരണം- എന്നോണം വമ്പിച്ച ചില യാഥാർത്ഥ്യങ്ങളെക്കുറിച്ച് പ്രസ്താവിക്കു ന്നു. കേവലം ശൂന്യാവസ്ഥയിലായിരുന്ന മനുഷ്യൻ ഒരിക്കൽ ഒരു ജീവിയായി ഭൂമിയിൽ പിറക്കുന്നു. അൽപകാലത്തിനുശേഷം അവന്റെ ജീവിതം അവസാ നിച്ചു അവൻ മരണമടയുകയും ചെയ്യുന്നു. രണ്ടും മനുഷ്യന്റെ ആവശ്യപ്രകാര മോ, അവന്റെ ഉദ്ദേശ്യമനുസരിച്ചോ, അവന്റെ പ്രവർത്തനം കൊണ്ടോ അല്ല സംഭ വിക്കുന്നത്. രണ്ടും അല്ലാഹു കണക്കാക്കുന്നതും, അവന്റെ പ്രവർത്തനം കൊണ്ടു ണ്ടാകുന്നതുമത്രെ. അപ്പോൾ ഈ ജീവിതത്തിന്റെ ലക്ഷ്യം എന്തായിരിക്കും, അല്ലെ ങ്കിൽ എന്തായിരിക്കണം എന്ന് നിശ്ചയിക്കുന്നതും അല്ലാഹുതന്നെ ആവാനേ നിവൃത്തിയുള്ളൂ. മരണത്തോട് കൂടി മനുഷ്യജീവിതം അവസാനിക്കുന്നില്ല. ഒടു ക്കമില്ലാത്ത മറ്റൊരു ജീവിതത്തിലേക്കുള്ള പ്രയാണമാണ് ഐഹികജീവിതം. ആ ജീവിതത്തിലേക്കുള്ള പ്രവേശനമാണ് മരണം. ആ ജീവിതം സുഖകരമാകുന്ന തിന് ആവശ്യമായ സമ്പത്ത് തയ്യാറാക്കുകയത്രെ ഈ താൽക്കാലിക ജീവിത ത്തിന്റെ ലക്ഷ്യമായി അല്ലാഹു നിശ്ചയിച്ചിരിക്കുന്നത്. ഈ ലക്ഷ്യം പ്രാപിക്കുന്ന തിൽ ഓരോരുത്തനും എത്രമാത്രം വിജയിച്ചിട്ടുണ്ട്- അല്ലെങ്കിൽ പരാജയപ്പെട്ടി ട്ടുണ്ട്- എന്ന് തിട്ടപ്പെടുത്തുന്നത് അവന്റെ മരണത്തോടുകൂടിയായിരിക്കും. അപ്പോൾ, മരണവും ജീവിതവും ഏർപ്പെടുത്തിയിരിക്കുന്നത് നിങ്ങളിൽവെച്ച് കൂടു തൽ നന്നായി പ്രവർത്തിക്കുന്നവർ ആരൊക്കെയാണെന്ന് പരിശോധിക്കുവാൻ വേണ്ടിയാണെന്ന് അല്ലാഹു പറഞ്ഞതിന്റെ താല്പര്യം വ്യക്തം തന്നെ.

പ്രവർത്തനത്തിന്റെ അവസരം ജീവിതകാലമാണെങ്കിലും അതിന് വിരാ മമിടുന്നതും, അതിനെ വിലയിരുത്തുന്നതും മരണത്തോടുകൂടിയാണ്. പരീക്ഷ ണഫലം തൃപ്തികരമാണെങ്കിൽ സിദ്ധിക്കുവാനിരിക്കുന്ന സൗഭാഗ്യവും അല്ലെ ങ്കിലുണ്ടാകുന്ന ദൗർഭാഗ്യവും അവർണനീയമാകുന്നു. ആ നിലക്ക് ജീവിതത്തെ ക്കാൾ മനുഷ്യന് ചിന്താവിഷയമായിരിക്കേണ്ടത് അവന്റെ മരണമാണെന്ന് പറ യേണ്ടതില്ല. ആദ്യം മരണത്തെക്കുറിച്ചും, പിന്നീട് ജീവിതത്തെക്കുറിച്ചും അല്ലാഹു പ്രസ്താവിച്ചതും ഇതുകൊണ്ടായിരിക്കാം. അല്ലാഹുവിനറിയാം. എല്ലാ രഹസ്യ പരസ്യങ്ങളും അറിയുന്ന സർവ്വജ്ഞനാണല്ലോ അല്ലാഹു. എന്നിരിക്കെ, പരീ ക്ഷണ ഫലം എന്തായിരിക്കുമെന്ന് അറിയാത്തതുകൊണ്ടല്ല അവൻ പരീക്ഷണം നടത്തുന്നതെന്ന് സ്പഷ്ടമാകുന്നു. ഇഹത്തിൽവെച്ച് ഓരോരുത്തനും യഥാർത്ഥത്തിൽ സ്വീകരിക്കുന്ന നിലപാട് എന്തായിരിക്കുമെന്ന് പ്രത്യക്ഷത്തിൽ വെളിപ്പെട്ടു കാണുവാനും, അതിന്റെ അടിസ്ഥാനത്തിൽ ഓരോരുത്തന്റെയും പേരിൽ നടപടി എടുക്കുവാനും വേണ്ടിയാകുന്നു അത്. അടുത്ത വചനത്തിൽ മറ്റൊരു യഥാർത്ഥ്യം അല്ലാഹു ചൂണ്ടിക്കാട്ടുന്നു:-

ٱلَّذِى خَلَقَ سَبْعَ سَمَٰوَٰتٍ طِبَاقًا ۖ مَّا تَرَىٰ فِى خَلْقِ ٱلرَّحْمَٰنِ مِن تَفَٰوُتٍ ۖ فَٱرْجِعِ ٱلْبَصَرَ هَلْ تَرَىٰ مِن فُطُورٍ ﴿٣﴾

《3》 അടുക്കുകളായ നിലയിൽ ഏഴ് ആകാശങ്ങളെ സൃഷ്ടിച്ചവനാണ് (അവൻ). പരമകാരുണികനായുള്ളവന്റെ സൃഷ്ടിയിൽ യാതൊരു ഏറ്റപ്പറ്റും നീ കാണുകയില്ല. എന്നാൽ, നീ (ഒന്ന്) ദൃഷ്ടി മട(ക്കി നോ)ക്കുക: വല്ല പിഴവും നീ കാണുന്നുവോ?!

ثُمَّ ٱرْجِعِ ٱلْبَصَرَ كَرَّتَيْنِ يَنقَلِبْ إِلَيْكَ ٱلْبَصَرُ خَاسِئًا وَهُوَ حَسِيرٌ ﴿٤﴾

《4》 പിന്നെയും രണ്ട് ആവർത്തി നീ മട(ക്കി നോ)ക്കുക: നിന്ദ്യമായ നിലയിൽ നിന്നിലേക്കു തന്നെ ദൃഷ്ടി തിരിച്ചുവരുന്നതാണ്- അതാകട്ടെ. പരവശപ്പെട്ടതുമായിരിക്കും.

《3》 ٱلَّذِى خَلَقَ സൃഷ്ടിച്ചവൻ سَبْعَ سَمَٰوَٰتٍ ഏഴ് ആകാശങ്ങളെ طِبَاقًا അടുക്കുകളായിട്ട്, അടുക്കടുക്കായി (ഒന്നൊന്നോട്) യോജിച്ചുകൊണ്ട് مَّا تَرَىٰ നീ കാണുകയില്ല فِى خَلْقِ ٱلرَّحْمَٰنِ പരമകാരുണികന്റെ സൃഷ്ടിയിൽ مِن تَفَٰوُتٍ ഒരു ഏറ്റക്കുറവും (വൈകല്യവും) فَٱرْجِعِ എന്നാൽ നീ മട(ക്കി നോ)ക്കുക ٱلْبَصَرَ ദൃഷ്ടിയെ هَلْ تَرَىٰ നീ കാണുന്നുവോ, കാണുമോ مِن فُطُورٍ വല്ല പിഴവും (കീറലും, പൊട്ടും) 《4》 ثُمَّ ٱرْجِعِ പിന്നെ നീ മടക്കി (വീണ്ടും) നോക്കുക ٱلْبَصَرَ ദൃഷ്ടിയെ, കണ്ണിനെ كَرَّتَيْنِ രണ്ട് ആവർത്തി (പ്രാവശ്യം) يَنقَلِبْ തിരിച്ചുവരും, മറിഞ്ഞുവരും إِلَيْكَ നിന്നിലേക്ക് ٱلْبَصَرُ ദൃഷ്ടി, കാഴ്ച خَاسِئًا നിന്ദ്യമായ നിലയിൽ (പരാജയപ്പെട്ടുകൊണ്ട്) وَهُوَ അത്, അതാകട്ടെ حَسِيرٌ പരവശപ്പെട്ട (കുഴങ്ങിയ)തായിരിക്കും

'ഏഴ് ആകാശങ്ങളെ' (سبع سماوات)ക്കുറിച്ച് നാം ഇതിനുമുമ്പ് സംസാരിച്ചു കഴിഞ്ഞിട്ടുണ്ട്. (സൂ: മുഅ്മിനൂൻ, 17 ന്റെയും, സൂ: ത്വലാക്, 12 ന്റെയും വ്യാഖ്യാനം നോക്കുക.) അവ ഒന്ന് ഒന്നിനുമീതെ അടുക്കടുക്കായി- അഥവാ തട്ടുതട്ടായി -സ്ഥിതിചെയ്യുന്നുവെന്ന് അല്ലാഹു വ്യക്തമായി പ്രസ്താവിക്കുന്നു. സൂ:ഹദീദിലും ഇതിനെപ്പറ്റി പ്രസ്താവിച്ചു കാണാം. സൂ: മുഅ്മിനൂനിൽ വെച്ച് നാം ചൂണ്ടിക്കാട്ടിയതുപോലെ, നാളിതുവരെ ഒരു ആകാശത്തിന്റെ അതിർത്തി

പോലും ക്ലിപ്തമായി നിർണയിക്കുവാൻ ശാസ്ത്രത്തിന് കഴിഞ്ഞിട്ടില്ലാത്ത സ്ഥിതിക്ക് ആകാശങ്ങളുടെ എണ്ണത്തെക്കുറിച്ചോ, അവയുടെ അടുക്കുകളുടെ സ്വഭാവത്തെക്കുറിച്ചോ ശാസ്ത്രംമുഖേന നമുക്ക് സൂക്ഷ്മവിവരങ്ങൾ ലഭിക്കുവാനില്ല. ലോകസ്രഷ്ടാവായ അല്ലാഹു സൃഷ്ടിച്ചു നിയന്ത്രിച്ചുപോരുന്ന അവയെക്കുറിച്ച് അവൻ വ്യക്തമായ ഭാഷയിൽ പ്രസ്താവിച്ചിട്ടുള്ള ഏതൊരു കാര്യവും അപ്പടി വിശ്വസിക്കുവാൻ ശാസ്ത്രത്തിന്റെയോ മറ്റോ അനുമതി നമുക്ക് ആവശ്യവുമില്ല. ഭൗതികവീക്ഷണകോണിൽ കൂടി നോക്കുമ്പോൾ, ശാസ്ത്രത്തിന്റെ പുരോഗതി വളരെ വമ്പിച്ചതാണെന്ന വിഷയത്തിൽ നമുക്ക് തർക്കമില്ല. പക്ഷേ, അല്ലാഹുവിന്റെ സൃഷ്ടി രഹസ്യങ്ങളാകുന്ന അനന്തയാഥാർത്ഥ്യങ്ങളുടെ മുമ്പിൽ അതിന്റെ സ്ഥാനം- അതെത്ര വമ്പിച്ചതായിരുന്നാലും- കേവലം നിസ്സാരമാകുന്നു. وما أوتيتم من العلم إلا قليلا (നിങ്ങൾക്ക് അറിവിൽനിന്നും അല്പമല്ലാതെ നല്കപ്പെട്ടിട്ടില്ല. 17 : 85)

മേൽപോട്ട് കണ്ണുമിഴിച്ച് നോക്കുമ്പോൾ എല്ലാവർക്കും കാണാവുന്ന ഒരു വമ്പിച്ച നീലക്കുട എന്ന് മാത്രം ആകാശത്തെപ്പറ്റി മനസ്സിലാക്കിയ പാമരൻമാരെയും, ഉപഗ്രഹങ്ങളും ബഹിരാകാശവാഹനങ്ങളും ഉപയോഗിച്ചു ചന്ദ്രനിലും മറ്റും നിരീക്ഷണം നടത്തിവരുന്ന മഹാവീരൻമാരെയും, ആകാശമണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന കോടാനുകോടി നക്ഷത്രഗോളങ്ങളെക്കുറിച്ച് അത്യൽഭുതകരങ്ങളായ നിരവധി വിവരങ്ങൾ ശേഖരിച്ചുകൊണ്ടിരിക്കുന്ന ശാസ്ത്രകേസരികളെയും, എന്നുവേണ്ട ഓരോ മനുഷ്യവ്യക്തിയെയും അഭിമുഖീകരിച്ചുകൊണ്ട് അല്ലാഹു ഉറപ്പിച്ചുപറയുന്നു: പരമകാരുണികനായ അവന്റെ സൃഷ്ടിയിൽ എവിടെയെങ്കിലും എന്തെങ്കിലും ഏറ്റക്കുറവോ വൈകല്യമോ കാണാൻ നിങ്ങൾക്ക് കഴിയുകയില്ലെന്ന്. അത്രയും പറഞ്ഞു മതിയാക്കുന്നില്ല. അതിൽ പൊട്ടോ പൊളിയോ പോലുള്ള വല്ല പോരായ്മയും ഉണ്ടോ എന്ന് വീണ്ടും പരിശോധിച്ചു നോക്കുവാൻ ആവർത്തിച്ചു ആഹ്വാനം ചെയ്കയും ചെയ്യുന്നു. പോരാ, നിങ്ങൾ പരാജിതരായി പരവശപ്പെട്ടുകൊണ്ട് പിൻമടങ്ങുകതന്നെ വേണ്ടിവരുമെന്ന് ഖണ്ഡിതമായി പ്രഖ്യാപിക്കുകകൂടി ചെയ്യുന്നു. ഈ പ്രഖ്യാപനത്തെ മറികടക്കുവാൻ ബുദ്ധിയുള്ള -മനസ്സാക്ഷിയുള്ള- വക്രതയില്ലാത്ത- ഭൗതികഭ്രമത്താൽ ഹൃദയം മരവിക്കാത്ത -ഏതെങ്കിലും ഒരു വ്യക്തിക്ക് സാധിക്കുമോ? ഒരിക്കലുമില്ല! ആകാശഭൂമികളിലടങ്ങിയ വിവിധ രഹസ്യങ്ങളെക്കുറിച്ച് മനസ്സിലാക്കുവാൻവേണ്ടി അശ്രാന്തപരിശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയും, അതേസമയത്ത് അവയുടെ കർത്താവിനെക്കുറിച്ചും, അവയുടെ പിന്നിൽ പ്രവർത്തിക്കുന്ന അദൃശ്യ മഹാശക്തിയെക്കുറിച്ചും മാത്രം ചിന്തിക്കാതിരിക്കുകയും ചെയ്യുന്ന ആളുകൾക്കോ, നഗ്നമായ യാഥാർത്ഥ്യങ്ങളുടെ നേരെ നിസ്സങ്കോചം കണ്ണടച്ചു നിഷേധിക്കുവാൻ ധൈര്യപ്പെടുന്ന ഹൃദയശൂന്യൻമാർക്കോ അല്ലാതെ ഈ പ്രഖ്യാപനത്തിന് മുമ്പിൽ തലകുനിക്കാതിരിക്കുവാൻ സാധ്യമല്ലതന്നെ. അല്ലാഹുവിന്റെ മഹത്വത്തിനുള്ള മറ്റൊരു ദൃഷ്ടാന്തമാണ് അടുത്ത വചനത്തിൽ ചൂണ്ടിക്കാട്ടുന്നത്:-

وَلَقَدْ زَيَّنَّا ٱلسَّمَآءَ ٱلدُّنْيَا بِمَصَٰبِيحَ وَجَعَلْنَٰهَا رُجُومًا لِّلشَّيَٰطِينِ وَأَعْتَدْنَا لَهُمْ عَذَابَ ٱلسَّعِيرِ ﴿٥﴾

﴿5﴾ തീർച്ചയായും ഏറ്റവും അടുത്ത ആകാശത്തെ (നക്ഷത്ര) വിളക്കുകൾകൊണ്ട് നാം അലങ്കരിച്ചിട്ടുണ്ട്.

അവയെ നാം പിശാചുക്കളെ എറിഞ്ഞാട്ടുന്നവയും ആക്കിയിരിക്കുന്നു. അവർക്ക് ജ്വലിക്കുന്ന അഗ്നി [നരക] ശിക്ഷ നാം ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു.

﴿5﴾ وَلَقَدْ زَيَّنَّا തീർച്ചയായും നാം അലങ്കരിച്ചി (ഭംഗിയാക്കിയി)ട്ടുണ്ട് ٱلسَّمَآءَ ٱلدُّنْيَا ഏറ്റവും അടുത്ത (ഐഹികമായ) ആകാശത്തെ بِمَصَٰبِيحَ ദീപങ്ങൾകൊണ്ട് وَجَعَلْنَٰهَا അവയെ നാം ആക്കുകയും ചെയ്തിരിക്കുന്നു رُجُومًا എറിയപ്പെടുന്നവ, എറിയാനുള്ളത് لِّلشَّيَٰطِينِ പിശാചുക്കൾക്ക്, പിശാചുക്കളെ وَأَعْتَدْنَا لَهُمْ അവർക്ക് നാം ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു عَذَابَ ٱلسَّعِيرِ ജ്വലിക്കുന്ന അഗ്നിയുടെ (നരകത്തിന്റെ) ശിക്ഷ

എണ്ണമറ്റ നക്ഷത്രങ്ങളെ അല്ലാഹു സൃഷ്ടിച്ചിട്ടുണ്ട്. ഭൂമിയെക്കാളും എത്രയോ മടങ്ങുവലുപ്പം കൂടിയവയും, ഭൂമിയിൽനിന്ന് ബഹുദൂരം അകലെ സ്ഥിതിചെയ്യുന്നവയുമാണ് അവ. അഥവാ ഓരോന്നും ഓരോ മഹാലോകമത്രെ. നമുക്ക് ഊഹിക്കുവാൻപോലും സാധ്യമല്ലാത്ത എന്തൊക്കെയോ സംഭവങ്ങളും, ഏതൊക്കെയോ വസ്തുക്കളും അവയിൽ നടമാടുന്നുണ്ടായിരിക്കും. അതോടൊപ്പംതന്നെ, ഭൂമിക്കുമീതെ വളരെ കമനീയമായി നിർമിക്കപ്പെട്ട അതിവിശാലവും കലാമയവുമായ ഒരു പന്തലിന്റെ മുകൾഭാഗത്ത് മിന്നിത്തിളങ്ങിയും, കത്തിശോഭിച്ചുംകൊണ്ടിരിക്കുന്ന ദീപാലങ്കാരമായും അല്ലാഹു അവയെ ആക്കിവെച്ചിരിക്കുന്നു. കൂടാതെ, ആകാശത്തുവെച്ച് മലക്കുകൾക്കിടയിൽ നടക്കുന്ന ചില സംസാരങ്ങളെ പതിയിരുന്ന് കട്ടുകേൾക്കുന്ന പിശാചുക്കളെ ആട്ടിയോടിക്കുവാനുള്ള ഒരു ഏർപ്പാടും ആ നക്ഷത്രങ്ങൾ വഴി അല്ലാഹു ചെയ്തുവെച്ചിരിക്കുന്നു. അഥവാ അവയിൽനിന്ന് പുറത്തുവരുന്ന ഒരു തരം അഗ്നിജ്വാലകളാകുന്ന ഉൽക്കകൾമൂലം പിശാചുകൾ എറിഞ്ഞാട്ടപ്പെടുന്നു. അങ്ങനെ, ഭൂമിക്കും മനുഷ്യർക്കും അലങ്കാരവസ്തുക്കളായും, പിശാചുക്കൾക്ക് അഗ്നിയമ്പുകളായും അല്ലാഹു അവയെ നിശ്ചയിച്ചിരിക്കുകയാണ്.

ഏറ്റവും അടുത്ത ആകാശം (السماء الدنيا) എന്ന് പറഞ്ഞത് ഭൂമിയുമായി കൂടുതൽ അടുത്തത് എന്ന ഉദ്ദേശ്യത്തിലാകുന്നു. അപ്പോൾ, നാം കാണുന്ന നക്ഷത്രഗോളങ്ങളെല്ലാം സ്ഥിതിചെയ്യുന്നത് ആ ഒരു ആകാശത്തിലാണെന്നും ഏഴ് ആകാശങ്ങളിൽ ബാക്കി ആറും അതിനുപുറമെ- അതിന്നപ്പുറത്ത് -സ്ഥിതിചെ

യ്യുന്നുണ്ടെന്നും, മനുഷ്യന്റെ കഴിവിൽപെട്ട എല്ലാ നിരീക്ഷണങ്ങളും കണ്ടുപിടുത്തങ്ങളും ഈ ഒരേ ആകാശാതിർത്തിക്കുള്ളിൽ മാത്രം നടക്കുന്നതാണെന്നും ഇതിൽനിന്ന് ഊഹിക്കേണ്ടിയിരിക്കുന്നു.

رجوم (റുജൂമ്) എന്ന വാക്കിനാണ് 'എറിഞ്ഞാട്ടുന്നവ' എന്ന് നാം അർത്ഥം കൽപിച്ചിരിക്കുന്നത്. നക്ഷത്രങ്ങളിൽനിന്ന് പുറപ്പെടുന്ന ഉൽക്കകളാൽ പിശാചുക്കളെ എറിഞ്ഞാട്ടുന്ന വിവരം സൂ: ഹിജ്ർ, സ്വാഫ്ഫാത്ത്, ജിന്ന് മുതലായ സൂറത്തുകളിൽ ക്വുർആൻ വ്യക്തമായി പ്രസ്താവിച്ചിട്ടുള്ളതാണ്, അതാണ് ഇവിടെയും സൂചിപ്പിച്ചിരിക്കുന്നത്. ക്വുർആൻ വ്യാഖ്യാതാക്കളെല്ലാം പൊതുവിൽ അംഗീകരിച്ച അർത്ഥവും അതാണ്. *(*)* ഏതോ ചിലർ മാത്രം അതിന് 'ഊഹങ്ങൾ' -അഥവാ ഊഹത്തിന് വിധേയമായവ (ظنونا) എന്ന് അർത്ഥം കൽപിച്ചു കാണാം. നക്ഷത്രങ്ങളുടെ ഗതിവിഗതികളെ അടിസ്ഥാനമാക്കി ഭാവികാര്യങ്ങളെക്കുറിച്ചും മറ്റും ഗണിച്ചു പറയുന്ന ജോത്സ്യക്കാരും, രാശിനോട്ടക്കാരുമാകുന്ന മനുഷ്യപിശാചുക്കളുടെ ഊഹങ്ങൾക്ക് നക്ഷത്രങ്ങൾ ഇടമായിത്തീരുന്നു എന്നാണ് അപ്പോൾ ആ വാക്യത്തിന്റെ താൽപര്യം. ഈ അർത്ഥം സ്വീകരിച്ചാൽ തന്നെയും അവമൂലം പിശാചുക്കൾ എറിഞ്ഞാട്ടപ്പെടുന്നുവെന്നുള്ളതിന് ഈ വാക്യം ഒരു പ്രകാരത്തിലും എതിരാകുന്നില്ല. ഇത് ഒരു വിഷയം അത് മറ്റൊരു വിഷയം. അത്ര മാത്രം. പിശാചുക്കളുടെ കട്ടുകേൾവിയെയും, അവരെ ഉൽക്കകൾകൊണ്ട് എറിഞ്ഞാട്ടുന്നതിനെയും നിഷേധിക്കുന്ന യുക്തിവാദക്കാരായ ചില പുത്തൻ വ്യാഖ്യാനക്കാർ ഈ (ظنونا എന്ന) അർത്ഥം പൊക്കിപ്പിടിച്ചുകൊണ്ട് ആ വിഷയകമായി വന്നിട്ടുള്ള എല്ലാ ക്വുർആൻ വചനങ്ങളും ദുർവ്യാഖ്യാനം ചെയ്യാറുണ്ട്. ഇവരെപ്പറ്റി സൂ: ഹിജ്റിനുശേഷമുള്ള വ്യാഖ്യാനക്കുറിപ്പിൽ നാം വേണ്ടത്ര സംസാരിച്ചു കഴിഞ്ഞിട്ടുള്ളതുകൊണ്ട് ഇവിടെ ഒന്നും പ്രസ്താവിക്കുന്നില്ല.

وَلِلَّذِينَ كَفَرُوا بِرَبِّهِمْ عَذَابُ جَهَنَّمَ وَبِئْسَ الْمَصِيرُ ﴿٦﴾

﴾6﴿ തങ്ങളുടെ രക്ഷിതാവിൽ അവിശ്വസിച്ചവർക്ക് 'ജഹന്നമി' [നരകത്തി]ന്റെ ശിക്ഷയുണ്ട്. (ആ) തിരിച്ചെത്തുന്ന സ്ഥലം വളരെ ചീത്ത!

إِذَا أُلْقُوا فِيهَا سَمِعُوا لَهَا شَهِيقًا وَهِيَ تَفُورُ ﴿٧﴾

﴾7﴿ അവർ അതിൽ ഇടപ്പെട്ടാൽ, അതിന് ഒരു ഗർജ്ജനം അവർ കേൾക്കുന്നതാണ്. അതാകട്ടെ, തിളച്ചുമറിഞ്ഞുകൊണ്ടുമിരിക്കും!

(*) رجم (റജ്മ്) എന്ന ധാതുവിൽനിന്നുള്ളതാണ് رجوم (റുജൂമ്). ഈ ധാതുവിന് 'എറിയുക, എറിഞ്ഞാട്ടുക, എറിഞ്ഞുകൊല്ലുക, ആട്ടിയോടിക്കുക, തുരത്തുക, ശപിക്കുക, ശകാരിക്കുക, ആരോപിക്കുക, തള്ളിക്കളയുക, ഊഹിക്കുക, എയ്യുക' എന്നീ അർത്ഥങ്ങളെല്ലാം വരുന്നതാണ്. എല്ലാം അതത് സന്ദർഭംകൊണ്ട് മനസ്സിലാക്കേണ്ടതാകുന്നു.

تَكَادُ تَمَيَّزُ مِنَ ٱلْغَيْظِ ۖ كُلَّمَآ أُلْقِىَ فِيهَا فَوْجٌ سَأَلَهُمْ خَزَنَتُهَآ أَلَمْ يَأْتِكُمْ نَذِيرٌ ﴿٨﴾

﴿8﴾ ഉഗ്രകോപം നിമിത്തം അത് (പൊട്ടിച്ചിതറി) വേർപെട്ടുപോകുമാറാകും! ഓരോകൂട്ടം (ആളുകൾ) അതിൽ ഇടപ്പെടുമ്പോഴൊക്കെ അതിലെ പാറാവുകാർ അവരോട് ചോദിക്കും: 'നിങ്ങൾക്ക് താക്കീത് നൽകുന്ന ആൾ വന്നിരുന്നില്ലേ?'

قَالُوا۟ بَلَىٰ قَدْ جَآءَنَا نَذِيرٌ فَكَذَّبْنَا وَقُلْنَا مَا نَزَّلَ ٱللَّهُ مِن شَىْءٍ إِنْ أَنتُمْ إِلَّا فِى ضَلَٰلٍ كَبِيرٍ ﴿٩﴾

﴿9﴾ അവർ പറയും: 'ഇല്ലാതേ! തീർച്ചയായും ഞങ്ങൾക്ക് താക്കീത് നൽകുന്ന ആൾ വന്നിരിക്കുന്നു. എന്നാൽ, ഞങ്ങൾ വ്യാജമാക്കുകയാണ് ചെയ്തത്; ഞങ്ങൾ (അവരോട്) പറയുകയും ചെയ്തു: 'അല്ലാഹു യാതൊന്നും തന്നെ അവതരിപ്പിച്ചിട്ടില്ല; നിങ്ങൾ വലുതായ വഴിപിഴവിലല്ലാതെ (മറ്റൊന്നും) അല്ല.'

وَقَالُوا۟ لَوْ كُنَّا نَسْمَعُ أَوْ نَعْقِلُ مَا كُنَّا فِىٓ أَصْحَٰبِ ٱلسَّعِيرِ ﴿١٠﴾

﴿10﴾ അവർ (വീണ്ടും) പറയും: ഞങ്ങൾ കേൾക്കുകയോ, ബുദ്ധികൊടു(ത്തു മനസ്സിലാ)ക്കുകയോ ചെയ്തിരുന്നുവെങ്കിൽ, ഞങ്ങൾ (ഈ) ജ്വലിക്കുന്ന അഗ്നിയുടെ ആൾക്കാരിൽ ആകുമായിരുന്നില്ല.

فَٱعْتَرَفُوا۟ بِذَنۢبِهِمْ فَسُحْقًا لِّأَصْحَٰبِ ٱلسَّعِيرِ ﴿١١﴾

﴿11﴾ അങ്ങനെ, അവർ തങ്ങളുടെ കുറ്റം (ഏറ്റുപറഞ്ഞു) സമ്മതിക്കുന്നതാണ്. അപ്പോൾ, ജ്വലിക്കുന്ന അഗ്നിയുടെ ആൾക്കാർക്ക് വിദൂരം (അഥവാ ശാപം)!

﴿6﴾ وَلِلَّذِينَ كَفَرُوا അവിശ്വസിച്ചവർക്കുണ്ട് بِرَبِّهِمْ തങ്ങളുടെ രക്ഷിതാവിൽ عَذَابُ جَهَنَّمَ ജഹന്നമിന്റെ ശിക്ഷ وَبِئْسَ വളരെ ചീത്ത ٱلْمَصِيرُ തിരിച്ച് (മടങ്ങി) എത്തുന്ന സ്ഥലം ﴿7﴾ إِذَآ أُلْقُوا۟ അവർ ഇടപ്പെട്ടാൽ فِيهَا അതിൽ سَمِعُوا۟ لَهَا അതിന് അവർ കേൾക്കും شَهِيقًا ഒരു ഗർജനം, അലർച്ച, അട്ടഹാസം, ഉഗ്രശ്വാസം وَهِىَ അത് تَفُورُ തിളച്ചുമറിയുക (ക്ഷോഭിക്കുക- പൊന്തിമറിയുക)യും ചെയ്യും. ﴿8﴾ تَكَادُ അത് ആകാറാകും تَمَيَّزُ വേർപെട്ടുപോകുക مِنَ ٱلْغَيْظِ ഉഗ്രകോപത്താൽ, കഠിനകോപം നിമിത്തം كُلَّمَآ أُلْقِىَ ഇടപ്പെടുമ്പോഴെല്ലാം فِيهَا അതിൽ, അതിലേക്ക് فَوْجٌ

ഒരു കൂട്ടം, സംഘം سَأَلَهُمْ അവരോട് ചോദിക്കും خَزَنَتُهَآ അതിലെ പാറാവുകാർ, കാവൽക്കാർ أَلَمْ يَأْتِكُمْ നിങ്ങൾക്ക് വന്നിരുന്നില്ലേ, വന്നില്ലേ نَذِيرٌ താക്കീതുകാരൻ ﴿9﴾ قَالُوا അവർ പറയും بَلَىٰ ഇല്ലാതെ, (ഉണ്ട്) قَدْ جَآءَنَا തീർച്ചയായും ഞങ്ങൾക്ക് വന്നിട്ടുണ്ട് نَذِيرٌ താക്കീതുകാരൻ فَكَذَّبْنَا എന്നാൽ ഞങ്ങൾ വ്യാജമാക്കി وَقُلْنَا ഞങ്ങൾ പറയുകയും ചെയ്തു مَا نَزَّلَ ٱللَّهُ അല്ലാഹു ഇറക്കിയിട്ടില്ല مِن شَيْءٍ ഒരു വസ്തുവും إِنْ أَنتُمْ നിങ്ങളല്ല إِلَّا فِي ضَلَٰلٍ വഴിപിഴവി (ദുർമാർഗത്തി)ലല്ലാതെ كَبِيرٍ വലുതായ ﴿10﴾ وَقَالُوا അവർ പറയുകയും ചെയ്യും لَوْ كُنَّا ഞങ്ങളായിരുന്നെങ്കിൽ نَسْمَعُ ഞങ്ങൾ കേട്ടിരുന്നു أَوْ نَعْقِلُ അല്ലെങ്കിൽ ബുദ്ധികൊടുത്തിരുന്നു, മനസ്സിരുത്തിയിരുന്നു, ഗ്രഹിച്ചിരുന്നു مَا كُنَّا ഞങ്ങളാകുമായിരുന്നില്ല فِيٓ أَصْحَٰبِ ആൾക്കാരിൽ, കൂട്ടരിൽ ٱلسَّعِيرِ ജ്വലിക്കുന്ന അഗ്നിയുടെ, നരകത്തിന്റെ ﴿11﴾ فَٱعْتَرَفُوا അങ്ങനെ അവർ സമ്മതിക്കും, ഏറ്റു പറയും بِذَنۢبِهِمْ തങ്ങളുടെ കുറ്റത്തെ (പാപത്തെ)പ്പറ്റി فَسُحْقًا അപ്പോൾ വിദൂരം (ശാപം), നാശം لِّأَصْحَٰبِ ٱلسَّعِيرِ ജ്വലിക്കുന്ന നരകത്തിന്റെ ആൾക്കാർക്ക്

സത്യനിഷേധികളായ അവിശ്വാസികളെ നരകത്തിൽ ഇടുമ്പോഴത്തെ സന്ദർഭം അല്ലാഹു വിവരിക്കുകയാണ്. അത്യുഗ്രമായ ഉഷ്ണതാപവും അതികഠോരമായ കോപതാപവും നിമിത്തം സ്വയം പൊട്ടിത്തെറിച്ചു ചിന്നിച്ചിതറിപ്പോകുമാറ് തിളച്ച് വമിച്ച് എരിപൊരികൊള്ളുന്ന നരകം അവരുടെ നേരെ ഇരമ്പി ഗർജിക്കും! അന്നേരം കുറ്റവാളികളുടെ അട്ടഹാസവും, ഭയപ്പാടും, നിലവിളിയും എന്തായിരിക്കുമെന്ന് പറയേണ്ടതില്ലല്ലോ. ഓരോ കൂട്ടം ആളുകളെയും നരകത്തിലേക്ക് വലിച്ചിടുമ്പോൾ അവരോട് അതിലെ ഉദ്യോഗസ്ഥൻമാരായ മലക്കുകൾ ചോദിക്കും: 'ഈ ശിക്ഷയെക്കുറിച്ച് നിങ്ങൾക്ക് താക്കീത് നൽകുന്നതിന് ആരും വന്നിട്ടുണ്ടായിരുന്നില്ലേ?!' നരകത്തിലെ ഉദ്യോഗസ്ഥൻമാരാകട്ടെ- കഴിഞ്ഞ അദ്ധ്യായത്തിൽ കണ്ടതുപോലെ- ദയതോന്നാത്ത പരുഷസ്വഭാവികളും, കഠോരൻമാരും (غلاظ شداد)! ഈ ചോദ്യം അവരെ കൂടുതൽ വ്യാകുലരാക്കുമെന്ന് വ്യക്തമാണ്. തങ്ങളുടെ പക്കൽ വന്നുപോയ തെറ്റ് അങ്ങേഅറ്റത്തെ വിനയത്തോടെ അവർ തുറന്ന് സമ്മതിക്കും. 'ഞങ്ങൾക്ക് താക്കീത് നൽകുന്ന പ്രവാചകൻമാർ വരാതിരുന്നിട്ടില്ല, എങ്കിലും, ഞങ്ങളവരെ നിഷേധിച്ചു തള്ളിക്കളയുകയും പരിഹസിക്കുകയുമാണുണ്ടായത്. അയ്യോ! അന്ന് അത് കേട്ടനുസരിക്കുകയും, ബുദ്ധി ഉപയോഗിച്ച് മനസ്സിരുത്തുകയും ചെയ്തിരുന്നെങ്കിൽ ഈ അനുഭവത്തിന് ഇടവരികയില്ലായിരുന്നു .....!' പക്ഷേ, ഈ അവസരത്തിൽ കുറ്റസമ്മതംകൊണ്ട് ഫലമില്ലല്ലോ. കാരുണ്യത്തിന്റെയും, അനുഗ്രഹത്തിന്റെയും കണികപോലും ഇനി അവർക്ക് പ്രതീക്ഷിക്കുവാനില്ലാത്തവണ്ണം വിദൂരത്തിലും ശാപത്തിലുമാണവരുള്ളത്. اعاذنا الله (അല്ലാഹു നമ്മെ കാത്തുരക്ഷിക്കട്ടെ, ആമീൻ.) നരകത്തിൽ പ്രവേശിക്കുന്ന ഒരാളുംതന്നെ, സ്വർഗത്തെക്കാൾ നരകത്തിനാണ് താൻ അർഹനെന്ന്

ബോധ്യം വരാത്തവരുണ്ടാകയില്ല, എന്ന് ഒരു നബി വചനത്തിൽവന്നിരിക്കുന്നു. (അ)

إِنَّ ٱلَّذِينَ يَخۡشَوۡنَ رَبَّهُم بِٱلۡغَيۡبِ لَهُم مَّغۡفِرَةٞ وَأَجۡرٞ كَبِيرٞ ﴿١٢﴾

﴾12﴿ നിശ്ചയമായും, തങ്ങളുടെ റബ്ബിനെ അദൃശ്യമായ നിലയിൽ ഭയപ്പെടുന്നവർ, അവർക്ക് പാപമോചനവും, വലുതായ പ്രതിഫലവും ഉണ്ട്.

﴾12﴿ إِنَّ നിശ്ചയമായും ٱلَّذِينَ يَخۡشَوۡنَ ഭയപ്പെടുന്നവർ رَبَّهُم തങ്ങളുടെ റബ്ബിനെ بِٱلۡغَيۡبِ അദൃശ്യമായ നിലക്ക് (കാണാതെ) لَهُم അവർക്കുണ്ട് مَّغۡفِرَةٞ പാപമോചനം وَأَجۡرٞ كَبِيرٞ വലുതായ പ്രതിഫലവും

അല്ലാഹുവിനെ അങ്ങോട്ട് കാണുന്നില്ലെങ്കിലും അവൻ ഇങ്ങോട്ട് കാണുന്നുവെന്ന ബോധത്തോടെ വർത്തിക്കുക; സ്വകാര്യജീവിതത്തിലും ബാഹ്യജീവിതത്തിലും ഒരുപോലെ സൂക്ഷ്മത പാലിക്കുക, ജനബോധ്യത്തിനും കീർത്തിക്കും വേണ്ടി പ്രവർത്തിക്കാതിരിക്കുക, അല്ലാഹുവിനെയും അവന്റെ ശിക്ഷയെയും കൺമുമ്പിൽ കണ്ടാലേ വിശ്വസിക്കൂ എന്ന് ശഠിക്കാതെ ലക്ഷ്യദൃഷ്ടാന്തങ്ങൾ മുഖേന യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കി ഭയഭക്തിയോടെ ജീവിക്കുക മുതലായവയാണ് അദൃശ്യമായ നിലയിൽ റബ്ബിനെ ഭയപ്പെടുന്നതിന്റെ ലക്ഷണങ്ങൾ. അല്ലാഹുവിന്റെ തണലല്ലാതെ മറ്റൊരു തണലും ലഭിക്കാനില്ലാത്ത ആ മഹാ ദിനത്തിൽ അവൻ തണൽ നൽകി രക്ഷിക്കുന്ന ഏഴുകൂട്ടരെപ്പറ്റി വിവരിക്കുന്ന പ്രസിദ്ധമായ ഹദീഥിൽ, നബിﷺ എണ്ണിയിട്ടുള്ള രണ്ടുകൂട്ടർ ഇവരാകുന്നു:

(1) സ്ഥാനമാനവും സൗന്ദര്യവുമുള്ള ഒരു സ്ത്രീ (ദുർവൃത്തിക്കായി) ക്ഷണിച്ചപ്പോൾ ഞാൻ അല്ലാഹുവിനെ യപ്പെടുന്നുവെന്ന് പറഞ്ഞു ഒഴിഞ്ഞുമാറിയവൻ.

(2) വല്ല ദാനധർമവും ചെയ്യുമ്പോൾ വലത്തേകൈ ചിലവഴിച്ചത് ഇടത്തേകൈ അറിയാത്തവണ്ണം ചിലവഴിക്കുന്ന -അഥവാ അത്രയും രഹസ്യമായി ധർമം ചെയ്യുന്ന- മനുഷ്യൻ. (ബു; മു.)

وَأَسِرُّواْ قَوۡلَكُمۡ أَوِ ٱجۡهَرُواْ بِهِۦٓۖ إِنَّهُۥ عَلِيمُۢ بِذَاتِ ٱلصُّدُورِ ﴿١٣﴾

﴾13﴿ നിങ്ങൾ നിങ്ങളുടെ വാക്ക് [സംസാരം] പതുക്കെയാക്കിക്കൊള്ളുക, അല്ലെങ്കിൽ അത് ഉറക്കെയാക്കിക്കൊള്ളുക. [രണ്ടും സമമാണ്.] (കാരണം) നിശ്ചയമായും അവൻ [അല്ലാഹു] ഹൃദയങ്ങളിലുള്ളവയെപ്പറ്റി അറിയുന്നവനാകുന്നു.

أَلَا يَعْلَمُ مَنْ خَلَقَ وَهُوَ ٱللَّطِيفُ ٱلْخَبِيرُ ﴿١٤﴾

《14》 സൃഷ്ടിച്ചുണ്ടാക്കിയവൻ (എല്ലാം) അറിയുകയില്ലേ! അവനാകട്ടെ, ഗൂഢരഹസ്യമറിയുന്നവനാണ്; സൂക്ഷ്മജ്ഞാനിയാണ്.

《13》 وَأَسِرُّوا നിങ്ങൾ രഹസ്യം (പതുക്കെ) ആക്കുവിൻ قَوْلَكُمْ നിങ്ങളുടെ വാക്ക് (സംസാരം) أَوِ ٱجْهَرُوا بِهِۦٓ അല്ലെങ്കിൽ അതിനെ പരസ്യം (ഉറക്കെ) ആക്കുവിൻ إِنَّهُۥ عَلِيمٌۢ നിശ്ചയമായും അവൻ അറിയുന്നവനാണ് بِذَاتِ ٱلصُّدُورِ നെഞ്ച് (ഹൃദയം)കളിലുള്ളതിനെ 《14》 أَلَا يَعْلَمُ അറിയുകയില്ലേ, അവൻ അറിയാതിരിക്കുമോ مَنْ خَلَقَ സൃഷ്ടിച്ചവൻ, അവൻ സൃഷ്ടിച്ചവരെ وَهُوَ അവനാകട്ടെ ٱللَّطِيفُ ഗൂഢമായതിനെ (സൂക്ഷ്മമായതിനെ) അറിയുന്നവനാണ്, സൗമ്യമായുള്ളവനാണ് ٱلْخَبِيرُ സൂക്ഷ്മജ്ഞാനിയാണ്

ألا يعلم من خلق എന്ന വാക്യത്തിന് അവൻ സൃഷ്ടിച്ചുണ്ടാക്കിയവരെ അവൻ അറിയുകയില്ലേ? എന്നും അർത്ഥം വരാവുന്നതാണ്. രണ്ടായാലും ഉദ്ദേശ്യം വ്യക്തം തന്നെ.

വിഭാഗം- 2

هُوَ ٱلَّذِى جَعَلَ لَكُمُ ٱلْأَرْضَ ذَلُولًا فَٱمْشُوا۟ فِى مَنَاكِبِهَا وَكُلُوا۟ مِن رِّزْقِهِۦ ۖ وَإِلَيْهِ ٱلنُّشُورُ ﴿١٥﴾

《15》 അവനത്രെ നിങ്ങൾക്ക് (കൈകാര്യം നടത്തുമാറ്) ഭൂമിയെ വിധേയമാക്കിത്തന്നവൻ. അതിനാൽ നിങ്ങൾ അതിന്റെ തോളുകളിലൂടെ [ഉപരിതലത്തിലൂടെ] സഞ്ചരിക്കുകയും, അവന്റെ (വക) ആഹാരത്തിൽ നിന്ന് തിന്നുകയും ചെയ്തുകൊള്ളുവിൻ. അവങ്കലേക്കുതന്നെയാണ് ഉയിർത്തെഴുന്നേൽപും.

《15》 هُوَ ٱلَّذِى അവനത്രെ യാതൊരുവൻ, അവൻ യാതൊരുവനാണ് جَعَلَ لَكُمُ നിങ്ങൾക്ക് ആക്കിതന്ന ٱلْأَرْضَ ഭൂമിയെ ذَلُولًا വിധേയമായത് (പാകപ്പെട്ടത്) فَٱمْشُوا അതിനാൽ നിങ്ങൾ നടന്ന് (സഞ്ചരിച്ചു) കൊള്ളുവിൻ فِى مَنَاكِبِهَا അതിന്റെ തോള് (വശം- വഴി- ഗിരിമാർഗം- ഉപരിതലം)കളിൽകൂടി وَكُلُوا തിന്നുകയും ചെയ്യുവിൻ مِن رِّزْقِهِۦ അവന്റെ ആഹാര (ഉപജീവന)ത്തിൽനിന്ന് وَإِلَيْهِ അവനിലേക്കുതന്നെ ٱلنُّشُورُ (ഉയിർത്തു) എഴുന്നേൽപ്

യഥേഷ്ടം വിഹരിക്കുവാനും ഉപജീവനമാർഗങ്ങളന്വേഷിച്ചുകൊണ്ടിരിക്കുവാനും ഉതകത്തക്കവണ്ണം ഭൂമിയെ മനുഷ്യന് പാകപ്പെടുത്തിത്തന്നിട്ടുള്ളതിനെ ഓർമിപ്പിച്ചുകൊണ്ട്, അത് ഉപയോഗപ്പെടുത്തുവാൻ അല്ലാഹു നമ്മെ പ്രോത്സാഹിപ്പിക്കുകയാണ്. എല്ലാം അല്ലാഹു തരും എന്ന് കരുതി അലസമായിരിക്കരുതെന്നും അതിൽ സൂചനയുണ്ട്. അതേ സമയത്ത് ഉപജീവനവിഷയത്തിലും, സമ്പാദ്യത്തിലും മാത്രം ശ്രദ്ധ ചെലുത്തി ഭാവിജീവിതത്തിന്റെ കാര്യം മറക്കരുതെന്നും ഓർമിപ്പിച്ചിരിക്കുന്നു.

ءَأَمِنتُم مَّن فِي ٱلسَّمَآءِ أَن يَخۡسِفَ بِكُمُ ٱلۡأَرۡضَ فَإِذَا هِيَ تَمُورُ ﴿١٦﴾

﴿16﴾ ആകാശത്തുള്ളവനെ- അവൻ നിങ്ങളെ ഭൂമിയിൽ ആഴ്ത്തിക്കളയുന്നത്- നിങ്ങൾ നിർഭയരായിരിക്കുകയാണോ?! എന്നാൽ, അപ്പോഴത് ക്ഷോഭിച്ചു ഇളകി മറിഞ്ഞുകൊണ്ടിരിക്കും!

أَمۡ أَمِنتُم مَّن فِي ٱلسَّمَآءِ أَن يُرۡسِلَ عَلَيۡكُمۡ حَاصِبٗاۖ فَسَتَعۡلَمُونَ كَيۡفَ نَذِيرِ ﴿١٧﴾

﴿17﴾ അതല്ലെങ്കിൽ, ആകാശത്തുള്ളവനെ- അവൻ നിങ്ങളുടെ മേൽ വല്ല ചരൽവർഷവും അയക്കുന്നത്- നിങ്ങൾ നിർഭയരായിരിക്കയാണോ?! എന്നാൽ, നിങ്ങൾക്ക് അറിയാറാകും, എന്റെ താക്കീത് എങ്ങനെയിരിക്കുന്നുവെന്ന്!

وَلَقَدۡ كَذَّبَ ٱلَّذِينَ مِن قَبۡلِهِمۡ فَكَيۡفَ كَانَ نَكِيرِ ﴿١٨﴾

﴿18﴾ തീർച്ചയായും, ഇവരുടെ മുമ്പുള്ളവരും വ്യാജമാക്കുകയുണ്ടായിട്ടുണ്ട്. എന്നിട്ട്, എന്റെ പ്രതിഷേധം എങ്ങനെയുണ്ടായി?! [അവർ അതൊന്ന് ആലോചിച്ച് നോക്കട്ടെ.]

﴿16﴾ ءَأَمِنتُم നിങ്ങൾ സമാധാനപ്പെട്ടുവോ, നിർഭയരായോ مَّن فِي ٱلسَّمَآءِ ആകാശത്തുള്ളവനെ أَن يَخۡسِفَ بِكُمُ നിങ്ങളെ അവൻ ആഴ്ത്തുന്നതിനെ, വിഴുങ്ങിക്കുന്നത് ٱلۡأَرۡضَ ഭൂമിയിൽ, ഭൂമിയെ فَإِذَا هِيَ എന്നാൽ അപ്പോഴത് تَمُورُ പിടച്ചുമറിയും, ഇളകി ക്ഷോഭിക്കും, കിടിലംകൊള്ളും ﴿17﴾ أَمۡ أَمِنتُم അതല്ലെങ്കിൽ നിങ്ങൾ സമാധാനപ്പെട്ടുവോ, നിർഭയരായോ مَّن فِي ٱلسَّمَآءِ ആകാശത്തിലുള്ളവനെ أَن يُرۡسِلَ അവൻ അയക്കുന്നത് عَلَيۡكُمۡ നിങ്ങളുടെ മേൽ حَاصِبٗا ചരൽ വർഷം, ചരൽ കാറ്റ് فَسَتَعۡلَمُونَ എന്നാൽ നിങ്ങൾക്കറിയാറാകും, വഴിയെ അറിയും كَيۡفَ എങ്ങനെയാണ് (എന്ന്) نَذِيرِ എന്റെ താക്കീത്, താക്കീതുകാരൻ ﴿18﴾ وَلَقَدۡ كَذَّبَ തീർച്ചയായും

വ്യാജമാക്കി ٱلَّذِينَ مِن قَبْلِهِمْ അവരുടെ മുമ്പുള്ളവർ فَكَيْفَ كَانَ എന്നിട്ട് എങ്ങനെയായി, ഉണ്ടായി نَكِيرِ എന്റെ പ്രതിഷേധം, വെറുപ്പ്

من في السماء (ആകാശത്തിലുള്ളവൻ) എന്ന് പറഞ്ഞത് അല്ലാഹുവിനെ ഉദ്ദേശിച്ചാണ്. പക്ഷേ, അവൻ അവന്റെ സൃഷ്ടിയായ ആകാശത്തിൽ ഒരിടത്ത് ഇരിക്കുകയാണെന്നോ മറ്റോ ഈ വാക്കുമൂലം ഊഹിക്കാവതല്ല. അല്ലാഹു അനാദ്യനും, അനന്തനും, എല്ലാറ്റിൽനിന്നും വ്യത്യസ്തനുമാണല്ലോ. അല്ലാഹു അർശിൻമേൽ ആരോഹണം ചെയ്തു. (استوى على العرش) എന്നത്പോലെയുള്ള ഒരു പ്രയോഗം തന്നെയാണിതും. ഇത്തരം പ്രയോഗങ്ങളെക്കുറിച്ച് നാം ഇതിന് മുമ്പ് ചിലപ്പോഴൊക്കെ സംസാരിച്ചിട്ടുണ്ട്. അവയുടെ ബാഹ്യാർത്ഥമല്ലാതെ, അവയുടെ യാഥാർത്ഥ്യം തിട്ടപ്പെടുത്തുവാൻ നമുക്ക് സാധ്യമല്ല. എന്തെങ്കിലും വ്യാഖ്യാനം നൽകി തൃപ്തിപ്പെടുത്തുന്നതിനെക്കാൾ ഉത്തമവും സുരക്ഷിതവുമായ മാർഗം, വ്യാഖ്യാനം അല്ലാഹുവിങ്കലേക്ക് വിടുകയാകുന്നു. സൂ: സജദഃയിൽ يدبر الأمر من السماء إلى الأرض (അവൻ ആകാശത്തുനിന്ന് ഭൂമിയിലേക്ക് കാര്യം നിയന്ത്രിച്ചുകൊണ്ടിരിക്കുന്നു) എന്ന് പറഞ്ഞിരിക്കുന്നു. അവിടെ നാം പ്രസ്താവിച്ച സംഗതികൾ ഇവിടെയും ഓർക്കുന്നത് നന്നായിരിക്കും.

നിങ്ങളുടെ നിഷേധവും ധിക്കാരവും അവസാനിപ്പിക്കാതെ എന്നും നിങ്ങൾക്കിവിടെ ശാന്തമായി കഴിഞ്ഞുകൂടാമെന്ന് കരുതേണ്ട. ഈ ഭൂമി ക്ഷോഭിച്ചിളകി അതിൽ നിങ്ങളെ ആഴ്ത്തിക്കളയുകയോ, അല്ലെങ്കിൽ ഒരു ചരൽവർഷം- അല്ലെങ്കിൽ ചരൽകാറ്റ്- അയച്ചുകൊണ്ട് നിങ്ങളെ നശിപ്പിക്കുകയോ ചെയ്യാൻ അല്ലാഹുവിന് ഒട്ടും പ്രയാസമില്ല. നിങ്ങളെപ്പോലുള്ളവരിൽ അങ്ങനെ പലതും ഇതിനുമുമ്പ് സംഭവിച്ചിട്ടുമുണ്ട്. നിങ്ങളിൽ അപ്രകാരമുള്ള ആപത്തുകളൊന്നും സംഭവിക്കുകയില്ലെന്ന് ഭയം കൂടാതെ നിങ്ങൾ സമാധാനപ്പെട്ടിരിക്കുകയാണോ? ആ വിചാരം വേണ്ട എന്നൊക്കെയാണ് ഈ വചനങ്ങളുടെ സാരം. ഖാറൂനും അവന്റെ ഭവനവും ഭൂമിയിൽ ആഴ്ത്തപ്പെട്ടതും, ലൂത്വ് നബി (അ)യുടെ ജനതയുടെ മേൽ ചരൽവർഷം ഉണ്ടായതും, കഅ്ബഃ പൊളിക്കുവാൻ ശ്രമിച്ച ആനപ്പട്ടാളം കല്ലുകളാൽ നശിപ്പിക്കപ്പെട്ടതും മേൽപറഞ്ഞതിന് ഉദാഹരണങ്ങളാണല്ലോ.

أَوَلَمْ يَرَوْا۟ إِلَى ٱلطَّيْرِ فَوْقَهُمْ صَٰٓفَّٰتٍ وَيَقْبِضْنَ ۚ مَا يُمْسِكُهُنَّ إِلَّا ٱلرَّحْمَٰنُ ۚ إِنَّهُۥ بِكُلِّ شَىْءٍۭ بَصِيرٌ ﴿١٩﴾

﴾19﴿ അവരുടെ മീതെ (ചിറുകുവിരുത്തി) അണിനിരന്നുകൊണ്ടും, (ചിറക്) കൂട്ടിപ്പിടിച്ചുകൊണ്ടും പക്ഷികളെ അവർ നോക്കിക്കണ്ടിട്ടില്ലേ?!

പരമകാരുണികനല്ലാതെ (ആരും) അവയെ പിടിച്ചു നിറുത്തുന്നില്ല. നിശ്ചയമായും, അവൻ എല്ലാ വസ്തുവെക്കുറിച്ചും, കണ്ടെറിയുന്നവനാകുന്നു.

﴾19﴿ أَوَلَمْ يَرَوْا അവർ കണ്ടില്ലേ, നോക്കുന്നില്ലേ إِلَى ٱلطَّيْرِ പക്ഷികളിലേക്ക് فَوْقَهُمْ അവരുടെ മീതെ صَٰٓفَّٰتٍ അണിനിരന്നുകൊണ്ട്, വരിയായിട്ട് وَيَقْبِضْنَ അവ കൂട്ടുകയും ചെയ്യും, (കൂട്ടിക്കൊണ്ടും) مَا يُمْسِكُهُنَّ അവയെ പിടിച്ചു നിറുത്തുന്നില്ല إِلَّا ٱلرَّحْمَٰنُ പരമകാരുണികനല്ലാതെ إِنَّهُۥ നിശ്ചയമായും അവൻ بِكُلِّ شَيْءٍ എല്ലാ കാര്യത്തെ (വസ്തുവെ)ക്കുറിച്ചും بَصِيرٌ കണ്ടറിയുന്നവനാണ്

ഇതെല്ലാം അല്ലാഹുവിന്റെ അപാരമായ കഴിവുകളുടെ വ്യക്തമായ ദൃഷ്ടാന്തങ്ങളാണല്ലോ.

أَمَّنْ هَٰذَا ٱلَّذِى هُوَ جُندٌ لَّكُمْ يَنصُرُكُم مِّن دُونِ ٱلرَّحْمَٰنِ ۚ إِنِ ٱلْكَٰفِرُونَ إِلَّا فِى غُرُورٍ ﴿٢٠﴾

﴾20﴿ അതല്ലാ, ഇങ്ങനെയുള്ള ഒരുവൻ- അതായത്, പരമകാരുണികനായുള്ളവന് പുറമെ നിങ്ങളെ സഹായിക്കുന്ന നിങ്ങളുടെ ഒരു പട്ടാളമായുള്ളവൻ- ആരാണുള്ളത്?! അവിശ്വാസികൾ വഞ്ചനയിൽ (അകപ്പെട്ടിരിക്കുക) അല്ലാതെ (മറ്റൊന്നും) അല്ല.

أَمَّنْ هَٰذَا ٱلَّذِى يَرْزُقُكُمْ إِنْ أَمْسَكَ رِزْقَهُۥ ۚ بَل لَّجُّوا۟ فِى عُتُوٍّ وَنُفُورٍ ﴿٢١﴾

﴾22﴿ അതല്ലെങ്കിൽ, ഇങ്ങനെയുള്ള ഒരുവൻ- അതായത്, അവന്റെ [അല്ലാഹുവിന്റെ] ആഹാരം അവൻ നിറുത്തിവെച്ചാൽ നിങ്ങൾക്ക് ആഹാരം നൽകുന്നവൻ- ആരാണുള്ളത്?! (ആരുമില്ല.) എങ്കിലും, അവർ ധിക്കാരത്തിലും, വെറുപ്പിലും നിരതരായിരിക്കയാണ്.

أَفَمَن يَمْشِى مُكِبًّا عَلَىٰ وَجْهِهِۦٓ أَهْدَىٰٓ أَمَّن يَمْشِى سَوِيًّا عَلَىٰ صِرَٰطٍ مُّسْتَقِيمٍ ﴿٢٢﴾

﴾22﴿ അപ്പോൾ, മുഖം കുത്തിമറിഞ്ഞുകൊണ്ട് നടക്കുന്നവനാണോ കൂടുതൽ സൻമാർഗം പ്രാപിച്ചവൻ, അതല്ല, നേരെയുള്ള പാതയിലൂടെ ശരിക്ക് നടക്കുന്നവനോ?!

﴾20﴿ أَمَّنْ അതല്ല (അതല്ലെങ്കിൽ- അഥവാ) ആരാണ് هَٰذَا ഇവൻ (ഇങ്ങനെയുള്ളവൻ) ٱلَّذِى അതായത് യാതൊരുവൻ هُوَ جُندٌ لَّكُمْ അവൻ നിങ്ങൾക്ക് പട്ടാളമാണ്, സൈന്യമാണ് يَنصُرُكُم നിങ്ങളെ സഹായിക്കുന്ന مِّن دُونِ ٱلرَّحْمَٰنِ പരമകാരു

ണികന് പുറമെ (കൂടാതെ) إِنِ ٱلْكَٰفِرُونَ അവിശ്വാസികളല്ല إِلَّا فِى غُرُورٍ വഞ്ചനയില ല്ലാതെ ﴿21﴾ أَمَّنْ هَٰذَا അതല്ല ഇവനാരാണ് ٱلَّذِى يَرْزُقُكُمْ അതായത് നിങ്ങൾക്ക് ആഹാരം (ഉപജീവനം) നൽകുന്ന إِنْ أَمْسَكَ അവൻ നിറുത്തിയാൽ, പിടിച്ചുവെ ക്കുന്നപക്ഷം رِزْقَهُۥ അവന്റെ ആഹാരം بَل لَّجُّوا۟ (എങ്കിലും) എന്നാൽ അവർ നിരത രായിരിക്കുന്നു, ശഠിച്ചുനിൽക്കുകയാണ് فِى عُتُوٍّ ധിക്കാര (അതിക്രമ)ത്തിൽ وَنُفُورٍ വെറുപ്പിലും, അറപ്പിലും ﴿22﴾ أَفَمَن يَمْشِى അപ്പോൾ (എന്നാൽ) നടക്കുന്നവനോ مُكِبًّا മറിഞ്ഞു (കമിഴ്ന്നു) വീണുകൊണ്ട് عَلَىٰ وَجْهِهِۦٓ തന്റെ മുഖത്തിൻമേൽ (മുഖം കുത്തി) أَهْدَىٰٓ കൂടുതൽ സൻമാർഗം (നേർവഴി) പ്രാപിച്ചവൻ أَمَّن يَمْشِى അതല്ല (അതോ) നടക്കുന്നവനോ سَوِيًّا ശരിക്ക്, നേരെ عَلَىٰ صِرَٰطٍ പാതയിലൂടെ مُّسْتَقِيمٍ നേർക്കുനേരെയുള്ള, ചൊവ്വായ

സാരം: അല്ലാഹു അല്ലാത്ത ഒന്നിനെയും ആരാധിച്ചിട്ട് യാതൊരു ഫലവുമില്ല. ആരിൽനിന്നും ഒരു സഹായവും അവർക്ക് പ്രതീക്ഷിക്കുവാനില്ല. അല്ലാഹുവിന്റെ ശിക്ഷയിൽനിന്ന് അവരെ സഹായിക്കുവാൻ തക്ക ഏതൊരു സേനയാണ് അവർക്കുള്ളത്! ആരുമില്ല, പക്ഷേ, അവർ വഞ്ചിതരായിരിക്കുകമാത്രമാണ്. അല്ലാഹു അവർക്ക് നൽകിക്കൊണ്ടിരിക്കുന്ന ഉപജീവനമാർഗം അവൻ നിറുത്തൽ ചെയ്തുവെന്ന് വിചാരിക്കുക. എന്നാൽ പിന്നെ അവർക്ക് ആഹാരത്തിന് വക നൽകുവാൻ വേറെ ആരുണ്ട്?! ആരുമില്ല. വാസ്തവത്തിൽ ഇതെല്ലാം അവർക്ക് ആലോചിച്ചറിയാവുന്ന സ്പഷ്ടമായ യാഥാർത്ഥ്യങ്ങളത്രെ. എന്നിട്ടും അവർ സത്യത്തെ ധിക്കരിച്ചും, വെറുത്തും കൊണ്ടുതന്നെ കഴിഞ്ഞുകൂടുകയാണ്. പിന്നെ എങ്ങനെയാണ് അവർക്ക് രക്ഷകിട്ടുക?! നേർക്കുനേരെ ചൊവ്വായ മാർഗത്തിലൂടെ ശരിക്ക് നടന്നുപോകുന്നവരും, വക്രമായ വഴിയിലൂടെ മുഖം കുത്തിമറിഞ്ഞും വീണുംകൊണ്ട് പോകുന്നവരും ഒരിക്കലും സമമാകുകയില്ലല്ലോ. ഇവരിൽ ആരാണ് ഉദ്ദിഷ്ടസ്ഥാനത്ത് എത്തിച്ചേരുക എന്ന് പറയേണ്ടതില്ല. ഇതുപോലെയാണ് സത്യവിശ്വാസികളുടെയും, അവിശ്വാസികളുടെയും സ്ഥിതിയും.

قُلْ هُوَ ٱلَّذِىٓ أَنشَأَكُمْ وَجَعَلَ لَكُمُ ٱلسَّمْعَ وَٱلْأَبْصَٰرَ وَٱلْأَفْـِٔدَةَ ۖ قَلِيلًا مَّا تَشْكُرُونَ ﴿٢٣﴾

﴿23﴾ (നബിയേ) പറയുക: 'നിങ്ങളെ (സൃഷ്ടിച്ച്) ഉണ്ടാക്കുകയും, നിങ്ങൾക്ക് കേൾവിയും, കാഴ്ചകളും, ഹൃദയങ്ങളും ഏർപ്പെടുത്തിത്തരുകയും ചെയ്തവനത്രെ അവൻ [അല്ലാഹു]. നന്നെക്കുറച്ചേ നിങ്ങൾ നന്ദിചെയ്യുന്നുള്ളൂ.

قُلْ هُوَ ٱلَّذِى ذَرَأَكُمْ فِى ٱلْأَرْضِ وَإِلَيْهِ تُحْشَرُونَ ﴿٢٤﴾

《24》 പറയുക: 'നിങ്ങളെ ഭൂമിയിൽ പെരുപ്പിച്ചുണ്ടാക്കിയവൻ അവനത്രെ. അവനിലേക്ക് തന്നെ നിങ്ങൾ ഒരുമിച്ചു കൂട്ടപ്പെടുകയും ചെയ്യുന്നു.'

وَيَقُولُونَ مَتَىٰ هَٰذَا ٱلْوَعْدُ إِن كُنتُمْ صَٰدِقِينَ ﴿٢٥﴾

《25》 അവർ [അവിശ്വാസികൾ] പറയുന്നു: 'എപ്പോഴാണ് ഈ (ഒരുമിച്ചു കൂട്ടുമെന്ന) വാഗ്ദാനം? -നിങ്ങൾ സത്യവാൻമാരാണെങ്കിൽ (കേൾക്കട്ടെ)!'

قُلْ إِنَّمَا ٱلْعِلْمُ عِندَ ٱللَّهِ وَإِنَّمَآ أَنَا۠ نَذِيرٌ مُّبِينٌ ﴿٢٦﴾

《26》 പറയുക: നിശ്ചയമായും (ആ) അറിവ് അല്ലാഹുവിന്റെ പക്കൽ മാത്രമാകുന്നു, ഞാൻ സ്പഷ്ടമായ ഒരു താക്കീതുകാരൻ മാത്രമാണ്.

《23》 قُلْ നീ പറയുക هُوَ ٱلَّذِى അവൻ യാതൊരുവൻ أَنشَأَكُمْ നിങ്ങളെ ഉണ്ടാക്കിയ (സൃഷ്ടിച്ച), ഉല്പത്തിയാക്കിയ وَجَعَلَ لَكُمُ നിങ്ങൾക്ക് ഏർപ്പെടുത്തിത്തരുകയും ٱلسَّمْعَ കേൾവി وَٱلْأَبْصَٰرَ കാഴ്ച (കണ്ണുകളും) وَٱلْأَفْـِٔدَةَ ഹൃദയങ്ങളും قَلِيلًا مَّا എന്തോ (നന്നെ) കുറച്ച് (മാത്രം) تَشْكُرُونَ നിങ്ങൾ നന്ദികാട്ടുന്നു (ചെയ്യുന്നു) 《24》 قُلْ നീ പറയുക هُوَ ٱلَّذِى യാതൊരുവൻ അവനത്രെ ذَرَأَكُمْ നിങ്ങളെ പെരുപ്പിച്ചുണ്ടാക്കിയ فِى ٱلْأَرْضِ ഭൂമിയിൽ وَإِلَيْهِ അവനിലേക്ക് (തന്നെ) تُحْشَرُونَ നിങ്ങൾ ഒരുമിച്ചു (ശേഖരിച്ചു) കൂട്ടപ്പെടുന്നു 《25》 وَيَقُولُونَ അവർ പറയുന്നു مَتَىٰ എപ്പോഴാണ് هَٰذَا ٱلْوَعْدُ ഈ വാഗ്ദാനം إِن كُنتُمْ നിങ്ങളാണെങ്കിൽ صَٰدِقِينَ സത്യവാൻമാർ 《26》 قُلْ നീ പറയുക إِنَّمَا ٱلْعِلْمُ നിശ്ചയമായും അറിവ് عِندَ ٱللَّهِ അല്ലാഹുവിങ്കൽ (മാത്രം) ആകുന്നു وَإِنَّمَآ أَنَا۠ നിശ്ചയമായും ഞാൻ نَذِيرٌ ഒരു താക്കീതുകാരൻ (മാത്രം) مُّبِينٌ സ്പഷ്ടമായ

എല്ലാവരെയും ഒരുമിച്ചു കൂട്ടുന്ന ആ ദിവസം എപ്പോഴാണെന്ന് അല്ലാഹുവിന് മാത്രമേ അറിയുകയുള്ളൂ. എനിക്കോ മറ്റാർക്കെങ്കിലുമോ അതറിയുകയില്ല. എന്റെ ചുമതല നിങ്ങളെ വ്യക്തമായി താക്കീത് ചെയ്യൽ മാത്രമാണ്. പക്ഷേ, ഒരിക്കൽ അത് അനുഭവപ്പെടുമെന്ന കാര്യത്തിൽ സംശയിക്കേണ്ട. അതിന്റെ സമയത്തെക്കുറിച്ചല്ല, അതിനെ തുടർന്നുണ്ടാവാനിരിക്കുന്ന ഭവിഷ്യത്തുകളെക്കുറിച്ചാണ് നിങ്ങൾ അന്വേഷിക്കേണ്ടത് എന്ന് താൽപര്യം. ആ ദിവസം ആസന്നഭാവിയിൽ വന്നെത്തുമെന്ന കാര്യം ഉറപ്പായതുകൊണ്ട് അത് സംഭവിക്കുമ്പോൾ അവരിലുണ്ടാകുന്ന പ്രതികരണങ്ങളെപ്പറ്റി ഭൂതകാലരൂപത്തിൽ അല്ലാഹു പ്രസ്താവിക്കുന്നു:

فَلَمَّا رَأَوْهُ زُلْفَةً سِيٓـَٔتْ وُجُوهُ ٱلَّذِينَ كَفَرُوا۟ وَقِيلَ هَٰذَا ٱلَّذِى كُنتُم بِهِۦ تَدَّعُونَ ﴿٢٧﴾

《27》 എന്നാൽ, അവർ അത് സമീപിച്ചതായി കണ്ടപ്പോൾ (ആ) അവിശ്വസിച്ചവരുടെ മുഖങ്ങൾക്ക് മ്ലാനത ബാധിച്ചു! (അവരോട്) പറയപ്പെടുകയും ചെയ്തു: നിങ്ങൾ യാതൊന്നിനെക്കുറിച്ച് വാദിച്ചുകൊണ്ടിരുന്നുവോ അതത്രെ ഇത്.

《27》 فَلَمَّا رَأَوْهُ അങ്ങനെ അവരത് കണ്ടപ്പോൾ زُلْفَةً സമീപത്ത്, അടുത്തായി سِيٓـَٔتْ മ്ലാനമാക്കപ്പെട്ടു (വഷളായി- കറുത്ത്- ദുഃഖപ്പെട്ടു) وُجُوهُ ٱلَّذِينَ യാതൊരു കൂട്ടരുടെ മുഖങ്ങൾ كَفَرُوا۟ അവിശ്വസിച്ച وَقِيلَ പറയപ്പെടുകയും ചെയ്തു هَٰذَا ٱلَّذِى ഇതാ യാതൊന്നും, യാതൊന്ന് ഇതത്രെ كُنتُم بِهِۦ അതിനെക്കുറിച്ച് നിങ്ങളായിരുന്നു تَدَّعُونَ വാദിക്കും, വിളിച്ചാവശ്യപ്പെടുക

ആ സന്ദർഭം അത്രവിദൂരമൊന്നുമല്ല. വന്നു കഴിഞ്ഞുവെന്നുതന്നെ പറയാം, അതവർ കാത്തിരുന്നുകൊള്ളട്ടെ എന്നാണ് ഭൂതകാലരൂപത്തിലുള്ള ഈ പ്രയോഗത്തിലടങ്ങിയ സൂചന. تدعون എന്ന വാക്കിന് 'വാദിക്കുക' എന്നും 'വിളിച്ചാവശ്യപ്പെടുക' എന്നും അർത്ഥം വരാം. അന്ത്യനാളിനെക്കുറിച്ച് തർക്കിച്ചും വാദിച്ചും കഴിയുന്നവരും, എന്താണ് അത് വന്നു കാണാത്തതെന്ന് പരിഹാസപൂർവ്വം ധൃതി കൂട്ടിക്കൊണ്ടിരിക്കുന്നവരുമാണല്ലോ അവർ.

قُلْ أَرَءَيْتُمْ إِنْ أَهْلَكَنِىَ ٱللَّهُ وَمَن مَّعِىَ أَوْ رَحِمَنَا فَمَن يُجِيرُ ٱلْكَٰفِرِينَ مِنْ عَذَابٍ أَلِيمٍ ﴿٢٨﴾

《28》 പറയുക: 'നിങ്ങൾ കണ്ടുവോ, എന്നെയും, എന്റെ കൂടെയുള്ളവരെയും അല്ലാഹു നശിപ്പിക്കുകയോ, അല്ലെങ്കിൽ ഞങ്ങൾക്ക് അവൻ കരുണചെയ്യുകയോ ചെയ്താൽ,

എന്നാൽ ആരാണ് വേദനയേറിയ ശിക്ഷയിൽനിന്ന് അവിശ്വാസികൾക്ക് രക്ഷ നൽകുന്നത്? [ഇതൊന്ന് പറയുവിൻ]!

قُلْ هُوَ ٱلرَّحْمَٰنُ ءَامَنَّا بِهِۦ وَعَلَيْهِ تَوَكَّلْنَا ۖ فَسَتَعْلَمُونَ

《29》 പറയുക: 'അവൻ പരമകാരുണികനത്രെ; അവനിൽ ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു; അവന്റെ മേൽതന്നെ ഞങ്ങൾ ഭരമേൽപിക്കുകയും ചെയ്തിരിക്കുന്നു.'

مَنْ هُوَ فِي ضَلَٰلٍ مُّبِينٍ ﴿٢٩﴾

എന്നാൽ, (അടുത്ത്) നിങ്ങൾക്ക് അറിയാറാകും: സ്പഷ്ടമായ വഴിപിഴവിൽ ആരാണുള്ളത് എന്ന്!

﴿28﴾ قُلْ നീ പറയുക أَرَءَيْتُمْ നിങ്ങൾ കണ്ടുവോ (പറയുവിൻ) إِنْ أَهْلَكَنِيَ എന്നെ നശിപ്പിച്ചാൽ ٱللَّهُ അല്ലാഹു وَمَن مَّعِيَ എന്റെ കൂടെയുള്ളവരെയും أَوْ رَحِمَنَا അല്ലെങ്കിൽ അവൻ ഞങ്ങൾക്ക് കരുണ (ദയ) ചെയ്താൽ فَمَن يُجِيرُ എന്നാൽ ആർ രക്ഷിക്കും, കാക്കും ٱلْكَٰفِرِينَ അവിശ്വാസികളെ مِنْ عَذَابٍ ശിക്ഷയിൽനിന്ന് أَلِيمٍ വേദനയേറിയ ﴿29﴾ قُلْ هُوَ നീ പറയുക അവൻ ٱلرَّحْمَٰنُ പരമകാരുണികനാണ് ءَامَنَّا بِهِ ഞങ്ങൾ അവനിൽ വിശ്വസിച്ചിരിക്കുന്നു وَعَلَيْهِ അവന്റെ മേൽതന്നെ تَوَكَّلْنَا ഞങ്ങൾ ഭരമേൽപിക്കയും ചെയ്തിരിക്കുന്നു فَسَتَعْلَمُونَ എന്നാൽ നിങ്ങൾക്ക് അറിയാറാകും, വഴിയെ അറിയും مَنْ ആർ, ഏതൊരുവനാണ് هُوَ അവൻ فِي ضَلَٰلٍ വഴിപിഴവി (ദുർമാർഗത്തി)ലാണ് مُّبِينٍ സ്പഷ്ടമായ, വ്യക്തമായ

ക്വുർആനിൽ പലേടങ്ങളിലും കാണാവുന്നതുപോലെ, ഇവിടെയും ഇതിനു മുമ്പുള്ള ചില വചനങ്ങളിലും അല്ലാഹുവിന്റെ പരമകാരുണികൻ (الرحمن) എന്ന നാമം ഉപയോഗിച്ചിരിക്കുന്നത് ശ്രദ്ധേയമാകുന്നു. അവന്റെ കാരുണ്യാധിക്യത്തെ അനുസ്മരിപ്പിച്ചുകൊണ്ടിരിക്കുകയും, പാപികൾ പശ്ചാത്തപിച്ചു മടങ്ങുന്നപക്ഷം അവന്റെ കാരുണ്യത്തിൽ നിരാശക്ക് അവകാശമില്ലെന്ന് ഓർമപ്പെടുത്തുകയുമാണ് അവ ചെയ്യുന്നത്.

قُلْ أَرَءَيْتُمْ إِنْ أَصْبَحَ مَاؤُكُمْ غَوْرًا فَمَن يَأْتِيكُم بِمَآءٍ مَّعِينٍ ﴿٣٠﴾

﴿30﴾ പറയുക: 'നിങ്ങൾ കണ്ടുവോ, നിങ്ങളുടെ വെള്ളം വറ്റിയതായിത്തീർന്നാൽ, ആരാണ് നിങ്ങൾക്ക് ഒഴുകുന്ന (ഉറവ്) വെള്ളം കൊണ്ടുവന്നു തരുക? (പറയുവിൻ)!

﴿30﴾ قُلْ أَرَءَيْتُمْ പറയുക; നിങ്ങൾ കണ്ടുവോ إِنْ أَصْبَحَ ആയിത്തീർന്നാൽ مَاؤُكُمْ നിങ്ങളുടെ വെള്ളം غَوْرًا വറ്റിയത്, വരണ്ടത് فَمَن എന്നാലാരാണ് يَأْتِيكُم നിങ്ങൾക്ക് കൊണ്ടുവരുക بِمَآءٍ വെള്ളം مَّعِينٍ ഒഴുകിവരുന്ന, ഉറവ്, പൊടിഞ്ഞുവരുന്ന

അല്ലാഹുവല്ലാതെ ആരുമില്ലെന്ന് വ്യക്തം. സാധാരണ പതിവിൽ കവിഞ്ഞു കുറച്ച് ദിവസങ്ങളോളം മഴപെയ്യാൻ താമസിച്ചാലത്തെ കഥ നമുക്കെല്ലാവർക്കും അറിയാമല്ലോ. ഒരുപക്ഷേ, കിണറും കുളവും ആഴംകൂട്ടിയോ, പമ്പ് ഉപയോഗിച്ചോ ചില ദിവസങ്ങൾകൂടി കഴിച്ചുകൂട്ടാമെന്ന് വിചാരിക്കുക. എന്നാൽ,

ആകാശത്ത്നിന്ന് മഴ പെയ്യുവാൻ ദീർഘിച്ചുപോയാൽ- അല്ലെങ്കിൽ ഭൂമിയിലെ ഈർപ്പവും ഉറവും ഉണങ്ങിപ്പോയാൽ- ഇതുകൊണ്ടൊന്നും പ്രയോജനമില്ലല്ലോ. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് നന്ദി ചെയ്യുകയും, അവന്റെ ദൃഷ്ടാന്തങ്ങളെ പ്രയോജനപ്പെടുത്തുകയും ചെയ്യുന്ന ബുദ്ധിമാൻമാരുടെ കൂട്ടത്തിൽ അവൻ നമ്മെയെല്ലാം ഉൾപ്പെടുത്തട്ടെ. ആമീൻ.

ولله الحمد والمنة

سورة القلم

68. സൂറത്തുൽ കലം

മക്കഃയിൽ അവതരിച്ചത് - വചനങ്ങൾ 52 - വിഭാഗം (റുകൂഉ്) 2

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ

പരമകാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

نٓ وَٱلْقَلَمِ وَمَا يَسْطُرُونَ ﴿١﴾

﴿1﴾ 'നൂൻ'.പേന തന്നെയാണ, അവർ (എഴുതി) രേഖപ്പെടുത്തുന്നതും തന്നെയാണ (സത്യം)!

مَآ أَنتَ بِنِعْمَةِ رَبِّكَ بِمَجْنُونٍ ﴿٢﴾

﴿2﴾ (നബിയേ) നിന്റെ റബ്ബിന്റെ അനുഗ്രഹംകൊണ്ട് നീ ഭ്രാന്തനല്ല.

وَإِنَّ لَكَ لَأَجْرًا غَيْرَ مَمْنُونٍ ﴿٣﴾

﴿3﴾ നിശ്ചയമായും, നിനക്ക് മുറിഞ്ഞുപോകാത്ത [നിരന്തരമായ] പ്രതിഫലവും ഉണ്ട്.

وَإِنَّكَ لَعَلَىٰ خُلُقٍ عَظِيمٍ ﴿٤﴾

﴿4﴾ നിശ്ചയമായും, നീ മഹത്തായ ഒരു സ്വഭാവഗുണത്തോടുകൂടിയാണ് (ഉള്ളത്).

فَسَتُبْصِرُ وَيُبْصِرُونَ ﴿٥﴾

﴿5﴾ എന്നിരിക്കെ, വഴിയെ നീ കണ്ടറിയുന്നതാണ്; അവരും കണ്ടറിയും:

بِأَييِّكُمُ ٱلْمَفْتُونُ ﴿٦﴾

﴿6﴾ നിങ്ങളിൽ ആരിലാണ് കുഴപ്പം പിടിപെട്ടവൻ (ഉള്ളത്) എന്ന്!

﴾1﴿ نٓ 'നൂൻ' وَٱلْقَلَمِ പേന തന്നെയാണ وَمَا يَسْطُرُونَ അവർ രേഖപ്പെടുത്തുന്ന (എഴുതുന്ന)തും തന്നെയാണ ﴾2﴿ مَآ أَنتَ നീ അല്ല بِنِعْمَةِ رَبِّكَ നിന്റെ റബ്ബിന്റെ അനുഗ്രഹംകൊണ്ട് بِمَجْنُونٍ ഭ്രാന്തൻ ﴾3﴿ وَإِنَّ لَكَ നിശ്ചയമായും നിനക്കുണ്ട് താനും لَأَجْرًا പ്രതിഫലം غَيْرَ مَمْنُونٍ മുറിക്കപ്പെടാത്ത, മുറിയാത്ത, ദാക്ഷിണ്യം എടുത്തുപറയപ്പെടാത്ത (ഉദാരമായ) ﴾4﴿ وَإِنَّكَ നിശ്ചയമായും നീ لَعَلَىٰ خُلُقٍ ഒരു സ്വഭാവഗുണത്തോടുകൂടിയാണ്, സ്വഭാവത്തിൽ തന്നെ عَظِيمٍ മഹത്തായ ﴾5﴿ فَسَتُبْصِرُ എന്നാൽ (അതിനാൽ) വഴിയെ നീ കണ്ടറിയും وَيُبْصِرُونَ അവരും കണ്ടറിയും ﴾6﴿ بِأَيِّكُمُ നിങ്ങളിൽ ആരിലാണ് ٱلْمَفْتُونُ കുഴപ്പം പിടിപെട്ടവൻ (ചിത്തഭ്രമമുള്ളവൻ)

ആരംഭത്തിൽ കാണുന്ന ن (നൂൻ) പോലെയുള്ള കേവലാക്ഷരങ്ങളെക്കുറിച്ച് ഇതിന് മുമ്പ് പല പ്രാവശ്യം നാം സംസാരിച്ചിട്ടുണ്ട്. അവയുടെ സാക്ഷാൽ ഉദ്ദേശ്യമെന്താണെന്ന് അല്ലാഹുവിനറിയാമെന്നത്രെ അതിന്റെ ചുരുക്കം.

നബി തിരുമേനിﷺയെപ്പറ്റി മുശ്രിക്കുകൾ പല ആരോപണങ്ങളും പുറപ്പെടുവിക്കാറുണ്ടല്ലോ. അക്കൂട്ടത്തിൽ ചിലതാണ് ഭ്രാന്തനെന്നും, ജിന്നിന്റെ ബാധ ഏറ്റവനാണെന്നും മറ്റും. ഈ ആരോപണത്തെ അല്ലാഹു ഖണ്ഡിക്കുന്നു. മാത്രമല്ല, തിരുമേനി അല്ലാഹുവിനാൽ അനുഗൃഹീതനാണെന്നും, അല്ലാഹുവിങ്കൽ ഉന്നതസ്ഥാനമുള്ള ആളാണെന്നും, വളരെ മഹത്തായ സ്വഭാവവൈശിഷ്ട്യത്തോടുകൂടിയ ആളാണെന്നും അസിന്നഗ്ധമായി പ്രസ്താവിക്കുകയും ചെയ്യുന്നു. 5 ഉം 6 ഉം വചനങ്ങളിൽ കാണുന്ന പ്രവചനം അധികം താമസിയാതെ- ഇസ്‌ലാമിന്റെ വിജയത്തോടുകൂടി- പുലരുകയും ചെയ്തിട്ടുണ്ട്. അതെ, കുഴപ്പം പിടിപെട്ടത് നബിﷺക്കല്ലെന്നും, അവർക്കുതന്നെയാണെന്നും അവർക്ക് ബോധ്യമായി.

പേനകൊണ്ടും, പേന ഉപയോഗിച്ചു എഴുതി രേഖപ്പെടുത്തുന്ന കാര്യങ്ങൾ -അല്ലെങ്കിൽ ലിഖിതങ്ങൾ -കൊണ്ടും സത്യം ചെയ്തുകൊണ്ടാണ് അല്ലാഹു മുശ്രിക്കുകളെ ഖണ്ഡിച്ചത്. പേനക്കും എഴുത്തിനും അല്ലാഹു കല്പിച്ചിട്ടുള്ള പ്രാധാന്യത്തെ ഇത് സൂചിപ്പിക്കുന്നു. നബി തിരുമേനിﷺക്ക് ഒന്നാമതായി അവതരിച്ച ക്വുർആൻ വാക്യങ്ങളിൽതന്നെ علم بالقلم (അവൻ പേനകൊണ്ട് പഠിപ്പിച്ചു) എന്ന് പറഞ്ഞിട്ടുള്ളതും പ്രസ്താവ്യമാണ്. അല്ലാഹു ഉദ്ദേശിക്കുന്ന ഏത് വസ്തുവെ കൊണ്ടും അവന് സത്യം ചെയ്യാവുന്നതാണ്. എങ്കിലും, സത്യത്തിനായി അവൻ ഉപയോഗിച്ച വസ്തുക്കളെപ്പറ്റി പരിശോധിക്കുമ്പോൾ, അവ ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ പ്രാധാന്യമർഹിക്കുന്നതും, ചിന്തക്ക് വിഷയമാകേണ്ടതുമായിരിക്കും. 'പേന' (القلم) കൊണ്ട് ഇവിടെ ഉദ്ദേശ്യം, മനുഷ്യന്റെ കർമങ്ങൾ രേഖപ്പെടുത്തുന്ന ഉപകരണം ഏതോ അതാണ്- എന്നും, അവൻ 'എഴു

തുന്നത്' (ما يسطرون) എന്ന് പറഞ്ഞതുകൊണ്ടുദ്ദേശ്യം മലക്കുകൾ രേഖപ്പെടുത്തുന്ന കർമരേഖകളാണ് എന്നും ചില വ്യാഖ്യാതാക്കൾ അഭിപ്രായപ്പെട്ടിട്ടുണ്ട്. പക്ഷേ, നാം ആദ്യം സൂചിപ്പിച്ചതുപോലെ, മനുഷ്യർ എഴുതുവാൻ ഉപയോഗിക്കുന്ന പേനകളും, അവർ എഴുതുന്ന ലിഖിതങ്ങളുമാണ് ഉദ്ദേശ്യം എന്നുള്ള അഭിപ്രായമാണ് കൂടുതൽ വ്യക്തവും യുക്തവുമായിക്കാണുന്നത്. الله اعلم

നബി തിരുമേനിﷺയുടെ സ്വഭാവഗുണം അങ്ങേഅറ്റം ഉൽകൃഷ്ടവും മാതൃകാപരവുമായിരുന്നുവെന്നുള്ളതിന് അല്ലാഹു നൽകിയ മഹത്തായ ഒരു സാക്ഷിപത്രമാണ് 4 -ാം വചനം. തിരുമേനിയുടെ എതിരാളികൾ പോലും അവിടുത്തെ സൽസ്വഭാവത്തെ പ്രശംസിക്കുമായിരുന്നു. 'സൽസ്വഭാവങ്ങൾ പൂർത്തിയാക്കുവാൻവേണ്ടിത്തന്നെയാണ് എന്നെ നിയോഗിച്ചിട്ടുള്ളത്' എന്ന് തിരുമേനി അരുളിച്ചെയ്തിട്ടുമുണ്ട്. തിരുമേനിയുടെ സ്വഭാവത്തെപ്പറ്റി അന്വേഷിച്ച ഒരാളോട് ആഇശാഃ (റ) പറഞ്ഞത് ഇപ്രകാരമായിരുന്നു: 'തിരുമേനിയുടെ സ്വഭാവം ക്വുർആനായിരുന്നു.' (അ; ന.) സൽസ്വഭാവമായി ക്വുർആനിൽ എന്തെല്ലാം പ്രസ്താവിച്ചിട്ടുണ്ടോ അതെല്ലാം തിരുമേനിയിൽ സമ്മേളിച്ചിരുന്നു- അഥവാ ക്വുർആൻ വിഭാവനം ചെയ്യുന്ന സൽസ്വഭാവങ്ങളുടെ പ്രാവർത്തികമാതൃകയായിരുന്നു തിരുമേനിയുടെ ജീവിതം- എന്ന് താൽപര്യം. ഹദീഥ്ഗ്രന്ഥങ്ങളും, ചരിത്രഗ്രന്ഥങ്ങളും പരിശോധിച്ചാൽ ഇതിന് ധാരാളക്കണക്കിൽ ഉദാഹരണങ്ങൾ കാണാവുന്നതാണ്. അവ ഏറെക്കുറെ പരക്കെ അറിയപ്പെട്ടതുമാണ്. പക്ഷേ, കാലക്രമേണ മുസ്ലിം സമുദായം തിരുമേനിയുടെ സ്വഭാവഗുണങ്ങളെ മാതൃകയാക്കുന്നതിൽനിന്ന് അകന്നകന്ന് പോയിരിക്കയാണ്. അതിന്റെ തിക്തഫലം സമുദായം ആകമാനം അനുഭവിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. അല്ലാഹുവിൽ ശരണം!

ആഇശഃ (റ) പ്രസ്താവിച്ചതായി അഹ്മദ് (റ) ഉദ്ധരിച്ച ഒരു ഹദീഥിന്റെ സാരം ഇപ്രകാരമാകുന്നു: 'അല്ലാഹുവിന്റെ മാർഗത്തിൽ സമരം നടത്തുന്ന അവസരത്തിലല്ലാതെ ഒരു ഭൃത്യനെയാകട്ടെ, സ്ത്രീയെയാകട്ടെ, മറ്റാരെയെങ്കിലുമാകട്ടെ തിരുമേനി അടിക്കുകയുണ്ടായിട്ടില്ല. രണ്ട് കാര്യങ്ങൾക്കിടയിൽ തിരുമേനിയോട് അഭിപ്രായം അന്വേഷിച്ചാൽ രണ്ടിൽ വെച്ച് കൂടുതൽ സൗകര്യപ്രദമായത് ഏതോ അതല്ലാതെ അവിടുന്ന് തിരഞ്ഞെടുക്കുകയില്ല- അത് കുറ്റകരമായാലൊഴികെ. കുറ്റകരമാണെങ്കിലോ, മറ്റെല്ലാവരെക്കാളും അധികം അതിൽനിന്ന് അകന്ന് നിൽക്കുന്നവനുമായിരിക്കും തിരുമേനി. അല്ലാഹു ബഹുമാനിച്ച വല്ല കാര്യവും അപമാനിക്കപ്പെടുന്നപക്ഷം അവിടെ, അല്ലാഹുവിനുവേണ്ടി പ്രതികാരം നടത്തുമെന്നല്ലാതെ, സ്വന്തം കാര്യത്തിനുവേണ്ടി ആരോടും അവിടുന്ന് പ്രതികാരം ചെയ്യുകയില്ല.'

إِنَّ رَبَّكَ هُوَ أَعْلَمُ بِمَن ضَلَّ عَن سَبِيلِهِۦ وَهُوَ أَعْلَمُ بِٱلْمُهْتَدِينَ ﴿٧﴾

﴿7﴾നിശ്ചയമായും, നിന്റെ റബ്ബ് അവന്റെ മാർഗം വിട്ടു പിഴച്ചു പോയവരെപ്പറ്റി നല്ലവണ്ണം അറിയുന്നവനാകുന്നു; സൻമാർഗം പ്രാപിച്ചവരെപ്പറ്റിയും അവൻ നല്ലവണ്ണം അറിയുന്നവനാണ്.

فَلَا تُطِعِ ٱلْمُكَذِّبِينَ ﴿٨﴾

﴿8﴾ആകയാൽ, വ്യാജമാക്കുന്നവരെ നീ അനുസരിക്കരുത്

وَدُّوا۟ لَوْ تُدْهِنُ فَيُدْهِنُونَ ﴿٩﴾

﴿9﴾ നീ മയപ്പെടുത്തിയിരുന്നെങ്കിൽ (നന്നായിരുന്നു) എന്ന് അവർ ആഗ്രഹിക്കുകയാണ്; എന്നാൽ അവരും മയപ്പെടുത്തുമായിരുന്നു.

﴿7﴾ إِنَّ رَبَّكَ നിശ്ചയമായും നിന്റെ റബ്ബ് هُوَ أَعْلَمُ അവൻ ഏറ്റവും (നല്ലവണ്ണം) അറിയുന്നവനാണ് بِمَن ضَلَّ പിഴച്ച (തെറ്റിയ)വരെപ്പറ്റി عَن سَبِيلِهِۦ അവന്റെ മാർഗത്തിൽ നിന്ന്, മാർഗം വിട്ട് وَهُوَ أَعْلَمُ അവൻ നല്ലവണ്ണം അറിയുന്നവനുമാണ് بِٱلْمُهْتَدِينَ നേർമാർഗം പ്രാപിച്ചവരെപ്പറ്റി ﴿8﴾ فَلَا تُطِعِ ആകയാൽ നീ അനുസരിക്കരുത് ٱلْمُكَذِّبِينَ വ്യാജമാക്കുന്നവരെ ﴿9﴾ وَدُّوا അവർ ആഗ്രഹിക്കുകയാണ്, താൽപര്യപ്പെടുകയാണ് لَوْ تُدْهِنُ നീ മയപ്പെടുത്തി (വിട്ടുവീഴ്ച ചെയ്തു- മിനുക്കുനയം സ്വീകരിച്ചു) എങ്കിൽ എന്ന് فَيُدْهِنُونَ എന്നാൽ അവർ മയപ്പെടുത്തുന്നതാണ്

മുശ്‌രിക്കുകളുടെ ആരാധ്യവസ്തുക്കളെപ്പറ്റി ആക്ഷേപിക്കാതിരിക്കുക, അവരുടെ ദുരാചാരങ്ങളെ കുറ്റപ്പെടുത്താതിരിക്കുക എന്നിങ്ങനെ ഒരു അനുരഞ്ജന നയം സ്വീകരിച്ചുകൊണ്ട് നബി തിരുമേനി ﷺ അവിടുത്തെ പ്രബോധനരീതി അൽപം മയപ്പെടുത്തുന്നപക്ഷം, അവർ തങ്ങളുടെ എതിർപ്പിൽ വിട്ടുവീഴ്ചചെയ്യുകയും, തിരുമേനിയെയും അനുയായികളെയും അവരുടെ പാട്ടിന് വിട്ടേക്കുകയും ചെയ്യാം എന്ന് അവർ ആഗ്രഹം പ്രകടിപ്പിച്ചിരുന്നു. പക്ഷേ, സത്യസിദ്ധാന്തങ്ങളുടെ കാര്യത്തിൽ വിട്ടുവീഴ്ചക്ക് പഴുതില്ലല്ലോ. അതുകൊണ്ട് ആ ആഗ്രഹം വകവെച്ചുകൊടുക്കരുതെന്ന് അല്ലാഹു നബി ﷺ യെ ഉണർത്തുകയാണ്. മതപ്രബോധനത്തെ വ്യാജമാക്കുന്നവരെ അനുസരിക്കരുതെന്നും, സത്യത്തിൽ വിട്ടുവീഴ്ചചെയ്ത് അതിനെ കളങ്കപ്പെടുത്തിക്കാണുവാൻ ആഗ്രഹിക്കുന്നവരാണ് അവരെന്നും പ്രസ്താവിച്ചശേഷം, തുടർന്നുള്ള വചനങ്ങളിൽ അങ്ങനെയുള്ളവരുടെ ചില നീച സ്വഭാവങ്ങളെ അല്ലാഹു തുറന്നുകാട്ടുന്നു. അത്തരം സ്വഭാവങ്ങളുള്ളവരുടെ ഇംഗിതങ്ങൾക്ക് ഒരിക്കലും വഴങ്ങരുതെന്ന് വീണ്ടും നബി ﷺ യെ ഉണർത്തുകയും ചെയ്യുന്നു:-

وَلَا تُطِعْ كُلَّ حَلَّافٍ مَّهِينٍ ﴿١٠﴾

﴿10﴾ അധികമായി സത്യം ചെയ്യുന്നവനും, നിന്ദ്യനുമായ ഒരാളെയും നീ അനുസരിക്കരുത്.

هَمَّازٍ مَّشَّاءٍ بِنَمِيمٍ ﴿١١﴾

﴿11﴾ കുത്തുവാക്ക് പറയുന്നവനും, ഏഷണിയുമായി നടക്കുന്നവനും,-

مَّنَّاعٍ لِّلْخَيْرِ مُعْتَدٍ أَثِيمٍ ﴿١٢﴾

﴿12﴾ നല്ല കാര്യത്തിന് തടസ്സക്കാരനും, അതിക്രമിയും, മഹാപാപിയും,-

عُتُلٍّ بَعْدَ ذَٰلِكَ زَنِيمٍ ﴿١٣﴾

﴿13﴾ അതിനുപുറമെ, ക്രൂരനും, ദുഷ്കീർത്തി നേടിയവനും (അഥവാ ശരിയായ പിതാവില്ലാത്തവനും),-

أَن كَانَ ذَا مَالٍ وَبَنِينَ ﴿١٤﴾

﴿14﴾ (അതെ) അവൻ സ്വത്തും മക്കളുമുള്ളവനായതിനാൽ!

إِذَا تُتْلَىٰ عَلَيْهِ آيَاتُنَا قَالَ أَسَاطِيرُ الْأَوَّلِينَ ﴿١٥﴾

﴿15﴾ അവന് നമ്മുടെ 'ആയത്തു'കൾ [വേദലക്ഷ്യങ്ങൾ] ഓതിക്കേൾപ്പിക്കപ്പെടുന്നതായാൽ അവൻ പറയും: 'പൂർവ്വികൻമാരുടെ പുരാണകഥകളാണ് (അവ)' എന്ന്.

سَنَسِمُهُ عَلَى الْخُرْطُومِ ﴿١٦﴾

﴿16﴾ വഴിയെ അവന് നാം (ആ) തുമ്പിക്കൈക്ക് (അഥവാ നീണ്ട മൂക്കിന്) അടയാളം വെച്ചേക്കും!

﴿10﴾ وَلَا تُطِعْ നീ അനുസരിക്കയും ചെയ്യരുത് كُلَّ حَلَّافٍ അധികമായി സത്യം ചെയ്യുന്ന എല്ലാവരെയും (ഒരാളെയും) مَّهِينٍ നിന്ദ്യനായ, നിസ്സാരനായ ﴿11﴾ هَمَّازٍ കുത്തുവാക്ക് പറയുന്നവൻ, കുറ്റവും കുറവും പറഞ്ഞുകൊണ്ടിരിക്കുന്നവൻ مَّشَّاءٍ നടക്കുന്നവൻ بِنَمِيمٍ ഏഷണിയുമായി ﴿12﴾ مَّنَّاعٍ തടസ്സമുണ്ടാക്കുന്ന (മുടക്കം ചെയ്യുന്ന)വൻ لِّلْخَيْرِ നൻമയെ, നല്ല കാര്യത്തിന് مُعْتَدٍ അതിക്രമി, അതിരുകടന്നവൻ أَثِيمٍ മഹാപാപി ﴿13﴾ عُتُلٍّ ക്രൂരൻ, ദുഷ്ടൻ بَعْدَ ذَٰلِكَ

അതിനുശേഷം (പുറമെ) زَنِيمٍ കുപ്രസിദ്ധി നേടിയവൻ (വ്യഭിചാരപുത്രൻ- ജാര സന്താനം- അന്യകുടുംബത്തോട് ഒട്ടിച്ചേർന്നവൻ) ﴿14﴾ أَن كَانَ അവൻ ആയതിനാൽ ذَا مَالٍ ധനമുള്ളവൻ وَبَنِينَ മക്കളും, പുത്രൻമാരും ﴿15﴾ إِذَا تُتْلَىٰ ഓതിക്കൊടുക്കപ്പെടുന്നതായാൽ عَلَيْهِ അവന് ءَايَٰتُنَا നമ്മുടെ ആയത്ത് (ലക്ഷ്യം- ദുഷ്ടാന്തം)കൾ قَالَ അവൻ പറയും أَسَٰطِيرُ പുരാണങ്ങൾ, പഴങ്കഥകൾ ٱلْأَوَّلِينَ പൂർവ്വികൻമാരുടെ ﴿16﴾ سَنَسِمُهُۥ (വഴിയെ- അടുത്തു) നാമവന് അടയാളം വെക്കും عَلَى ٱلْخُرْطُومِ തുമ്പിക്കൈക്ക് (മൂക്കിന്)

أن كان ذا مال وبنين (അവൻ സ്വത്തും മക്കളുമുള്ളവനായതിനാൽ) എന്ന വാക്യം ഏതിന് കാരണമായിട്ടാണ് നിലകൊള്ളുന്നതെന്ന് പരിശോധിക്കുമ്പോൾ, അത് രണ്ട് മൂന്ന് പ്രകാരത്തിലാകുവാൻ സാദ്ധ്യത കാണാം.

(1) പത്താം വചനത്തിലെ لا تطع (നീ അനുസരിക്കരുത്) എന്ന നിരോധ ക്രിയയുമായി ബന്ധപ്പെട്ടതാവാം. മേൽപ്രസ്താവിച്ച ദുർഗുണങ്ങളുള്ളവർ സ്വത്തും മക്കളും അധികമുള്ളവരാണെന്നുവെച്ച് അവരെ അനുസരിച്ചു പോകരുത് എന്നായിരിക്കും അപ്പോൾ ഉദ്ദേശ്യം. ഇതാണ് കൂടുതൽ വ്യക്തമായി തോന്നുന്നത്.

(2) മേൽകണ്ട ദുർഗുണങ്ങൾ അവരിൽ ഉണ്ടായിത്തീരുവാനുള്ള കാരണമാവാം. അതായത്, ഇത്രയും നികൃഷ്ടമായ സ്വഭാവങ്ങൾ അവരിൽ ഉണ്ടാകുവാൻ കാരണം, അവർക്ക് കുറേ സ്വത്തും, മക്കളും ഉണ്ടെന്നുള്ളതാണ്.

(3) 15 -ാം വചനത്തിലെ قال (അവൻ പറയും) എന്ന ക്രിയയുമായി ബന്ധപ്പെട്ടതുമാവാം. ചിലർ അങ്ങിനെയും അഭിപ്രായപ്പെട്ടിട്ടുണ്ട്. അവർക്ക് വേദവാക്യങ്ങൾ ഓതിക്കേൾപ്പിക്കുമ്പോൾ അത് പഴഞ്ചൻ വർത്തമാനമാണെന്ന് പറഞ്ഞു പരിഹസിച്ചു തള്ളുവാൻ കാരണം അവർക്ക് ധനവും മക്കളും ഉണ്ടെന്നുള്ളതാണ് എന്നായിരിക്കും അപ്പോൾ സാരം.

അല്ലാഹുവിന്റെ ആയത്തുകളെ വ്യാജവും പഴഞ്ചനുമാക്കിത്തള്ളുന്ന ദുഷ്ടൻമാരുടെ എട്ടൊമ്പത് സ്വഭാവങ്ങളാണ് ഈ വചനങ്ങളിൽ അല്ലാഹു എടുത്തുകാട്ടിയിരിക്കുന്നത്. അവയിൽ ഏതെങ്കിലും ഒന്നുമാത്രം ഒരാളിൽ ഉണ്ടായാൽ തന്നെ അതവനെ അങ്ങേഅറ്റം ദുഷിപ്പിക്കുവാൻ പോരുന്നതാണെന്ന് കാണാം. എന്നിരിക്കെ, എല്ലാംകൂടി ഒരാളിൽ സമ്മേളിക്കുന്നപക്ഷം, അവൻ പ്രത്യക്ഷത്തിൽ മനുഷ്യരൂപിയാണെങ്കിലും യഥാർത്ഥത്തിൽ പൈശാചിക സ്വഭാവിയായിരിക്കും. നന്നായിത്തീരുമെന്നുള്ള പ്രതീക്ഷക്ക് പിന്നെ അവകാശമില്ല. മാത്രമല്ല, അവനുമായി സഹവാസബന്ധം പുലർത്തുന്നവരെ അവൻ വഴിപിഴപ്പിക്കുകയും ചെയ്യും. സ്ഥാനത്തും, അസ്ഥാനത്തും സത്യം ചെയ്യുന്ന പതിവ് കളവുപറയുന്നവരുടെ

ലക്ഷണമാകുന്നു. നേരായ കാര്യത്തിൽപോലും അത്യാവശ്യഘട്ടത്തിലല്ലാതെ സത്യം ചെയ്യുന്നത് നന്നല്ല. അധികമായി സത്യം ചെയ്യാൻ മുതിരുന്നവരുടെ ഉദ്ദേശ്യം തങ്ങൾ പറയുന്ന കാര്യം ശ്രോതാവിനെക്കൊണ്ട് വിശ്വസിപ്പിക്കലായിരിക്കുമല്ലോ. തങ്ങളെപ്പറ്റി മറ്റുള്ളവർക്ക് വിശ്വാസമില്ലെന്ന് അവർക്ക് തന്നെ തോന്നിയിട്ടുണ്ടെന്നാണ് ഇതിന്റെ അർത്ഥം. തുടർന്നുപറഞ്ഞിട്ടുള്ള ദുർഗുണങ്ങളെക്കുറിച്ച് ഒരു വിശദീകരണത്തിന്റെ ആവശ്യം കാണുന്നില്ല.

'അതിന്നുപുറമെ കുപ്രസിദ്ധിനേടിയവനും (بعد ذلك زنيم)' എന്നുള്ള അവസാനത്തെ വിശേഷണം മേൽപറഞ്ഞ എല്ലാ ദുർഗുണങ്ങൾക്കും മകുടം ചാർത്തുന്ന ഒന്നത്രെ. ഇബ്നുകഥീർ (റ) പ്രസ്താവിക്കുന്നതുപോലെ زنيم ('സനീം) എന്ന വാക്കിന്റെ അർത്ഥം നീചത്വത്തിൽ കുപ്രസിദ്ധി നേടിയവൻ എന്നാണെങ്കിലും വ്യഭിചാരത്തിൽ ജനിച്ചത് നിമിത്തം സ്വന്തം തറവാടില്ലാതെ ഏതെങ്കിലും ഒരു തറവാട്ടിലെ വ്യക്തിയുമായി പിതൃപുത്രബന്ധം സ്ഥാപിക്കപ്പെട്ടവൻ- അഥവാ ജാരസന്താനം- എന്ന ഉദ്ദേശ്യത്തിലാണ് ആ പദം അധികം ഉപയോഗിക്കപ്പെടാറുള്ളത്. ജാരസന്താനമായി ജനിച്ചത് അവന്റെ കുറ്റമല്ലെങ്കിലും, ചീത്തയായ ബീജത്തിൽനിന്ന് ജനിച്ചവരിൽനിന്ന് മേൽ പ്രസ്താവിച്ചതുപോലുള്ള ദുഷിച്ച സമ്പ്രദായങ്ങൾ പ്രകടമാകുന്നത് സ്വാഭാവികമായിരിക്കും. ഒരു പക്ഷേ , പ്രകടമായില്ലെങ്കിലും അവനുള്ള കാലത്തോളം നീങ്ങിപ്പോകാത്ത ഒരു ദുഷ്കീർത്തിയാണല്ലോ അത്. ചില വ്യാഖ്യാതാക്കൾ പറയുന്നതുപോലെ, ഇത് വലീദുബ്നു മുഗീറഃയെയോ മറ്റേതെങ്കിലും വ്യക്തിയെയോ പ്രത്യേകം ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു പ്രസ്താവനയായിരുന്നാലും അല്ലെങ്കിലും ശരി, ഇത്തരക്കാരെ വിശ്വസിക്കുവാനും അനുസരിക്കുവാനും പാടില്ലെന്നത്രെ അല്ലാഹു ഈ വചനങ്ങളിൽ ഉപദേശിക്കുന്നത്.

അല്ലാഹുവിന്റെ വചനങ്ങളും സന്ദേശങ്ങളും ഓതിക്കേൾപ്പിക്കുമ്പോൾ അവ പഴഞ്ചനാണെന്നും കെട്ടുകഥകളാണെന്നും പറഞ്ഞു ധിക്കരിക്കുവാനും, പരിഹസിക്കുവാനും ധാർഷ്ട്യം കാണിക്കുന്ന ഇത്തരക്കാരെ അടുത്തഭാവിയിൽ അല്ലാഹു കഠിനമായി ശിക്ഷിക്കുകയും, എല്ലാവർക്കും പരസ്യമായി കാണത്തക്കവിധം സ്ഥിരമായ ഒരു അടയാളം അവരുടെ മുഖത്ത്- മൂക്കത്ത്- അടയാളപ്പെടുത്തി അപമാനിക്കുകയും ചെയ്യുമെന്ന് അവസാനമായി (16 -ാം വചനത്തിൽ) താക്കീത് ചെയ്യുന്നു. 'ആ നീണ്ടമൂക്ക്' എന്ന അർത്ഥത്തിൽ പരിഹാസപൂർവ്വം പ്രയോഗിച്ചതത്രെ 'തുമ്പിക്കൈ (الخرطوم)' എന്ന വാക്ക്.

إِنَّا بَلَوْنَٰهُمْ كَمَا بَلَوْنَآ أَصْحَٰبَ ٱلْجَنَّةِ

﴾17﴿ നാം, (ആ) തോട്ടക്കാരെ പരീക്ഷണം നടത്തിയതുപോലെ, ഇവരെ (യും) നാം പരീക്ഷണം ചെയ്തിരിക്കയാണ്:

إِذْ أَقْسَمُوا لَيَصْرِمُنَّهَا مُصْبِحِينَ ﴿١٧﴾

അതായത്, പ്രഭാതവേളയിലായിരിക്കെ തങ്ങൾ നിശ്ചയമായും അത് [തോട്ടത്തിലെ ഫലങ്ങൾ] മുറിച്ചെടുക്കുന്നതാണെന്ന് അവർ സത്യം ചെയ്തു പറഞ്ഞ സന്ദർഭം.

وَلَا يَسْتَثْنُونَ ﴿١٨﴾

﴾18﴿ അവർ ഒഴിവാക്കിപ്പറഞ്ഞിരുന്നതുമില്ല.

﴾17﴿ إِنَّا بَلَوْنَاهُمْ നിശ്ചയമായും നാം അവരെ പരീക്ഷണം ചെയ്തിരിക്കയാണ് كَمَا بَلَوْنَا നാം പരീക്ഷണം ചെയ്തതുപോലെ أَصْحَابَ الْجَنَّةِ തോട്ടക്കാരെ إِذْ أَقْسَمُوا അവർ സത്യം ചെയ്ത സന്ദർഭം لَيَصْرِمُنَّهَا നിശ്ചയമായും അവർ അത് മുറിച്ചെടുക്കും (ഫലം പറിക്കും) എന്ന് مُصْبِحِينَ അവർ പ്രഭാതവേളയിലായിരിക്കെ ﴾18﴿ وَلَا يَسْتَثْنُونَ അവർ ഒഴിവാക്കി പറഞ്ഞതുമില്ല.

ഈ വചനങ്ങളിൽ ഉദാഹരിച്ചു പറഞ്ഞ തോട്ടക്കാർ ഏതാണെന്ന് തിട്ടപ്പെടുത്തിപ്പറയുവാൻ നമുക്ക് സാദ്ധ്യമല്ല. യമനിലുള്ള ഒരു തോട്ടക്കാരെപ്പറ്റിയാണെന്നും, അറബികൾക്ക് അവരെക്കുറിച്ച് കേട്ടറിവുണ്ടായിരുന്നുവെന്നും ചില വ്യാഖ്യാതാക്കൾ പ്രസ്താവിച്ചു കാണുന്നു. സംഭവത്തിന്റെ സാമാന്യരൂപം ഇപ്രകാരമാകുന്നു: സദ്വൃത്തനും, ഉദാരശീലനുമായിരുന്ന ഒരാളുടെതായിരുന്നു തോട്ടം, തോട്ടത്തിലെ ഫലങ്ങൾ പറിച്ചെടുക്കുമ്പോൾ അതിൽനിന്ന് ഒരംശം അദ്ദേഹം സാധുക്കൾക്ക് ദാനം കൊടുക്കുക പതിവായിരുന്നു. ഫലം പറിച്ചെടുക്കുന്ന അവസരത്തിൽ അതിനുവേണ്ടി പാവങ്ങളും ദരിദ്രൻമാരും ഒരുമിച്ചുകൂടുമായിരുന്നു. പിതാവിന്റെ മരണശേഷം അദ്ദേഹത്തിന്റെ മക്കൾ രംഗത്തുവന്നു. പിതാവിന്റെ നില തുടരുവാൻ അവർ ഇഷ്ടപ്പെട്ടില്ല. രാത്രി വെളുപ്പാൻ കാലത്ത് ആരും അറിയാത്ത ഫലം പറിച്ചെടുക്കുവാൻ അവർ ഗൂഢമായി തമ്മിൽ പറഞ്ഞുറച്ചു. അങ്ങനെ അവർ തോട്ടത്തിൽ ചെന്നുനോക്കുമ്പോൾ തോട്ടം അതാ ഒരത്യാഹിതം ബാധിച്ചു നിശ്ശേഷം നശിച്ചുപോയിരിക്കുന്നു; അവർ തീരാദുഃഖത്തിലും സങ്കടത്തിലുമായിത്തീർന്നു. ഇതാണ് ചുരുക്കം. സംഭവത്തിന്റെ രൂപവും, അതിലടങ്ങിയ പാഠവും ക്വുർആന്റെ വാക്യങ്ങളിൽനിന്നുതന്നെ സ്പഷ്ടമാണ്. എന്നിരിക്കെ, തോട്ടം എവിടെയായിരുന്നുവെന്നും മറ്റും അറിയുന്നതിൽ പ്രത്യേക പ്രയോജനമൊന്നും ഇല്ല.

ولا يستثنون (അവർ ഒഴിവാക്കിപ്പറഞ്ഞിരുന്നതുമില്ല) എന്ന വാക്യം രണ്ടു പ്രകാരത്തിൽ വ്യാഖ്യാനിക്കപ്പെടാറുണ്ട്.

(1) അതികാലത്ത് ആരും അറിയാതെ ഫലം പറിച്ചെടുക്കണമെന്ന് അവർ തമ്മിൽ പറഞ്ഞുറച്ചപ്പോൾ 'അല്ലാഹു ഉദ്ദേശിച്ചെങ്കിൽ (إن شاء الله)' എന്നോ മറ്റോ

അവർ പറയുകയുണ്ടായില്ല. തങ്ങളുടെ ഉദ്ദേശ്യം നടപ്പിൽ വരുത്തുവാൻ തങ്ങൾക്ക് തന്നെ കഴിയുമെന്ന് അവർ ധരിച്ചുകളഞ്ഞു. അഥവാ അല്ലാഹുവിനെക്കുറിച്ചുള്ള ബോധം അവർക്ക് ഉണ്ടായില്ല എന്ന് സാരം. വ്യാഖ്യാതാക്കളിൽ അധികപക്ഷവും ഈ വ്യാഖ്യാനമാണ് സ്വീകരിച്ചിരിക്കുന്നത്.

(2) സാധുജനങ്ങൾക്ക് അൽപഭാഗമെങ്കിലും ഒഴിവാക്കിക്കൊടുത്ത് ബാക്കി തങ്ങൾക്ക് എടുക്കാമെന്ന് നിശ്ചയിക്കാതെ മുഴുവൻ ഫലങ്ങളും തങ്ങൾതന്നെ എടുക്കുമെന്നായിരുന്നു അവരുടെ തീരുമാനം.

فَطَافَ عَلَيْهَا طَآئِفٌ مِّن رَّبِّكَ وَهُمْ نَآئِمُونَ ﴿١٩﴾

﴾19﴿ എന്നിട്ട്, അവർ ഉറങ്ങുന്നവരായിക്കൊണ്ടിരിക്കെ, നിന്റെ രക്ഷിതാവിങ്കൽ നിന്നുള്ള ഒരു (ശിക്ഷാ) ബാധ അതിന്റെ [തോട്ടത്തിന്റെ] മേൽ ബാധിച്ചു.

فَأَصْبَحَتْ كَالصَّرِيمِ ﴿٢٠﴾

﴾20﴿ അങ്ങനെ, പ്രഭാതവേളയിൽ അത് മുറിച്ചെടുക്കപ്പെട്ടതുപോലെ ആയിത്തീർന്നു.

﴾19﴿ فَطَافَ എന്നിട്ട് ചുറ്റി, വലയം ചെയ്തു, സഞ്ചരിച്ചു (ബാധിച്ചു) عَلَيْهَا അതിൻമേൽ, അതിന് طَآئِفٌ ഒരു ബാധ (ശിക്ഷാവലയം) مِّن رَّبِّكَ നിന്റെ റബ്ബിങ്കൽ നിന്ന് وَهُمْ അവർ ആയിരിക്കെ نَآئِمُونَ ഉറങ്ങുന്നവർ ﴾20﴿ فَأَصْبَحَتْ അങ്ങനെ അത് പ്രഭാതത്തിലായി كَالصَّرِيمِ മുറിച്ചെടുക്കപ്പെട്ടതുപോലെ, ഇരുളിയ രാത്രിപോലെ

രാത്രി അവരെല്ലാം ഉറങ്ങിക്കൊണ്ടിരിക്കുമ്പോൾ അല്ലാഹുവിങ്കൽനിന്നുള്ള ഒരു വമ്പിച്ച ആപത്ത് തോട്ടത്തിന് ബാധിച്ചു. അത് വമ്പിച്ച ചുഴലിക്കാറ്റായിരുന്നുവെന്നും, ഇടിത്തീയോ മറ്റോ ആയിരുന്നുവെന്നും പറയപ്പെടുന്നു. അല്ലാഹുവിനറിയാം. ഏതായിരുന്നാലും തോട്ടം മുഴുക്കെ നശിച്ചുപോയി. كالصريم എന്ന വാക്കിന് 'മുറിച്ചെടുക്കപ്പെട്ടതുപോലെ' എന്നും, ഇരുട്ടിയ രാത്രിപോലെ എന്നും അർത്ഥം പറയപ്പെട്ടിരിക്കുന്നു. ഫലങ്ങളെല്ലാം നശിച്ചുപോയി എന്ന് ഒന്നാമത്തേതിനും, തോട്ടം കത്തിക്കരിഞ്ഞ് കരിവർണമായി എന്ന് രണ്ടാമത്തേതിനും സാരമായിരിക്കുന്നതാണ്.

فَتَنَادَوْا مُصْبِحِينَ ﴿٢١﴾

﴿21﴾ എന്നാൽ, പ്രഭാതവേളയിൽ അവർ അന്യോന്യം വിളിച്ചു പറഞ്ഞു:-

أَنِ اغْدُوا عَلَىٰ حَرْثِكُمْ إِن كُنتُمْ صَارِمِينَ ﴿٢٢﴾

﴿22﴾'നിങ്ങൾ (ഫലങ്ങൾ) മുറിച്ചെടുക്കു (വാൻ ഉദ്ദേശിക്കു)ന്നവരാണെങ്കിൽ, നിങ്ങളുടെ കൃഷിസ്ഥലത്ത് നിങ്ങൾ കാലത്ത് വരുവിൻ' എന്ന്

فَانطَلَقُوا وَهُمْ يَتَخَافَتُونَ ﴿٢٣﴾

﴿23﴾അങ്ങനെ, അവർ പതുക്കെപ്പറഞ്ഞും കൊണ്ടുപോയി:-

أَن لَّا يَدْخُلَنَّهَا الْيَوْمَ عَلَيْكُم مِّسْكِينٌ ﴿٢٤﴾

﴿24﴾ 'നിശ്ചയമായും അതിൽ [തോട്ടത്തിൽ] ഒരു സാധുവും ഇന്ന് നിങ്ങളുടെ അടുക്കൽ പ്രവേശിക്കരുത്' എന്ന്.

وَغَدَوْا عَلَىٰ حَرْدٍ قَادِرِينَ ﴿٢٥﴾

﴿25﴾ (സാധുക്കളെ) മുടക്കം ചെയ്യാൻ കഴിയുന്നവരായും കൊണ്ട് അവർ കാലത്ത് വരുകയും ചെയ്തു.

فَلَمَّا رَأَوْهَا قَالُوا إِنَّا لَضَالُّونَ ﴿٢٦﴾

﴿26﴾ അങ്ങനെ, അത് [തോട്ടം] കണ്ടപ്പോൾ അവർ പറഞ്ഞു: 'നിശ്ചയമായും നാം, പിഴച്ചവരാകുന്നു!-

بَلْ نَحْنُ مَحْرُومُونَ ﴿٢٧﴾

﴿27﴾ '(അത്രയുമല്ല) പക്ഷേ, നാം വിലക്കപ്പെട്ടവരാണ് [സർവ്വം നഷ്ടപ്പെട്ടവരാണ്]!'

﴿21﴾ فَتَنَادَوْا എന്നാൽ (എന്നിട്ട്) അവർ അന്യോന്യം വിളിച്ചു (പറഞ്ഞു) مُصْبِحِينَ പ്രഭാതവേളയിലായും കൊണ്ട് ﴿22﴾ أَنِ اغْدُوا നിങ്ങൾ കാലത്ത് വരുവിൻ എന്ന് عَلَىٰ حَرْثِكُمْ നിങ്ങളുടെ വിളക്കൽ (കൃഷിസ്ഥലത്ത്) إِن كُنتُمْ നിങ്ങളാണെങ്കിൽ صَارِمِينَ മുറിച്ചെടുക്കുന്നവർ ﴿23﴾ فَانطَلَقُوا അങ്ങനെ അവർ പോയി وَهُمْ അവർ يَتَخَافَتُونَ ഒളിച്ചു (പതുക്കെ) പറഞ്ഞുകൊണ്ട് ﴿24﴾ أَن لَّا يَدْخُلَنَّهَا നിശ്ചയമായും അതിൽ കടക്കരുതെന്ന് الْيَوْمَ ഇന്ന് عَلَيْكُم നിങ്ങളിൽ, നിങ്ങളുടെ അടുക്കൽ مِّسْكِينٌ ഒരു സാധുവും, പാവപ്പെട്ടവൻ ﴿25﴾ وَغَدَوْا അവർ (കാലത്ത്) പോകു

കയും ചെയ്തു عَلَىٰ حَرْدٍ മുടക്കം ചെയ്യാൻ, ഉത്സാഹത്തോടെ, കോപത്തോടെ, ഊക്കോടെ قَٰدِرِينَ കഴിവുള്ളവരായിക്കൊണ്ട് ﴾26﴿ فَلَمَّا رَأَوْهَا എന്നിട്ട് അവരത് കണ്ടപ്പോൾ قَالُوٓاْ അവർ പറഞ്ഞു إِنَّا لَضَآلُّونَ നിശ്ചയമായും നാം വഴിപിഴച്ചവരാണ്, തെറ്റിപ്പോയവരാണ് ﴾27﴿ بَلْ نَحْنُ പക്ഷേ (അത്രയുമില്ല) നാം مَحْرُومُونَ വിലക്ക (മുടക്ക- തടയ- നഷ്ട)പ്പെട്ടവരാണ്, നിർഭാഗ്യരാണ്

പ്രഭാതമായപ്പോഴേക്കും പരസ്പരം വിളിച്ചും ക്ഷണിച്ചുംകൊണ്ട് അവർ പതുക്കെപ്പുറപ്പെട്ടു. ഇക്കുറി സാധുക്കൾക്ക് തോട്ടത്തിൽവന്ന് ധർമം വാങ്ങുവാനുള്ള അവസരം ഇല്ലാതാക്കാൻ കഴിയുമെന്ന വിചാരത്തോടെ അവർ ഉത്സാഹപൂർവം തോട്ടത്തിൽ വന്നെത്തി. നോക്കുമ്പോൾ തോട്ടം ആകെ നശിച്ചുപോയിരിക്കുന്നു! നമുക്ക് പിഴവു പറ്റിയിരിക്കുന്നു. സ്ഥലം മാറിപ്പോയിരിക്കുന്നു എന്നൊക്കെ ആദ്യം അവർക്കുതോന്നി. ഏറെത്താമസിയാതെ കാര്യം മനസ്സിലായി. അയ്യോ! നമുക്ക് സർവം നഷ്ടപ്പെട്ടുവല്ലോ! നാം ഭാഗ്യംകെട്ടവരായല്ലോ! നമ്മുടെ ദുർവിചാരം നമ്മെ അപകടത്തിലാക്കിയല്ലോ! എന്നിങ്ങനെ വിലപിക്കുവാൻ തുടങ്ങി.

25 -ാം വചനത്തിന് സാധുക്കളെ മുടക്കം ചെയ്യാൻ കഴിവുള്ളവരായും കൊണ്ട് -അഥവാ കഴിയുമെന്ന ഭാവത്തിൽ- അവർ പോയി എന്നും, ഉദ്ദേശ്യം നിവൃത്തിപ്പാൻ വേണ്ടുന്ന കഴിവോടുകൂടി വളരെ ഉത്സാഹപൂർവ്വം പോയി എന്നും മറ്റും അർത്ഥം കൽപിക്കപ്പെട്ടിട്ടുണ്ട്. എല്ലാം സാരത്തിൽ പരസ്പരം യോജിക്കുന്നതുതന്നെ. തോട്ടത്തിന്റെ സ്ഥിതി കണ്ടപ്പോൾ അവർ إنا لضالون (നാം വഴിപിഴച്ചവരാണ്) എന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യംനമുക്ക് വഴിപിഴച്ചു സ്ഥലം മാറിപ്പോയിരിക്കുന്നു എന്നും, സാധുക്കളെ തടയുവാൻ നാമെടുത്ത നടപടി തെറ്റായിപ്പോയി- അഥവാ അതിന്റെ അനന്തരഫലമാണിത് -എന്നും ആകാവുന്നതാണ്.والله اعلم

قَالَ أَوْسَطُهُمْ أَلَمْ أَقُل لَّكُمْ لَوْلَا تُسَبِّحُونَ ﴿٢٨﴾

﴾28﴿ അവരിൽ കൂടുതൽ മദ്ധ്യമനായ [ഉത്തമനായ] ആൾ പറഞ്ഞു: 'ഞാൻ നിങ്ങളോട് പറഞ്ഞില്ലേ, നിങ്ങൾ 'തസ്ബീഹ്' [സ്തോത്രകീർത്തനം] ചെയ്യാത്തതെന്താണ്' എന്ന്?!

قَالُواْ سُبْحَٰنَ رَبِّنَآ إِنَّا كُنَّا ظَٰلِمِينَ ﴿٢٩﴾

﴾29﴿ അവർ പറഞ്ഞു: 'നമ്മുടെ രക്ഷിതാവിന് സ്തോത്രകീർത്തനം [അവന്റെ പരിശുദ്ധിയെ ഞങ്ങളിതാ വാഴ്ത്തുന്നു]! നിശ്ചയമായും നാം അക്രമികളായിത്തീർന്നിരിക്കുന്നു!'

﴾28﴿ قَالَ പറഞ്ഞു أَوْسَطُهُمْ അവരിൽ മദ്ധ്യമൻ (ഉത്തമൻ, മിതമായവൻ) أَلَمْ أَقُلْ ഞാൻ പറഞ്ഞില്ലേ لَّكُمْ നിങ്ങളോട് لَوْلَا تُسَبِّحُونَ നിങ്ങൾ തസ്ബീഹ് ചെയ്യാത്തതെന്ത്, (ചെയ്തുകൂടേ) ﴾29﴿ قَالُوا അവർ പറഞ്ഞു سُبْحَانَ സ്തുതി കീർത്തനം വാഴ്ത്തുന്നു, പരിശുദ്ധമാക്കുന്നു رَبِّنَا നമ്മുടെ റബ്ബിന്, റബ്ബിനെ إِنَّا كُنَّا നിശ്ചയമായും നാം ആയിരിക്കുന്നു ظَالِمِينَ അക്രമികൾ

അവരുടെ കൂട്ടത്തിൽ കൂടുതൽ മിതത്വവും മര്യാദയും ഉള്ള ഒരാൾ, താൻ നേരത്തെ ഉപദേശിച്ചിരുന്ന ഉപദേശം അവർ ചെവിക്കൊള്ളാതിരുന്നതു കൊണ്ട് നേരിട്ട ഭവിഷ്യത്താണ് ഇതെന്ന് അവരെ ഓർമപ്പെടുത്തുകയാണ്. അല്ലാഹു നിങ്ങൾക്ക് തന്ന അനുഗ്രഹത്തിന് നിങ്ങൾ കൂറും നന്ദിയും കാണിക്കേണ്ടതാണ്, അവന്റെ മഹത്വം പ്രകീർത്തനം ചെയ്യേണ്ടതാണ്, അതിന് പകരം നിങ്ങൾ കൈകൊള്ളുവാൻ പോകുന്ന ഈ നിലപാട് നന്നല്ല എന്നൊക്കെ അദ്ദേഹം ഗുണദോഷിച്ചിരുന്നു. തങ്ങൾ ചെയ്തത് അക്രമം തന്നെയാണെന്ന് അവർക്ക് ഇപ്പോൾ ബോധ്യം വന്നു.

فَأَقْبَلَ بَعْضُهُمْ عَلَىٰ بَعْضٍ يَتَلَاوَمُونَ ﴿٣٠﴾

﴾30﴿ അങ്ങനെ, പരസ്പരം കുറ്റപ്പെടുത്തികൊണ്ട് അവരിൽ ചിലർ ചിലരുടെ നേരെ തിരിഞ്ഞു.

قَالُوا يَا وَيْلَنَا إِنَّا كُنَّا طَاغِينَ ﴿٣١﴾

﴾31﴿ അവർ പറഞ്ഞു: 'നമ്മുടെ കഷ്ടമേ! നിശ്ചയമായും നാം അതിരുകവിഞ്ഞവരായിരിക്കുന്നു!

عَسَىٰ رَبُّنَا أَن يُبْدِلَنَا خَيْرًا مِّنْهَا إِنَّا إِلَىٰ رَبِّنَا رَاغِبُونَ ﴿٣٢﴾

﴾32﴿'നമ്മുടെ റബ്ബ് നമുക്ക് ഇതിനെക്കാൾ ഉത്തമമായത് പകരം നൽകിയേക്കാവുന്നതാണ്, നിശ്ചയമായും നാം നമ്മുടെ റബ്ബിങ്കലേക്ക് ആഗ്രഹം [അപേക്ഷ] സമർപ്പിക്കുന്നവരാകുന്നു.'

كَذَٰلِكَ الْعَذَابُ ۖ وَلَعَذَابُ الْآخِرَةِ أَكْبَرُ ۚ لَوْ كَانُوا يَعْلَمُونَ ﴿٣٣﴾

﴾33﴿ അപ്രകാരമാണ് ശിക്ഷ! പരലോകശിക്ഷയാകട്ടെ, കൂടുതൽ വമ്പിച്ചതുംതന്നെ. അവർ അറിഞ്ഞിരുന്നുവെങ്കിൽ!

﴾30﴿ فَأَقْبَلَ അങ്ങനെ മുന്നിട്ടു, നേരിട്ടു (തിരിഞ്ഞു) بَعْضُهُمْ അവരിൽ ചിലർ عَلَىٰ بَعْضٍ ചിലരുടെമേൽ (നേരെ) يَتَلَاوَمُونَ അന്യോന്യം കുറ്റപ്പെടുത്തി (ആക്ഷേപിച്ചു)ക്കൊണ്ട് ﴾31﴿ قَالُوا അവർ പറഞ്ഞു يَا وَيْلَنَا നമ്മുടെ നാശമേ, കഷ്ടമേ إِنَّا كُنَّا നിശ്ചയമായും നാമായിരിക്കുന്നു طَاغِينَ അതിരുകവിഞ്ഞവർ, ധിക്കാരികൾ ﴾32﴿ عَسَىٰ رَبُّنَا ആയേക്കാം നമ്മുടെ റബ്ബ് أَنْ يُبْدِلَنَا നമുക്ക് പകരം തരുക خَيْرًا مِنْهَا അതിനെക്കാൾ നല്ലത്, ഉത്തമമായത് إِنَّا നിശ്ചയമായും നാം إِلَىٰ رَبِّنَا നമ്മുടെ റബ്ബിങ്കലേക്ക് رَاغِبُونَ ആഗ്രഹം സമർപ്പിക്കുന്ന (അപേക്ഷിക്കുന്നവരാണ്) ﴾33﴿ كَذَٰلِكَ അപ്രകാരമാണ് الْعَذَابُ ശിക്ഷ وَلَعَذَابُ الْآخِرَةِ പരലോകശിക്ഷയാകട്ടെ أَكْبَرُ ഏറ്റവും വലുത്, വമ്പിച്ചത് (തന്നെ) لَوْ كَانُوا അവരായിരുന്നുവെങ്കിൽ يَعْلَمُونَ അറിയും

ഇഹത്തിൽവെച്ച് അവർക്ക് അനുഭവപ്പെട്ട ദൈവിക ശിക്ഷയാണിത്. ധിക്കാരികൾക്ക് ഇഹത്തിൽവെച്ച് ലഭിച്ചേക്കുന്ന ശിക്ഷ ഇങ്ങനെയൊക്കെയാണ്. എന്നാൽ, അതിനെക്കാൾ എത്രയോ വമ്പിച്ചതായിരിക്കും പരലോകത്ത് വെച്ച് ലഭിക്കുന്ന ശിക്ഷ. ജനങ്ങൾ പരസ്പരം മനസ്സിലാക്കിയിരുന്നുവെങ്കിൽ എത്ര നന്നായേനേ! എന്നാൽ അവർ ഒരിക്കലും ദുഷ്ചെയ്തികൾക്ക് വശംവദരാകുമായിരുന്നില്ല. എന്ന് സാരം.

തോട്ടക്കാരുടെ സംഭവം വിവരിച്ചശേഷം, അവിശ്വാസികളുടെ ഒരു പിഴച്ച ധാരണക്ക് അല്ലാഹു അടുത്തവചനങ്ങളിൽ മറുപടി പറയുന്നു. ഞങ്ങളാണല്ലോ തോട്ടങ്ങൾ മുതലായ ധനസമ്പത്തുകൾ ധാരാളമുള്ളവർ; മുസ്ലിംകൾ ഞങ്ങളെക്കാൾ ഉത്തമൻമാരാണെങ്കിൽ അവർക്കല്ലേ കൂടുതൽ സുഖവും സമ്പത്തും ഉണ്ടായിരിക്കേണ്ടത്?! മരണാനന്തരം ഒരു ജീവിതമുണ്ടെങ്കിൽ, ഞങ്ങൾക്ക് അവിടെവെച്ചും ഇതുപോലെ ഇവരെക്കാൾ സുഖസൗകര്യങ്ങൾ ലഭിക്കാതിരിക്കുകയില്ല. എന്നൊക്കെ അവർ പറയാറുണ്ടായിരുന്നു. ഇക്കാലത്ത് ചില ആളുകൾ, തങ്ങൾക്ക് ലഭിക്കുന്ന ഐഹിക സുഖസൗകര്യങ്ങൾ തങ്ങളുടെ നന്മയുടെ ലക്ഷണമായി കരുതാറും സമർത്ഥിക്കാറും ഉണ്ട്. ഇവരും താഴെ കാണുന്ന വചനങ്ങൾ മനസ്സിരുത്തേണ്ടതാണ്.

വിഭാഗം- 2

إِنَّ لِلْمُتَّقِينَ عِندَ رَبِّهِمْ جَنَّاتِ النَّعِيمِ ﴿٣٤﴾

﴾34﴿ നിശ്ചയമായും ഭയഭക്തൻമാർക്ക് തങ്ങളുടെ രക്ഷിതാവിന്റെ അടുക്കൽ സുഖാനുഗ്രഹത്തിന്റെ തോപ്പുകൾ ഉണ്ടായിരിക്കും.

أَفَنَجْعَلُ ٱلْمُسْلِمِينَ كَٱلْمُجْرِمِينَ ﴿٣٥﴾

﴾35﴿ എന്നാൽ, 'മുസ്‌ലിം' കളെ നാം കുറ്റവാളികളെപ്പോലെ ആക്കുകയോ?!

مَا لَكُمْ كَيْفَ تَحْكُمُونَ ﴿٣٦﴾

﴾36﴿ നിങ്ങൾക്കെന്താണ്, എപ്രകാരമാണ് നിങ്ങൾ വിധി കൽപിക്കുന്നത്?!

أَمْ لَكُمْ كِتَٰبٌ فِيهِ تَدْرُسُونَ ﴿٣٧﴾

﴾37﴿ അഥവാ, നിങ്ങൾക്ക് വല്ല ഗ്രന്ഥവും ഉണ്ടോ, നിങ്ങളതിൽ (വായിച്ചു) പഠിച്ചുകൊണ്ടിരിക്കുമാറ്?-

إِنَّ لَكُمْ فِيهِ لَمَا تَخَيَّرُونَ ﴿٣٨﴾

﴾38﴿ നിങ്ങൾ (യഥേഷ്ടം) തിരഞ്ഞെടുക്കുന്നത് നിശ്ചയമായും അതിൽ [ആ ഗ്രന്ഥത്തിൽ] നിങ്ങൾക്കുണ്ടായിരിക്കുമെന്ന്!

﴾34﴿ إِنَّ لِلْمُتَّقِينَ നിശ്ചയമായും സൂക്ഷ്മതയുള്ളവർക്കു (ഭയഭക്തൻമാർക്കു)ണ്ട് عِندَ رَبِّهِمْ തങ്ങളുടെ റബ്ബിങ്കൽ جَنَّٰتِ ٱلنَّعِيمِ സുഖാനുഗ്രഹത്തിന്റെ തോപ്പുകൾ, സ്വർഗങ്ങൾ ﴾35﴿ أَفَنَجْعَلُ എന്നാൽ (അപ്പോൾ) നാം ആക്കുകയോ ٱلْمُسْلِمِينَ മുസ്‌ലിംകളെ كَٱلْمُجْرِمِينَ കുറ്റവാളികളെപ്പോലെ ﴾36﴿ مَا لَكُمْ നിങ്ങൾക്കെന്താണ്, എന്തുപറ്റി كَيْفَ എപ്രകാരമാണ് تَحْكُمُونَ നിങ്ങൾ വിധികൽപിക്കുന്നു ﴾37﴿ أَمْ لَكُمْ അഥവാ (അതല്ലാ) നിങ്ങൾക്കുണ്ടോ كِتَٰبٌ ഒരു ഗ്രന്ഥം, വല്ല വേദഗ്രന്ഥവും فِيهِ അതിൽ تَدْرُسُونَ നിങ്ങൾ പഠിച്ചു (വായിച്ചു) കൊണ്ടിരിക്കുന്നു ﴾38﴿ إِنَّ لَكُمْ നിശ്ചയമായും നിങ്ങൾക്കുണ്ട് (എന്ന്) فِيهِ അതിൽ, (അതുപ്രകാരം) لَمَا تَخَيَّرُونَ നിങ്ങൾ തിരഞ്ഞെടുക്കുന്ന (ഇഷ്ടപ്പെടുന്ന)ത്

നിങ്ങൾ നിങ്ങളുടെ ഈ നിലതന്നെ തുടർന്നാലും നിങ്ങൾ ഇഷ്ടപ്പെടുന്നതും, നിങ്ങൾ തിരഞ്ഞെടുക്കുന്നതുമായ പ്രതിഫലംതന്നെയാണ് നിങ്ങൾക്ക് ലഭിക്കുക എന്ന് വിധി കൽപിക്കുന്ന വല്ല വേദഗ്രന്ഥവും നിങ്ങൾക്ക് ലഭിച്ചിട്ടുണ്ടോ? അങ്ങനെ അത് വായിച്ചുകൊണ്ടാണോ നിങ്ങൾ ഇങ്ങനെയെല്ലാം വാദിക്കുന്നതും? എന്ന് സാരം.

أَمْ لَكُمْ أَيْمَٰنٌ عَلَيْنَا بَٰلِغَةٌ إِلَىٰ يَوْمِ ٱلْقِيَٰمَةِ إِنَّ لَكُمْ لَمَا تَحْكُمُونَ ﴿٣٩﴾

﴿39﴾ അഥവാ, കിയാമത്തു നാൾ വരേക്കും എത്തു(മാറ് ബലത്തിലിരിക്കു)ന്ന വല്ല സത്യപ്രതിജ്ഞകളും നമ്മുടെമേൽ (ഉത്തരവാദപ്പെട്ടതായി) നിങ്ങൾക്കുണ്ടോ? നിങ്ങൾ വിധികൽപിക്കുന്നത് നിശ്ചയമായും നിങ്ങൾക്കുണ്ടായിരിക്കുമെന്ന്!

سَلْهُمْ أَيُّهُم بِذَٰلِكَ زَعِيمٌ ﴿٤٠﴾

﴿40﴾ (നബിയേ) അവരോട് ചോദിക്കു: അവരിൽ ഏതൊരുവനാണ് അത് സംബന്ധിച്ച് ഏറ്റു പറയുന്നവൻ?!

أَمْ لَهُمْ شُرَكَآءُ فَلْيَأْتُوا۟ بِشُرَكَآئِهِمْ إِن كَانُوا۟ صَٰدِقِينَ ﴿٤١﴾

﴿41﴾ അഥവാ, അവർക്ക് വല്ല പങ്കുകാരും ആരാധ്യനും ഉണ്ടോ? എന്നാലവർ, തങ്ങളുടെ പങ്കുകാരെ കൊണ്ടുവരട്ടെ, അവർ സത്യവാൻമാരാണെങ്കിൽ!

﴿39﴾ أَمْ لَكُمْ അതല്ലാ (അഥവാ- അല്ലെങ്കിൽ) നിങ്ങൾക്കുണ്ടോ أَيْمَٰنٌ വല്ല സത്യങ്ങളും, പ്രതിജ്ഞകൾ عَلَيْنَا നമ്മുടെമേൽ ഉത്തരവാദപ്പെട്ട (ബാധ്യസ്ഥരായ) بَٰلِغَةٌ എത്തുന്നതായ إِلَىٰ يَوْمِ ٱلْقِيَٰمَةِ കിയാമത്തുനാൾ വരെ إِنَّ لَكُمْ നിശ്ചയമായും നിങ്ങൾക്കുണ്ടെന്ന് لَمَا تَحْكُمُونَ നിങ്ങൾ വിധിക്കുന്നത് (തന്നെ) ﴿40﴾ سَلْهُمْ അവരോട് ചോദിക്കുക أَيُّهُم അവരിൽ ഏതൊരുവനാണ് بِذَٰلِكَ അതിനെപ്പറ്റി زَعِيمٌ ഏറ്റ് പറയുന്നവൻ, ഉത്തരവാദം വഹിക്കുന്നവൻ ﴿41﴾ أَمْ لَهُمْ അതല്ലാ (അഥവാ) അവർക്കുണ്ടോ شُرَكَآءُ വല്ല പങ്കുകാരും فَلْيَأْتُوا۟ എന്നാലവർ വരട്ടെ بِشُرَكَآئِهِمْ അവരുടെ പങ്കുകാരെകൊണ്ട്, പങ്കുകാരുമായി إِن كَانُوا۟ അവരാണെങ്കിൽ صَٰدِقِينَ സത്യവാൻമാർ

കാര്യങ്ങളുടെ അന്തിമതീരുമാനത്തിന്റെ ദിവസം കിയാമത്ത് നാളാണല്ലോ. അവരുടെ ഹിതവും ഇഛയും അനുസരിച്ചായിരിക്കും അവർക്ക് പ്രതിഫലം നൽകപ്പെടുക എന്നുള്ളതിന് അതുവരേക്കും ബലത്തിലിരിക്കുന്ന വല്ല ഉറപ്പും അല്ലാഹു അവർക്ക് നൽകിയിട്ടുള്ളതായി വല്ലവരും വാദിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ അവർ അതൊന്ന് തെളിയിക്കട്ടെ അതല്ലെങ്കിൽ അവരുടെ ഉദ്ദേശ്യങ്ങൾ സാധിപ്പിച്ചുകൊടുക്കത്തക്ക അധികാരാവകാശങ്ങളോടുകൂടിയ വല്ല പങ്കുകാരും-

അഥവാ അല്ലാഹുവിന്റെ പങ്കാളികളായി അവർ ഗണിച്ചുവരുന്ന വല്ല ആരാധ്യവസ്തുക്കളും- അവർക്കുണ്ടോ? ഉണ്ടെങ്കിൽ അതും ഒന്ന് കാണട്ടെ! എന്ന് താൽപര്യം.

يَوْمَ يُكْشَفُ عَن سَاقٍ وَيُدْعَوْنَ إِلَى ٱلسُّجُودِ فَلَا يَسْتَطِيعُونَ ﴿٤٢﴾

﴾42﴿ കണങ്കാൽ വെളിവാക്കപ്പെടുന്ന [കാര്യം ഗൗരവത്തിലെത്തുന്ന] ദിവസം (ഓർക്കുക)! 'സുജൂദ്' ചെയ്യാൻ അവർ ക്ഷണിക്കപ്പെടും. അപ്പോൾ അവർക്ക് (അതിന്) സാധ്യമാകുന്നതുമല്ല.

خَٰشِعَةً أَبْصَٰرُهُمْ تَرْهَقُهُمْ ذِلَّةٌ وَقَدْ كَانُوا۟ يُدْعَوْنَ إِلَى ٱلسُّجُودِ وَهُمْ سَٰلِمُونَ ﴿٤٣﴾

﴾43﴿ തങ്ങളുടെ കണ്ണുകൾ (താഴ്ത്തി) വിനയപ്പെട്ടവരായ നിലയിൽ നിന്ദ്യത അവരെ ആവരണം ചെയ്യുന്നതാണ്. അവർ സുരക്ഷിതമായിരിക്കുമ്പോൾ 'സുജൂദ്' ചെയ്യാൻ അവർ ക്ഷണിക്കപ്പെടാറുണ്ടായിരുന്നു. [അന്ന് അവരത് ചെയ്തിരുന്നില്ല.]

﴾42﴿ يَوْمَ يُكْشَفُ തുറക്ക (വെളിവാക്ക- നഗ്നമാക്ക)പ്പെടുന്ന ദിവസം عَن سَاقٍ കണങ്കാലിൽനിന്ന് وَيُدْعَوْنَ അവർ ക്ഷണിക്കപ്പെടുകയും ചെയ്യും إِلَى ٱلسُّجُودِ സുജൂദിലേക്ക് (സുജൂദ് ചെയ്യാൻ) فَلَا يَسْتَطِيعُونَ അപ്പോൾ അവർക്ക് സാധിക്കുകയില്ല ﴾43﴿ خَٰشِعَةً താഴ്മകാണിച്ചു (ഭക്തികാട്ടി)കൊണ്ട് أَبْصَٰرُهُمْ അവരുടെ ദൃഷ്ടികൾ, കണ്ണുകൾ تَرْهَقُهُمْ അവരെ മൂടും, ആവരണം ചെയ്യും, ബാധിക്കും ذِلَّةٌ നിന്ദ്യത, ഹീനത, അപമാനം وَقَدْ كَانُوا۟ അവർ ആയിരുന്നിട്ടുണ്ട് يُدْعَوْنَ അവർ ക്ഷണിക്കപ്പെടുക إِلَى ٱلسُّجُودِ സുജൂദ് ചെയ്യാൻ وَهُمْ അവർ ആയിരിക്കെ سَٰلِمُونَ സുരക്ഷിതർ, രക്ഷപ്പെട്ടവർ

'മുഴങ്കാലിൽനിന്ന് വസ്ത്രംപൊക്കി നഗ്നമാക്കപ്പെടുക' എന്നത്രെ يكشف عن ساق എന്ന വാക്കിന്റെ സാക്ഷാൽ അർത്ഥം. കാര്യം വളരെ ഗൗരവപ്പെട്ട അവസ്ഥയിലെത്തുക എന്ന ഉദ്ദേശ്യത്തിൽ ആ വാക്ക് ഉപയോഗിക്കപ്പെടുന്നു: വലിയ ആപത്ത് നേരിടുമ്പോൾ വസ്ത്രം പൊക്കിപ്പിടിച്ച് ഓടിപ്പോകുക പതിവാണല്ലോ; ഇതിൽനിന്നാണ് ഈ അലങ്കാരപ്രയോഗം ജന്മമെടുത്തിരിക്കുന്നത്. ക്വിയാമത്ത്നാളിലെ അതിഗൗരവഘട്ടമാണ് ഇവിടെ ഉദ്ദേശ്യം. ലോകരക്ഷിതാവായ അല്ലാഹു സൃഷ്ടികളെ വിചാരണക്കെടുക്കുന്ന അവസരത്തിൽ അവിശ്വാസികൾ അങ്ങേഅറ്റം നിന്ദ്യരും ഹീനരുമായിക്കൊണ്ട് ലജ്ജിച്ചു തലതാഴ്ത്തി കീഴ്പ്പോട്ട്

നോക്കിക്കൊണ്ടിരിക്കും. (സൂ: ശൂറാ 45-ാം വചനം നോക്കുക.) ഈ അവസരത്തിൽ അവരോട് അല്ലാഹുവിന്റെ മുമ്പിൽ സുജൂദ് (സാഷ്ടാംഗ നമസ്ക്കാരം) ചെയ്യാൻ ആവശ്യപ്പെടുമെന്നും, അവർക്ക് അതിന് സാധിക്കുന്നതല്ലെന്നും അല്ലാഹു പ്രസ്താവിക്കുന്നു. ഇഹത്തിൽവെച്ച് അല്ലാഹുവിന് സുജൂദ് ചെയ്യാൻ അവരെ പ്രവാചകൻമാർ മുഖേന ക്ഷണിച്ചിരുന്നുവല്ലോ. അപ്പോൾ അവർ അതിന് വിസമ്മതിക്കുകയാണ് ചെയ്തത്. എന്നാൽ, ഇപ്പോൾ അവർ അതിന് പരിപൂർണമായും തയ്യാറാണ്. പക്ഷേ, അവർക്കതിന് സാധ്യമാകുകയില്ല. അവരോട് ഈ അവസരത്തിൽ സുജൂദ് ചെയ്യാൻ ആവശ്യപ്പെടുന്നതിന്റെ ഉദ്ദേശ്യം, വളരെ വഷളാക്കലും നിന്ദിക്കലുമാണെന്ന് വ്യക്തമാണല്ലോ.

'കാര്യം ഗൗരവത്തിങ്കലെത്തുന്ന അവസരത്തിൽ സത്യവിശ്വാസികളായ ഓരോ പുരുഷനും സ്ത്രീയും അല്ലാഹുവിന് സുജൂദ് ചെയ്യും. ഇഹത്തിൽവെച്ച് കീർത്തിക്കും പ്രശസ്തിക്കുംവേണ്ടി സുജൂദ് ചെയ്തുവന്നിരുന്നവർ ബാക്കിയാകും. ഈ അവസരത്തിൽ അവരും സുജൂദ് ചെയ്യാൻ ശ്രമിക്കും. എന്നാൽ അവരുടെ മുതുക് (വളയാതെ) ഒരേ നട്ടെല്ലായിത്തീരുന്നതാണ്.' എന്ന് ബുഖാരിയും മുസ്ലിമും (റ) ഉദ്ധരിക്കുന്ന ഒരു നബി വചനത്തിൽ വന്നിട്ടുണ്ട്. അവിശ്വാസികളുടെ സ്ഥിതിഗതികൾ പലതും വിവരിച്ചശേഷം അല്ലാഹു നബിﷺയോട് പറയുന്നു:-

فَذَرْنِي وَمَن يُكَذِّبُ بِهَٰذَا الْحَدِيثِ ۖ سَنَسْتَدْرِجُهُم مِّنْ حَيْثُ لَا يَعْلَمُونَ ﴿٤٤﴾

﴾44﴿ ആകയാൽ, എന്നെയും, ഈ വർത്തമാനത്തെ [ക്വുർആനെ] വ്യാജമാക്കുന്നവരെയും വിട്ടേക്കുക. നാം അവരെ അറിയാത്തവിധത്തിലൂടെ പടിപടിയായി ക്കൊണ്ടുവന്ന് (ശിക്ഷിച്ചു) കൊള്ളാം.

وَأُمْلِي لَهُمْ ۚ إِنَّ كَيْدِي مَتِينٌ ﴿٤٥﴾

﴾45﴿ ഞാൻ അവർക്ക് അയച്ചിട്ടുകൊടുക്കുന്നതുമാണ്. നിശ്ചയമായും, എന്റെ തന്ത്രം ബലവത്തായതത്രെ,

---

﴾44﴿ فَذَرْنِي ആകയാൽ എന്നെ വിട്ടേക്കുക وَمَن يُكَذِّبُ വ്യാജമാക്കുന്നവരെയും بِهَٰذَا الْحَدِيثِ ഈ വർത്തമാനത്തെ, വിഷയത്തെ سَنَسْتَدْرِجُهُم നാം അവരെ (വഴിയെ) പടിപടിയായി (ക്രമേണ) കൊണ്ടുവരും مِّنْ حَيْثُ വിധത്തിൽ لَا يَعْلَمُونَ അവർ അറിയാത്ത ﴾45﴿ وَأُمْلِي لَهُمْ അവർക്ക് നാം അയച്ചിട്ടു (നീട്ടി) കൊടുക്കുകയും ചെയ്യും (ചെയ്യുന്നു) إِنَّ كَيْدِي നിശ്ചയമായും എന്റെ തന്ത്രം, ഉപായം مَتِينٌ ബലവത്താണ്, ശക്തമാണ്

ആ സത്യനിഷേധികളെയെല്ലാം അല്ലാഹു ക്രമേണ ഒതുക്കുകയും, ശിക്ഷയിലേക്ക് നയിക്കുകയും ചെയ്യും. തൽക്കാലം അവരെ അവരുടെ ഇഷ്ടത്തിന് വിട്ടിരിക്കുന്നത് ഒരു തന്ത്രം മാത്രമാണ്. ആ തന്ത്രത്തിൽ അകപ്പെടാതെ രക്ഷപ്പെടുവാൻ അവർക്ക് യാതൊരു ഗത്യന്തരവുമില്ല. അതുകൊണ്ട് അവരെപ്പറ്റി പരിഭ്രമമോ മനോവേദനയോ ഉണ്ടാകേണ്ടതില്ല എന്ന് സാരം. നബിﷺ ഇപ്രകാരം അരുളിച്ചെയ്തിരിക്കുന്നു: 'അക്രമിക്ക് അല്ലാഹു അയച്ചിട്ടു കൊടുക്കും. അങ്ങനെ അവൻ അവനെ പിടികൂടുമ്പോൾ അവനിൽനിന്ന് കുതറി രക്ഷപ്പെടുവാൻ അവന് കഴിയുകയില്ല.' (ബു; മു.)

أَمْ تَسْـَٔلُهُمْ أَجْرًا فَهُم مِّن مَّغْرَمٍ مُّثْقَلُونَ ﴿٤٦﴾

《46》 അതല്ല, (ഒരുപക്ഷേ) നീ അവരോട് വല്ല പ്രതിഫലവും ചോദിച്ചിട്ട് അവർ കടബാധ്യത നിമിത്തം ഭാരപ്പെട്ടവരാകുന്നുവോ?!

أَمْ عِندَهُمُ ٱلْغَيْبُ فَهُمْ يَكْتُبُونَ ﴿٤٧﴾

《47》 അതല്ല, അദൃശ്യജ്ഞാനം അവരുടെ പക്കൽ ഉണ്ടായിട്ട് അവർ എഴുതുകയാണോ?!

《46》 أَم അതല്ല, പക്ഷേ, അഥവാ تَسْـَٔلُهُمْ നീ അവരോട് ചോദിക്കുന്നു (വോ) أَجْرًا വല്ല പ്രതിഫലവും فَهُم എന്നിട്ട് അവർ مِّن مَّغْرَمٍ കടബാദ്ധ്യതയാൽ مُّثْقَلُونَ ഭാരപ്പെട്ടവരാണ് 《47》 أَم അതല്ല عِندَهُم അവരുടെ പക്കലുണ്ട് (ണ്ടോ) ٱلْغَيْبُ അദൃശ്യജ്ഞാനം فَهُم എന്നിട്ടവർ يَكْتُبُونَ എഴുതുന്നു (വോ)

ഇതും, ഇതുപോലെയുള്ളതുമായ പല ചോദ്യങ്ങളും സൂറത്തു ത്വൂറിൽ കഴിഞ്ഞുപോയിട്ടുണ്ട്. അവയും അവയുടെ വിവരണവും ഓർക്കുക. നബിﷺ അവരോട് യാതൊരു പ്രതിഫലവും ചോദിക്കുന്നില്ലെന്നും, അവരുടെ പക്കൽ അദൃശ്യജ്ഞാനമൊന്നുമില്ലെന്നും വ്യക്തമാണല്ലോ.

فَٱصْبِرْ لِحُكْمِ رَبِّكَ وَلَا تَكُن كَصَاحِبِ ٱلْحُوتِ إِذْ نَادَىٰ وَهُوَ مَكْظُومٌ ﴿٤٨﴾

《48》 അതുകൊണ്ട് (നബിയേ) നീ നിന്റെ റബ്ബിന്റെ വിധിക്ക് ക്ഷമിച്ചുകൊള്ളുക. നീ (ആ) മത്സ്യത്തിന്റെ ആളെപ്പോലെ ആയിരിക്കരുത്; അതായത്, അദ്ദേഹം വ്യസനം (അഥവാ കോപം) നിറഞ്ഞവനായ നിലയിൽ വിളി(ച്ചു പ്രാർത്ഥി)ച്ച സന്ദർഭം.

لَوْلَآ أَن تَدَٰرَكَهُۥ نِعْمَةٌ مِّن رَّبِّهِۦ لَنُبِذَ بِٱلْعَرَآءِ وَهُوَ مَذْمُومٌ ﴿٤٩﴾

﴿49﴾ തന്റെ രക്ഷിതാവിങ്കൽനിന്നുള്ള ഒരു (മഹത്തായ) അനുഗ്രഹം അദ്ദേഹത്തെ വീണ്ടെടുക്കുകയുണ്ടായിട്ടില്ലായിരുന്നുവെങ്കിൽ, അദ്ദേഹം (ആ) പാഴ്ഭൂമിയിൽ ആക്ഷേപിക്കപ്പെട്ടവനായുംകൊണ്ട് പുറംതള്ളപ്പെടുമായിരുന്നു!

فَٱجْتَبَىٰهُ رَبُّهُۥ فَجَعَلَهُۥ مِنَ ٱلصَّٰلِحِينَ ﴿٥٠﴾

﴿50﴾ എന്നാൽ അദ്ദേഹത്തിന്റെ രക്ഷിതാവ് അദ്ദേഹത്തെ (നല്ലവനാക്കി) തിരഞ്ഞെടുത്തു; എന്നിട്ട് അദ്ദേഹത്തെ സദ്‌വൃത്തൻമാരുടെ കൂട്ടത്തിൽ ആക്കുകയും ചെയ്തു.

﴿48﴾ فَٱصْبِرْ ആകയാൽ നീ ക്ഷമിക്കുക لِحُكْمِ رَبِّكَ നിന്റെ റബ്ബിന്റെ വിധിക്ക് وَلَا تَكُن നീ ആകുകയും അരുത് كَصَاحِبِ ٱلْحُوتِ മത്സ്യത്തിന്റെ ആളെപ്പോലെ إِذْ نَادَىٰ അദ്ദേഹം വിളിച്ചപ്പോൾ وَهُوَ അദ്ദേഹം ആയിക്കൊണ്ട് مَكْظُومٌ (കോപം- വ്യസനം) നിറഞ്ഞവൻ ﴿49﴾ لَّوْلَآ ഇല്ലായിരുന്നുവെങ്കിൽ أَن تَدَٰرَكَهُۥ അദ്ദേഹത്തെ വീണ്ടെടുക്കുക نِعْمَةٌ ഒരു അനുഗ്രഹം مِّن رَّبِّهِۦ തന്റെ റബ്ബിങ്കൽനിന്ന് لَنُبِذَ അദ്ദേഹം ഇടപ്പെടുമായിരുന്നു (പുറംതള്ളപ്പെടുമായിരുന്നു) بِٱلْعَرَآءِ പാഴ്ഭൂമിയിൽ, ഒഴിഞ്ഞ സ്ഥലത്ത് وَهُوَ അദ്ദേഹം ആയിക്കൊണ്ട് مَذْمُومٌ ആക്ഷേപിക്കപ്പെട്ടവൻ ﴿50﴾ فَٱجْتَبَىٰهُ എന്നാൽ (എന്നിട്ട്) അദ്ദേഹത്തെ തിരഞ്ഞെടുത്തു (നന്നാക്കി എടുത്തു) رَبُّهُۥ തന്റെ റബ്ബ് فَجَعَلَهُۥ എന്നിട്ട് അദ്ദേഹത്തെ ആക്കുകയും ചെയ്തു مِنَ ٱلصَّٰلِحِينَ സദ്‌വൃത്തരിൽ, സജ്ജനങ്ങളിൽ

അക്രമികളായ ശത്രുക്കളെ അല്ലാഹു തൽക്കാലം അയച്ചിട്ടിരിക്കുകയാണ്; അവരുടെ പേരിൽ വഴിയെ ശക്തിമത്തായ നടപടി അവൻ എടുക്കുന്നതാണ്; അതുവരെ ക്ഷമിച്ചിരിക്കണം എന്ന് നബിﷺയോട് ഉപദേശിക്കുന്നതോടൊപ്പം, ഈ വിഷയത്തിൽ യൂനുസ് നബി (അ) ചെയ്തതുപോലെ ചെയ്യരുതെന്നുകൂടി തിരുമേനിയെ അല്ലാഹു ഉപദേശിക്കുന്നു. അദ്ദേഹത്തിന്റെ ജനത അവിശ്വാസത്തിലും അനുസരണക്കേടിലും ശഠിച്ചുനിന്നപ്പോൾ അദ്ദേഹത്തിന്റെ വ്യസനവും കോപവും സഹിക്കവയ്യാതെ അദ്ദേഹം സ്ഥലംവിട്ടുപോകുകയും, കപ്പൽയാത്രയിൽവെച്ച് ഒരു വമ്പിച്ച മത്സ്യം അദ്ദേഹത്തെ വിഴുങ്ങുകയും ഉണ്ടായി. മത്സ്യത്തിന്റെ വയറ്റിൽവെച്ച് അദ്ദേഹം ഖേദിച്ചു മടങ്ങുകയും അല്ലാഹുവിനോട് പ്രാർത്ഥിക്കുകയും ചെയ്തു. അനന്തരം, മത്സ്യം അദ്ദേഹത്തെ സമുദ്രതീരത്തുള്ള ഒരൊഴിഞ്ഞ സ്ഥലത്ത് പുറംതള്ളി. അദ്ദേഹം അങ്ങേഅറ്റം അവശനായിട്ടുണ്ടെന്ന് പറയേണ്ടതില്ലല്ലോ. അവിടെ അദ്ദേഹത്തിന്റെ ആരോഗ്യം വീണ്ടുകിട്ടുമാറുള്ള

സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുത്ത് അല്ലാഹു അദ്ദേഹത്തെ രക്ഷിച്ചു. വീണ്ടും ജനങ്ങളിൽ ചെന്നു ദിവ്യദൗത്യപ്രബോധനം തുടരുവാൻ അല്ലാഹു അദ്ദേഹത്തെ നിയോഗിക്കുകയും ചെയ്തു. ഇങ്ങനെ, ജനങ്ങളുടെ നിഷേധത്തിൽ അക്ഷമയും നിരാശയും ഉണ്ടാകരുതെന്ന് നബിﷺയെ ഉപദേശിക്കുകയാണ്. യൂനുസ് (അ)ന്റെ ഈ സംഭവത്തെപ്പറ്റി സൂ: അൻബിയാഉ് 87 - 88 ൽ നാം വിവരിച്ചിരിക്കുന്നു. ഇവിടെ കൂടുതൽ വിവരിക്കുന്നില്ല.

وَإِن يَكَادُ ٱلَّذِينَ كَفَرُوا۟ لَيُزْلِقُونَكَ بِأَبْصَٰرِهِمْ لَمَّا سَمِعُوا۟ ٱلذِّكْرَ وَيَقُولُونَ إِنَّهُۥ لَمَجْنُونٌ ﴿٥١﴾ وَمَا هُوَ إِلَّا ذِكْرٌ لِّلْعَٰلَمِينَ ﴿٥٢﴾

《51》 അവിശ്വസിച്ചവർ, ഉൽബോധനം [ക്വുർആൻ] കേൾക്കുന്ന അവസരത്തിൽ അവരുടെ ദൃഷ്ടികൾ (പതിപ്പിച്ചു)കൊണ്ട് നിന്നെ അവർ വഴുക്കി വീഴുമാറാക്കുകതന്നെ ചെയ്യുന്നു. അവർ പറയുകയും ചെയ്യുന്നു; 'നിശ്ചയമായും ഇവൻ ഒരു ഭ്രാന്തൻതന്നെ' എന്ന്.

《52》 ഇതാകട്ടെ, ലോകർ ക്ക് (പൊതുവായു)ള്ള ഒരു ഉൽബോധനമല്ലാതെ (മറ്റൊന്നും) അല്ലതാനും.

《51》 وَإِن يَكَادُ നിശ്ചയമായും ആകാറാകുന്നു ٱلَّذِينَ كَفَرُوا۟ അവിശ്വസിച്ചവർ لَيُزْلِقُونَكَ നിന്നെ വഴുക്കിവീഴ്ത്തുക (തന്നെ) بِأَبْصَٰرِهِمْ അവരുടെ ദൃഷ്ടികൾകൊണ്ട് لَمَّا سَمِعُوا۟ അവർ കേൾക്കുന്ന അവസരം ٱلذِّكْرَ ഉൽബോധനം, പ്രമാണം, പ്രബോധനം, സ്മരണ وَيَقُولُونَ അവർ പറയുകയും ചെയ്യും إِنَّهُۥ നിശ്ചയമായും അവൻ لَمَجْنُونٌ ഭ്രാന്തൻ തന്നെ 《52》 وَمَا هُوَ അതല്ലതാനും إِلَّا ذِكْرٌ ഒരു ഉൽബോധനമല്ലാതെ لِّلْعَٰلَمِينَ ലോകർക്ക്, ലോകർക്കുവേണ്ടിയുള്ള

ക്വുർആൻ കേൾക്കുമ്പോൾ അവിശ്വാസികളിലുണ്ടാകുന്ന വെറുപ്പിന്റെയും പ്രതിഷേധത്തിന്റെയും കാഠിന്യമാണ് അല്ലാഹു ഈ വചനത്തിൽ എടുത്തുകാട്ടുന്നത്. കഠിനകോപത്തോടുകൂടി അവർ തിരുമേനിയുടെ നേരെ നോക്കുന്ന നോട്ടം കണ്ടാൽ, അതിന്റെ ഗൗരവം നിമിത്തം തിരുമേനി സ്തംഭിച്ചു കാൽവഴുതി അടിതെറ്റി വീണുപോയേക്കും. അഥവാ അത്രയും കടുത്തതായിരിക്കും അത്. ന്യായംകൊണ്ടും, തെളിവുകൊണ്ടും മറക്കുവാൻ കഴിയാത്ത അവർ നബിﷺയെ ഭ്രാന്തനെന്ന് പറഞ്ഞ് തൃപ്തി അടയുകയും ചെയ്യും. അവർ സ്വീകരിക്കുന്നില്ലെന്നുവെച്ച് ക്വുർആന്റെ പ്രബോധനം നിറുത്തിവെക്കേണ്ടതില്ല, നിറുത്തിവെക്കുവാൻ നിവൃത്തിയില്ല. കാരണം അത് അവരെമാത്രം ഉദ്ദേശിച്ചുള്ളതല്ല. ലോകരെയെല്ലാം പൊതുവിൽ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.

اللهم لك الحمد ولك المنة والفضل

سورة الحاقة

69. സൂറത്തുൽ ഹാക്കഃ

മക്കഃയിൽ അവതരിച്ചത് - വചനങ്ങൾ 52 - വിഭാഗം (റുകൂഉ്) 2

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ

പരമകാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

ٱلْحَاقَّةُ ﴿١﴾

﴾1﴿ (ആ) യഥാർത്ഥ സംഭവം!

مَا ٱلْحَاقَّةُ ﴿٢﴾

﴾2﴿ യഥാർത്ഥ സംഭവമെന്നാലെന്താണ്?!

وَمَآ أَدْرَىٰكَ مَا ٱلْحَاقَّةُ ﴿٣﴾

﴾3﴿ യഥാർത്ഥ സംഭവമെന്താണെന്ന് നിനക്ക് എന്തറിയാം?!

﴾1﴿ ٱلْحَاقَّةُ യഥാർത്ഥ സംഭവം ﴾2﴿ مَا ٱلْحَاقَّةُ എന്താണ് യഥാർത്ഥ സംഭവം ﴾3﴿ وَمَآ أَدْرَىٰكَ നിനക്ക് അറിവ് നൽകിയതെന്ത് (എന്തറിയാം) مَا ٱلْحَاقَّةُ യഥാർത്ഥ സംഭവം എന്താണെന്ന്

ക്വിയാമത്ത്നാളാണ് الحاقة (യഥാർത്ഥ സംഭവം) കൊണ്ട് വിവക്ഷ. യഥാർത്ഥമായി സംഭവിക്കുന്നതും, വിചാരണ, പ്രതിഫലം മുതലായ കാര്യങ്ങൾ യാഥാർത്ഥ്യങ്ങളായിത്തീരുന്നതുമായ ദിവസമാണല്ലോ ക്വിയാമത്ത്നാൾ. അതിന്റെ ഗൗരവത്തെയും പ്രാധാന്യത്തെയും കുറിക്കുന്ന വേറെയും പല പേരുകളിൽ ക്വുർആൻ അതിനെ വിശേഷിപ്പിച്ചുകാണാം. അവയിൽ ഒന്നുതന്നെയാണ് അടുത്ത 4 -ാം വചനത്തിലും കാണുന്നത്. ഈ പ്രാരംഭ വചനങ്ങളിൽ ആ മഹാദിനത്തിലേക്ക് ശ്രദ്ധ ക്ഷണിച്ചശേഷം, 12 വരെയുള്ള വചനങ്ങളിൽ അതിനെ നിഷേധിച്ചിരുന്ന ചില സമുദായങ്ങൾക്ക് നേരിട്ട ദൈവിക ശിക്ഷകളെ ചൂണ്ടിക്കാട്ടുന്നു. പിന്നീട് 13 മുതൽ 37 വരെ വചനങ്ങളിൽ ആ ദിനത്തിലുണ്ടാകുന്ന ചില സംഭവവികാസങ്ങളെക്കുറിച്ച് പ്രസ്താവിക്കുന്നു. അനന്തരം ക്വുർആന്റെയും, നബിﷺയുടെയും സത്യതയെക്കുറിച്ച് പ്രസ്താവിക്കുന്നു.

അല്ലാഹുവിലുള്ള വിശ്വാസവും, അന്ത്യനാളിലുള്ള വിശ്വാസവുമാണ് സത്യവിശ്വാസത്തിന്റെയും സൽക്കർമങ്ങളുടെയും ഏറ്റവും കാതലായ വശങ്ങൾ. അറബികൾ പൊതുവിൽ പറഞ്ഞാൽ അല്ലാഹുവിൽ വിശ്വസിച്ചിരുന്നുവെങ്കിലും ശിർക്കുപരമായ അന്ധവിശ്വാസങ്ങൾ കലർന്നതായിരുന്നു ആ വിശ്വാസം. പരലോകത്തിലും പുനരുത്ഥാനത്തിലും അവർ വിശ്വസിച്ചിരുന്നതുമില്ല. അതുകൊണ്ടാണ് മക്കീസൂറത്തുകളിൽ പ്രധാനമായും ഏകദൈവ വിശ്വാസത്തെക്കുറിച്ചും, മരണാനന്തരകാര്യങ്ങളെക്കുറിച്ചും പ്രതിപാദിച്ചു കാണുന്നത്.

كَذَّبَتْ ثَمُودُ وَعَادٌۢ بِٱلْقَارِعَةِ ﴿٤﴾

﴾4﴿ ഥമൂദ്ഗോത്രവും, ആദ്ഗോത്രവും (ആ ഞെട്ടിക്കുന്ന) ഭയങ്കര സംഭവത്തെ വ്യാജമാക്കി.

فَأَمَّا ثَمُودُ فَأُهْلِكُوا۟ بِٱلطَّاغِيَةِ ﴿٥﴾

﴾5﴿ എന്നാൽ, ഥമൂദ് ഗോത്രമാകട്ടെ, (ആ) അതിരുകവിഞ്ഞ സംഭവം കൊണ്ട് നശിപ്പിക്കപ്പെട്ടു.

وَأَمَّا عَادٌ فَأُهْلِكُوا۟ بِرِيحٍ صَرْصَرٍ عَاتِيَةٍ ﴿٦﴾

﴾6﴿ ആദ്ഗോത്രമോ ഊക്കേറിയ ('ശരശരെ'യുള്ള) ഉഗ്രമായ ഒരു കാറ്റുകൊണ്ടും നശിപ്പിക്കപ്പെട്ടു.

سَخَّرَهَا عَلَيْهِمْ سَبْعَ لَيَالٍ وَثَمَٰنِيَةَ أَيَّامٍ حُسُومًا فَتَرَى ٱلْقَوْمَ فِيهَا صَرْعَىٰ كَأَنَّهُمْ أَعْجَازُ نَخْلٍ خَاوِيَةٍ ﴿٧﴾

﴾7﴿ ഏഴ് രാത്രിയും, എട്ടു പകലും തുടർച്ചയായി അവരിൽ അതിനെ അവൻ (അല്ലാഹു) നിയോഗിച്ചു.

അപ്പോൾ, (ആ) ജനതയെ കടപുഴങ്ങി വീണ ഈത്തത്തടികളെന്ന പോലെ അതിൽ വീണു കിടക്കുന്നവരായി നിനക്ക് കാണാമായിരുന്നു.

فَهَلْ تَرَىٰ لَهُم مِّنۢ بَاقِيَةٍ ﴿٨﴾

﴾8﴿എനി, അവർക്ക് വല്ല അവശിഷ്ടവും നീ കാണുന്നുവോ?! (ഇല്ല, ഒന്നുമില്ല)

﴾4﴿ كَذَّبَتْ വ്യാജമാക്കി ثَمُودُ ഥമൂദ് (ഗോത്രം) وَعَادٌ ആദും بِٱلْقَارِعَةِ മുട്ടുന്ന (ഞെട്ടിക്കുന്ന- ഭയങ്കര) സംഭവത്തെ ﴾5﴿ فَأَمَّا ثَمُودُ എന്നാൽ ഥമൂദാകട്ടെ فَأُهْلِكُوا۟ അവർ നശിപ്പിക്കപ്പെട്ടു بِٱلطَّاغِيَةِ അതിരുകവിഞ്ഞ സംഭവംകൊണ്ട് ﴾6﴿ وَأَمَّا عَادٌ

എന്നാൽ ആദാകട്ടെ فَأُهْلِكُوا അവർ നശിപ്പിക്കപ്പെട്ടു بِرِيحٍ ഒരു കാറ്റുകൊണ്ട് صَرْصَرٍ ശരശരെയുള്ള (ഇരമ്പി വീശുന്ന), അതിശൈത്യമായ, ഉഗ്രമായ عَاتِيَةٍ ഉഗ്രമായ, ഊക്കേറിയ, അതിരുകവിഞ്ഞ ﴿7﴾ سَخَّرَهَا അതിനെ അവൻ കീഴ്പ്പെടുത്തി (നിയോഗിച്ചു) عَلَيْهِمْ അവരിൽ سَبْعَ لَيَالٍ ഏഴ് രാത്രി وَثَمَانِيَةَ أَيَّامٍ എട്ട് ദിനവും (പകലും) حُسُومًا തുടർച്ചയായി, നശിപ്പിച്ചുകൊണ്ടിരിക്കുന്ന നിലയിൽ فَتَرَى അപ്പോൾ നിനക്ക് കാണാം ٱلْقَوْمَ ജനതയെ فِيهَا അതിൽ (കാറ്റിൽ), അവയിൽ (ദിനരാത്രങ്ങളിൽ) صَرْعَىٰ വീഴ്ത്തപ്പെട്ട (വീണുകിടക്കുന്ന)വരായി كَأَنَّهُمْ അവരാണെന്നപോലെ أَعْجَازُ തടികൾ, മുരടുകൾ نَخْلٍ ഈത്തപ്പനയുടെ خَاوِيَةٍ കടപുഴങ്ങിവീണ ﴿8﴾ فَهَلْ تَرَىٰ അപ്പോൾ (എനി) നീ കാണുന്നുവോ لَهُم അവർക്ക് مِّنۢ بَاقِيَةٍ വല്ല അവശിഷ്ടവും, ശേഷിപ്പും

പെട്ടെന്ന് ഊക്കോടെ വന്നു ആഞ്ഞുമുട്ടി ഞെട്ടിപ്പിക്കുന്ന ഭയങ്കരസംഭവം എന്നത്രെ القارعة കൊണ്ട് വിവക്ഷ. ഇതും കിയാമത്ത്നാളിന്റെ ഒരു നാമവിശേഷണമാകുന്നു. ഥമൂദ് ഗോത്രത്തെ അല്ലാഹു നശിപ്പിച്ചത് ഒരു ഘോരശബ്ദം (الصيحة) മുഖേനയായിരുന്നുവെന്ന് 11: 67 മുതലായ സ്ഥലങ്ങളിൽ ക്വുർആൻ വ്യക്തമാക്കിയിട്ടുണ്ട്. അതാണിവിടെ الطاغية (അതിരുകവിഞ്ഞ സംഭവം) കൊണ്ട് ഉദ്ദേശിക്കുന്നത്. ആദിന്റെ ശിക്ഷയെപ്പറ്റി അല്ലാഹുതന്നെ ഇവിടെ വിവരിച്ചു പറഞ്ഞിരിക്കുന്നുവല്ലോ.

وَجَآءَ فِرْعَوْنُ وَمَن قَبْلَهُۥ وَٱلْمُؤْتَفِكَٰتُ بِٱلْخَاطِئَةِ ﴿٩﴾

﴿9﴾ഫിർഔനും, അവന്റെ മുമ്പുള്ളവരും, അടിമേലായി മറിഞ്ഞ രാജ്യങ്ങളും (രാജ്യക്കാരും) പിഴച്ച പ്രവർത്തനവുമായിവന്നു.

فَعَصَوْا رَسُولَ رَبِّهِمْ فَأَخَذَهُمْ أَخْذَةً رَّابِيَةً ﴿١٠﴾

﴿10﴾ അങ്ങനെ, അവർ തങ്ങളുടെ രക്ഷിതാവിന്റെ റസൂലിനോട് അനുസരണക്കേട് പ്രവർത്തിച്ചു. അപ്പോൾ അവൻ (രക്ഷിതാവ്) അവരെ കവിഞ്ഞതായ ഒരു പിടുത്തം പിടിച്ചു (ശിക്ഷിച്ചു)!

إِنَّا لَمَّا طَغَا ٱلْمَآءُ حَمَلْنَٰكُمْ فِى ٱلْجَارِيَةِ ﴿١١﴾

﴿11﴾ നിശ്ചയമായും വെള്ളം അതിരുകവിഞ്ഞ അവസരത്തിൽ നിങ്ങളെ നാം കപ്പലിൽ കയറ്റി (രക്ഷിച്ചു).

لِنَجْعَلَهَا لَكُمْ تَذْكِرَةً وَتَعِيَهَآ أُذُنٌ وَٰعِيَةٌ ﴿١٢﴾

《12》 നിങ്ങൾക്ക് അവയെ ഒരു സ്മരണയാക്കുവാനും, പഠി(ച്ചു ഗ്രഹി)ക്കുന്ന കാതുകൾക്ക് അവ പഠി(ച്ചുഗ്രഹി)ക്കുവാനും വേണ്ടിയത്രെ (അതെല്ലാം).

《9》 وَجَآءَ فِرْعَوْنُ ഫിർഔനും വന്നു وَمَن قَبْلَهُ അവന്റെ മുമ്പുള്ളവരും وَٱلْمُؤْتَفِكَٰتُ അടിമേലെ (തലകീഴായി) മറിഞ്ഞവയും بِٱلْخَاطِئَةِ പിഴച്ചത് (പിഴച്ച പ്രവൃത്തി) കൊണ്ട് 《10》 فَعَصَوْا എന്നിട്ടവർ അനുസരണക്കേട് കാട്ടി رَسُولَ رَبِّهِمْ തങ്ങളുടെ റബ്ബിന്റെ റസൂലിന് فَأَخَذَهُمْ അപ്പോൾ അവൻ അവരെ പിടിച്ചു أَخْذَةً ഒരു പിടുത്തം رَّابِيَةً കവിഞ്ഞ, മുന്തിയ (ശക്തമായ) 《11》 إِنَّا നിശ്ചയമായും നാം لَمَّا طَغَا അതിരുകവിഞ്ഞപ്പോൾ ٱلْمَآءُ വെള്ളം حَمَلْنَٰكُمْ നിങ്ങളെ നാം വഹിച്ചു (കയറ്റി) ٱلْجَارِيَةِ കപ്പലിൽ, പത്തേമാരിയിൽ 《12》 لِنَجْعَلَهَا لَكُمْ അവയെ നിങ്ങൾക്ക് നാം ആക്കുവാൻ വേണ്ടി تَذْكِرَةً ഒരു സ്മരണ, ഉപദേശം وَتَعِيَهَآ അവയെ പഠിക്കു (ഗ്രഹിക്കു)വാനും أُذُنٌ കാതുകൾ, ചെവികൾ وَٰعِيَةٌ പഠിക്കുന്ന

മേൽ ചൂണ്ടിക്കാട്ടിയ സമുദായങ്ങളുടെ സംഭവങ്ങളെല്ലാം ഇതിനുമുമ്പ് പല സൂറത്തുകളിലുമായി ഒന്നിലധികം തവണ നാം വായിച്ചുകഴിഞ്ഞതാണ്. ഇവിടെ അതെല്ലാം ചൂണ്ടിക്കാട്ടുക മാത്രമാണ് അല്ലാഹു ചെയ്യുന്നത്. നൂഹ് നബി (അ) യുടെ കപ്പലിൽ കയറ്റി രക്ഷപ്പെടുത്തിയവരെ ഉദ്ദേശിച്ചാണ് നാം നിങ്ങളെ കപ്പലിൽ കയറ്റി രക്ഷിച്ചുവെന്ന് പറഞ്ഞത്. അന്ന് ആ കപ്പലിൽ രക്ഷപ്പെട്ടവരുടെ സന്താനപരമ്പരയിൽ പെട്ടവരാണ് ഇന്നുള്ള ഈ ജനത. (37 : 77) ഇവരുടെ പിതാക്കൾ അന്ന് രക്ഷപ്പെട്ടതുകൊണ്ടാണല്ലോ ഇവർ ഇന്ന് ജീവിക്കുന്നത്. 11 -ാം വചനം ഈ അനുഗ്രഹം അനുസ്മരിപ്പിക്കുകകൂടി ചെയ്യുന്നു. ക്വിയാമത്തു നാളിനെയും, അതിൽ സംഭവിക്കാനിരിക്കുന്ന കാര്യങ്ങളെയും നിഷേധിച്ച മേൽചൂണ്ടിക്കാട്ടിയ സമുദായങ്ങളുടെ ചരിത്രങ്ങൾ ഇവിടെ എടുത്തുകാട്ടുന്നതിന്റെ ആവശ്യം എന്താണെന്ന് 12 -ാം വചനത്തിൽ വ്യക്തമാക്കുന്നു. അതെ, ജനങ്ങൾ ഓർമിക്കുവാനും പാഠം പഠിക്കുവാനും തന്നെ.

فَإِذَا نُفِخَ فِى ٱلصُّورِ نَفْخَةٌ وَٰحِدَةٌ ﴿١٣﴾

《13》 എന്നാൽ, കാഹളത്തിൽ ഒരൊറ്റ ഊത്ത് ഊതപ്പെട്ടാൽ!-

وَحُمِلَتِ ٱلْأَرْضُ وَٱلْجِبَالُ فَدُكَّتَا دَكَّةً وَٰحِدَةً ﴿١٤﴾

《14》 ഭൂമിയും, പർവ്വതങ്ങളും പൊക്കിയെടുക്കപ്പെടുകയും, എന്നിട്ട് അവ ഒരു ഇടിച്ചു തകർക്കൽ തകർത്തപ്പെടുകയും (ചെയ്താൽ),-

فَيَوْمَئِذٍ وَقَعَتِ ٱلْوَاقِعَةُ ﴿١٥﴾

《15》 അപ്പോൾ, അന്ന് (ആ) സംഭവം സംഭവിക്കുകയായി!

وَٱنشَقَّتِ ٱلسَّمَآءُ فَهِىَ يَوْمَئِذٍ وَاهِيَةٌ ﴿١٦﴾

《16》 ആകാശം പൊട്ടിപ്പിളരുകയും ചെയ്യും എന്നിട്ടത് അന്ന് (കുഴഞ്ഞ്) ദുർബലമായതായിരിക്കും.

وَٱلْمَلَكُ عَلَىٰٓ أَرْجَآئِهَا ۚ وَيَحْمِلُ عَرْشَ رَبِّكَ فَوْقَهُمْ يَوْمَئِذٍ ثَمَٰنِيَةٌ ﴿١٧﴾

《17》 മലക്കുകൾ അതിന്റെ (നാനാ) ഭാഗങ്ങളിലുമുണ്ടായിരിക്കും. നിന്റെ റബ്ബിന്റെ 'അർശ്' [സിംഹാസനം] അന്ന് അവരുടെ മീതെയായി എട്ട് കൂട്ടർ വഹിക്കുന്നതുമാണ്.

يَوْمَئِذٍ تُعْرَضُونَ لَا تَخْفَىٰ مِنكُمْ خَافِيَةٌ ﴿١٨﴾

《18》 അന്നത്തെ ദിവസം നിങ്ങൾ കാണിക്കപ്പെടുന്നതാണ് [ഹാജരാക്കപ്പെടുന്നതാണ്]. (രഹസ്യമായി) മറഞ്ഞുകിടക്കുന്ന ഒരു കാര്യവും (അന്ന്) നിങ്ങളിൽനിന്ന് മറഞ്ഞുപോകുന്നതല്ല.

《13》 فَإِذَا نُفِخَ എന്നാൽ ഊതപ്പെട്ടാൽ فِى ٱلصُّورِ കാഹളത്തിൽ, കൊമ്പിൽ نَفْخَةٌ وَٰحِدَةٌ ഒരൊറ്റ ഊത്ത് 《14》 وَحُمِلَتِ പൊക്കപ്പെടുകയും (ഉയർത്തപ്പെടുകയും) ٱلْأَرْضُ ഭൂമി وَٱلْجِبَالُ മലകളും, പർവ്വതങ്ങളും فَدُكَّتَا എന്നിട്ട് രണ്ടും പൊടിച്ച് തകർക്കപ്പെട്ടാൽ, നിരത്തപ്പെട്ടാൽ دَكَّةً وَٰحِدَةً ഒറ്റ ഇടിച്ചു തകർക്കൽ 《15》 فَيَوْمَئِذٍ അപ്പോൾ ആ ദിവസം وَقَعَتِ സംഭവിക്കുകയായി ٱلْوَاقِعَةُ (ആ) സംഭവം 《16》 وَٱنشَقَّتِ പൊട്ടിപ്പിളരുകയും ചെയ്യും ٱلسَّمَآءُ ആകാശം فَهِىَ എന്നിട്ടത് يَوْمَئِذٍ അന്നത്തെ ദിവസം وَاهِيَةٌ ദുർബ്ബലമായതായിരിക്കും 《17》 وَٱلْمَلَكُ മലക്കുകൾ عَلَىٰٓ أَرْجَآئِهَا അതിന്റെ നാനാഭാഗങ്ങളിലുണ്ടായിരിക്കും وَيَحْمِلُ വഹിക്കുന്നതാണ് عَرْشَ رَبِّكَ നിന്റെ റബ്ബിന്റെ അർശ് فَوْقَهُمْ അവരുടെ മീതെ يَوْمَئِذٍ ആ ദിവസം ثَمَٰنِيَةٌ എട്ടുകൂട്ടർ, എട്ടാൾ 《18》 يَوْمَئِذٍ ആ ദിവസം تُعْرَضُونَ നിങ്ങൾ കാണിക്കപ്പെടും, പ്രദർശിപ്പിക്കപ്പെടും لَا تَخْفَىٰ മറഞ്ഞു (രഹസ്യമായി- ഒളിഞ്ഞു) പോകയില്ല مِنكُمْ നിങ്ങളിൽനിന്ന് خَافِيَةٌ ഒരു മറഞ്ഞ (ഗോപ്യമായ)തും

ആദ്യത്തെ വചനങ്ങളിൽ, ഒന്നാമത്തെ കാഹളമൂത്തിനെത്തുടർന്നുണ്ടാകുന്ന സംഭവവികാസങ്ങളെക്കുറിച്ചും, പിന്നീട് അല്ലാഹുവിന്റെ മുമ്പിൽ സൃഷ്ടികളെ വിചാരണക്ക് കൊണ്ടുവരുന്ന ഘട്ടത്തെക്കുറിച്ചുമാണ് പറയുന്നത്. സൂറത്തുൽ ഫജ്റിൽ ﴿إذا دكت الأرض دكا دكا﴾ ﴿وجاء ربك والملك صفا صفا﴾ (ഭൂമി ഇടി പൊടിയായി ഇടിച്ച് തകർക്കപ്പെടുകയും, നിന്റെ റബ്ബും, അണി അണിയായി മലക്കുകളും വരുകയും ചെയ്താൽ!) എന്ന് പ്രസ്താവിച്ചതും ഇതേ അവസരത്തെക്കുറിച്ച് തന്നെയാകുന്നു. താഴെ സൂറത്തുകളിൽ ക്വിയാമത്ത്നാളിലെ സംഭവവികാസങ്ങളെപ്പറ്റി കൂടുതൽ പ്രസ്താവിച്ചു കാണാം.

അന്ന് 'അർശാ'കുന്ന സിംഹാസനം വഹിക്കുന്നത് എട്ടുകൂട്ടരായിരിക്കും എന്ന് പറഞ്ഞതിന്റെ വിശദീകരണവും, അതിൽ അടങ്ങിയ രഹസ്യവും നമുക്കറിയുന്നതല്ല. അല്ലാഹുവും അവന്റെ റസൂലും പറഞ്ഞുതന്നതിൽ കവിഞ്ഞ് നമുക്ക് ഇത്തരം കാര്യങ്ങളെക്കുറിച്ച് അനുമാനിക്കുവാൻ നിവൃത്തിയില്ല. ഏതായാലും ആ സന്ദർഭത്തിന്റെ ഗൗരവാവസ്ഥയാണ് അത് ചൂണ്ടിക്കാട്ടുന്നത്. 'എട്ടുകൂട്ടർ' (ثمانية) എന്ന് പറഞ്ഞതിന്റെ താൽപര്യം എട്ട് മലക്കുകൾ എന്നാണെന്നും, അതല്ല എട്ടുസംഘം മലക്കുകൾ എന്നാണെന്നും വ്യാഖ്യാതാക്കൾ പ്രസ്താവിച്ചിരിക്കുന്നു. സ്ഥലകാലങ്ങളിൽനിന്നും, സൃഷ്ടികളുമായുള്ള എല്ലാവിധ സാദൃശ്യങ്ങളിൽ നിന്നും പരിശുദ്ധനാണല്ലോ അല്ലാഹു. അതുകൊണ്ട് നമ്മുടെ ഐഹിക കോടതികളെപ്പറ്റി നാം വിഭാവനം ചെയ്യുന്നതുപോലെയുള്ള യാതൊരു വിഭാവനയും ലോകസ്രഷ്ടാവായ അല്ലാഹുവിന്റെ മഹാകോടതിയെപ്പറ്റി നാം വിഭാവനം ചെയ്തുകൂടാത്തതാകുന്നു. അപ്പോൾ അവന്റെ അർശിനെ സംബന്ധിച്ചും, അത് മലക്കുകൾ വഹിക്കുന്നതിനെ സംബന്ധിച്ചുമെല്ലാം അത് ഇന്നിന്ന പ്രകാരത്തിലായിരിക്കുമെന്ന് നിർണയിച്ചു രൂപപ്പെടുത്തുവാൻ നമുക്ക് പാടില്ല; നമുക്കതിനുള്ള കഴിവുമില്ല.

فَأَمَّا مَنْ أُوتِيَ كِتَٰبَهُۥ بِيَمِينِهِۦ فَيَقُولُ هَآؤُمُ ٱقْرَءُوا۟ كِتَٰبِيَهْ ﴿١٩﴾

﴿19﴾ എന്നാൽ, അപ്പോൾ ഏതൊരുവന് അവന്റെ ഗ്രന്ഥം [കർമരേഖ] തന്റെ വലങ്കയ്യിൽ കൊടുക്കപ്പെട്ടുവോ അവൻ പറയും: 'ഇതാ, എടുത്തുകൊള്ളുവിൻ, എന്റെ ഗ്രന്ഥം വായിക്കുവിൻ!-'

إِنِّى ظَنَنتُ أَنِّى مُلَٰقٍ حِسَابِيَهْ ﴿٢٠﴾

﴿20﴾ 'നിശ്ചയമായും എന്റെ വിചാരണയെ ഞാൻ കണ്ടുമുട്ടുന്നവനാണെന്ന് ഞാൻ (മുമ്പെ) ധരിച്ചിരിക്കുന്നു.'

فَهُوَ فِى عِيشَةٍ رَّاضِيَةٍ ﴿٢١﴾

﴿21﴾ അങ്ങനെ, അവൻ തൃപ്തികരമായ ജീവിതത്തിലായിരിക്കും;-

فِي جَنَّةٍ عَالِيَةٍ ﴿٢٢﴾

قُطُوفُهَا دَانِيَةٌ ﴿٢٣﴾

كُلُوا وَاشْرَبُوا هَنِيئًا بِمَا أَسْلَفْتُمْ فِي الْأَيَّامِ الْخَالِيَةِ ﴿٢٤﴾

﴾24﴿ അതായത്, ഉന്നതമായ സ്വർഗത്തിൽ!

﴾23﴿ അതിലെ (പറിച്ചെടുക്കുന്ന) പഴങ്ങൾ താണു (അടുത്ത്) വരുന്നവയാകുന്നു.

﴾24﴿ 'നിങ്ങൾ മംഗളമായി (ആനന്ദപൂർവ്വം) തിന്നുകയും, കുടിക്കുകയും ചെയ്തുകൊള്ളുവിൻ, കഴിഞ്ഞുപോയ ദിവസങ്ങളിൽ നിങ്ങൾ മുൻചെയ്തുവെച്ചതിന്റെ ഫലമായിട്ട്! (എന്ന് അവരോട് പറയപ്പെടും.)'

﴾19﴿ فَأَمَّا مَنْ എന്നാൽ അപ്പോൾ യാതൊരുവൻ أُوتِيَ كِتَابَهُ അവൻ അവന്റെ ഗ്രന്ഥം കൊടുക്കപ്പെട്ട بِيَمِينِهِ അവന്റെ വലങ്കയ്യിൽ فَيَقُولُ അവൻ പറയും هَاؤُمُ ഇതാ എടുക്കുവിൻ اقْرَءُوا വായിക്കുവിൻ كِتَابِيَهْ എന്റെ ഗ്രന്ഥം ﴾20﴿ إِنِّي ظَنَنتُ നിശ്ചയമായും ഞാൻ ധരിച്ചു, വിചാരിച്ചിരിക്കുന്നു أَنِّي مُلَاقٍ ഞാൻ കണ്ടുമുട്ടുന്ന (നേരിടുന്ന)വനാണെന്ന് حِسَابِيَهْ എന്റെ വിചാരണയെ ﴾21﴿ فَهُوَ അങ്ങനെ (അപ്പോൾ) അവൻ فِي عِيشَةٍ ജീവിതത്തിൽ ആയിരിക്കും رَّاضِيَةٍ തൃപ്തികരമായ ﴾22﴿ فِي جَنَّةٍ അതായത് സ്വർഗത്തിൽ عَالِيَةٍ ഉന്നതമായ, മേലായ ﴾23﴿ قُطُوفُهَا അതിലെ (പറിച്ചെടുക്കുന്ന) പഴങ്ങൾ, പഴക്കുലകൾ دَانِيَةٌ അടുത്തവ (താണുവരുന്നവ)യായിരിക്കും ﴾24﴿ كُلُوا തിന്നുകൊള്ളുവിൻ وَاشْرَبُوا കുടിക്കുകയും ചെയ്യുവിൻ هَنِيئًا ആനന്ദകരമായി, മംഗളമായി بِمَا أَسْلَفْتُمْ നിങ്ങൾ മുൻചെയ്തത് നിമിത്തം فِي الْأَيَّامِ ദിവസങ്ങളിൽ (കാലങ്ങളിൽ) الْخَالِيَةِ കഴിഞ്ഞുപോയതായ

സജ്ജനങ്ങളായ ഭാഗ്യവാൻമാർക്ക് അവരുടെ കർമങ്ങൾ രേഖപ്പെടുത്തിയ ഗ്രന്ഥങ്ങൾ അവരുടെ വലങ്കൈകളിൽ കൊടുക്കപ്പെടുന്നു. അത് ലഭിക്കുമ്പോൾ അവർക്ക് അഭിമാനവും സന്തോഷവുമായിരിക്കും. മറ്റുള്ളവർ അത് എടുത്തുവായിച്ചു നോക്കുവാൻ അവർക്ക് ആവേശം തോന്നും. അല്ലാഹുവിന്റെ വിചാരണയെ നേരിടേണ്ടിവരുമെന്ന് തങ്ങൾ ഇഹത്തിൽവെച്ചുതന്നെ ധരിച്ചുവെച്ചിരുന്നു- അഥവാ അതനുസരിച്ച് ബോധപൂർവ്വം പ്രവർത്തിച്ചുപോന്നു- അതുകൊണ്ട് തങ്ങൾ രക്ഷപ്പെട്ടു എന്നൊക്കെ അവർ കൃതാർത്ഥരായിത്തീരുകയും ചെയ്യും. അല്ലാഹുവിന്റെ പ്രീതിയെ ഉന്നംവെച്ച് ജീവിച്ചുവന്ന അവർക്ക് ലഭിക്കുന്ന പ്രതിഫലമോ? അവരുടെ ഇഷ്ടാനുസരണം സർവ്വ സ്വതന്ത്രമായി ശാശ്വതവിഹാരം കൊള്ളാവുന്ന ഉന്നത സ്വർഗവും! ഇങ്ങനെയുള്ള സജ്ജനങ്ങളിൽ നമ്മെയെല്ലാം

അല്ലാഹു ഉൾപ്പെടുത്തട്ടെ. ആമീൻ. സ്വർഗത്തിലെ ഫലങ്ങൾ താണു അടുത്ത് വരുന്നതാണ് (قطوفها دانية) എന്ന് പറഞ്ഞതിന്റെ സാരം, പറിച്ചെടുക്കുവാൻ ആഗ്രഹിക്കുന്ന ഫലങ്ങൾ അവരുടെ അടുക്കലേക്ക് ഇങ്ങോട്ട് അടുത്തുവരുന്നതാണ്- അഥവാ പറിച്ചെടുക്കാൻ യാതൊരുവിധശ്രമവും അവർ നടത്തേണ്ടതില്ല- എന്നത്രെ.

وَأَمَّا مَنْ أُوتِيَ كِتَٰبَهُۥ بِشِمَالِهِۦ فَيَقُولُ يَٰلَيْتَنِي لَمْ أُوتَ كِتَٰبِيَهْ ﴿٢٥﴾

《25》 എന്നാൽ, യാതൊരുവന്റെ ഇടങ്കയ്യിൽ അവന്റെ ഗ്രന്ഥം കൊടുക്കപ്പെട്ടുവോ അവനാകട്ടെ, അവൻ പറയും; 'ഹാ! എന്റെ ഗ്രന്ഥം എനിക്ക് നൽകപ്പെടാതിരുന്നെങ്കിൽ നന്നായേനേ!'

وَلَمْ أَدْرِ مَا حِسَابِيَهْ ﴿٢٦﴾

《26》 'എന്റെ വിചാരണ എന്താണെന്ന് ഞാൻ അറിയാതെയും (ഇരുന്നെങ്കിൽ നന്നായേനെ)!-'

يَٰلَيْتَهَا كَانَتِ ٱلْقَاضِيَةَ ﴿٢٧﴾

《27》'ഹാ! അത് [അക്കാര്യം -അഥവാ മരണം] തീരുമാനം വരുത്തുന്നതായിരുന്നെങ്കിൽ നന്നായേനെ! [അതോടെ] എല്ലാം അവസാനിച്ചിരുന്നുവെങ്കിൽ എത്ര നന്നായിരുന്നു!'

مَآ أَغْنَىٰ عَنِّي مَالِيَهْ ﴿٢٨﴾

《28》'എന്റെ ധനം എനിക്ക് ഉപകരിച്ചില്ല!'

هَلَكَ عَنِّي سُلْطَٰنِيَهْ ﴿٢٩﴾

《29》 'എന്റെ സ്വാധീനശക്തി എന്നിൽനിന്ന് നശിച്ചു (നഷ്ടപ്പെട്ടു) പോയി!'

《25》 وَأَمَّا مَنْ أُوتِيَ എന്നാൽ കൊടുക്കപ്പെട്ടവനോ كِتَٰبَهُۥ തന്റെ ഗ്രന്ഥം بِشِمَالِهِۦ തന്റെ ഇടങ്കയ്യിൽ فَيَقُولُ അവൻ പറയും يَٰلَيْتَنِي ഹാ ഞാനായിരുന്നെങ്കിൽ നന്നായേനേ لَمْ أُوتَ എനിക്ക് നൽകപ്പെടാതെ (ഇരുന്നെങ്കിൽ) كِتَٰبِيَهْ എന്റെ ഗ്രന്ഥം 《26》 وَلَمْ أَدْرِ ഞാൻ അറിയാതെയും (ഇരുന്നെങ്കിൽ) مَا حِسَابِيَهْ എന്റെ വിചാരണ എന്താണെന്ന് 《27》 يَٰلَيْتَهَا ഹാ അതായെങ്കിൽ നന്നായേനേ كَانَتِ അതായിരുന്നുവെങ്കിൽ) ٱلْقَاضِيَةَ തീരുമാനം വരുത്തുന്നത്, കലാശിപ്പിക്കുന്നത് 《28》 مَآ أَغْنَىٰ ഐശ്വര്യമാക്കിയില്ല (ഉപകരിച്ചില്ല) عَنِّي എനിക്ക്, എന്നെ സംബന്ധിച്ച് مَالِيَهْ എന്റെ ധനം, എനിക്കുള്ളത് 《29》 هَلَكَ عَنِّي എനിക്ക് നശിച്ചു (നഷ്ടപ്പെട്ടു) سُلْطَٰنِيَهْ എന്റെ ശക്തി, (സ്വാധീനം) അധികാരം, പ്രമാണം, ന്യായം

കുറ്റവാളികളുടെ കർമരേഖയാകുന്ന ഗ്രന്ഥം അവരുടെ ഇടങ്കയ്യിലായിരിക്കും കൊടുക്കപ്പെടുക. അപ്പോൾ അവർ അങ്ങേഅറ്റം ഖേദത്തിലും നിരാശയിലുമായിത്തീരുന്നു. 'അയ്യോ! ഈ ഗ്രന്ഥം കിട്ടിയിരുന്നില്ലെങ്കിൽ!! അയ്യോ! വിചാരണ അനുഭവിക്കേണ്ടി വന്നിരുന്നില്ലെങ്കിൽ! ആ മരണത്തോടുകൂടി എല്ലാം കഴിഞ്ഞിരുന്നുവെങ്കിൽ എത്ര നന്നായേനേ! അയ്യോ! എന്റെ സ്വത്തും സമ്പത്തും ഒന്നും എനിക്ക് ഉപകരിച്ചില്ലല്ലോ! അയ്യോ! എനിക്കിവിടെ ഒരു കഴിവും സ്വാധീനവും ഇല്ലാതായല്ലോ!!'എന്നൊക്കെ പറഞ്ഞു അവർ വിലപിച്ചുകൊണ്ടിരിക്കും.

مالية എന്ന വാക്കിന് 'എന്റെ ധനം' എന്ന അർത്ഥമാണ് നാം മുകളിൽ സ്വീകരിച്ചത്. 'എനിക്കുള്ളത്' എന്നും അതിന് അർത്ഥം വരാം. അഥവാ എന്റേതായുള്ള യാതൊന്നും എനിക്ക് ഉപകരിച്ചില്ലല്ലോ എന്ന് സാരം. അതുപോലെത്തന്നെ سلطانية എന്ന വാക്കിന് 'എന്റെ ന്യായം' എന്നും അർത്ഥം കൽപിക്കപ്പെട്ടിട്ടുണ്ട്. അഥവാ ന്യായങ്ങളും തെളിവുകളും കൊണ്ടുവന്നു സമർപ്പിക്കുവാനുള്ള അവസരം ഇല്ലാതായല്ലോ എന്നായിരിക്കും അപ്പോൾ ഉദ്ദേശ്യം. രണ്ടായാലും തത്വത്തിൽ ഒന്നുതന്നെ. ഇവരെക്കുറിച്ച് അല്ലാഹു മലക്കുകളോട് കൽപിക്കുന്നത് ഇപ്രകാരമായിരിക്കും:-

خُذُوهُ فَغُلُّوهُ ﴿٣٠﴾

﴾30﴿ 'അവനെ പിടിക്കുവിൻ! എന്നിട്ട് അവനെ (കഴുത്തോട് ചേർത്ത്) ആമം വെക്കുവിൻ!'

ثُمَّ ٱلْجَحِيمَ صَلُّوهُ ﴿٣١﴾

﴾31﴿ 'പിന്നെ, അവനെ ജ്വലിക്കുന്ന നരകത്തിൽ കടത്തുവിൻ!'

ثُمَّ فِى سِلْسِلَةٍ ذَرْعُهَا سَبْعُونَ ذِرَاعًا فَٱسْلُكُوهُ ﴿٣٢﴾

﴾32﴿ 'പിന്നെ, എഴുപതുമുഴം അളവുള്ള ചങ്ങലയിൽ അവനെ പ്രവേശിപ്പിക്കുവിൻ!-'

إِنَّهُۥ كَانَ لَا يُؤْمِنُ بِٱللَّهِ ٱلْعَظِيمِ ﴿٣٣﴾

﴾33﴿ '(കാരണം) നിശ്ചയമായും അവൻ, മഹാനായ അല്ലാഹുവിൽ വിശ്വസിച്ചിരുന്നില്ല;'

وَلَا يَحُضُّ عَلَىٰ طَعَامِ ٱلْمِسْكِينِ ﴿٣٤﴾

﴾34﴿ 'സാധുവിന് ഭക്ഷണം നൽകുന്നതിന് അവൻ പ്രോത്സാഹനം നൽകിയിരുന്നതുമില്ല.'

فَلَيْسَ لَهُ ٱلْيَوْمَ هَٰهُنَا حَمِيمٌ ﴿٣٥﴾

وَلَا طَعَامٌ إِلَّا مِنْ غِسْلِينٍ ﴿٣٦﴾

لَّا يَأْكُلُهُۥٓ إِلَّا ٱلْخَٰطِـُٔونَ ﴿٣٧﴾

﴾35﴿ 'ആകയാൽ ഒരു ഉറ്റബന്ധുവും ഇന്ന് അവന് ഇവിടെയില്ല.'

﴾36﴿ 'ഗിസ്‌ലീനി'ൽ നിന്നല്ലാതെ (അവന്) ഭക്ഷണവും ഇല്ല:-

﴾37﴿ [പിഴച്ചവർ] തെറ്റ് ചെയ്തവർ അല്ലാതെ അത് ഭക്ഷിക്കുകയില്ല.

﴾30﴿ خُذُوهُ അവനെ പിടിക്കുവിൻ فَغُلُّوهُ എന്നിട്ടവനെ ആമത്തിൽ ബന്ധിക്കുവിൻ ﴾31﴿ ثُمَّ പിന്നെ ٱلْجَحِيمَ ജ്വലിക്കുന്ന (ആളിക്കത്തുന്ന) നരകത്തിൽ صَلُّوهُ അവനെ കടത്തുവിൻ, ഇട്ടെരിക്കുവിൻ ﴾32﴿ ثُمَّ فِى سِلْسِلَةٍ പിന്നെ ഒരു ചങ്ങലയിൽ ذَرْعُهَا അതിന്റെ (നീള) അളവ് سَبْعُونَ ذِرَاعًا എഴുപത് മുഴമാണ് فَٱسْلُكُوهُ അവനെ പ്രവേശിപ്പിക്കുവിൻ ﴾33﴿ إِنَّهُۥ كَانَ നിശ്ചയമായും അവനായിരുന്നു لَا يُؤْمِنُ വിശ്വസിക്കാതെ بِٱللَّهِ അല്ലാഹുവിൽ ٱلْعَظِيمِ മഹാനായ ﴾34﴿ وَلَا يَحُضُّ അവൻ പ്രോത്സാഹനം (പ്രേരണ) നൽകിയിരുന്നതുമില്ല عَلَىٰ طَعَامِ ഭക്ഷണം നൽകുവാൻ- ഭക്ഷണത്തിന് ٱلْمِسْكِينِ സാധുവിന്, പാവപ്പെട്ടവന്റെ ﴾35﴿ فَلَيْسَ لَهُ ആകയാൽ അവനില്ല ٱلْيَوْمَ ഇന്ന് هَٰهُنَا ഇവിടെ حَمِيمٌ ഒരു ഉറ്റബന്ധുവും, ചങ്ങാതിയും ﴾36﴿ وَلَا طَعَامٌ ഭക്ഷണവുമില്ല إِلَّا مِنْ غِسْلِينٍ ഗിസ്‌ലീനിൽനിന്നല്ലാതെ ﴾37﴿ لَّا يَأْكُلُهُۥٓ അതിനെ തിന്നുക (ഭക്ഷിക്കുക)യില്ല إِلَّا ٱلْخَٰطِـُٔونَ പിഴച്ച (തെറ്റ് ചെയ്ത)വർ അല്ലാതെ

ഇത്രയും കഠിനകഠോരമായ ശിക്ഷ അവർക്ക് നൽകപ്പെടുവാൻ രണ്ട് കാരണം അല്ലാഹു എടുത്തുപറഞ്ഞിട്ടുള്ളത് ശ്രദ്ധേയമാകുന്നു. അല്ലാഹുവിൽ അവർ വിശ്വസിച്ചിരുന്നില്ല, സാധുക്കൾക്ക് ഭക്ഷണം നൽകുവാൻ പ്രേരണ നൽകിയിരുന്നതുമില്ല. ഇതാണ് അവ. എല്ലാവിധ നന്മയുടെയും, എല്ലാതരം സൽക്കർമങ്ങളുടെയും അടിത്തറ അല്ലാഹുവിലുള്ള വിശ്വാസമാണല്ലോ. അല്ലാഹുവിൽ വിശ്വസിക്കാത്തവർ വല്ല നല്ല കാര്യവും ചെയ്തിരുന്നാൽപോലും അത് പരലോകത്തുവെച്ച് അല്ലാഹുവിന്റെ പ്രതിഫലത്തിന് അർഹമാകുന്നതുമല്ല. 25 : 23 മുതലായ സ്ഥലങ്ങളിൽ അല്ലാഹു ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. സഹജീവികളോടുള്ള കടമകളിൽവെച്ച് ഏറ്റവും പ്രധാനമർഹിക്കുന്ന ഒന്നാണ് പാവപ്പെട്ടവർക്ക് ഭക്ഷണം നൽകൽ. അതിന് തയ്യാറില്ലാത്തവനിൽനിന്ന് മറ്റുള്ളവർക്ക് എന്ത് ഉപകാരമാണ് ലഭിക്കുവാനുള്ളത്?! ചുരുക്കത്തിൽ, ഈ രണ്ട് കാര്യങ്ങളുടെയും അഭാവത്തിന്റെ അർത്ഥം അവൻ സ്രഷ്ടാവിനോടും സൃഷ്ടികളോടുമുള്ള കടപ്പാടുകൾ പാലിക്കാത്തവനാണ് എന്നാണല്ലോ.

സാധുക്കൾക്ക് ഭക്ഷണം നൽകിയിരുന്നില്ല എന്നോ മറ്റോ പറയാതെ, അതിന് പ്രേരണ നൽകിയിരുന്നില്ല (ولا يحض) എന്ന് പറഞ്ഞിരിക്കുന്നത് വളരെ അർത്ഥവത്താകുന്നു. അവരവർ നൽകിയാലും പോരാ, മറ്റുള്ളവരെക്കൊണ്ട് അത് ചെയ്യിക്കുവാൻവേണ്ടുന്ന പ്രേരണയും പരിശ്രമവുംകൂടി ആവശ്യമാണെന്ന് ഇതിൽനിന്ന് മനസ്സിലാക്കാവുന്നതാണ്. غسلين (ഗിസ്‌ലീൻ) കൊണ്ടുദ്ദേശ്യം എന്താണെന്നുള്ളതിൽ ഒന്നിലധികം അഭിപ്രായങ്ങൾ കാണാമെങ്കിലും, നരകക്കാരുടെ മാംസങ്ങളിൽനിന്ന് പൊട്ടി ഒഴുകുന്നതും ദുർഗന്ധം വമിക്കുന്നതുമായ ദുർന്നീരാണതെന്നത്രെ അധിക വ്യാഖ്യാതാക്കളും പ്രസ്താവിക്കുന്നത്. വ്രണങ്ങൾ മുതലായവ കഴുകിയവെള്ളം എന്നാണ് ആ വാക്കിന് ഭാഷാർത്ഥം. ഹാക്കിം (റ) ഉദ്ധരിച്ചതും അദ്ദേഹം ശരിവെച്ചതുമായ ഒരു ഹദീഥിൽ നബിﷺ ഇപ്രകാരം അരുളിച്ചെയ്തതായി നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു. ഗിസ്‌ലീനിൽനിന്ന് ഒരു കൊട്ടക്കോരിവെള്ളം ഇഹലോകത്തിൽ ഒഴുക്കപ്പെടുന്നപക്ഷം ഇഹത്തിലുള്ളവർക്കെല്ലാം അത് നാറ്റമുണ്ടാക്കുന്നതാണ്.

വിഭാഗം- 2

فَلَآ أُقْسِمُ بِمَا تُبْصِرُونَ ﴿٣٨﴾

﴾38﴿ എന്നാൽ, നിങ്ങൾ കാണുന്നവയെക്കൊണ്ട് ഞാൻ സത്യം ചെയ്തു പറയുന്നു:

وَمَا لَا تُبْصِرُونَ ﴿٣٩﴾

﴾39﴿ നിങ്ങൾ കാണാത്തവയെക്കൊണ്ടും (സത്യം ചെയ്തു പറയുന്നു):-

إِنَّهُۥ لَقَوْلُ رَسُولٍ كَرِيمٍ ﴿٤٠﴾

﴾40﴿ നിശ്ചയമായും, അത് (ക്വുർആൻ) മാന്യമായ ഒരു (ദൈവ)ദൂതന്റെ വാക്കുതന്നെ:

وَمَا هُوَ بِقَوْلِ شَاعِرٍ ۚ قَلِيلًا مَّا تُؤْمِنُونَ ﴿٤١﴾

﴾41﴿ അത് ഒരു കവിയുടെ വാക്കല്ല. വളരെക്കുറച്ചേ നിങ്ങൾ വിശ്വസിക്കുന്നുള്ളൂ.

وَلَا بِقَوْلِ كَاهِنٍ ۚ قَلِيلًا مَّا تَذَكَّرُونَ ﴿٤٢﴾

﴾42﴿ (അത്) ഒരു പ്രശ്നക്കാരന്റെ വാക്കുമല്ല. വളരെക്കുറച്ചേ നിങ്ങൾ ആലോചിച്ചു നോക്കുന്നുള്ളൂ.

تَنزِيلٌ مِّن رَّبِّ ٱلْعَٰلَمِينَ ﴿٤٣﴾

﴾43﴿ (സർവ്വ) ലോക രക്ഷിതാവിങ്കൽനിന്ന് അവതരിപ്പിച്ചതത്രെ (അത്).

﴾38﴿ فَلَآ أُقۡسِمُ എന്നാൽ ഞാൻ സത്യം ചെയ്തു പറയുന്നു بِمَا تُبۡصِرُونَ നിങ്ങൾ കാണുന്നത് (കാണുന്നവ) കൊണ്ട് ﴾39﴿ وَمَا لَا تُبۡصِرُونَ നിങ്ങൾ കാണാത്തവ കൊണ്ടും ﴾40﴿ إِنَّهُۥ നിശ്ചയമായും അത് لَقَوۡلُ വാക്ക് (വചനം, പറയുന്നത്) തന്നെ رَسُولٖ كَرِيمٖ മാന്യമായ ഒരു റസൂലിന്റെ (ദൂതന്റെ) ﴾41﴿ وَمَا هُوَ അതല്ല بِقَوۡلِ شَاعِرٖ ഒരു കവിയുടെ വാക്ക് قَلِيلٗا مَّا എന്തോ വളരെ കുറച്ച് (മാത്രം) تُؤۡمِنُونَ നിങ്ങൾ വിശ്വസിക്കുന്നു ﴾42﴿ وَلَا بِقَوۡلِ വാക്കുമല്ല كَاهِنٖ ഒരു പ്രശ്ന(ഗണിത- ജോൽസ്യ) ക്കാരന്റെ قَلِيلٗا مَّا എന്തോ (വളരെ)കുറച്ച് (മാത്രം) تَذَكَّرُونَ നിങ്ങൾ ആലോചിച്ചു നോക്കുന്നു ﴾43﴿ تَنزِيلٞ അവതരണം (അവതരിപ്പിക്കുന്നതാണ്) مِّن رَّبِّ രക്ഷിതാ വിങ്കൽനിന്ന് ٱلۡعَٰلَمِينَ ലോകരുടെ (ലോക)

فلا أقسم എന്ന വാക്കിന്റെ ഘടന, അർത്ഥം, ഉദ്ദേശ്യം ആദിയായവയെ പ്പറ്റി സൂറത്തുൽ വാകിഅഃ 75, 76 ന്റെ വ്യാഖ്യാനത്തിൽ വിവരിച്ചത് ഓർക്കുക.

വക്താവിന്റെ സ്ഥിതിഗതികൾക്കനുസരിച്ച് വക്താക്കളുടെ വാക്കുകളിൽ വ്യത്യാസം കാണും. രാജാക്കളുടെ വാക്കിൽ രാജകീയതയും, രസികന്റെ വാക്കിൽ രസികത്വവും കാണാം. മാന്യൻമാരുടെ സംസാരത്തിൽ മാന്യതയും, നിന്ദ്യൻമാ രുടെ സംസാരത്തിൽ നിന്ദ്യതയും അനുഭവപ്പെടും. അതുപോലെ, കവികളുടെ യും, ജോൽസ്യക്കാരുടെയും വാക്കുകളിൽ അവരുടെതായ പ്രത്യേകതകളും പ്രക ടമായിരിക്കും. ആ നിലക്ക് അൽപമെങ്കിലും ആലോചിച്ചു നോക്കുന്നവർക്ക് നബി ﷺ പ്രബോധനം ചെയ്യുന്ന ഈ ക്വുർആൻ -സത്യനിഷേധികൾ ജൽപിക്കുന്നതു പോലെ- കവിവാക്യങ്ങളോ ജോൽസ്യവാക്യങ്ങളോ അല്ലെന്ന് മനസ്സിലാക്കുവാൻ പ്രയാസമില്ല. ക്വുർആൻ അവതരിക്കുന്നത് ലോകരക്ഷിതാവായ അല്ലാഹു വിൽനിന്നാണ്. അതാകട്ടെ, ഏതെങ്കിലും ജനതക്കോ ജനവിഭാഗത്തിനോ വേണ്ടി അവതരിപ്പിച്ചതുമല്ല; ലോകമക്കൾക്ക് ആകമാനം വേണ്ടിയുള്ളതാണ്. അത് അവ രിൽ ഓതിക്കേൾപ്പിക്കുന്നത് അവനാൽ നിയോഗിക്കപ്പെട്ട ഒരു മാന്യദൂതനുമാ കുന്നു. ക്വുർആന്റെ സ്വരവും, ശൈലിയും, ഉള്ളടക്കവും, സിദ്ധാന്തങ്ങളുമെല്ലാം തന്നെ അതിന് സാക്ഷ്യം വഹിക്കുന്നു. പക്ഷേ, ചിന്തിക്കാനും വിശ്വസിക്കാനും തയ്യാറാകാതെ യാഥാർത്ഥ്യത്തിന് നേരെ കണ്ണടച്ചു നിരർത്ഥമായ ആരോപണ ങ്ങൾകൊണ്ട് തൃപ്തി അടയുകയാണ് അവിശ്വാസികൾ ചെയ്യുന്നത്.

40 -ാം വചനത്തിൽ 'മാന്യനായ ദൂതൻ' (رسول كريم) എന്ന് പറഞ്ഞത് നബി ﷺയെ ഉദ്ദേശിച്ചാകുന്നു. സൂറത്തുത്തക്‌വീറിലും ഇതുപോലെ إنه لقول رسول كريم (നിശ്ചയമായും അത് മാന്യനായ ഒരു ദൂതന്റെ വാക്കാണ്) എന്ന് പറഞ്ഞിരിക്കു ന്നു. അവിടെ ജിബ്‌റീൽ (അ) എന്ന മലക്കിനെ ഉദ്ദേശിച്ചാണ് 'ദൂതൻ' എന്ന് പറ ഞ്ഞിരിക്കുന്നത്. രണ്ട് വചനങ്ങളുടെയും മുമ്പും പിമ്പുമുള്ള വാക്യങ്ങളിൽനിന്ന് ഇത് മനസ്സിലാക്കാം. മുഹമ്മദ് ﷺ ഈ ക്വുർആൻ ഓതിക്കേൾപ്പിക്കുന്നത് അദ്ദേഹം

ഒരു കവിയോ ജോൽസ്യനോ ആയതുകൊണ്ടല്ല. അദ്ദേഹം മാന്യനായ ഒരു ദൈവ ദൂതനായതുകൊണ്ടാണ്. അത് അദ്ദേഹത്തിന് ലഭിക്കുന്നത് ലോകരക്ഷിതാവിങ്കൽനിന്നാണുതാനും. എന്നത്രെ ഇവിടെ പ്രസ്താവിക്കുന്നത്. സൂ: തക്‌വീറിലെ സന്ദർഭം മറ്റൊന്നാണ്. നബിﷺക്ക് ഭ്രാന്ത് പിടിച്ച് പറയുന്നതോ, വല്ല പിശാചും പറഞ്ഞുകൊടുക്കുന്നതോ അല്ല ക്വുർആൻ . അർശിന്റെ നാഥനായ അല്ലാഹുവിങ്കൽ പല നിലക്കും സ്ഥാനവലിപ്പങ്ങളുള്ള ഒരു ദൈവദൂതൻ അദ്ദേഹത്തിന് പറഞ്ഞുകൊടുക്കുന്നതാണത്. അദ്ദേഹം ആ ദൂതനെ -ജിബ്‌രീലിനെ- ശരിക്കും കണ്ടിട്ടുണ്ട്താനും, എന്നൊക്കെയാണ് അവിടത്തെ സംസാരവിഷയം.

മാന്യനായ ഒരു ദൂതന്റെ വാക്കാണ് ക്വുർആൻ (إنه لقول رسول كريم) എന്ന് പറഞ്ഞിട്ടുള്ളതിനെ പൊക്കിപ്പിടിച്ച്- ഇസ്‌ലാമിന്റെ അകത്തും പുറത്തുമുള്ള ചില ശത്രുക്കൾ സമർത്ഥിക്കാൻ ശ്രമിക്കാറുള്ളതുപോലെ- ക്വുർആൻ നബിﷺയുടെ സ്വന്തം വചനങ്ങളാവാമെന്ന് ഊഹിക്കുവാൻപോലും പഴുതില്ലാത്തതാണ്. കാരണം ക്വുർആൻ അവതരിപ്പിക്കുന്നത് അല്ലാഹുവാണെന്നും, അത് നബി ﷺക്ക് എത്തിച്ചുകൊടുക്കുന്നത് ജിബ്‌രീൽ ആണ് എന്നും, അതിൽ എന്തെങ്കിലും മാറ്റത്തിരുത്തം വരുത്തുവാൻ രണ്ടാൾക്കും നിവൃത്തിയില്ലെന്നും മറ്റും സ്പഷ്ടമായ ഭാഷയിൽ അല്ലാഹു ആവർത്തിച്ചു പറഞ്ഞിട്ടുള്ളതാണ്. വേണ്ടാ, അതിനെത്തുടർന്ന് (43 -ാം വചനത്തിൽ) തന്നെ അത് ലോകരക്ഷിതാവ് അവതരിപ്പിച്ചതാണ് (تنزيل من رب العالمين) എന്ന് വ്യക്തമാക്കിയിട്ടുള്ളത് നോക്കുക. മാത്രമല്ല, നബിﷺസ്വന്തം വകയായി അല്ലാഹുവിന്റെ പേരിൽ വല്ലതും പറഞ്ഞുണ്ടാക്കുകയാണെങ്കിൽ- അങ്ങനെ ഒരിക്കലും സംഭവിക്കുകയില്ലെന്ന് തീർച്ചയാണ്- അതിന്റെ അനന്തരഫലം എന്തായിരിക്കുമെന്ന് അടുത്ത വചനങ്ങളിൽ സഗൗരവം അല്ലാഹു താക്കീത് ചെയ്യുന്നതും കാണുക.

ഉമർ (റ) ഇപ്രകാരം പ്രസ്താവിച്ചതായി നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു: ഞാൻ മുസ്‌ലിമാകുന്നതിന് മുമ്പ് ഒരു തക്കം നോക്കി ഒരിക്കൽ റസൂൽ തിരുമേനിﷺയുടെ നേരെ പുറപ്പെടുകയുണ്ടായി. പള്ളിയിൽ അദ്ദേഹം എനിക്കുമുമ്പായി എത്തിയിരുന്നു. ഞാൻ പിന്നിൽ ചെന്നുനിന്നു. അവിടുന്ന് സൂറത്തുൽ ഹാക്കഃ ഓതാനാരംഭിച്ചു. അത് കേട്ടപ്പോൾ ക്വുർആന്റെ ഘടനയെക്കുറിച്ച് എനിക്ക് ആശ്ചര്യം തോന്നി. ഞാൻ (മനസ്സിൽ) പറഞ്ഞു: അല്ലാഹുവാണ! ക്വുറൈശികൾ പറയുംപോലെ ഇവനൊരു കവിയാണ്. അപ്പോഴേക്കും അവിടുന്ന് ..... അതൊരു കവിയുടെ വാക്കല്ല..... എന്ന് (40 ഉം 41ഉം വചനങ്ങൾ ഓതി അപ്പോൾ ഞാൻ പറഞ്ഞു: എന്നാൽ അവൻ ഒരു പ്രശ്നക്കാരനായിരിക്കും. അപ്പോഴേക്കും അവിടുന്ന് അതൊരു പ്രശ്നക്കാരന്റെ വാക്കുമല്ല ..... എന്നും (42 മുതൽ വചനങ്ങളും) ഓതി. അങ്ങനെ, എന്റെ ഹൃദയത്തിൽ മുഴുവനും ഇസ്‌ലാം സ്ഥലം പിടിച്ചുപോയി. (അ.) അദ്ദേഹം മുസ്‌ലിമാകുവാനുള്ള പ്രേരണകളിൽ ഒന്നായിരുന്നു ഈ സംഭവം.

وَلَوْ تَقَوَّلَ عَلَيْنَا بَعْضَ ٱلْأَقَاوِيلِ ﴿٤٤﴾ لَأَخَذْنَا مِنْهُ بِٱلْيَمِينِ ﴿٤٥﴾ ثُمَّ لَقَطَعْنَا مِنْهُ ٱلْوَتِينَ ﴿٤٦﴾ فَمَا مِنكُم مِّنْ أَحَدٍ عَنْهُ حَٰجِزِينَ ﴿٤٧﴾

﴾44﴿ അദ്ദേഹം [റസൂൽ] നമ്മുടെ പേരിൽ വല്ല വാക്കുകളും കെട്ടിപ്പറഞ്ഞിരുന്നുവെങ്കിൽ;-

﴾45﴿ അദ്ദേഹത്തെ നാം വലങ്കൈകൊണ്ട് പിടി(ച്ചുശിക്ഷി)ക്കുമായിരുന്നു!-

﴾46﴿ പിന്നീട്, അദ്ദേഹത്തിൽനിന്ന് (ഹൃദയത്തിലെ) ജീവനാഡിയെ നാം മുറിക്കുകയും ചെയ്യുമായിരുന്നു!

﴾47﴿ അപ്പോൾ, നിങ്ങളിൽ ഒരാളുംതന്നെ, അദ്ദേഹത്തിൽ നിന്ന് (അത്) തടയുന്നവരായി ഉണ്ടാവുകയില്ല

﴾44﴿ وَلَوْ تَقَوَّلَ അദ്ദേഹം പറഞ്ഞുണ്ടാക്കി (കെട്ടിപ്പറഞ്ഞു) എങ്കിൽ عَلَيْنَا നമ്മുടെ പേരിൽ بَعْضَ ٱلْأَقَاوِيلِ ചില (കൃത്രിമ) വാക്കുകൾ, (വല്ല) വാക്കുകളും ﴾45﴿ لَأَخَذْنَا നാം പിടിക്കുക തന്നെ ചെയ്യും مِنْهُ അദ്ദേഹത്തെ (അദ്ദേഹത്തോട്) بِٱلْيَمِينِ വലങ്കൈകൊണ്ട്, വലങ്കൈക്ക് ﴾46﴿ ثُمَّ لَقَطَعْنَا പിന്നെ നാം മുറിക്കുകയും ചെയ്യും مِنْهُ അദ്ദേഹത്തിൽനിന്ന് ٱلْوَتِينَ ഹൃദയനാഡി, ജീവനാഡി ﴾47﴿ فَمَا مِنكُم അപ്പോൾ നിങ്ങളിൽ (ഉണ്ടാവുക) ഇല്ല مِّنْ أَحَدٍ ഒരാളും തന്നെ عَنْهُ അദ്ദേഹത്തിൽ നിന്ന് حَٰجِزِينَ തടയുന്ന (തടസ്സം ചെയ്യുന്ന)വരായിട്ട്

أخذنا منه باليمين എന്ന വാക്യത്തിന് വലങ്കൈകൊണ്ടുപിടിച്ചു ശിക്ഷിക്കുമെന്നും അദ്ദേഹത്തിന്റെ വലങ്കൈക്ക് പിടിച്ചു ശിക്ഷിക്കുമെന്നും- ഇങ്ങനെ രണ്ടുപ്രകാരത്തിൽ- വിവക്ഷ നൽകപ്പെട്ടിട്ടുണ്ട്. രണ്ടായിരുന്നാലും കുതറി രക്ഷപ്പെടാൻ കഴിയാത്തവണ്ണം ശക്തമായ നിലയിൽ പിടിച്ചു ശിക്ഷാനടപടി എടുക്കുമെന്നത്രെ അതുകൊണ്ടുദ്ദേശ്യം. ഹൃദയത്തോടു ബന്ധപ്പെട്ടുനിൽക്കുകയും *(*)* അറ്റുപോയാൽ ജീവഹാനി നേരിടുന്നതുമായ ഒരു നാഡിയാണ് الوتين ('അൽവതീൻ'). അവിശ്വാസികൾ ഘോഷിക്കുന്നതുപോലെ, നബി തിരുമേനിﷺ അല്ലാഹുവിന്റെ പേരിൽ യാതൊന്നും കെട്ടിച്ചമക്കുന്നില്ല; അഥവാ അങ്ങനെ വല്ലതും ചെയ്തേക്കുന്നപക്ഷം, അല്ലാഹു നബി തിരുമേനിﷺയെ ഒരിക്കലും വെറുതെ വിടുകയില്ല; നിശ്ചയമായും അതികഠിനമായി ശിക്ഷിക്കുകയും ജീവഹാനി വരുത്തു

(*)* = Artery on the heart (ഹൃദയത്തിൽ നിന്ന് രക്തം കൊണ്ടുനടക്കുന്ന നാഡി.)

കയും ചെയ്യുന്നതാണ്. അങ്ങനെ അല്ലാഹു നടപടി എടുക്കുന്നപക്ഷം അത് തടയുവാൻ ആരെക്കൊണ്ടും സാധ്യവുമല്ല. എന്ന് ഈ വചനങ്ങളിൽ അല്ലാഹു വ്യക്തമായി പ്രസ്താവിക്കുന്നു.

ഒരു ഭൗതിക ഭരണകൂടത്തിന്റെ ഔദ്യോഗിക വൃത്തത്തിൽവെച്ച് ഉത്തരവാദപ്പെട്ട ഒരു വ്യക്തി ആ ഭരണാധിപന്റെ പേരിൽ വല്ലതും കെട്ടിച്ചമച്ച് പറയുന്ന പക്ഷം അത് രാജദ്രോഹവും, ഭരണഭദ്രതക്ക് ഹാനികരവുമായി ഗണിക്കപ്പെടുകയും, വമ്പിച്ച ശിക്ഷാനടപടികൾക്ക് അയാൾ വിധേയനായിത്തീരുകയും ചെയ്യുമല്ലോ. അപ്പോൾ, ദൈവിക നിയമവ്യവസ്ഥയുടെ പരമോന്നതക്കും പരിശുദ്ധതക്കും കളങ്കം ചാർത്തുമാറ് പ്രവാചകപദവിയുള്ള ഒരു ദൈവദൂതൻ അല്ലാഹുവിന്റെ പേരിൽ വല്ലതും സ്വന്തം വകയായി കെട്ടിച്ചമക്കുന്നപക്ഷം, യാതൊരു നടപടിയുമെടുക്കാതെ അദ്ദേഹത്തെ യഥേഷ്ടം വിഹരിക്കുവാൻ അല്ലാഹു വിട്ടുകളയുകയോ?! അതൊരിക്കലും സംഭവ്യമല്ല. നബി തിരുമേനിﷺ പ്രവാചകത്വം പ്രഖ്യാപിച്ചശേഷം 20ൽ പരം കൊല്ലം ജീവിച്ചു. അനേകം കെങ്കേമൻമാരായ ശത്രുക്കൾ തിരുമേനിയെ വകവരുത്തുവാൻ ഒളിഞ്ഞും തെളിഞ്ഞും ശ്രമങ്ങൾ നടത്തിക്കൊണ്ടിരുന്നു. മക്കഃയിലും മദീനഃയിലും മാത്രമല്ല, അറേബ്യായിൽ മുഴുക്കെ നബിﷺക്ക് ശത്രുക്കളുണ്ടായിരുന്നു. അവരുടെ കൈക്കുപോലും തിരുമേനിക്ക് അപായമൊന്നും സംഭവിച്ചില്ല. മാത്രമല്ല, അഭിവൃദ്ധിയിൽനിന്ന് അഭിവൃദ്ധിയിലേക്കും, വിജയത്തിൽനിന്ന് വിജയത്തിലേക്കുമായിക്കൊണ്ട് അവിടുത്തെ പ്രബോധനയാത്ര അവസാനം വരെ തുടർന്നുപോന്നു. തിരുമേനി കൊളുത്തിവെച്ച ആ സത്യപദത്തിന്റെ വെളിച്ചം ഏറെത്താമസിയാതെ വിദൂരനാടുകളിൽ ആകമാനം വ്യാപിക്കയും ചെയ്തു. നബി തിരുമേനിﷺയുടെ സത്യതക്ക് തികച്ചും മതിയായ ഒരു തെളിവാണിത്.

ഈ തെളിവ് ക്വുർആൻ മാത്രം സമർപ്പിക്കുന്ന തെളിവല്ല. ഇന്ന് നിലവിലുള്ള തൗറാത്തും ഈ തെളിവിന് സാക്ഷ്യം വഹിക്കുന്നുണ്ട്. മൂസാ നബി (അ) യോടും അല്ലാഹു പ്രസ്താവിച്ചതായി തൗറാത്തിൽ ഇങ്ങനെ കാണാം: 'നിന്നെപ്പോലെ ഒരു പ്രവാചകനെ ഞാൻ അവർക്ക് അവരുടെ സഹോദരൻമാരുടെ ഇടയിൽനിന്ന് എഴുന്നേൽപിച്ച് എന്റെ വചനങ്ങളെ അവന്റെ നാവിൻമേൽ ആക്കും; ഞാൻ അവനോട് കൽപിക്കുന്നത് ഒക്കെയും അവൻ അവരോട് പറയും. അവർ എന്റെ നാമത്തിൽ പറയുന്ന എന്റെ വചനങ്ങൾ യാതൊരുത്തനെങ്കിലും കേൾക്കാതിരുന്നാൽ അവനോട് ഞാൻ ചോദിക്കും. എന്നാൽ ഒരു പ്രവാചകൻ, ഞാൻ അവനോട് കൽപിക്കാത്ത വചനം എന്റെ നാമത്തിൽ അഹങ്കാരത്തോടെ പ്രസ്താവിക്കുകയോ, അന്യദൈവങ്ങളുടെ നാമത്തിൽ സംസാരിക്കുകയോ ചെയ്താൽ ആ പ്രവാചകൻ മരണശിക്ഷ അനുഭവിക്കണം. അത് യഹോവ അരുളിചെയ്യാത്ത വചനം എന്ന് ഞങ്ങൾ എങ്ങനെ അറിയും എന്ന് നിന്റെ ഹൃദയത്തിൽ പറഞ്ഞാൽ ഒരു പ്രവാചകൻ യഹോവയുടെ നാമത്തിൽ സംസാരിക്കുന്ന കാര്യം സംഭവിക്കയും ഒത്തുവരികയും ചെയ്യാഞ്ഞാൽ അത് യഹോവ അരുളിചെയ്തതല്ല; പ്രവാചകൻ അത് സ്വയംകൃതമായി സംസാരിച്ചതത്രെ; അവനെ പേടിക്കരുത്.' (ആ

വർത്തന പുസ്തകം 18ൽ 18 - 22.)

ഇതിൽ, മൂസാ (അ)നെപ്പോലെ ഒരു പ്രവാചകനെ അവരുടെ (ഇസ്റാ ഈല്യരുടെ) സഹോദരങ്ങൾക്കിടയിൽ നിന്ന് എഴുന്നേൽപ്പിക്കുമെന്ന് പറഞ്ഞു വല്ലോ. ഇത് ഇസ്റാഈല്യരുടെ സഹോദരവർഗമായ ഇസ്മാഈലികളിൽ (അറബികളിൽ) എഴുന്നേൽപ്പിക്കപ്പെട്ട മുഹമ്മദ് തിരുമേനിﷺയെക്കുറിച്ചാണെന്നത് വ്യക്തമാണ്. ചരിത്രസ്വഭാവങ്ങൾ വെച്ച് നോക്കുമ്പോൾ, മൂസാ നബി (അ)യോട് ഉപമിക്കാവുന്ന ഒരു പ്രവാചകൻ നബി തിരുമേനിﷺയല്ലാതെ മറ്റൊരു പ്രവാചകൻ എഴുന്നേൽപിക്കപ്പെട്ടിട്ടുമില്ല. വല്ല പ്രവാചകനും അല്ലാഹുവിന്റെ പേരിൽ കെട്ടിപ്പറയുകയോ അന്യദൈവങ്ങളുടെ നാമത്തിൽ സംസാരിക്കുകയോ ചെയ്താൽ അദ്ദേഹം കൊല്ലപ്പെടണമെന്നും അതിൽ പറഞ്ഞു. ഇത് ക്വുർആൻ ഇവിടെ പ്രസ്താവിച്ച അതേ ആശയമാണ് കുറിക്കുന്നത്. വേദക്കാർ ജൽപിക്കുന്നതുപോലെ, നബിﷺ സത്യപ്രവാചകനല്ലായിരുന്നുവെങ്കിൽ അവിടുന്ന് കൊല്ലപ്പെട്ടുപോകേണ്ടിയിരുന്നു. അത് സംഭവിച്ചില്ല. മാത്രമോ? والله يعصمك من الناس (അല്ലാഹു നിന്നെ മനുഷ്യരിൽ നിന്ന് കാത്ത് രക്ഷിക്കുന്നതാണ്) എന്ന് വാഗ്ദാനം നൽകി അല്ലാഹു നബിﷺക്ക് ധൈര്യമൂട്ടുകയും ചെയ്തു. സത്യപ്രവാചകനെ തിരിച്ചറിയുവാൻ തൗറാത്ത് നിർദ്ദേശിച്ച അടയാളം, യഹോവയുടെ (അല്ലാഹുവിന്റെ) നാമത്തിൽ സംസാരിക്കുന്ന കാര്യങ്ങൾ സംഭവിക്കുകയും ഒത്തുവരികയും ചെയ്യുക എന്നതാണല്ലോ. ഇത് നബിﷺയിൽ സാക്ഷാൽകൃതമായിട്ടുണ്ടെന്ന് തീർച്ചയാണ്. തിരുമേനിയുടെ പ്രവചനങ്ങൾ പൂർത്തിയായി പുലരാത്തതായി ഒന്നുംതന്നെ ഇതുവരെ തെളിയിക്കപ്പെട്ടിട്ടില്ല.

ആവർത്തന പുസ്തകത്തിലെ അവസാന സൂക്തത്തിൽ 'മോശെയെപ്പോലെ ഒരു പ്രവാചകൻ യിസ്റായേലിൽ പിന്നെ ഉണ്ടായിട്ടില്ല' എന്ന് പ്രഖ്യാപിച്ചിരിക്കുന്നത് കാണാം. ഈ വാചകം മൂസാ നബി (അ)യുടെ കാലത്തുള്ള തൗറാത്തിൽ ഉള്ളതല്ല- പിൽക്കാലത്ത് ആരോ എഴുതിച്ചേർത്തതാണ്- എന്ന് പ്രാഥമിക ബുദ്ധിയുള്ളവരാരും സമ്മതിക്കും. (ഇതുപോലെ വേറെ ചിലതും അതിൽ ഉണ്ട്) അത് ആർ എഴുതിച്ചേർത്തതായാലും ശരി, അതെഴുതിച്ചേർത്തകാലം വരെ മൂസാ (അ)നെപ്പോലെ ഒരു പ്രവാചകൻ ഉണ്ടായിട്ടില്ല എന്നേ അതിനർത്ഥമുള്ളൂ. അതിന്നുശേഷം ഇസ്റാഈല്യരിൽ തന്നെയോ, അല്ലെങ്കിൽ ഏതെങ്കിലും കാലത്ത് ഇസ്മാഈലികളിലോ ഉണ്ടായിട്ടില്ലെന്ന് ആ വാക്കിന് അർത്ഥമില്ല. എന്നാൽ ഈസാ നബി (അ)യുടെ കാലം വരെ ആ പ്രവാചകൻ വന്നിട്ടില്ലെന്നും, അതുവരെയും ആ പ്രവാചകന്റെ വരവ് അവർ കാത്തിരിക്കുന്നുണ്ടായിരുന്നുവെന്നും നിലവിലുള്ള ഇൻജീലിൽ നിന്നും വ്യക്തമാകുന്നു. യോഹന്നാനോട്- യഹ്യാ നബി (അ)യോട്- യഹൂദരുടെ പ്രതിനിധികൾ വന്നു ചോദ്യം ചെയ്തപ്പോൾ, അദ്ദേഹം: 'ഞാൻ ക്രിസ്തുവല്ല, ഏലിയാവുമല്ല, ആ പ്രവാചകനുമല്ല' എന്ന് മറുപടി പറഞ്ഞതായും അപ്പോൾ അവർ: 'നീ ക്രിസ്തുവല്ല; ഏലിയാവുമല്ല, ആ പ്രവാചകനുമല്ല എങ്കിൽ നീ സ്നാനം കഴിപ്പിക്കുന്നത് എന്താണെന്ന്' അവർ അദ്ദേഹത്തോട്

ചോദിച്ചതായും അതിൽ കാണാം. (യോഹന്നാന്റെ സുവിശേഷം, 1: 19 – 25)

ഇതിൽനിന്ന് രണ്ട് കാര്യങ്ങൾ വ്യക്തമാകുന്നു: (1) അവർ ഏലിയാ (إيليا) വിനും ക്രിസ്തു (عيسى)വിനും പുറമെ ഒരു പ്രത്യേക പ്രവാചകനെ (النبي) പ്രതീക്ഷിക്കുന്നുണ്ടായിരുന്നു.(2) ആ പ്രവാചകൻ അതുവരേക്കും വന്നു കഴിഞ്ഞിട്ടില്ല. ആ പ്രവാചകൻ മുഹമ്മദ് നബിﷺയല്ലാതെ മറ്റാരാണ്?! തൗറാത്തിൽ പ്രവചിക്കപ്പെട്ട ആ പ്രവാചകൻ യോശുവാ പ്രവാചകനാ (يوشع -ع)ണ് എന്ന് വേദക്കാർ പറയാറുള്ളത് ശരിയല്ലെന്ന് ഇതിൽനിന്ന് വ്യക്തമാണ്. പക്ഷേ, യഥാർത്ഥം പുലർന്നു കണ്ടാലും സത്യത്തിന്റെ നേർക്ക് കണ്ണടച്ചു ദുർന്യായങ്ങൾ പറഞ്ഞു തൃപ്തി അടയുന്നത് അസൂയക്കാരുടെ പതിവാണല്ലോ. അതില്ലായിരുന്നുവെങ്കിൽ നബി തിരുമേനിﷺയിൽ ആദ്യമായി വിശ്വസിക്കേണ്ടിയിരുന്നത് വേദക്കാരായിരുന്നു. നേരെമറിച്ച് അവർ ആദ്യമേ കണ്ണടച്ചു അവിശ്വസിക്കുകയാണുണ്ടായത്. അതുകൊണ്ടാണ് അവരെ അഭിമുഖീകരിച്ചു അല്ലാഹു ഇങ്ങനെ പറഞ്ഞതും: അതിൽ ഒന്നാമതായി അവിശ്വസിക്കുന്നവർ നിങ്ങളാവരുത്. എന്റെ ആയത്തുകൾക്ക് അല്പമായ വില വാങ്ങുകയും അരുത്. (ولا تكونوا أول كافر به الخ – البقرة:٤١)

ക്വുർആൻ മനുഷ്യസാഹിത്യമല്ല, അത് കവിതയുമല്ല, പ്രശ്നക്കാരന്റെ ഇളകിയാട്ടവുമല്ല, പിശാചിന്റെ ദുർബോധനവുമല്ല, അതിനെല്ലാം ഉപരിയായ ഒരു യഥാർത്ഥവുമാണത്. അതെ, അത് പരിപൂർണമായും ദിവ്യവചനങ്ങളാണ്. ഈ സത്യം അതിന്റെ ശത്രുക്കളിൽ പലരും ശരിക്കും മനസ്സിലാക്കിയിട്ടുണ്ടെന്നുള്ളത് ഒരു പരമാർത്ഥം മാത്രമാകുന്നു. പക്ഷേ, 49 -ാം വചനത്തിൽ കാണുന്നതുപോലെ, അവർ അതിനെ നാവുകൊണ്ടും പ്രവൃത്തികൊണ്ടും വ്യാജമാക്കുവാൻതന്നെ ഉറച്ചിരിക്കുകയാണ് എന്നേയുള്ളൂ. ചില സന്ദർഭങ്ങളിൽ, അത്തരക്കാരിൽപെട്ട ചില ആളുകളിൽനിന്ന് -മുൻകാലത്തും ഇക്കാലത്തും- ആ പരമാർത്ഥം പുറത്ത് ചാടാറുണ്ട്താനും. അടുത്ത കാലത്തെ ഒരു ഉദാഹരണം നമുക്കിവിടെ എടുത്തു കാണിക്കാം. മർഹൂം അല്ലാമാഃ സയ്യിദ് റഷീദ് റിദാ അദ്ദേഹത്തിന്റെ പ്രസിദ്ധ ഗ്രന്ഥമായ 'അൽവഹ്‌യുൽ മുഹമ്മദീ' (الوحي المحمدي)യിൽ -നിഷ്പക്ഷമതികളായ ആധുനിക ചിന്തകൻമാരിൽ ചിലർ നബിﷺയെയും ക്വുർആനെയും സംബന്ധിച്ച് അവരുടെ വിശദീകരണവും, മതിപ്പും രേഖപ്പെടുത്തിയതിനെപ്പറ്റി പ്രസ്താവിക്കുന്ന മദ്ധ്യേ- ഒരു ഭൗതികവാദിയായ ശിബ്‌ലീശുമവീൽ (شبلي شمويل) അദ്ദേഹത്തിനയച്ച ഒരു കത്ത് ഉദ്ധരിച്ചിരിക്കുന്നു. *(*)* അതിങ്ങനെയാണ്:-

'താങ്കൾ മുഹമ്മദിനെ ഒരു പ്രവാചകനെന്ന നിലക്ക് നോക്കിക്കാണുക

(*) തത്വശാസ്ത്രപണ്ഡിതനായ ഇദ്ദേഹം ആദ്യം ഒരു സിറിയൻ കത്തോലിക്ക വിഭാഗത്തിൽപെട്ട ആളായിരുന്നു. പിന്നീട് പദാർത്ഥവാദിയായിത്തീർന്നു. പ്രസിദ്ധമായ 'അൽമനാർ'(مجلة المنار) മാസികയിൽ നബി തിരുമേനിﷺയെ സംബന്ധിച്ച് താൻ എഴുതിയിരുന്ന ചില ലേഖനങ്ങൾ കണ്ട അവസരത്തിലാണ് ആ കത്ത് അദ്ദേഹം തനിക്ക് അയച്ചതെന്നും, ആ കത്ത് ▶▶

യും, അദ്ദേഹത്തെ ഒരു മഹാനായി ഗണിക്കുകയും ചെയ്യുന്നു. ഞാൻ അദ്ദേഹത്തെ ഒരു മഹാനെന്ന നിലക്ക് നോക്കിക്കാണുകയും അതിമഹാനായി ഗണിക്കുകയും ചെയ്യുന്നു. നാം മതവിശ്വാസത്തിൽ രണ്ട് പരസ്പരവിരുദ്ധമായ വശങ്ങളിലാണുള്ളതെങ്കിലും വിശാലബുദ്ധിയിലും, നിഷ്കളങ്കമായി സംസാരിക്കുന്നതിലും നാം യോജിക്കുന്നു. അത് നമുക്കിടയിൽ സ്നേഹബന്ധം കൂടുതൽ ഉറപ്പിക്കുന്നതാണ്.' പിന്നീട് തുടർന്നുകൊണ്ട് അദ്ദേഹം താഴെ കാണുന്ന ഈ കവിതയും എഴുതിയിരിക്കുന്നു:-

دَعْ مِنْ مُحَمَّد فِي سَدَى قُرْآنِه ... مَا قَدْ نَحَاءُ لِلُحْمَةِ الْغَايَاتِ

إِنِّي وَإِنْ أَكُ قَدْ كَفَرْتُ بِدِينِه ... هَلْ أَكْفُرَنَّ بِمُحْكَمِ الأَيَاتِ

أَوْ مَا حَوَتْ فِي نَاصِعِ الْأَلْفَاظِ مِن ... حِكْمٍ رَوَادِعَ لِلْهَوَى وَعِظَاتِ

وَشَرَائِعٍ لَوْ أَنَّهُمْ عَقَلُوا بِهَا ... مَا قَيَّدُوا الْعُمْرَانَ بِالْعَادَاتِ

نِعْمَ الْمُدَبِّرُ وَالْحَكِيمُ وَإِنَّهُ ... رُبَّ الْفَصَاحَةِ مُصْطَفَى الْكَلِمَاتِ

رَجُلُ الْحِجى رَجُلُ السِّيَاسَةِ والدّهى ... بَطَلٌ حَلِيفُ النَّصْرِ فِي الْغَارَاتِ

بِبَلاَغَةِ الْقُرْآن قدغَلَبَ النُّهَى ... وَبسيْفِه أَنْحَى عَلَى النهمات

مِنْ دُونِه الْأَبْطَالُ فِي كُلِّ الْوَرَى ... مِنْ سَابِقٍ أَوْ حَاضِرٍ أَوْ اتٍ

സാരം ഇങ്ങനെ സംഗ്രഹിക്കാം:

(1) മുഹമ്മദ് അദ്ദേഹത്തിന്റെ ലക്ഷ്യങ്ങൾക്കുവേണ്ടി തന്റെ ക്വുർആന്നു ഊടും പാവും കൊടുത്തിരിക്കുന്നത് താനങ്ങ് വിട്ടേക്കുക.

(2) ഞാൻ അദ്ദേഹത്തിന്റെ മതത്തിൽ അവിശ്വസിച്ചിരിക്കുകയാണെങ്കിലും, ആ പ്രബല ദൃഷ്ടാന്തങ്ങളിൽ എനിക്ക് അവിശ്വസിക്കുവാൻ സാധിക്കുമോ?!

(3) അല്ലെങ്കിൽ, തന്നിഷ്ടങ്ങളെ നിയന്ത്രിക്കുന്ന തത്വജ്ഞാനങ്ങളും, സദുപദേശങ്ങളുമായി ആ നിർമല മൊഴികളിൽ അടങ്ങിയിട്ടുള്ളതിലും,ലും, ആ പ്രബല ദൃഷ്ടാന്തങ്ങളിൽ എനിക്ക് അവിശ്വസിക്കുവാൻ സാധിക്കുമോ?!

◀◀ *അൽമനാർ 11 -ാം പുസ്തകം 1 -ാം ലക്കത്തിൽ പ്രസിദ്ധം ചെയ്തിരുന്നുവെന്നും റശീദ് റിദാ (റ) അതിൽ പ്രസ്താവിച്ചിരിക്കുന്നു.*

(4) അതിന്റെ നിയമസംഹിതയിലും എനിക്ക് അവിശ്വസിക്കാമോ?! അവയെപ്പറ്റി ജനങ്ങൾ ശരിക്ക് ഗ്രഹിച്ചിരുന്നുവെങ്കിൽ, ചില മാമൂലാചാരങ്ങൾ വഴി നാഗരികതയെ അവർ കെട്ടിക്കുടുക്കുമായിരുന്നില്ല.

(5) വളരെ നല്ല ആസൂത്രകനും, തത്വജ്ഞാനിയുത്രെ അദ്ദേഹം! വാചാലതയുടെ പ്രഭുവും വചനങ്ങളിൽ ഉത്തമഗുണം സിദ്ധിച്ചവനുമാകുന്നു.

(6) ബുദ്ധിമാൻ! ഭരണകർത്താവ്! തന്ത്രജ്ഞൻ! സമരവീരൻ! ആക്രമണങ്ങളിൽ വിജയം നേടിയവൻ!

(7) ക്വുർആന്റെ സാഹിത്യവൈഭവംകൊണ്ട് അദ്ദേഹം ബുദ്ധികളെ ജയിച്ചടക്കിയിരിക്കുന്നു; തന്റെ വാളുകൊണ്ട് ശിരസ്സുകളെ നേരിടുകയും ചെയ്തിരിക്കുന്നു.

(8) കഴിഞ്ഞുപോയവരോ, നിലവിലുള്ളവരോ, വരാനിരിക്കുന്നവരോ ആയ എല്ലാ ജനങ്ങളിലുമുള്ള വീരൻമാരും അദ്ദേഹത്തിന്റെ താഴെ മാത്രമാകുന്നു.

പരിശുദ്ധ ക്വുർആന്റെ മഹിമകളും നബിﷺയുടെ സവിശേഷ ഗുണങ്ങളും പലതും ചുരുങ്ങിയ വാക്കുകളിൽ സമർത്ഥമായി ഈ പദ്യങ്ങളിൽ അദ്ദേഹം ചൂണ്ടിക്കാട്ടിയിരിക്കുന്നു. എന്നിരുന്നാലും, അതിന്റെ ദിവ്യതയെ സമ്മതിക്കുകയോ, അതിന്റെ പ്രബോധനത്തിൽ വിശ്വസിക്കുകയോ അദ്ദേഹം ചെയ്യുന്നില്ല, ഇത് ഏറെക്കുറെ മനഃപൂർവം തന്നെയാണെന്ന വസ്തുത കവിതയുടെ ആദ്യത്തെ വരികളിൽ ഒളിഞ്ഞുകിടപ്പുണ്ടെന്ന് വേണം പറയുവാൻ. ക്വുർആൻ അല്ലാഹുവിന്റെ വചനമാണെന്ന് തുറന്ന് സമ്മതിക്കുവാൻ പദാർത്ഥവാദിയായ അദ്ദേഹത്തിന്റെ നാവിന് സാധ്യമായില്ലെന്നേയുള്ളൂ. ക്വുർആന്റെ ലക്ഷ്യങ്ങളിൽ സർവ്വപ്രധാനമായത് അല്ലാഹുവിലും പരലോകത്തിലുമുള്ള വിശ്വാസവും ബോധവും ഉണ്ടാവുകയാണല്ലോ. പക്ഷേ, ഭൗതിക കാഴ്ചപ്പാടിൽകൂടി മാത്രമാണ് താൻ ക്വുർആനെ വിലയിരുത്തുന്നതെന്നും, പാരത്രികവും ദൈവികവുമായ വശങ്ങളെ ദർശിക്കുവാൻ താൻ മിനക്കെടുന്നില്ലെന്നും ആദ്യമേ കവി ചൂണ്ടിക്കാട്ടിയിരിക്കുന്നു. അങ്ങനെ, ക്വുർആന്റെ ചില വശങ്ങളെ തുറന്ന് കാണിക്കുവാൻ നിർബന്ധിതനായ അദ്ദേഹം സ്വമനസ്സിനെ വഞ്ചിച്ചുകൊണ്ട് അതിന്റെ പ്രധാന വശങ്ങളുടെ നേരെ മൗനം ദീക്ഷിക്കുകയാണ് ചെയ്തതെന്ന് പറയേണ്ടിയിരിക്കുന്നു. ഏറെക്കുറെ ശിബ്ലീശുമവീലിന്റെ മാതൃകയിലുള്ള പ്രസ്താവനകളിറക്കുന്ന ചില മുസ്ലിം ഭൗതികവാദികളെയും കാണാറുണ്ട്. ഐഹികജീവിതത്തിന്റെ നന്മക്ക് ഉതകുന്ന ക്വുർആന്റെ നിയമനിർദ്ദേശങ്ങളെ വാനോളം പ്രശംസിക്കുകയും, അതോടൊപ്പം പാരത്രിക ജീവിതത്തെ സംബന്ധിക്കുന്ന ആദ്ധ്യാത്മിക വശങ്ങളെക്കുറിച്ച് മൗനം അവലംബിക്കുകയോ അവഗണിക്കുകയോ ചെയ്യുകയുമായിരിക്കും ഇവരുടെയും

പതിവ്. നബിﷺ ഒരിക്കൽ ഉമയ്യത്തുബ്നു അബിസ്സ്വലത്തി (أمية بن أبي الصلت) നെപ്പറ്റി പ്രസ്താവിച്ചതാണ് ഇത്തരക്കാരെക്കുറിച്ചും പറയുവാനുള്ളത്: آمن شعره ولم يؤمن قلبه (അയാളുടെ കവിത വിശ്വസിച്ചിരിക്കുന്നു: ഹൃദയം വിശ്വസിച്ചിട്ടില്ല.) ക്വുർആൻ ആർക്കാണ് ഉപയോഗപ്രദമായിത്തീരുക എന്ന് അല്ലാഹു അടുത്ത വചനത്തിൽ ചൂണ്ടിക്കാട്ടുന്നത് കാണുക:

وَإِنَّهُۥ لَتَذْكِرَةٌ لِّلْمُتَّقِينَ ﴿٤٨﴾

﴾48﴿ നിശ്ചയമായും, അത് [ക്വുർആൻ] ഭയഭക്തൻമാർക്ക് ഒരു സ്മരണയാകുന്നു.

وَإِنَّا لَنَعْلَمُ أَنَّ مِنكُم مُّكَذِّبِينَ ﴿٤٩﴾

﴾49﴿ നിശ്ചയമായും, നമുക്കറിയാം, നിങ്ങളുടെ കൂട്ടത്തിൽ ചില വ്യാജമാക്കുന്നവരുമുണ്ടെന്ന്.

وَإِنَّهُۥ لَحَسْرَةٌ عَلَى ٱلْكَٰفِرِينَ ﴿٥٠﴾

﴾50﴿ നിശ്ചയമായും, അത് അവിശ്വാസികളുടെമേൽ ഖേദ (കാരണ) വുമത്രെ.

﴾48﴿ وَإِنَّهُ നിശ്ചയമായും അത്, ഇത് لَتَذْكِرَةٌ ഒരു സ്മരണ (ഉപദേശം- ഉൽബോധനം) ആകുന്നു لِّلْمُتَّقِينَ സൂക്ഷിക്കുന്നവർക്ക്, ഭയഭക്തൻമാർക്ക് ﴾49﴿ وَإِنَّا لَنَعْلَمُ നിശ്ചയമായും നാം അറിയുന്നു, നമുക്കറിയാം أَنَّ مِنكُم നിങ്ങളിലുണ്ടെന്ന് مُّكَذِّبِينَ (ചില) വ്യാജമാക്കുന്നവർ ﴾50﴿ وَإِنَّهُ لَحَسْرَةٌ നിശ്ചയമായും അത് ഖേദം തന്നെ, സങ്കടമാണ്, ദുഃഖഹേതുവാകുന്നു عَلَى ٱلْكَٰفِرِينَ അവിശ്വാസികളുടെമേൽ

സൂക്ഷ്മത പാലിക്കുന്ന ഭയഭക്തൻമാരായ സത്യവിശ്വാസികളായിരിക്കും യഥാർത്ഥത്തിൽ ക്വുർആൻ ഉപയോഗപ്പെടുത്തുക. അതുകൊണ്ടാണ് പലപ്പോഴും 'ക്വുർആൻ ഭയഭക്തൻമാർക്ക് സ്മരണയാണ്, ഭയഭക്തൻമാർക്ക് മാർഗദർശനമാണ്' എന്നും മറ്റും അല്ലാഹു പറഞ്ഞു കാണുന്നത്. ക്വുർആനെ വ്യാജമാക്കി നിഷേധിക്കുന്നവരെപ്പറ്റി അല്ലാഹു ശരിക്കും അറിയാഞ്ഞിട്ടല്ല അവരെ തൽക്കാലം ഒഴിവാക്കിയിരിക്കുന്നത്. അറിഞ്ഞുംകൊണ്ടുതന്നെയാണത്. അതിന്റെ ഫലം അവർ അനുഭവിക്കുകതന്നെ ചെയ്യും. എന്നൊക്കെയാണ് 49 -ാം വചനത്തിന്റെ സാരം. ക്വുർആന്റെ അനുയായികൾക്ക് അത് വിജയത്തിനും മോക്ഷത്തിനും കാരണമാകുന്നതുപോലെ, അതിൽ അവിശ്വസിക്കുന്നവർക്ക് അത് ഖേദത്തിനും ദുഃഖത്തിനും കാരണമായിത്തീരുന്നു. ക്വുർആൻ മുഖേന സജ്ജനങ്ങൾക്ക് ലഭിക്കുന്ന നേട്ടങ്ങൾ കാണുമ്പോൾ വിശേഷിച്ചും അവർ തങ്ങളെപ്പറ്റി ഖേദിക്കുമല്ലോ. ഇതാണ് 50 -ാം വചനത്തിൽ ചൂണ്ടിക്കാട്ടുന്നത്. വേദഗ്രന്ഥവും റസൂലും അവർക്ക് വന്നു കഴിഞ്ഞിട്ടില്ലായിരുന്നുവെങ്കിൽ അതിന്റെ പേരിൽ അവർക്ക് ഒരു വിധത്തിൽ

ഒഴിവുകഴിവ് സമർപ്പിച്ചു നോക്കാമായിരുന്നു. ക്വുർആനും റസൂലും വന്നുകഴിഞ്ഞതുകൊണ്ട് എനി അതിനുള്ള പഴുതും അടഞ്ഞുപോയിരിക്കയാണ്. (20: 134: 28: 47 മുതലായവ നോക്കുക.)

وَإِنَّهُۥ لَحَقُّ ٱلۡيَقِينِ ﴿٥١﴾

《51》 നിശ്ചയമായും, ഇത് ദൃഢമായ യഥാർത്ഥമാകുന്നു.

فَسَبِّحۡ بِٱسۡمِ رَبِّكَ ٱلۡعَظِيمِ ﴿٥٢﴾

《52》 ആകയാൽ, നീ നിന്റെ മഹാനായ റബ്ബിന്റെ നാമത്തിൽ 'തസ്ബീഹ്' [സ്തോത്രകീർത്തനം] ചെയ്തുകൊള്ളുക.

《51》 وَإِنَّهُۥ നിശ്ചയമായും ഇത്, അത് لَحَقُّ യാഥാർത്ഥം, (സത്യം- കാര്യം, പരമാർത്ഥം) തന്നെ ٱلۡيَقِينِ ദൃഢ (ഉറപ്പായ) 《52》 فَسَبِّحۡ ആകയാൽ തസ്ബീഹ് (സ്തോത്രകീർത്തനം) ചെയ്യുക, പരിശുദ്ധപ്പെടുത്തുക بِٱسۡمِ رَبِّكَ നിന്റെ റബ്ബിന്റെ നാമത്തിൽ, നാമത്തെ ٱلۡعَظِيمِ മഹാനായ

സൂറത്തുൽ- വാക്വിഅഃ (سورة الواقعة)യുടെ അവസാനത്തെ രണ്ട് വചനങ്ങളും അവയുടെ വിവരണവും ഇവിടെയും ഓർക്കുക.

ولله الحمد والمنة

سورة المعارج

70. സൂറത്തുൽ മആരിജ്

മക്കഃയിൽ അവതരിച്ചത് - വചനങ്ങൾ 44 - വിഭാഗം (റുകൂഉ്) 2

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ

പരമകാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

سَأَلَ سَآئِلٌۢ بِعَذَابٍ وَاقِعٍ ۝١

﴾1﴿ സംഭവി(ക്കുവാനിരി)ക്കുന്ന ശിക്ഷയെ ഒരു ചോദ്യകർത്താവ് ചോദിച്ചാവശ്യപ്പെടുകയാണ്,-

لِّلْكَٰفِرِينَ لَيْسَ لَهُۥ دَافِعٌ ۝٢

﴾2﴿(അതെ) അവിശ്വാസികൾക്ക് (സംഭവിക്കുന്നത്); അതിനെ തടുക്കുന്നതൊന്നും (തന്നെ) ഇല്ല,-

مِّنَ ٱللَّهِ ذِى ٱلْمَعَارِجِ ۝٣

﴾3﴿ കയറിപ്പോകുന്ന സ്ഥാനങ്ങളുടെ അധിപനായ അല്ലാഹുവിൽനിന്ന് (സംഭവിക്കുന്നത്).

تَعْرُجُ ٱلْمَلَٰٓئِكَةُ وَٱلرُّوحُ إِلَيْهِ فِى يَوْمٍ كَانَ مِقْدَارُهُۥ خَمْسِينَ أَلْفَ سَنَةٍ ۝٤

﴾4﴿ മലക്കുകളും 'റൂഹും' [ആത്മാവും] അവങ്കലേക്ക് കയറിപ്പോകുന്നു, -അമ്പതിനായിരം കൊല്ലം വലുപ്പം ഉള്ളതായ ഒരു ദിവസത്തിൽ!

فَٱصْبِرْ صَبْرًا جَمِيلًا ۝٥

﴾5﴿എന്നാൽ (നബിയേ), നീ ഭംഗിയായ ക്ഷമ കൈ കൊള്ളുക.

إِنَّهُمْ يَرَوْنَهُۥ بَعِيدًا ﴿٦﴾

﴿6﴾ നിശ്ചയമായും അവർ അതിനെ വിദൂരമായ ഒന്നായി കാണുന്നു;

وَنَرَىٰهُ قَرِيبًا ﴿٧﴾

﴿7﴾ നാം അതിനെ അടുത്തതായും കാണുന്നു.

﴿1﴾ سَأَلَ ചോദിച്ചു (ആവശ്യപ്പെട്ടു) سَآئِلٌ ഒരു ചോദിക്കുന്നവൻ, ചോദ്യകർത്താവ് (ഒരാൾ) بِعَذَابٍ ശിക്ഷയെ, ശിക്ഷക്ക് وَاقِعٍ സംഭവിക്കുന്ന ﴿2﴾ لِّلْكَٰفِرِينَ അവിശ്വാസികൾക്ക് لَيْسَ لَهُ അതിനില്ല دَافِعٌ തടുക്കുന്നതൊന്നും, ഒരു തടവും ﴿3﴾ مِّنَ ٱللَّهِ അല്ലാഹുവിങ്കൽനിന്ന് ذِي ٱلْمَعَارِجِ കയറുന്ന മാർഗങ്ങളുടെ (ആരോഹണസ്ഥാനങ്ങളുടെ- സോപാനങ്ങളുടെ- പദവികളുടെ) ഉടമയായ (അധിപനായ) ﴿4﴾ تَعْرُجُ കയറുന്നു, ആരോഹണം ചെയ്യും ٱلْمَلَٰٓئِكَةُ മലക്കുകൾ وَٱلرُّوحُ റൂഹും (ആത്മാവും) إِلَيْهِ അവങ്കലേക്ക് فِي يَوْمٍ ഒരു ദിവസത്തിൽ كَانَ مِقْدَارُهُ അതിന്റെ തോത് (അളവ്- വലുപ്പം- കണക്ക്) ആകുന്നു خَمْسِينَ أَلْفَ അമ്പതിനായിരം سَنَةٍ കൊല്ലം ﴿5﴾ فَٱصْبِرْ എന്നാൽ ക്ഷമിക്കുക صَبْرًا جَمِيلًا ഭംഗിയായ (നല്ല) ക്ഷമ ﴿6﴾ إِنَّهُمْ يَرَوْنَهُ നിശ്ചയമായും അവർ അതിനെ കാണുന്നു بَعِيدًا വിദൂരമാണെന്ന്, ദൂരപ്പെട്ടതായി ﴿7﴾ وَنَرَىٰهُ നാമതിനെ കാണുകയും ചെയ്യുന്നു قَرِيبًا അടുത്തതായി

വാചകഘടനയിൽ പരസ്പരം ബന്ധപ്പെട്ടുകൊണ്ടുള്ള ഈ മൂന്ന് വചനങ്ങൾക്കും കൂടി ഒന്നിച്ച് ഇങ്ങനെ അർത്ഥം നൽകാം: കയറിപ്പോകുന്ന സ്ഥാനങ്ങളുടെ അധിപനായ അല്ലാഹുവിന്റെ ഭാഗത്തുനിന്നുള്ള യാതൊരുവിധ തടവും ഉണ്ടായിരിക്കാത്ത അവിശ്വാസികൾക്ക് സംഭവിക്കാനിരിക്കുന്ന ശിക്ഷയെ ഒരാൾ ചോദിച്ചാവശ്യപ്പെടുകയാണ്. വ്യാഖ്യാനം താഴെ വരുന്നുണ്ട്.

المعارج (മആരിജ്) എന്ന വാക്കിന് 'കയറുന്ന സ്ഥാനങ്ങൾ' എന്നത്രെ വാക്കർത്ഥം. കോണിപ്പടികൾ, സോപാനങ്ങൾ, ഉയർന്നപദവികൾ, ആരോഹണ മാർഗങ്ങൾ എന്നിങ്ങനെ പല അർത്ഥങ്ങളും അതുകൊണ്ട് ഉദ്ദേശിക്കപ്പെടുകയും ചെയ്യാം. എന്നാൽ അല്ലാഹുവിന്റെ വിശേഷണമായി 'കയറിച്ചെല്ലുന്ന സ്ഥാനങ്ങളുടെ അധിപൻ(ذي المعارج)' എന്ന് പറഞ്ഞതിന്റെ വ്യാഖ്യാനത്തിൽ ഒന്നിലധികം അഭിപ്രായങ്ങളുണ്ട്. ഇവിടെ المعارج കൊണ്ടുദ്ദേശ്യം ആകാശങ്ങളാണെന്നും, ആകാശങ്ങളിൽ മലക്കുകൾ കയറിപ്പോകുന്ന പ്രത്യേകസ്ഥാനങ്ങളാണെന്നും, ഉയർന്ന പദവികൾ എന്നാണെന്നും മറ്റുമാണ് ആ അഭിപ്രായങ്ങൾ. എന്നാൽ, തൊട്ടവചനത്തിൽ, ആ വാക്കിന്റെ വിശദീകരണമെന്നോണം 'മലക്കുകളും റൂഹും അവനിലേക്ക് കയറിച്ചെല്ലുന്നു'(تعرج الملئكة والروح اليه) എന്ന് പറഞ്ഞിരിക്കകൊണ്ട് മലക്കുകൾ കയറിച്ചെല്ലുന്ന സ്ഥാനങ്ങൾ എന്ന് വെക്കുന്നതിനാണ് കൂടുതൽ ന്യായം

കാണുന്നത്. അഥവാ ആകാശലോകങ്ങളിൽ മലക്കുകൾക്ക് കയറിച്ചെല്ലാവുന്നതും ഓരോരുത്തരുടെയും നിലപാടനുസരിച്ച് വ്യത്യസ്ത പദവികളോടു കൂടിയതുമായ സ്ഥാനങ്ങളായിരിക്കാം അവ. വാസ്തവം അല്ലാഹുവിനറിയാം.

'റൂഹ്' (الروح) കൊണ്ടുദ്ദേശ്യം ജിബ്‌രീൽ (അ) എന്ന മലക്കാണെന്നാണ് അധിക വ്യാഖ്യാതാക്കളുടെയും അഭിപ്രായം. ജിബ്‌രീലിനെ ഉദ്ദേശിച്ചു 'റൂഹ്' എന്ന് പറയപ്പെടാറുണ്ട്, ക്വുർആനിലും അങ്ങനെ ഉപയോഗിച്ചിരിക്കുന്നു. (സൂ: ശുഅറാഉ്, 193 ഉം വ്യാഖ്യാനവും നോക്കുക.) അപ്പോൾ, മലക്കുകളുടെ കൂട്ടത്തിൽ പ്രമുഖൻ അദ്ദേഹമായതുകൊണ്ട് മലക്കുകളെപ്പറ്റി മൊത്തത്തിൽ പ്രസ്താവിച്ച ശേഷം അദ്ദേഹത്തിന്റെ പേർ പ്രത്യേകം എടുത്തുപറഞ്ഞതായിരിക്കാം. മനുഷ്യാത്മാക്കളാണ് അതുകൊണ്ടുദ്ദേശ്യമെന്നത്രെ മറ്റൊരു അഭിപ്രായം. വേറെയും അഭിപ്രായമുണ്ട്. അമ്പതിനായിരം കൊല്ലത്തെ വലുപ്പമുള്ള ദിവസം (يوم كان مقداره خمسين ألف سنة) എന്ന് പറഞ്ഞത് ക്വിയാമത്ത് നാളാകുന്നു. തുടർന്നുള്ള ആയത്തുകൾ വായിക്കുമ്പോൾ ഇത് മനസ്സിലാകുന്നതാണ്. കൂടാതെ, നബിവചനങ്ങളിൽനിന്ന് ഇത് വ്യക്തമായും മനസ്സിലാക്കാം. നബിﷺ അരുളിച്ചെയ്തതായി അബൂഹുറയ്റഃ (റ) ഉദ്ധരിച്ച ഒരു ഹദീഥിൽ ഇപ്രകാരം കാണാവുന്നതാണ്: 'കടമകൾ നിറവേറ്റാതെ ധനം നിക്ഷേപിച്ചുവെക്കുന്നവന്റെ ധനം തകിടുകളാക്കി നരകാഗ്നിയാൽ ചുട്ടുപഴുപ്പിച്ച് അവന്റെ നെറ്റിയും ഭാഗങ്ങളും മുതുകും അതുകൊണ്ട് പൊള്ളിക്കും. നിങ്ങൾ എണ്ണിവരുന്ന അമ്പതിനായിരം കൊല്ലത്തെ വലുപ്പമുള്ള ഒരു ദിവസം അല്ലാഹു അവന്റെ അടിയാൻമാർക്കിടയിൽ വിധികൽപിക്കുന്നതു വരേക്കും അതങ്ങിനെയിരിക്കും. പിന്നെ അവന്റെ വഴി ഒന്നുകിൽ സ്വർഗത്തിലേക്കോ അല്ലെങ്കിൽ നരകത്തിലേക്കോ അവൻ കാണും.' (അ; മു.)

എന്നാൽ, സത്യവിശ്വാസികളെ സംബന്ധിച്ചിടത്തോളം, ആ ദിവസത്തിന്റെ വമ്പിച്ച ദൈർഘ്യം അവർക്ക് ഒരു സാധാരണ നിർബന്ധനമസ്കാരത്തിന്റെ സമയത്തക്കാൾ ലഘൂകരിക്കപ്പെടുന്നതാണെന്ന് അഹ്മദും ബൈഹക്വീയും (റ) മറ്റും ഉദ്ധരിച്ച ഹദീഥുകളിൽ വന്നിട്ടുണ്ട്. അപ്പോൾ, അമ്പതിനായിരം കൊല്ലത്തെ വലുപ്പം എന്ന് പറഞ്ഞതിന്റെ താൽപര്യം, അവിശ്വാസികളെ സംബന്ധിച്ചിടത്തോളം ആ ദിവസം അത്രയും ദൈർഘ്യം തോന്നുന്നതും, വിഷമം നിറഞ്ഞതുമാണ് എന്നായിരിക്കും. അതല്ല, ശരിക്കും കൃത്യമായ അമ്പതിനായിരം കൊല്ലം തന്നെയാണുദ്ദേശ്യമെന്നും വരാവുന്നതാണ്. വാസ്തവം അല്ലാഹുവിനറിയാം. സൂ: സജദഃയിൽ അല്ലാഹു ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു: 'അവൻ ആകാശത്തുനിന്ന് ഭൂമിയിലേക്ക് കാര്യം നിയന്ത്രിച്ചുവരുന്നു. പിന്നീട് നിങ്ങൾ എണ്ണിവരുന്ന ആയിരം കൊല്ലം വലുപ്പമുള്ള ഒരു ദിവസത്തിൽ അത് അവങ്കലേക്ക് കയറി (ഉയർന്ന്) പോകുന്നു.' يدبر الأمر من السماء –إلى قوله ألف سنة مما تعدون– السجدة:٥ ഈ രണ്ട് വചനങ്ങളും ക്വിയാമത്ത് നാളിനെ സംബന്ധിച്ചുതന്നെയാണുള്ളത്. ആ നാളിലെ ചില വ്യത്യസ്ത ഘട്ടങ്ങളെയാണ് ഇത് കുറിക്കുന്നതെന്നത്രെ ചില വ്യാഖ്യാതാക്കളുടെ അഭിപ്രായം. ആയിരം കൊല്ലമെന്നും, അമ്പതിനായിരം കൊല്ലമെന്നും

പറഞ്ഞിരിക്കുന്നതിനെപ്പറ്റി ഒരാൾ ഇബ്നു അബ്ബാസ് (റ)നോട് ചോദിക്കുകയുണ്ടായെന്നും, അദ്ദേഹം ഇപ്രകാരം മറുപടി നൽകിയെന്നും ഇബ്നുജരീർ (റ) ഉദ്ധരിച്ചിരിക്കുന്നു: هما يومان ذكرهما الله الله أعلم بهما واكره أن أقول في كتاب الله بما لا أعلم (സാരം: അങ്ങനെ രണ്ട് ദിവസങ്ങളെപ്പറ്റി അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. അവയെപ്പറ്റി അല്ലാഹുവിനറിയാം. അല്ലാഹുവിന്റെ കിത്താബിൽ എനിക്ക് അറിയാത്തതിനെക്കുറിച്ച് പറയുവാൻ ഞാൻ മടിക്കുന്നു.) നമുക്കും ഇവിടെ പറയുവാനുള്ളത് ഇതു തന്നെ. സൂ: സജദഃ 5 -ാം വചനത്തിന്റെ വ്യാഖ്യാനത്തിൽ പ്രസ്താവിച്ച സംഗതികൾ ഇവിടെയും ഓർക്കുക.

ഇതുപോലെത്തന്നെ മലക്കുകളും റൂഹും- അഥവാ ജിബ്രീലും അല്ലെങ്കിൽ മനുഷ്യാത്മാവും- അല്ലാഹുവിങ്കലേക്ക് കയറിച്ചെല്ലും എന്ന് പറഞ്ഞതിന്റെ താൽപര്യവും എന്താണെന്ന് നമുക്ക് തിട്ടപ്പെടുത്തിപറയുവാൻ സാധ്യമല്ല. സൂ: സജദഃയിലെ ആയത്തിൽ 'പിന്നീട് ആയിരംകൊല്ലം വലുപ്പമുള്ള ഒരു ദിവസം കാര്യം അല്ലാഹുവിങ്കലേക്ക് കയറുന്നു' എന്ന് പറഞ്ഞുവല്ലോ. സൂ: ഫാത്വിറിൽ 'നല്ല വാക്കുകൾ അവങ്കലേക്ക് കയറുന്നു, സൽക്കർമത്തെ അവങ്കലേക്ക് ഉയർത്തുകയും ചെയ്യുന്നു' (اليه يصعد الكلم الطيب الخ-فاطر: ١٠) എന്ന് പറഞ്ഞിരിക്കുന്നു. ഈ രണ്ട് വചനങ്ങളും അവയുടെ വ്യാഖ്യാനത്തിൽ വായിച്ച സംഗതികളും ഇവിടെയും ഓർക്കുന്നത് നന്നായിരിക്കും. സൂ: ഹൂദ് 123ൽ وإليه يرجع الأمر كله (കാര്യങ്ങളെല്ലാം അവങ്കലേക്ക് മടക്കപ്പെടുന്നു) എന്ന് പറഞ്ഞിട്ടുള്ളതും പ്രസ്താവ്യമാകുന്നു. 'മലക്കുകളും റൂഹും അവങ്കലേക്ക് കയറും' എന്ന വചനത്തിന്റെ താൽപര്യം മനസ്സിലാക്കുന്നതിന് ഇതെല്ലാം സഹായകമായിത്തീരുന്നതാണ്. അന്തിമമായ നടപടിയുടെയും തീരുമാനത്തിന്റെയും ദിവസമാണല്ലോ ക്വിയാമത്ത് നാൾ. അന്ന് മലക്കുകളും ആത്മാക്കളുമെല്ലാം അല്ലാഹുവിന്റെ തിരുസന്നിധിയിൽ ഹാജരാകുമെന്നുള്ളതിൽ സംശയമില്ല.

വളരെ വിചിത്രമായ ഒരു വ്യാഖ്യാനം ചില പുത്തൻ വ്യാഖ്യാനക്കാർ ഇവിടെ നടത്തിക്കാണുന്നു. മനുഷ്യന്റെ പുരോഗമനം ഇവിടംകൊണ്ടവസാനിക്കുന്നില്ല, മരണാനന്തരവും അവൻ പുരോഗമിച്ചുകൊണ്ടേയിരിക്കും,അങ്ങനെ ഒരു അമ്പതിനായിരം കൊല്ലം -അഥവാ ദീർഘമായ ഒരു കാലം- കൊണ്ട് അവൻ പുരോഗമിച്ചു അല്ലാഹുവിങ്കലെത്തിച്ചേരും, ഇതിൽ മലക്കുകൾ അവനെ സഹായിച്ചുകൊണ്ടുമിരിക്കും.'എന്നൊക്കെയാണ് മലക്കുകളും റൂഹും അല്ലാഹുവിലേക്ക് കയറിച്ചെല്ലും' എന്ന വാക്യത്തിന് ഇവർ നൽകുന്ന വ്യാഖ്യാനം. പുരോഗമനവാദികളാണെന്ന് സ്വയം അഭിമാനിക്കുന്നവരുടെ ദൃഷ്ടിയിൽ ഈ വ്യാഖ്യാനം ഒരു പക്ഷേ രസകരമായിത്തോന്നാമെങ്കിലും, സത്യാന്വേഷികൾക്ക് ഇതിനോട് യോജിക്കുവാൻ മാർഗം കാണുന്നില്ല. കാരണം, ഈ വ്യാഖ്യാനം മനുഷ്യനെ അല്ലാഹുവിനോളം ഉയർത്തുകയും, അതേ സമയത്ത് അല്ലാഹുവിനെ മനുഷ്യനിലേക്ക് താഴ്ത്തുകയുമാണ് ചെയ്യുന്നതെന്ന് അൽപം ആലോചിച്ചാൽ അറിയാവുന്നതാണ്. (معاذ الله) എത്രതന്നെ- എത്രകാലംതന്നെ- പുരോഗമിച്ചുകൊണ്ടിരുന്നാലും അല്ലാഹുവിന്റെ സ്ഥാനം പ്രാപിക്കുവാൻ മനുഷ്യനാകട്ടെ, മറ്റാർക്കെങ്കി

ലുമാകട്ടെ സാധ്യമല്ലതന്നെ. (تعالى الله عن ذلك) 'പുരോഗമനം' എന്ന വാക്ക് ഉരുവിടുന്നതുപോലും ഒരു പുരോഗമനമായി കരുതുന്ന ഇത്തരക്കാരെപ്പറ്റി നമുക്ക് ഇതേ പറയുവാനുള്ളൂ وما قدروا الله حق قدره (അവർ അല്ലാഹുവിനെ കണക്കാക്കേണ്ട പ്രകാരം അവനെ കണക്കാക്കിയില്ല)

അവിശ്വാസികൾക്ക് ക്വിയാമത്തുനാളിൽ അല്ലാഹുവിങ്കൽനിന്ന് ശിക്ഷ ലഭിക്കുന്നതാണെന്നും, അത് തടയുവാൻ ആരാലും സാധ്യമല്ലെന്നും നബിﷺ താക്കീത് ചെയ്യുന്നതിനെ പരിഹസിച്ചുകൊണ്ട് അങ്ങനെയുണ്ടെങ്കിൽ ആ ശിക്ഷ ഇപ്പോൾതന്നെ ഒന്ന് കാണട്ടെ എന്ന് മുശ്രിക്കുകൾ ആവശ്യപ്പെട്ടിരുന്നു. 'അല്ലാഹുവേ! ഇവൻ പറയുന്ന ഇതൊക്കെത്തന്നെയാണ് പരമാർത്ഥമെങ്കിൽ നീ കല്ലുമഴ വർഷിപ്പിക്കുകയോ, വേദനയേറിയ ഏതെങ്കിലും ശിക്ഷ ഞങ്ങൾക്ക് തരുകയോ ചെയ്തേക്കുക!' എന്ന് അവിശ്വാസികൾ പറഞ്ഞതായി സൂ: അൻഫാൽ 32 ൽ അല്ലാഹു വ്യക്തമാക്കിയിട്ടുണ്ട്. ഇങ്ങനെയുള്ള അവരുടെ പരിഹാസ ചോദ്യങ്ങളെക്കുറിച്ചാണ് ഈ സൂറത്തിന്റെ ആദ്യവചനം മുതൽക്കുള്ള സംസാരം. സന്ദർഭവശാൽ ഇടക്കുവെച്ച് അതുമായി ബന്ധപ്പെട്ട വിഷയങ്ങളെന്ന നിലക്ക് മറ്റു ചില വസ്തുതകളും വിവരിച്ചു. അതിനുശേഷം, അവിശ്വാസികളുടെ അത്തരം പരിഹാസവാക്കുകളെക്കുറിച്ച് ഒട്ടും അസ്വാസ്ഥ്യപ്പെടരുതെന്നും, നല്ലപോലെ ക്ഷമ കൈകൊള്ളണമെന്നും നബിﷺയെ ഉപദേശിച്ചു. അവർ അങ്ങനെ പരിഹസിക്കുവാനും ശിക്ഷക്ക് ധൃതി കൂട്ടുവാനും കാരണം, അത് വളരെ വിദൂരവും അസംഭവ്യവുമായി അവർ കരുതുന്നതുകൊണ്ടാണെന്നും, എന്നാൽ അല്ലാഹുവിന്റെ അടുക്കൽ അത് ഒട്ടും വിദൂരമോ പ്രയാസപ്പെട്ടതോ അല്ലെന്നും പറഞ്ഞു നബിﷺയെ സമാധാനിപ്പിക്കുകയും ചെയ്തു. തുടർന്നുകൊണ്ട് അവർ പരിഹസിച്ച് ധൃതികൂട്ടിക്കൊണ്ടിരിക്കുന്ന ആ ശിക്ഷയുടെയും, അത് സംഭവിക്കുന്ന ആ ദിവസത്തിന്റെയും ഗൗരവങ്ങളെക്കുറിച്ച് അല്ലാഹു താക്കീത് ചെയ്യുന്നു:-

يَوْمَ تَكُونُ السَّمَاءُ كَالْمُهْلِ ﴿٨﴾

﴾8﴿ ആകാശം എണ്ണക്കീടം (അഥവാ ലോഹ ദ്രാവകം) പോലെ ആയിത്തീരുന്ന ദിവസം. (അന്നാണ് ആ ശിക്ഷ സംഭവിക്കുക.)

وَتَكُونُ الْجِبَالُ كَالْعِهْنِ ﴿٩﴾

﴾9﴿ പർവ്വതങ്ങൾ കടഞ്ഞരോമം പോലെ ആയിത്തീരുകയും ചെയ്യുന്ന (ദിവസം).

وَلَا يَسْأَلُ حَمِيمٌ حَمِيمًا ﴿١٠﴾

﴾10﴿ ഒരു ഉറ്റബന്ധുവും (മറ്റ്) ഒരു ഉറ്റ ബന്ധുവിനോട് (ഒന്നും) ചോദിക്കുന്നതുമല്ല.

يُبَصَّرُونَهُمْ ۚ يَوَدُّ ٱلْمُجْرِمُ لَوْ يَفْتَدِى مِنْ عَذَابِ يَوْمِئِذٍۭ بِبَنِيهِ ﴿١١﴾

وَصَٰحِبَتِهِۦ وَأَخِيهِ ﴿١٢﴾

وَفَصِيلَتِهِ ٱلَّتِى تُـْٔوِيهِ ﴿١٣﴾

وَمَن فِى ٱلْأَرْضِ جَمِيعًا ثُمَّ يُنجِيهِ ﴿١٤﴾

《11》 അവർക്ക് അവരെ കാണിക്കപ്പെടും. (എന്നാലും പരസ്പരം അവർ അന്വേഷിക്കയില്ല.) കുറ്റവാളിയായുള്ളവൻ കൊതിക്കും; തന്റെ മക്കളെ (പ്രായശ്ചിത്തമാക്കി)ക്കൊണ്ട് അന്നത്തെ ശിക്ഷയിൽനിന്ന് താൻ മോചനം നേടിയിരുന്നെങ്കിൽ (നന്നായേനേ)!-

《12》 (മാത്രമല്ല) തന്റെ സഹധർമിണിയെയും, തന്റെ സഹോദരനെയും കൊണ്ടും;-

《13》 തനിക്ക് (രക്ഷാ) സങ്കേതം നൽകിയിരുന്ന തന്റെ ബന്ധുകുടുംബങ്ങളെകൊണ്ടും,-

《14》 (അത്രയുമല്ല) ഭൂമിയിലുള്ളവരെ മുഴുവൻകൊണ്ടും, എന്നിട്ട് (പോലും) അതവനെ രക്ഷപ്പെടുത്തിയിരുന്നെങ്കിൽ (നന്നായേനേ എന്ന് കൊതിക്കും)!

《8》 يَوْمَ تَكُونُ ആയിത്തീരുന്ന ദിവസം ٱلسَّمَآءُ ആകാശം كَٱلْمُهْلِ എണ്ണക്കീടം പോലെ, ലോഹദ്രാവകം പോലെ 《9》 وَتَكُونُ ٱلْجِبَالُ പർവ്വതങ്ങൾ ആയിത്തീരുകയും كَٱلْعِهْنِ രോമത്തൂൾ (കടഞ്ഞരോമം, കടഞ്ഞ ചായം മുക്കിയ രോമം) പോലെ 《10》 وَلَا يَسْـَٔلُ ചോദിക്കുകയുമില്ല حَمِيمٌ ഒരു ഉറ്റബന്ധുവും, ചങ്ങാതിയും حَمِيمًا ഒരു ഉറ്റബന്ധുവോട് 《11》 يُبَصَّرُونَهُمْ അവർക്ക് അവരെ കാട്ടികൊടുക്കപ്പെടും (കാണുമാറാക്കും) يَوَدُّ കൊതിക്കും, മോഹിക്കും ٱلْمُجْرِمُ കുറ്റവാളി, മഹാപാപി لَوْ يَفْتَدِى അവൻ മോചനം നേടിയിരുന്നെങ്കിൽ, തെണ്ടം നൽകാമായിരുന്നെങ്കിൽ (എന്ന്) مِنْ عَذَابِ ശിക്ഷയിൽ നിന്ന് يَوْمِئِذٍ അന്നത്തെ بِبَنِيهِ തന്റെ മക്കളെകൊണ്ട് 《12》 وَصَٰحِبَتِهِ അവന്റെ കൂട്ടുകാരി (സഹധർമിണി- ഭാര്യ)യെയും وَأَخِيهِ തന്റെ സഹോദരനെയും 《13》 وَفَصِيلَتِهِ അവന്റെ ബന്ധുകുടുംബങ്ങളെയും ٱلَّتِى تُـْٔوِيهِ അവന് സങ്കേതം (രക്ഷ- അഭയം) നൽകുന്നതായ 《14》 وَمَن فِى ٱلْأَرْضِ ഭൂമിയിലുള്ളവരെയും جَمِيعًا മുഴുവനും ثُمَّ പിന്നെ (എന്നിട്ട്) يُنجِيهِ അതവനെ രക്ഷപ്പെടുത്തിയിരുന്നു (വെങ്കിൽ എന്ന്)

കുറ്റവാളികളായ ദുർജനങ്ങളെ സംബന്ധിച്ചിടത്തോളം ആ ദിവസത്തിലെ ഭയങ്കരതയും സംഭവവികാസങ്ങളും എന്തുമാത്രമായിരിക്കുമെന്ന് അല്ലാഹു ചൂണ്ടിക്കാട്ടുകയാണ്. ഓരോരുത്തന്നും അവന്റെ കാര്യം മാത്രമല്ലാതെ, മറ്റുള്ളവരെപ്പറ്റി വല്ല വിചാരമോ അന്വേഷണമോ ഉണ്ടായിരിക്കയില്ല. താനല്ലാത്തവരെ മുഴുവൻ ബലികൊടുത്തിട്ടെങ്കിലും തനിക്ക് രക്ഷകിട്ടിയാൽ മതിയായിരുന്നുവെന്നായിരിക്കും ഓരോരുത്തനും കൊതിക്കുക. പക്ഷേ, ഫലമെന്ത്?! അല്ലാഹു നമ്മെ കാത്തുരക്ഷിക്കട്ടെ, ആമീൻ. അല്ലാഹു പറയുന്നു:

كَلَّآ إِنَّهَا لَظَىٰ ﴿١٥﴾

﴾15﴿ അതുവേണ്ടാ [ആ കൊതി വേണ്ടാ]! നിശ്ചയമായും, അത് ലഭ്യാ [ആളിക്കത്തുന്ന നരകം] ആകുന്നു!

نَزَّاعَةً لِّلشَّوَىٰ ﴿١٦﴾

﴾16﴿ തലയുടെ തൊലി (ഉരിച്ചു) നീക്കുന്നത്!-

تَدْعُوا۟ مَنْ أَدْبَرَ وَتَوَلَّىٰ ﴿١٧﴾

﴾17﴿ പിന്നോക്കം പോകുകയും തിരിഞ്ഞുകളയുകയും ചെയ്തവരെ അത് വിളിക്കും,-

وَجَمَعَ فَأَوْعَىٰ ﴿١٨﴾

﴾18﴿ ശേഖരിച്ചു കൂട്ടുകയും എന്നിട്ട് (ചിലവഴിക്കാതെ) സൂക്ഷിച്ചുവെക്കുകയും ചെയ്ത (വരെ).

﴾15﴿ كَلَّآ അങ്ങനെയല്ല, അതുവേണ്ടാ إِنَّهَا നിശ്ചയമായും അത് لَظَىٰ 'ലഭ്യാ'യാണ് (ആളിക്കത്തുന്ന നരകമാണ്) ﴾16﴿ نَزَّاعَةً നീക്കി (ഉരിച്ചു) കളയുന്നതായിട്ട് لِّلشَّوَىٰ തലയുടെ തൊലിയെ, ചർമങ്ങളെ, തലയോട്ടിനെ ﴾17﴿ تَدْعُوا۟ അത് വിളിക്കും مَنْ أَدْبَرَ പിന്നോക്കം പോയവനെ وَتَوَلَّىٰ തിരിഞ്ഞുകളയുകയും ചെയ്തു ﴾18﴿ وَجَمَعَ ശേഖരിക്കുക (ഒരുമിച്ചുകൂട്ടുക)യും ചെയ്തു فَأَوْعَىٰ എന്നിട്ട് സൂക്ഷിച്ചുവെച്ച (പാത്രത്തിലാക്കിവെച്ച)

സാരം: അങ്ങനെയുള്ള വ്യാമോഹങ്ങളൊന്നും വേണ്ടാ. അതുകൊണ്ടൊന്നും ഫലമില്ല. കുറ്റവാളികൾക്ക് ലഭിക്കുവാൻപോകുന്നത് കത്തിജ്വലിക്കുന്ന നരകം മാത്രമാണ്. അത് അവരുടെ തലയുടെ തൊലി- അഥവാ ശരീരത്തിന്റെ പുറഭാഗങ്ങളൊക്കെ -ഉരിച്ചുകളയും. കുറ്റവാളികളെ രക്ഷപ്പെടുവാനോ ഒഴിഞ്ഞുമാറുവാനോ അത് വിടുകയില്ല. അവരെ അത് തന്നിലേക്ക് വിളിച്ചുവരുത്തുകതന്നെ ചെയ്യും.

الشوى(ശവാ) എന്ന പദത്തിന് 'തലയുടെ തൊലി, തലയോട്, ചർമങ്ങൾ' എന്നൊക്കെ അർത്ഥങ്ങൾ പറയപ്പെട്ടിട്ടുണ്ട്. ഏതർത്ഥമെടുത്താലും ഉദ്ദേശ്യം വ്യക്തംതന്നെ. കുറ്റവാളികളെക്കുറിച്ച് അവരുടെ പ്രത്യേകതയായി ഇവിടെ ചൂണ്ടിക്കാട്ടിയ കാര്യങ്ങൾ ഇവയാണ്.

(1) പിന്നോക്കം പോകുക. അഥവാ സത്യവിശ്വാസം നിരാകരിക്കുക.

(2) തിരിഞ്ഞുകളയുക. അഥവാ കൽപനകളെ അവഗണിച്ച് അനുസരണക്കേട് കാണിക്കുക.

(3) ധനം ശേഖരിച്ച് വെക്കുകയും എന്നിട്ട് വേണ്ടവിധത്തിൽ ചിലവഴിക്കാതെയും, കടമകൾ നിറവേറ്റാതെയും കെട്ടിപ്പൂട്ടിവെക്കുക. മറ്റ് വിഷയങ്ങളിൽ ഒരുമാതിരി കൊള്ളാവുന്നവരാണെങ്കിൽപോലും ധനം കെട്ടിപ്പൂട്ടിവെക്കുന്നതിൽ ഉൽസുകരല്ലാത്ത ധനികൻമാർ കേവലം ദുർല്ലഭമായിരിക്കും. അങ്ങനെയുള്ളവർ ഇതുപോലുള്ള താക്കീതുകളെ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. മനുഷ്യസഹജമായ ഒരു കൊള്ളരുതായ്മയെ അല്ലാഹു എടുത്തുകാട്ടുന്നു:-

إِنَّ ٱلْإِنسَـٰنَ خُلِقَ هَلُوعًا ﴿١٩﴾

﴾19﴿ നിശ്ചയമായും, മനുഷ്യൻ അക്ഷമനായി (അഥവാ വേവലാതിക്കാരനായി) സൃഷ്ടിക്കപ്പെട്ടിരിക്കുന്നു.

إِذَا مَسَّهُ ٱلشَّرُّ جَزُوعًا ﴿٢٠﴾

﴾20﴿ അതായത്, തനിക്ക് ദോഷം ബാധിച്ചാൽ ക്ഷമകെട്ടവനായിട്ട്;-

وَإِذَا مَسَّهُ ٱلْخَيْرُ مَنُوعًا ﴿٢١﴾

﴾21﴿ തനിക്ക് ഗുണം ബാധിച്ചാൽ മുടക്കക്കാരനായിട്ടും.

﴾19﴿ إِنَّ ٱلْإِنسَـٰنَ നിശ്ചയമായും മനുഷ്യൻ خُلِقَ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു هَلُوعًا അക്ഷമനായി, വേവലാതിക്കാരനായി, ദുർബ്ബലനായി ﴾20﴿ إِذَا مَسَّهُ അവനെ ബാധിച്ചാൽ, തൊട്ടാൽ ٱلشَّرُّ ദോഷം, തിന്മ, കെടുതി جَزُوعًا ക്ഷമകെട്ടവനായിട്ട്, പൊറുതികെട്ടവനായി ﴾21﴿ وَإِذَا مَسَّهُ അവനെ ബാധിച്ചാൽ ٱلْخَيْرُ ഗുണം, നന്മ, നല്ലത് مَنُوعًا മുടക്കക്കാരനായിട്ടും, വിലക്കുന്നവനായും, തടയുന്നവനായി

ധനത്തിലാകട്ടെ, ദേഹത്തിലാകട്ടെ വല്ല ദോഷവും ബാധിക്കുമ്പോൾ വ്യസനവും, പരാതിയും, ഭയവും, നിരാശയും വല്ല ഗുണമോ നന്മയോ ബാധിച്ചാൽ അത് വേണ്ടവിധം ഉപയോഗപ്പെടുത്തുകയോ വിനിയോഗിക്കുകയോ ചെയ്യാതെ പിശുക്ക് കാണിച്ചും മറ്റും അതിന് തടസ്സം വരുത്തുക. ഇതാണ് മനുഷ്യൻ അക്ഷമനായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നുവെന്ന് പറഞ്ഞതിന്റെ അർത്ഥം. എന്നാൽ അവൻ സൃഷ്ട്യാ തന്നെ ഇങ്ങിനെ ഒരു പോരായ്മയുള്ളവനായുള്ളവനെങ്കിലും ഈ സാവഭാവത്തെ നിയന്ത്രിക്കുവാനുള്ള പ്രതിവിധികളും അല്ലാഹു അവന് നിശ്ചയിച്ചി കൊടുക്കാതിരു

ന്നിട്ടില്ല. അല്ലാഹുവിനെക്കുറിച്ചുള്ള ബോധം, അവന്റെ അനുഗ്രഹത്തിലുള്ള വിശ്വാസം, മനക്കരുത്ത്, ഔദാര്യശീലം, ഭയഭക്തി, മരണാനന്തര രക്ഷാശിക്ഷകളെക്കുറിച്ചുള്ള സ്മരണ ആദിയായവയത്രെ അവ. ഈ ഗുണങ്ങൾ ആരിലുണ്ടോ അവരിൽ ആ ചീത്ത സ്വഭാവം പ്രകടമാകുകയില്ല. അവർ സന്താപത്തിൽ ക്ഷമയുള്ളവരും, സന്തോഷത്തിൽ നന്ദിയുള്ളവരുമായിരിക്കും. അങ്ങനെ രണ്ടവസ്ഥയിലും അവർ മാന്യൻമാരും, പുണ്യവാൻമാരും ആയിരിക്കുന്നതുമാകുന്നു. അല്ലാഹു പറയുന്നത് നോക്കുക:-

إِلَّا ٱلْمُصَلِّينَ ﴿٢٢﴾

﴾22﴿ നമസ്കരിക്കുന്നവർ ഒഴികെ,-

ٱلَّذِينَ هُمْ عَلَىٰ صَلَاتِهِمْ دَآئِمُونَ ﴿٢٣﴾

﴾23﴿ അതായത്, തങ്ങളുടെ നമസ്കാരത്തിൽ നിത്യനിഷ്ഠയുള്ള ആളുകൾ;

وَٱلَّذِينَ فِىٓ أَمْوَٰلِهِمْ حَقٌّ مَّعْلُومٌ ﴿٢٤﴾

﴾24﴿ തങ്ങളുടെ സ്വത്തുക്കളിൽ അറിയപ്പെട്ട (നിശ്ചിതമായ) അവകാശം ഉള്ളവരും (ഒഴികെ),-

لِّلسَّآئِلِ وَٱلْمَحْرُومِ ﴿٢٥﴾

﴾25﴿ (അതെ) ചോദിക്കുന്നവനും (ചോദിക്കുന്നതിന്) മുടക്കം ബാധിച്ചവനും;-

---

﴾22﴿ إِلَّا ٱلْمُصَلِّينَ നമസ്കരിക്കുന്നവരൊഴികെ ﴾23﴿ ٱلَّذِينَ അതായത് യാതൊരുകൂട്ടർ هُمْ അവർ عَلَىٰ صَلَاتِهِمْ തങ്ങളുടെ നമസ്കാരത്തിൽ دَآئِمُونَ നിത്യനിഷ്ഠക്കാരാണ് ﴾24﴿ وَٱلَّذِينَ യാതൊരുകൂട്ടരും فِىٓ أَمْوَٰلِهِمْ അവരുടെ സ്വത്തുക്കളിലുണ്ട് حَقٌّ ഒരവകാശം, കടമ, ബാദ്ധ്യത مَّعْلُومٌ അറിയപ്പെട്ട, നിശ്ചിതമായ ﴾25﴿ لِّلسَّآئِلِ ചോദിക്കുന്നവന് وَٱلْمَحْرُومِ തടയപ്പെട്ടവനും, മുടക്കം ബാധിച്ചവനും

ചോദിച്ചാവശ്യപ്പെട്ട് വരുന്നവർക്കും, അഭിമാനംകൊണ്ടോ, അംഗവൈകല്യം, രോഗം മുതലായ കാരണങ്ങൾ നിമിത്തമോ അന്യനോട് ചോദിച്ചുവാങ്ങാൻ മുന്നോട്ട് വരാത്തവർക്കും തങ്ങളുടെ സ്വത്തിൽനിന്ന് അവകാശവും ഓഹരിയും കൊടുക്കേണ്ടതുണ്ടെന്ന ബോധമുള്ളവർ എന്ന് സാരം. സൂറത്തു ദ്ദാരിയാത്ത്, 19 -ാം വചനത്തിന്റെ വിവരണത്തിൽ വായിച്ചതെല്ലാം ഇവിടെയും സ്മരിക്കുക.

وَٱلَّذِينَ يُصَدِّقُونَ بِيَوْمِ ٱلدِّينِ ﴿٢٦﴾

﴾26﴿ പ്രതിഫല നടപടിയുടെ ദിവസത്തെ സത്യമാ(ക്കി വിശ്വസി)ക്കുന്നവരും;-

وَٱلَّذِينَ هُم مِّنْ عَذَابِ رَبِّهِم مُّشْفِقُونَ ﴿٢٧﴾

﴾27﴿ തങ്ങളുടെ റബ്ബിന്റെ ശിക്ഷയെക്കുറിച്ച് ഭയപ്പാടുള്ളവരും (ഒഴികെ);-

إِنَّ عَذَابَ رَبِّهِمْ غَيْرُ مَأْمُونٍ ﴿٢٨﴾

﴾28﴿ (കാരണം) നിശ്ചയമായും, അവരുടെ റബ്ബിന്റെ ശിക്ഷ (വരികയില്ലെന്ന്) സമാധാനപ്പെട്ടുകൂടാത്തതാകുന്നു;-

---

﴾26﴿ وَٱلَّذِينَ يُصَدِّقُونَ സത്യമാക്കുന്ന (വിശ്വസിക്കുന്ന)വരും بِيَوْمِ ദിവസത്തെ ٱلدِّينِ പ്രതിഫലത്തിന്റെ, നടപടിയുടെ ﴾27﴿ وَٱلَّذِينَ യാതൊരുവരും هُم അവർ مِّنْ عَذَابِ ശിക്ഷയെക്കുറിച്ച് رَبِّهِم തങ്ങളുടെ റബ്ബിന്റെ مُّشْفِقُونَ ഭയപ്പാടുള്ളവരാണ് ﴾28﴿ إِنَّ عَذَابَ നിശ്ചയമായും ശിക്ഷ رَبِّهِمْ തങ്ങളുടെ റബ്ബിന്റെ غَيْرُ مَأْمُونٍ സമാധാനപ്പെട്ടുകൂടാത്തതാണ് (വരികയില്ലെന്ന് വിശ്വസിക്കാവതല്ലാത്തതാണ്)

തങ്ങളുടെ നന്മകൊണ്ടോ മറ്റേതെങ്കിലും കാരണത്താലോ അല്ലാഹുവിന്റെ ശിക്ഷ തങ്ങളിൽ ബാധിച്ചേക്കുകയില്ലെന്ന് കരുതി അവർ വഞ്ചിതരാവുകയോ അതിനെക്കുറിച്ച് ഭയമില്ലാതെ സമാധാനപ്പെട്ടുകൊണ്ടിരിക്കുകയോ ചെയ്കയില്ല എന്ന് സാരം.

وَٱلَّذِينَ هُمْ لِفُرُوجِهِمْ حَٰفِظُونَ ﴿٢٩﴾

﴾29﴿ തങ്ങളുടെ ഗുഹ്യസ്ഥാനങ്ങളെ കാത്തുസൂക്ഷിക്കുന്നവരും (ഒഴികെ);

إِلَّا عَلَىٰٓ أَزْوَٰجِهِمْ أَوْ مَا مَلَكَتْ أَيْمَٰنُهُمْ فَإِنَّهُمْ غَيْرُ مَلُومِينَ ﴿٣٠﴾

﴾30﴿ തങ്ങളുടെ ഭാര്യമാരെയോ, അല്ലെങ്കിൽ തങ്ങളുടെ വലങ്കൈകൾ ഉടമപ്പെടുത്തിയിട്ടുള്ളവരെയോ സംബന്ധിച്ചല്ലാതെ, കാരണം, അവർ ആക്ഷേപിക്കപ്പെട്ടുകൂടാത്തവരാകുന്നു.

فَمَنِ ٱبْتَغَىٰ وَرَآءَ ذَٰلِكَ فَأُو۟لَٰٓئِكَ هُمُ ٱلْعَادُونَ ﴿٣١﴾

﴾31﴿ എന്നാൽ അതിനപ്പുറം ആരെങ്കിലും തേടുന്നതായാൽ ആ കൂട്ടർതന്നെയാണ് അതിരുകടന്നവർ.

وَٱلَّذِينَ هُمْ لِأَمَٰنَٰتِهِمْ وَعَهْدِهِمْ رَٰعُونَ ﴿٣٢﴾

《32》 തങ്ങളുടെ അമാനത്ത് [വിശ്വസ്തത]കളെയും, ഉടമ്പടിയെയും പാലിച്ചുവരുന്നവരും,-

وَٱلَّذِينَ هُم بِشَهَٰدَٰتِهِمْ قَآئِمُونَ ﴿٣٣﴾

《33》തങ്ങളുടെ സാക്ഷ്യങ്ങളെ (ശരിക്ക്) നിർവ്വഹിക്കുന്നവരും,-

وَٱلَّذِينَ هُمْ عَلَىٰ صَلَاتِهِمْ يُحَافِظُونَ ﴿٣٤﴾

《34》 തങ്ങളുടെ നമസ്കാരത്തെപ്പറ്റി സൂക്ഷി(ച്ചു പാലി)ക്കുന്നവരും (ഒഴികെ)

أُوْلَٰٓئِكَ فِى جَنَّٰتٍ مُّكْرَمُونَ ﴿٣٥﴾

《35》 അക്കൂട്ടർ (എല്ലാം) സ്വർഗങ്ങളിൽവെച്ച് ആദരിക്കപ്പെടുന്നവരാകുന്നു.

《29》 وَٱلَّذِين യാതൊരുവരും هُمْ فُرُوجِهِمْ അവർ തങ്ങളുടെ ഗുഹ്യസ്ഥാനങ്ങളെ حَٰفِظُونَ കാത്തുസൂക്ഷിക്കുന്നവരാണ് 《30》 إِلَّا عَلَىٰٓ أَزْوَٰجِهِمْ തങ്ങളുടെ ഭാര്യമാരിൽ (ഭാര്യമാരെ സംബന്ധിച്ച്) ഒഴികെ أَوْ مَا مَلَكَتْ അല്ലെങ്കിൽ ഉടമപ്പെടുത്തിയവരുടെ أَيْمَٰنُهُمْ തങ്ങളുടെ വലങ്കൈകൾ فَإِنَّهُمْ എന്നാൽ (കാരണം) അവർ غَيْرُ مَلُومِينَ ആക്ഷേപിക്കപ്പെടാത്ത (ആക്ഷേപിക്കപ്പെട്ടുകൂടാത്ത)വരാണ് 《31》 فَمَنِ ٱبْتَغَىٰ എന്നാൽ ആരെങ്കിലും തേടിയാൽ, ആവശ്യപ്പെട്ടാൽ وَرَآءَ ذَٰلِكَ അതിന്റെ അപ്പുറം فَأُوْلَٰٓئِكَ هُمُ എന്നാൽ അക്കൂട്ടർ തന്നെയാണ് ٱلْعَادُونَ അതിരുവിട്ടവർ 《32》 وَٱلَّذِينَ യാതൊരുവരും هُمْ അവർ لِأَمَٰنَٰتِهِمْ തങ്ങളുടെ അമാനത്ത് (വിശ്വസ്തത)കളെ وَعَهْدِهِمْ തങ്ങളുടെ ഉടമ്പടി (പ്രതിജ്ഞ- കരാറ്)യെയും رَٰعُونَ പാലിക്കുന്ന (ഗൗനിക്കുന്ന)വരാണ് 《33》 وَٱلَّذِينَ യാതൊരുവരും هُم അവർ بِشَهَٰدَٰتِهِمْ അവരുടെ സാക്ഷ്യങ്ങളെ قَآئِمُونَ നിറുത്തുന്ന (ശരിക്ക് നിർവ്വഹിക്കുന്ന)വരാണ് 《34》 وَٱلَّذِينَ യാതൊരുവരും هُمْ അവർ عَلَىٰ صَلَاتِهِمْ തങ്ങളുടെ നമസ്കാരത്തെ يُحَافِظُونَ കാത്തുസൂക്ഷിച്ചു (സൂക്ഷ്മത പാലിച്ചു)വരുന്നു 《35》 أُوْلَٰٓئِكَ അക്കൂട്ടർ فِى جَنَّٰتٍ സ്വർഗങ്ങളിൽ مُّكْرَمُونَ ആദരിക്കപ്പെടുന്നവരാണ്

29 മുതൽ 32 കൂടിയ വചനങ്ങളും 34 -ാം വചനവും ഇതുപോലെ സൂ: മുഅ്മിനൂനിലും മുമ്പ് കഴിഞ്ഞുപോയിട്ടുണ്ട്. അവയുടെ വ്യാഖ്യാനത്തിൽ അവിടെ വായിച്ച സംഗതികളും ഹദീഥുകളും ഇവിടെയും ഓർത്തിരിക്കുന്നതാവശ്യമാണ്. 'വലങ്കൈ ഉടമപ്പെടുത്തിയവർ' (ما ملكت أيمانهم) എന്ന വാക്ക് ചിലർ ദുർവ്യാഖ്യാനം ചെയ്തതിനെപ്പറ്റി സൂ: മുഅ്മിനൂനിന് ശേഷമുള്ള വ്യാഖ്യാനക്കുറിപ്പിലും വിവരിച്ചിരിക്കുന്നു. ഇവിടെ അതെല്ലാം വീണ്ടും ആവർത്തിച്ചു ദീർഘിപ്പിക്കേണ്ടതില്ലല്ലോ.

സ്വർഗത്തിൽവെച്ച് ആദരിക്കപ്പെടുന്നവരെന്ന് അല്ലാഹു സന്തോഷവാർത്ത അറിയിക്കുകയും, അക്ഷമരും ദുർബലരുമല്ലാത്തവരെന്ന് അവൻ പ്രശംസിക്കുകയും ചെയ്ത ഈ സജ്ജനങ്ങളുടെ സവിശേഷത പലതും ഈ വചനങ്ങളിൽ അല്ലാഹു എടുത്തുപറഞ്ഞിരിക്കുന്നു. അവയിൽ ഒന്നാമത്തെതായി എണ്ണിയത് നമസ്കരിക്കുന്നവരെയാണ്. നമസ്കരിക്കുന്നവരെന്ന് പറഞ്ഞു മതിയാക്കാതെ, അതിൽ നിത്യനിഷ്ഠപാലിക്കുന്നവരെന്നുകൂടി പറഞ്ഞിരിക്കുന്നു. ഏറ്റവും അവസാനമായി എടുത്തുപറഞ്ഞതും നമസ്കാരത്തെപ്പറ്റിത്തന്നെ. നമസ്കാരങ്ങളുടെ എണ്ണം പൂർത്തിയാക്കിയാലും പോര, അതിലെ കടമകളും മര്യാദകളും പാലിച്ചുകൊണ്ടും, അതിന് വേണ്ടത്ര വിലയും നിലയും കല്പിച്ചുകൊണ്ടും അതിൽ സൂക്ഷ്മതപാലിക്കുകകൂടി വേണമെന്നാണ് അവസാനം ഓർമിപ്പിച്ചിരിക്കുന്നത്. ഇതെല്ലാം നമസ്കാരത്തിന് ഇസ്ലാമിലുള്ള പ്രാധാന്യത്തെയാണ് കുറിക്കുന്നത്. ഇവിടെ മാത്രമല്ല, ക്വുർആൻ പലപ്പോഴും ഇങ്ങനെ നമസ്കാരത്തെപ്പറ്റി വിവിധ വാചകങ്ങളിൽ ഊന്നിപ്പറഞ്ഞും ആവർത്തിച്ചുംകൊണ്ടിരിക്കുന്നത് കാണാം. നമസ്കാരത്തിന്റെ കാര്യത്തിൽ അലസൻമാരായ മുസ്ലിം പാമരൻമാരും, അതിന് വേണ്ടത്ര വിലകൽപിക്കാറില്ലാത്ത ഇന്നത്തെ ചില പുരോഗമനാശയക്കാരും ഇതെല്ലാം വളരെ ഗൗരവപൂർവ്വം മനസ്സിരുത്തേണ്ടതായിരിക്കുന്നു.

വിഭാഗം- 2

فَمَالِ ٱلَّذِينَ كَفَرُوا۟ قِبَلَكَ مُهْطِعِينَ ﴿٣٦﴾

﴾36﴿ എന്നാൽ, അവിശ്വസിച്ചവർക്ക് എന്താണ് (അവർ) നിന്റെ മുമ്പിൽ (കഴുത്ത് നീട്ടിനോക്കി) പാഞ്ഞു പോയ്കൊണ്ടിരിക്കുന്നു?-

عَنِ ٱلْيَمِينِ وَعَنِ ٱلشِّمَالِ عِزِينَ ﴿٣٧﴾

﴾37﴿ വലത്തോട്ടും ഇടത്തോട്ടും കൂട്ടങ്ങളായി (ചിതറി)ക്കൊണ്ട്!

أَيَطْمَعُ كُلُّ ٱمْرِيٍٕ مِّنْهُمْ أَن يُدْخَلَ جَنَّةَ نَعِيمٍ ﴿٣٨﴾ كَلَّآ ۖ إِنَّا خَلَقْنَٰهُم مِّمَّا يَعْلَمُونَ ﴿٣٩﴾

﴾38﴿ അവരിൽ എല്ലാ (ഓരോ) മനുഷ്യനും മോഹിക്കുന്നുണ്ടോ, സുഖാനുഗ്രഹത്തിന്റെ സ്വർഗത്തിൽ അവൻ പ്രവേശിപ്പിക്കപ്പെടുമെന്ന്?!

﴾39﴿ അതുവേണ്ടാ! അവരെ നാം അവർക്ക് അറിയാവുന്ന വസ്തുവിൽ നിന്നത്രെ സൃഷ്ടിച്ചിരിക്കുന്നത്.

﴾36﴿ فَمَالِ ٱلَّذِينَ كَفَرُوا എന്നാൽ അവിശ്വസിച്ചവർക്കെന്താണ് قِبَلَكَ നിന്റെ മുമ്പിൽ (നേരെ, അടുക്കൽ) مُهْطِعِينَ കഴുത്തുനീട്ടി നോക്കി (ബദ്ധപ്പെട്ടു- വിളറിയെടുത്തു- പാഞ്ഞു) കൊണ്ടിരിക്കുന്നു ﴾37﴿ عَنِ ٱلْيَمِينِ വലഭാഗത്തൂടെ, വലത്തോട്ട് وَعَنِ ٱلشِّمَالِ ഇടഭാഗത്തൂടെയും, ഇടത്തോട്ടും عِزِينَ കൂട്ടങ്ങളായിട്ട്, ചിതറിപ്പിരിഞ്ഞുകൊണ്ട് ﴾38﴿ أَيَطْمَعُ മോഹിക്കുന്നുവോ, ആശിക്കുന്നുവോ كُلُّ ٱمْرِيٍٕ എല്ലാ (ഓരോ) മനുഷ്യനും مِّنْهُمْ അവരിൽ നിന്നുള്ള أَن يُدْخَلَ അവൻ പ്രവേശിപ്പിക്കപ്പെടുമെന്ന്, പ്രവേശിപ്പിക്കപ്പെടുവാൻ جَنَّةَ نَعِيمٍ സുഖാനുഗ്രഹത്തിന്റെ സ്വർഗത്തിൽ ﴾39﴿ كَلَّا അതുവേണ്ട, അങ്ങനെയല്ല إِنَّا خَلَقْنَٰهُم നിശ്ചയമായും നാമവരെ സൃഷ്ടിച്ചിരിക്കുന്നു مِّمَّا يَعْلَمُونَ അവർക്ക് അറിയാവുന്ന വസ്തുവിൽ നിന്ന്

നബിﷺയുടെ നേരെ വെറുപ്പും അമർഷവും വെച്ചുകൊണ്ട് തുറിച്ചുനോക്കുക, അവിടുന്ന് പറയുന്ന കാര്യങ്ങളിൽ അസ്വസ്ഥരായി പ്രതിഷേധപൂർവ്വം ഇടവും വലവും വിറളിയെടുത്തു പാഞ്ഞുപോകുക, ഇതെല്ലാം മക്കയിലെ മുശ്‌രിക്കുകളുടെ പതിവായിരുന്നു. നബിﷺയുടെ സ്വഹാബികളെക്കുറിച്ച് 'ഇവരൊക്കെ സ്വർഗത്തിൽ കടക്കുകയോ' എന്ന് പരിഹാസത്തോടെ അവർ പറയുകയും ചെയ്യും. ഇങ്ങനെയുള്ള അവരുടെ ചെയ്തികളെയാണ് അല്ലാഹു ചൂണ്ടിക്കാട്ടുന്നത്. അവർ അവരുടെ വ്യാമോഹങ്ങളെല്ലാം അങ്ങ് വിട്ടേക്കട്ടെ. അതൊന്നും നടക്കുവാൻ പോകുന്നില്ല. അവർക്കറിയാമല്ലോ അവരുടെ ഉൽഭവം എന്തിൽനിന്നാണെന്ന്. അതെ, കേവലം നിന്ദ്യമായ ഒരു വെള്ളത്തുള്ളിയിൽനിന്നാണത്. അപ്പോൾ ഉത്ഭവംകൊണ്ട് അവർ ഒരു പരിശുദ്ധവർഗമൊന്നുമല്ല. സത്യവിശ്വാസവും സൽക്കർമവും മാത്രമാണ് അല്ലാഹുവിങ്കൽ പരിശുദ്ധതക്കുള്ള ഉപാധികൾ. അത് കൂടാതെ സ്വർഗത്തിൽ പ്രവേശിക്കാമെന്ന് അവർ മോഹിച്ചിട്ട് കാര്യമില്ല. അവരെ സൃഷ്ടിച്ചുണ്ടാക്കിയവൻ അവരുടെ മേൽ വേണ്ട നടപടിയും എടുക്കുന്നതാകുന്നു. എന്നൊക്കെയാണ് 39 -ാം വചനത്തിലെ ആ ചെറുവാക്യം മുഖേന അവരെ താക്കീത് ചെയ്യുന്നത്.

فَلَآ أُقْسِمُ بِرَبِّ ٱلْمَشَٰرِقِ وَٱلْمَغَٰرِبِ إِنَّا لَقَٰدِرُونَ ﴿٤٠﴾

﴾40﴿ എന്നാൽ, ഉദയസ്ഥാനങ്ങളുടെയും അസ്തമയസ്ഥാനങ്ങളുടെയും റബ്ബിനെക്കൊണ്ട് ഞാൻ (ഇതാ) സത്യം ചെയ്തു പറയുന്നു!- നിശ്ചയമായും നാം കഴിവുള്ളവർ തന്നെയാണ്,-

عَلَىٰٓ أَن نُّبَدِّلَ خَيْرًا مِّنْهُمْ وَمَا نَحْنُ بِمَسْبُوقِينَ ﴿٤١﴾

﴾41﴿ അവരെക്കാൾ ഉത്തമമായവരെ അവർക്ക് പകരം കൊണ്ടുവരുവാൻ, നാം മുൻകടക്കപ്പെടുന്നവരല്ലതാനും [പരാജയപ്പെട്ടു പോകുന്നവരുമല്ല].

﴾40﴿ فَلَآ أُقْسِمُ എന്നാൽ ഞാൻ സത്യം ചെയ്തുപറയുന്നു بِرَبِّ ٱلْمَشَٰرِقِ ഉദയസ്ഥാനങ്ങളുടെ റബ്ബിനെകൊണ്ട് وَٱلْمَغَٰرِبِ അസ്തമയസ്ഥാനങ്ങളുടെയും إِنَّا നിശ്ചയമായും നാം لَقَٰدِرُونَ കഴിവുള്ളവർ തന്നെ ﴾41﴿ عَلَىٰٓ أَن نُّبَدِّلَ നാം പകരംകൊണ്ടുവരാൻ خَيْرًا مِّنْهُمْ അവരെക്കാൾ ഉത്തമരായവരെ وَمَا نَحْنُ നാം അല്ലതാനും بِمَسْبُوقِينَ മുൻകടക്കപ്പെടുന്നവർ, പരാജയപ്പെടുത്തപ്പെടുന്നവർ

لا أقسم എന്ന വാക്കിനെക്കുറിച്ച് സൂ: വാക്വിഅഃ 75 ലും, ഉദയാസ്തമയ സ്ഥാനങ്ങളെക്കുറിച്ച് സൂ: സ്വ്സ്വാഫ്ഫാത്ത് 5 ലും വിവരിച്ചത് ഓർക്കുക. ഈ അവിശ്വാസികളെയെല്ലാം അങ്ങ് നശിപ്പിച്ച് അവരെക്കാൾ ഉത്തമമായ ഒരു ജനതയെ രംഗത്തുവരുത്തുവാൻ അല്ലാഹുവിന് ഒരു പ്രയാസവുമില്ല. അവൻ അങ്ങനെ ചെയ്യുന്ന പക്ഷം അവനെ പിന്നോക്കമാക്കി പരാജയപ്പെടുത്തുവാൻ ആരുമില്ലതാനും. പക്ഷേ, അല്ലാഹു അങ്ങനെ ഉദ്ദേശിക്കുന്നില്ല. അതുകൊണ്ടാണ് അവരെ ഒഴിവാക്കിവിട്ടിരിക്കുന്നത്. എന്നൊക്കെയാണ് അല്ലാഹു സത്യം ചെയ്തു പറഞ്ഞതിന്റെ സാരം.

فَذَرْهُمْ يَخُوضُوا۟ وَيَلْعَبُوا۟ حَتَّىٰ يُلَٰقُوا۟ يَوْمَهُمُ ٱلَّذِى يُوعَدُونَ ﴿٤٢﴾

﴾42﴿ (നബിയേ) ആകയാൽ നീ അവരെ വിട്ടേക്കുക- അവർ (തോന്നിയവാസത്തിൽ) മുഴുകിയും കളിച്ചും കൊണ്ടിരിക്കട്ടെ, അവരോട് വാഗ്ദത്തം [താക്കീത്] ചെയ്യപ്പെടുന്ന അവരുടെ (ആ) ദിവസവുമായി അവർ കണ്ടുമുട്ടുന്നതുവരേക്കും!

يَوْمَ يَخْرُجُونَ مِنَ ٱلْأَجْدَاثِ سِرَاعًا كَأَنَّهُمْ إِلَىٰ نُصُبٍ يُوفِضُونَ ﴿٤٣﴾

﴿43﴾ അതായത് കബ്റുകളിൽനിന്ന് അവർ ബദ്ധപ്പെട്ടവരായി പുറത്തുവരുന്ന ദിവസം; അവർ ഒരു നാട്ടക്കുറിയിലേക്ക് ധൃതിപ്പെട്ടുവരുന്നതുപോലെയിരിക്കും;

خَٰشِعَةً أَبْصَٰرُهُمْ تَرْهَقُهُمْ ذِلَّةٌ ۚ ذَٰلِكَ ٱلْيَوْمُ ٱلَّذِى كَانُوا۟ يُوعَدُونَ ﴿٤٤﴾

﴿44﴾ -അവരുടെ കണ്ണുകൾ (വിനയപ്പെട്ടു) താഴ്മകാണിച്ചുകൊണ്ട് -നിന്ദ്യത അവരെ ആവരണം ചെയ്യുന്നതാണ്. അതത്രെ, അവരോട് വാഗ്ദത്തം [താക്കീത്] ചെയ്യപ്പെട്ടിരുന്ന (ആ) ദിവസം!

﴿42﴾ فَذَرْهُمْ ആകയാൽ നീ അവരെ വിട്ടേക്കുക يَخُوضُوا۟ അവർ മുഴുകിക്കൊണ്ടിരിക്കട്ടെ وَيَلْعَبُوا۟ കളിച്ചുകൊണ്ടുമിരിക്കട്ടെ حَتَّىٰ يُلَٰقُوا۟ അവർ കണ്ടുമുട്ടുന്നത് വരേക്കും يَوْمَهُمُ അവരുടെ ദിവസത്തെ ٱلَّذِى يُوعَدُونَ അവരോട് വാഗ്ദത്തം (താക്കീത്) ചെയ്യപ്പെടുന്നതായ ﴿43﴾ يَوْمَ يَخْرُجُونَ അവർ പുറപ്പെടുന്ന ദിവസം مِنَ ٱلْأَجْدَاثِ കബ്റു (ശവക്കുഴി)കളിൽ നിന്ന് سِرَاعًا ബദ്ധപ്പെട്ടു, വേഗതയുള്ളവരായി كَأَنَّهُمْ അവർ (ആകുന്നു) എന്നപോലെ إِلَىٰ نُصُبٍ ഒരു നാട്ടക്കുറി (നാട്ടിയകുറി)യിലേക്ക് يُوفِضُونَ ധൃതിപ്പെട്ടു (പാഞ്ഞു) വരുന്ന (എന്നപോലെ) ﴿44﴾ خَٰشِعَةً താഴ്മ (വിനയം) കാട്ടിക്കൊണ്ട് أَبْصَٰرُهُمْ അവരുടെ ദൃഷ്ടികൾ, കണ്ണുകൾ تَرْهَقُهُمْ അവരെ ആവരണം ചെയ്യും, മൂടും (ബാധിക്കും) ذِلَّةٌ നിന്ദ്യത ذَٰلِكَ അത്, അതത്രെ ٱلْيَوْمُ ദിവസമാണ്, ദിവസം ٱلَّذِى كَانُوا۟ يُوعَدُونَ അവരോട് വാഗ്ദത്തം (താക്കീത്) ചെയ്യപ്പെട്ടിരുന്ന

ക്വിയാമത്ത്നാളിലെ രണ്ടാമത്തെ കാഹളം ഊത്തിനെത്തുടർന്ന് എല്ലാവരും കബ്റുകളിൽനിന്ന് ഭയവിഹ്വലരായുംകൊണ്ട് എഴുന്നേറ്റ് 'മഹ്ശറി'ലേക്ക് ഓടിവരുന്നതിനെയാണ് ഒരു നാട്ടക്കുറിയെ ഉന്നംവെച്ച് ധൃതിപ്പെട്ടു പാഞ്ഞുവരുമ്പോലെ എന്ന് ഉപമിച്ചിരിക്കുന്നത്. ഇന്നത്തെ ഈ ഊക്കും ധാർഷ്ട്യവുമെല്ലാം അവസാനിച്ച് അന്ന് അവരെല്ലാം താഴ്മയോടും വിനയത്തോടുംകൂടി നിന്ദ്യമായ നിലയിൽ അവിടെ സമ്മേളിക്കും. ഇപ്പോൾ ഒരു വിധത്തിലും അവർ വഴങ്ങുന്നില്ലെങ്കിൽ തൽക്കാലം അവരെ അവരുടെ പാട്ടിന് വിട്ടേക്കുക എന്ന് താൽപര്യം.

والله أعلم واليه المرجع والمآب

سورة نوح

71. സൂറതു നൂഹ്

മക്കഃയിൽ അവതരിച്ചത് - വചനങ്ങൾ 28 - വിഭാഗം (റുകൂഉ്) 2

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ

പരമകാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

إِنَّآ أَرْسَلْنَا نُوحًا إِلَىٰ قَوْمِهِۦٓ أَنْ أَنذِرْ قَوْمَكَ مِن قَبْلِ أَن يَأْتِيَهُمْ عَذَابٌ أَلِيمٌ ﴿١﴾

﴿1﴾ നിശ്ചയമായും നാം നൂഹിനെ അദ്ദേഹത്തിന്റെ ജനതയിലേക്ക് (റസൂലായി) അയച്ചു,- നിന്റെ ജനതക്ക് വേദനയേറിയ വല്ല ശിക്ഷയും വരുന്നതിനുമുമ്പായി നീ അവരെ താക്കീത് ചെയ്യണം എന്ന് (കല്പിച്ചുകൊണ്ട്)

قَالَ يَٰقَوْمِ إِنِّى لَكُمْ نَذِيرٌ مُّبِينٌ ﴿٢﴾

﴿2﴾ അദ്ദേഹം പറഞ്ഞു: 'എന്റെ ജനങ്ങളേ, നിശ്ചയമായും ഞാൻ നിങ്ങൾക്ക് സ്പഷ്ടമായ ഒരു താക്കീതുകാരനാകുന്നു;'

أَنِ ٱعْبُدُوا۟ ٱللَّهَ وَٱتَّقُوهُ وَأَطِيعُونِ ﴿٣﴾

﴿3﴾ 'നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുവിൻ, അവനെ സൂക്ഷിക്കുകയും ചെയ്യുവിൻ, എന്നെ അനുസരിക്കുകയും ചെയ്യുവിൻ' എന്ന്.

يَغْفِرْ لَكُم مِّن ذُنُوبِكُمْ وَيُؤَخِّرْكُمْ إِلَىٰٓ أَجَلٍ مُّسَمًّى ۚ

﴿4﴾ 'എന്നാലവൻ നിങ്ങൾക്ക് നിങ്ങളുടെ പാപങ്ങളിൽനിന്ന്പൊറുത്തുതരുന്നതാണ്; നിർണയിക്കപ്പെട്ട ഒരവധിവരെ അവൻ നിങ്ങളെ (ഒഴിവാക്കി) പിന്തിച്ചു തരുന്നതാകുന്നു.'

إِنَّ أَجَلَ ٱللَّهِ إِذَا جَآءَ لَا يُؤَخَّرُ ۖ لَوْ كُنتُمْ تَعْلَمُونَ ﴿٤﴾

നിശ്ചയമായും, അല്ലാഹുവിന്റെ (നിശ്ചയപ്രകാരമുള്ള) അവധിവന്നാൽ, അത് പിന്തിക്കപ്പെടുന്നതല്ല. നിങ്ങൾ അറിഞ്ഞിരുന്നുവെങ്കിൽ!

﴿1﴾ إِنَّآ أَرْسَلْنَا നിശ്ചയമായും നാം അയച്ചു نُوحًا നൂഹിനെ إِلَىٰ قَوْمِهِۦٓ തന്റെ ജനതയിലേക്ക് أَنْ أَنذِرْ നീ താക്കീത് ചെയ്യുക എന്ന് قَوْمَكَ നിന്റെ ജനതയെ مِن قَبْلِ മുമ്പായി أَن يَأْتِيَهُمْ അവർക്ക് വരുന്ന (ചെല്ലുന്ന)തിന് عَذَابٌ أَلِيمٌ വേദനയേറിയ ശിക്ഷ, വല്ല ശിക്ഷയും ﴿2﴾ قَالَ يَٰقَوْمِ അദ്ദേഹം പറഞ്ഞു എന്റെ ജനങ്ങളേ إِنِّى നിശ്ചയമായും ഞാൻ لَكُمْ നിങ്ങൾക്ക് نَذِيرٌ ഒരു താക്കീതുകാരനാണ് مُّبِينٌ സ്പഷ്ടമായ, തനി ﴿3﴾ أَنِ ٱعْبُدُوا۟ നിങ്ങൾ ആരാധിക്കണമെന്ന് ٱللَّهَ അല്ലാഹുവിനെ وَٱتَّقُوهُ അവനെ സൂക്ഷിക്കുകയും വേണം وَأَطِيعُونِ എന്നെ അനുസരിക്കുകയും ചെയ്യണം ﴿4﴾ يَغْفِرْ لَكُم എന്നാലവൻ നിങ്ങൾക്ക് പൊറുത്തു തരും مِّن ذُنُوبِكُمْ നിങ്ങളുടെ പാപങ്ങളിൽ നിന്നും, പാപങ്ങളെ وَيُؤَخِّرْكُمْ നിങ്ങളെ പിന്തിച്ചു(ഒഴിവാക്കി)ത്തരുകയും ചെയ്യും إِلَىٰٓ أَجَلٍ ഒരു അവധിവരെ مُّسَمًّى നിശ്ചയിക്കപ്പെട്ട, നിർണയിക്കപ്പെട്ട إِنَّ أَجَلَ ٱللَّهِ നിശ്ചയമായും അല്ലാഹുവിന്റെ (അല്ലാഹു നിശ്ചയിച്ച) അവധി إِذَا جَآءَ അതു വന്നാൽ لَا يُؤَخَّرُ അത് പിന്തിക്കപ്പെടുന്നതല്ല لَوْ كُنتُمْ നിങ്ങളായിരുന്നെങ്കിൽ تَعْلَمُونَ നിങ്ങൾ അറിയും

തൊള്ളായിരത്തമ്പതു വർഷം സ്വജനതയെ തൗഹീദിലേക്ക് ക്ഷണിച്ചുകൊണ്ടിരിക്കുകയും, അത്രയും കാലം ആ ജനങ്ങളിൽനിന്ന് എതിർപ്പും പരിഹാസവും ഭീഷണിയും സഹിച്ചുകൊണ്ടിരിക്കുകയും ചെയ്ത പ്രവാചകവര്യനായ റസൂലത്രെ നൂഹ് നബി (അ). അറിയപ്പെട്ടിടത്തോളം, ഒരു സമുദായത്തെ തൗഹീദിലേക്ക് ക്ഷണിക്കുവാൻ വേണ്ടി അയക്കപ്പെട്ട ഒന്നാമത്തെ റസൂലായിരുന്നു അദ്ദേഹം. ആ സമുദായമാകട്ടെ, വിഗ്രഹാരാധനയിലും തോന്നിയവാസത്തിലും മുഴുകിയവരും ധിക്കാരസ്വഭാവികളുമായിരുന്നു. ആ മഹാനുഭാവൻ അത്രയും കാലം അവരിൽ നടത്തിയ പരിശ്രമത്തിന്റെയും ത്യാഗത്തിന്റെയും ചരിത്രവും, അവരിലുണ്ടായ പ്രതികരണവും അദ്ദേഹത്തിന്റെ വാക്കുകളിലായി ഈ സൂറത്തിൽ അല്ലാഹു ചുരുക്കി വിവരിച്ചിരിക്കുന്നു. എല്ലാ റസൂലുകൾക്കുമെന്നപോലെ, അദ്ദേഹത്തിനും പ്രബോധനം ചെയ്യേണ്ടിയിരുന്ന ദൗത്യസന്ദേശം അല്ലാഹുവിനെ- അതെ, അവനെമാത്രം- ആരാധിക്കണം, അവന്റെ വിധിവിലക്കുകൾ സൂക്ഷിക്കണം, അവന്റെ ദൂതൻ ഉപദേശിക്കുന്നത് അനുസരിക്കണം എന്നിത്രയും കാര്യങ്ങളായിരുന്നു. ഈ പ്രബോധനം സ്വീകരിക്കുന്നപക്ഷം, അവരുടെ പാപങ്ങൾ അല്ലാഹു പൊറുക്കുമെന്നും, അവരുടെ നിശ്ചിത ആയുഷ്കാലാവധിവരെ അവർക്ക് സമാധാന ജീവിതം നൽകുമെന്നും അദ്ദേഹം അവരെ ഉപദേശിച്ചു. അല്ലാത്തപക്ഷം അല്ലാ

ഹുവിങ്കൽനിന്നുള്ള കഠിനമായ ഏതെങ്കിലും ശിക്ഷ മുഖേന അവർക്ക് നാശം സംഭവിക്കുമെന്നും, അതിന്റെ അവധി എത്തിക്കഴിഞ്ഞാൽ പിന്നീട് യാതൊരു ഒഴിവും ലഭിക്കുകയില്ലെന്നും അദ്ദേഹം അവരെ താക്കീത് ചെയ്തു.

സത്യവിശ്വാസവും സൽക്കർമവും ആയുഷ്കാലത്തിൽ വർദ്ധനവ് ലഭിക്കുവാൻ കാരണമായേക്കുമെന്ന് പല മഹാൻമാരും ഈ 4 -ാം വചനത്തിൽനിന്ന് മനസ്സിലാക്കിയിരിക്കുന്നു. 'കുടുംബബന്ധം പാലിക്കൽ ആയുസ്സ് വർദ്ധിപ്പിക്കുന്നതാണ്'(صلة الرحم تزيد في العمر) എന്ന് നബിﷺ അരുളിച്ചെയ്തിട്ടുമുണ്ട്. (ബു. മു.) പണ്ഡിതൻമാരിൽ ഒരു വിഭാഗം ഈ അഭിപ്രായത്തോട് യോജിക്കുന്നില്ല. ആയുസ്സ് വർദ്ധിപ്പിക്കലും ചുരുക്കലും ഉണ്ടാകുമെന്ന് കാണിക്കുന്ന രേഖകൾക്ക് അവർ നൽകുന്ന വ്യാഖ്യാനം ഇപ്രകാരമാണ്: ആയുസ്സ് വർദ്ധിപ്പിക്കുക എന്നതുകൊണ്ടുദ്ദേശ്യം ഉള്ള ആയുഷ്കാലം സമാധാനപരവും അഭിവൃദ്ധിയുള്ളതും ആയിരിക്കുക എന്നും ആയുസ്സ് ചുരുക്കുക എന്ന് പറയുന്നതിന്റെ ഉദ്ദേശ്യം അത് ക്ലേശകരവും സമാധാനപരമല്ലാത്തതുമായിരിക്കുക എന്നുമാകുന്നു. മൂന്നാമതൊരു അഭിപ്രായം ഈ വിഷയത്തിലുള്ളത് ചില യുക്തിവാദക്കാരുടേതാണ്. അല്ലാഹു എല്ലാറ്റിനും ചില പൊതു വ്യവസ്ഥകൾ നിശ്ചയിച്ചുവെച്ചിട്ടുള്ളതല്ലാതെ, ഓരോരുത്തന്റെ കാലാവധിയും ആയുസ്സും പ്രത്യേകം പ്രത്യേകം മുൻകൂട്ടി നിശ്ചയിച്ചുവെച്ചിട്ടില്ല; എല്ലാം ആ പൊതുവ്യവസ്ഥയനുസരിച്ച് നടമാടുന്നുവെന്ന് മാത്രമേയുള്ളൂ എന്നത്രെ അവരുടെ പക്ഷം. ഇത് ക്വുർആന്നും, ഹദീഥിനും ഇസ്‌ലാമിക മൂല്യങ്ങൾക്കും യോജിക്കാത്തതാണ്താനും.

ഒമ്പതര നൂറ്റാണ്ട് കാലത്തെ തുടർച്ചയായ പ്രബോധനത്തിന്റെ ചരിത്രസംക്ഷേപം അങ്ങേഅറ്റത്തെ ഹൃദയവേദനയോടെ നൂഹ് നബി (അ) അല്ലാഹുവിന്റെ മുമ്പിൽ സമർപ്പിക്കുന്നു. അതിലെ ഓരോ വാക്യവും ഹൃദയ സാന്നിദ്ധ്യത്തോടുകൂടി ഒന്ന് വായിച്ചു നോക്കുക:-

قَالَ رَبِّ إِنِّي دَعَوْتُ قَوْمِي لَيْلًا وَنَهَارًا ﴿٥﴾

﴿5﴾ അദ്ദേഹം പറഞ്ഞു: 'എന്റെ റബ്ബേ! നിശ്ചയമായും എന്റെ ജനതയെ ഞാൻ രാവും പകലും വിളിച്ചു'-

فَلَمْ يَزِدْهُمْ دُعَاءِي إِلَّا فِرَارًا ﴿٦﴾

﴿6﴾ 'എന്നിട്ട് എന്റെ വിളി അവർക്ക് ഓടിപ്പോക്കല്ലാതെ (മറ്റൊന്നും) വർദ്ധിപ്പിച്ചില്ല.'

وَإِنِّي كُلَّمَا دَعَوْتُهُمْ لِتَغْفِرَ لَهُمْ جَعَلُوا أَصَابِعَهُمْ فِي آذَانِهِمْ وَاسْتَغْشَوْا ثِيَابَهُمْ وَأَصَرُّوا

﴿7﴾ 'നീ അവർക്ക് പൊറുത്തുകൊടുക്കുവാൻ വേണ്ടി ഞാൻ അവരെ വിളിക്കുമ്പോഴൊക്കെയും,- അവർ തങ്ങളുടെ കാതുകളിൽ വിരലുകൾ ഇട്ടു (പൊത്തി) കളയുകയും, തങ്ങളുടെ വസ്ത്രങ്ങളെ (മീതെയിട്ടു) മൂടിപ്പുതക്കുകയും ചെയ്യുകയാണ്! അവർ

وَٱسْتَكْبَرُوا۟ ٱسْتِكْبَارًا ﴿٧﴾

(നിഷേധത്തിൽ) ശഠിച്ചു നിൽക്കുകയും, ഒരു (കടുത്ത) അഹംഭാവം നടിക്കൽ നടിക്കുകയും ചെയ്യുന്നു!'

﴿5﴾ قَالَ അദ്ദേഹം പറഞ്ഞു رَبِّ എന്റെ റബ്ബേ إِنِّى دَعَوْتُ നിശ്ചയമായും ഞാൻ ക്ഷണിച്ചു, വിളിച്ചു قَوْمِى എന്റെ ജനതയെ لَيْلًا രാത്രി وَنَهَارًا പകലും ﴿6﴾ فَلَمْ يَزِدْهُمْ എന്നിട്ട് അവർക്ക് വർദ്ധിപ്പിച്ചില്ല دُعَآءِىٓ എന്റെ വിളി, ക്ഷണം إِلَّا فِرَارًا ഓടിപ്പോക്കല്ലാതെ ﴿7﴾ وَإِنِّى നിശ്ചയമായും كُلَّمَا دَعَوْتُهُمْ ഞാനവരെ വിളിച്ചപ്പോഴെല്ലാം لِتَغْفِرَ لَهُمْ നീ അവർക്ക് പൊറുക്കുവാനായി جَعَلُوٓا۟ അവർ ആക്കി, ആക്കുന്നു (ഇടുന്നു) أَصَٰبِعَهُمْ അവരുടെ വിരലുകളെ فِىٓ ءَاذَانِهِمْ അവരുടെ കാത് (ചെവി)കളിൽ وَٱسْتَغْشَوْا۟ അവർ മൂടിയിടുക (മൂടിപ്പുതക്കുക)യും ചെയ്തു, ചെയ്യുന്നു ثِيَابَهُمْ അവരുടെ വസ്ത്രങ്ങളെ وَأَصَرُّوا۟ അവർ ശഠിച്ചുനിൽക്കുകയും (നിരതരാവുകയും) ചെയ്തു وَٱسْتَكْبَرُوا۟ അവർ അഹംഭാവം(ഗർവ്- വലുപ്പം) നടിക്കുകയും ചെയ്തു ٱسْتِكْبَارًا ഒരു അഹംഭാവം നടിക്കൽ

തങ്ങളോട് ഉപദേശിക്കുന്നത് കേൾക്കുകപോലും ചെയ്യാതിരിക്കുവാൻ വേണ്ടിയാണ് അവർ കാതിൽ വിരലിട്ട് പൊത്തുന്നതും, മേലെ വസ്ത്രമിട്ട് മൂടുന്നതും.

ثُمَّ إِنِّى دَعَوْتُهُمْ جِهَارًا ﴿٨﴾

﴿8﴾ 'പിന്നെ (അതിനുപുറമെ) ഞാൻ, അവരെ ഉറക്കെ വിളിച്ചു.'

ثُمَّ إِنِّىٓ أَعْلَنتُ لَهُمْ وَأَسْرَرْتُ لَهُمْ إِسْرَارًا ﴿٩﴾

﴿9﴾ 'പിന്നെ ഞാൻ, അവരോട് (എന്റെ വിളി) പരസ്യമാക്കുകയും, സ്വകാര്യമാക്കി രഹസ്യമാക്കുകയും ചെയ്തു.'

فَقُلْتُ ٱسْتَغْفِرُوا۟ رَبَّكُمْ إِنَّهُۥ كَانَ غَفَّارًا ﴿١٠﴾

﴿10﴾ 'അങ്ങനെ, ഞാൻ പറഞ്ഞു: നിങ്ങൾ നിങ്ങളുടെ റബ്ബിനോട് പാപമോചനം തേടുവിൻ, നിശ്ചയമായും, അവൻ വളരെ പൊറുക്കുന്നവനാണ്;-'

يُرْسِلِ ٱلسَّمَآءَ عَلَيْكُم مِّدْرَارًا ﴿١١﴾

﴿11﴾ എന്നാൽ നിങ്ങൾക്ക് അവൻ ആകാശത്തെ [മഴയെ] സമൃദ്ധമായി അയച്ചുതരും;

وَيُمْدِدْكُم بِأَمْوَٰلٍ وَبَنِينَ وَيَجْعَل لَّكُمْ جَنَّٰتٍ وَيَجْعَل لَّكُمْ أَنْهَٰرًا ﴿١٢﴾

﴿12﴾ 'സ്വത്തുക്കളും മക്കളും കൊണ്ട് നിങ്ങളെ അവൻ പോഷിപ്പിക്കുകയും ചെയ്യും; നിങ്ങൾക്ക് തോട്ടങ്ങളുണ്ടാക്കിത്തരികയും, നിങ്ങൾക്ക് അരുവികളുണ്ടാക്കിത്തരികയും ചെയ്യും.'

﴾8﴿ ثُمَّ إِنِّي പിന്നെ ഞാൻ دَعَوْتُهُمْ അവരെ ഞാൻ വിളിച്ചു جِهَارًا ഉറക്കെ, ഉച്ചത്തിലായിട്ട് ﴾9﴿ ثُمَّ إِنِّي أَعْلَنتُ പിന്നെ ഞാൻ പരസ്യമാക്കി لَهُمْ അവരോട്, അവർക്ക് وَأَسْرَرْتُ لَهُمْ അവരോട് (അവർക്ക്) രഹസ്യമാക്കുക (സ്വകാര്യമാക്കുക)യും ചെയ്തു إِسْرَارًا ഒരു സ്വകാര്യമാക്കൽ, പതുക്കെ ﴾10﴿ فَقُلْتُ അങ്ങനെ (എന്നിട്ട്) ഞാൻ പറഞ്ഞു ٱسْتَغْفِرُوا۟ നിങ്ങൾ പാപമോചനം തേടുവിൻ رَبَّكُمْ നിങ്ങളുടെ റബ്ബിനോട് إِنَّهُۥ كَانَ നിശ്ചയമായും അവനാകുന്നു غَفَّارًا വളരെ പൊറുക്കുന്നവൻ ﴾11﴿ يُرْسِلِ അവൻ അയക്കും, അയച്ചുവിടും ٱلسَّمَآءَ ആകാശത്തെ (മഴയെ) عَلَيْكُم നിങ്ങൾക്ക് നിങ്ങളിൽ مِّدْرَارًا സമൃദ്ധമായി, തുടർച്ചയായി, ഒഴുകിക്കൊണ്ട് ﴾12﴿ وَيُمْدِدْكُم നിങ്ങളെ പോഷിപ്പിക്കുക (സഹായിക്കുക)യും ചെയ്യും بِأَمْوَٰلٍ സ്വത്തുക്കൾകൊണ്ടും وَبَنِينَ മക്കൾകൊണ്ടും وَيَجْعَل لَّكُمْ നിങ്ങൾക്ക് ഏർപ്പെടുത്തി (ഉണ്ടാക്കി)ത്തരികയും ചെയ്യും جَنَّٰتٍ തോട്ടങ്ങളെ وَيَجْعَل لَّكُمْ നിങ്ങൾക്കുണ്ടാക്കിത്തരികയും ചെയ്യും أَنْهَٰرًا അരുവി (നദി) കളെ

രാപ്പകൽ ഭേദമന്യെ നിരന്തരം അദ്ദേഹം അവരെ സത്യവിശ്വാസത്തിലേക്ക് ക്ഷണിച്ചുകൊണ്ടിരിക്കുന്നു. ഉറക്കെയും, പതുക്കെയും, പരസ്യമായും, രഹസ്യമായും- അങ്ങനെ എല്ലാ വിധേനയും -ക്ഷണിച്ചുനോക്കി. സത്യമാർഗം സ്വീകരിക്കുന്നപക്ഷം പരലോകത്തുവെച്ച് അല്ലാഹു പാപങ്ങൾ പൊറുത്തുതരുമെന്ന് മാത്രമല്ല, ഇഹത്തിലും നിങ്ങൾക്ക് സുഖജീവിതവും അഭിവൃദ്ധിയും നൽകും എന്നൊക്കെ ഉപദേശിച്ചു. പക്ഷേ, എന്തുതന്നെ ആയിട്ടും തങ്ങളുടെ മർക്കടമുഷ്ടി അവർ അവസാനിപ്പിച്ചില്ല. ധിക്കാരവും പരിഹാസവും അവലംബിക്കുക തന്നെ ചെയ്തു.

സത്യവിശ്വാസവും സൽക്കർമവും സ്വീകരിക്കുന്നതിന്റെ ലക്ഷ്യം ഐഹികനേട്ടങ്ങളല്ല, പാരത്രിക നേട്ടങ്ങളാകുന്നു. تريدون عرض الدنيا والله يريد الأخرة–الأنفال (നിങ്ങൾ ഐഹികവിഭവം ഉദ്ദേശിക്കുന്നു. അല്ലാഹുവാകട്ടെ, പരലോകവും ഉദ്ദേശിക്കുന്നു (8 : 67) പക്ഷേ, അതുമൂലം ഐഹികമായ ക്ഷേമൈശ്വര്യങ്ങളും ലഭിക്കുന്നതാണ്താനും. മനുഷ്യൻ നീതിയോടും നെറിയോടും കൂടി ജീവിക്കുമ്പോൾ അവന്റെ ജീവിതം സ്വതവേ സമാധാനപരമായിത്തീരും. കൂടാതെ, അല്ലാഹുവിന്റെ കൃപാകടാക്ഷങ്ങൾ അവനിൽ വർഷിച്ചുകൊണ്ടിരിക്കുകയും, അതവന്റെ ഭൗതികജീവിതത്തിലും വിലസിക്കൊണ്ടിരിക്കുകയും ചെയ്യും. താൽക്കാലിക നേട്ടങ്ങളിൽ വേഗം ആകർഷിക്കുന്നവരാണല്ലോ മനുഷ്യർ. അതുകൊണ്ടാണ് സത്യവിശ്വാസംമൂലം ഉണ്ടാകുന്ന ഐഹികനേട്ടങ്ങളെക്കുറിച്ചും നൂഹ് (അ) ജനങ്ങളെ പ്രത്യേകം ധരിപ്പിക്കുന്നത്. മാത്രമല്ല, താൽക്കാലികലഭ്യങ്ങളെ ഓർത്തെങ്കിലും അവർ നേർവഴിയിൽ പ്രവേശിച്ചു കഴിഞ്ഞാൽ പിന്നീട് അവരതിൽ തന്നെ ഉറച്ചു നിൽക്കുവാൻ കാരണമാകുകയും ചെയ്തേക്കും. നബി തിരുമേനി ﷺ യുടെ

കാലത്തും പല ആളുകളും താൽക്കാലിക പരിതഃസ്ഥിതികളുടെ സമ്മർദ്ദം നിമിത്തം സത്യവിശ്വാസം സ്വീകരിക്കുകയും, ക്രമേണ വിശ്വാസത്തിൽ അടിയുറച്ച് ഉന്നതനിലവാരത്തിലെത്തുകയും ചെയ്തിട്ടുണ്ടല്ലോ.

മനുഷ്യർക്കിടയിൽ പാപവർദ്ധനയും, സത്യവിശ്വാസത്തിന്റെ അഭാവവും നിമിത്തം പാരത്രികമായ ശിക്ഷക്ക് പുറമെ, ഐഹികമായ ശിക്ഷകളും കൂടി നേരിട്ടേക്കാമെന്നും, പാപമോചനം തേടലും സത്യവിശ്വാസം പാരത്രികമായ പ്രതിഫലത്തിന് പുറമെ ഇഹത്തിൽ ക്ഷേമൈശ്വര്യങ്ങൾ ലഭിക്കുന്നതിനും കാരണമാണെന്നും ഈ (10- 12) വചനങ്ങളിൽനിന്ന് മനസ്സിലാക്കാം. മഴ കിട്ടാതെ കഷ്ടപ്പെടുമ്പോൾ മഴക്കപേക്ഷിച്ചുകൊണ്ടുള്ള 'ദുആ'യും, നമസ്കാരവും നടത്തുന്നത് നബിﷺയുടെ സുന്നത്തുകളിൽപെട്ടതാണല്ലോ. അതിൽ പാപമോചനം തേടുന്നതി (الإستغفار) ന് വളരെയധികം പ്രാധാന്യം നൽകപ്പെട്ടിട്ടുള്ളതായി കാണാം. ഇതാണതിന് കാരണം. സൂ: അഅ്റാഫിൽ അല്ലാഹു പറയുന്നു: 'ആ രാജ്യങ്ങളിലുള്ളവർ വിശ്വസിക്കുകയും സൂക്ഷിക്കുകയും ചെയ്തിരുന്നുവെങ്കിൽ നാം അവരിൽ ആകാശത്തുനിന്നും ഭൂമിയിൽനിന്നും ബർക്കത്ത് -അഭിവൃദ്ധി -കൾ തുറന്നുകൊടുക്കുമായിരുന്നു'.(ولو أن أهل القرى آمنوا واتقوا لفتحنا عليهم بركات من السماء والأرض الخ – الأعراف:٩٦) സൂ: ഹൂദിൽ ഇങ്ങനെ കാണാം: 'നിങ്ങൾ നിങ്ങളുടെ റബ്ബിനോട് പാപമോചനം തേടുവിൻ, പിന്നെ അവങ്കലേക്ക് പശ്ചാത്തപിക്കുകയും ചെയ്യുവിൻ. എന്നാൽ നിർണയം ചെയ്യപ്പെട്ട ഒരു അവധിവരെ അവൻ നിങ്ങൾക്ക് നല്ല അനുഭവം അനുഭവപ്പിച്ചു തരുന്നതാണ്'. (وإن استغفروا ربكم ثم توبوا إليه يمتعكم متاعا حسنا إلى أجل مسمى الخ–هود:٣) ഒരാൾ ക്ഷാമം ബാധിച്ചതിനെ സംബന്ധിച്ചും, വേറൊരാൾ ദാരിദ്ര്യത്തെയും, സന്താനങ്ങളുടെ കുറവിനെയും സംബന്ധിച്ചും, മൂന്നാമതൊരാൾ തന്റെ തോട്ടങ്ങൾ ഉണങ്ങിപ്പോയതിനെ സംബന്ധിച്ചും സങ്കടം പറഞ്ഞപ്പോൾ അവരോടെല്ലാംതന്നെ അല്ലാഹുവിനോട് പാപമോചനം തേടിക്കൊള്ളുക എന്ന് ഹസൻ (റ) പറഞ്ഞതായി നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു. മൂന്നു പേരോടും ഇങ്ങനെ ഉത്തരം പറഞ്ഞത് നൂഹ് നബി (അ)യുടെ ഈ പ്രസ്താവന (10 -12)യെ അടിസ്ഥാനമാക്കിയാണെന്നും അദ്ദേഹം പറയുകയുണ്ടായത്രെ.

എന്നാൽ ഒരു വാസ്തവം പ്രത്യേകം മനസ്സിരുത്തേണ്ടിയിരിക്കുന്നു; ഭൗതികമായ സുഖൈശ്വര്യങ്ങൾ ഒരു ജനതയുടെയോ വ്യക്തിയുടെയോ സാക്ഷാൽ നന്മക്ക് മാനദണ്ഡമല്ല. തനിഭൗതികവാദികളും, ധാർമികരംഗത്ത് മൃഗങ്ങളെക്കാൾ അധഃപതിച്ചവരുമായ ജനസമൂഹങ്ങൾ അങ്ങേഅറ്റം സുഖാഡംബരങ്ങളിൽ മുഴുകിക്കഴിയുന്നതും, അവരെക്കാൾ ഏത് നിലക്കും ഉത്തമൻമാരായിട്ടുള്ളവർ വളരെ ക്ലേശകരമായ ജീവിതം നയിച്ചുവരുന്നതും നാം കാണുന്നു. ഇതെല്ലാം അല്ലാഹുവിൽനിന്നുള്ള പരീക്ഷണങ്ങളത്രെ, അല്ലാഹു പറയുന്നു: ونبلوكم بالشر والخير فتنة وإلينا ترجعون–الأنبياء:٣٥ (തിന്മകൊണ്ടും, നന്മകൊണ്ടും- അഥവാ ദോഷംകൊണ്ടും, ഗുണംകൊണ്ടും- നിങ്ങളെ നാം ഒരു പരീക്ഷണം പരീക്ഷിക്കുന്നതാണ്. നമ്മുടെ അടുക്കലേക്കത്രെ നിങ്ങൾ മടക്കപ്പെടുന്നതും). വേദക്കാ

രെപ്പറ്റി ഇങ്ങനെ പറയുന്നു: وبلوناهم بالحسنات والسيئات– الأعراف :١٢٨ (നന്മകൾ കൊണ്ടും, തിന്മകൾകൊണ്ടും നാം അവരെ പരീക്ഷിച്ചു). മറ്റൊരിടത്ത് പറയുന്നു: وما الحياة الدنيا إلا متاع الغرور لتبلونّ في أموالكم وأنفسكم – آل عمران:١٨٥، ١٨٦ (ഐഹികജീവിതം കൃത്രിമസാമഗ്രിയല്ലാതെ മറ്റൊന്നുമല്ല, നിശ്ചയമായും നിങ്ങളുടെ സ്വത്തുക്കളിലും ദേഹങ്ങളിലും നിങ്ങൾ പരീക്ഷിക്കപ്പെടുന്നതാണ്.) നൂഹ് നബി (അ) തുടരുന്നു:-

مَّا لَكُمْ لَا تَرْجُونَ لِلَّهِ وَقَارًا ﴿١٣﴾

《13》 '(ജനങ്ങളേ) നിങ്ങൾക്കെന്താണ്, നിങ്ങൾ അല്ലാഹുവിന് ഒരു മഹത്വവും പ്രതീക്ഷിക്കുന്നില്ലേ?'-

وَقَدْ خَلَقَكُمْ أَطْوَارًا ﴿١٤﴾

《14》 'അവൻ നിങ്ങളെ പല ദശകളായി സൃഷ്ടിച്ചുണ്ടാക്കിയിട്ടുണ്ടല്ലോ (എന്നിട്ടും)!'

《13》 مَّا لَكُمْ നിങ്ങൾക്കെന്താണ് لَا تَرْجُونَ നിങ്ങൾ പ്രതീക്ഷിക്കുന്നില്ല, കരുതുന്നില്ല لِلَّهِ അല്ലാഹുവിന് وَقَارًا ഒരു മഹത്വം, ഗൗരവം, സഹനം 《14》 وَقَدْ خَلَقَكُمْ അവൻ നിങ്ങളെ സൃഷ്ടിച്ചിട്ടുണ്ടല്ലോ أَطْوَارًا പല ദശകളായി, ഘട്ടങ്ങളായി

നിങ്ങൾ നിങ്ങളുടെ ആരാധ്യവസ്തുക്കളായ വിഗ്രഹങ്ങൾക്കുപോലും വളരെ മഹത്വം കൽപിച്ചുകൊണ്ടിരിക്കുന്നു. അതേ സമയത്ത് നിങ്ങളെ വിവിധ ദശകളിലായി സൃഷ്ടിച്ചുണ്ടാക്കിയത് അല്ലാഹുവാണെന്ന് നിങ്ങൾക്ക് അറിയാമായിരുന്നിട്ടും നിങ്ങൾ അവന് യാതൊരു മഹത്വവും ഗൗരവവും ഉള്ളതായി ഗണിക്കുന്നില്ല. ഇതെന്തൊരു ആശ്ചര്യമാണ്?! എന്ന് സാരം. ഇന്ദ്രിയം, രക്തപിണ്ഡം, മാംസപിണ്ഡം, അപൂർണമായ മനുഷ്യരൂപം, പൂർണമായ മനുഷ്യരൂപം എന്നിങ്ങനെ ഗർഭാശയത്തിൽവെച്ച് പല ദശകളെയും തരണം ചെയ്തശേഷമാണല്ലോ മനുഷ്യൻ ഒരു ശിശുവായി പിറക്കുന്നത്. പിന്നീടാണെങ്കിൽ, ശൈശവം, കൗമാരം, ബാല്യം, യൗവനം, വാർദ്ധക്യം ആദിയായ അവസ്ഥകളും സംഭവിക്കുന്നു. ആധുനിക ഗർഭശാസ്ത്രവിദഗ്ദ്ധൻമാർ ഗർഭസ്ഥശിശുവിന്റെ വ്യത്യസ്ത ദശകളെപ്പറ്റി വേറെ രൂപത്തിലും വിവരിക്കാറുണ്ട്. പക്ഷേ, നൂഹ് നബി (അ)യുടെ കാലത്തുള്ളവർക്കും, ക്വുർആൻ അവതരിക്കുന്ന കാലത്തുള്ളവർക്കും അതൊന്നും പരിചിതമല്ലാത്ത സ്ഥിതിക്കും, ക്വുർആനിൽ ഗർഭദശകളെക്കുറിച്ച് പ്രസ്താവിക്കാറുള്ള പ്രസ്താവനകൾ പരിശോധിക്കുമ്പോഴും അടുത്തകാലത്ത് മാത്രം മനസ്സിലാക്കപ്പെട്ട ആ വിവരങ്ങൾക്ക് ഇവിടെ പ്രസക്തിയില്ല. അതേ സമയത്ത് 'പലദശകളായി' (أطوارا) എന്ന വാക്കിന്റെ അർത്ഥവ്യാപ്തിയിൽ മനുഷ്യസൃഷ്ടിയിൽ സംഭവിക്കുന്ന എല്ലാവിധ ദശാമാറ്റങ്ങളും ഉൾക്കൊള്ളുകയും ചെയ്യുന്നു. സ്വന്തം ദേഹങ്ങളിൽ തന്നെ അല്ലാഹുവിന്റെ മഹത്വങ്ങളെ സാക്ഷീകരിക്കുന്ന ധാരാളം ദൃഷ്ടാന്തങ്ങൾ അടങ്ങിയിട്ടുള്ളതിനെ ഓർമിപ്പിച്ചശേഷം, ചില പ്രാപഞ്ചിക ദൃഷ്ടാന്തങ്ങളിലേക്ക് നൂഹ് (അ) അവരുടെ ശ്രദ്ധ ക്ഷണിക്കുന്നു:-

أَلَمْ تَرَوْا كَيْفَ خَلَقَ ٱللَّهُ سَبْعَ سَمَٰوَٰتٍ طِبَاقًا ﴿١٥﴾

وَجَعَلَ ٱلْقَمَرَ فِيهِنَّ نُورًا وَجَعَلَ ٱلشَّمْسَ سِرَاجًا ﴿١٦﴾

وَٱللَّهُ أَنۢبَتَكُم مِّنَ ٱلْأَرْضِ نَبَاتًا ﴿١٧﴾

ثُمَّ يُعِيدُكُمْ فِيهَا وَيُخْرِجُكُمْ إِخْرَاجًا ﴿١٨﴾

《15》'നിങ്ങൾ കണ്ടില്ലേ, എങ്ങനെയാണ് (ഒന്നൊന്നിനുമീതെ) അടുക്കുകളായ നിലയിൽ അല്ലാഹു ഏഴ് ആകാശങ്ങളെ സൃഷ്ടിച്ചിരിക്കുന്നത്?! (ആലോചിച്ചുനോക്കൂ,)'

《16》 'അവയിൽ ചന്ദ്രനെ അവൻ ഒരു പ്രകാശമാക്കുകയും ചെയ്തിരിക്കുന്നു: സൂര്യനെ ഒരു വിളക്കും ആക്കിയിരിക്കുന്നു.'

《17》 'അല്ലാഹു തന്നെ, ഭൂമിയിൽനിന്ന് നിങ്ങളെ ഒരു (തരം) ഉൽപാദനം ഉൽപാദിപ്പിച്ചിരിക്കുന്നു.'

《18》 'പിന്നീട്, നിങ്ങളെ അതിൽ (വീണ്ടും) മടക്കുകയും (അതിൽനിന്ന്) ഒരു പുറത്തുവരുത്തൽ വരുത്തുകയും ചെയ്യുന്നു.'

《15》 أَلَمْ تَرَوْا നിങ്ങൾ കണ്ടില്ലേ كَيْفَ خَلَقَ എങ്ങനെ സൃഷ്ടിച്ചിരിക്കുന്നുവെന്ന് ٱللَّهُ അല്ലാഹു سَبْعَ سَمَٰوَٰتٍ ഏഴാകാശങ്ങളെ طِبَاقًا അടുക്കായി, തട്ടുതട്ടായി 《16》 وَجَعَلَ ٱلْقَمَرَ ചന്ദ്രനെ ആക്കുകയും ചെയ്തു فِيهِنَّ അവയിൽ نُورًا ഒരു പ്രകാശം, വെളിച്ചം وَجَعَلَ ٱلشَّمْسَ സൂര്യനെ ആക്കുകയും ചെയ്തു سِرَاجًا ഒരു വിളക്ക് 《17》 وَٱللَّهُ അല്ലാഹു (തന്നെ) أَنۢبَتَكُم നിങ്ങളെ ഉല്പാദിപ്പിച്ചു, മുളപ്പിച്ചു (ഉത്ഭവിപ്പിച്ചു) مِّنَ ٱلْأَرْضِ ഭൂമിയിൽ നിന്ന് نَبَاتًا ഒരു ഉൽപാദനം (മുള- ഉല്പന്നം) ആയിട്ട് 《18》 ثُمَّ يُعِيدُكُمْ പിന്നെ നിങ്ങളെ അവൻ ആവർത്തിക്കുന്നു, മടക്കുന്നു فِيهَا അതിൽ وَيُخْرِجُكُمْ നിങ്ങളെ പുറത്തു (വെളിക്ക്) വരുത്തുകയും ചെയ്യുന്നു إِخْرَاجًا ഒരു പുറത്തു വരുത്തൽ

അടുക്കുകളായ ഏഴ് ആകാശങ്ങൾ (سبع سماوات طباقا) എന്നതിന്റെ വിവക്ഷയെക്കുറിച്ച് സൂ: മുൽക് 3 -ാം വചനത്തിന്റെ വിവരണത്തിൽ വിവരിച്ചിട്ടുണ്ട്. ചന്ദ്രവെളിച്ചം സൂര്യവെളിച്ചത്തെ അപേക്ഷിച്ച് വളരെ ലഘുവായതാണല്ലോ. അതാകട്ടെ, സൂര്യന്റെ വെളിച്ചം തിരിച്ചടിക്കുന്നതിനാൽ ഉണ്ടാകുന്നതുമാണ്. സൂര്യനാണെങ്കിൽ, സ്വയം പ്രകാശിക്കുന്നതും, ഭൂമിക്കും ചന്ദ്രനും വെളിച്ചം നൽകുന്നതുമാകുന്നു. ഇങ്ങനെയുള്ള കാരണങ്ങൾകൊണ്ടായിരിക്കാം ചന്ദ്രനെ 'പ്രകാശമാക്കി' എന്നും, സൂര്യനെ 'വിളക്കാക്കി' എന്നും വ്യത്യസ്ത രൂപത്തിൽ അല്ലാഹു

പറഞ്ഞത്. ചെറുവാക്കുകളിൽപോലും പല അന്തസാരങ്ങളും രഹസ്യങ്ങളും ഉൾക്കൊണ്ടിരിക്കുക ക്വുർആന്റെ ഒരു സുവിശേഷതയാണല്ലോ. 'നിങ്ങളെ ഭൂമിയിൽനിന്ന് ഒരു ഉൽപാദനം ഉൽപാദിപ്പിച്ചിരിക്കുന്നു' എന്ന് പറഞ്ഞതും ശ്രദ്ധേയമാകുന്നു. ഭൂമിയിൽനിന്ന് സസ്യങ്ങൾ മുളച്ച് വ്യാപിക്കുന്നതുപോലെ മനുഷ്യൻ ഉൽഭവിക്കുകയും വികസിക്കുകയും ചെയ്യുന്നു. മനുഷ്യപിതാവിനെ അല്ലാഹു സൃഷ്ടിച്ചത് മണ്ണിൽനിന്നാണ്. ഒന്നാമത്തെ ആ മനുഷ്യച്ചെടിയിൽനിന്ന് പെരുകിയുണ്ടായതാണല്ലോ ഈ കോടാനുകോടി മനുഷ്യർ. എനി, ഓരോരുവനെ സംബന്ധിച്ച് നോക്കുക. ഇന്ദ്രിയത്തിൽനിന്നാണ് പ്രത്യക്ഷത്തിൽ അവന്റെ ഉൽഭവമെങ്കിലും, ഇന്ദ്രിയം ഭക്ഷണത്തിൽ നിന്നും, ഭക്ഷണം ഭൂവിഭവങ്ങളിൽനിന്നും അവ ഭൂമിയിൽനിന്നും ഉൽപാദിക്കുന്നവയാണ്. *(*)* ഒടുക്കം എല്ലാവരെയും അതേ മണ്ണിലേക്കുതന്നെ രണ്ടാമതും തിരിച്ചയക്കുന്നു. ശവം മണ്ണിൽ മൂടപ്പെടട്ടെ, അല്ലെങ്കിൽ ദഹിപ്പിക്കപ്പെടട്ടെ, ഏതായാലും ഒടുക്കം മണ്ണിൽതന്നെ ലയിക്കുന്നു. ഇത്രയും കാര്യങ്ങൾ എല്ലാവരും സമ്മതിക്കുന്നതും കണ്ടറിയുന്നതുമാണ്. എന്നാൽ ഇതെല്ലാം ചെയ്യുന്ന അല്ലാഹു മനുഷ്യനെ ഒന്നുകൂടി പുറത്തുവരുത്തുകതന്നെ ചെയ്യും. അതത്രെ പുനരുത്ഥാനം. ഇതിലെന്താണ് ഇത്ര അസാംഗത്യം! ഒന്നുമില്ല. നൂഹ് (അ) തുടരുന്നു:

وَٱللَّهُ جَعَلَ لَكُمُ ٱلْأَرْضَ بِسَاطًا ﴿١٩﴾

《19》 അല്ലാഹുതന്നെ, നിങ്ങൾക്ക് ഭൂമിയെ ഒരു വിരുപ്പാക്കിത്തരുകയും ചെയ്തിരിക്കുന്നു;

لِّتَسْلُكُوا۟ مِنْهَا سُبُلًا فِجَاجًا ﴿٢٠﴾

《20》 നിങ്ങൾക്ക് അതിൽനിന്ന് വിസ്തീർണമായ മാർഗങ്ങളിൽ പ്രവേശിക്കുവാൻ വേണ്ടി.

(*) ***والله أنبتكم من الأرض نباتا*** *എന്നുള്ള 17 -ാം വചനത്തിന് 'അല്ലാഹു നിങ്ങളെ ഭൂമിയിൽ ഒരു സസ്യമായി മുളപ്പിച്ചു' എന്ന് ഈ അടുത്തകാലത്ത് ചില പുത്തൻ ചിന്താഗതിക്കാർ അർത്ഥം നൽകിക്കാണുന്നു. ആ അർത്ഥത്തെ ആധാരമാക്കി ഡാർവിന്റെ പരിണാമവാദത്തിന് ക്വുർആന്റെ സാക്ഷ്യമുണ്ടെന്ന് വരുത്തിത്തീർക്കുവാൻ അവർ ശ്രമിച്ചും കാണുന്നു. അഥവാ മനുഷ്യൻ ഒരു കാലത്ത് സസ്യമായിരുന്നുവെന്നും ക്രമേണ പരിഷ്കരിച്ചു പരിഷ്കരിച്ചു മനുഷ്യരൂപത്തിലെത്തിയതാണെന്നുമാണ് ആ സമർത്ഥനം. ക്വുർആന്റെ പ്രസ്താവനകൾക്കും ഇസ്ലാമിക സിദ്ധാന്തങ്ങൾക്കും വിരുദ്ധമായ ഈ സിദ്ധാന്തത്തെ മുസ്ലിംകൾ മാത്രമല്ല, പല ശാസ്ത്രപണ്ഡിതൻമാർ പോലും തള്ളിക്കളഞ്ഞിരിക്കുകയാണ്. പക്ഷേ, ഓരോ കാലത്തും പുതുതായി രംഗപ്രവേശം ചെയ്യുന്ന പുത്തൻ സിദ്ധാന്തങ്ങൾക്ക് ക്വുർആനിൽനിന്ന് ന്യായീകരണം ഉണ്ടാക്കുവാൻ മുതിരുന്നത് ചില ആധുനിക പണ്ഡിതൻമാർ ഇന്നൊരു പരിഷ്കാരമാക്കിയിരിക്കുകയാണല്ലോ.* ▸▸

﴾19﴿ وَٱللَّهُ അല്ലാഹു (തന്നെ) جَعَلَ لَكُمُ നിങ്ങൾക്ക് ആക്കിതന്നിരിക്കുന്നു ٱلْأَرْضَ ഭൂമിയെ بِسَاطًا ഒരു വിരുപ്പ് ﴾20﴿ لِّتَسْلُكُوا۟ നിങ്ങൾ പ്രവേശിക്കുവാൻ, കടക്കുവാൻ مِنْهَا അതിൽനിന്ന് سُبُلًا വഴികളിൽ فِجَاجًا വിശാലമായ, വിസ്തീർണമായ

വിരുപ്പിൽ യഥേഷ്ടം കിടക്കാം, ഉറങ്ങാം, സുഖിക്കാം, ഇരിക്കാം. അതുപോലെത്തന്നെ ഭൂമിയും. വസിക്കുവാൻ, ഉപജീവനമാർഗം തേടാൻ, വീടുപണിയുവാൻ, കൃഷി ചെയ്യാൻ, സഞ്ചരിക്കുവാൻ, നിരീക്ഷണം നടത്തുവാൻ, കിളച്ചുമറിക്കുവാൻ- അങ്ങനെ വേണ്ടതിനെല്ലാം- സൗകര്യപ്പെടുമാറ് അല്ലാഹു ഭൂമിയെ പരന്ന് വിശാലമായതാക്കിയിരിക്കുന്നു. പാറപോലെ ഉറച്ചതോ, മണൽപോലെ കിളറിയതോ, ചേറുപോലെ അലിഞ്ഞതോ, വനംപോലെ കാടുമൂടിയതോ, മരുഭൂമിപോലെ ഒഴിഞ്ഞുകിടക്കുന്നതോ ആക്കിയില്ല. ഓരോരുത്തന്നും അവന്റെ ഹിതമനുസരിച്ച് വിഹരിക്കുവാനുള്ള മാർഗങ്ങളും വിശാലംതന്നെ. നാട്ടിലൂടെയും, കാട്ടിലൂടെയും, കരയിലൂടെയും, സമുദ്രത്തിലൂടെയും, മലയിലൂടെയും, മരുഭൂമിയിലൂടെയും സഞ്ചരിക്കുവാനുള്ള സൗകര്യങ്ങളും അല്ലാഹു സജ്ജമാക്കിയിരിക്കുന്നു. കൂടാതെ, വായുമാർഗവും ഇപ്പോൾ മനുഷ്യന് അല്ലാഹു കീഴ്പെടുത്തിത്തന്നിരിക്കുകയാണ്. ഇതെല്ലാം അല്ലാഹു മനുഷ്യന് ചെയ്ത മഹത്തായ അനുഗ്രഹങ്ങളും, അതേസമയത്ത് അല്ലാഹുവിന്റെ മഹത്വത്തിനുള്ള പ്രത്യക്ഷ ദൃഷ്ടാന്തങ്ങളുമത്രെ.

◀◀ ***أنبت (അമ്പത്ത) എന്ന ക്രിയക്ക് 'മുളപ്പിച്ചു, ഉൽപാദിപ്പിച്ചു' എന്നും نباتٌ (നബാത്തുൻ) എന്ന പദത്തിന് 'മുള, ചെടി, ഉൽപാദനം' എന്നിങ്ങനെയും അർത്ഥങ്ങൾ വരുമെന്നതിൽ തർക്കമില്ല. അക്കാരണത്താൽ ഈ പുതിയ അർത്ഥം വകവെക്കുവാൻ തരമില്ല. ഇതേ വാക്കുകൾതന്നെ ഉപയോഗിച്ചുകൊണ്ട് സൂ: ആലുഇംറാൻ 37 -ാം വചനത്തിൽ അല്ലാഹു മർയം (അ)യെപ്പറ്റി പ്രസ്താവിച്ചത് നോക്കുക: وأنبتها نباتا حسنا وكفلها زكريا (അല്ലാഹു അവളെ നല്ലതായ ഒരു ഉൽപാദനം ഉൽപാദിപ്പിക്കുകയും അവളെ സകരിയ്യാക്ക് ഭരമേൽപിക്കുകയും ചെയ്തു.) അതായത്, മർയമിന്റെ ഉൽഭവവും വളർച്ചയും അല്ലാഹു നല്ല നിലയിലാക്കുകയും, അവരുടെ രക്ഷാകർതൃത്വം സകരിയ്യാ നബി (അ)ക്ക് നൽകുകയും ചെയ്തുവെന്ന് സാരം. ഇക്കൂട്ടർ കൽപിച്ച അർത്ഥപ്രകാരമാണെങ്കിൽ, ഇതിന് 'അല്ലാഹു അവളെ ഒരു നല്ല സസ്യമാക്കി മുളപ്പിച്ചു'...എന്ന് അർത്ഥം പറയണമല്ലോ. അഥവാ മർയം ആദ്യം ഒരു ചെടിയായിരുന്നുവെന്നും, പിന്നീട് മനുഷ്യരൂപത്തിലായെന്നും അനന്തരം സകരിയ്യാ നബിയെ ഏൽപിച്ചുവെന്നും ഇതിന് വ്യാഖ്യാനവും നൽകേണ്ടിവരും. കഷ്ടം! ഇത്രയും അപലപനീയവും ബാലിശവുമായ പുതിയ അർത്ഥവ്യാഖ്യാനങ്ങൾ കാണുമ്പോൾ ഇവർക്ക് ക്വുർആന്റെ പേരിൽ എന്തും പറയുവാൻ ധൈര്യക്ഷയമുണ്ടാവില്ലെന്ന് തോന്നിപ്പോകുകയാണ്! അല്ലാഹു അവർക്കും നമുക്കും നേർമാർഗം കാണിച്ചുതന്നു അനുഗ്രഹിക്കട്ടെ. ആമീൻ.***

950 കൊല്ലത്തോളം നൂഹ് (അ) തന്റെ ജനങ്ങളെ സത്യവിശ്വാസത്തിലേക്ക് ക്ഷണിച്ചുകൊണ്ടിരുന്നതിന്റെ സ്വഭാവമാണ് സംക്ഷേപരൂപത്തിൽ നാം മുകളിൽ കണ്ടത്. എന്നാൽ, ആ ജനത അതിനുനേരെ കൈകൊണ്ട നയമെന്തായിരുന്നുവെന്ന് നൂഹ് നബി (അ) തന്റെ പ്രസ്താവനയിൽ തുടർന്ന് വിവരിക്കുന്നു:-

വിഭാഗം- 2

قَالَ نُوحٌ رَّبِّ إِنَّهُمْ عَصَوْنِي وَاتَّبَعُوا مَن لَّمْ يَزِدْهُ مَالُهُ وَوَلَدُهُ إِلَّا خَسَارًا ﴿٢١﴾

﴾21﴿ നൂഹ് പറഞ്ഞു: 'എന്റെ റബ്ബേ! നിശ്ചയമായും അവർ, എന്നോട് അനുസരണക്കേട് കാണിച്ചിരിക്കുകയാണ്; യാതൊരുവർക്ക് അവരുടെ സ്വത്തും സന്താനവും നഷ്ടമല്ലാതെ വർദ്ധിപ്പിച്ചിട്ടില്ലയോ, അങ്ങനെയുള്ളവരെ അവർ പിൻപറ്റുകയും ചെയ്തിരിക്കുന്നു.'

وَمَكَرُوا مَكْرًا كُبَّارًا ﴿٢٢﴾

﴾22﴿ 'വളരെ വലിയ കുതന്ത്രവും അവർ പ്രയോഗിച്ചിരിക്കുന്നു.'

وَقَالُوا لَا تَذَرُنَّ آلِهَتَكُمْ وَلَا تَذَرُنَّ وَدًّا وَلَا سُوَاعًا وَلَا يَغُوثَ وَيَعُوقَ وَنَسْرًا ﴿٢٣﴾

﴾23﴿ അവർ പറഞ്ഞു: '(ജനങ്ങളേ) നിശ്ചയമായും നിങ്ങൾ നിങ്ങളുടെ ദൈവങ്ങളെ വിട്ടേക്കരുത്;' 'വദ്ദി'നെയാകട്ടെ, 'സുവാഇ'നെയാകട്ടെ നിങ്ങൾ വിട്ടേക്കരുത്; 'യഗൂഥി'നെയും, 'യഊകി'നെയും, 'നസ്റി'നെയും (വിട്ടേക്കുകയും) അരുത്' (എന്നൊക്കെ).

وَقَدْ أَضَلُّوا كَثِيرًا ۖ وَلَا تَزِدِ الظَّالِمِينَ إِلَّا ضَلَالًا ﴿٢٤﴾

﴾24﴿ 'അവർ വളരെ (ജനങ്ങളെ) വഴിപിഴപ്പിച്ചിട്ടുണ്ട്. (റബ്ബേ) അക്രമികൾക്ക് വഴി കേടല്ലാതെ നീ വർദ്ധിപ്പിക്കരുതേ!'

﴾21﴿ قَالَ نُوحٌ നൂഹ് പറഞ്ഞു رَّبِّ എന്റെ റബ്ബേ إِنَّهُمْ നിശ്ചയമായും അവർ عَصَوْنِي എന്നോട് അനുസരണക്കേട് കാണിച്ചു وَاتَّبَعُوا അവർ പിൻപറ്റുകയും ചെയ്തു مَن യാതൊരുവരെ لَّمْ يَزِدْهُ അവർക്ക് വർദ്ധിപ്പിച്ചിട്ടില്ല مَالُهُ തന്റെ സ്വത്ത്

وَوَلَدُهُۥٓ തന്റെ സന്താനവും إِلَّا خَسَارًا നഷ്ടമല്ലാതെ ﴿22﴾ وَمَكَرُوا۟ അവർ കുതന്ത്രം പ്രവർത്തിക്കുകയും ചെയ്തു مَّكْرًا كُبَّارًا (വളരെ) വലുതായ കുതന്ത്രം ﴿23﴾ وَقَالُوا۟ അവർ പറയുകയും ചെയ്തു لَا تَذَرُنَّ നിശ്ചയമായും നിങ്ങൾ വിട്ടേക്കരുത് ءَالِهَتَكُمْ നിങ്ങളുടെ ആരാധ്യവസ്തുക്കളെ, ദൈവങ്ങളെ وَلَا تَذَرُنَّ വിട്ടേക്കുകയും അരുത് وَدًّا 'വദ്ദി'നെ وَلَا سُوَاعًا 'സുവാഇ'നെയും അരുത് وَلَا يَغُوثَ 'യഗൂഥി'നെയും അരുത് وَيَعُوقَ 'യഊഖി'നെയും وَنَسْرًا 'നസ്റി'നെയും ﴿24﴾ وَقَدْ أَضَلُّوا۟ അവർ വഴിപിഴപ്പിക്കുകയും ചെയ്തിട്ടുണ്ട് كَثِيرًا വളരെ (ആളുകളെ) وَلَا تَزِدِ നീ വർദ്ധിപ്പിക്കരുതേ ٱلظَّٰلِمِينَ അക്രമികൾക്ക് إِلَّا ضَلَٰلًا വഴിപിഴവല്ലാതെ

എത്രമാത്രം മനോവേദനയോടുകൂടിയാണ് നൂഹ് നബി (അ) തന്റെ ജനതയെപ്പറ്റി അല്ലാഹുവിന്റെ മുമ്പിൽ സങ്കടപ്പെടുന്നതെന്ന് ആലോചിച്ചുനോക്കുക! പ്രബോധനത്തിൽ അംഗീകരിക്കപ്പെടുവാനുള്ള എല്ലാ മാർഗങ്ങളും അദ്ദേഹം ഉപയോഗിച്ചുനോക്കി. 950 കൊല്ലത്തോളം ഇടമുറിയാതെ, വിശ്രമമില്ലാതെ, അദ്ദേഹം ആ പരിശ്രമം തുടർന്നുകൊണ്ടിരുന്നു. സൂ: ഹൂദ് 40 ൽ പ്രസ്താവിച്ചതുപോലെ, അൽപമാത്രം ആളുകളല്ലാതെ അദ്ദേഹത്തോടൊപ്പം സത്യവിശ്വാസം സ്വീകരിച്ചില്ല. ആ ജനത വിശ്വസിച്ചില്ലെന്ന് മാത്രമല്ല, പരിഹാസം, ധിക്കാരം, അഹംഭാവം ആദിയായവയിൽ അവർ അതിരുകവിയുകയും ചെയ്തു. അവരിൽനിന്ന് എനിക്ക് ഒട്ടും നന്മ പ്രതീക്ഷിക്കുവാനില്ലെന്നും, അവർ അവശേഷിക്കുന്ന കാലത്തോളം അവരിൽനിന്ന് അക്രമവും മാർഗതടസ്സവും വർദ്ധിച്ചുകൊണ്ടിരിക്കുമെന്നും അദ്ദേഹത്തിന് ബോധ്യമായി. ഈ അവസരത്തിലാണ് അദ്ദേഹം അവർക്കെതിരിൽ അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നത്. 26 ഉം 27 ഉം വചനങ്ങളിൽനിന്ന് ഇത് കൂടുതൽ വ്യക്തമാകുന്നതാണ്.

24 -ാം വചനത്തിലെ നൂഹ് നബി (അ)യുടെ പ്രാർത്ഥനയുടെ താൽപര്യം, അക്രമികളായ ആ ജനതയുടെ കുതന്ത്രപ്രവർത്തനങ്ങളിൽ അവർക്ക് പരാജയം നൽകണമെന്നും, അവരുടെ തോന്നിയവാസങ്ങൾക്കും അവർമൂലമുണ്ടാകുന്ന ശല്യങ്ങൾക്കും അറുതിവരത്തക്കവണ്ണം അവർക്ക് വല്ല ആപത്തോ നാശമോ സംഭവിക്കണമെന്നും ആയിരിക്കാവുന്നതാണ്. തുടർന്നുള്ള വചനങ്ങളിൽ നിന്ന് അതാണ് മനസ്സിലാകുന്നത്. الله اعلم

'സ്വത്തും മക്കളും നഷ്ടമല്ലാതെ മറ്റൊന്നും വർദ്ധിപ്പിച്ചിട്ടില്ലാത്തവർ' എന്ന് (21 -ാം വചനത്തിൽ) പ്രസ്താവിച്ചത് അവരിലുള്ള നേതാക്കളെയും, ധനികൻമാരെയും കുറിച്ചാകുന്നു. പാമരൻമാരും സാധാരണക്കാരും അവരെ അനുകരിക്കുകയും പ്രേരണകൾക്ക് വഴിപ്പെടുകയും ചെയ്തു. ഇതാണ് 24 -ാം വചനത്തിൽ ചൂണ്ടിക്കാട്ടുന്നത്. നൂഹ് (അ) എന്തുതന്നെപറഞ്ഞാലും ശരി, നമ്മുടെ ദൈവങ്ങളെ വിട്ടുകളയരുതെന്ന് നേതാക്കൾ മറ്റുള്ളവരെ നിർബന്ധിച്ചു. വിഗ്രഹ

ങ്ങളെ ഉദ്ദേശിച്ചാണ് 'ദൈവങ്ങൾ' എന്ന് പറഞ്ഞതെന്ന് സ്പഷ്ടമാണ്. അവയിൽ കൂടുതൽ പ്രധാനപ്പെട്ട അഞ്ചെണ്ണത്തിന്റെ പേരുകളത്രെ 23 -ാം വചനത്തിൽ കാണുന്നത്. സജ്ജനങ്ങളായിരുന്ന ചില ആളുകൾ മരണപ്പെട്ടശേഷം, പിശാചിന്റെ പ്രേരണയനുസരിച്ച് ആദ്യം അവരുടെ പ്രതിമകൾ സ്ഥാപിക്കപ്പെടുകയും, ക്രമേണ അവ ആരാധ്യദൈവങ്ങളായി മാറുകയുമാണുണ്ടായതെന്നും, ഇതേ പേരുകളിലുള്ള വിഗ്രഹങ്ങൾ കാലാന്തരത്തിൽ അറബികൾക്കിടയിലും പ്രചാരത്തിൽ വന്നുവെന്നും ഇബ്നുഅബ്ബാസ് (റ) പ്രസ്താവിച്ചതായി ബുഖാരി (റ) രേഖപ്പെടുത്തിയിരിക്കുന്നു. ഇവക്ക് പുറമെ 'ലാത്ത, ഉസ്സാ, മനാത്ത' മുതലായ പല വിഗ്രഹങ്ങൾ അറബികൾക്ക് വേറെയും ഉണ്ടായിരുന്നു. (വിഗ്രഹാരാധനയെ സംബന്ധിച്ച് കൂടുതൽ വിവരം ഈ സൂറത്തിന്റെ അവസാനത്തിൽ കൊടുത്തിട്ടുള്ള വ്യാഖ്യാനക്കുറിപ്പിൽ കാണുക.) നൂഹ് (അ)ന്റെ പ്രാർത്ഥനക്ക് അല്ലാഹു ഉത്തരം നൽകി. അല്ലാഹു പറയുന്നു:-

مِّمَّا خَطِيٓـَٔاتِهِمْ أُغْرِقُوا۟ فَأُدْخِلُوا۟ نَارًا فَلَمْ يَجِدُوا۟ لَهُم مِّن دُونِ ٱللَّهِ أَنصَارًا ﴿٢٥﴾

﴿25﴾ അവരുടെ തെറ്റുകളാൽതന്നെ അവർ മുക്കി നശിപ്പിക്കപ്പെട്ടു; എന്നിട്ട് അവർ അഗ്നിയിൽ പ്രവേശിപ്പിക്കപ്പെട്ടു. അപ്പോൾ, അവർ, തങ്ങൾക്ക് അല്ലാഹു അല്ലാതെയുള്ള സഹായികളെ കണ്ടെത്തിയില്ല.

﴿25﴾ مِّمَّا خَطِيٓـَٔاتِهِمْ അവരുടെ തെറ്റു (കുറ്റം)കളാൽ (തന്നെ) أُغْرِقُوا۟ അവർ മു(ക്കി നശിപ്പി)ക്കപ്പെട്ടു فَأُدْخِلُوا۟ എന്നിട്ട് അവർ പ്രവേശിപ്പിക്കപ്പെട്ടു نَارًا അഗ്നിയിൽ فَلَمْ يَجِدُوا۟ അപ്പോൾ അവർ കണ്ടെത്തിയില്ല, അവർക്ക് കിട്ടിയില്ല لَهُم അവർക്ക് مِّن دُونِ ٱللَّهِ അല്ലാഹുവിനുപുറമെ أَنصَارًا സഹായികളെ

നൂഹ് നബി (അ)യിൽ വിശ്വസിക്കാതിരുന്ന ആ ജനത ഒന്നടങ്കം ജലപ്രളയത്തിൽ നശിച്ചുപോയതും, അദ്ദേഹത്തിൽ വിശ്വസിച്ചിരുന്ന അൽപം സത്യവിശ്വാസികളും അദ്ദേഹവും അല്ലാഹുവിന്റെ കൽപനപ്രകാരം കപ്പലിൽ കയറി രക്ഷപ്പെട്ടതും പ്രസിദ്ധമാണല്ലോ. ഇത് അവർക്ക് ലഭിച്ച ഐഹിക ശിക്ഷയാണ്. പരലോകത്തിലോ നരകാഗ്നിയും! ഇതെല്ലാം അവരുടെ സ്വന്തം തെറ്റുകുറ്റങ്ങൾ നിമിത്തമല്ലാതെ സംഭവിച്ചിട്ടില്ല. ആരെയും കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല.

അവർ 'മുക്കിനശിപ്പിക്കപ്പെട്ടു' എന്ന് പറഞ്ഞതിനോട് ചേർത്തുകൊണ്ട് فادخلوا نارا (എന്നിട്ട് അവർ അഗ്നിയിൽ പ്രവേശിപ്പിക്കപ്പെട്ടു) എന്ന് പറഞ്ഞിരിക്കുന്നത് ക്വിയാമത്ത്നാളിൽ അവരെ നരകത്തിൽ പ്രവേശിപ്പിക്കുന്നതിനെയും, അവർ അതിന് അർഹരായിക്കഴിഞ്ഞിട്ടുള്ളതിനെയും ഉദ്ദേശിച്ചായിരിക്കാം. അല്ലെങ്കിൽ, മുങ്ങിനശിച്ചതോടൊപ്പം തന്നെ അവരെ അല്ലാഹു യഥാർത്ഥത്തിൽ ഒരു അഗ്നി

ശിക്ഷക്ക് വിധേയരാക്കിയിട്ടുണ്ട് എന്നും വരാവുന്നതാണ്. ചെങ്കടലിൽ മുക്കി നശിപ്പിക്കപ്പെട്ട ഫിർഔനെയും അവന്റെ ആൾക്കാരെയും സംബന്ധിച്ച് 'അവർ രാവിലെയും വൈകുന്നേരവും നരകത്തിങ്കൽ പ്രവേശിപ്പിക്കപ്പെട്ടുവരുന്നു'ണ്ടെന്ന് 40 : 46 ൽ അല്ലാഹു വ്യക്തമാക്കിയിട്ടുണ്ടല്ലോ. മരണത്തിന്ശേഷം കിയാമത്ത് നാൾവരെയുള്ള ഇടക്കാലത്ത് (عالم البرزخ ൽ) വെച്ച് മനുഷ്യന് സുഖമയമോ ദുഃഖമയമോ ആയ അനുഭവങ്ങൾ ഉണ്ടായിരിക്കുമെന്നും, ക്വബ്റിലെ ശിക്ഷ അക്കൂട്ടത്തിൽ പെട്ടതാണെന്നും ക്വുർആനിൽനിന്നും ഹദീഥ് മുഖേനയും സ്ഥാപിതമായിട്ടുള്ളതാണ്. അപ്പോൾ, ജലപ്രളയത്തിൽ നശിപ്പിക്കപ്പെട്ടത് മുതൽ ആ ജനതയും- ഫിർഔന്റെ ആൾക്കാരെപ്പോലെ- ഏതെങ്കിലും വിധത്തിലുള്ള ഒരു അഗ്നി ശിക്ഷ അനുഭവിച്ചുകൊണ്ടിരിക്കുന്നുണ്ടായിരിക്കാം. فادخلوا (എന്നിട്ട് പ്രവേശിപ്പിക്കപ്പെട്ടു) എന്ന വാക്കിന്റെ ആദ്യത്തിൽ കാണുന്ന അവ്യയം (الفاء) നോക്കുമ്പോൾ, മുങ്ങിനശിച്ചതിന്റെ ഉടനെത്തന്നെ അഗ്നിപ്രവേശനവും സംഭവിച്ചിട്ടുണ്ടെന്ന് വെക്കുവാനാണ് ന്യായം കാണുന്നത്. കൂടാതെ, മുക്കിനശിപ്പിച്ചതിനെക്കുറിച്ചും അഗ്നിയിൽ പ്രവേശിപ്പിച്ചതിനെക്കുറിച്ചും- രണ്ടുംതന്നെ- ഭൂതകാല (الماضي) ക്രിയ ഉപയോഗിച്ചാണല്ലോ അല്ലാഹു പറഞ്ഞിരിക്കുന്നതും. والله اعلم

وَقَالَ نُوحٌ رَّبِّ لَا تَذَرْ عَلَى الْأَرْضِ مِنَ الْكَافِرِينَ دَيَّارًا ﴿٢٦﴾

﴾26﴿ നൂഹ് (വീണ്ടും) പറഞ്ഞു: എന്റെ റബ്ബേ, അവിശ്വാസികളിൽപെട്ട ഒരു പൗരനെയും ഭൂമിക്കുമീതെ നീ (ബാക്കിയാക്കി) വിട്ടേക്കരുതേ!

إِنَّكَ إِن تَذَرْهُمْ يُضِلُّوا عِبَادَكَ وَلَا يَلِدُوا إِلَّا فَاجِرًا كَفَّارًا ﴿٢٧﴾

﴾27﴿ (കാരണം) നിശ്ചയമായും, അവരെ (നശിപ്പിക്കാതെ) വിട്ടേക്കുന്നപക്ഷം, അവർ നിന്റെ അടിയാൻമാരെ വഴിതെറ്റിച്ചു കളയുന്നതാണ്; സത്യനിഷേധക്കാരായ ദുർവൃത്തരെയല്ലാതെ അവർ ജനിപ്പിക്കുകയും ചെയ്കയില്ല.

﴾26﴿ وَقَالَ نُوحٌ നൂഹ് (വീണ്ടും) പറഞ്ഞു رَّبِّ എന്റെ റബ്ബേ لَا تَذَرْ നീ വിട്ടേക്കരുതേ عَلَى الْأَرْضِ ഭൂമിയുടെ മീതെ, ഭൂമിയിൽ مِنَ الْكَافِرِينَ അവിശ്വാസികളിൽനിന്ന് دَيَّارًا ഒരു വീട്ടുകാരനെയും, ഗൃഹവാസിയെ (ഒരാളെ)യും ﴾27﴿ إِنَّكَ നിശ്ചയമായും നീ إِن تَذَرْهُمْ അവരെ നീ വിട്ടേക്കുന്ന പക്ഷം يُضِلُّوا അവർ വഴിതെറ്റിക്കും عِبَادَكَ നിന്റെ അടിയാൻമാരെ وَلَا يَلِدُوا അവർ ജനിപ്പിക്കയുമില്ല إِلَّا فَاجِرًا ദുർവൃത്തനെ (തോന്നിയ വാസിയെ) അല്ലാതെ كَفَّارًا സത്യനിഷേധക്കാരനായ, നന്ദികെട്ടവനായ

ആ ജനതയെക്കുറിച്ച് ഒരു സൽപ്രതീക്ഷക്ക് അവകാശമില്ലാതിരുന്നതോ, അവർ കൈകൊണ്ടുവന്ന അക്രമനയങ്ങളോ മാത്രമായിരുന്നില്ല അവർക്കെതിരിൽ -അവരുടെ നാശത്തിനുവേണ്ടി- പ്രാർത്ഥിക്കുവാൻ നൂഹ് നബി (അ)യെ പ്രേരിപ്പിച്ചത്. ഭാവിയിൽ സത്യവിശ്വാസം സ്വീകരിക്കാനിടയുള്ള ആളുകളെ- ഒരു പക്ഷേ, അദ്ദേഹത്തിൽ വിശ്വസിച്ചവരായി നിലവിലുള്ള ചുരുക്കം വ്യക്തികളെപ്പോലും- ആ അക്രമികൾ വഴിപിഴപ്പിക്കുകയും പിൻതിരിപ്പിക്കുകയും ചെയ്യുമെന്നും, ആ ദുഷിച്ച ജനതയിൽനിന്ന് ജനിച്ചു വളരുന്ന ഭാവി തലമുറകൾ അവരെപ്പോലെ ദുഷിച്ച ജനതയായിരിക്കുവാനേ മാർഗമുള്ളൂവെന്നും അദ്ദേഹത്തിന്റെ ദീർഘകാല പരിചയത്തിൽ നിന്ന് അദ്ദേഹത്തിന് ബോധ്യമായിരിക്കുന്നു. കൂടാതെ, അദ്ദേഹത്തോടൊപ്പം വിശ്വസിച്ചുകഴിഞ്ഞിട്ടുള്ള അൽപം ചിലരല്ലാതെ മേലിൽ ആ ജനതയിൽനിന്ന് ആരും വിശ്വസിക്കുന്നതല്ല എന്ന് അദ്ദേഹത്തിന് വഹ്‌യ് നൽകുകയും ചെയ്തിരുന്നു. (സൂ: ഹൂദ്, 36.) ഈ പ്രാർത്ഥന അതിനുശേഷമായിരിക്കുവാനും ഇടയുണ്ട്. പ്രവാചക വര്യനായ നൂഹ് (അ) തന്റെ ജനതക്കെതിരിൽ പ്രാർത്ഥന ചെയ്തതിന്റെ കാരണവും, ന്യായവും ഇതിൽനിന്ന് നല്ലപോലെ മനസ്സിലാക്കാമല്ലോ. ഫിർഔന്റെയും ആൾക്കാരുടെയും സത്യനിഷേധവും ധിക്കാരവും അതിരുകവിഞ്ഞു അവരെക്കുറിച്ചുള്ള പ്രതീക്ഷ പാടെ നശിച്ചപ്പോൾ അവർക്കെതിരിൽ മൂസാ നബി (അ)യും പ്രാർത്ഥിക്കുകയുണ്ടായിട്ടുണ്ടെന്നും, ആ പ്രാർത്ഥനക്ക് ഉത്തരം നൽകപ്പെട്ടുവെന്നും സൂ: യൂനുസി (88, 89)ൽ അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. നൂഹ് നബി (അ)യുടെ പ്രാർത്ഥനയുടെ ബാക്കിഭാഗം ഇപ്രകാരമാണ്:-

رَّبِّ ٱغْفِرْ لِى وَلِوَٰلِدَىَّ وَلِمَن دَخَلَ بَيْتِىَ مُؤْمِنًا وَلِلْمُؤْمِنِينَ وَٱلْمُؤْمِنَٰتِ وَلَا تَزِدِ ٱلظَّٰلِمِينَ إِلَّا تَبَارًۢا ﴿٢٨﴾

﴾28﴿ എന്റെ റബ്ബേ, എനിക്കും, എന്റെ മാതാപിതാക്കൾക്കും, എന്റെ വീട്ടിൽ സത്യവിശ്വാസിയായിക്കൊണ്ട് പ്രവേശിച്ചവർക്കും, സത്യവിശ്വാസികൾക്കും, വിശ്വാസിനികൾക്കും പൊറുത്തുതരേണമേ! അക്രമികൾക്ക് നാശ (നഷ്ട)മല്ലാതെ നീ വർദ്ധിപ്പിക്കുകയും ചെയ്യരുതേ!

﴾28﴿ رَّبِّ എന്റെ രക്ഷിതാവേ, റബ്ബേ ٱغْفِرْ لِى എനിക്ക് നീ പൊറുത്തുതരേണമേ وَلِوَٰلِدَىَّ എന്റെ രണ്ട് ജനയിതാക്കൾ (മാതാപിതാക്കൾ)ക്കും وَلِمَن دَخَلَ പ്രവേശിച്ചവർക്കും بَيْتِىَ എന്റെ വീട്ടിൽ مُؤْمِنًا സത്യവിശ്വാസിയായിക്കൊണ്ട് وَلِلْمُؤْمِنِينَ സത്യവിശ്വാസികൾക്കും وَٱلْمُؤْمِنَٰتِ സത്യവിശ്വാസിനികൾക്കും وَلَا تَزِدِ നീ വർദ്ധിപ്പിക്കയും അരുതേ ٱلظَّٰلِمِينَ അക്രമികൾക്ക് إِلَّا تَبَارًا നാശമല്ലാതെ, നഷ്ടമല്ലാതെ

അവസാനമായി തന്റെയും, തന്റെ മാതാപിതാക്കളുടെയും, മറ്റെല്ലാ സത്യവിശ്വാസികളുടെയും പാപമോചനത്തിനുവേണ്ടി നൂഹ് നബി (അ) പ്രാർത്ഥിക്കുന്നു. അവിശ്വാസികളെക്കുറിച്ചുള്ള പ്രാർത്ഥന ഒന്നുകൂടി ആവർത്തിക്കുകയും ചെയ്തിരിക്കുന്നു. ദുആ ചെയ്യുമ്പോൾ നാം സ്വീകരിക്കേണ്ടതുള്ള ഒരു മര്യാദ ഇതിൽനിന്ന് നമുക്ക് മനസ്സിലാക്കുവാനുണ്ട്. അതായത്, പ്രാർത്ഥനയിൽ ആദ്യമായി സ്വന്തം കാര്യവും പിന്നീട് അവനവനുമായി കൂടുതൽ ബന്ധപ്പെട്ടവരുടെ കാര്യവും പ്രത്യേകം എടുത്തു പറയണം. അവസാനം പൊതുവിൽ എല്ലാവർക്കുവേണ്ടിയും പ്രാർത്ഥിക്കണം എന്നത്രെ അത്. എന്റെ വീട് (بيتي) എന്ന് പറഞ്ഞത് അദ്ദേഹവും സത്യവിശ്വാസികളും 'ഇബാദത്ത്' ചെയ്തിരുന്ന പള്ളിയെ ഉദ്ദേശിച്ചാണെന്നാണ് പല വ്യാഖ്യാതാക്കളുടെയും അഭിപ്രായം. അദ്ദേഹം വസിച്ചിരുന്ന സ്വന്തം വീട് തന്നെയാണെന്നാണ് മറ്റൊരഭിപ്രായം. ക്വുർആനിൽനിന്ന് നേർക്കുനേരെ മനസ്സിലാകുന്നതും ഇതാണ്. അൽപം ആളുകൾ മാത്രമേ അദ്ദേഹത്തിൽ വിശ്വസിച്ചിരുന്നുള്ളൂ. അദ്ദേഹമാണെങ്കിൽ ദീർഘകാലം ജീവിക്കുകയും ചെയ്തിരിക്കുന്നു. നാട്ടുകാരെല്ലാം ശത്രുക്കളുമാണ്. ഈ നിലക്ക് അദ്ദേഹത്തിന്റെ ജനതയിലുള്ള ഒരു സത്യവിശ്വാസിയും അദ്ദേഹത്തിന്റെ വീട്ടിൽ പ്രവേശിക്കാത്തവരായി ഉണ്ടായിരിക്കുവാൻ അവകാശമില്ലല്ലോ. ഒരു നബിവചനം ഇപ്രകാരം രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു: 'സത്യവിശ്വാസിയോടല്ലാതെ നീ ചങ്ങാത്തം കെട്ടരുത്. ഭയഭക്തനല്ലാതെ നിന്റെ ഭക്ഷണം തിന്നുകയും അരുത്.' (അ; ദാ; തി.) നിന്റെ അടുത്തകൂട്ടുകെട്ടും ബന്ധവും സത്യവിശ്വാസികളോടും സജ്ജനങ്ങളോടുമായിരിക്കണമെന്ന് താൽപര്യം.

ربنا اغفرلنا ولوالدينا وللمؤمنين والمؤمنات

വ്യാഖ്യാനക്കുറിപ്പ് ഃ-

വിഗ്രഹാരാധനയുടെ തുടക്കം

മനുഷ്യവർഗത്തിന്റെ ആദ്യപിതാവായ ആദം നബി (അ) ഭൂലോകജീവിതം ആരംഭിക്കുകയും അദ്ദേഹത്തിന്റെ സന്താനങ്ങൾ ഭൂമിയിൽ വ്യാപിക്കുവാൻ തുടങ്ങുകയും ചെയ്തതോടെത്തന്നെ, മനുഷ്യ ശത്രുവായ പിശാചും അവന്റെ പ്രവർത്തനപരിപാടികൾ അവർക്കിടയിൽ തുടങ്ങിക്കഴിഞ്ഞിരുന്നു. തന്നാൽ കഴിയുന്ന എല്ലാ മാർഗങ്ങളിലൂടെയും ആദമിന്റെ സന്തതികളെ വഞ്ചിക്കുമെന്ന് പ്രതിജ്ഞ ചെയ്തവനാണല്ലോ ഇബ്‌ലിസ്. അധികം താമസിയാതെ ആദം നബി (അ)യുടെ മക്കൾക്കിടയിൽ വഴക്കും വക്കാണവും ഉണ്ടാകുമാറ് മനുഷ്യരിൽ നിക്ഷിപ്തമായ കോപം, അസൂയ, രോഷം ആദിയായവയെ അവൻ ഇളക്കിവിട്ടു. അത് മനുഷ്യചരിത്രത്തിലെ ഒന്നാമത്തെ കൊലപാതകത്തിൽ കലാശിക്കുകയും ഉണ്ടായി.

ഭൂമിയിൽ മനുഷ്യവർഗത്തെ സൃഷ്ടിക്കുവാൻ പോകുന്ന വിവരം അല്ലാഹു മലക്കുകളെ അറിയിച്ചപ്പോൾ മലക്കുകൾ ചോദിച്ചു: أتجعل فيها من يفسد فيها ويسفك الدماء (അതിൽ കുഴപ്പമുണ്ടാക്കുകയും രക്തം ചിന്തുകയും ചെയ്യുന്നവരെ അതിൽ നീ ആക്കുന്നുവോ)? അവർക്ക് നൽകിയ മറുപടി: إني أعلم مالا تعلمون (നിങ്ങൾക്ക് അറിഞ്ഞുകൂടാത്തത് നിശ്ചയമായും എനിക്കറിയാം) എന്നായിരുന്നു. (സൂ: ബക്വറഃ 30) മനുഷ്യവർഗം കുഴപ്പവും രക്തം ചിന്തലും നടത്തുകയില്ലെന്ന് അല്ലാഹു പ്രസ്താവിച്ചിട്ടില്ല. അവർക്ക് അറിഞ്ഞുകൂടാത്ത പല രഹസ്യങ്ങളും അതിൽ അന്തർഭവിച്ചിട്ടുണ്ടെന്നേ സർവ്വജ്ഞനായ അല്ലാഹു മറുപടി പറഞ്ഞുള്ളൂ. മലക്കുകൾ സംശയിച്ച അക്കാര്യം ഏറെത്താമസിയാതെ പുലരുകയും ചെയ്തു. അതെ, ആദം നബി (അ)യുടെ പുത്രനായ ഹാബീലി (هابيل)നെ സ്വന്തം സഹോദരനായ ക്വാബീൽ (قابيل) കൊലപ്പെടുത്തി. അങ്ങനെ, രക്തം ചിന്തലിന്റെയും കുഴപ്പത്തിന്റെയും ഉദ്ഘാടനം പിശാച് കൊണ്ടാടി. ഈ സംഭവം സൂ: മാഇദഃ (30 – 34)യിൽ അല്ലാഹു വിവരിച്ചിട്ടുണ്ട്.

കർമരംഗത്ത് മനുഷ്യനെ വഴിപിഴപ്പിക്കുന്നതുകൊണ്ട് പിശാച് തൃപ്തി അടഞ്ഞില്ല. വിശ്വാസരംഗത്തേക്കും അതവൻ വ്യാപിപ്പിച്ചു. അങ്ങനെ, പല ഊഹങ്ങളും, തെറ്റായ ധാരണകളും, ആശയക്കുഴപ്പങ്ങളും മനുഷ്യഹൃദയങ്ങളിൽ തലപൊക്കി. കാലക്രമത്തിൽ അവയെല്ലാം സത്യയാഥാർത്ഥ്യങ്ങളായി അംഗീകരിക്കപ്പെടുവാനും തുടങ്ങി. ദൈവികേതരമതങ്ങളുടെ ഉത്ഭവസ്ഥാനം ഇതത്രെ.

ദൈവികേതരമതങ്ങളിൽ അതിപുരാതന മതമാണ് 'സ്വാബിയാമതം'. *(*)* ഈ മതക്കാരിൽ രണ്ട് തരക്കാരുണ്ട്. നക്ഷത്രങ്ങളും ഉപരിഗോളങ്ങളുമെല്ലാം ചില ആത്മീയശക്തികളുടെ പ്രത്യക്ഷരൂപങ്ങളാണെന്ന ധാരണയിൽ അവയെ ആരാധിച്ചുവരുന്ന ഒരു കക്ഷി. അതത് ഗ്രഹങ്ങളിലുണ്ടെന്ന് സങ്കൽപിക്കപ്പെടുന്ന ആത്മാക്കൾക്ക് ചില പ്രത്യേക രൂപങ്ങൾ നൽകുകയും, ആ രൂപത്തിലുള്ള പ്രതിമകളെ ആരാധിക്കുകയും ചെയ്യുന്ന മറ്റൊരു കക്ഷി. വിഗ്രഹാരാധന രംഗപ്രവേശം ചെയ്ത ഒരു മാർഗം ഇതായിരുന്നു. ചിലർ, അല്ലാഹുവിനെ ഒരു സ്ഥൂലവസ്തുവായി കണക്കുകൂട്ടി. രാജാധിപതിയായ അവന്റെ സിംഹാസനത്തിന് ചുറ്റും അവന്റെ പരിചാരകരായി മലക്കുകൾ നിലകൊള്ളുന്നതായി അവർ സങ്കൽപിച്ചു. അങ്ങനെ, അല്ലാഹുവിന്റെതെന്ന സങ്കൽപത്തിൽ വളരെ വലിയൊരു പ്രതിമയും, ചുറ്റുപാടും മലക്കുകളുടേതെന്ന ഭാവേന വേറെ കുറെ ചെറുപ്രതിമകളും പ്രതിഷ്ഠിച്ച് അവർ അവയെ ആരാധിക്കുവാൻ തുടങ്ങി. മറ്റൊരു കൂട്ടർ, അല്ലാഹുവിന്റെ ദിവ്യഗുണങ്ങളുടെ പ്രതീകങ്ങളെന്നോണം ചില പ്രത്യേക രൂപങ്ങളെ സങ്കൽപിച്ചുണ്ടാക്കി ആ രൂപങ്ങളെ പ്രതിഷ്ഠിക്കുകയും, അവയെ ആരാധിക്കുകയും ചെയ്തുവന്നു.

നാലാമതൊരു വിഭാഗക്കാർ, മരണപ്പെട്ടുപോയ സദ്വൃത്തരായ പുണ്യവാൻമാരുടെ സ്മരണക്കും ബഹുമാനത്തിനുംവേണ്ടി അവരുടെ പ്രതിരൂപങ്ങൾ നിർമിക്കുകയും, കാലാന്തരത്തിൽ അവയോടുള്ള ബഹുമാനം അതിരുകവിഞ്ഞു അവയെ ആരാധിച്ചു തുടങ്ങുകയും ചെയ്തു. നൂഹ് നബി (അ)യുടെ ജനത ആരാധിച്ചുവന്ന 'വദ്ദ്, സുവാഉ്, യഗൂഥ്, യഊക്വ്, നസ്ർ' എന്നീ ദൈവങ്ങൾ ഈ ഇനത്തിൽപെട്ട വിഗ്രഹങ്ങളത്രെ. ഈ അഞ്ച് പേരിലുമുള്ള വിഗ്രഹങ്ങളെ ചില അറബി ഗോത്രങ്ങൾ ആരാധിച്ചിരുന്നതിനെപ്പറ്റി പ്രസ്താവിച്ചുകൊണ്ട് ഇബ്നു അബ്ബാസ് (റ) ഇങ്ങനെ പറഞ്ഞതായി ഇമാം ബുഖാരി (റ) ഉദ്ധരിച്ചിരിക്കുന്നു: 'നൂഹ് നബി (അ)യുടെ ജനതയിലുണ്ടായിരുന്ന ചില സജ്ജനങ്ങളുടെ പേരുകളാണവ. അങ്ങനെ, അവർ നശിച്ചു (മരിച്ചു) പോയപ്പോൾ, അവർ ഇരിക്കാറുണ്ടായിരുന്ന ഇരിപ്പിടങ്ങളിൽ അവയുടെ പേര് നൽകികൊണ്ട് ചില പ്രതിഷ്ഠകൾ സ്ഥാപിക്കണമെന്ന് പിശാച് ജനങ്ങൾക്ക് ദുർബോധനം നൽകി. അവരത് ചെയ്കയും ചെയ്തു. എന്നാലവ ആരാധിക്കപ്പെട്ടിരുന്നില്ല. അങ്ങനെ, അക്കൂട്ടർ നശിച്ചുപോകുകയും ചെയ്തു. ചുരുക്കത്തിൽ ആദ്യം സജ്ജന സ്മരണക്കായി പ്രതിഷ്ഠിക്കപ്പെട്ട ആ സ്മാരകങ്ങൾ പിൽക്കാലത്ത് ആരാധ്യവിഗ്രഹങ്ങളായി മാറി എന്ന് സാരം. ഇങ്ങനെയുള്ള അനുഭവങ്ങൾ ഈ സമുദായത്തിൽ സംഭവിക്കുവാൻ ഇടയാകരുതെന്ന് കരുതി ആദ്യകാലത്ത് നബിﷺ ക്വബ്ർ സന്ദർശനം (زيارة القبور)പോലും വിരോധിച്ചിരുന്നത് ഇവിടെ സ്മരണീയമാകുന്നു. ശിർക്കിന്റെ വശങ്ങളെക്കുറിച്ച് മുസ്ലിംകൾക്ക് അറിയാറായപ്പോൾ- ക്വബ്ർ സന്ദർശനം നടത്തുന്നത് പരലോകസ്മരണക്ക് ഉതകുന്നതാണെന്ന കാരണത്താൽ- നബിﷺ പിന്നീട് അതിന് മുസ്ലിംകളെ

(*) صابية = ഗോളാർച്ചനമതം (Sabaism)

പ്രോത്സാഹിപ്പിക്കുകയും ചെയ്തിരിക്കുന്നു. തിരുമേനി പറഞ്ഞു: 'ക്വബ്റുകളെ സന്ദർശിക്കുന്നതിനെക്കുറിച്ച് ഞാൻ നിങ്ങളോട് നിരോധിച്ചിരുന്നു. അറിഞ്ഞേക്കുക: എന്നാൽ നിങ്ങൾ അവയെ സന്ദർശിച്ചുകൊള്ളുവിൻ.' (മുസ്‌ലിം) തിർമദീ (റ)യുടെ നിവേദനത്തിൽ ഇതുംകൂടിയുണ്ട്: 'കാരണം, അത് പരലോകത്തെ ഓർമിപ്പിക്കുന്നതാകുന്നു.'

ഇതിനെല്ലാം പുറമെ മറ്റൊന്നുകൂടി: പ്രവാചകന്മാർ തുടങ്ങിയ മഹാത്മാക്കൾ മുഖാന്തരം -അല്ലെങ്കിൽ ഏതെങ്കിലും വസ്തുക്കളിലൂടെ -വല്ല അസാധാരണമായ അത്ഭുത സംഭവങ്ങളും നടന്നതായി കാണുമ്പോൾ, അവരിൽ -അല്ലെങ്കിൽ അവയിൽ -ദിവ്യത്വം കൽപിക്കപ്പെടുക-. അഥവാ ആ മഹാത്മാക്കളിലോ, അല്ലെങ്കിൽ ആ വസ്തുക്കളിലോ അല്ലാഹു അവതരിക്കുകയോ പ്രത്യക്ഷപ്പെടുകയോ ചെയ്തിട്ടുണ്ടെന്നും, അവന്റെ ഏതെങ്കിലും ഒരു ഗുണം അവതരിച്ചിട്ടുണ്ടെന്നും കരുതുക. അങ്ങനെ, ആ മഹാത്മാക്കളുടെയോ വസ്തുക്കളുടെയോ പ്രതിമകളുണ്ടാക്കി പൂജിച്ചവരുക. ഹിന്ദുക്കളുടെ വിവിധ അവതാര വിശ്വാസങ്ങളും, വിഗ്രഹാരാധനകളും, ക്രിസ്ത്യാനികൾ ഈസാ നബി (അ)യെയും കുരിശിനെയും ആരാധിക്കുന്നതുമെല്ലാം ഈ ഇനത്തിൽ ഉൾപ്പെട്ടവയത്രെ.

പിശാചിന്റെ ദുർബോധനങ്ങളിൽനിന്നും മനുഷ്യന്റെ അബദ്ധജടിലമായ ചിന്താഗതികളിൽനിന്നുമായി ഉത്ഭവിക്കുകയും, കാലാന്തരത്തിൽ ചില പ്രത്യേക രൂപങ്ങളിൽ സ്ഥിരപ്പെട്ട മതസിദ്ധാന്തങ്ങളായി അംഗീകരിക്കപ്പെടുകയും ചെയ്ത പലതരം വിഗ്രഹാരാധനകളാണ് മേൽപറഞ്ഞതെല്ലാം. വിഗ്രഹാരാധനയുടെ പ്രസ്തുത ഇനങ്ങളെല്ലാംതന്നെ ശിർക്കാണെന്ന് (ബഹുദൈവവിശ്വാസമാണെന്ന്) ക്വുർആൻ സംശയാതീതമായി പ്രഖ്യാപിച്ചിരിക്കുകയാണ്. വിഗ്രഹങ്ങൾ സ്വയംതന്നെ തങ്ങൾക്ക് ഗുണമോ ദോഷമോ വരുത്തുവാൻ പ്രാപ്തമാണെന്ന വിശ്വാസത്തോടെ അവയെ ആരാധിച്ചുവരുന്നവർ തുലോം കുറവായിരിക്കും. പക്ഷേ, അവയെ ആരാധിക്കുന്നതുമൂലം ഏതെങ്കിലും പ്രകാരേണ ദൈവസാമീപ്യത്തിനും, പുണ്യം നേടുന്നതിനും ഉപകരിക്കുമെന്നും അവയോ അവ പ്രതിനിധാനം ചെയ്യുന്ന പുണ്യാത്മാക്കളോ, അല്ലെങ്കിൽ വൻസൃഷ്ടികളോ അല്ലാഹുവിങ്കൽ ശുപാർശയും സ്വാധീനവും ചെലുത്തി തങ്ങൾക്ക് രക്ഷ നൽകുമെന്നും ഉള്ള വിശ്വാസമാണ് അതിന്നവരെ പ്രേരിപ്പിക്കുന്നത്. ما نعبدهم إلا ليقربونا إلى الله زلفى–الزمر:٣ (അവർ ഞങ്ങളെ അല്ലാഹുവിങ്കലേക്ക് സാമീപ്യം നൽകി അടുപ്പിക്കുവാൻ വേണ്ടിയല്ലാതെ ഞങ്ങൾ അവരെ ആരാധിക്കുന്നില്ല) എന്നും, هؤلاء شفعاؤنا عند الله– يونس:١٨ (ഇവർ അല്ലാഹുവിന്റെ അടുക്കൽ ഞങ്ങളുടെ ശുപാർശക്കാരാണ്.) എന്നും മറ്റും വിഗ്രഹാരാധകൻമാർ പറയാറുള്ളതായി അല്ലാഹു ഉദ്ധരിക്കുന്നത് ഇതിനെപ്പറ്റിയാകുന്നു.

സൂ: യൂനുസിൽനിന്നുദ്ധരിച്ച ഈ വചനത്തിന്റെ വ്യാഖ്യാനത്തിൽ ഇമാം റാസീ (റ) അദ്ദേഹത്തിന്റെ തഫ്സീറിൽ പ്രസ്താവിച്ചിട്ടുള്ള ഒരു വാചകം ഇവിടെ

ശ്രദ്ധേയമാകുന്നു. അതിങ്ങനെയാണ്: ونظير ذلك في هذا الزمان اشتغال كثير من الخلق بتعظيم قبور الاكابر على اعتقاد أنهم اذا عظموا قبورهم فانهم يكونون شفعاء لهم عند الله تعالى–الرازي ص ٥٥٧ج٤ح (സാരം: മഹാന്മാരുടെ ക്വബ്റുകളെ ബഹുമാനിച്ചാൽ അവർ തങ്ങൾക്ക് അല്ലാഹുവിന്റെ അടുക്കൽ ശുപാർശക്കാരായിത്തീരുമെന്ന വിശ്വാസത്തോടെ ഇക്കാലത്ത് വളരെ പടപ്പുകൾ മഹാൻമാരുടെ ക്വബ്റുകളെ ബഹുമാനിക്കുന്നതിൽ ഏർപ്പെട്ടിട്ടുള്ളതും ഇതിന് തുല്യമായതാകുന്നു.) ഇമാം റാസീ (റ)യുടെ കാലത്തെ (ഹിജ്റഃ 7-ാം നൂറ്റാണ്ടിലെ) സ്ഥിതിയാണദ്ദേഹം ചൂണ്ടിക്കാണിച്ചത്. എന്നാൽ അതിനുശേഷം ഈ ഏർപ്പാട് എത്രമാത്രം കൂടുതൽ ശക്തിപ്പെട്ടു വന്നിട്ടുണ്ടെന്ന് ഇന്ന് സത്യാന്വേഷികളെ പറഞ്ഞറിയിക്കേണ്ടതില്ല. അല്ലാഹുവിൽ ശരണം! ശിർക്കിന്റെ എല്ലാ വകുപ്പുകളിൽനിന്നും അല്ലാഹു നമ്മെയെല്ലാവരെയും കാത്തു രക്ഷിക്കട്ടെ. آمين

سورة الجن

72. സൂറതുൽ ജിന്ന്

മക്കഃയിൽ അവതരിച്ചത് - വചനങ്ങൾ 28 - വിഭാഗം (റുകൂഉ്) 2

ഈ അദ്ധ്യായത്തിന്റെ പേർ 'ജിന്ന്' എന്നും, ഇതിലെ പ്രത്യേക സംസാരവിഷയം ജിന്നുകളെ സംബന്ധിക്കുന്നതും ആകുന്നു. മലക്കുകളെപ്പോലെത്തന്നെ നമ്മുടെ ദൃഷ്ടിക്ക് കാൺമാൻ കഴിയാത്ത ഒരു തരം ആത്മീയ ജീവികളത്രെ ജിന്ന്വർഗം. മലക്കുകളുടെ ആവാസസ്ഥാനം ആകാശങ്ങളാകുന്നു. എന്നാൽ ജിന്നുകളാകട്ടെ ഭൂവാസികളാണ്. മനുഷ്യർ മണ്ണിനാലും, ജിന്നുകൾ അഗ്നിയാലും സൃഷ്ടിക്കപ്പെട്ടവരാണെന്ന് ക്വുർആൻ ഒന്നിലധികം സ്ഥലത്ത് പ്രസ്താവിച്ചിരിക്കുന്നു. മലക്കുകൾ പ്രകാശത്താലാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നതെന്ന് ഹദീഥിലും വന്നിട്ടുണ്ട്. മലക്കുകളെ സംബന്ധിച്ചെന്നപോലെ ജിന്നുകളെക്കുറിച്ചും അല്ലാഹുവും അവന്റെ പ്രവാചകൻമാരും അറിയിച്ചു തന്നതല്ലാതെ കൂടുതൽ വിവരം നമുക്ക് അറിയുവാൻ സാദ്ധ്യമല്ല. അല്ലാഹുവും റസൂലും പറഞ്ഞത്- അത് ദൃശ്യമാകട്ടെ, അദൃശ്യമാകട്ടെ- അപ്പടി സ്വീകരിക്കുകയും വിശ്വസിക്കുകയും ചെയ്യൽ നിർബന്ധവുമാണല്ലോ.

മതാനുയായികൾ പൊതുവിലും, മതവിശ്വാസികളായ തത്വജ്ഞാനികളിൽ മിക്കവരും ജിന്ന് എന്നൊരു അദൃശ്യവർഗമുണ്ടെന്ന് സമ്മതിക്കുന്നവരാകുന്നു. മതാവലംബികളല്ലാത്ത ശാസ്ത്രജ്ഞൻമാർ പൊതുവിൽ ജിന്ന് വർഗത്തെ നിഷേധിക്കുന്നവരാണെന്ന് പറയാമെങ്കിലും അവരിലും ചിന്തകൻമാരായ ചിലർ മുമ്പും- ഇപ്പോഴും- ജിന്നിനെ സ്ഥാപിക്കുന്നവരത്രെ. വിശദാംശങ്ങളിൽ വ്യത്യസ്ത അഭിപ്രായങ്ങളുണ്ടാവാമെന്ന് മാത്രം. മുസ്ലിംകളെ സംബന്ധിച്ച് പറയുകയാണെങ്കിൽ, ക്വുർആനും നബിവചനങ്ങളും മുഖവിലക്ക് സ്വീകരിക്കുവാൻ തയ്യാറില്ലാത്തവരും ശാസ്ത്രത്തിനും യുക്തിവാദത്തിനും അടിമപ്പെട്ടും ഭൗതിക ചിന്താഗതി പിടിപെട്ടുകൊണ്ടിരിക്കുന്നവരും മാത്രമേ ജിന്നുവർഗത്തെയും മലക്കുവർഗത്തെയും നിഷേധിക്കുന്നുള്ളൂ. തങ്ങൾ ക്വുർആനെ നിഷേധിക്കുന്നവരല്ലെന്ന് വരുത്തിത്തീർക്കുമാറ് എത്രയോ ക്വുർആൻ വചനങ്ങളെ അവർ ദുർവ്യാഖ്യാനം ചെയ്ത് സംതൃപ്തരാകേണ്ടിവന്നിട്ടുണ്ട്. ഹദീഥുകളുടെ നേരെ കണ്ണടച്ചും, യുക്തിന്യായങ്ങൾ പറഞ്ഞും തള്ളിക്കളയുകയും ചെയ്യും. അപരിഷ്കൃതരായ മനുഷ്യവിഭാഗത്തെക്കുറിച്ചാണ് ജിന്നുകളെന്ന് പറയുന്നതെന്നാണ് അവരുടെ ജൽപനം.

അവർ കൊണ്ടുവരാറുള്ള തെളിവുകളും, ന്യായങ്ങളും, അവയുടെ ഖണ്ഡനങ്ങളും വിവരിച്ചുകൊണ്ട് സൂ: ഹിജ്റിനുശേഷമുള്ള വ്യാഖ്യാനക്കുറിപ്പിൽ ഇതിനെപ്പറ്റി നാം സവിസ്തരം സംസാരിച്ചുകഴിഞ്ഞതാണ്. ആകയാൽ, ഇവിടെ അതൊന്നും ആവർത്തിക്കുന്നില്ല. ജിന്ന്വർഗത്തെയും പിശാചുക്കളെയും കുറിച്ച് ക്വുർആന്റെയും ഹദീഥിന്റെയും അടിസ്ഥാനത്തിൽ പല വിവരങ്ങളും നാം അവിടെ വിവരിച്ചിട്ടുണ്ട്. അവയിൽ ചിലതെല്ലാം ഈ സൂറത്തിലെ വചനങ്ങളെ ആധാരമാക്കിക്കൊണ്ടുള്ളതുമാകുന്നു.

ഒരുകൂട്ടം ജിന്നുകൾ നബി തിരുമേനിﷺയിൽനിന്ന് ക്വുർആൻ കേൾക്കുകയും, അവർ ക്വുർആനിലും നബിﷺയിലും വിശ്വസിക്കുകയും, അനന്തരം തങ്ങളുടെ സമുദായത്തെ അതിലേക്ക് ക്ഷണിക്കുകയും ഉണ്ടായ സംഭവമാണ് ഈ സൂറത്തിലെ പ്രധാനവിഷയം. സ്വജനതയെ ക്ഷണിച്ചുകൊണ്ട് അവർ ചെയ്ത പ്രസ്താവനകൾ അല്ലാഹു ഇതിൽ ഉദ്ധരിച്ചിരിക്കുന്നു. ഇതിന്റെ മുമ്പ് കഴിഞ്ഞ സൂറത്തിലെ സംസാരിവിഷയം നൂഹ് നബി (അ) തൊള്ളായിരത്തമ്പത് കൊല്ലം അദ്ദേഹത്തിന്റെ ജനതക്കിടയിൽ നടത്തിയ പ്രബോധനത്തിന്റെയും, ആ ജനത അതിനെതിരെ സ്വീകരിച്ച നിലപാടിന്റെയും, അവരുടെ പര്യവസാനത്തിന്റെയും ചരിത്രമാണല്ലോ. നബി തിരുമേനിﷺയുടെ പ്രബോധനത്തിന് മുമ്പിൽ അവിടുത്തെ ജനത കൈകൊണ്ട നിലപാടും നൂഹ് (അ)ന്റെ ജനത സ്വീകരിച്ച നിലപാടിന്റെ അതേ പകർപ്പ് തന്നെ. ആകയാൽ, നബി തിരുമേനിﷺക്ക് ഒരു മനസ്സമാധാനവും, അവിടുത്തെ ജനതക്ക് ഒരു ചരിത്രപാഠവുമായിരുന്നു സൂറത്ത് നൂഹ്. സത്യനിഷേധികൾ ക്വുർആനിൽ വിശ്വസിക്കാത്തത് ക്വുർആന്റെയോ നബിയുടെയോ ഏതെങ്കിലും പോരായ്മകൊണ്ടല്ല– അവരുടെ മർക്കടമുഷ്ടികൊണ്ട് മാത്രമാണ് –എന്നും, മനുഷ്യവർഗത്തിൽപെട്ടവർപോലുമല്ലാത്ത ഒരു കൂട്ടം ആളുകൾ– ജിന്നുകൾ– നബിﷺയിൽനിന്ന് ക്വുർആൻ കേട്ടമാത്രയിൽ അതിൽ ആകൃഷ്ടരാവുകയും വിശ്വസിക്കുകയും ചെയ്തുവെന്നും; മാത്രമല്ല, അവർ തങ്ങളുടെ ജനതയെ അതിലേക്ക് ക്ഷണിക്കുകകൂടിയുണ്ടായെന്നും ഈ സൂറത്ത് ഓർമിപ്പിക്കുന്നു.

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ

പരമകാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

قُلْ أُوحِيَ إِلَيَّ أَنَّهُ ٱسْتَمَعَ نَفَرٌ مِّنَ ٱلْجِنِّ فَقَالُوٓا۟ إِنَّا سَمِعْنَا قُرْءَانًا عَجَبًا ﴿١﴾

﴾1﴿ (നബിയേ) പറയുക: 'ജിന്നുകളിൽ നിന്നുള്ള ഒരു കൂട്ടർ (ക്വുർആൻ) ശ്രദ്ധിച്ചുകേൾക്കുകയുണ്ടായെന്ന് എനിക്ക് വഹ്‌യു നൽകപ്പെട്ടിരിക്കുന്നു. എന്നിട്ട് അവർ പറഞ്ഞു: 'നിശ്ചയമായും, ഞങ്ങൾ ആശ്ചര്യകരമായ ഒരു 'ക്വുർആൻ' [പാരായണ ഗ്രന്ഥം] കേട്ടു.'

يَهْدِىٓ إِلَى ٱلرُّشْدِ فَـَٔامَنَّا بِهِۦ ۖ وَلَن نُّشْرِكَ بِرَبِّنَآ أَحَدًا ﴿٢﴾

﴾2﴿ അത് സൻമാർഗത്തിലേക്ക് വഴി കാട്ടുന്നു; അതിനാൽ ഞങ്ങൾ അതിൽ വിശ്വസിച്ചിരിക്കുന്നു. ഞങ്ങൾ ഞങ്ങളുടെ രക്ഷിതാവിനോട് ഒരാളെയും പങ്ക് ചേർക്കുകയില്ലതന്നെ.

﴾1﴿ قُلْ നീ പറയുക أُوحِىَ إِلَىَّ എനിക്ക് വഹ്‌യ് (ബോധനം) നൽകപ്പെട്ടിരിക്കുന്നു أَنَّهُ ٱسْتَمَعَ ശ്രദ്ധിച്ചുകേട്ടിട്ടുണ്ടെന്ന്, ചെവികൊടുത്തെന്ന് نَّفَرٌ مِّنَ ٱلْجِنِّ ജിന്നിൽപെട്ട ഒരുകൂട്ടർ (ചെറുസംഘം) فَقَالُوٓا എന്നിട്ടവർ പറഞ്ഞു إِنَّا سَمِعْنَا നിശ്ചയമായും ഞങ്ങൾ കേട്ടിരിക്കുന്നു قُرْءَانًا عَجَبًا ആശ്ചര്യകരമായ ക്വുർആൻ (പാരായണം, പാരായണഗ്രന്ഥം) ﴾2﴿ يَهْدِىٓ അത് വഴികാട്ടുന്നു, إِلَى ٱلرُّشْدِ സൻമാർഗ (നേർവഴി- തന്റേടം)ത്തിലേക്ക് فَـَٔامَنَّا بِهِۦ അങ്ങനെ ഞങ്ങളതിൽ വിശ്വസിച്ചിരിക്കുന്നു وَلَن نُّشْرِكَ ഞങ്ങൾ പങ്കുചേർക്കുകയില്ലതന്നെ بِرَبِّنَآ ഞങ്ങളുടെ (നമ്മുടെ) റബ്ബിനോട് أَحَدًا ഒരാളെയും

ജിന്നുകൾ നബി ﷺ യിൽ നിന്ന് ക്വുർആൻ പാരായണം കേട്ട സംഭവത്തെപ്പറ്റി പല ഹദീഥുകളും കാണാവുന്നതാണ്. അവയിൽ ചിലതെല്ലാം സൂ: അഹ്ക്വാഫ് 29 – 32 ന്റെ വ്യാഖ്യാനത്തിൽ നാം ഉദ്ധരിച്ചിട്ടുണ്ട്. അവ ഇവിടെയും ഓർമിച്ചിരിക്കേണ്ടതാകുന്നു. ജിന്നുകൾ ഒന്നിലധികം പ്രാവശ്യം നബി ﷺ യുടെ സന്നിധിയിൽ വന്നിട്ടുണ്ടെന്നും, തിരുമേനിയൊന്നിച്ച് സ്വഹാബികളിൽ ചിലർ ഉള്ളപ്പോഴും, ആരും ഇല്ലാത്തപ്പോഴും, അത് സംഭവിച്ചിട്ടുണ്ടെന്നും ഹദീഥുകളുടെ അടിസ്ഥാനത്തിൽ അവിടെ നാം ചൂണ്ടിക്കാട്ടിയിരിക്കുന്നു. ബുഖാരി, മുസ്‌ലിം (റ) തുടങ്ങിയ പലരും ഇബ്നുഅബ്ബാസ് (റ)ൽ നിന്നുദ്ധരിച്ച ഒരു ഹദീഥിൽ, നബി ﷺ അവരെ കണ്ടിട്ടില്ലെന്നും, അവർ ക്വുർആൻ പാരായണം കേട്ടുപോയ വിവരം വഹ്‌യ് മുഖേന മാത്രമാണ് തിരുമേനി അറിഞ്ഞതെന്നും പ്രസ്താവിച്ചിരിക്കുന്നു. ജിന്നുകളുടെ പ്രതിനിധി തിരുമേനിയുടെ അടുക്കൽ വന്നു ആവശ്യപ്പെട്ട പ്രകാരം തിരുമേനി അവർക്ക് ക്വുർആൻ ഓതിക്കേൾപ്പിക്കുകയും, അവരെ ഇസ്‌ലാമിലേക്ക് ക്ഷണിക്കുകയും ഉണ്ടായെന്നും മറ്റും ഇബ്നു മസ്ഊദ് (റ) പ്രസ്താവിച്ചതായി അഹ്മദ്, മുസ്‌ലിം (റ) മുതലായവർ ഉദ്ധരിച്ച ഒരു ഹദീഥിലും വന്നിരിക്കുന്നു. ഇബ്നു അബ്ബാസ് (റ) പ്രസ്താവിച്ചത് ഒന്നാമത്തെ സംഭവത്തെക്കുറിച്ചാണെന്നും, ഇബ്നു മസ്ഊദ് (റ) പ്രസ്താവിച്ചത് രണ്ടാമത്തെ സംഭവമാണെന്നും ഇമാം ബൈഹക്വീ (റ) മുതലായവർ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. തിരുമേനിയുടെ അടുക്കൽ രണ്ട് പ്രാവശ്യം ജിന്നുകൾ ചെന്നിട്ടുണ്ടെന്ന് ഇബ്നു അബ്ബാസ് (റ) തന്നെയും പ്രസ്താവിച്ചതായി ത്വബ്റാനീ (റ) ഉദ്ധരിച്ചിട്ടുള്ളതും സ്മരണീയമാകുന്നു. കൂടാതെ, ജിന്നുകളുടെ സംഭവം ഉണ്ടായിട്ടുള്ളത് തിരുമേനി മക്കഃയിലായിരുന്ന കാല

ത്താണ്. അന്ന് ഇബ്നു അബ്ബാസ് ചെറുപ്രായക്കാരനായിരുന്നു. ആ നിലക്ക് ഇബ്നു മസ്ഊദ് (റ), അബൂഹുറയ്റഃ (റ) എന്നിവരെപ്പോലെ അത് സംബന്ധിച്ച സൂക്ഷ്മവിവരം അദ്ദേഹത്തിന് ഇല്ലാതിരിക്കുക സ്വാഭാവികമാണ്. അതുകൊണ്ട്- ഇബ്നു തൈമിയ്യ (റ) ചൂണ്ടിക്കാട്ടിയതുപോലെ- ഇബ്നു അബ്ബാസ് (റ) പ്രസ്താവിച്ചത് അദ്ദേഹം ഈ സൂറത്തിൽനിന്ന് മനസ്സിലാക്കിപ്പറഞ്ഞതായിരിക്കുകയും ചെയ്യാമല്ലോ. (കൂടുതൽ വിവരം സൂഃ അഹ്ക്വാഫിൽ കഴിഞ്ഞുപോയത് ഓർക്കുക.)

ചുരുക്കത്തിൽ, നബിﷺയിൽ നിന്ന് ജിന്നുകൾ ക്വുർആൻ കേട്ട സംഭവങ്ങളിൽ ഒന്നിനെപ്പറ്റിയാണ് ഇവിടെ അല്ലാഹു പ്രസ്താവിക്കുന്നത്. ആ വിവരം വഹ്യ് ലഭിച്ചപ്പോഴേ നബിﷺക്ക് അറിയുവാൻ കഴിഞ്ഞുള്ളൂ. അതുകൊണ്ടാണ് قل أوحي إلي أنه استمع (ശ്രദ്ധിച്ചുകേട്ടു എന്ന് എനിക്ക് വഹ്യ് നൽകപ്പെട്ടുവെന്ന് പറയുക .....) എന്ന് പറഞ്ഞിരിക്കുന്നത്. സൂ: അഹ്ക്വാഫിൽ وإذ صرفنا إليك نفر من الجن (ജിന്നുകളിൽനിന്നുള്ള ഒരു കൂട്ടരെ നിന്റെ അടുക്കലേക്ക് നാം തിരിച്ചുവിട്ട സന്ദർഭം ഓർക്കുക) എന്നാണല്ലോ പറഞ്ഞിട്ടുള്ളത്. ഈ വാക്യം- സംശയാതീതമാംവണ്ണം സ്പഷ്ടമാണെന്ന് പറഞ്ഞുകൂടാ. എങ്കിലും- ജിന്നുകൾ നബിﷺയുടെ അടുക്കൽ വന്ന് ക്വുർആൻ കേൾപ്പിക്കുവാൻ ആവശ്യപ്പെട്ട സംഭവത്തെ ഉദ്ദേശിച്ചായിരിക്കാനും സാധ്യതയുണ്ട്. ചില മഹാൻമാർ ഇങ്ങനെ അഭിപ്രായപ്പെടുകയും ചെയ്തിരിക്കുന്നു. എനി, രണ്ട് സൂറത്തിലെയും സംഭവം ഒന്നു തന്നെയാണെന്ന് വന്നാൽ തന്നെയും, വേറെയും സംഭവം ഉണ്ടായിട്ടുണ്ടെന്ന് പല ഹദീഥുകളാലും, അനിഷേധ്യമായിസ്ഥാപിതമായിട്ടുള്ളതാണ്. ഒന്നാമത്തെ തവണ, നബിﷺ അറിയാതെത്തന്നെ അവിടുന്ന് ക്വുർആൻ പാരായണം ചെയ്യുന്നത് കേട്ടപ്പോൾ അതിൽ അത്ഭുതവും വിശ്വാസവും ജനിച്ച ആ ജിന്നുകൾ വീണ്ടും വന്നു തങ്ങൾക്ക് ക്വുർആൻ കേൾപ്പിക്കണമെന്നും മറ്റും ആവശ്യപ്പെടുന്നത് കേവലം സ്വാഭാവികം മാത്രമാണ്. نفر (നഫർ) എന്ന വാക്ക് പത്തിന് താഴെയുള്ള ചെറുസംഘം ആളുകൾ എന്ന അർത്ഥത്തിലാണ് ഉപയോഗിക്കാറുള്ളത്. ആകയാൽ വന്ന ആളുകൾ കുറച്ചേ ഉണ്ടായിരുന്നുള്ളൂവെന്ന് മനസ്സിലാക്കാം.

അപരിഷ്കൃതമനുഷ്യരാണ് ജിന്നുകൾ എന്ന് വാദിക്കുന്നവർ, ഇവിടെയും സൂ: അഹ്ക്വാഫിലും ജിന്നുകൾ ക്വുർആൻ കേട്ടുവെന്ന് പറഞ്ഞത് മക്കാ മുശ്രിക്കുകളെ ഭയന്ന് വെളിക്കുവരാൻ ധൈര്യപ്പെടാതിരുന്ന ചില മനുഷ്യരെക്കുറിച്ചാണെന്ന് പറയുന്നു. ഒരുകൂട്ടം മനുഷ്യർ നബിﷺയുടെ അടുക്കൽ വന്നു ക്വുർആൻ കേട്ടുപോകുക, അവർ സത്യവിശ്വാസം സ്വീകരിക്കുക, എന്നിട്ട് തങ്ങളുടെ ജനതയുടെ അടുക്കൽചെന്ന് അവരെ ഉപദേശിക്കുക, ഇതെല്ലാം കഴിഞ്ഞിട്ടും നബിﷺ അതൊന്നും അറിഞ്ഞില്ലെന്നും, വഹ്യ് ലഭിച്ചപ്പോൾ മാത്രമേ അറിഞ്ഞുള്ളൂവെന്നും സങ്കൽപിക്കുവാൻ കേവലം നട്ടുച്ചക്ക് കണ്ണടച്ച് ഇരുട്ടാക്കുന്നവർക്ക് മാത്രമേ സാധിക്കുകയുള്ളൂ.

ജിന്നുകളുടെ ഈ സംഭവം ക്വുർആനിൽ ഉദ്ധരിച്ചതിൽനിന്ന് താഴെ കാണുന്നതുപോലെയുള്ള ചില യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കുവാൻ കഴിയും:

(1) മനുഷ്യരിലേക്ക് മാത്രമായിരുന്നില്ല നബി തിരുമേനിﷺയുടെ ദൗത്യം; അഥവാ ജിന്നുകളിലേക്കും കൂടിയുണ്ടായിരുന്നു. ഈ വിഷയത്തിൽ മുസ്‌ലിംകൾക്കിടയിൽ പറയത്തക്ക ഭിന്നാഭിപ്രായം ഇല്ല.

(2) അവർക്ക് മനുഷ്യന്റെ സംസാരവും ഭാഷയും മനസ്സിലാക്കുവാൻ സാധിക്കും. അവർ ക്വുർആൻ കേട്ടു മനസ്സിലാക്കിയല്ലോ.

(3) അവരും മതശാസനകൾക്ക് വിധേയരാണ്. അവർ സത്യവിശ്വാസം സ്വീകരിച്ചതിൽനിന്നും, തുടർന്നുള്ള അവരുടെ പ്രസ്താവനകളിൽനിന്നും ഇത് വ്യക്തമാകുന്നു.

(4) അവരും ഒരുതരം സാമൂഹിക ജീവിതം നയിക്കുന്നവരും പരസ്പരം ഉപദേശം നൽകുക മുതലായ കൃത്യങ്ങൾ നടത്താറുള്ളവരുമാകുന്നു.

(5) ജിന്നുകൾപോലും ക്വുർആൻ കേട്ടമാത്രയിൽ അതിൽ വിശ്വസിച്ച സ്ഥിതിക്ക് അവരെക്കാൾ ഉത്തമവർഗമായ മനുഷ്യർ അതിൽ വിശ്വസിക്കുവാൻ പല നിലക്കും അവരെക്കാൾ ബാധ്യസ്ഥരാകുന്നു. എന്നാൽ, ക്വുർആൻ ആവർത്തിച്ചു കേട്ടിട്ടും അതിൽ വിശ്വസിക്കാത്തവരുടെ തടസ്സം അവരുടെ കുബുദ്ധിയും, മർക്കടമുഷ്ടിയുമാകുന്നു.

ഈ ജിന്നുകൾ ക്വുർആൻ കേട്ടപ്പോൾ അവരിലുണ്ടായ പ്രതികരണം എത്ര വമ്പിച്ചതായിരുന്നുവെന്ന് 1 മുതൽ 14 കൂടിയ വചനങ്ങളിൽനിന്ന് നല്ലപോലെ മനസ്സിലാക്കാം. ജിന്നുകളുടെ പ്രസ്താവനയുടെ ബാക്കി ഭാഗങ്ങളാണ് താഴെ കാണുന്നത്.

وَأَنَّهُۥ تَعَٰلَىٰ جَدُّ رَبِّنَا مَا ٱتَّخَذَ صَٰحِبَةً وَلَا وَلَدًا ﴿٣﴾

﴾3﴿ നമ്മുടെ റബ്ബിന്റെ മഹത്വം ഉന്നതമായതാകുന്നു എന്നും അവൻ സഹധർമിണിയെയാകട്ടെ, സന്താനത്തെയാകട്ടെ സ്വീകരിച്ചിട്ടില്ല എന്നും;

وَأَنَّهُۥ كَانَ يَقُولُ سَفِيهُنَا عَلَى ٱللَّهِ شَطَطًا ﴿٤﴾

﴾4﴿ നമ്മിലുള്ള ഭോഷൻ അല്ലാഹുവിന്റെ പേരിൽ കവിഞ്ഞ അനീതി പറയാറുണ്ടായിരുന്നു എന്നും;

وَأَنَّا ظَنَنَّآ أَن لَّن تَقُولَ ٱلْإِنسُ وَٱلْجِنُّ عَلَى ٱللَّهِ كَذِبًا ﴿٥﴾

﴾5﴿ മനുഷ്യരും ജിന്നും അല്ലാഹുവിന്റെ പേരിൽ നിശ്ചയമായും വ്യാജം പറയുന്നതേയല്ല എന്ന് ഞങ്ങൾ ധരിച്ചുവെന്നും (പ്രസ്താവിച്ചു)

﴾3﴿ وَأَنَّهُۥ നിശ്ചയമായും അത് (കാര്യം) تَعَٰلَىٰ ഉന്നതമായിരിക്കുന്ന (എന്നും) جَدُّ رَبِّنَا നമ്മുടെ റബ്ബിന്റെ മഹത്വം, അനുഗ്രഹം مَا ٱتَّخَذَ അവൻ ഏർപ്പെടുത്തിയിട്ടില്ല (സ്വീകരിച്ചിട്ടില്ല) صَٰحِبَةً സഹധർമിണി (തുണക്കാരി- (ഭാര്യ)യെ وَلَا وَلَدًا സന്താനത്തെ (മക്കളെ)യുമില്ല ﴾4﴿ وَأَنَّهُۥ كَانَ ആയിരുന്നുവെന്നും يَقُولُ പറയും سَفِيهُنَا നമ്മിലെ ഭോഷൻ, വിഡ്ഢി عَلَى ٱللَّهِ അല്ലാഹുവിന്റെമേൽ (പേരിൽ) شَطَطًا അക്രമം, കവിഞ്ഞ അനീതി, വിദൂരമായ വ്യാജം ﴾5﴿ وَأَنَّا ظَنَنَّآ നാം ധരിച്ചു എന്നും أَن لَّن تَقُولَ പറയുന്നതേയല്ല (പറയുകയില്ലതന്നെ) എന്നും ٱلْإِنسُ മനുഷ്യർ وَٱلْجِنُّ ജിന്നും عَلَى ٱللَّهِ അല്ലാഹുവിന്റെ മേൽ كَذِبًا വ്യാജം, വല്ല കളവും

അല്ലാഹുവിന് മക്കളും ഭാര്യയുമുണ്ട് എന്നിങ്ങനെ യാഥാർത്ഥ്യവുമായി വിദൂരബന്ധം പോലുമില്ലാത്ത വ്യാജങ്ങൾ അവന്റെ പേരിൽ മനുഷ്യവർഗമോ ജിന്നുവർഗമോ പറഞ്ഞുണ്ടാക്കുമെന്ന് ഞങ്ങൾ വിചാരിച്ചിരുന്നില്ല. ഇപ്പോൾ ക്വുർആൻ കേൾക്കുകയും സത്യവിശ്വാസം സ്വീകരിക്കുകയും ചെയ്തപ്പോഴാണ് അതെല്ലാം വിഡ്ഢിത്തങ്ങളാണെന്നും, അല്ലാഹു അതിൽനിന്നെല്ലാം പരിശുദ്ധനാണെന്നും ഞങ്ങൾക്ക് ബോധ്യമായത് എന്ന് സാരം.

وَأَنَّهُۥ كَانَ رِجَالٌ مِّنَ ٱلْإِنسِ يَعُوذُونَ بِرِجَالٍ مِّنَ ٱلْجِنِّ فَزَادُوهُمْ رَهَقًا ﴿٦﴾

﴾6﴿ മനുഷ്യരിൽനിന്നുള്ള ചില പുരുഷൻമാർ [ആളുകൾ] ജിന്നുകളിൽനിന്നുള്ള ചില പുരുഷൻമാരോട് [ആളുകളോട്] ശരണം തേടാറുണ്ടായിരുന്നു; അങ്ങനെ അവർ അവർക്ക് വിഡ്ഢിത്തം (അഥവാ ഗർവ്വ്) വർദ്ധിപ്പിച്ചു എന്നും;

وَأَنَّهُمْ ظَنُّوا كَمَا ظَنَنتُمْ أَن لَّن يَبْعَثَ ٱللَّهُ أَحَدًا ﴿٧﴾

﴾7﴿ അല്ലാഹു ഒരാളെയും എഴുന്നേൽപിക്കുന്നതേയല്ല എന്ന് നിങ്ങൾ ധരിച്ചതുപോലെ അവരും ധരിച്ചിരിക്കുന്നുവെന്നും (പ്രസ്താവിച്ചു).

﴾6﴿ وَأَنَّهُۥ كَانَ ആയിരുന്നുവെന്നും رِجَالٌ ചില പുരുഷൻമാർ (ആളുകൾ) مِّنَ ٱلْإِنسِ മനുഷ്യരിൽപെട്ട يَعُوذُونَ അവർ അഭയം (ശരണം- രക്ഷ) തേടു (മായിരുന്നു) بِرِجَالٍ ചില പുരുഷൻമാരോട് مِّنَ ٱلْجِنِّ ജിന്നിൽനിന്നുള്ള فَزَادُوهُمْ അങ്ങനെ അതവർക്ക് വർദ്ധിപ്പിച്ചു رَهَقًا ബാധ (ഗർവ്വ്, ധിക്കാരം -ധാർഷ്ട്യം- വിഡ്ഢിത്തം അക്രമം) ﴾7﴿ وَأَنَّهُمْ ظَنُّوا അവർ ധരിച്ചു എന്നും كَمَا ظَنَنتُمْ നിങ്ങൾ ധരിച്ചതുപോലെ أَن لَّن يَبْعَثَ എഴുന്നേൽപിക്കുക (അയക്കുക- നിയോഗിക്കുക)യില്ല തന്നെ എന്ന് ٱللَّهُ അല്ലാഹു أَحَدًا ഒരാളെയും

ജിന്നുകളെക്കുറിച്ചും, അവരിലുള്ള ദുഷ്ടവിഭാഗമായ ശൈത്വാനെ (പിശാചിനെ)ക്കുറിച്ചും ഇന്ന് പലരിലും കണ്ടുവരുന്നതുപോലെ, അറബികൾക്കിടയിലും പല തെറ്റായ ധാരണകളും അന്ധവിശ്വാസങ്ങളും ഉണ്ടായിരുന്നു. വിജന പ്രദേശങ്ങളായ വല്ല താഴ്‌വരയിലൂടെയോ മറ്റോ സഞ്ചരിക്കുമ്പോൾ ആ പ്രദേശ നിവാസികളായ ജിന്നുകളിൽ നിന്ന് വല്ല ഉപദ്രവമോ ആപത്തോ നേരിട്ടേക്കാമെന്ന് അവർ ഭയപ്പെട്ടിരുന്നു. അതിനാൽ, അങ്ങനെയുള്ള സ്ഥലങ്ങളിൽകൂടി പോകുമ്പോൾ 'ഈ താഴ്‌വരയിലെ വിവരമില്ലാത്തവരായ ജിന്നുകളെ സംബന്ധിച്ച് ഇവിടത്തെ നേതാവായ ജിന്നിനോട് ഞങ്ങൾ ശരണം തേടുന്നു' എന്ന് അവർ പറയാറുണ്ടായിരുന്നു. ഇങ്ങനെ പറയുന്നതായാൽ തങ്ങൾക്ക് അവരിൽനിന്ന് ഉപദ്രവങ്ങളൊന്നും നേരിടുകയില്ലെന്ന് അവർ സമാധാനിക്കുകയും ചെയ്യും. ഇതിനെപ്പറ്റിയാണ് 6 -ാം വചനത്തിൽ ജിന്നുകൾ പ്രസ്താവിക്കുന്നത്.

فزادوهم رهقا എന്ന വാക്യത്തിന് രണ്ടുപ്രകാരത്തിൽ അർത്ഥവ്യാഖ്യാനം നൽകപ്പെട്ടിട്ടുണ്ട്:

(1) ആ ശരണം തേടൽമൂലം ജിന്നുകൾക്ക് മനുഷ്യർ വിഡ്ഢിത്തം വർദ്ധിപ്പിച്ചു. അഥവാ, അത് നിമിത്തം അവർക്ക് ഗർവ്വും ധിക്കാരവും അധികമായിത്തീർന്നു.

(2) അതുമൂലം മനുഷ്യർക്ക് ജിന്നുകൾ വിഡ്ഢിത്തം വർദ്ധിപ്പിച്ചു. അഥവാ ജിന്നുകളെക്കുറിച്ചുള്ള ഭയവും അവരോട് ശരണം തേടലും കാരണമായി അവരിൽ ഭോഷ്കും നിഷിദ്ധമായ പ്രവർത്തനങ്ങളും വർദ്ധിച്ചു. رهق (റഹക്) എന്ന വാക്കിന് സന്ദർഭോചിതം പല അർത്ഥങ്ങൾ വരുന്നതും *(*)* കർത്താവിന്റെയും കർമത്തിന്റെയും സ്ഥാനത്ത് നിലകൊള്ളുന്ന രണ്ട് സർവ്വനാമങ്ങളി(ضميري الفاعل والمفعول)ൽ ജിന്നുകളെ കുറിക്കുന്നത് ഏതാണെന്നും, മനുഷ്യരെ കുറിക്കുന്നത് ഏതാണെന്നും നിർണയിക്കുന്നതിലുള്ള വ്യത്യസ്തവീക്ഷണ *(**)*വുമാണ് ഈ ഭിന്നാഭിപ്രായത്തിന് കാരണം. രണ്ടായിരുന്നാലും ഉദ്ദേശ്യം വ്യക്തമാണല്ലോ.

7 -ാം വചനത്തിൽ അല്ലാഹു ഒരാളെയും എഴുന്നേൽപിക്കുകയില്ല (لن يبعث الله أحدا) എന്ന് പറഞ്ഞതിന്റെ താൽപര്യം അല്ലാഹു ആരെയും റസൂലായി എഴുന്നേൽപിക്കുന്നില്ല എന്നും, മരണശേഷം അല്ലാഹു ആരെയും രണ്ടാമത് എഴു

---

* قال في القاموس :رهق كفرح غشيه ولحقه الخ والرهق محركة السفه والنوك والخفة و ركوب الشر والظلم وغشيان المحارم الخ.

** أي يحتمل ان يكون مرجع ضمير الفاعل والمفعول هو الجن وضمير المفعول هو الإنس ويحتمل العكس ايضا

ന്നേൽപിക്കുകയില്ല എന്നും ആകാവുന്നതാകുന്നു. ഈ രണ്ട് പ്രകാരത്തിലും ആ വാക്യത്തിന് വ്യാഖ്യാനം നൽകപ്പെട്ടിട്ടുമുണ്ട്. രണ്ടായാലും ജിന്ന്വർഗവും മനുഷ്യവർഗവും ധരിച്ചുവന്നിരുന്ന ആ ധാരണ തെറ്റാണെന്ന് തങ്ങൾക്ക് ഇപ്പോൾ ബോധ്യമായിരിക്കുന്നുവെന്നത്രെ ജിന്നുകൾ പ്രസ്താവിച്ചതിന്റെ സാരം.

മനുഷ്യരിലുള്ള ചില അപരിഷ്കൃത വിഭാഗത്തിന്റെ പേരാണ് 'ജിന്ന്' എന്നും, അങ്ങനെ ഒരു പ്രത്യേക വർഗം സൃഷ്ടികളില്ലെന്നും വാദിക്കുന്നവർ തങ്ങളുടെ വാദത്തിന് കൊണ്ടുവരാറുള്ള പൊള്ളയായ തെളിവുകളിൽ ഒന്നാണ് رجال من الجن (ജിന്നുകളിൽ നിന്നുള്ള പുരുഷൻമാർ) എന്ന വാക്ക്. رجال (രിജാൽ)ന്റെ ഏകവചനം رجل (റജുൽ) എന്നാകുന്നു. ഇത് മനുഷ്യൻമാർക്കുമാത്രമേ പറയാറുള്ളൂവെന്ന് ഇവർ സമർത്ഥിക്കുന്നത് കാണാം. ഈ സമർത്ഥനം കഴമ്പില്ലാത്തതാണെന്നും, അത് സമ്മതിച്ചുകൊടുത്താൽപോലും അതിൽ അവർക്ക് തെളിവിന്ന് വകയില്ലെന്നും സൂ:ഹിജ്റിനുശേഷമുള്ള വ്യാഖ്യാനക്കുറിപ്പിൽ നാം പ്രത്യേകം വിവരിച്ചു കഴിഞ്ഞതാണ്. ജിന്ന്വർഗത്തെ നിഷേധിക്കുന്നവർക്ക് ജിന്നുകളുടെ പ്രസ്താവനകളായി ഈ സൂറത്തിൽ കാണുന്ന പലതിനെയും ദുർവ്യാഖ്യാനം ചെയ്യേണ്ടി വന്നിട്ടുണ്ട്. അക്കൂട്ടത്തിൽ തങ്ങളുടെ മനസ്സാക്ഷിയെപ്പോലും വഞ്ചിച്ചുകൊണ്ട് തികച്ചും ബാലിശമായ ദുർവ്യാഖ്യാനങ്ങൾ ചെയ്യേണ്ടിവന്ന ചില ഭാഗങ്ങളാണ് തുടർന്നുള്ള രണ്ട് ആയത്തുകളിൽ കാണുന്ന ജിന്നുകളുടെ പ്രസ്താവന:-

وَأَنَّا لَمَسْنَا ٱلسَّمَآءَ فَوَجَدْنَٰهَا مُلِئَتْ حَرَسًا شَدِيدًا وَشُهُبًا ﴿٨﴾

﴾8﴿ നാം ആകാശത്തെ സ്പർശിച്ചു (നോക്കി): അപ്പോൾ അത് ശക്തിമത്തായ പാറാവുകാരാലും, തീജ്വാലകളാലും നിറക്കപ്പെട്ടിരിക്കുന്നതായി നാം കണ്ടെത്തി എന്നും;

وَأَنَّا كُنَّا نَقْعُدُ مِنْهَا مَقَٰعِدَ لِلسَّمْعِ ۖ فَمَن يَسْتَمِعِ ٱلْـَٔانَ يَجِدْ لَهُۥ شِهَابًا رَّصَدًا ﴿٩﴾

﴾9﴿ നാം അതിൽ [ആകാശത്തിൽ] നിന്ന് ചില ഇരിപ്പിടങ്ങളിൽ കേൾക്കുവാൻ വേണ്ടി ഇരിക്കാറുണ്ടായിരുന്നു; എന്നാൽ, ഇപ്പോൾ ആരെങ്കിലും ചെവികൊടുക്കുന്ന [കേൾക്കാൻ ശ്രമിക്കുന്ന]തായാൽ, അവനെ വീക്ഷിച്ചുകൊണ്ടിരിക്കുന്ന ഒരു തീജ്വാലയെ അവൻ കണ്ടെത്തുന്നതാണ് എന്നും (പ്രസ്താവിച്ചു).

﴾8﴿ وَأَنَّا لَمَسْنَا നാം സ്പർശിച്ചു (തൊട്ടു) എന്നും ٱلسَّمَآءَ ആകാശത്തെ فَوَجَدْنَٰهَا അപ്പോൾ നാമതിനെ കണ്ടെത്തി مُلِئَتْ അത് നിറക്കപ്പെട്ട നിലയിൽ حَرَسًا പാറാ

വുകാരാൽ شَدِيدًا കഠിനമായ, ശക്തമായ وَشُهُبًا തീജ്വാല (ഉൽക്ക)കളാലും ﴿9﴾ وَأَنَّا كُنَّا نَقْعُدُ നാം ഇരിക്കാറുണ്ടായിരുന്നുവെന്നും مِنْهَا അതിൽനിന്ന് مَقَاعِدَ ചില ഇരിപ്പിടം (താവളം)കളിൽ لِلسَّمْعِ കേൾക്കുവാൻ വേണ്ടി فَمَن يَسْتَمِعِ എന്നാൽ ആരെങ്കിലും ചെവികൊടുത്താൽ, കേൾക്കാൻ ശ്രമിച്ചാൽ, الْآنَ ഇപ്പോൾ يَجِدْ لَهُ അവൻ തനിക്ക് കണ്ടെത്തും شِهَابًا ഒരു തീജ്വാല, ഉൽക്ക رَّصَدًا പ്രതീക്ഷിച്ചു (വീക്ഷിച്ചു) കൊണ്ടിരിക്കുന്ന

മുൻകാലത്ത് ആകാശത്ത് ചില പ്രത്യേക സ്ഥലങ്ങളിൽ കയറിച്ചെന്ന് പതിയിരിക്കുകയും, ഭൂമിയിൽ നടക്കുവാൻ പോകുന്ന ചില കാര്യങ്ങളെക്കുറിച്ച് മലക്കുകൾ തമ്മിൽ സംസാരിക്കുന്ന സംഭാഷണങ്ങളിൽനിന്ന് വല്ലതും ഉപായത്തിൽ കേൾക്കുകയും, അതിൽ വളരെയേറെ വ്യാജങ്ങളും കൂട്ടിച്ചേർത്തുകൊണ്ട് ആ വിവരം തങ്ങളുടെ സേവകരും ആരാധകരുമായ മനുഷ്യർക്ക് എത്തിച്ചുകൊടുക്കുകയും ചെയ്യുന്ന ഒരു പതിവ് ജിന്നുകളിൽ -ജിന്നുകളിലെ ദുഷ്ടജനങ്ങളായ പിശാചുക്കളിൽ- ഉണ്ടായിരുന്നു. നബി തിരുമേനിﷺയുടെ നിയോഗത്തോടുകൂടി അവർക്ക് ആകാശത്തേക്കുള്ള പ്രവേശനം തടയപ്പെട്ടു. പ്രത്യേകം ചില കാവലുകൾ ഏർപ്പെടുത്തപ്പെടുകയും, നക്ഷത്രങ്ങളിൽനിന്നുള്ള ഉൽക്കകളാൽ അവർ എറിഞ്ഞാട്ടപ്പെടുകയും ചെയ്തു. ഇതിനെപ്പറ്റിയാണ് ജിന്നുകളുടെ ഈ പ്രസ്താവന. ഈ വിഷയം ക്വുർആനിൽ ഒന്നിലധികം സ്ഥലത്ത് വിവരിച്ചിട്ടുള്ളതാണ്. ഈ വിഷയകമായി ഈ വചനങ്ങളടക്കം വന്നിട്ടുള്ള പല ക്വുർആൻ വാക്യങ്ങളും, നബിവചനങ്ങളും ഉദ്ധരിച്ചുകൊണ്ട് സൂ: ഹിജ്റിന് ശേഷമുള്ള വ്യാഖ്യാനക്കുറിപ്പിൽ നാം വേണ്ടത്ര വിവരിച്ചു കഴിഞ്ഞിട്ടുണ്ട്. ജിന്നും മനുഷ്യനും ഒരേ വർഗംതന്നെയാണെന്ന വാദക്കാരുടെ ദുർവ്യാഖ്യാനങ്ങളും, ദുർന്യായങ്ങളും അവിടെ എടുത്തുകാട്ടി അവക്കെല്ലാം ശക്തിയുക്തം മറുപടി നൽകുകയും ചെയ്തിരിക്കുന്നു. അതുകൊണ്ട് ഇവിടെ കൂടുതലൊന്നും പ്രസ്താവിക്കേണ്ടുന്ന ആവശ്യമില്ല. ആകാശത്തേക്കുള്ള തങ്ങളുടെ പ്രവേശനം തടയപ്പെട്ടു കണ്ടപ്പോൾ, എന്തോ ഒരു പ്രധാന സംഭവം നടന്നിരിക്കുമെന്ന് ജിന്നുകൾ മനസ്സിലാക്കുകയുണ്ടായെന്നും അതെന്തായിരിക്കുമെന്ന് അവർ പല ഭാഗത്തും അന്വേഷണം നടത്തിക്കൊണ്ടിരിക്കവെയാണ് അവരിൽ ഒരു കൂട്ടർ നബിﷺയിൽനിന്ന് ക്വുർആൻ പാരായണം കേൾക്കാൻ ഇടയായതെന്നും ഹദീഥിൽ വന്നിട്ടുള്ളതും നാം അവിടെ ഉദ്ധരിച്ചിട്ടുണ്ട്.

وَأَنَّا لَا نَدْرِي أَشَرٌّ أُرِيدَ بِمَن فِي الْأَرْضِ أَمْ أَرَادَ بِهِمْ رَبُّهُمْ رَشَدًا

﴿10﴾ ഭൂമിയിലുള്ളവരിൽ തിന്മയാണോ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത്, അതല്ല അവരുടെ റബ്ബ് അവരിൽ നേർവഴി (അഥവാ നന്മ) ഉദ്ദേശിച്ചിരിക്കുന്നുവോ എന്ന് നമുക്കറിഞ്ഞുകൂടാ എന്നും;

وَأَنَّا مِنَّا ٱلصَّٰلِحُونَ وَمِنَّا دُونَ ذَٰلِكَ ۖ كُنَّا طَرَآئِقَ قِدَدًا ﴿١١﴾

﴾11﴿ നാമാകട്ടെ, നമ്മളിൽ സദ്‌വൃത്തൻമാരുണ്ട്, അതല്ലാത്തവരും നമ്മിലുണ്ട്; (അതെ) നാം വിഭിന്നമാർഗങ്ങളായിത്തീർന്നിരിക്കയാണ് എന്നും (അവർ പ്രസ്താവിച്ചു).

﴾10﴿ وَأَنَّا لَا نَدْرِىٓ നാം അറിയുകയില്ല (നമുക്കറിഞ്ഞുകൂടാ) എന്നും أَشَرٌّ തിന്മയോ, ദോഷമാണോ أُرِيدَ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നു بِمَن فِى ٱلْأَرْضِ ഭൂമിയിലുള്ളവരിൽ (ഉള്ളവരെക്കൊണ്ട്) أَمْ أَرَادَ അതല്ല (അഥവാ -അല്ലെങ്കിൽ) ഉദ്ദേശിച്ചിരിക്കുന്നുവോ بِهِمْ അവരെക്കൊണ്ട്, അവരിൽ رَبُّهُمْ رَشَدًا അവരുടെ റബ്ബ് നേർവഴി (നൻമ) ﴾11﴿ وَأَنَّا നാമാകട്ടെ എന്നും مِنَّا നമ്മിലുണ്ട് ٱلصَّٰلِحُونَ സദ്‌വൃത്തർ, നല്ലവർ وَمِنَّا നമ്മിലുണ്ട്താനും دُونَ ذَٰلِكَ അത്കൂടാതെയും, അതല്ലാത്തവരും, അതിനുതാഴെയും كُنَّا നാം ആയിരിക്കുന്നു طَرَآئِقَ പല മാർഗങ്ങൾ قِدَدًا വിഭിന്ന(ഛിന്നഭിന്ന)മായ

ആകാശത്ത് കാവൽ ഏർപ്പെടുത്തിക്കൊണ്ട് തങ്ങളുടെ പ്രവേശനം തടയപ്പെട്ടിരിക്കുന്നതുമൂലം വല്ല അനിഷ്ട സംഭവങ്ങളും ഭൂമിയിൽ സംഭവിക്കുവാൻ പോകുന്നുണ്ടോ അതല്ല, വല്ല നന്മയും ഭൂമിയിലുള്ളവർക്ക് അത്മൂലം വരുവാനിരിക്കുന്നുവോ എന്ന് തങ്ങൾക്ക് അറിഞ്ഞുകൂടാ എന്നത്രെ 10 -ാം വചനത്തിന്റെ സാരം. മിക്ക വ്യാഖ്യാതാക്കളും പറയുന്നതും അങ്ങനെയാണ്. ഒരുപക്ഷേ, 11 -ാം വചനത്തിൽ അവർ ചൂണ്ടിക്കാട്ടിയത്പോലെ, ഭൂവാസികളിൽ കുറേ നല്ലവരുണ്ടെങ്കിലും അവരിൽ നന്നല്ലാത്തവരും, വിഭിന്ന മാർഗങ്ങൾ സ്വീകരിച്ചവരും ഉള്ള സ്ഥിതിക്ക് അവർക്ക് വല്ല ആപത്തും നേരിടുമോ ഇല്ലേ എന്നറിഞ്ഞുകൂടാ എന്നും ഉദ്ദേശമാകാം. അതുമല്ലെങ്കിൽ, പ്രവാചകൻമാരുടെ നിയോഗത്തിനുശേഷം സമുദായം ദുർമാർഗം കൈവിടാതെ ശഠിച്ചു നിൽക്കുമ്പോൾ അവരിൽ പൊതുശിക്ഷ അനുഭവപ്പെടാറുള്ളത്പോലെ, നബി തിരുമേനി ﷺ യുടെ സമുദായത്തിലും വല്ല ശിക്ഷയും സംഭവിക്കുമോ എന്ന് ജിന്നുകൾ സംശയിച്ചതാണെന്നും വരാം. الله اعلم

ഏതായാലും, വളരെ കരുതലോടും മര്യാദയോടും കൂടിയാണ് ജിന്നുകൾ ഈ വാചകം ഉപയോഗിച്ചിരിക്കുന്നതെന്ന് കാണാം. നമുക്കും അതിൽ നല്ല മാതൃകയാണ്: നോക്കുക: തിന്മയെപ്പറ്റി പറഞ്ഞപ്പോൾ 'ഉദ്ദേശിക്കപ്പെട്ടിരിക്കുന്നുവോ (ارید)'എന്ന് കർത്താവിനെ വ്യക്തമാക്കാതെ (അവരുടെ റബ്ബ് ഉദ്ദേശിച്ചു എന്ന് പറയാതെ)യും, നന്മയെക്കുറിച്ച് പറഞ്ഞപ്പോൾ 'അവരുടെ റബ്ബ് ഉദ്ദേശിച്ചു (اراد بهم)' എന്ന് കർത്താവിനെ വ്യക്തമക്കിക്കൊണ്ടുമാണല്ലോ അവർ പറഞ്ഞത്. എല്ലാ ഗുണവും ദോഷവും ഭൂമിയിൽ സംഭവിക്കുന്നത് അല്ലാഹുവിങ്കൽ നിന്നാണെങ്കിലും ദോഷങ്ങളുടെ കാരണം സൃഷ്ടികളിൽനിന്ന് ഉൽഭവിക്കുന്നതാണെന്ന

തത്വമാണ് ഇതിൽ അന്തർഭവിച്ചിരിക്കുന്നത്. അതുകൊണ്ടാണ് തിന്മയെ അല്ലാഹുവിനോട് ചേർത്തു പറയാതിരിക്കുന്നത്.

وَأَنَّا ظَنَنَّآ أَن لَّن نُّعْجِزَ ٱللَّهَ فِى ٱلْأَرْضِ وَلَن نُّعْجِزَهُۥ هَرَبًا ﴿١٢﴾

﴾12﴿ ഭൂമിയിൽ നാം അല്ലാഹുവിനെ (അസാധ്യനാക്കി) പരാജയപ്പെടുത്തുന്നതേയല്ലെന്നും, ഓടിപ്പോയിക്കൊണ്ടും അവനെ നാം പരാജയപ്പെടുത്തുന്നതല്ലെന്നും നാം (ഉറപ്പായി) ധരിച്ചിരിക്കുന്നു എന്നും;

وَأَنَّا لَمَّا سَمِعْنَا ٱلْهُدَىٰٓ ءَامَنَّا بِهِۦ ۖ فَمَن يُؤْمِنۢ بِرَبِّهِۦ فَلَا يَخَافُ بَخْسًا وَلَا رَهَقًا ﴿١٣﴾

﴾13﴿ ഞങ്ങൾ സൻമാർഗം കേട്ട അവസരത്തിൽ (തന്നെ) ഞങ്ങൾ അതിൽ വിശ്വസിച്ചിരിക്കുന്നുവെന്നും; എന്നാൽ യാതൊരുവൻ തന്റെ റബ്ബിൽ വിശ്വസിക്കുന്നുവോ അവൻ നഷ്ടത്തെയാകട്ടെ, അക്രമത്തെയാകട്ടെ ഭയപ്പെടേണ്ടി വരികയില്ല; എന്നും

وَأَنَّا مِنَّا ٱلْمُسْلِمُونَ وَمِنَّا ٱلْقَٰسِطُونَ ۖ فَمَنْ أَسْلَمَ فَأُو۟لَٰٓئِكَ تَحَرَّوْا۟ رَشَدًا ﴿١٤﴾

﴾14﴿ നാമാകട്ടെ, (അനുസരിച്ച്) കീഴൊതുങ്ങുന്നവരും നമ്മിലുണ്ട്, അനീതി ചെയ്യുന്നവരും നമ്മിലുണ്ട് എന്നും; എന്നാൽ, ആർ (അനുസരിച്ചു) കീഴൊതുങ്ങിയോ, അക്കൂട്ടർ നേർമാർഗം ഗൗനിച്ചു; എന്നും

وَأَمَّا ٱلْقَٰسِطُونَ فَكَانُوا۟ لِجَهَنَّمَ حَطَبًا ﴿١٥﴾

﴾15﴿ അനീതി ചെയ്യുന്നവരാകട്ടെ, അവർ നരകത്തിന് വിറകായിത്തീരുന്നതുമാണ് (എന്നും പ്രസ്താവിച്ചു).

﴾12﴿ وَأَنَّا ظَنَنَّآ നാം ധരിച്ചിരിക്കുന്നു (ഉറപ്പിച്ചു- വിശ്വസിച്ചു) എന്നും أَن لَّن نُّعْجِزَ നാം അസാധ്യപ്പെടുത്തു (പരാജയപ്പെടുത്തു- തോൽപിക്കു)ന്നതേയല്ലെന്ന് ٱللَّهَ അല്ലാഹുവിനെ فِى ٱلْأَرْضِ ഭൂമിയിൽ وَلَن نُّعْجِزَهُۥ നാം അവനെ പരാജയപ്പെടുത്തുന്നതേയല്ലെന്നും هَرَبًا ഓടിപ്പോയിക്കൊണ്ട് ﴾13﴿ وَأَنَّا നാം (ഞങ്ങൾ) എന്നും لَمَّا سَمِعْنَا ഞങ്ങൾ (നാം) കേട്ട അവസരം, കേട്ടാറെ ٱلْهُدَىٰٓ സൻമാർഗം, മാർഗദർശനം ءَامَنَّا بِهِۦ നാമതിൽ വിശ്വസിച്ചു (എന്നും) فَمَن يُؤْمِنۢ എന്നാൽ ആർ വിശ്വസിക്കുന്നുവോ بِرَبِّهِۦ തന്റെ റബ്ബിൽ فَلَا يَخَافُ എന്നാലവൻ ഭയപ്പെടുകയില്ല, പേടിക്കേണ്ടതില്ല بَخْسًا

ചേതത്തെ, നഷ്ടപ്പെടുത്തലിനെ وَلَا رَهَقًا അക്രമത്തെയും (ധിക്കാരവും, ബാധയും) വേണ്ടതില്ല ﴿14﴾ وَأَنَّا നാം (നാമാകട്ടെ) എന്നും مِنَّا നമ്മിലുണ്ട്, നമ്മുടെ കൂട്ടത്തിലുണ്ട് ٱلْمُسْلِمُونَ കീഴൊതുങ്ങിയവർ, മുസ്‌ലിംകൾ وَمِنَّا ٱلْقَٰسِطُونَ നമ്മിലുണ്ട് അനീതിചെയ്യുന്നവരും, തെറ്റിയവരും فَمَنْ أَسْلَمَ എന്നാൽ, ആർ കീഴൊതുങ്ങിയോ, മുസ്‌ലിമായോ فَأُو۟لَٰٓئِكَ എന്നാൽ അക്കൂട്ടർ تَحَرَّوْا അവർ ഗൗനിച്ചു, പരിഗണിച്ചു رَشَدًا നേർവഴി, തന്റേടം ﴿15﴾ وَأَمَّا ٱلْقَٰسِطُونَ എന്നാൽ അനീതി ചെയ്യുന്നവരാകട്ടെ فَكَانُوا അവരാകുന്നു, ആയിത്തീർന്നു لِجَهَنَّمَ 'ജഹന്നമി'നു (നരകത്തിന്) حَطَبًا വിറക്

നാം പിഴച്ചമാർഗം തുടരുകയാണെങ്കിൽ നമുക്ക് രക്ഷയില്ല. അല്ലാഹു നമ്മെ ശിക്ഷിക്കും. ഭൂമിയിൽ എവിടെവെച്ചും അവന് നമ്മെ പിടികിട്ടും. നമുക്ക് ഓടിരക്ഷപ്പെടാനും സാധ്യമല്ല. നമ്മിലാകട്ടെ, അല്ലാഹുവിനെ അനുസരിച്ചു ജീവിക്കുന്നവരും അല്ലാത്തവരും ഉൾക്കൊള്ളുന്നു. അല്ലാഹുവിൽ വിശ്വസിക്കുകയും അവന് കീഴ്പ്പെടുകയും ചെയ്യുന്നവർക്ക് രക്ഷയുണ്ട്. അവർക്ക് ഒന്നും ഭയപ്പെടാനില്ല. അല്ലാത്തവർക്ക് നരകം തന്നെയാണാധാരം. എന്നിങ്ങനെയുള്ള പല തത്വോപദേശങ്ങളാണ് അവർ -ക്വുർആൻകേട്ട ജിന്നുകൾ- തങ്ങളുടെ ജനതക്ക് നൽകുന്നത്. മനുഷ്യരിലെന്നപോലെത്തന്നെ ജിന്നുകളിലും സദ്‌വൃത്തരും, ദുർവൃത്തരും, സത്യവിശ്വാസികളും, അവിശ്വാസികളും ഉണ്ടെന്നും, അല്ലാഹുവിന്റെ വിധിവിലക്കുകൾക്ക് ജിന്നുകളും ബാധ്യസ്ഥരാണെന്നും മറ്റും ഈ പ്രസ്താവനകളിൽനിന്ന് മനസ്സിലാക്കാം.

സൂറത്തിന്റെ ആദ്യത്തെ വചനത്തിൽ ജിന്നുകളെക്കുറിച്ച് 'എന്നിട്ട് അവർ പറഞ്ഞു' (فقالوا) എന്ന് പറഞ്ഞുവല്ലോ. അതിനെത്തുടർന്ന് ഇതുവരെയുള്ള വചനങ്ങളിൽ കാണുന്നതെല്ലാം അവരുടെ പ്രസ്താവനയെ അല്ലാഹു ഉദ്ധരിച്ചതാകുന്നു. അവയുടെ ഉള്ളടക്കം പരിശോധിക്കുമ്പോൾ ഇത് വ്യക്തമാകുന്നതാണ്. ആ പ്രസ്താവന ഇതോടെ അവസാനിച്ചു. അടുത്ത വചനങ്ങൾ അല്ലാഹു നബി ﷺക്ക് നൽകിയ വഹ്‌യിൽ ഉൾപ്പെട്ടതാകുന്നു. എന്നുവെച്ചാൽ, ജിന്നുകൾ ക്വുർആൻ കേൾക്കുകയും അതിനെത്തുടർന്ന് മേൽകണ്ട പ്രസ്താവനകൾ ചെയ്യുകയും ചെയ്ത വിവരവും, അടുത്ത (16 -19) വചനങ്ങളിലടങ്ങിയ കാര്യങ്ങളും വഹ്‌യ് മൂലം അറിയിക്കപ്പെട്ടിട്ടുള്ളതായി ജനങ്ങൾക്ക് പറഞ്ഞുകൊടുക്കുവാൻ അല്ലാഹു നബി ﷺയോട് കൽപിക്കുകയാണ് ചെയ്യുന്നതെന്ന് താൽപര്യം. ഒരു കാര്യം ഓർമയിലിരിക്കുന്നത് നന്നായിരിക്കും. അറബി ഭാഷയിൽ 'നാം, നമ്മൾ, ഞങ്ങൾ' എന്നീ അർത്ഥങ്ങൾക്കെല്ലാം ഉപയോഗിക്കുന്ന സർവ്വനാമങ്ങളാണ് نا ، نحن (നാ, നഹ്നു) എന്നീ രണ്ട് സർവ്വനാമങ്ങളും, വ്യത്യാസം സന്ദർഭം കൊണ്ട് മനസ്സിലാക്കേണ്ടതാണ്.

وَأَلَّوِ ٱسْتَقَٰمُوا۟ عَلَى ٱلطَّرِيقَةِ لَأَسْقَيْنَٰهُم مَّآءً غَدَقًا ﴿١٦﴾

《16》 (ആ) മാർഗത്തിൽ അവർ ഉറച്ചുനിലകൊള്ളുകയാണെങ്കിൽ, നാം അവർക്ക് ധാരാളമായി വെള്ളം കുടിപ്പാൻ കൊടുക്കുന്നതാണ് എന്നും, (എനിക്ക് വഹ്‌യു നൽകപ്പെട്ടിരിക്കുന്നുവെന്ന് പറയുക);-

لِّنَفْتِنَهُمْ فِيهِ ۚ وَمَن يُعْرِضْ عَن ذِكْرِ رَبِّهِۦ يَسْلُكْهُ عَذَابًا صَعَدًا ﴿١٧﴾

《17》 അതിൽ അവരെ നാം പരീക്ഷിക്കുവാൻവേണ്ടി(യത്രെ, അത്), തന്റെ റബ്ബിന്റെ ഉൽബോധനത്തെ (അഥവാ സ്മരണയെ)വിട്ടു ആർ തിരിഞ്ഞുകളയുന്നുവോ അവനെ അവൻ പ്രയാസകരമായ ശിക്ഷയിൽ പ്രവേശിപ്പിക്കുന്നതാണ്.

《16》 وَأَلَّوِ ٱسْتَقَٰمُوا അവർ ഉറച്ചു നിന്നാൽ, ശരിയായി നിലകൊണ്ടാൽ, ചൊവ്വായാൽ എന്നും عَلَى ٱلطَّرِيقَةِ (ആ) മാർഗത്തിൽ, വഴിയിലായി لَأَسْقَيْنَٰهُم നാം അവർക്കു കുടിപ്പാൻ കൊടുക്കും مَّآءً വെള്ളം غَدَقًا ധാരാളം《17》 لِّنَفْتِنَهُمْ فِيهِ നാം അവരെ പരീക്ഷിക്കുവാൻവേണ്ടി وَمَن يُعْرِضْ ആർ തിരിഞ്ഞുകളയുന്നുവോ عَن ذِكْرِ ഉൽബോധനം (സ്മരണ, ഉപദേശം, പ്രസ്താവന)വിട്ട് رَبِّهِ തന്റെ റബ്ബിന്റെ يَسْلُكْهُ അവൻ അവനെ പ്രവേശിപ്പിക്കുന്നതാണ് عَذَابًا ശിക്ഷയിൽ صَعَدًا പ്രയാസകരമായ, ഞെരുങ്ങിയ (കഠിനമായ)

لو استقاموا (അവർ ഉറച്ചുനിൽക്കുകയാണെങ്കിൽ) എന്ന വാക്കിലെ 'അവർ' എന്ന സർവനാമം ജിന്നുകളെ ഉദ്ദേശിച്ചോ, മനുഷ്യരെ ഉദ്ദേശിച്ചോ, രണ്ടുകൂട്ടരെയും കൂടി ഉദ്ദേശിച്ചോ ആകാവുന്നതാകുന്നു. 15 -ാം വചനത്തോടുകൂടി ജിന്നുകളുടെ പ്രസ്താവന അവസാനിച്ചുവെന്നും 16 -ാം വചനം മുതൽക്കുള്ളത് ജിന്നുകളുടെ പ്രസ്താവനയിൽ പെട്ടതല്ലെന്നും പറഞ്ഞുവല്ലോ. അതുപോലെത്തന്നെ, 'ആ മാർഗം (الطريقة)' കൊണ്ടുള്ള വിവക്ഷ മുൻവചനങ്ങളിൽ നിന്നും അറിയപ്പെട്ട നല്ല മാർഗമോ, അല്ലെങ്കിൽ ചീത്തമാർഗമോ ആയിരിക്കാവുന്നതുമാകുന്നു. 'ധാരാളം വെള്ളം കുടിപ്പാൻ നൽകും (اسقيناهم ماء غدقا)' എന്ന് പറഞ്ഞതിന്റെ താൽപര്യം അവരുടെ ജീവിതമാർഗം സുഖകരമാക്കിക്കൊടുക്കുമെന്നത്രെ. വെള്ളമാണല്ലോ ജീവിതമാർഗങ്ങളുടെ പ്രധാന ഉപാധി. അപ്പോൾ, 16 -ാം വചനത്തിന്റെ സാരം രണ്ടിലൊരു പ്രകാരത്തിലായിരിക്കാവുന്നതാണ്:

(1) മേൽ സൂചിപ്പിച്ച ആ നേരായ മാർഗത്തിൽ അവർ ചൊവ്വിന് ഉറച്ചു നിൽക്കുന്നപക്ഷം, അല്ലാഹുവിങ്കൽ ലഭിക്കുവാനിരിക്കുന്ന പ്രതിഫലങ്ങൾക്ക്

പുറമെ ഭൂമിയിൽ വെച്ച് സുഖകരമായ ജീവിതവും അവൻ നൽകുന്നതാകുന്നു.

(2) അവർ ഇതുവരെ സ്വീകരിച്ചുവന്ന ആ ദുർമാർഗത്തിൽത്തന്നെ അവർ ഉറച്ചു നിൽക്കുകയാണെങ്കിലും അവർക്ക് അല്ലാഹു ജീവിതമാർഗങ്ങൾ നൽകുകതന്നെ ചെയ്യും. അവരുടെ ശിക്ഷ പരലോകത്തുവെച്ച് അവർ അനുഭവിക്കുകയും ചെയ്യും. ആദ്യം പറഞ്ഞതാണ് കൂടുതൽ വ്യക്തവും സ്വീകാര്യവുമായത്. ഈ രണ്ട് വ്യാഖ്യാനത്തിൽ ഏത് സ്വീകരിക്കപ്പെട്ടാലും ശരി, വെള്ളം മുതലായ ജീവിതോപാധികൾ നൽകപ്പെടുന്നതിൽ അവരെ പരീക്ഷിക്കുകയെന്ന ലക്ഷ്യം ഉൾക്കൊള്ളുന്നു. അവർ നന്ദികാണിക്കുമോ, നന്ദികേട്കാണിക്കുമോ? ഇതാണ് പരീക്ഷണം. പരീക്ഷണമാകട്ടെ, നന്മമുഖേനയും തിന്മ മുഖേനയും നടത്തപ്പെടുന്നതുമാണ്. (ونبولكم بالشر والخير فتنة)

സ്ഥാപിതതാൽപര്യക്കാരായ ആളുകൾ തങ്ങളുടെ ആശയങ്ങൾക്കനുകൂലമായി സമർത്ഥിക്കാവുന്ന ഏതവസരവും അതിന് ഉപയോഗപ്പെടുത്തുന്നത് സ്വാഭാവികമാണല്ലോ. ജിന്നുകൾ എന്ന് പറയുന്നത് അപരിഷ്കൃതരായ മനുഷ്യവിഭാഗത്തെക്കുറിച്ചാണെന്ന വാദക്കാർ ചൂഷണം ചെയ്യുന്ന ഒരു സ്ഥലമാണ് 16 -ാം വചനം. ജിന്നുകളും, 'ഇൻസു'കളും (മനുഷ്യരും) മാർഗത്തിൽ ഉറച്ചുനിൽക്കുന്നപക്ഷം അവർക്ക് അല്ലാഹു വെള്ളം കുടിപ്പാൻ കൊടുക്കും- അഥവാ കൃഷി മുതലായവക്കുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊടുക്കും- എന്നാണ് ഈ വചനത്തിൽ പറയുന്നത്. മനുഷ്യരിൽനിന്നും ഭിന്നമായ ഒരു പ്രത്യേക വർഗമെന്ന് കരുതപ്പെടുന്ന ജിന്നുകൾ വെള്ളം ഉപയോഗിച്ച് കൃഷിയും മറ്റും നടത്തുന്നതായി കാണപ്പെടുന്നുമില്ല. അപ്പോൾ, ഇതെല്ലാം മനുഷ്യവർഗത്തെമാത്രം ഉദ്ദേശിച്ചു പറഞ്ഞതാവാനേ തരമുള്ളൂ. എന്നിരിക്കെ, ജിന്നും ഇൻസും ഒരേ വർഗത്തിൽപ്പെട്ട രണ്ട് വിഭാഗക്കാർ മാത്രമാണെന്ന് ഇതിൽനിന്ന് മനസ്സിലാക്കാം. എന്നൊക്കെയാണ് ഇവിടെ അവരുടെ സമർത്ഥനം.

സ്വന്തം യുക്തിവാദങ്ങൾക്ക് യോജിക്കുന്നില്ലെന്ന ഏക കാരണത്താൽ, യാതൊരു സംശയത്തിനും പഴുതില്ലാത്ത സുസ്പഷ്ടമായ എത്രയോ ആയത്തുകളെയും ഹദീഥുകളെയും ദുർവ്യാഖ്യാനം ചെയ്തും അവഗണിച്ചുംകൊണ്ട് ആദ്യമേ ജിന്ന്വർഗത്തെ നിഷേധിക്കുവാൻ ധൈര്യപ്പെട്ട ഇവരുടെ ഇത്തരം സമർത്ഥനങ്ങൾക്ക് നാം ഒട്ടും വില കൽപിക്കേണ്ടതായിട്ടില്ല. ജിന്നുവർഗത്തെ സ്ഥാപിക്കുന്ന മുസ്ലിംകൾക്ക് അതിനുള്ള തെളിവ് അവരുടെ യുക്തിയോ ശാസ്ത്രമോ ഒന്നുമല്ല. ക്വുർആനും ഹദീഥും മാത്രമാകുന്നു. മനുഷ്യബുദ്ധിക്ക് എത്തിച്ചേരുവാൻ കഴിയാത്ത കണക്കറ്റ യാഥാർത്ഥ്യങ്ങളിൽ ആ രണ്ടിനെയും മാത്രം ആധാരമാക്കിയാണ് മുസ്ലിംകൾ പലതും വിശ്വസിച്ചുവരുന്നത്. അപ്പോൾ, 'അവർക്ക് നാം വെള്ളം കുടിപ്പാൻ കൊടുക്കും (اسقيناهم ماء)' എന്ന് അല്ലാഹു പ്രസ്താവിച്ചത് ജിന്നുകളെയും കൂടി ഉദ്ദേശിച്ചുകൊണ്ടാണെന്ന് വന്നാലും മുസ്ലിംകൾക്ക് അതിൽ ആശ്ചര്യപ്പെടാനില്ല. കാരണം, ജിന്നുവർഗത്തിനും

വെള്ളം ആവശ്യമുണ്ടായിരിക്കുമെന്ന് വിശ്വസിക്കുവാൻ അവർക്ക് യാതൊരു വിരോധവുമില്ല. പക്ഷേ, വെള്ളത്തിന്റെ ആവശ്യം ജിന്നുകൾക്ക് എന്തൊക്കെയാണ്, എങ്ങനെയെല്ലാമാണ് എന്നൊന്നും നമുക്കറിഞ്ഞുകൂടാ. ഈ ക്വുർആൻ വചനത്തിലാകട്ടെ, 'കുടിപ്പാൻ കൊടുക്കും' എന്നല്ലാതെ, 'കൃഷിക്കോ മറ്റോ സൗകര്യം നൽകും'എന്ന് അല്ലാഹു പറഞ്ഞിട്ടുമില്ല. അതെല്ലാം കേവലം അവരുടെ വ്യാഖ്യാനം മാത്രമാണ്. എന്നിരിക്കെ, ചുരുങ്ങിയപക്ഷം കുടിപ്പാനെങ്കിലും ജിന്നുകൾക്ക് വെള്ളം ആവശ്യമായിരിക്കുമെന്നാണ് ഇതിൽനിന്ന് നാം മനസ്സിലാക്കേണ്ടത്. ഹദീഥിൽ നിന്നാകട്ടെ, ഇത് കൂടുതൽ വ്യക്തവുമാണ്. നബിﷺ അരുളിച്ചെയ്തതായി ഇബ്നു ഉമർ (റ) പ്രസ്താവിക്കുന്നു: لا يأكل احدكم بشماله ولا يشر بن بها فان الشيطان تأكل بشماله ويشرب بها–مسلم (നിങ്ങളിൽ ഒരാളും തന്റെ ഇടതുകൈകൊണ്ട് തിന്നുകയും, കുടിക്കുകയും ചെയ്തുപോകരുത്. കാരണം, പിശാച് അവന്റെ ഇടതുകൈകൊണ്ട് കുടിക്കുകയും ചെയ്യുന്നു (മുസ്ലിം.) ജിന്നുകളിലെ ദുഷിച്ചവി ഭാഗമാണ് പിശാചുക്കൾ എന്നും ജിന്നുകൾക്ക് ഭക്ഷണപാനീയങ്ങൾ ആവശ്യമുണ്ടെന്നും മറ്റും സൂ: ഹിജ്റിനുശേഷമുള്ള വ്യാഖ്യാനക്കുറിപ്പിൽ നാം സ്ഥാപിച്ചു കഴിഞ്ഞതാണ്.

وَأَنَّ ٱلْمَسَٰجِدَ لِلَّهِ فَلَا تَدْعُوا۟ مَعَ ٱللَّهِ أَحَدًا ﴿١٨﴾

﴾18﴿ പള്ളികൾ അല്ലാഹുവിനുള്ളതാണ്; ആകയാൽ അല്ലാഹുവിനോടുകൂടി നിങ്ങൾ ഒരാളെയും വിളി(ച്ചു പ്രാർത്ഥി)ക്കരുത് എന്നും;

وَأَنَّهُۥ لَمَّا قَامَ عَبْدُ ٱللَّهِ يَدْعُوهُ كَادُوا۟ يَكُونُونَ عَلَيْهِ لِبَدًا ﴿١٩﴾

﴾19﴿ അല്ലാഹുവിന്റെ അടിയാൻ [നബി] അവനെ വിളിച്ചു(പ്രാർത്ഥിച്ചു)കൊണ്ടു നിന്നപ്പോൾ, അവർ അദ്ദേഹത്തിന്റെമേൽ (കൂട്ടം കൂടി) തിങ്ങിക്കൊണ്ടിരിക്കുമാറായി എന്നും (വഹ്‌യ് നൽകപ്പെട്ടതായി പറയുക.)

﴾18﴿ وَأَنَّ ٱلْمَسَٰجِدَ പള്ളികൾ എന്നും لِلَّهِ അല്ലാഹുവിന്, അല്ലാഹുവിന്റേത് ആകുന്നു (എന്നും) فَلَا تَدْعُوا۟ ആകയാൽ നിങ്ങൾ വിളിക്കരുത്, പ്രാർത്ഥിക്കരുത് مَعَ ٱللَّهِ അല്ലാഹുവിന്റെ കൂടെ أَحَدًا ഒരാളെയും ﴾19﴿ وَأَنَّهُۥ അത് (കാര്യം) എന്നും لَمَّا قَامَ നിന്ന (എഴുന്നേറ്റ)പ്പോൾ عَبْدُ ٱللَّهِ അല്ലാഹുവിന്റെ അടിയാൻ, അടിമ يَدْعُوهُ അവനെ വിളിച്ചു (പ്രാർത്ഥിച്ചു)കൊണ്ട് كَادُوا۟ അവർ ആകാറായി يَكُونُونَ ആകുവാൻ عَلَيْهِ അദ്ദേഹത്തിന്റെമേൽ لِبَدًا തിങ്ങിക്കൊണ്ട്, കൂട്ടംകൂടിക്കൊണ്ട്

അല്ലാഹുവിനെ ആരാധിക്കുവാനും അവനോട് പ്രാർത്ഥന നടത്തുവാനും വേണ്ടി അവന്റെ നാമത്തിൽ സ്ഥാപിക്കപ്പെടുന്നവയാണ് പള്ളികളാകുന്ന ആരാധനാസ്ഥലങ്ങൾ. ആരാധനയും, പ്രാർത്ഥനയുമാകട്ടെ, അല്ലാഹുവിന് മാത്രം അവ

കാശപ്പെട്ടതുമാണ്. എന്നിരിക്കെ, അവിടെവെച്ച് അല്ലാഹുവിനെയല്ലാതെ മറ്റാരെയും ആരാധിക്കുവാനോ, വിളിച്ചു പ്രാർത്ഥിക്കുവാനോ മുതിരുന്നത് വമ്പിച്ച അക്രമവും അനീതിയും പാപവുമാകുന്നു. ബഹുദൈവാരാധകൻമാർ അവരുടെ ആരാധനാസ്ഥലങ്ങളിൽ പല ദൈവങ്ങളെയും വിളിച്ചാരാധിക്കുന്നതുപോലെയും, വേദക്കാർ അവരുടെ പള്ളികളിൽ ഈസാ നബി (അ) മുതലായവരെ വിളിച്ചാരാധിക്കുന്നതുപോലെയും പള്ളികളിൽവെച്ച് ചെയ്തുകൂടാ എന്നത്രെ 18 -ാം വചനത്തിന്റെ സാരം. പള്ളികളിൽ ആർക്കുമാർക്കും പ്രത്യേക അവകാശം വാദിക്കാവതല്ലെന്നും, അല്ലാഹുവിന് മാത്രമാണ് അവയുടെ ഉടമാവകാശമെന്നും, അവ മുസ്ലിംകൾ അവരുടെ പൊതുസ്ഥാപനമായി ഉപയോഗിക്കേണ്ടതാണെന്നും ഈ വചനത്തിൽനിന്ന് മനസ്സിലാക്കാവുന്നതാണ്.

അല്ലാഹുവിന്റെ അടിയാൻ (عبد الله) എന്ന് പറഞ്ഞത് നബി ﷺയെ ഉദ്ദേശിച്ചാകുന്നു. തിരുമേനിയുടെ അടുക്കൽ ജിന്നുകൾ ചെല്ലുമ്പോൾ അവിടുന്ന് സ്വഹാബികളൊന്നിച്ചു നമസ്കരിക്കുകയായിരുന്നു. നമസ്കാരകർമവും ക്വുർആൻ പാരായണവും കണ്ടപ്പോൾ അവർ ആശ്ചര്യത്തോടും ആവേശത്തോടും കൂടി തിരക്കിട്ട് തിരുമേനിയുടെ ചുറ്റും ചെന്ന് കൂടുകയായി. ഈ വിവരവും നബിﷺക്ക് വഹ്‌യ് മൂലം അല്ലാഹു അറിയിച്ചുകൊടുത്തു എന്നാണ് 19 -ാം വചനത്തിൽ പ്രസ്താവിക്കുന്നത്. ഈ വചനം ജിന്നുകൾ തങ്ങളുടെ ജനതയോട് ചെയ്ത പ്രസ്താവനകളിൽ ഉൾപ്പെട്ടതാണ് എന്നത്രെ വ്യാഖ്യാതാക്കളിൽ ഒരു പക്ഷത്തിന്റെ അഭിപ്രായം. അങ്ങനെയാണെന്നുവെക്കുമ്പോൾ, അതിന്റെ താൽപര്യം രണ്ട് പ്രകാരത്തിൽ ആയിരിക്കുവാൻ സാധ്യതയുണ്ട്.

(1) നബിﷺ നമസ്കരിക്കുമ്പോൾ അവിടുത്തോടൊപ്പം സ്വഹാബികൾ സംഘം ചേർന്ന് നമസ്കരിക്കുന്നതും, റുകൂഅ് സുജൂദ് മുതലായവയിൽ അനുകരിക്കുന്നതും കണ്ടപ്പോൾ അവർക്ക് ആശ്ചര്യം തോന്നി. അത് അവർ തങ്ങളുടെ ജനതക്ക് വിവരിച്ചു കൊടുക്കുകയാണ്.

(2) നബിﷺ തൗഹീദിലേക്ക് ക്ഷണിക്കുവാൻ തുടങ്ങിയപ്പോൾ ജിന്നുകളും മനുഷ്യരുമാകുന്ന ശത്രുക്കൾ തിരുമേനിക്കെതിരെ കൂട്ടംകൂടി തടസ്സങ്ങൾ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. എങ്കിലും അല്ലാഹു തിരുമേനിയെ സഹായിക്കുക തന്നെ ചെയ്തുവെന്ന് അവർ ആ ജനതക്ക് വിവരിച്ചുകൊടുക്കുകയാണ്. الله اعلم

വിഭാഗം- 2

قُلْ إِنَّمَآ أَدْعُوا۟ رَبِّى وَلَآ أُشْرِكُ بِهِۦٓ أَحَدًا ﴿٢٠﴾

﴾20﴿(നബിയേ) പറയുക: 'നിശ്ചയമായും ഞാൻ എന്റെ റബ്ബിനെ മാത്രമേ വിളി(ച്ചു പ്രാർത്ഥി)ക്കുന്നുള്ളൂ; അവനോട് ഞാൻ ഒരാളെയും പങ്കുചേർക്കുന്നതുമല്ല.'

قُلْ إِنِّي لَآ أَمْلِكُ لَكُمْ ضَرًّا وَلَا رَشَدًا ﴿٢١﴾

《21》 പറയുക: 'നിശ്ചയമായും ഞാൻ, നിങ്ങൾക്ക് ഒരു ഉപദ്രവമാകട്ടെ, ഒരു നേർമാർഗമാകട്ടെ അധീനപ്പെടുത്തുന്നില്ല'[രണ്ടിനും കഴിവില്ല]

قُلْ إِنِّي لَن يُجِيرَنِي مِنَ ٱللَّهِ أَحَدٌ وَلَنْ أَجِدَ مِن دُونِهِۦ مُلْتَحَدًا ﴿٢٢﴾

《22》 പറയുക: 'നിശ്ചയമായും, അല്ലാഹുവിൽനിന്ന് എനിക്ക് ഒരാളും രക്ഷ നൽകുന്നതല്ല, അവന്ന് പുറമെ യാതൊരഭയസ്ഥാനവും ഞാൻ കണ്ടെത്തുന്നതുമല്ലതന്നെ;-'

إِلَّا بَلَٰغًا مِّنَ ٱللَّهِ وَرِسَٰلَٰتِهِۦ ۚ وَمَن يَعْصِ ٱللَّهَ وَرَسُولَهُۥ فَإِنَّ لَهُۥ نَارَ جَهَنَّمَ خَٰلِدِينَ فِيهَآ أَبَدًا ﴿٢٣﴾

《23》 അല്ലാഹുവിങ്കൽനിന്നുള്ള (പ്രബോധനം) എത്തിക്കലും അവന്റെ ദൗത്യങ്ങളുമല്ലാതെ (മറ്റൊന്നും എന്റെ അധീനത്തിലില്ല). അല്ലാഹുവിനോടും, അവന്റെ റസൂലിനോടും ആർ അനുസരണക്കേട് കാണിക്കുന്നുവോ അവന്ന് നിശ്ചയമായും 'ജഹന്നമി'ന്റെ [നരകത്തിന്റെ] അഗ്നിയുണ്ടായിരിക്കും;- അതിൽ എന്നെന്നും നിത്യവാസികളായിക്കൊണ്ട്!

حَتَّىٰٓ إِذَا رَأَوْا۟ مَا يُوعَدُونَ فَسَيَعْلَمُونَ مَنْ أَضْعَفُ نَاصِرًا وَأَقَلُّ عَدَدًا ﴿٢٤﴾

《24》 അങ്ങനെ, അവരോട് വാഗ്ദത്തം ചെയ്യപ്പെടുന്ന കാര്യം അവർ കണ്ടാൽ, അപ്പോൾ അവർ അറിഞ്ഞുകൊള്ളും, ആരാണ് സഹായികളിൽ ഏറ്റവും ദുർബലരും; എണ്ണത്തിൽ ഏറ്റവും കുറഞ്ഞവരും എന്ന്!

《20》 قُلْ നീ പറയുക إِنَّمَآ أَدْعُوا۟ നിശ്ചയമായും ഞാൻ വിളിക്കു(പ്രാർത്ഥിക്കു)ന്നുള്ളൂ رَبِّى എന്റെ റബ്ബിനെ (മാത്രം) وَلَآ أُشْرِكُ ഞാൻ പങ്കുചേർക്കുകയുമില്ല بِهِۦٓ أَحَدًا അവനോട് ഒരാളെയും 《21》 قُلْ നീ പറയുക إِنِّى നിശ്ചയമായും ഞാൻ لَآ أَمْلِكُ ഞാൻ അധീനപ്പെടുത്തുന്നില്ല (എനിക്ക് സ്വാധീനമില്ല, കഴിവി

ല്ല) لَكُمْ നിങ്ങൾക്ക് ضَرًّا ഉപദ്രവത്തിന്, ദോഷം ചെയ്യാൻ وَلَا رَشَدًا നേർമാർഗത്തിനും, ഗുണത്തിനും (ഇല്ല) ﴿22﴾ قُلْ إِنِّي നീ പറയുക നിശ്ചയമായും ഞാൻ لَن يُجِيرَنِي എനിക്ക് രക്ഷ നൽകുകയില്ലതന്നെ, എന്നെ കാക്കുകയേ ഇല്ല مِنَ ٱللَّهِ അല്ലാഹുവിൽ നിന്ന് أَحَدٌ ഒരാളും وَلَنْ أَجِدَ ഞാൻ കണ്ടെത്തുക (എനിക്ക് കിട്ടുക)യുമില്ല തന്നെ مِن دُونِهِ അവനെകൂടാതെ, അവന്പുറമെ مُلْتَحَدًا ഒരഭയസ്ഥാനവും, രക്ഷയും ﴿23﴾ إِلَّا بَلَٰغًا എത്തിച്ചുകൊടുക്കലല്ലാതെ, പ്രബോധനം ഒഴികെ مِّنَ ٱللَّهِ അല്ലാഹുവിൽനിന്ന് وَرِسَٰلَٰتِهِ അവന്റെ ദൗത്യങ്ങളും وَمَن يَعْصِ ആർ അനുസരണക്കേട് കാട്ടുന്നുവോ ٱللَّهَ وَرَسُولَهُۥ അല്ലാഹുവിനോടും അവന്റെ റസൂലിനോടും فَإِنَّ لَهُۥ എന്നാൽ നിശ്ചയം അവനുണ്ട് نَارَ جَهَنَّمَ ജഹന്നമിന്റെ അഗ്നി خَٰلِدِينَ فِيهَآ അതിൽ നിത്യവിശ്വാസികളായിക്കൊണ്ട് أَبَدًا എന്നെന്നും, എക്കാലവും ﴿24﴾ حَتَّىٰٓ إِذَا رَأَوْا അങ്ങനെ അവർ കണ്ടാൽ, കാണുന്നവരേക്കും مَا يُوعَدُونَ അവരോട് വാഗ്ദത്തം (താക്കീത്) ചെയ്യപ്പെടുന്നത് فَسَيَعْلَمُونَ അപ്പോൾ അവർ അറിഞ്ഞുകൊള്ളും مَنْ أَضْعَفُ ഏറ്റവും ദുർബലൻ ആരാണെന്ന് نَاصِرًا സഹായികളിൽ, സഹായകനാൽ وَأَقَلُّ ഏറ്റവും കുറവുള്ളവരും عَدَدًا എണ്ണത്തിൽ, എണ്ണത്താൽ

നിങ്ങൾ സ്വീകരിച്ചാലും ഇല്ലെങ്കിലും ശരി, ഞാനൊരിക്കലും തൗഹീദിനെതിരായി ഒന്നും പ്രവർത്തിക്കുകയില്ല. നിങ്ങൾക്ക് വല്ല ഗുണമോ ദോഷമോ വരുത്തുവാൻ എനിക്ക് സാദ്ധ്യമല്ല, എനിക്കുതന്നെയും അല്ലാഹുവിങ്കൽ നിന്ന് വല്ല ആപത്തും വരുകയാണെങ്കിൽ അത് തടുക്കുവാൻ സാധ്യമല്ല, അവനല്ലാതെ എനിക്ക് രക്ഷയുമില്ല. പക്ഷേ, അല്ലാഹുവിന്റെ പക്കൽനിന്നുള്ള ദൗത്യങ്ങൾ നിറവേറ്റുവാനും അവന്റെ സന്ദേശങ്ങൾ പ്രബോധനം ചെയ്യാനും ഞാൻ നിയുക്തനായിരിക്കുകയാണ്. ആ നിലക്കാണ് ഞാൻ നിങ്ങളെ അഭിമുഖീകരിക്കുന്നത്. ഒരു കാര്യം നിങ്ങൾ ഓർത്തിരിക്കണം. അല്ലാഹുവിനെയും അവന്റെ റസൂലിനെയും അനുസരിക്കുവാൻ തയ്യാറില്ലെങ്കിൽ നിങ്ങൾ ശാശ്വതമായ നരകശിക്ഷക്ക് അർഹരായിരിക്കും. തൽക്കാലം കുറേയൊക്കെ കഴിവും സ്വാധീനവും നിങ്ങൾക്കുണ്ടെന്ന് കരുതി നിങ്ങൾ വഞ്ചിതരാകേണ്ട. അതൊന്നും അല്ലാഹുവിന്റെ ശിക്ഷക്കെതിരിൽ നിങ്ങൾക്ക് ഉപകരിക്കയില്ല. നിങ്ങൾ തികച്ചും നിസ്സഹായരായിത്തീരുമെന്ന് നിങ്ങൾ ഓർത്തിരിക്കണം. എന്നൊക്കെ ജനങ്ങളെ ഉൽബോധിപ്പിക്കുവാൻ നബിﷺയോട് അല്ലാഹു കൽപിക്കുന്നു. ما يوعدون (അവരോട് വാഗ്ദത്തം ചെയ്യപ്പെടുന്ന കാര്യം)കൊണ്ടുദ്ദേശ്യം, അടുത്തഭാവിയിൽ സംഭവിക്കാനിരിക്കുന്ന തൗഹീദിന്റെ വിജയവും ശിർക്കിന്റെ പരാജയവുമായിരിക്കാം. അല്ലെങ്കിൽ പരലോകശിക്ഷയുമായിരിക്കാം. الله اعلم

قُلْ إِنْ أَدْرِيٓ أَقَرِيبٌ مَّا تُوعَدُونَ أَمْ يَجْعَلُ لَهُۥ رَبِّيٓ أَمَدًا ﴿٢٥﴾

《25》 പറയുക: -'എനിക്ക് അറിഞ്ഞുകൂടാ, നിങ്ങളോട് വാഗ്ദത്തം ചെയ്യപ്പെടുന്ന കാര്യം സമീപത്തുണ്ടാകുന്നതാണോ, അതല്ല, എന്റെ റബ്ബ് അതിന് വല്ല (ദീർഘമായ) കാലാവധിയും ഏർപ്പെടുത്തുന്നതാണോ'എന്ന്.

عَٰلِمُ ٱلْغَيْبِ فَلَا يُظْهِرُ عَلَىٰ غَيْبِهِۦٓ أَحَدًا ﴿٢٦﴾

《26》 അദൃശ്യത്തെ അറിയുന്നവനത്രെ (അവൻ). എന്നാൽ, തന്റെ അദൃശ്യകാര്യങ്ങളെപ്പറ്റി അവൻ ഒരാൾക്കും വെളിവാക്കിക്കൊടുക്കുന്നതല്ല;

إِلَّا مَنِ ٱرْتَضَىٰ مِن رَّسُولٍ فَإِنَّهُۥ يَسْلُكُ مِنۢ بَيْنِ يَدَيْهِ وَمِنْ خَلْفِهِۦ رَصَدًا ﴿٢٧﴾

《27》 - അവൻ തൃപ്തിപ്പെട്ടിട്ടുള്ള വല്ല റസൂലിനുമല്ലാതെ. എന്നാൽ അദ്ദേഹമാകട്ടെ, അദ്ദേഹത്തിന്റെ മുമ്പിലൂടെയും, പിമ്പിലൂടെയും അവൻ പാറാവുകാരെ പ്രവേശിപ്പിക്കുന്നതുമാണ്.

لِّيَعْلَمَ أَن قَدْ أَبْلَغُوا۟ رِسَٰلَٰتِ رَبِّهِمْ وَأَحَاطَ بِمَا لَدَيْهِمْ وَأَحْصَىٰ كُلَّ شَىْءٍ عَدَدًۢا ﴿٢٨﴾

《28》 അവർ തങ്ങളുടെ റബ്ബിന്റെ ദൗത്യങ്ങളെ എത്തിച്ചുകൊടുത്തിട്ടുണ്ട് എന്ന് അറിയുവാൻവേണ്ടി(യാണത്). അവരുടെ അടുക്കലുള്ളതിനെ അവൻ [അല്ലാഹു] വലയം ചെയ്യുകയും ചെയ്തിരിക്കുന്നു. [പൂർണമായി അറിയുന്നു] അവൻ, സർവവസ്തുവും എണ്ണം കണക്കാക്കുകയും ചെയ്തിരിക്കുന്നു.

《25》 قُلْ നീ പറയുക إِنْ أَدْرِيٓ എനിക്കറിഞ്ഞുകൂടാ, ഞാൻ അറിയുകയില്ല أَقَرِيبٌ സമീപമായതാണോ, അടുത്തതോ مَّا تُوعَدُونَ നിങ്ങളോട് വാഗ്ദത്തം (താക്കീത്) ചെയ്യപ്പെടുന്നത് أَمْ يَجْعَلُ അതോ ആക്കുമോ (അതല്ല ഏർപ്പെടുത്തുമോ) لَهُۥ رَبِّيٓ അതിന് എന്റെ റബ്ബ് أَمَدًا ഒരു (ദീർഘമായ) കാലാവധി 《26》 عَٰلِمُ ٱلْغَيْبِ അദൃശ്യത്തെ അറിയുന്നവനാണ് فَلَا يُظْهِرُ എന്നാലവൻ വെളിവാക്കുക (വെളിപ്പെടുത്തിക്കൊടുക്കുക)യില്ല عَلَىٰ غَيْبِهِۦٓ അവന്റെ അദൃശ്യത്തെപ്പറ്റി أَحَدًا ഒരാൾക്കും

﴾27﴿ إِلَّا مَنِ ٱرْتَضَىٰ അവൻ തൃപ്തിപ്പെട്ടു കൊടുത്തവർക്കല്ലാതെ, (തിരഞ്ഞെടുത്തവരെയല്ലാതെ) مِن رَّسُولٍ വല്ല റസൂലും, ദൂതരിൽനിന്ന് فَإِنَّهُۥ എനി (എന്നാൽ) അദ്ദേഹമോ, അദ്ദേഹമാകട്ടെ يَسْلُكُ അവൻ പ്രവേശിപ്പിക്കും, (ഏർപ്പെടുത്തും) مِنۢ بَيْنِ يَدَيْهِ അദ്ദേഹത്തിന്റെ മുമ്പിലൂടെ وَمِنْ خَلْفِهِۦ അദ്ദേഹത്തിന്റെ പിന്നിലൂടെയും رَصَدًا പാറാവുകാരെ, വീക്ഷിക്കുന്നവരെ ﴾28﴿ لِّيَعْلَمَ അവൻ അറിയുവാൻവേണ്ടി أَن قَدْ ഉണ്ട് എന്ന് أَبْلَغُوا۟ അവർ എത്തിച്ചു رِسَٰلَٰتِ ദൗത്യങ്ങളെ رَبِّهِمْ തങ്ങളുടെ റബ്ബിന്റെ وَأَحَاطَ അവൻ വലയം ചെയ്ക (പൂർണമായി അറിയുക)യും ചെയ്തിരിക്കുന്നു بِمَا لَدَيْهِمْ അവരുടെ അടുക്കൽ (പക്കൽ) ഉള്ളതിനെ وَأَحْصَىٰ അവൻ കണക്കാക്കുക (തിട്ടപ്പെടുത്തുക)യും ചെയ്തിരിക്കുന്നു كُلَّ شَىْءٍ എല്ലാ വസ്തുവെയും, عَدَدًا എണ്ണം, എണ്ണത്താൽ

കഴിഞ്ഞ വചനത്തിൽ ജനങ്ങൾക്ക് പല കാര്യങ്ങളെക്കുറിച്ച് ഉൽബോധനം നൽകുവാൻ നബിﷺയോട് കൽപിച്ചു. ഈ വചനങ്ങളിൽ വീണ്ടും ചില കാര്യങ്ങൾ ഉൽബോധിപ്പിക്കുവാൻ കൽപിക്കുന്നു. അവിശ്വാസികൾ അനുഭവിക്കേണ്ടിവരുമെന്ന് താക്കീത് ചെയ്യപ്പെടുന്ന ശിക്ഷ എത്രകാലംകൊണ്ടാണ് സംഭവിക്കുക എന്ന് അല്ലാഹുവിന് മാത്രമേ അറിയുകയുള്ളൂ. അതിനെക്കുറിച്ച് മാത്രമല്ല, അദൃശ്യങ്ങളായ വിവരങ്ങളൊന്നുംതന്നെ എനിക്കോ മറ്റോ അറിയുകയില്ല. അല്ലാഹു തൃപ്തിപ്പെടുന്ന അവന്റെ ദൂതൻമാർക്ക് അവൻ വല്ലതും അറിയിച്ചു കൊടുത്തെന്നുവരും. അങ്ങനെ അവൻ എനിക്ക് അറിയിച്ചുതന്നേക്കുന്ന കാര്യങ്ങളല്ലാതെ മറ്റ് അദൃശ്യങ്ങളൊന്നും എനിക്കറിയുകയില്ല. റസൂലുകൾക്ക് അവൻ അറിയിക്കുന്ന സംഗതികളാകട്ടെ, അതിൽ ഒരു പ്രകാരേണയും യാതൊരു കൈകടത്തലോ മാറ്റത്തിരുത്തലോ സംഭവിക്കുവാൻ മാർഗവുമില്ല. കാരണം അവ വളരെ ഭദ്രവും സുരക്ഷിതവുമായിരിക്കും. അവരുടെ മുമ്പിലും പിമ്പിലും അവൻ കാവൽ ഏർപ്പെടുത്തിയിരിക്കും. വാർത്തയുമായി വരുന്നവരെക്കുറിച്ചും, വാർത്ത എത്തിക്കുന്നവരെക്കുറിച്ചും, എന്ന്വേണ്ടാ സകല കാര്യങ്ങളെക്കുറിച്ചും അല്ലാഹു പരിപൂർണമായും സൂക്ഷ്മമായും അറിയുന്നതുമാകുന്നു എന്നൊക്കെയാണ് ഈ വചനങ്ങൾ മുഖേന പ്രഖ്യാപനം ചെയ്യാൻ നബിﷺയോട് കൽപിക്കുന്നത്.

26 ഉം 27 ഉം വചനങ്ങളിൽനിന്ന് മൗലിക പ്രധാനങ്ങളായ ചില സംഗതികൾ മനസ്സിലാക്കേണ്ടതുണ്ട്. സംശയത്തിനോ അന്യവ്യാഖ്യാനങ്ങൾക്കോ ഇടയില്ലാത്തവിധം വ്യക്തമായ ഭാഷയിലാണത് അല്ലാഹു പ്രസ്താവിച്ചിരിക്കുന്നതും.

(1) അദൃശ്യകാര്യങ്ങൾ അറിയുന്നവൻ അല്ലാഹു മാത്രമാണ്.

(2) അവൻ തൃപ്തിപ്പെട്ട റസൂലുകൾക്ക്- ദിവ്യദൂതൻമാർക്ക്- അല്ലാതെ അദൃശ്യ കാര്യത്തെപ്പറ്റി അവൻ വെളിവാക്കിക്കൊടുക്കുകയില്ല.

(3) റസൂലുകൾക്ക് അവ എത്തിച്ചുകൊടുക്കപ്പെടുന്നത് വളരെ ഭദ്രവും സുരക്ഷിതവുമായ നിലയിലായിരിക്കുകയും ചെയ്യും. അല്ലാഹു പറയുന്നു:-

(١) ولا يحيطون بشيء من علمه إلا بما شاء –البقرة :٢٥٥

(٢) قل لا يعلم من في السماوات والأرض الغيب إلا الله – النمل:٦٥

(٣)قل لا أقول لكم عندي خزائن الله ولا أعلم الغيب ولا أقول لكم إني ملك ان اتبع الا ما يوحي إلي – الأنعام:٥٠

(1) അവന്റെ (അല്ലാഹുവിന്റെ) അറിവിൽനിന്ന് യാതൊന്നിനെയും അവർ (ആകാശഭൂമിയിലുള്ളവർ) വലയം ചെയ്യുന്നില്ല. (അൽബകറഃ 255)

(2) പറയുക: അല്ലാഹു അല്ലാതെ, ആകാശങ്ങളിലും ഭൂമിയിലുമുള്ളവരാരും അദൃശ്യകാര്യം അറിയുന്നതല്ല. (നംല്;65)

(3) പറയുക: അല്ലാഹുവിന്റെ ഖജനാക്കൾ എന്റെ അടുക്കലുണ്ടെന്ന് നിങ്ങളോട് ഞാൻ പറയുന്നില്ല. ഞാൻ അദൃശ്യകാര്യം അറിയുന്നതുമല്ല. ഞാൻ ഒരു മലക്കാണെന്നും നിങ്ങളോട് ഞാൻ പറയുന്നില്ല. എനിക്ക് വഹ്‌യ് നൽകപ്പെടുന്നതിനെയല്ലാതെ ഞാൻ പിൻപറ്റുന്നില്ല. (അൻആം: 50).

ബുദ്ധികൊണ്ടോ, ബാഹ്യേന്ദ്രിയങ്ങൾ വഴിയോ അറിയുവാൻ കഴിയാത്തതും, കാര്യകാരണബന്ധങ്ങൾക്കതീതമായതുമായ കാര്യങ്ങൾക്കാണ് അദൃശ്യകാര്യം (الغيب) എന്ന് പറയുന്നത്. ഊഹിച്ചോ, ഗണിച്ചോ, ലക്ഷണം മുഖേനയോ പരിചയത്തെ അടിസ്ഥാനമാക്കിയോ, യന്ത്രസാമഗ്രികൾ ഉപയോഗിക്കപ്പെടുത്തിയോ അറിഞ്ഞേക്കുന്ന കാര്യങ്ങളൊന്നും അദൃശ്യജ്ഞാനങ്ങളല്ലെന്ന് ഇതിൽനിന്ന് വ്യക്തമാണ്. (ഇതിനെപ്പറ്റി സൂ: ലുക്മാന്റെ അവസാനത്തിലും മറ്റും വിവരിച്ചിട്ടുള്ളത് ഓർക്കുക.) അല്ലാഹു തൃപ്തിപ്പെട്ട റസൂലുകൾക്ക് മാത്രമേ അദൃശ്യങ്ങളിൽപെട്ട വല്ല കാര്യങ്ങളും അവൻ അറിയിച്ചുകൊടുക്കുകയുള്ളൂവെന്ന് അല്ലാഹു വ്യക്തമാക്കിയിരിക്കുന്നു. റസൂലുകൾ എന്ന് പറഞ്ഞതിൽ പ്രവാചകൻമാരായ ദൈവദൂതൻമാരും, അവർക്ക് ദൈവിക സന്ദേശങ്ങൾ എത്തിച്ചുകൊടുക്കുന്ന മലക്കുകളും ഉൾപ്പെടുന്നു. അപ്പോൾ പ്രശ്നക്കാർ, ജോത്സ്യൻമാർ, പിശാചുക്കൾ, അവരുടെ സേവകൻമാർ, മന്ത്രവാദികൾ എന്നുവേണ്ട പണ്ഡിതൻമാരും ശാസ്ത്രജ്ഞൻമാരും, മഹാത്മാക്കളുമായ ആളുകളുമെല്ലാംതന്നെ അദൃശ്യകാര്യം അറിയാൻ കഴിയാത്തവരാണെന്ന് സ്പഷ്ടം. നബിമാർക്ക് പോലും അല്ലാഹു അറിയിച്ചുകൊടുത്തത് മാത്രമേ അറിയുവാൻ കഴിയുകയുള്ളുതാനും. അതെ, അല്ലാഹുവിൽനിന്നുള്ള വഹ്‌യ് കൊണ്ടല്ലാതെ നബിമാർക്കും, നബിമാരിൽനിന്ന് കേട്ടറിഞ്ഞല്ലാതെ മറ്റുള്ളവർക്കും അദൃശ്യവിവരം അറിയുവാൻ മാർഗമില്ല.

അല്ലാഹുവിൽനിന്ന് നബിമാർക്ക് സന്ദേശം (വഹ്‌യ്) എത്തിക്കുമ്പോൾ മുമ്പിലൂടെയും പിമ്പിലൂടെയും പാറാവുകാരുണ്ടാകുമെന്ന് പറഞ്ഞുവല്ലോ. ഈ പാറാവുകാർ മലക്കുകളായിരിക്കും. ഇബ്നു അബ്ബാസ് (റ) ഇപ്രകാരം പറഞ്ഞിട്ടുള്ളതായി നിവേദനം വന്നിട്ടുണ്ട്: 'ഏതൊരു ക്വുർആൻ വചനവുംതന്നെ, അല്ലാഹുവിന്റെ നബിയുടെ അടുക്കൽ എത്തുന്നതുവരേക്കും അതിനെ കാത്തുംകൊണ്ട് അതിന്റെ കൂടെ നാല്മലക്കുകൾ ഇല്ലാതെ അവൻ ഇറക്കിയിട്ടില്ല.' ഇതിന് തെളിവായി ഇബ്നു അബ്ബാസ് (റ) ഈ രണ്ട് വചനങ്ങൾ ഓതുകയും ചെയ്തു. (رواه ابن مردوية) വഹ്‌യ് കൊണ്ടുവരുന്ന മഹാദൂതൻ ജിബ്‌രീൽ (അ) ആണല്ലോ. അദ്ദേഹത്തിന്റെ ഒന്നിച്ച് വേറെ നാല് മലക്കുകൾ ഉണ്ടാകുമെന്നാണ് 'പാറാവുകാർ'(رصدا) എന്ന് പറഞ്ഞതിന്റെ വിവക്ഷ എന്ന് സഈദുബ്നുജുബൈർ (റ) പ്രസ്താവിച്ചതായും നിവേദനം വന്നിട്ടുണ്ട്. (رواه ابن جرير)

ليعلم أن قد أبلغوا الخ (തങ്ങളുടെ റബ്ബിന്റെ ദൗത്യങ്ങൾ അവർ എത്തിച്ചു കൊടുത്തിട്ടുണ്ടെന്ന് അറിയുവാൻ വേണ്ടി) എന്ന വാക്യത്തിന്റെ ഉദ്ദേശ്യം ഒന്നിലധികം പ്രകാരത്തിൽ വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു. പ്രവാചകന് എത്തിച്ചു കൊടുക്കുവാൻ വേണ്ടി അല്ലാഹു ഏൽപ്പിച്ചുകൊടുക്കുന്ന ദൗത്യങ്ങളെ ശരിക്കും എത്തിച്ചുകൊടുത്തിട്ടുണ്ടെന്ന് റസൂലിന് ബോധ്യപ്പെടുവാൻവേണ്ടി എന്നുള്ളതാണ് അവയിൽ കൂടുതൽ ബലപ്പെട്ട അഭിപ്രായം. അല്ലാഹു സർവജ്ഞനും സർവശക്തനുമാണ്. വഹ്‌യിന്റെ വാഹകനായ ജിബ്‌രീൽ ആകട്ടെ, വിശ്വസ്തനും, ശക്തനും അല്ലാഹുവിങ്കൽ പ്രത്യേകസ്ഥാനമാനമുള്ള ആളും. (أمين ذي قوة عند ذي العرش مكين) എന്നിരിക്കെ, പിന്നെ എന്തിനാണ് വഹ്‌യിന്റെ കൂടെ കാത്തുരക്ഷിക്കുവാൻ ഒരു പാറാവുസംഘം? ദിവ്യലോകത്തുനിന്ന് ഭൗതികലോകത്തേക്കുള്ള -അഥവാ ലോകസ്രഷ്ടാവിന്റെ തിരുസന്നിധിയിൽനിന്ന് സൃഷ്ടികളിൽ വെച്ച് ഏറ്റവും ഉന്നതൻമാരായ പ്രവാചകൻമാരിലേക്കുള്ള- വാർത്താമാർഗമാണല്ലോ വഹ്‌യ്. അതിന്റെ വാഹകൻമാരാണ് ആത്മീയജീവികളും പരിശുദ്ധരുമായ മലക്കുകൾ. അപ്പോൾ, ആത്മീയസൃഷ്ടികളിൽനിന്നോ, ഭൗതിക സൃഷ്ടികളിൽ നിന്നോ മാർഗമദ്ധ്യേ യാതൊരു ഇടപെടലും കൂടാതെ, സുരക്ഷിതവും, സുഭദ്രവുമായ നിലയിൽ അത് യഥാസ്ഥാനത്ത് എത്തിച്ചേർന്നിട്ടുണ്ടെന്ന് അങ്ങേഅറ്റം ഉറപ്പുവരുത്തലാണ് അതിന്റെ ഉദ്ദേശ്യം. അതാണ് ഈ വാക്യത്തിൽ ചൂണ്ടിക്കാട്ടപ്പെട്ടിരിക്കുന്നതും. കൂടാതെ, പിശാചുക്കൾ ആകാശത്തുനിന്ന് ചില വാർത്തകൾ കട്ടുകേൾക്കുവാൻ ശ്രമിച്ചിരുന്നുവെന്നും ശക്തമായ പാറാവും അഗ്നിജ്വാലയും മുഖേന ആ ഏർപ്പാട് നിശ്ശേഷം തടയപ്പെട്ടിരിക്കുന്നുവെന്നും ഈ സൂറത്തിലും മറ്റും പ്രസ്താവിച്ചിട്ടുണ്ടല്ലോ. എന്നാൽ, അല്ലാഹു നബിമാർക്ക് നൽകുന്ന വഹ്‌യിൽനിന്ന് വല്ലതും മനസ്സിലാക്കുവാനോ, അതിനെ സമീപിക്കുവാനോ പിശാചുക്കൾക്ക് ഒരിക്കലും- മുമ്പും പിന്നീടും- സാധ്യമല്ലെന്നും, പിശാചുക്കൾ കട്ടുകേട്ടിരുന്നത് വഹ്‌യിന്റെ ഇനത്തിലോ, ദൈവിക രഹസ്യങ്ങളിലോ ഉൾപ്പെട്ട കാര്യങ്ങളായിരുന്നില്ലെന്നും- നബിവചനങ്ങളിൽ വ്യക്തമാക്കപ്പെട്ടിട്ടുള്ളതുപോലെ- ഭൂമിയിൽ സംഭവിക്കുവാൻ പോകുന്ന ചില കാര്യങ്ങൾ മലക്കുകൾ തമ്മിൽ സംസാരിക്കുന്നത് മാത്രമായി

രുന്നു അവർക്ക് കട്ടുകേൾക്കുവാൻ കഴിഞ്ഞിരുന്നതെന്നും ഈ വചനങ്ങളിൽനിന്ന് മനസ്സിലാക്കാവുന്നതുമാണ്.

ജിന്നുവർഗത്തെയും, ആകാശത്തുനിന്ന് പിശാചുക്കൾ കട്ടുകേൾക്കാറുണ്ടായിരുന്നതിനെയും നിഷേധിക്കുന്നവർ 27 -ാം വചനം തങ്ങളുടെ നിഷേധത്തെ ന്യായീകരിക്കുന്നതായി അവകാശപ്പെടാറുണ്ട്. പിശാചുക്കൾക്ക് ദൈവിക രഹസ്യങ്ങൾ കട്ടുകേൾക്കുവാൻ കഴിയുകയില്ലെന്നതിന് വ്യക്തമായ ദൃഷ്ടാന്തമാണ് വഹ്‌യിന്റെ മുമ്പിലും പിമ്പിലും കാവൽ ഏർപ്പെടുത്തുമെന്ന് പറഞ്ഞത് എന്ന് അവർ പറയുന്നു. 'ദൈവികരഹസ്യങ്ങൾ പിശാചുക്കൾ കട്ടുകേട്ടിരുന്നതായി മുസ്‌ലിംകൾ ആരും കരുതുന്നില്ല. ബുദ്ധിയുള്ളവർ ആരും അങ്ങനെ കരുതുന്നതുമല്ല. മലക്കുകളുടെ ചില സംസാരങ്ങളാണ് പിശാചുക്കൾ കട്ടുകേട്ടിരുന്ന'തെന്നത്രെ അവർ പറയുന്നത്. ഇത് നബിവചനത്തെ ആസ്പദമാക്കിയാണ്താനും. (സൂ: ഹിജ്റിനുശേഷമുള്ള വ്യാഖ്യാനക്കുറിപ്പ് നോക്കുക.) പക്ഷേ, തങ്ങൾക്ക് ഖണ്ഡിക്കുവാൻ ഒരെളുപ്പമാർഗമെന്ന നിലക്ക് 'ദൈവിക രഹസ്യങ്ങൾ കട്ടുകേൾക്കുക' എന്ന പ്രയോഗം ഇവർ കൽപിച്ചുകൂട്ടി സ്വയം സൃഷ്ടിച്ചതാണ്. ഈ പ്രയോഗം സമ്മതിച്ചുകൊടുത്താൽതന്നെയും ഈ വചനം യഥാർത്ഥത്തിൽ കട്ടുകേൾവിപോലെയുള്ള ഏതെങ്കിലും സംഗതികൾ വഴി, വഹ്‌യിന്റെ ഭദ്രതയിലും വിശ്വാസ്യതയിലും സംശയിക്കപ്പെടുവാൻ ഏതെങ്കിലും മാർഗമുള്ളതുകൊണ്ടാണല്ലോ വഹ്‌യിനെ മുമ്പിലൂടെയും പിമ്പിലൂടെയും കാവൽ ഏർപ്പെടുത്തി ഭദ്രമാക്കുന്നത്. അത്തരം സംഗതികളൊന്നും സംശയിക്കുവാനില്ലാത്തപക്ഷം, പിന്നെ എന്തിനാണ് ഇങ്ങനെ ശക്തമായ കാവൽ ഏർപ്പെടുത്തുന്നത്? എന്ന് ചോദിക്കപ്പെടാമല്ലോ.

اللهم هداية للصواب وتوفيقا للسداد ولك الحمد والمنة

سورة المزمل

73. സൂറത്തുൽ മുസ്സമ്മിൽ

മക്കഃയിൽ അവതരിച്ചത് - വചനങ്ങൾ 20 - വിഭാഗം (റുകൂഉ്) 2

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ

പരമകാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

يَٰٓأَيُّهَا ٱلْمُزَّمِّلُ ﴿١﴾

﴾1﴿ ഹേ, വസ്ത്രമിട്ടു മൂടിയവനേ!

قُمِ ٱلَّيْلَ إِلَّا قَلِيلًا ﴿٢﴾

﴾2﴿ രാത്രി അൽപം ഒഴിച്ച് (ബാക്കി സമയം) എഴുന്നേറ്റ് (നമസ്കരിച്ചു) കൊള്ളുക;-

نِّصْفَهُۥٓ أَوِ ٱنقُصْ مِنْهُ قَلِيلًا ﴿٣﴾

﴾3﴿അതായത്, അതിന്റെ പകുതി (സമയം); അല്ലെങ്കിൽ, അതിൽ നിന്ന് അൽപം ചുരുക്കിക്കൊള്ളുക;-

أَوْ زِدْ عَلَيْهِ وَرَتِّلِ ٱلْقُرْءَانَ تَرْتِيلًا ﴿٤﴾

﴾4﴿ അല്ലെങ്കിൽ, അതിനെക്കാൾ (അൽപം) വർദ്ധിപ്പിച്ചുകൊള്ളുക; ഒരു സാവകാശക്രമത്തിൽ ക്വുർആൻ നിറുത്തിനിറുത്തി ഓതുകയും ചെയ്യുക.

﴾1﴿ يَٰٓأَيُّهَا ٱلْمُزَّمِّلُ ഹേ, ഓ വസ്ത്രമിട്ടു മൂടിയവനേ, പുതച്ചു കിടക്കുന്നവനേ ﴾2﴿ قُمِ എഴുന്നേൽക്കുക (നമസ്കരിക്കുക) ٱلَّيْلَ രാത്രി إِلَّا قَلِيلًا അൽപം (കുറച്ച്) ഒഴികെ ﴾3﴿ نِّصْفَهُۥٓ അതായത് അതിന്റെ പകുതി أَوِ ٱنقُصْ അല്ലെങ്കിൽ ചുരുക്കിക്കൊള്ളുക مِنْهُ അതിൽനിന്ന് قَلِيلًا അൽപം ﴾4﴿ أَوْ زِدْ അല്ലെങ്കിൽ വർദ്ധിപ്പിച്ച്

കൊള്ളുക عَلَيْهِ അതിനെക്കാൾ وَرَتِّلِ സാവകാശത്തിലോതുക (സാവധാനക്രമത്തിലാക്കുക- നിറുത്തിനിറുത്തി വായിക്കുക)യും ചെയ്യുക ٱلْقُرْءَانَ ക്വുർആനെ تَرْتِيلاً ഒരു സാവകാശക്രമം

المزمل (വസ്ത്രമിട്ടു മൂടിയവൻ) എന്ന് നബി തിരുമേനിﷺയെ സംബോധന ചെയ്തതിന് ഒന്നിലധികം പ്രകാരത്തിൽ വ്യാഖ്യാനം നൽകപ്പെട്ടിരിക്കുന്നു.

(1) വഹ്‌യിന്റെ ആരംഭകാലത്ത് ജിബ്‌രീൽ (അ) വഹ്‌യും കൊണ്ടുവന്നപ്പോൾ നബിﷺക്ക് ഭയം തോന്നുകയും, വീട്ടിൽവന്നു 'വസ്ത്രമിട്ട് മൂടിത്തരുവിൻ, പുതപ്പിട്ടുതരുവിൻ (زملوني ، دثروني)' എന്ന് അവിടുന്ന് പറയുകയും ഉണ്ടായി. അങ്ങനെയുള്ള അവസരത്തിലായിരുന്നു ഈ വചനങ്ങൾ അവതരിച്ചത്.

(2) പ്രവാചകത്വം (നുബുവ്വത്ത്) ആകുന്ന വസ്ത്രത്താൽ ആവരണം ചെയ്യപ്പെടുകയും, ദിവ്യദൗത്യം (രിസാലത്ത്) ആകുന്ന ഭാരം ഏൽപിക്കപ്പെടുകയും ചെയ്ത ആൾ എന്നാണ് വിവക്ഷ.

(3) രാത്രി വസ്ത്രമിട്ടു പുതച്ചു കിടന്നുറങ്ങിയാൽ പോരാ, എഴുന്നേറ്റു നമസ്കാരത്തിൽ മുഴുകേണ്ടതുണ്ട് എന്ന സൂചനയാണത്.

(4) ക്വുറൈശികൾ നബിﷺയെക്കുറിച്ച് കവിയാണെന്നും, പ്രശ്നക്കാരനാണെന്നും, ഭ്രാന്തനാണെന്നുമൊക്കെ പറഞ്ഞുകേട്ടപ്പോൾ തിരുമേനി (വ്യസനം നിമിത്തം) വീട്ടിൽചെന്നു വസ്ത്രം മൂടിപ്പുതച്ചു കിടക്കുകയുണ്ടായി. ആ സന്ദർഭത്തിലായിരുന്നു ഇത് അവതരിച്ചത്.

പ്രവാചകത്വത്തിന്റെ ആദ്യഘട്ടത്തിൽ, അവതരിച്ച സൂറത്തുകളിൽപെട്ടതാണ് ഈ സൂറത്ത്. അന്ന് അഞ്ചു നേരത്തെ നമസ്കാരം നിയമിക്കപ്പെട്ടിരുന്നില്ല. അതിനുമുമ്പാണ് ഈ കൽപന. രാത്രിയുടെ ഏതാണ്ട് പകുതി സമയം- അൽപം കുറവോ കൂടുതലോ ആയാലും വിരോധമില്ല- എഴുന്നേറ്റു നമസ്കരിക്കണമെന്ന് ഇതുമൂലം അല്ലാഹു നബിﷺയോട് കൽപിച്ചിരിക്കുന്നു. അഞ്ച് നമസ്കാരം നിയമമാക്കപ്പെടുന്നതുവരെ രാത്രി നമസ്കാരം നിർവ്വഹിക്കൽ പൊതുവിൽ എല്ലാവർക്കും നിർബന്ധമായിരുന്നുവോ എന്നുള്ളതിൽ ഭിന്നാഭിപ്രായം കാണാം. ഏതായാലും, പിന്നീട് ഈ നമസ്കാരം നിർബന്ധമല്ലെന്നും, അതേസമയത്ത് രാത്രി ഉറക്കത്തിൽനിന്ന് എഴുന്നേറ്റ് അൽപമെങ്കിലും നമസ്കരിക്കൽ- അഥവാ 'തഹജ്ജുദ്' നമസ്കാരം- വളരെ പ്രധാനപ്പെട്ട ഒരു പുണ്യകർമമാണെന്നുള്ളതിൽ ആർക്കും ഭിന്നാഭിപ്രായമില്ല. (മുസ്‌ലിം നാമധാരികളായ ചില തിരുത്തൽവാദികൾക്കൊഴികെ.) രാത്രി നമസ്കാരത്തിന്റെ പ്രാധാന്യത്തെ പറ്റി ക്വുർആനിലും ഹദീഥിലും ധാരാളം ഊന്നിപ്പറഞ്ഞിട്ടുള്ളതാണ്. (സജദഃ 16; ഫുർക്വാൻ 64; ദാരിയാത്ത് 17, 18 മുതലായവയും വിവരണവും നോക്കുക.)

നമസ്കാരകർമത്തിന്റെ പ്രധാന ഘടകങ്ങളാണല്ലോ നിറുത്തം, ക്വുർആൻ പാരായണം, റുകൂഉ്, സുജൂദ് എന്നിവയെല്ലാം. അതുകൊണ്ട് നമസ്കാരത്തെ ഉദ്ദേശിച്ച് ഈ വാക്കുകൾ ഉപയോഗിക്കാറുണ്ടെന്ന് നാം ഇതിന് മുമ്പ് ചിലപ്പോഴെല്ലാം ഉണർത്തുകയുണ്ടായിട്ടുണ്ട്. ഇവിടെ قم الليل (രാത്രി എഴുന്നേൽക്കുക) എന്നും, 20 -ാം വചനത്തിൽ تقوم (നീ എഴുന്നേൽക്കുന്നു) എന്നും പറഞ്ഞിരിക്കുന്നത് എഴുന്നേറ്റ് നമസ്കരിക്കുക എന്ന അർത്ഥത്തിലാണെന്ന് ഇതിൽനിന്ന് മനസ്സിലാക്കാം. ക്വുർആൻ പാരായണം നമസ്കാരത്തിലെ ഒരു പ്രധാനഭാഗമാണെന്നപോലെത്തന്നെ, ക്വുർആൻ പാരായണത്തിന് ഏറ്റവും പറ്റിയ അവസരം നമസ്കാരവുമത്രെ. അതുകൊണ്ട് നമസ്കാരത്തെപ്പറ്റി പ്രസ്താവിച്ചതിനെത്തുടർന്ന് ക്വുർആൻ പാരായണം എപ്രകാരമായിരിക്കണമെന്നും അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു.

ترتيل (തർതീൽ) എന്നാൽ, അക്ഷരങ്ങൾ വ്യക്തമാക്കിയും വാക്കുകൾ മുറിച്ചുമുറിച്ചും, വാചകങ്ങൾ നിറുത്തിനിറുത്തിയുംകൊണ്ട് സാവകാശരൂപത്തിൽ നന്നാക്കിവായിക്കുക- അല്ലെങ്കിൽ സംസാരിക്കുക- എന്നർത്ഥമാകുന്നു. ക്വുർആൻ തർതീലാക്കി ഓതണമെന്ന കൽപന വളരെ അർത്ഥവത്തായ ഒരു കൽപനയാണ്. ഓതുന്നവന് അതിന്റെ അർത്ഥവും, ആശയവും, സൂചനകളുമെല്ലാം ഓർമിക്കുവാനും, അവ മനസ്സിൽ പതിയുവാനും, അവയെപ്പറ്റി ഉറ്റാലോചിക്കുവാനും അത് വളരെ ഉപകരിക്കുന്നു. അങ്ങനെയുള്ള ഓത്ത്കേൾക്കുന്നവർക്കും അത് ഫലം ചെയ്യും. ക്വുർആനോടുള്ള ആദരവും ഭക്തിയും പ്രകടിപ്പിക്കലും കൂടിയാണത്. സാധാരണ വായനകളിലും, സംസാരങ്ങളിലും പോലും ഉച്ചാരണശുദ്ധി കൂടാതെയും, അക്ഷരവ്യക്തത കൂടാതെയും ധൃതിയിൽ ഉരുവിടുന്ന സമ്പ്രദായം അനഭിലഷണീയമാണല്ലോ.

ക്വുർആന്റെ വായനാരൂപങ്ങളും മര്യാദകളും വിഷയമാക്കിക്കൊണ്ടുള്ള ഒരു പ്രത്യേകശാസ്ത്രംതന്നെ ഇസ്ലാമിലുണ്ട്. അതിന്റെ പ്രാധാന്യത്തെ ഈ വചനം ചൂണ്ടിക്കാണിക്കുന്നു. علم التجويد (ഇൽമുത്തജ്‌വീദ് അഥവാ വായന നന്നാക്കുന്ന ശാസ്ത്രം) എന്ന പേരിൽ അത് അറിയപ്പെടുന്നു. നബിﷺയിൽനിന്ന് സ്വഹാബികളും, അവരിൽനിന്ന് പിന്നീടുള്ളവരും മുഖാമുഖമായും, കർണാകർണികയായും കേട്ടുപഠിച്ച സമ്പ്രദായങ്ങളെ ഈ ശാസ്ത്രം പ്രതിനിധാനം ചെയ്യുന്നു. ക്വുർആൻ പാരായണ മര്യാദകളെപ്പറ്റി പലതും മുഖവുരയിൽ നാം വിവരിച്ചിട്ടുണ്ട്. അത്ഇവിടെ അനുസ്മരിക്കുന്നത് നന്നായിരിക്കും. സന്ദർഭോചിതമായ ചുരുക്കം ചില ഹദീഥുകൾമാത്രം ഇവിടെ ഉദ്ധരിക്കാം:-

1. നബിﷺ ക്വുർആൻ പാരായണം ചെയ്തിരുന്ന രീതിയെപ്പറ്റി ചോദിക്കപ്പെട്ടപ്പോൾ അനസ് (റ) ഇങ്ങനെ മറുപടി പറഞ്ഞു: അത് നീട്ടിനീട്ടിക്കൊണ്ടായിരുന്നു. പിന്നീട് അനസ് (റ) 'ബിസ്മില്ലാഹി' എന്നും, 'അർ-റഹ്മാനി' എന്നും, 'അർ- റഹീം' എന്നും ഓരോന്നും നീട്ടിക്കൊണ്ട് ഓതിക്കേൾപ്പിച്ചു. (ബുഖാരീ.)

2. ഉമ്മുസലമഃ (റ)യോട് അതിനെക്കുറിച്ച് ചോദിച്ച ഒരാൾക്ക് ഓരോ അക്ഷരവും വടിവോടെ വ്യക്തമായി ഉച്ചരിച്ചുകൊണ്ട് അവർ ഓതിക്കൊടുക്കുകയുണ്ടായി. (തി; ദാ; ന)

3. നബിﷺ പറഞ്ഞിരിക്കുന്നു: 'നിങ്ങളുടെ ശബ്ദങ്ങൾകൊണ്ട് ക്വുർആനെ അലങ്കരിക്കുവിൻ.' (അ; ദാ)

4. ത്വാഊസ് (റ) പറയുന്നു: ക്വുർആൻ പാരായണത്തിൽ ശബ്ദം നല്ലവനും, നന്നായി ഓതുന്നവനും എങ്ങനെയുള്ള ആളായിരിക്കുമെന്ന് ചോദിക്കപ്പെട്ടപ്പോൾ നബിﷺ ഇങ്ങനെ പറഞ്ഞു: 'ഏതൊരുവൻ ഓതുന്നത് കേട്ടാൽ, അവൻ അല്ലാഹുവിനെ ഭയപ്പെടുന്നുവെന്ന് നിനക്ക് കാണാമോ അവനാണ്.' (ദാരിമി.)

5. നബിﷺ പറയുന്നു: 'നിങ്ങളുടെ ഹൃദയങ്ങൾക്ക് ക്വുർആനോട് ഇണക്കമായിരിക്കുമ്പോൾ നിങ്ങളത് പാരായണം ചെയ്യുവിൻ. പൊരുത്തക്കേടാകുമ്പോൾ (വിരസത തോന്നുമ്പോൾ) അതിൽനിന്ന് എഴുന്നേറ്റുപോയിക്കൊള്ളുവിൻ'

إِنَّا سَنُلْقِي عَلَيْكَ قَوْلًا ثَقِيلًا ﴿٥﴾

﴾5﴿ നിശ്ചയമായും ഭാരപ്പെട്ട ഒരു വചനം നാം നിന്റെ മേൽ ഇട്ടേച്ച് [അവതരിപ്പിച്ച്] തരാൻ പോകുന്നു.

إِنَّ نَاشِئَةَ ٱلَّيْلِ هِيَ أَشَدُّ وَطْـًٔا وَأَقْوَمُ قِيلًا ﴿٦﴾

﴾6﴿ നിശ്ചയമായും, രാത്രി (നമസ്കാരത്തിന്) ഉണർന്നെഴുന്നേൽക്കുക എന്നത്; അത് കൂടുതൽ ശക്തമായി സമ്മർദ്ദം ചെലുത്തുന്നതും, വാക്ക് കൂടുതൽ ചൊവ്വാക്കുന്നതുമത്രെ.

إِنَّ لَكَ فِي ٱلنَّهَارِ سَبْحًا طَوِيلًا ﴿٧﴾

﴾7﴿ നിശ്ചയമായും, പകലിൽ നിനക്ക് ദീർഘമായി ജോലിത്തിരക്കുണ്ട്.

﴾5﴿ إِنَّا നിശ്ചയമായും നാം سَنُلْقِي ഇട്ടേച്ച് (അവതരിപ്പിച്ചു) തന്നേക്കും (തരാൻ പോകുന്നു) عَلَيْكَ നിന്റെ മേൽ قَوْلًا ഒരു (തരം) വചനം ثَقِيلًا ഭാരപ്പെട്ട, ഘനപ്പെട്ട ﴾6﴿ إِنَّ نَاشِئَةَ നിശ്ചയമായും ഉണർന്നെഴുന്നേൽപ് ٱلَّيْلِ രാത്രിയിലെ هِيَ അത് أَشَدُّ കഠിന (ശക്ത)മായതത്രെ وَطْـًٔا സമ്മർദ്ദം وَأَقْوَمُ കൂടുതൽ ചൊവ്വുള്ളതും,

ചൊവ്വാക്കുന്നതും قِيلًا വാക്ക്, വചനം ﴿7﴾ إِنَّ لَكَ നിശ്ചയമായും നിനക്കുണ്ട് فِي ٱلنَّهَارِ പകലിൽ سَبۡحًا സഞ്ചാരം, വ്യാപരിക്കൽ (ജോലിത്തിരക്ക്) طَوِيلًا നീണ്ട, ദീർഘിച്ച

ഭാരപ്പെട്ട വചനം ഇട്ടുതരാൻ പോകുന്നുവെന്ന് പറഞ്ഞത്, പിന്നീട് നബി ﷺക്ക് അവതരിക്കുവാനിരിക്കുന്ന ക്വുർആൻ വചനങ്ങൾ, നിയമനിർദ്ദേശങ്ങൾ ആദിയായവ ഉദ്ദേശിച്ചാകുന്നു. ക്വുർആന്റെ സന്ദേശങ്ങൾ നടപ്പിൽ വരുത്തലും, പ്രബോധനം ചെയ്യലും വളരെ ഭാരിച്ച കൃത്യമാണെന്ന് പറയേണ്ടതില്ലല്ലോ. അതു പോലെത്തന്നെ വഹ്‌യാകുന്ന ദിവ്യസന്ദേശങ്ങൾ സ്വീകരിക്കലും കേവലം ഭാര മേറിയ ഒരു കാര്യമത്രെ. തണുപ്പേറിയ ദിവസങ്ങളിൽ പോലും വഹ്‌യ് വരുമ്പോൾ നബി തിരുമേനി ﷺയുടെ നെറ്റി വിയർക്കാറാകുമായിരുന്നുവെന്നും ഹദീഥുകളിൽ കാണാവുന്നതാണ്. ഭാരമേറിയതും അതിമഹത്തായതുമായ ആ ചുമതലകൾ ഏറ്റു വാങ്ങുവാനും നിറവേറ്റുവാനും വേണ്ടുന്ന ദൈവികസഹായവും ആത്മീയ ശക്തിയും സിദ്ധിക്കുവാനുള്ള മാർഗമത്രെ രാത്രി ഉറക്കത്തിൽനിന്ന് എഴുന്നേറ്റ് ചെയ്യുന്ന നമസ്കാരകർമം. രാത്രിയിലെ നമസ്കാരം പകലിലെ നമസ്കാരത്തെ ക്കാൾ പ്രയാസപ്പെട്ടതും ഭാരപ്പെട്ടതുമാണ്. അതേ സമയത്ത് ആത്മനിയന്ത്രണത്തി നും, ആത്മപരിശീലനത്തിനും അത് കൂടുതൽ ഉപകരിക്കുകയും ചെയ്യുന്നു. ഏകാ ഗ്രതയും, മനസ്സാന്നിധ്യവും അത് വർദ്ധിപ്പിക്കുന്നു. നാവിനും ഹൃദയത്തിനുമിടയിൽ കൂടുതൽ പൊരുത്തവും സംയോജനവും ഉണ്ടാകുന്നു. നിശ്ശബ്ദവും സ്വസ്ഥവു മായ അവസരമാണല്ലോ രാത്രിസമയം. അൽപം ഉറങ്ങി വിശ്രമിച്ചശേഷം എഴുന്നേറ്റ് വുദൂ ചെയ്തു കഴിയുന്നതോടെ ശരീരത്തിനും മനസ്സിനും പുതിയൊരു ചൈതന്യവും ഉൻമേഷവും സംജാതമായിത്തീരുന്നു. അന്യചിന്തകളുടെയോ, ജോലിത്തിരക്കുക ളുടെയോ അലട്ടില്ലാത്ത ആ അവസരം, നമസ്കാരം, പ്രാർത്ഥന, ക്വുർആൻ പാരായ ണം, ദിക്ർ, തസ്ബീഹ് തുടങ്ങിയ ആരാധനകൾ നടത്തുവാൻ ഏറ്റവും പറ്റിയത്ത ന്നെ, ഇങ്ങനെയുള്ള വസ്തുതകളെയാണ് ഈ വചനങ്ങളിൽ അല്ലാഹു ചൂണ്ടിക്കാ ട്ടുന്നത്.

നബി തിരുമേനി ﷺ അരുളിച്ചെയ്ത ഒരു വചനം ഇവിടെ ശ്രദ്ധേയമാകു ന്നു. അതിന്റെ ചുരുക്കം ഇതാണ്: 'ഒരാൾ ഉറങ്ങുമ്പോൾ പിശാച് അവന്റെ പിരടിക്ക് മൂന്ന് കെട്ടുകൾ കെട്ടുന്നു. അവൻ ഉണരുമ്പോൾ അല്ലാഹുവിനെ സ്മരിക്കുന്നപക്ഷം ഒരു കെട്ടഴിഞ്ഞുപോകും. എഴുന്നേറ്റ് 'വുദൂ' എടുത്താൽ മറ്റൊരു കെട്ടഴിയും, നമ സ്കരിച്ചാൽ എല്ലാ കെട്ടുകളും അഴിഞ്ഞുപോകും. അങ്ങനെ, അവൻ ചൊടിയുള്ള വനും ഹൃദയം ശുദ്ധമായവനുമായി നേരം പുലരും. അല്ലാത്തപക്ഷം മനസ്സ് ദുഷിച്ച വനായും മടിയനായുംകൊണ്ടും നേരം പുലരും.'(ബു; മു.) ومن الله التوفيق

وَٱذۡكُرِ ٱسۡمَ رَبِّكَ وَتَبَتَّلۡ إِلَيۡهِ تَبۡتِيلًا

﴿8﴾ നിന്റെ റബ്ബിന്റെ നാമം സ്മരി ക്കുകയും, അവങ്കലേക്ക് (ഏകാഗ്ര ചിത്തനായി) ഒരു മുറിഞ്ഞടുക്കൽ അടുക്കുകയും ചെയ്യുക.

رَّبُّ ٱلْمَشْرِقِ وَٱلْمَغْرِبِ لَآ إِلَٰهَ إِلَّا هُوَ فَٱتَّخِذْهُ وَكِيلًا ﴿٩﴾

﴿9﴾ ഉദയസ്ഥാനത്തിന്റെയും, അസ്തമയസ്ഥാനത്തിന്റെയും റബ്ബാകുന്നു (അവൻ); അവനല്ലാതെ ആരാധ്യനേയില്ല. അതിനാൽ, അവനെ നീ (എല്ലാ കാര്യവും) ഭരമേൽപിക്കപ്പെട്ടവനാക്കിക്കൊള്ളുക.

وَٱصْبِرْ عَلَىٰ مَا يَقُولُونَ وَٱهْجُرْهُمْ هَجْرًا جَمِيلًا ﴿١٠﴾

﴿10﴾ അവർ [അവിശ്വാസികൾ] പറഞ്ഞുവരുന്നതിനെക്കുറിച്ച് നീ ക്ഷമ കൈകൊള്ളുകയും, ഭംഗിയായ വിധത്തിൽ അവരെ വെടിഞ്ഞുനിൽക്കുകയും ചെയ്യുക.

وَذَرْنِي وَٱلْمُكَذِّبِينَ أُو۟لِي ٱلنَّعْمَةِ وَمَهِّلْهُمْ قَلِيلًا ﴿١١﴾

﴿11﴾ എന്നെയും സുഖാനുഗ്രഹത്തിന്റെ ആൾക്കാരായ (ആ) വ്യാജവാദികളെയും വിട്ടേക്കുകയും, അവർക്ക് അൽപം ഇടനൽകുകയും ചെയ്യുക. [അവരുടെ കാര്യം ഞാൻ തീരുമാനിച്ചുകൊള്ളാം.]

﴿8﴾ وَٱذْكُرِ നീ ഓർമിക്കുക (സ്മരിക്കുക, പറയുക)യും ചെയ്യുക ٱسْمَ رَبِّكَ നിന്റെ റബ്ബിന്റെ നാമം وَتَبَتَّلْ (ഇതരചിന്തകൾ വിട്ട്) മുറിഞ്ഞു (മിനക്കെട്ടു)ചെല്ലുക إِلَيْهِ അവങ്കലേക്ക് تَبْتِيلًا ഒരു (നല്ലതരം) മുറിഞ്ഞുചെല്ലൽ ﴿9﴾ رَّبُّ ٱلْمَشْرِقِ ഉദയസ്ഥാനത്തിന്റെ റബ്ബാകുന്നു وَٱلْمَغْرِبِ അസ്തമയസ്ഥാനത്തിന്റെയും لَآ إِلَٰهَ ആരാധ്യനേയില്ല إِلَّا هُوَ അവനല്ലാതെ فَٱتَّخِذْهُ അതിനാൽ അവനെ ആക്കിക്കൊള്ളുക وَكِيلًا ഭരമേൽപിക്കപ്പെട്ടവൻ, ഭാരമേറ്റവൻ, ഏൽപനക്കാരൻ ﴿10﴾ وَٱصْبِرْ നീ ക്ഷമിക്കുകയും ചെയ്യുക عَلَىٰ مَا يَقُولُونَ അവർ പറഞ്ഞുവരുന്നതിനെപ്പറ്റി وَٱهْجُرْهُمْ അവരെ വെടിയുക (വിട്ടുനിൽക്കുക)യും ചെയ്യുക هَجْرًا ഒരു വെടിയൽ جَمِيلًا ഭംഗിയായ, സുന്ദരമായ ﴿11﴾ وَذَرْنِي എന്നെ വിട്ടേക്കുകയും ചെയ്യുക وَٱلْمُكَذِّبِينَ വ്യാജമാക്കുന്നവരെയും أُو۟لِي ٱلنَّعْمَةِ സുഖാനുഗ്രഹത്തിന്റെ (സൗഖ്യത്തിന്റെ) ആൾക്കാരായ وَمَهِّلْهُمْ അവർക്ക് ഇട (ഒഴിവ്) കൊടുക്കുകയും ചെയ്യുക قَلِيلًا അൽപം, കുറച്ച്

അല്ലാഹു അല്ലാതെ ആരാധ്യനേയില്ല (لا إله الا الله) എന്ന തൗഹീദിന്റെ വാക്യം സ്വീകരിക്കുന്നതോടെ അനിവാര്യമായിത്തീരുന്ന കടമയാണ് സകല കാര്യങ്ങളും അല്ലാഹുവിൽ അർപ്പിക്കലും, അവനെ കാര്യകർത്താവായി സ്വീകരിക്കലും എന്ന് 8 ഉം 9

ഉം വചനങ്ങളിൽനിന്ന് മനസ്സിലാക്കാം. പ്രതികാരേച്ഛയോ വിദ്വേഷമോ കൂടാതെ, മനസ്സുകൊണ്ടും ആശയംകൊണ്ടും ശത്രുക്കളുമായി അകന്നു നിൽക്കണം, അവരുടെ അക്രമങ്ങളുടെ നേരെ കണ്ണടക്കണം, നയപൂർവം പെരുമാറണം, എന്നൊക്കെയാണ് 10 -ാം വചനത്തിൽ ഉപദേശിക്കുന്നത്. ശത്രുക്കളുടെ അക്രമങ്ങളെ സംബന്ധിച്ച് എടുക്കേണ്ട നടപടി അല്ലാഹു എടുത്തുകൊള്ളുമെന്നും അതിന് അൽപ കാലത്തെ താമസം കൂടിയുണ്ടെന്നുംഅതുവരെ ക്ഷമിക്കണമെന്നും പറഞ്ഞു സമാധാനിപ്പിക്കുന്നതാണ് 11 -ാം വചനം. അവർക്ക് അനുഭവപ്പെടുവാനിരിക്കുന്ന ശിക്ഷകളെക്കുറിച്ച് അടുത്ത വചനങ്ങളിൽ പ്രസ്താവിക്കുന്നു:-

إِنَّ لَدَيْنَآ أَنكَالًا وَجَحِيمًا ﴿١٢﴾

﴾12﴿ നിശ്ചയമായും, നമ്മുടെ അടുക്കൽ കനത്ത വിലങ്ങുകളും, കത്തിജ്വലിക്കുന്ന അഗ്നിയുമുണ്ട്;

وَطَعَامًا ذَا غُصَّةٍ وَعَذَابًا أَلِيمًا ﴿١٣﴾

﴾13﴿ (കീഴ്പോട്ടിറങ്ങാതെ തൊണ്ടയിൽ) അടഞ്ഞു നിൽക്കുന്ന ഭക്ഷണവും, വേദനയേറിയ ശിക്ഷയും ഉണ്ട്.

يَوْمَ تَرْجُفُ ٱلْأَرْضُ وَٱلْجِبَالُ وَكَانَتِ ٱلْجِبَالُ كَثِيبًا مَّهِيلًا ﴿١٤﴾

﴾14﴿ ഭൂമിയും, പർവ്വതങ്ങളും വിറകൊള്ളുകയും പർവ്വതങ്ങൾ അലിഞ്ഞൊഴുകുന്ന മണൽകുന്ന് (പോലെ) ആകുകയും ചെയ്യുന്ന ദിവസം! [അന്നായിരിക്കും അത്.]

﴾12﴿ إِنَّ لَدَيْنَآ നിശ്ചയമായും നമ്മുടെ അടുക്കലുണ്ട് أَنكَالًا കനത്ത വിലങ്ങുകൾ, ഭാരിച്ച ചങ്ങലകൾ وَجَحِيمًا ജ്വലിക്കുന്ന അഗ്നിയും ﴾13﴿ وَطَعَامًا ഭക്ഷണവും ذَا غُصَّةٍ തൊണ്ടയിൽ കെട്ടുന്നതായ, അടഞ്ഞുനിൽക്കുന്ന وَعَذَابًا ശിക്ഷയും أَلِيمًا വേദനയേറിയ ﴾14﴿ يَوْمَ تَرْجُفُ വിറകൊള്ളുന്ന (കിടുത്തുപോകുന്ന) ദിവസം ٱلْأَرْضُ ഭൂമി وَٱلْجِبَالُ പർവ്വതങ്ങളും, മലകളും وَكَانَتِ ٱلْجِبَالُ പർവ്വതങ്ങൾ ആകുകയും كَثِيبًا മണൽക്കുന്ന് (പോലെ) مَّهِيلًا അലിഞ്ഞു ഒഴുകുന്ന, ഉതിർന്നൊലിക്കുന്ന

ക്വിയാമത്ത്നാളിലെ സംഭവവികാസങ്ങളെയും ശിക്ഷകളെയുമാണ് ഈ വചനങ്ങളിൽ ചൂണ്ടിക്കാട്ടുന്നത്. 'സക്കൂം', 'ളരീഉ്'(زقوم ، ضريع) മുതലായ നരകീയ ഭക്ഷ്യവിഭവങ്ങളെ ഉദ്ദേശിച്ചാണ് തൊണ്ടയിൽ അടഞ്ഞുനിൽക്കുന്ന ഭക്ഷണം എന്ന് പറഞ്ഞിരിക്കുന്നത്. ഒന്നാമത്തെതിനെപ്പറ്റി സൂ: ദുഖാൻ 43 ലും, രണ്ടാമത്തേതിനെപ്പറ്റി സൂ: ഗാശിയഃ (الغاشية) 6 ലും പ്രസ്താവിച്ചിരിക്കുന്നത് കാണാം.

إِنَّآ أَرۡسَلۡنَآ إِلَيۡكُمۡ رَسُولٗا شَٰهِدًا عَلَيۡكُمۡ كَمَآ أَرۡسَلۡنَآ إِلَىٰ فِرۡعَوۡنَ رَسُولٗا ﴿١٥﴾

﴿15﴾ (ജനങ്ങളേ) നിശ്ചയമായും നാം നിങ്ങളുടെ മേൽ സാക്ഷിയായ ഒരു റസൂലിനെ നിങ്ങളിലേക്ക് അയച്ചിരിക്കുന്നു; ഫിർഔന്റെ അടുക്കലേക്ക് ഒരു റസൂലിനെ നാം അയച്ചത്പോലെ (ത്തന്നെ).

فَعَصَىٰ فِرۡعَوۡنُ ٱلرَّسُولَ فَأَخَذۡنَٰهُ أَخۡذٗا وَبِيلٗا ﴿١٦﴾

﴿16﴾ എന്നിട്ട് ഫിർഔൻ (ആ) റസൂലിനോട് അനുസരണക്കേട് കാണിച്ചു. അപ്പോൾ, നാം അവനെ കടുത്തതായ ഒരു പിടുത്തം പിടിച്ചു (ശിക്ഷിച്ചു).

﴿15﴾ إِنَّآ أَرۡسَلۡنَآ നിശ്ചയമായും നാം അയച്ചിരിക്കുന്നു إِلَيۡكُمۡ നിങ്ങളിലേക്ക് رَسُولٗا ഒരു റസൂലിനെ, ദൂതനെ شَٰهِدًا عَلَيۡكُمۡ നിങ്ങളുടെമേൽ സാക്ഷിയായ كَمَآ أَرۡسَلۡنَآ നാം അയച്ചതുപോലെ إِلَىٰ فِرۡعَوۡنَ ഫിർഔന്റെ അടുക്കലേക്ക് رَسُولا ഒരു റസൂലിനെ ﴿16﴾ فَعَصَىٰ എന്നിട്ട് അനുസരണക്കേട് ചെയ്തു, എതിര് പ്രവർത്തിച്ചു فِرۡعَوۡنُ ഫിർഔൻ ٱلرَّسُولَ റസൂലിനോട് فَأَخَذۡنَٰهُ അപ്പോൾ നാമവനെ പിടിച്ചു أَخۡذٗا ഒരു പിടുത്തം وَبِيلٗا കടുത്ത, ശക്തമായ

ഏതുനിലക്കും നിങ്ങളെക്കാൾ വമ്പിച്ച ശക്തിയും, യോഗ്യതയും, സ്വാധീനവുമെല്ലാം ഉണ്ടായിരുന്ന ഫിർഔനും അവന്റെ ആൾക്കാരും റസൂലിനെ അനുസരിക്കായ്ക നിമിത്തം അനുഭവിക്കേണ്ടിവന്ന ഭയങ്കര ശിക്ഷയെക്കുറിച്ച് നിങ്ങൾക്കറിവുണ്ടല്ലോ. അപ്പോൾ, ഇഹത്തിൽവെച്ചുതന്നെ നിങ്ങളെ ശിക്ഷിക്കുവാൻ അല്ലാഹുവിന് ഒരു പ്രയാസവുമില്ലെന്ന് നിങ്ങൾക്ക് മനസ്സിലാക്കാം എന്ന് താൽപര്യം. എനി, ഐഹികശിക്ഷയിൽനിന്ന് നിങ്ങൾക്ക് ഒഴിവുകിട്ടിയാൽതന്നെ, കിയാമത്ത്നാളിൽ പരലോക ശിക്ഷയിൽനിന്ന് നിങ്ങൾക്ക് എങ്ങനെ മോചനം ലഭിക്കുവാനാണ് എന്ന് അടുത്ത വചനത്തിൽ അല്ലാഹു അവരോട് ചോദിക്കുന്നു.

فَكَيۡفَ تَتَّقُونَ إِن كَفَرۡتُمۡ يَوۡمٗا يَجۡعَلُ ٱلۡوِلۡدَٰنَ شِيبًا ﴿١٧﴾

﴿17﴾ എന്നാൽ, നിങ്ങൾ അവിശ്വസിക്കുകയാണെങ്കിൽ, കുട്ടികളെ നരച്ചവരാക്കുന്ന ഒരു (ഭയങ്കര) ദിവസത്തെ നിങ്ങൾ എങ്ങനെയാണ് സൂക്ഷിക്കുക?!

ٱلسَّمَآءُ مُنفَطِرٌۢ بِهِۦ ۚ كَانَ وَعْدُهُۥ مَفْعُولًا ﴿١٨﴾

﴿18﴾ ആകാശം അതുമൂലം പൊട്ടിപ്പിളർന്നതായിരിക്കും. അവന്റെ [അല്ലാഹുവിന്റെ] വാഗ്ദത്തം പ്രവർത്തനത്തിൽ വരുത്തപ്പെടുന്നതാകുന്നു.

إِنَّ هَٰذِهِۦ تَذْكِرَةٌ ۖ فَمَن شَآءَ ٱتَّخَذَ إِلَىٰ رَبِّهِۦ سَبِيلًا ﴿١٩﴾

﴿19﴾ നിശ്ചയമായും, ഇത് ഒരു (മഹത്തായ) ഉപദേശമാണ്. ആകയാൽ, ആർ (വേണമെന്ന്) ഉദ്ദേശിക്കുന്നുവോ അവൻതന്റെ റബ്ബിങ്കലേക്ക് ഒരുമാർഗം ഏർപ്പെടുത്തിക്കൊള്ളട്ടെ!

﴿17﴾ فَكَيْفَ എന്നാൽ എങ്ങനെയാണ് تَتَّقُونَ നിങ്ങൾ സൂക്ഷിക്കുക إِن كَفَرْتُمْ നിങ്ങൾ അവിശ്വസിക്കയാണെങ്കിൽ يَوْمًا ഒരു ദിവസത്തെ يَجْعَلُ ആക്കുന്ന ٱلْوِلْدَٰنَ കുട്ടികളെ شِيبًا നരച്ചവർ ﴿18﴾ ٱلسَّمَآءُ ആകാശം مُنفَطِرٌۢ بِهِۦ അത്മൂലം പൊട്ടിപ്പിളർന്നതായിരിക്കും كَانَ وَعْدُهُۥ അവന്റെ വാഗ്ദത്തമാകുന്നു مَفْعُولًا പ്രവർത്തിക്കപ്പെടുന്നത് (പ്രയോഗത്തിൽ വരുത്തപ്പെടുന്നത്) ﴿19﴾ إِنَّ هَٰذِهِۦ നിശ്ചയമായും ഇത് تَذْكِرَةٌ ഒരു ഉപദേശ (ഉൽബോധന)മാണ് فَمَن شَآءَ അപ്പോൾ (എന്നാൽ) ആർ ഉദ്ദേശിക്കുന്നുവോ, വേണമെന്നുവെച്ചവൻ ٱتَّخَذَ ഉണ്ടാക്കണം, ഏർപ്പെടുത്തട്ടെ, ആക്കട്ടെ إِلَىٰ رَبِّهِۦ തന്റെ റബ്ബിങ്കലേക്ക് سَبِيلًا മാർഗം, വല്ല വഴിയും

അല്ലാഹുവിൽ നിന്നുള്ള ശിക്ഷ ഒഴിവായിക്കിട്ടുവാനും, അവന്റെ പ്രീതിയും അനുഗ്രഹവും ലഭിക്കുവാനും ഉദ്ദേശിക്കുന്നവർ അതിനുള്ള മാർഗം- അതെ, സത്യവിശ്വാസവും സൽക്കർമവും -സ്വീകരിച്ചുകൊണ്ട് അവനെ അനുസരിച്ചു ജീവിക്കേണ്ടതാണ് എന്ന് സാരം. സൂറത്തിന്റെ ആരംഭത്തിൽ രാത്രിയുടെ പകുതി സമയമോ, അല്ലെങ്കിൽ അൽപം ഏറിയോ കുറഞ്ഞോ നമസ്കരിക്കുവാൻ കൽപിക്കുകയുണ്ടായല്ലോ. കുറേകാലത്തോളം നബിﷺയും സത്യവിശ്വാസികളും ആ കൽപനയനുസരിച്ച് നമസ്കാര കർമം നിർവഹിക്കുകയും ചെയ്തു വന്നു. അതിന് ശേഷം അടുത്ത ആയത്ത് മുഖേന ആ കൽപനയിൽ അല്ലാഹു ഇളവ് നൽകിയിരിക്കയാണ്. ഇളവ് നൽകുവാനുള്ള കാരണങ്ങളും ആ സുദീർഘമായ വചനത്തിൽ തന്നെ കാണാം.

വിഭാഗം- 2

إِنَّ رَبَّكَ يَعْلَمُ أَنَّكَ تَقُومُ أَدْنَىٰ مِن ثُلُثَيِ ٱلَّيْلِ وَنِصْفَهُۥ وَثُلُثَهُۥ

﴿20﴾ നിശ്ചയമായും, നിന്റെ റബ്ബ് അറിയുന്നു: രാത്രിയുടെ ഏതാണ്ട് മൂന്നിൽ രണ്ടുഭാഗവും, പകുതിയും മൂന്നിലൊന്നും (സമയം) നീയും,

وَطَآئِفَةٌ مِّنَ ٱلَّذِينَ مَعَكَ ۚ

നിന്റെ കൂടെയുള്ളവരിൽ ഒരു വിഭാഗവും എഴുന്നേറ്റ് (നമസ്കരിച്ചു) വരുന്നുണ്ടെന്ന്.

وَٱللَّهُ يُقَدِّرُ ٱلَّيْلَ وَٱلنَّهَارَ ۚ عَلِمَ أَن لَّن تُحْصُوهُ فَتَابَ عَلَيْكُمْ ۖ فَٱقْرَءُوا۟ مَا تَيَسَّرَ مِنَ ٱلْقُرْءَانِ ۚ

അല്ലാഹുവത്രെ, രാത്രിയെയും, പകലിനെയും കണക്കാക്കിക്കൊണ്ടിരിക്കുന്നത്. നിങ്ങൾക്ക് അത് (തിട്ടമായി) ക്ലിപ്തപ്പെടുത്താവതല്ല എന്ന് അവന്നറിയാം. ആകയാൽ, അവൻ നിങ്ങളുടെ പേരിൽ (ഇളവുനൽകി) മടക്കം സ്വീകരിച്ചിരിക്കുന്നു. എനി, നിങ്ങൾ ക്വുർആനിൽനിന്നും സൗകര്യപ്പെട്ടത് ഓതി (നമസ്കരിച്ചു) കൊള്ളുവിൻ.

عَلِمَ أَن سَيَكُونُ مِنكُم مَّرْضَىٰ

അവന്നറിയാം, നിങ്ങളിൽ രോഗികൾ ഉണ്ടായേക്കുന്നതാണെന്ന്;

وَءَاخَرُونَ يَضْرِبُونَ فِى ٱلْأَرْضِ يَبْتَغُونَ مِن فَضْلِ ٱللَّهِ ۙ وَءَاخَرُونَ يُقَٰتِلُونَ فِى سَبِيلِ ٱللَّهِ

വേറെ ചിലർ അല്ലാഹുവിന്റെ അനുഗ്രഹത്തിൽനിന്ന് അന്വേഷിച്ചുകൊണ്ട് ഭൂമിയിൽ സഞ്ചരിക്കുമെന്നും, വേറെ ചിലർ അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധത്തിലേർപ്പെടുകയും ചെയ്യുമെന്നും (അറിയാം),

فَٱقْرَءُوا۟ مَا تَيَسَّرَ مِنْهُ ۚ وَأَقِيمُوا۟ ٱلصَّلَوٰةَ وَءَاتُوا۟ ٱلزَّكَوٰةَ وَأَقْرِضُوا۟ ٱللَّهَ قَرْضًا حَسَنًا

അതിനാൽ, നിങ്ങൾ അതിൽ ക്വുർആനിൽ നിന്ന് സൗകര്യപ്പെട്ടത് ഓതി (നമസ്കരിച്ചു) കൊള്ളുക. നമസ്കാരം നിലനിറുത്തുകയും, സക്കാത്തുകൊടുക്കുകയും അല്ലാഹുവിന്ന് നല്ല കടം കൊടുക്കുകയും ചെയ്യുവിൻ.

وَمَا تُقَدِّمُوا۟ لِأَنفُسِكُم مِّنْ خَيْرٍ تَجِدُوهُ عِندَ ٱللَّهِ هُوَ خَيْرًا وَأَعْظَمَ أَجْرًا ۚ وَٱسْتَغْفِرُوا۟ ٱللَّهَ ۖ إِنَّ ٱللَّهَ غَفُورٌ رَّحِيمٌ ﴿٢٠﴾

നിങ്ങൾ നിങ്ങൾക്ക് തന്നെ വേണ്ടി വല്ല നന്മയും മുൻകൂട്ടി ചെയ്തുവെക്കുന്നതായാൽ, അത് കൂടുതൽ ഗുണകരമായതും, വളരെ മഹത്തായ പ്രതിഫലമുള്ളതായും അല്ലാഹുവിന്റെ അടുക്കൽ നിങ്ങൾ അതിനെ കണ്ടെത്തുന്നതാണ്.

നിങ്ങൾ അല്ലാഹുവിനോട് പാപ മോചനം തേടുകയും ചെയ്യുവിൻ. നിശ്ചയമായും, അല്ലാഹു വളരെ പൊറുക്കുന്നവനും, കരുണാനിധിയുമാകുന്നു.

﴾20﴿ إِنَّ رَبَّكَ നിശ്ചയമായും നിന്റെ റബ്ബ് يَعْلَمُ അറിയും, അറിയുന്നു أَنَّكَ تَقُومُ നീ എഴുന്നേൽക്കുന്നു (നമസ്കരിക്കുന്നു) എന്ന് أَدْنَىٰ അടുത്തത് (ഏതാണ്ട്) مِن ثُلُثَيِ മൂന്നിൽ രണ്ടംശത്തോട് ٱلَّيْلِ രാത്രിയുടെ وَنِصْفَهُ അതിന്റെ പകുതിയും وَثُلُثَهُ അതിന്റെ മൂന്നിലൊന്നും وَطَآئِفَةٌ ഒരു വിഭാഗവും, കൂട്ടരും مِّنَ ٱلَّذِينَ യാതൊരുവരിൽനിന്ന് مَعَكَ നിന്റെ കൂടെയുള്ള وَٱللَّهُ അല്ലാഹു, അല്ലാഹുവത്രെ يُقَدِّرُ കണക്കാക്കുന്നു, നിർണയിക്കുന്നത് ٱلَّيْلَ وَٱلنَّهَارَ രാവിനെയും പകലിനെയും عَلِمَ അവൻ അറിഞ്ഞിരിക്കുന്നു, അവന് അറിയാം أَن لَّن تُحْصُوهُ നിങ്ങളതിനെ ക്ലിപ്തമാക്കുക (തിട്ടപ്പെടുത്തുക- സൂക്ഷ്മമായറിയുക) ഇല്ലെന്ന് فَتَابَ ആകയാൽ അവൻ മടക്കം സ്വീകരിച്ചു عَلَيْكُمْ നിങ്ങളുടെ പേരിൽ فَٱقْرَءُوا۟ എനി (അതിനാൽ) നിങ്ങൾ ഓതുവിൻ, പാരായണം ചെയ്വിൻ مَا تَيَسَّرَ സൗകര്യപ്പെട്ടത്, എളുപ്പമായത് مِنَ ٱلْقُرْءَانِ ക്വുർആനിൽനിന്ന് عَلِمَ അവന്നറിയാം أَن سَيَكُونُ ആയിത്തീരും (വഴിയെ ഉണ്ടാകും) എന്ന് مِنكُم നിങ്ങളിൽ (നിന്ന്) مَّرْضَىٰ രോഗികൾ وَءَاخَرُونَ വേറെ ചിലർ, മറ്റ് ചിലർ يَضْرِبُونَ അവർ സഞ്ചരിക്കും فِى ٱلْأَرْضِ ഭൂമിയിൽ يَبْتَغُونَ അന്വേഷിച്ചു (തേടി)ക്കൊണ്ട് مِن فَضْلِ ٱللَّهِ അല്ലാഹുവിന്റെ ദയവിൽ (അനുഗ്രഹത്തിൽ) നിന്ന് وَءَاخَرُونَ വേറെ ചിലർ يُقَٰتِلُونَ യുദ്ധവും ചെയ്യും فِى سَبِيلِ ٱللَّهِ അല്ലാഹുവിന്റെ മാർഗത്തിൽ فَٱقْرَءُوا۟ അതിനാൽ നിങ്ങൾ ഓതുവിൻ مَا تَيَسَّرَ സൗകര്യമായത് مِنْهُ അതിൽനിന്ന് وَأَقِيمُوا۟ നിങ്ങൾ നിലനിറുത്തുകയും ചെയ്യുവിൻ ٱلصَّلَوٰةَ നമസ്കാരം وَءَاتُوا۟ ٱلزَّكَوٰةَ സക്കാത്ത് കൊടുക്കുകയും ചെയ്യുക وَأَقْرِضُوا۟ ٱللَّهَ നിങ്ങൾ അല്ലാഹുവിന് കടം കൊടുക്കുകയും ചെയ്യുവീൻ قَرْضًا കടം, ഒരു കടം حَسَنًا നല്ലതായ وَمَا تُقَدِّمُوا۟ നിങ്ങൾ മുൻകൂട്ടി ചെയ്തു

വെക്കുന്നത്, എന്ത് മുന്തിച്ചാലും لِأَنفُسِكُم നിങ്ങൾക്ക് തന്നെവേണ്ടി مِّنْ خَيْرٍ നല്ലതായിട്ട്, ഉത്തമമായതിൽനിന്ന്, വല്ല നന്മയും تَجِدُوهُ നിങ്ങളത് കണ്ടെത്തും, നിങ്ങൾക്ക് കിട്ടും عِندَ ٱللَّهِ അല്ലാഹുവിങ്കൽ هُوَ അത് (തന്നെ) خَيْرًا ഗുണമായിട്ട്, ഉത്തമമായ നിലക്ക് وَأَعْظَمَ ഏറ്റം (വളരെ) മഹത്തായതായും أَجْرًا പ്രതിഫലം وَٱسْتَغْفِرُوا۟ നിങ്ങൾ പാപമോചനം തേടുകയും ചെയ്യുവിൻ ٱللَّهَ അല്ലാഹുവോട് إِنَّ ٱللَّهَ നിശ്ചയമായും അല്ലാഹു غَفُورٌ വളരെ പൊറുക്കുന്നവനാണ് رَّحِيمٌ കരുണാനിധിയാണ്

റസൂൽ തിരുമേനിﷺയുടെ (രാത്രി) നമസ്കാരത്തെക്കുറിച്ച് തനിക്ക് പറഞ്ഞുതരണമെന്ന് സഅ്ദുബ്നുഹിശാം (റ) ആഇശഃ (റ)യോട് ആവശ്യപ്പെട്ടപ്പോൾ ആഇശഃ (റ) അദ്ദേഹത്തോട് ചോദിച്ചു: 'താൻ ഈ സൂറത്ത് സൂഃ മുസമ്മിൽ- ഓതാറില്ലേ?!' അദ്ദേഹം മറുപടി പറഞ്ഞു: 'ഇല്ലാതേ!' അപ്പോൾ ആഇശഃ (റ) പറഞ്ഞു: 'എന്നാൽ, ഈ സൂറത്തിന്റെ ആദ്യത്തിൽ അല്ലാഹു രാത്രി നമസ്കാരം നിർബന്ധമാക്കി. അങ്ങനെ, റസൂൽ തിരുമേനിﷺയും സ്വഹാബികളും ഒരു കൊല്ലത്തോളം അവരുടെ പാദങ്ങളിൽ നീരുകെട്ടുമാറ് നമസ്കാരം നിർവ്വഹിച്ചുവന്നു. പന്ത്രണ്ട് മാസക്കാലം ഈ സൂറത്തിന്റെ അവസാനഭാഗം അല്ലാഹു ആകാശത്ത് സൂക്ഷിച്ചുവെച്ചു. (അവതരിപ്പിച്ചില്ല.) പിന്നീട് സൂറത്തിന്റെ അവസാനത്തിൽ ലഘൂകരണം അവതരിപ്പിച്ചു. അങ്ങനെ, രാത്രി നമസ്കാരം നിർബന്ധമായിരുന്നതിനുശേഷം അത് ഐച്ഛികകർമം (نافلة) ആയിത്തീർന്നു.'(അ; മു; ദാ; ന.)

ഒരു കൊല്ലക്കാലമായിരുന്നു നബിﷺയും സ്വഹാബികളും രാത്രി നമസ്കാരം നിർബന്ധകർമമായി ആചരിച്ചുവന്നത് എന്നാണല്ലോ ഈ ഹദീഥിൽ ആഇശാഃ (റ) പ്രസ്താവിച്ചിരിക്കുന്നത്. വേറെ ചില സ്വഹാബികളിൽ നിന്ന് നിവേദനം ചെയ്യപ്പെട്ട ഹദീഥുകളിൽ കൂടുതൽ കൊല്ലങ്ങളോളം അത് നിർബന്ധമായിരുന്നുവെന്നും വന്നിരിക്കുന്നു. അതിനാൽ, രാത്രി നമസ്കാരത്തിന്റെ നിർബന്ധ നിയമം എത്രകാലം നിലനിൽക്കുകയുണ്ടായെന്ന് തീർത്തുപറയുവാൻ നമുക്ക് പ്രയാസമുണ്ട്. സൂറത്തിന്റെ ആദ്യഭാഗം അവതരിച്ച കാലത്ത് ഒരുപക്ഷേ, ആഇശാ (റ) ജനിച്ചിരുന്നുവോ എന്ന്പോലും സംശയിക്കേണ്ടിയിരിക്കുന്നു. അല്ലാഹുവിനറിയാം. ഏതായാലും, ഈ ആയത്തിൽനിന്ന് നമുക്ക് താഴെ കാണുന്ന സംഗതികൾ മനസ്സിലാക്കാവുന്നതാണ്:-

ഇസ്ലാമിന്റെ ആരംഭത്തിൽ -ഈ സൂറത്തിലെ ആദ്യഭാഗങ്ങളിൽ കാണുന്നത്പോലെ- രാത്രി നമസ്കാരം മുസ്ലിംകൾക്ക് നിർബന്ധമായിരുന്നു. നബിﷺയും സ്വഹാബികളും കുറേക്കാലം ഒരു നിർബന്ധകടമയെന്ന നിലക്ക് അത് ആചരിച്ചുവന്നശേഷമാണ് ഈ വചനം മുഖേന പ്രസ്തുത നിർബന്ധം ഇളവ് ചെയ്യപ്പെട്ടത്. ചിലപ്പോൾ രാത്രി ഏതാണ്ട് മൂന്നിൽ രണ്ട് ഭാഗവും, ചിലപ്പോൾ പകുതിയും, മറ്റ് ചിലപ്പോൾ മൂന്നിലൊരു ഭാഗവും അവർ നമസ്കരിച്ചിരുന്നു.

സമയം ക്ലിപ്തമായി അറിയത്തക്ക ഘടികാരം മുതലായ ഉപകരണങ്ങളില്ലാത്ത കാലത്ത് സമയം കൃത്യമായി കണക്കാക്കുവാൻ പ്രയാസമാണല്ലോ. മാത്രമല്ല, നിർബന്ധ കൽപന വന്നപ്പോൾതന്നെ രാത്രിയുടെ പകുതിയോ, അല്ലെങ്കിൽ കൂടുതലോ, അൽപം കുറച്ചോ സമയം എടുക്കാവുന്നതാണെന്ന് അല്ലാഹു വ്യക്തമാക്കിയിട്ടുമുണ്ട്. (2, 3, 4 വചനങ്ങൾ നോക്കുക.) ഏതായാലും ഇത്രയും സമയം രാത്രി ഉറക്കൊഴിച്ച്- കാലിൽ നീരുപോലും കെട്ടുമാറ്- ആ കൃത്യം നബിﷺയും സ്വഹാബികളും തെറ്റാതെ അനുഷ്ഠിച്ചുവരുന്നതും, അല്ലാഹുവിന്റെ കൽപന അനുസരിക്കുന്നതിൽ അവർക്കുള്ള താൽപര്യവും അല്ലാഹു കണ്ടറിയുന്നുണ്ട്; രാപ്പകലുകളുടെ ഏറ്റക്കുറവുകളും, ഓരോന്നിന്റെ കൃത്യ അളവുകളും, അവയിൽ എന്തെല്ലാം നടമാടിക്കൊണ്ടിരിക്കുന്നുവെന്ന സൂക്ഷ്മവിവരവും അല്ലാഹുവിങ്കലുണ്ട്; അവയുടെ നിയന്ത്രണം അവന്റെ പക്കലാണുള്ളത്; സൃഷ്ടികൾക്ക് അതൊന്നും ശരിക്കറിഞ്ഞുകൂടാ. എന്നൊക്കെ ചൂണ്ടിക്കാട്ടിക്കൊണ്ട് പ്രസ്തുത നിർബന്ധത്തെ (وجوب) നിങ്ങളുടെ പേരിൽ അവൻ മടക്കം സ്വീകരിച്ചിരിക്കുന്നു (فتاب عليكم) എന്ന വാക്യം മുഖേന അല്ലാഹു ഇളവ് ചെയ്തിരിക്കുന്നു.

എനി മേലിൽ, രാത്രി നമസ്കാരം അത്ര കർശനമായി ആചരിക്കേണ്ടതില്ല. ഓരോരുത്തന്റെയും കഴിവും സൗകര്യവുമനുസരിച്ച് അനുഷ്ഠിച്ചാൽ മതിയാകും എന്നത്രെ 'ക്വുർആനിൽനിന്നും സൗകര്യമായത് ഓതിക്കൊള്ളുക (فاقرأوا ما تيسر من القرآن)' എന്ന വാക്യത്തിന്റെ താൽപര്യം. നമസ്കാരത്തിന്റെ ദൈർഘ്യം സ്ഥിതിചെയ്യുന്നത് പ്രധാനമായും അതിലെ ക്വുർആൻ പാരായണത്തിന്റെ തോതനുസരിച്ചായിരിക്കുമല്ലോ.

രാത്രി നമസ്കാരത്തിന്റെ നിർബന്ധത്തിലും, സമയദൈർഘ്യത്തിലും ഇളവ് നൽകുവാനുള്ള കാരണവും ഈ വചനത്തിൽ അല്ലാഹു വിവരിച്ചിരിക്കുന്നു. ചിലർ രോഗബാധിതരായിരിക്കാം;മറ്റുചിലർ ഉപജീവനമാർഗം അന്വേഷിച്ചും മറ്റും യാത്രകളിൽ ഏർപ്പെട്ടേക്കാം; വേറെ ചിലർ അല്ലാഹുവിന്റെ മാർഗത്തിലുള്ള ധർമയുദ്ധത്തിൽ ഏർപ്പെട്ടേക്കാം; ഇങ്ങനെ പല അസൗകര്യങ്ങളും സത്യവിശ്വാസികൾക്ക് പലപ്പോഴും ഉണ്ടാകാവുന്നതാണ്. ഇങ്ങനെയുള്ള കാരണത്താലാണ് സൗകര്യമനുസരിച്ച് നിർവ്വഹിച്ചാൽ മതിയെന്ന് കൽപിച്ചിരിക്കുന്നത്. ഈ വചനം അവതരിക്കുന്ന കാലത്ത് ഇസ്ലാമിൽ യുദ്ധം നടപ്പാക്കപ്പെട്ടിട്ടില്ല. മക്കീസൂറത്തുകളിൽപെട്ടതാണല്ലോ ഈ അദ്ധ്യായം. അപ്പോൾ, വരാനിരിക്കുന്ന മുടക്കുകളെ നേരത്തെത്തന്നെ പരിഗണിച്ചിരിക്കുന്നത് അല്ലാഹുവിന്റെ മഹത്തായ കാരുണ്യത്തെയും അനുഗ്രഹത്തെയുമാണ് കുറിക്കുന്നത്. നബിﷺയെ സംബന്ധിച്ചിടത്തോളം ഇതൊരു പ്രവചനം കൂടിയായിരിക്കും. കൂടാതെ, കച്ചവടം, കൃഷി മുതലായ ഉപജീവനമാർഗങ്ങൾക്ക്വേണ്ടി യാത്ര ചെയ്യുന്നത് അല്ലാഹുവിന്റെ അടുക്കൽ തൃപ്തിപ്പെട്ട കാര്യമാണെന്നുകൂടി ഈ വചനത്തിൽനിന്ന് മനസ്സിലാക്കാവുന്നതാകുന്നു.

فاقرأوا ما تيسر منه (ക്വുർആനിൽനിന്നും സൗകര്യമായത് ഓതിക്കൊള്ളുവിൻ) അഥവാ സൗകര്യപ്പെട്ടേടത്തോളം നമസ്കരിക്കുക എന്ന് ആവർത്തിച്ചു പറഞ്ഞിരിക്കുന്നത് ശ്രദ്ധേയമാകുന്നു. നിർബന്ധമില്ലെങ്കിലും നിങ്ങളുടെ ഗുണത്തിനുവേണ്ടിത്തന്നെ നിങ്ങളത് കഴിവതും അനുഷ്ഠിക്കേണ്ടതുണ്ടെന്നാണത് കാണിക്കുന്നത്. രാത്രി നമസ്കാരത്തെപ്പറ്റി പല ക്വുർആൻ വചനങ്ങളിലും നബിവചനങ്ങളിലും ഊന്നിപ്പറഞ്ഞിരിക്കുന്നത് പ്രസിദ്ധമാണല്ലോ. ഈ ആയത്തിന്റെ അവസാനത്തിൽ, ഓരോരുത്തനും അവനവന്റെ ഭാവി നന്മക്കുവേണ്ടി സൽക്കർമങ്ങൾ സമ്പാദിക്കേണ്ടതുണ്ടെന്ന് എടുത്തുപറഞ്ഞിരിക്കുന്നതും സ്മരണീയമാകുന്നു.

നമസ്കാരത്തിൽ സൂറത്തുൽ ഫാത്തിഹഃ ഓതൽ നിർബന്ധമില്ലെന്നും, സൗകര്യപ്പെടുന്ന മറ്റേതെങ്കിലും ക്വുർആൻ വചനങ്ങൾ മാത്രം ഓതിയാലും മതിയാകുമെന്നും ഈ വാക്യത്തെ ആസ്പദമാക്കി ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ട്. പക്ഷേ, സൂ: ഫാത്തിഹഃ നിർഹബന്ധമാണെന്നുള്ളതിന് തെളിവ് നബിﷺയുടെ ഹദീഥാകുന്നു. തിരുമേനിﷺ ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു: لا صلاة لمن لا يقرأ بفاتحة الكتاب – متفق عليه (ഫാത്തിഹത്തുൽ കിത്താബിനെ- വേദഗ്രന്ഥത്തിലെ പ്രാരംഭ അദ്ധ്യായത്തെ- ഓതാത്തവന് നമസ്കാരമില്ല. (ബു; മു.) സൂ: ഫാത്തിഹഃ ക്കുപുറമെ വേറെയും സൂറത്തുകൾ നമസ്കാരത്തിൽ ഓതുക തിരുമേനിയുടെ പതിവായിരുന്നുവെന്ന് ഹദീഥുകളിൽ വന്നിട്ടുള്ളതും പൊതുവിൽ അറിയപ്പെട്ടതാണ്.

രാത്രി നമസ്കാരത്തെക്കുറിച്ച് പ്രസ്താവിച്ചശേഷം, നമസ്കാരത്തെ നിലനിറുത്തണമെന്നും, സക്കാത്ത് കൊടുക്കണമെന്നും (أقيموا الصلاة و آتوا الزكاة) പറഞ്ഞിരിക്കുന്നത് അഞ്ചുനേരത്തെ നിർബന്ധ നമസ്കാരങ്ങളെയും, നിർബന്ധ ധർമത്തെയും ഉദ്ദേശിച്ചാകുന്നു. നബി തിരുമേനിﷺയുടെ രാവുയാത്രയും വാനയാത്രയും ('ഇസ്റാഉം', 'മിഅ്റാജും') ഉണ്ടായ രാത്രിയിലാണ് അഞ്ചുനേരത്തെ നമസ്കാരം നിയമിക്കപ്പെട്ടത്. ഇത് തിരുമേനി മക്കഃയിൽ താമസിച്ചിരുന്ന കാലത്താണ്. എന്നാൽ സക്കാത്താകട്ടെ, മദീനഃയിൽവെച്ചാണ് നിയമിക്കപ്പെട്ടിരിക്കുന്നത്. അതുകൊണ്ട് ഇവിടെ 'സക്കാത്ത്' കൊടുക്കുവാൻ കൽപിച്ചതിനെപ്പറ്റി വ്യത്യസ്തമായ അഭിപ്രായങ്ങൾ കാണാം.

(1) ചെറിയ പെരുന്നാൾ ദിവസം നൽകേണ്ടുന്ന ഫിത്ർ സക്കാത്താണ് ഇവിടെ ഉദ്ദേശ്യം.

(2) നിലവിലുള്ള സക്കാത്ത്നിയമം നടപ്പാക്കുന്നതിനുമുമ്പ് മറ്റ് ചില തരം ധർമങ്ങൾ നിർബന്ധമുണ്ടായിരുന്നു. അതാണുദ്ദേശ്യം.

(3) സക്കാത്തിന്റെ നിർബന്ധം മക്കഃയിൽവെച്ചുതന്നെ അവതരിച്ചിരിക്കുന്നു. പക്ഷേ, അതിന്റെ വിശദ സ്വഭാവം മദീനഃയിൽവെച്ചാണ് നിയമിക്കപ്പെട്ടത്.

(4) നിലവിലുള്ള സക്കാത്ത്തന്നെയാണ് ഉദ്ദേശ്യം. (ഈ ആയത്തിന്റെ അവതരണം ഉണ്ടായത് മക്കഃയിൽവെച്ചല്ല, മദീനഃയിൽവെച്ചാണെന്ന അഭിപ്രായത്തെ ആസ്പദമാക്കിയാണ് ഇപ്പറഞ്ഞത്.)

ഒരു പക്ഷ- യുദ്ധത്തെക്കുറിച്ച് പറഞ്ഞത്പോലെ- ഭാവിയിൽ നടപ്പിലാക്കാൻ പോകുന്ന സക്കാത്തിനെപ്പറ്റി നേരത്തെത്തന്നെ ഓർമിപ്പിച്ചതായിരിക്കുവാനും സാധ്യതയുണ്ട്. الله اعلم ഏതായാലും, നിർബന്ധമായ നമസ്കാരത്തെയും നിർബന്ധമായ സക്കാത്തിനെയും കുറിച്ചാണ് ഇവിടെ പ്രസ്താവിച്ചിരിക്കുന്നതെന്ന് വ്യക്തമാകുന്നു. കാരണം, തുടർന്നുള്ള വാക്യത്തിൽ 'അല്ലാഹുവിന് നല്ലതായ കടം കൊടുക്കുകയും ചെയ്യുവിൻ' وأقرضوا الله قرضا حسنا എന്ന് പറഞ്ഞുവല്ലോ. ഇത് ഏതെങ്കിലും ഒരു നിശ്ചിത നിർബന്ധത്തെ ഉദ്ദേശിച്ചാവാൻ തരമില്ല. ഐച്ഛികമായ ദാനധർമങ്ങളെ ഉദ്ദേശിച്ചാകുവാനാണ് സാധ്യത. وأقرضوا الله (അല്ലാഹുവിന് കടംകൊടുക്കുക) എന്ന പ്രയോഗത്തെപ്പറ്റി സൂ: ഹദീദ് 11 ലും, സൂ: തഗാബുൻ 17 ലും വിവരിച്ചത് ഓർക്കുക.

നിങ്ങൾ നിങ്ങൾക്കുതന്നെ വേണ്ടി വല്ലനന്മയും മുൻകൂട്ടി ചെയ്തുവെച്ചാൽ അത് അല്ലാഹുവിന്റെ അടുക്കൽ കൂടുതൽ ഉത്തമമായും, വമ്പിച്ച പ്രതിഫലമുള്ളതായും നിങ്ങൾക്ക് കണ്ടെത്താം.(وما تقدموا لأنفسكم الخ)' എന്ന വാക്യം നമസ്കാരം, ധർമം തുടങ്ങിയ എല്ലാവിധ പുണ്യകർമങ്ങളെയും കുറിച്ചുള്ള പ്രോൽസാഹനമാകുന്നു. കേവലം ചെറുതെന്നോ, നിസ്സാരമെന്നോ കരുതി ഏതൊരു സൽകാര്യത്തെയും അവഗണിക്കരുതെന്നും, ഏതൊരു സൽക്കർമവും അല്ലാഹുപാഴാക്കുകയില്ലെന്നും, ഓരോന്നിനും പ്രതീക്ഷയിൽ കവിഞ്ഞ പ്രതിഫലം അവൻ നൽകുമെന്നും അല്ലാഹു അറിയിക്കുന്നു. നിർബന്ധ കടമകൾകൊണ്ട് മതിയാക്കാതെ ഐച്ഛികമായ സൽക്കർമങ്ങൾ കഴിവതും ജീവിതത്തിൽ സമ്പാദിച്ചുവെക്കുന്നത് ആവശ്യമാണ് എന്നുള്ള ഒരു ഉപദേശവും അതിലടങ്ങുന്നു. അവസാനമായി, എല്ലാവരും പാപമോചനം തേടിക്കൊണ്ടിരിക്കണമെന്ന് അല്ലാഹു ഉപദേശിക്കുന്നു. സൽക്കർമങ്ങളുടെ കൂട്ടത്തിൽ പാപമോചനം തേടലി (استغفار)നുള്ള പ്രത്യേക സ്ഥാനം ഇതിൽനിന്ന് മനസ്സിലാക്കാം. മനുഷ്യൻ എത്രതന്നെ പരിശുദ്ധനും സൽക്കർമിയും ആയിക്കൊള്ളട്ടെ, അവന്റെ പക്കൽ അറിഞ്ഞോ അറിയാതെയോ പല തെറ്റുകുറ്റങ്ങളും പോരായ്മകളും ഉണ്ടായിരിക്കും. ഒരു ഹദീഥിൽ നബിﷺ ഇപ്രകാരം പറയുന്നു: 'ആദമിന്റെ മക്കളെല്ലാം അബദ്ധം പിണയുന്നവരാണ്. അബദ്ധം പിണയുന്നവരിൽവെച്ച് ഉത്തമൻമാർ പശ്ചാത്തപിച്ചു മടങ്ങുന്നവരാകുന്നു.' (തി; ജ:) ആ നിലക്ക് താൻ ഒരു പാപം ചെയ്തതായി തോന്നാത്തവൻപോലും അല്ലാഹുവിനോട് പാപമോചനം തേടാതിരിക്കുവാൻ നിവൃത്തിയില്ല. മനുഷ്യരിൽവെച്ച് ഏറ്റവും ഉൽകൃഷ്ടനും പാപരഹിതനുമായ ദേഹം നബി തിരുമേനിﷺയാണല്ലോ. തിരുമേനിപോലും ദിനംപ്രതി എഴുപതോ നൂറോ പ്രാവശ്യം പാപമോചനം തേടിയിരുന്നുവെന്ന് ഹദീഥുകളിൽ വന്നിട്ടുള്ളത് പ്രസ്താവ്യമാണ്. പാപമോചനം തേടുന്നത് നിമിത്തം പാപങ്ങൾ

പൊറുത്തുകിട്ടുന്നതിന് പുറമെ, അല്ലാഹുവിന്റെ കാരുണ്യത്തിനും അനുഗ്രഹത്തിനും അത് കാരണമാണെന്ന്കൂടി ഉണർത്തിക്കൊണ്ടാണ് അല്ലാഹു അദ്ധ്യായം സമാപിപ്പിക്കുന്നത്. അതെ, إن الله غفور رحيم (നിശ്ചയമായും അല്ലാഹു വളരെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.)

ربنا اغفر لنا وارحمنا ولوالدينا ولذرياتنا وللمؤمنين وللمؤمنات

اللهم لك الحمد ولك المنة والفضل

سورة المدثر

74. സൂറത്തുൽ മുദ്ദഥിർ

മക്കഃയിൽ അവതരിച്ചത് - വചനങ്ങൾ 56 - വിഭാഗം (റുകൂഉ്) 2

നബി തിരുമേനിﷺക്ക് ഹിറാമലയിലെഗുഹയിൽവെച്ച് ഒന്നാമതായി ലഭിച്ച വഹ്‌യ് സൂറത്തുൽ 'അലകി' (اقرأ باسم ربك)ലെ ആദ്യവചനങ്ങൾ ആയിരുന്നു. അതിനുശേഷം കുറച്ചുകാലത്തേക്ക് വഹ്‌യ് ലഭിക്കാതിരിക്കുകയുണ്ടായി. അതു നിമിത്തം നബിﷺ വളരെ പരിഭ്രമത്തിലും വ്യസനത്തിലുമായി. പിന്നീട് ആദ്യമായി അവതരിപ്പിച്ച അദ്ധ്യായം ഈ (يآيها المدثر) അദ്ധ്യായമായിരുന്നുവെന്നാണ് ഭൂരി പക്ഷം ക്വുർആൻ വ്യാഖ്യാതാക്കളും സ്ഥിരപ്പെടുത്തിയിട്ടുള്ളത്. ഇമാം ബുഖാ രിയും മുസ്‌ലിമും (റ) അബൂസലമഃ (റ)യിൽ നിന്ന് നിവേദനം ചെയ്ത ഒരു ഹദീഥിൽ, ഒന്നാമത്തെ വഹ്‌യിനുശേഷം പിന്നീട് വഹ്‌യ് വരുവാൻ താമസിച്ച സംഭവം തിരുമേനി പറഞ്ഞുകേട്ടതായി ജാബിർ (റ) അദ്ദേഹത്തിന് വിവരിച്ചു കൊടുത്തിരിക്കുന്നു. അതിൽ നബിﷺ ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നത് കാണാം: 'അങ്ങനെ, ഞാൻ നടന്നുകൊണ്ടിരിക്കെ, ആകാശത്ത് നിന്നൊരു ശബ്ദം കേട്ടു. ഞാൻ ആകാശത്തിന്റെ നേർക്ക് കണ്ണുപൊക്കി. അപ്പോഴതാ, ഹിറാമല യിൽവെച്ച് എന്റെ അടുക്കൽ വന്നിരുന്ന ആ മലക്ക് ആകാശത്തിനും ഭൂമിക്കുമിട യിൽ ഒരു പീഠത്തിൻമേൽ ഇരിക്കുന്നു! ഞാൻ അത് നിമിത്തം പേടിച്ച് വിറച്ച് നിലത്തേക്ക് വീഴാറായി. അങ്ങനെ, വീട്ടുകാരുടെ അടുക്കൽവന്ന് 'വസ്ത്രമിട്ട് മൂടിത്തരുവിൻ, പുതച്ചുതരുവിൻ' (زملوني) എന്ന് പറഞ്ഞു: അവർ എനിക്ക് പുത ച്ചുതന്നു. ആ അവസരത്തിൽ يآيها المدثر മുതൽ فاهجر വരെയുള്ള വചനങ്ങൾ അവ തരിച്ചു. പിന്നീട് വഹ്‌യ് ചൂടുപിടിക്കുകയും തുടർന്നുകൊണ്ടിരിക്കയും ചെയ്തു. (متفق)'

ഹിറായിൽവെച്ച് എന്റെ അടുക്കൽവന്ന മലക്ക് എന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യം വ്യക്തമാണ്. ഒന്നാമത്തെ വഹ്‌യുംകൊണ്ട് ജിബ്‌രീൽ (അ) വന്നതും സൂ: അല കിലെ ആദ്യവചനങ്ങൾ അവതരിച്ചതും അവിടെവെച്ചാണല്ലോ. ഈ സംഭവത്തെ വിശദമായി വിവരിച്ചുകൊണ്ട് ആഇശാഃ (റ)യിൽനിന്ന് നിവേദനം ചെയ്യപ്പെട്ടി ട്ടുള്ള പ്രസിദ്ധമായ ഹദീഥ് സൂറത്തുൽ അലകിൽ നമുക്ക് ഉദ്ധരിക്കാം;إن شاء الله.

എന്നാൽ, ജാബിർ (റ) തന്നെ പ്രസ്താവിച്ചതായി വന്നിട്ടുള്ള വേറെ ഹദീഥിൽ നബിﷺക്ക് ഒന്നാമതായി അവതരിച്ച ക്വുർആൻ ഈ സൂറത്താണെന്ന് പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. വഹ്‌യ് വരാൻ താമസിച്ചതിനുശേഷം പിന്നീട് ആദ്യമായി അവതരിച്ച ക്വുർആൻ ഇതായിരുന്നുവെന്നത്രെ ആ പ്രസ്താവനക്ക് ഹദീഥ് പണ്ഡിതൻമാർ അർത്ഥം കൽപിക്കുന്നത്. ആകയാൽ, രണ്ട് ഹദീഥുകളും തമ്മിൽ വൈരുദ്ധ്യമില്ലെന്ന് മനസ്സിലാക്കാമല്ലോ. സൂ: അലക്വിലെ ആദ്യവചനങ്ങൾ നബിﷺയോട് വായിക്കുവാൻ കൽപിക്കുന്നവയാണ്. അതിന്റെ അവതരണത്തോടുകൂടി തിരുമേനിക്ക് 'നുബുവ്വത്ത്' (പ്രവാചകത്വം) സിദ്ധിച്ചു. ഇ ൗ സൂറത്തിലെ ആദ്യവാചകങ്ങളാകട്ടെ, തിരുമേനിയോട് എഴുന്നേറ്റുചെന്ന് ജനങ്ങൾക്ക് താക്കീത് നൽകുവാനാണ് കൽപിക്കുന്നത്. അഥവാ പ്രബോധനം ആരംഭിക്കുവാനുള്ള കല്പനയാണത്. ഇതോടുകൂടി തിരുമേനിക്ക് 'രിസാലത്തും' (ദിവ്യദൗത്യവും) ലഭിക്കുന്നു. ഈ സൂറത്തിന്റെയും, സൂ: മുസ്സമ്മിലിന്റെ അവതരണ സന്ദർഭത്തെയും, രണ്ടിന്റെയും ആരംഭത്തിൽ നബിﷺയെ സംബോധന ചെയ്ത വാക്കുകളെയും (المزمل എന്നും المدثر എന്നും) പരിഗണിക്കുമ്പോൾ രണ്ടും പരസ്പരം യോജിപ്പുള്ളതായി കാണാം. രണ്ടിൽ ഏതാണ് ആദ്യം അവതരിച്ചതെന്ന് തീർത്തുപറഞ്ഞുകൂടാ. എങ്കിലും ഉള്ളടക്കവും, മറ്റ് ചില വസ്തുതകളും വെച്ചുനോക്കുമ്പോൾ- ഇമാം അസ്ക്വലാനീ (റ) പ്രസ്താവിച്ചതുപോലെ- ഈ സൂറത്ത് അവതരിച്ചശേഷമായിരിക്കും സൂ: മുസ്സമ്മിൽ അവതരിച്ചത് എന്നാണ് മനസ്സിലാകുന്നത്. الله أعلم

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ

പരമകാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

يَٰٓأَيُّهَا ٱلْمُدَّثِّرُ ﴿١﴾

﴾1﴿ ഹേ, പുതച്ചുമൂടിയവനേ!

قُمْ فَأَنذِرْ ﴿٢﴾

﴾2﴿ എഴുന്നേൽക്കുക, എന്നിട്ട് (ജനങ്ങളെ) താക്കീത് ചെയ്യുക.

وَرَبَّكَ فَكَبِّرْ ﴿٣﴾

﴾3﴿ നിന്റെ റബ്ബിനെ നീ മഹത്വപ്പെടുത്തുക.

وَثِيَابَكَ فَطَهِّرْ ﴿٤﴾

﴾4﴿ നിന്റെ വസ്ത്രങ്ങളെ നീ ശുദ്ധിയാക്കുക.

وَٱلرُّجْزَ فَٱهْجُرْ ﴿٥﴾

﴾5﴿ ശിക്ഷ[ക്കുകാരണമായിത്തീരുന്നവ]യെ നീ വിട്ടുനിൽക്കുക.

﴾1﴿ يَٰٓأَيُّهَا ഹേ, ٱلْمُدَّثِّرُ പുതച്ചുമൂടിയവൻ ﴾2﴿ قُمْ എഴുന്നേൽക്കുക فَأَنذِرْ എന്നിട്ട് താക്കീത് ചെയ്യുക, മുന്നറിയിപ്പ് നൽകുക ﴾3﴿ وَرَبَّكَ നിന്റെ റബ്ബിനെ فَكَبِّرْ മഹത്വപ്പെടുത്തുക, തക്ബീർ നടത്തുക ﴾4﴿ وَثِيَابَكَ നിന്റെ വസ്ത്രങ്ങളെ فَطَهِّرْ ശുദ്ധമാക്കുക ﴾5﴿ وَٱلرُّجْزَ ശിക്ഷയെ (പാപങ്ങളെ), മ്ലേച്ഛതയെ (വിഗ്രഹങ്ങളെ) فَٱهْجُرْ നീ വെടിയുക, പുറംതള്ളുക

المدثر (പുതച്ചുമൂടിയവൻ) എന്ന് സംബോധന ചെയ്തത് നബിﷺയെ ത്തന്നെ. ഇതിനുള്ള കാരണം മുകളിൽ ഉദ്ധരിച്ച ഹദീഥിൽ നിന്ന് മനസ്സിലായ ല്ലോ. എന്നാൽ, കഴിഞ്ഞ സൂറത്തിന്റെ ആരംഭത്തിൽ ചൂണ്ടിക്കാട്ടിയതുപോലെ യുള്ള ചില അഭിപ്രായങ്ങൾ ഇവിടെയും ഇല്ലാതില്ല. അതായത്, ക്വുറൈശിക ളുടെ ഉപദ്രവം അതിരുകവിഞ്ഞപ്പോൾ നബിﷺവീട്ടിൽ വന്നു പുതച്ചു കിടന്നുവെന്നും ശേഷം, ആ അവസരത്തിലാണ് ഇത് അവതരിച്ചതെന്നും, ഉറ ങ്ങിക്കിടക്കുമ്പോഴാണ് അവതരിച്ചതെന്നും. പക്ഷേ, മേലുദ്ധരിച്ച ഹദീഥ് ഈ അഭി പ്രായങ്ങളെ ബലഹീനമാക്കുന്നു. മൂടിപ്പുതക്കുവാൻ കാരണം എന്തന്നെ ആയി രുന്നാലും ശരി, വീട്ടിൽ മൂടിപ്പുതച്ചുകൊണ്ടിരുന്നാൽ പോരാ എന്നും, പുറത്തി റങ്ങി ജനങ്ങളെ താക്കീത് ചെയ്കയും, ദിവ്യദൗത്യത്തിന്റെ ഭാരം ഏറ്റെടുക്കു കയും വേണ്ടതുണ്ടെന്നും ഇതിൽ സൂചനകാണാം.

നബി തിരുമേനിﷺയെ വിളിച്ചു പ്രബോധനത്തിന്റെ പ്രവർത്തനത്തിൽ ഏർപ്പെട്ടുകൊള്ളണമെന്ന് അല്ലാഹു കൽപിക്കുകയാണല്ലോ. പ്രബോധന കൃത്യത്തിന്റെ രണ്ട് പ്രധാന വശങ്ങളത്രെ സന്തോഷവാർത്ത അറിയിക്കലും താക്കീത് ചെയ്യലും (التبشير والإنذار) അഥവാ സത്യവിശ്വാസവും സൽക്കർമങ്ങളും സ്വീകരിക്കുന്നവർക്ക് അല്ലാഹുവിന്റെ പ്രതിഫലങ്ങളെക്കുറിച്ച് സന്തോഷവാർത്ത കളും, അത് രണ്ടും സ്വീകരിക്കാത്തവർക്ക് അവന്റെ ശിക്ഷാ നടപടികളെക്കുറിച്ച് ഭയവാർത്തകളും അറിയിക്കൽ. ഈ രണ്ടിൽ താരതമ്യേന ക്വുർആൻ മുൻഗണന നൽകിക്കാണുന്നത് താക്കീതി (الإنذار)ന്റെ വശത്തിനാകുന്നു. ജനങ്ങൾ അന്ധവി ശ്വാസത്തിലും അനാചാരദുരാചാരങ്ങളിലും മുഴുകിക്കൊണ്ടിരിക്കുന്ന വേളയിൽ- അപ്പോഴാണല്ലോ പ്രവാചകൻമാരുടെ പ്രബോധനസംരംഭം രംഗപ്രവേശം ചെയ്യു ന്നത്- അതിൽ നിന്ന് അവരെ പിൻതിരിപ്പിക്കുവാൻ ശ്രമിക്കുന്നതിനായിരിക്കും സ്വാഭാവികമായും കൂടുതൽ സ്ഥാനമുള്ളത്. (ഇതിനെപ്പറ്റി സൂ: കഹ്ഫിന്റെ ആദ്യ ത്തിൽ വെച്ചും മറ്റും നാം മുമ്പ് സംസാരിച്ചിട്ടുള്ളത് ഓർക്കുക.) അതുകൊണ്ട് പ്രബോധനകൃത്യം ആരംഭിക്കുന്നതിനുള്ള ആദ്യത്തെ ഈ കൽപനയിലും താക്കീ തിന്റെ വശത്തിന് അല്ലാഹു മുൻഗണന നൽകിയിരിക്കുന്നു. തുടർന്നുകൊണ്ട് അല്ലാഹുവിന്റെ മഹത്വത്തെ പ്രകീർത്തനം ചെയ്യാനുള്ള കൽപനയാണുള്ളത്. ലോകരക്ഷിതാവായ അല്ലാഹുവിന്റെ മഹത്വത്തിന് പകരം അവന്റെ ചില നിസ്സാ രസൃഷ്ടികളുടെ മഹത്വങ്ങളെ പ്രകീർത്തനം ചെയ്തുകൊണ്ടും, അല്ലാഹുവിന്റെ സ്ഥാനം ഇതരവസ്തുക്കൾക്ക് കൽപിച്ചുകൊണ്ടും കഴിഞ്ഞുകൂടുന്ന ഒരു ജന തയെയാണല്ലോ നബിﷺതാക്കീത് ചെയ്യാൻ പോകുന്നത്. അപ്പോൾ ഇവിടെ

ഇക്കാര്യം നബിﷺയെ പ്രത്യേകം ഉണർത്തിയത് വളരെ സന്ദർഭോചിതമാണെന്ന് പറയേണ്ടതില്ല.

ഇതുപോലെത്തന്നെ, വസ്ത്രം ശുദ്ധിയാക്കുക (وثيابك فطهر) എന്ന കൽപനയും ശ്രദ്ധേയമത്രെ. ശുദ്ധിക്കും വെടിപ്പിനും ഇസ്‌ലാം നൽകുന്ന പ്രാധാന്യം ഇതിൽനിന്ന് ഊഹിക്കാം. ഒരു മുസ്‌ലിം സദായ്പ്പോഴും മാലിന്യങ്ങളിൽനിന്നും അശുദ്ധങ്ങളിൽനിന്നും മുക്തനായിരിക്കേണ്ടതാണ്. നമസ്കാരാദി കർമവേളകളിൽ വിശേഷിച്ചും. വെളിക്കിറങ്ങി ജനങ്ങളുമായി സമ്പർക്കം പുലർത്തുന്നവരും തങ്ങളുടെ വേഷവസ്ത്രാദികളിൽ ശുചിയുടെ കാര്യം പ്രത്യേകം ഗൗനിക്കേണ്ടതുണ്ട്. അവരുടെ ഇണക്കവും സ്വീകരണവും ലഭിക്കുന്നതിന് അതത്യാവശ്യമാണ്. അതുകൊണ്ടുതന്നെയായിരിക്കും പ്രബോധനം ചെയ്യാനുള്ള കൽപനയോടൊന്നിച്ച് ഇക്കാര്യവും അല്ലാഹു ഉണർത്തിയത്. നബി തിരുമേനിﷺയുടെ ചര്യ പരിശോധിക്കുന്നപക്ഷം, ശരീരം, വസ്ത്രം, വേഷം, താടി, മുടി ആദിയായവയെല്ലാം തന്നെ വൃത്തിയിലും വെടുപ്പിലും വെക്കുന്നതിൽ തിരുമേനിക്ക് വളരെ നിഷ്കർഷയുണ്ടായിരുന്നുവെന്ന് കാണാം. ഈ വാക്യത്തിന് ചില വ്യംഗാർത്ഥങ്ങളും ചില വ്യാഖ്യാതാക്കൾ കൽപിക്കാറുണ്ട്. അതാണിവിടെ ഉദ്ദേശ്യമെന്നും അവർ അഭിപ്രായപ്പെടുന്നു. പാപങ്ങളിൽനിന്ന് ശുദ്ധമായിരിക്കുക, മനസ്സും ശരീരവും പരിശുദ്ധമായിരിക്കുക, ഉപയോഗിക്കുന്ന വസ്ത്രം കുറ്റകരമായ വഴിക്ക് സമ്പാദിച്ചതല്ലാതിരിക്കുക, തെറ്റായ വിഷയങ്ങളിൽ വസ്ത്രങ്ങളെ ഉപയോഗപ്പെടുത്താതിരിക്കുക എന്നിങ്ങനെയുള്ള ചില സാരങ്ങളാണവ. മൊത്തത്തിൽ എല്ലാം സ്വീകാര്യവും, തത്വത്തിൽ ഏറെക്കുറെ യോജിപ്പുള്ളതും തന്നെ.

الرجز എന്ന വാക്ക് 'റുജ്സ്' എന്നും 'റിജ്സ്' എന്നും (بالفتح والضم) വായനയുണ്ട്. രണ്ടായാലും ആ വാക്കിന് 'ശിക്ഷ, വിഗ്രഹാരാധന, പാപം, മാലിന്യം, ബഹുദൈവാരാധന, കിടിലംകൊള്ളൽ' എന്നിങ്ങനെ പല അർത്ഥങ്ങളും വരുന്നതാകുന്നു. *(*)* ഇവയിൽ ഒന്നാമത്തെയും രണ്ടാമത്തെയും അർത്ഥമാണ് വ്യാഖ്യാതാക്കൾ പൊതുവിൽ സ്വീകരിച്ചിരിക്കുന്നത്. അതായത്, ശിക്ഷയെ അകന്ന് നിൽക്കുക എന്നും, വിഗ്രഹങ്ങളെ അകന്ന് നിൽക്കുക എന്നും, ശിക്ഷ കൊണ്ടുദ്ദേശ്യം, ശിക്ഷാർഹമായ എല്ലാ പാപങ്ങളുമാകുന്നു.

وَلَا تَمْنُن تَسْتَكْثِرُ ﴿٦﴾

﴾6﴿ അധികം (ലഭിക്കുവാൻ) മോഹിച്ചുകൊണ്ട് നീ ഉപകാരം (അഥവാ ദാക്ഷിണ്യം) ചെയ്യരുത്.

وَلِرَبِّكَ فَاصْبِرْ ﴿٧﴾

﴾7﴿ നിന്റെ റബ്ബിനുവേണ്ടി നീ ക്ഷമിച്ചും കൊള്ളുക.

(*) راجع القاموس ومفردات الراغب والمنجد وغيرها

﴾6﴿ وَلَا تَمْنُن നീ ഉപകാരം (ദാക്ഷിണ്യം, നന്മ) ചെയ്യരുത് تَسْتَكْثِرُ അധികം മോഹിച്ചുകൊണ്ട്, അധികം നടിച്ചുകൊണ്ട് ﴾7﴿ وَلِرَبِّكَ നിന്റെ റബ്ബിനുവേണ്ടി فَٱصْبِرْ നീ ക്ഷമിക്കുക

ജനങ്ങളിൽനിന്ന് കൂടുതൽ ലഭ്യമുണ്ടാകും, അല്ലെങ്കിൽ ഉണ്ടാവണം എന്ന ഉദ്ദേശ്യത്തോടെ വല്ല ഉപകാരമോ ദാക്ഷിണ്യമോ ചെയ്യരുത്; അല്ലാഹുവിന്റെ പ്രീതിയും പൊരുത്തവും മാത്രം ഉദ്ദേശിച്ചുകൊണ്ടായിരിക്കണം അത്; അല്ലാഹുവിന്റെ പ്രീതി ലഭിക്കുവാനായി അവന്റെ മാർഗത്തിൽ ക്ഷമയും സഹനവും കൈക്കൊള്ളണം എന്ന് സാരം. സൽക്കാര്യങ്ങൾ വല്ലതും ചെയ്യുമ്പോൾ അത് കുറേ അധികമായിട്ടുണ്ടെന്ന നാട്യം ഉണ്ടായിരിക്കാതെ, എപ്പോഴും പോരാ പോരാ എന്ന വിചാരത്തോടുകൂടിയായിരിക്കണം ചെയ്യുന്നത് എന്നും, 6 -ാം വചനത്തിന് വ്യാഖ്യാനം നൽകപ്പെട്ടിരിക്കുന്നു. الله اعلم

فَإِذَا نُقِرَ فِي ٱلنَّاقُورِ ﴿٨﴾

﴾8﴿ എന്നാൽ, കാഹളത്തിൽ മുഴക്കപ്പെട്ടാൽ [ഊതപ്പെട്ടാൽ],-

فَذَٰلِكَ يَوْمَئِذٍ يَوْمٌ عَسِيرٌ ﴿٩﴾

﴾9﴿ അപ്പോഴത്- അന്നത്തെ ദിവസം പ്രയാസകരമായ ഒരു ദിവസമായിരിക്കും!-

عَلَى ٱلْكَٰفِرِينَ غَيْرُ يَسِيرٍ ﴿١٠﴾

﴾10﴿ അവിശ്വാസികളുടെമേൽ നിസ്സാരമല്ലാത്ത (ദിവസം)!

﴾8﴿ فَإِذَا نُقِرَ എന്നാൽ മുഴക്ക (ഊത)പ്പെട്ടാൽ فِي ٱلنَّاقُورِ കാഹളത്തിൽ﴾9﴿ فَذَٰلِكَ എന്നാലത് يَوْمَئِذٍ അന്നത്തെ ദിവസം يَوْمٌ عَسِيرٌ ഞെരുങ്ങിയ (പ്രയാസകരമായ) ഒരു ദിവസമാണ് ﴾10﴿ عَلَى ٱلْكَٰفِرِينَ അവിശ്വാസികളുടെ മേൽ غَيْرُ يَسِيرٍ നിസ്സാരം (എളുപ്പം- ലഘു) അല്ലാത്ത

ക്വിയാമത്ത്നാളിനെക്കുറിച്ചാണ് പറയുന്നതെന്ന് വ്യക്തം. ഇമാം അഹ്മദും (റ), ഇബ്നുജരീറും (റ) ഇപ്രകാരം നിവേദനം ചെയ്തിരിക്കുന്നു. നബി ﷺ പറയുകയുണ്ടായി: 'കൊമ്പിന്റെ ആൾ- കാഹളത്തിൽ ഊതുവാൻ നിയോഗിക്കപ്പെട്ട മലക്ക്- തന്നോട് എപ്പോഴാണ് ഊതുവാൻ കൽപിക്കപ്പെടുന്നതെങ്കിൽ അപ്പോൾ ഊതുവാൻവേണ്ടി കാത്തിരുന്നുകൊണ്ട് കൊമ്പ് വായിൽ വെക്കുകയും, നെറ്റി ചുളിക്കുകയും ചെയ്തിരിക്കുന്നു. ആ സ്ഥിതിക്ക് ഞാൻ എങ്ങനെ സുഖജീവിതംകൊള്ളും?!' സ്വഹാബികൾ ചോദിച്ചു: 'ഞങ്ങൾ എന്ത് ചെയ്യണമെന്നാണ് അവിടുന്ന് ഞങ്ങളോട് കൽപിക്കുന്നത്?' തിരുമേനി പറഞ്ഞു: 'ഞങ്ങൾക്ക് അല്ലാഹു മതി. അവൻ ഭരമേല്പിക്കപ്പെടുവാൻ എത്രയോ നല്ലവൻ തന്നെ. ഞങ്ങൾ അല്ലാഹുവിന്റെമേൽ ഭരമേൽപിച്ചിരിക്കുന്നു.' حسبنا الله ونعم الوكيل

على الله توكلنا എന്ന് പറഞ്ഞുകൊള്ളുവിൻ.

തുടർന്നുള്ള (11 മുതൽ 30 വരെ) വചനങ്ങൾ വലീദുബ്നു മുഗീറഃ (وليد بن مغيرة)യുടെ വിഷയത്തിൽ അവതരിച്ചതാണെന്ന് കാണിക്കുന്ന ചെറുതും വലുതുമായ പല രിവായത്തുകളും കാണാം. ക്വുർആൻ വ്യാഖ്യാതാക്കൾ പൊതുവിൽ അതംഗീകരിച്ചിട്ടുമുണ്ട്. ഇതിൽ വ്യാഖ്യാതാക്കൾക്കിടയിൽ ഭിന്നിപ്പില്ലെന്ന് ഇമാം റാസീ (റ) പ്രസ്താവിക്കയും ചെയ്തിരിക്കുന്നു. പ്രസ്തുത രിവായത്തുകളിൽ ഇബ്നു ജരീർ ഉദ്ധരിച്ച ഒരു രിവായത്തിന്റെ സാരം ഇപ്രകാരമാകുന്നു: വലീദുബ്നു മുഗീറഃ നബിﷺയുടെ അടുക്കൽ വരികയുണ്ടായി. തിരുമേനി അവന് ക്വുർആൻ ഓതിക്കേൾപ്പിച്ചു. അതുകേട്ട് അവന്റെ ഹൃദയത്തിന് അലിവുണ്ടായതുപോലെ തോന്നി. ഈ വിവരം അബൂജഹലിനുകിട്ടി, അവൻ വലീദിന്റെ അടുക്കൽ ചെന്നു(പരിഹാസേന) ഇങ്ങനെ പറഞ്ഞു:-'ഓ,പിതൃവ്യാ,നിങ്ങളുടെ ജനങ്ങൾ നിങ്ങൾക്ക് കുറച്ചു ധനം തരാൻ ഉദ്ദേശിക്കുന്നു' വലീദ് പറഞ്ഞു:'എന്തിനാണ്?' അബൂജഹ്ൽ: 'നിങ്ങൾക്ക് തരാൻ തന്നെ. കാരണം, നിങ്ങൾ മുഹമ്മദിന്റെ പക്കലുള്ളത് ലഭിക്കുവാൻവേണ്ടി അവന്റെ അടുക്കൽ ചെന്നിരുന്നുവല്ലോ!' വലീദ്: 'ഞാൻ ക്വുറൈശികളിൽവെച്ച് ധാരാളം ധനമുള്ളവനാണെന്ന് അവർക്കറിയാമല്ലോ.' അബൂജഹ്ൽ: 'എന്നാൽ, താങ്കൾ അവൻ പറയുന്നതിനോട് പ്രതിഷേധവും വെറുപ്പുമുള്ള ആളാണെന്ന് അവർക്ക് അറിയുവാനായി മുഹമ്മദിനെപ്പറ്റി വല്ല അഭിപ്രായവും പറയണം.' വലീദ്: 'ഞാൻ അവനെക്കുറിച്ച് എന്ത് പറയാനാണ്? അല്ലാഹുതന്നെയാണ! നിങ്ങളിലൊരാളും തന്നെ എന്നെക്കാൾ കവിത അറിയുന്നവരും, പദ്യമോ പാട്ടോ അറിയുന്നവരും അല്ല. ജിന്നുകളുടെ കവിത അറിയുന്നവരുമല്ല. അല്ലാഹുവാണ! അവൻ പറയുന്നതിന് ഇവയിൽ ഒന്നിനോടും സാമ്യമില്ല തന്നെ. അല്ലാഹുവാണ! അവൻ പറയുന്ന വാക്കിന് ഒരു മാധുര്യമുണ്ട്. അതിയായി ഒന്നും നിലകൊള്ളുകയില്ല' അബുജഹ്ൽ: 'എന്നാൽ അല്ലാഹുവാണ! നിങ്ങൾ അവനെപ്പറ്റി വല്ലതും പറയാതെ നിങ്ങളുടെ ജനത തൃപ്തിപ്പെടുന്നതല്ല.' വലീദ്: 'ശരി, എന്നെവിട്ടേക്കുക. ഞാൻ ആലോചിക്കട്ടെ' അങ്ങനെ, അവൻ കുറെ ആലോചിച്ചിട്ട് പറഞ്ഞു: 'അത് മറ്റ് ചിലരിൽനിന്ന് പ്രമാണിക്കപ്പെടുന്ന 'സിഹ്ർ' (മാരണം) അല്ലാതെ മറ്റൊന്നുമല്ല.'(إن هذا إلا سحر يؤثر عن غيره) ഈ സന്ദർഭത്തിൽ ذرني ومن خلقت മുതൽ تسعة عشر വരെ 11 - 30 വചനങ്ങൾ) അവതരിച്ചു.

വലീദ് മതം മാറിപ്പോയി, എനി ക്വുറൈശികളെല്ലാം മതം മാറിയേക്കുമല്ലോ എന്ന് ജനസംസാരമുണ്ടായപ്പോഴാണ് അബൂജഹ്ൽ വലീദിനെ സമീപിച്ചതെന്നും, വളരെ ആലോചിച്ചശേഷമാണ് വലീദ് മേൽകണ്ടതുപോലുള്ള മറുപടി പറഞ്ഞതെന്നും വേറൊരു രിവായത്തിൽ വന്നിരിക്കുന്നു. മറ്റൊരു രിവായത്തിന്റെ ചുരുക്കം ഇതാണ്: നബിﷺയിൽനിന്ന് വലീദ് കേട്ടത് 'ഹാമീം സജദഃ' എന്ന അദ്ധ്യായമായിരുന്നു. അവൻ അതിൽ ആകൃഷ്ടനാകുകയും ക്വുർആനെ പ്രശംസിച്ചുകൊണ്ട് പ്രസ്താവന ചെയ്യുകയും ചെയ്തു. ഇതുകേട്ടപ്പോൾ അവൻ മുസ്ലിമായിട്ടുണ്ടെന്ന് കരുതി ക്വുറൈശികൾക്ക് പരിഭ്രമമായി. പല പ്രകാരത്തിലും അവർ അവനെ ഇളക്കിവിടുവാൻ തുടങ്ങി. അപ്പോൾ വലീദ് തന്റെ അടവുമാറ്റി. നബിﷺയെപ്പറ്റി ഭ്രാന്തനെന്നും, ജോൽസ്യനെന്നും, കവിയെന്നും ആരോപിക്കപ്പെടാ

റുള്ളതിനെ അവൻ ഓരോ ന്യായം പറഞ്ഞ് ഖണ്ഡിച്ചു സംസാരിച്ചു. അനന്തരം, നബിﷺയെ ഒരു മാരണക്കാരൻ ('സാഹിർ') ആണെന്ന് സമർത്ഥിച്ചു. നബിﷺയിൽ വിശ്വസിച്ചു കഴിഞ്ഞ ആളുകളും, അവരുടെ കുടുംബങ്ങളും തമ്മിൽ സ്വാഭാവികമായും ഉണ്ടാകുന്ന ഭിന്നിപ്പുകളെ അവൻ അതിന് തെളിവായി എടുത്തുകാട്ടുകയും ചെയ്തു.

ക്വുറൈശ് ഗോത്രത്തിൽ ബനൂമഖ്സൂം (بنو مخزوم) ശാഖയിലെ വമ്പിച്ച ധനാഢ്യനും നേതാവുമായിരുന്നു വലീദ്. വളരെ കച്ചവടങ്ങളും കൃഷിനിലങ്ങളും അവന്നുണ്ടായിരുന്നു. മക്കഃയുടെയും, ത്വാഇഫിന്റെയും ഇടയിൽ പല സ്ഥലത്തും ആടുമാടൊട്ടകങ്ങൾ, കുതിരകൾ, അടിമകൾ ആദിയായ വമ്പിച്ച സ്വത്തുക്കൾ വേറെയും, പ്രാപ്തരും ശക്തരുമായ എട്ടുപത്ത് ആൺമക്കളും ഉണ്ടായിരുന്നു. അവരിൽ ഖാലിദ്, ഹിശാം, ഉമാറത്ത് (خالد، هشام ، عمارة–رضـ) എന്നീ മൂന്ന് പേർ ഇസ്‌ലാം സ്വീകരിച്ചവരാണ്. സുഖസമ്പൂർണവും ഉന്നതനിലവാരത്തിലുള്ളതുമായിരുന്ന വലീദിന്റെ ദീർഘകാലത്തെ ജീവിതം, തന്റെ പേരും പ്രശസ്തിയും നിമിത്തം 'ക്വുറൈശികളുടെ വാസനച്ചെടി'(ريحة قريش) എന്നൊരു കീർത്തിനാമംപോലും വലീദ് സമ്പാദിച്ചിരുന്നു. അതേ സമയത്ത് നബിﷺയുടെയും ഇസ്‌ലാമിന്റെയും അതികഠിനമായ ശത്രുവുമായിരുന്നു വലീദ്. അല്ലാഹുവിന് അവനോടുള്ള വെറുപ്പിന്റെ കാഠിന്യം താഴെ വചനങ്ങളിൽ കാണാവുന്നതാണ്. അല്ലാഹു പറയുന്നു:-

ذَرْنِي وَمَنْ خَلَقْتُ وَحِيدًا ﴿١١﴾

《11》എന്നെയും, ഞാൻ ഏകനായി (സ്വന്തം) സൃഷ്ടിച്ചുണ്ടാക്കിയ ഒരുവനെയും (അങ്ങ്) വിട്ടേക്കുക [അവന്റെ കാര്യം ഞാൻ ഏറ്റുകൊള്ളാം]!-

وَجَعَلْتُ لَهُ مَالًا مَّمْدُودًا ﴿١٢﴾

《12》 അവന് (ധാരാളമായി) അയച്ചിട്ടു കൊടുക്കപ്പെട്ട ധനവും ഞാൻ ഉണ്ടാക്കിക്കൊടുത്തിരിക്കുന്നു;-

وَبَنِينَ شُهُودًا ﴿١٣﴾

《13》 സന്നദ്ധരായ (കുറേ) പുത്രൻമാരെയും (കൊടുത്തിരിക്കുന്നു);-

وَمَهَّدتُّ لَهُ تَمْهِيدًا ﴿١٤﴾

《14》 ഞാൻ അവന് ഒരു (നല്ല) സൗകര്യം സൗകര്യപ്പെടുത്തിക്കൊടുക്കുകയും ചെയ്തിരിക്കുന്നു.

ثُمَّ يَطْمَعُ أَنْ أَزِيدَ ﴿١٥﴾

《15》 പിന്നെയും ഞാൻ വർദ്ധിപ്പിച്ചുകൊടുക്കുവാൻ അവൻ മോഹിച്ചുകൊണ്ടുമിരിക്കുന്നു!

كَلَّآ إِنَّهُۥ كَانَ لِـَٔايَٰتِنَا عَنِيدًا ﴿١٦﴾

سَأُرْهِقُهُۥ صَعُودًا ﴿١٧﴾

《16》 വേണ്ടാ! അവൻ നമ്മുടെ ആയത്ത് [ലക്ഷ്യം]കളോട് ധിക്കാരക്കാരനായിരിക്കുന്നു!

《17》 ഞാൻ അവനെ കയറ്റം കയറുവാൻ [ഞെരുക്കം അനുഭവിക്കുവാൻ] വഴിയെ നിർബന്ധിക്കുന്നതാണ്.

《11》 ذَرْنِي എന്നെ വിട്ടേക്കുക وَمَنْ خَلَقْتُ ഞാൻ സൃഷ്ടിച്ചിട്ടുള്ള ഒരുവനെയും وَحِيدًا ഏകനായിക്കൊണ്ട് 《12》 وَجَعَلْتُ ഞാൻ ആക്കി (ഉണ്ടാക്കി)ക്കൊടുക്കുകയും ചെയ്തു لَهُ അവന് مَالًا ധനം, സ്വത്ത് مَّمْدُودًا അയച്ചു (നീട്ടിയിട്ട്) കൊടുക്കുകയും ചെയ്തു, കൊടുക്കപ്പെട്ടതായ《13》 وَبَنِينَ പുത്രൻമാരെയും شُهُودًا സന്നദ്ധരായ, തയ്യാറുള്ള (യോഗ്യരായ)《14》 وَمَهَّدتُّ ഞാൻ സൗകര്യപ്പെടുത്തി, ശരിപ്പെടുത്തി لَهُ അവന് تَمْهِيدًا ഒരു സൗകര്യപ്പെടുത്തൽ《15》 ثُمَّ يَطْمَعُ പിന്നെയും അവൻ മോഹിക്കുന്നു أَنْ أَزِيدَ ഞാൻ വർദ്ധിപ്പിച്ചു കൊടുക്കുവാൻ, കൊടുക്കുമെന്ന്《16》 كَلَّآ വേണ്ടാ, അങ്ങനെയല്ല إِنَّهُ كَانَ നിശ്ചയം അവനായിരിക്കുന്നു لِـَٔايَٰتِنَا നമ്മുടെ ആയത്തുകളോട് عَنِيدًا ധിക്കാരി, മത്സരക്കാരൻ《17》 سَأُرْهِقُهُ വഴിയെ ഞാനവനെ നിർബന്ധിക്കും, പ്രേരിപ്പിക്കും صَعُودًا കയറ്റം (ചുരം) കേറാൻ, ഞെരുക്കത്തിന്

മറ്റാരുടെയും പങ്കോ സഹായമോ കൂടാതെ ഞാൻ നേർക്ക്തന്നെ അവനെ സൃഷ്ടിച്ചുണ്ടാക്കി; ധാരാളക്കണക്കിൽ സമ്പൽസമൃദ്ധിയും നൽകി; എന്തിനും സന്നദ്ധരും യോഗ്യരുമായ കുറേ പുത്രൻമാരെയും നൽകി; എന്ന്വേണ്ട വിവിധതരത്തിലുള്ള ക്ഷേമൈശ്വര്യങ്ങളും സ്ഥാനമാനങ്ങളും കൈവരുമാറുള്ള സുഖസൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊടുക്കുകയും ചെയ്തിരിക്കുന്നു; ഇതെല്ലാമുണ്ടായിട്ട് പിന്നെയും അവൻ എന്നിൽനിന്ന് കൂടുതൽ വർദ്ധമാനം മോഹിച്ചും പ്രതീക്ഷിച്ചുംകൊണ്ടിരിക്കുകയും ചെയ്യുന്നു. ഇതൊക്കെയായിട്ടും അവൻ അതിന് നന്ദിയും കൂറും കാണിക്കുന്നില്ലെന്ന് മാത്രമല്ല, നമ്മുടെ ലക്ഷ്യദൃഷ്ടാന്തങ്ങളുടെനേരെ ധിക്കാരവും മാത്സര്യവുമാണ് സ്വീകരിക്കുന്നത്. വേണ്ടാ! അതവന് നല്ലതിനല്ല, ആ വ്യാമോഹങ്ങളൊക്കെ അങ്ങ് വിട്ടേക്കട്ടെ, അവനെ നാം വെറുതെ വിടുമെന്ന് അവൻ കരുതേണ്ട. അധികം താമസിയാതെ അസഹ്യമായ ശിക്ഷയാകുന്ന വൻചുരത്തിൽ അവനെ നാം നിർബന്ധിച്ചു കയറ്റുകതന്നെ ചെയ്യും എന്ന് സാരം.

ഈ വചനങ്ങൾ അവതരിച്ചത് വലീദുബ്നു മുഗീറഃയുടെ വിഷയത്തിലാണെന്ന് മുകളിൽ നാം കണ്ടുവല്ലോ. എന്നാൽ ഇവയിലടങ്ങിയ ആക്ഷേപങ്ങളും താക്കീതുകളും അവനുമാത്രം ബാധകമാകുന്നതല്ല. ഏതെങ്കിലും വചനങ്ങളുടെ

അവതരണഹേതു ഒരു പ്രത്യേക വ്യക്തിയോ, പ്രത്യേക സംഭവമോ ആയിക്കൊള്ളട്ടെ, അതിലെ ആശയവും വിധിയും പൊതുവിൽ ബാധകമായിരിക്കുമെന്നതിൽ ഒട്ടും സംശയമില്ല. അല്ലാഹു നൽകിയ സുഖസൗകര്യങ്ങളും അനുഗ്രഹങ്ങളും ആസ്വദിച്ചുകൊണ്ടിരിക്കുകയും, അതിന് നന്ദികാണിക്കുന്നതിന് പകരം അവനെയും അവന്റെ സന്ദേശങ്ങളെയും ധിക്കരിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ഏത് വമ്പൻമാർക്കും ബാധകമത്രെ ഈ വചനങ്ങളിലെ താക്കീത്. ഈ വചനങ്ങൾ അവതരിച്ചതിനുശേഷം, വലീദിന്റെ ധനത്തിലും മക്കളിലും അധഃപതനം നേരിട്ടുകൊണ്ടാണ് അവൻ മൃതിയടഞ്ഞതെന്ന് മുഖാത്തിൽ (റ) പ്രസ്താവിച്ചതായി നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു. സ്വന്തം മനസ്സാക്ഷിയെ വഞ്ചിച്ചുകൊണ്ട്- ജനാനുകൂല്യവും നേതൃസ്ഥാനവും നിലനിറുത്തുവാൻവേണ്ടി -അവൻ ചെയ്ത കൃത്രിമമായ അഭിനയങ്ങളെ താഴെ വചനങ്ങളിൽ അല്ലാഹു വമ്പിച്ച അമർഷത്തോടുകൂടി തുറന്നുകാട്ടുന്നു:-

إِنَّهُۥ فَكَّرَ وَقَدَّرَ ﴿١٨﴾

﴾18﴿ കാരണം, അവൻ ചിന്തിച്ചു; (ഒരു രൂപം) കണക്കാക്കുകയും ചെയ്തു.

فَقُتِلَ كَيْفَ قَدَّرَ ﴿١٩﴾

﴾19﴿ അതിനാൽ, അവൻ കൊലപ്പെടട്ടെ [നശിക്കട്ടെ]! എങ്ങനെയാണവൻ കണക്കാക്കിയത്?!

ثُمَّ قُتِلَ كَيْفَ قَدَّرَ ﴿٢٠﴾

﴾20﴿ പിന്നെയും [വീണ്ടും] അവൻ കൊലപ്പെടട്ടെ [നശിക്കട്ടെ]! എങ്ങനെയാണവൻ കണക്കാക്കിയത്?!

ثُمَّ نَظَرَ ﴿٢١﴾

﴾21﴿ പിന്നീടവൻ (ഒന്ന്) നോക്കി;

ثُمَّ عَبَسَ وَبَسَرَ ﴿٢٢﴾

﴾22﴿ പിന്നെ, അവൻ (മുഖം) ചുളിക്കുകയും ഇറുകിച്ചുളുങ്ങുകയും ചെയ്തു.

ثُمَّ أَدْبَرَ وَٱسْتَكْبَرَ ﴿٢٣﴾

﴾23﴿ പിന്നെ, അവൻ പിന്നോട്ട് മാറുകയും, അഹംഭാവം നടിക്കുകയും ചെയ്തു.

فَقَالَ إِنْ هَٰذَآ إِلَّا سِحْرٌ يُؤْثَرُ ﴿٢٤﴾

﴾24﴿ എന്നിട്ട് പറഞ്ഞു: 'ഇത് പ്രമാണിച്ച് പറയപ്പെടുന്ന 'സിഹ്റ' ല്ലാതെ (മറ്റൊന്നും) അല്ല.'[മറ്റാരിൽനിന്നോ കേട്ടു ഉദ്ധരിക്കപ്പെടുന്ന മാരണം മാത്രമാണ് ഈ ക്വുർആൻ.]

إِنْ هَٰذَآ إِلَّا قَوْلُ ٱلْبَشَرِ ﴿٢٥﴾

﴾25﴿ ഇത് മനുഷ്യന്റെ വാക്കല്ലാതെ (വേറൊന്നും) അല്ല.

﴾18﴿ إِنَّهُۥ നിശ്ചയമായും (കാരണം) അവൻ فَكَّرَ ചിന്തിച്ചു وَقَدَّرَ കണക്കാക്കുക (സങ്കൽപിക്കുക- അനുമാനിക്കുകയും ചെയ്തു﴾19﴿ فَقُتِلَ അതിനാൽ അവൻ കൊലപ്പെടട്ടെ (നശിക്കട്ടെ, ശപിക്കപ്പെടട്ടെ, തുലയട്ടെ) كَيْفَ എങ്ങനെയാണ് قَدَّرَ അവൻ കണക്കാക്കി, അനുമാനിച്ചു, സങ്കൽപിച്ചു﴾20﴿ ثُمَّ قُتِلَ പിന്നെ (വീണ്ടും) അവൻ കൊലപ്പെടട്ടെ كَيْفَ قَدَّرَ അവൻ എങ്ങനെയാണ് കണക്കാക്കിയത് ﴾21﴿ ثُمَّ نَظَرَ പിന്നെ അവൻ നോക്കി ﴾22﴿ ثُمَّ عَبَسَ പിന്നെ അവൻ മുഖം ചുളിച്ചു وَبَسَرَ ചുക്കിച്ചുളുങ്ങുക (ഇറുക്കുക- കൂടുതൽ ചുളിക്കുക)യും ചെയ്തു﴾23﴿ ثُمَّ أَدْبَرَ പിന്നീടവൻ പിന്നോക്കം തിരിഞ്ഞു, പിന്നോട്ടുമാറി وَٱسْتَكْبَرَ അഹംഭാവം (അഹങ്കാരം) നടിക്കയും ചെയ്തു ﴾24﴿ فَقَالَ എന്നിട്ട് അവൻ പറഞ്ഞു إِنْ هَٰذَآ ഇതല്ല إِلَّا سِحْرٌ സിഹ്ർ (ആഭിചാരം- മാരണം- ജാലവിദ്യ) അല്ലാതെ يُؤْثَرُ പ്രമാണിക്കപ്പെടുന്ന, ഉദ്ധരിച്ചു പറയപ്പെടുന്ന ﴾25﴿ إِنْ هَٰذَآ ഇതല്ല إِلَّا قَوْلُ വാക്ക് (വചനം) അല്ലാതെ ٱلْبَشَرِ മനുഷ്യന്റെ

നബിﷺയിൽ നിന്ന് ക്വുർആൻ കേട്ടപ്പോൾ അത് ദിവ്യവചനംതന്നെയാണെന്ന് അവന് ആദ്യം ബോധ്യമായിരുന്നു. അനന്തരം കൂട്ടുകാരെ തൃപ്തിപ്പെടുത്തുവാനും ജനങ്ങൾക്കിടയിൽ സൽപേരും കീർത്തിയും നിലനിറുത്തുവാനും വേണ്ടി മനസ്സാക്ഷി പണയപ്പെടുത്തി കളവുകെട്ടിപ്പറയുവാൻ ധൈര്യപ്പെട്ടിരിക്കുകയാണ്. അൽപം മുമ്പ് പുറപ്പെടുവിച്ചിരുന്ന ആ അഭിപ്രായം- അത് മനുഷ്യന്റെയോ ജിന്നിന്റെയോ വാക്യങ്ങളല്ല എന്ന അഭിപ്രായം- ഇപ്പോൾ മാറ്റിപ്പറയേണ്ടി വന്നിരിക്കയാണ്. അങ്ങനെ അവന്റെ ഹൃദയം അവനെ അലട്ടി, കുറേ ചിന്തിച്ചു. ഇന്നിന്നപ്രകാരമങ്ങ് പറഞ്ഞുകളയാമെന്ന് മനസ്സുകൊണ്ട് സ്വരൂപിച്ചു കണക്കാക്കി. മനസ്സാക്ഷി അവനെ അലട്ടിക്കൊണ്ടിരുന്നു. ആദ്യത്തെ പ്രസ്താവനകൾ മാറ്റിപ്പറയണമല്ലോ. അങ്ങനെ വിഷമത്തിൽപെട്ട് വീണ്ടും ആലോചിക്കുകയായി. കുറേ മുഖം ചുളിക്കും, നെറ്റിചുളുങ്ങും, മുഖം കറുക്കും, ചുക്കിച്ചുളുങ്ങും. ഒടുക്കം സത്യത്തിൽ നിന്ന് പിൻമാറുവാൻ തന്നെ ഉറച്ചു. ഉത്തരം കിട്ടിപ്പോയി എന്ന അഹങ്കാരത്തോടെ ഞെളിഞ്ഞുനിന്ന് വിധി പുറപ്പെടുവിച്ചു: 'മുഹമ്മദിന്റെ പക്കൽനിന്ന് കേൾക്കുന്ന ഈ വാക്യങ്ങൾ സിഹ്റില്ലാതെ- മാരണമല്ലാതെ- മറ്റൊന്നുമല്ല.'(അതുകൊണ്ടാണ് ആദ്യം ഞാൻ അതിലൊന്ന് മയങ്ങിപ്പോയത്.) ഏതോ ചില മാരണക്കാരിൽനിന്ന് പ്രമാണിച്ചുദ്ധരിക്കപ്പെടുന്നതാണ് ഇത്. ഇത് മനുഷ്യനിർമിതംതന്നെ. അതല്ലാതെ ദിവ്യവചനമൊന്നും അല്ല.

'ശാപമടയട്ടെ, നശിക്കട്ടെ, തുലഞ്ഞു പോകട്ടെ' എന്നിങ്ങനെയുള്ള അർത്ഥത്തിൽ പ്രയോഗിക്കപ്പെടുന്ന ഒരു വാക്കാണ് قتل ('ക്വുതില' = കൊലപ്പെട

ട്ടെ) എന്ന വാക്ക്. വെറുപ്പിലും വിദ്വേഷത്തിലുമൊക്കെയാണത് ഉപയോഗിക്കാറുള്ളത്. ചില സന്ദർഭങ്ങളിൽ സന്തോഷ സൂചകമായും അതേ വാക്ക് അറബികൾ ഉപയോഗിക്കാറുണ്ട്. ഇവിടെ അങ്ങേഅറ്റം അമർഷത്തോടും കോപത്തോടും കൂടിയാണ് അത് ഉപയോഗിച്ചിരിക്കുന്നതെന്ന് വ്യക്തമാണ്. അതുകൊണ്ടാണ് അല്ലാഹു ആ വാക്ക് ആവർത്തിച്ചിരിക്കുന്നതും. വാളെടുത്ത് നേരിൽ യുദ്ധം ചെയ്കയും, മുഖാമുഖമായി പലതരം അക്രമങ്ങൾ അഴിച്ചു വിടുകയും ചെയ്ത എത്രയോ ശത്രുക്കൾ മുശ്‌രിക്കുകളിലുണ്ട്. പക്ഷേ, മനസ്സാക്ഷിയെ വഞ്ചിച്ചുകൊണ്ട് ഇത്രയും പരസ്യമായി സത്യത്തെ മൂടിവെച്ച ധിക്കാരികളായ നേതാക്കൾ ഇവനെപ്പോലെ അധികംപേർ ഉണ്ടായിരിക്കയില്ല. അതുകൊണ്ടുതന്നെയാണ് ശിർക്കിന്റെ ഇതര നേതാക്കളെക്കുറിച്ചൊന്നും കാണാത്തത്ര ശക്തമായ ഭാഷയിൽ അവനെക്കുറിച്ച് അല്ലാഹു ആക്ഷേപിച്ചിരിക്കുന്നതും. (نعوذ بالله من غضب)

سحر ('സിഹ്‌ർ') എന്ന വാക്ക് 'ജാലം, ചെപ്പടിവിദ്യ, മാരണം, വശീകരണം, ആഭിചാരം' എന്നിങ്ങനെ പല അർത്ഥത്തിലും ഉപയോഗിക്കപ്പെടാറുണ്ട്. യാഥാർത്ഥ്യം മനസ്സിലാവാത്ത ഉപായ തന്ത്രങ്ങൾക്കെല്ലാം മൊത്തത്തിൽ ഉപയോഗിക്കാറുള്ള ഒരു വാക്കാണത്. സന്ദർഭം നോക്കി ഉദ്ദേശ്യം മനസ്സിലാക്കാവുന്നതാണ്. ക്വുർആൻ സിഹ്‌റാണെന്ന വാദത്തിന് മേലുദ്ധരിച്ച രിവായത്തിൽ വലീദ് നൽകിയ ന്യായീകരണം, അതു മുഖേന കുടുംബാംഗങ്ങൾക്കിടയിൽ നബിﷺ ഭിന്നിപ്പുണ്ടാക്കിത്തീർക്കുന്നുവെന്നാണല്ലോ. അതുകൊണ്ടാണ് നാം ഇവിടെ അതിന് മാരണം എന്ന് വിവർത്തനം നൽകിയത്. ഐഹികമായ കാര്യലാഭത്തിനുവേണ്ടി ക്വുർആനെ ധിക്കരിച്ച ആ ദുഷ്ടഹൃദയത്തിന് അല്ലാഹു വമ്പിച്ച താക്കീത് നൽകുന്നു:-

سَأُصْلِيهِ سَقَرَ ﴿٢٦﴾

《26》 വഴിയെ ഞാനവനെ 'സകറിൽ' [നരകത്തിൽ] ഇട്ടു എരിക്കുന്നതാണ്.

وَمَآ أَدْرَىٰكَ مَا سَقَرُ ﴿٢٧﴾

《27》 'സകർ' എന്നാലെന്താണെന്ന് നിനക്ക് എന്തറിയാം!?-

لَا تُبْقِي وَلَا تَذَرُ ﴿٢٨﴾

《28》 അത് (ഒന്നിനെയും) ബാക്കിയാക്കുകയില്ല; വിട്ടുകളയുകയുമില്ല;-

لَوَّاحَةٌ لِّلْبَشَرِ ﴿٢٩﴾

《29》 തൊലിയെ എരിച്ചു (മാറ്റം വരുത്തി) കളയുന്നതാകുന്നു.

عَلَيْهَا تِسْعَةَ عَشَرَ ﴿٣٠﴾

《30》 അതിന്റെമേൽ (നോട്ടത്തിന്) പത്തൊമ്പത് പേരുണ്ട്.

《26》 سَأُصْلِيهِ വഴിയെ ഞാനവനെ ഇട്ട് കരിക്കും, ഇട്ടുകാച്ചും سَقَرَ സകറിൽ 《27》 وَمَآ أَدْرَىٰكَ നിനക്ക് എന്തറിയാം, നിനക്ക് അറിവ് നൽകിയത് എന്താണ് مَا سَقَرُ

സകർ എന്താണെന്ന് ﴾28﴿ لَا تُبْقِي അത് ബാക്കിവെക്കുകയില്ല وَلَا تَذَرُ വിട്ടുകളയുകയുമില്ല ﴾29﴿ لَوَّاحَةٌ എരിച്ചു (കരിച്ചു) കളയുന്നതാണ്, മാറ്റം വരുത്തുന്നതാണ്, കരിവർണമാക്കുന്നതാണ് لِّلْبَشَرِ തൊലിയെ ﴾30﴿ عَلَيْهَا അതിന്റെ മേലുണ്ട് تِسْعَةَ عَشَرَ പത്തൊമ്പത് പേർ

നരകത്തിന് പല പേരുകളും ക്വുർആനിൽ കാണാവുന്നതിൽ ഒന്നത്രെ 'സകർ' (سقر). എല്ലാ പേരുകളെയും പോലെ, ഇതും നരകത്തിന്റെ ഉഗ്രതയും കാഠിന്യവും കുറിക്കുന്നു.'ഉരുക്കിക്കളയുന്നത്, കരിച്ചുകളയുന്നത്'എന്നൊക്കെയാണ് അതിന് പദാർത്ഥം. (كما في المفردات) ഏതൊരു വസ്തുവാകട്ടെ, അതിനെ നരകത്തിലിട്ടാൽ അതതിനെ എരിച്ചുകളയാതെ ബാക്കി വെക്കുകയാകട്ടെ, വിട്ടുകളയുകയാകട്ടെ ചെയ്കയില്ല. തൊലികളിലേക്ക് ആളിച്ചെന്ന് അതിവേഗം അതിനെ കരിച്ചു നിറം മാറ്റം വരുത്തി കരിമയമാക്കുന്നതാണ്. നമ്മുടെ അഗ്നിയെക്കാളും എത്രയോ മടങ്ങ് ഉഗ്രതരമാണ് നരകാഗ്നി. എന്നിരിക്കിലും അതിനാൽ ശിക്ഷിക്കപ്പെടുന്നവർ നിത്യയാതനകൾ അനുഭവിച്ചുകൊണ്ടിരിക്കുകയെന്നല്ലാതെ അതിൽ അവൻ മരണടയുന്നതല്ല.വല്ല വിശ്രമവും ലഭിക്കുമോ, അതുമില്ല. (لا يموت فيها ولا يحيى (الأعلى) (ഒരിക്കലും മരണമടയുകയില്ല; ജീവിക്കുകയുമില്ല.) ഇത് നരകാഗ്നിയുടെ ഒരു പ്രത്യേകതയാണ്. മാത്രമല്ല, നിരന്തരം ശിക്ഷ അനുഭവിക്കേണ്ടതിനായി അവരുടെ തൊലികൾ വെന്തു കരിയുമ്പോഴേക്കും അല്ലാഹു വേറെ തൊലികളെ പകരം ഉണ്ടാക്കുകയും ചെയ്യുന്നതാണ്. (كلما نضجت جلودهم بدلناهم جلودا غيرها ليذوقوا العذاب–النساء:٤٦) അതിന്റെ മേൽനോട്ടം വഹിക്കുന്നവരാകട്ടെ, പരുഷസ്വഭാവികളും കഠിനൻമാരുമായ മലക്കുകളുമാകുന്നു.) (عليها ملائكة غلاظ شداد الخ–التحريم) ഈ മേൽനോട്ടക്കാരായ മലക്കുകളെക്കുറിച്ചാണ് 'പത്തൊമ്പതുപേരുണ്ട്' എന്ന് ഇവിടെ അല്ലാഹു പ്രസ്താവിച്ചത്. ഇവരുടെ എണ്ണം പത്തൊമ്പതാക്കി നിശ്ചയിച്ചതിന്റെ രഹസ്യം എന്താണെന്ന് നമുക്ക് അറിഞ്ഞുകൂടാ, അല്ലാഹുവിന് മാത്രമേ അറിയൂ. എങ്കിലും അതിവിടെ പ്രസ്താവിച്ചതിലടങ്ങിയ ചില രഹസ്യങ്ങൾ അടുത്തവചനത്തിൽ അല്ലാഹു ചൂണ്ടിക്കാട്ടുന്നുണ്ട്. അല്ലാഹു പറയുന്നു:-

وَمَا جَعَلْنَآ أَصْحَٰبَ ٱلنَّارِ إِلَّا مَلَٰٓئِكَةً ۙ وَمَا جَعَلْنَا عِدَّتَهُمْ إِلَّا فِتْنَةً لِّلَّذِينَ كَفَرُوا۟ لِيَسْتَيْقِنَ ٱلَّذِينَ أُوتُوا۟ ٱلْكِتَٰبَ وَيَزْدَادَ ٱلَّذِينَ ءَامَنُوٓا۟ إِيمَٰنًا

﴾31﴿ നരകത്തിന്റെ (മേൽനോട്ടക്കാരായ) ആൾക്കാരെ നാം മലക്കുകളല്ലാതെ ആക്കിയിട്ടില്ല; അവരുടെ എണ്ണം അവിശ്വസിച്ചവർക്ക് ഒരു പരീക്ഷണമല്ലാതെയും ആക്കിയിട്ടില്ല. (അതെ) വേദഗ്രന്ഥം നൽകപ്പെട്ടിട്ടുള്ളവർ ദൃഢമായി വിശ്വസിക്കുവാനും, വിശ്വസിച്ചിട്ടുള്ളവർക്ക് വിശ്വാസം വർദ്ധിക്കുവാനും,-

وَلَا يَرْتَابَ ٱلَّذِينَ أُوتُوا۟ ٱلْكِتَٰبَ وَٱلْمُؤْمِنُونَ ۙ وَلِيَقُولَ ٱلَّذِينَ فِى قُلُوبِهِم مَّرَضٌ وَٱلْكَٰفِرُونَ مَاذَآ أَرَادَ ٱللَّهُ بِهَٰذَا مَثَلًا ۚ كَذَٰلِكَ يُضِلُّ ٱللَّهُ مَن يَشَآءُ وَيَهْدِى مَن يَشَآءُ ۚ وَمَا يَعْلَمُ جُنُودَ رَبِّكَ إِلَّا هُوَ ۚ وَمَا هِىَ إِلَّا ذِكْرَىٰ لِلْبَشَرِ ﴿٣١﴾

വേദഗ്രന്ഥം നൽകപ്പെട്ടവരും സത്യവിശ്വാസികളും സന്ദേഹപ്പെടാതിരിക്കുവാനുമാകുന്നു (അത്). (കൂടാതെ)'ഹൃദയങ്ങളിൽ (ഒരു തരം) രോഗമുള്ളവരും അവിശ്വാസികളും ഇതുമൂലം എന്തൊരു ഉപമയാണ് അല്ലാഹു ഉദ്ദേശിച്ചിരിക്കുന്നത്'എന്ന് പറയുവാൻവേണ്ടിയുമാകുന്നു.

അപ്രകാരം, അല്ലാഹു അവൻ ഉദ്ദേശിക്കുന്നവരെ വഴിപിഴപ്പിക്കുകയും, അവൻ ഉദ്ദേശിക്കുന്നവരെ സൻമാർഗത്തിലാക്കുകയും ചെയ്യുന്നു. നിന്റെ റബ്ബിന്റെ സൈന്യങ്ങളെ അവനല്ലാതെ (ആരും) അറിയുന്നതല്ല. ഇത് മനുഷ്യർക്ക് ഒരു സ്മരണ (അഥവാ ഉപദേശം) അല്ലാതെ (മറ്റൊന്നും) അല്ലതാനും.

﴿31﴾ وَمَا جَعَلْنَآ നാം ആക്കിയിട്ടില്ല أَصْحَٰبَ ٱلنَّارِ നരകത്തിന്റെ ആൾക്കാരെ إِلَّا مَلَٰٓئِكَةً മലക്കുകളല്ലാതെ وَمَا جَعَلْنَا നാം ആക്കിയിട്ടില്ല عِدَّتَهُمْ അവരുടെ എണ്ണം إِلَّا فِتْنَةً ഒരു പരീക്ഷണമല്ലാതെ لِّلَّذِينَ كَفَرُوا۟ അവിശ്വസിച്ചവർക്ക് لِيَسْتَيْقِنَ ഉറപ്പാക്കുവാൻ, ദൃഢമാക്കുവാൻവേണ്ടി ٱلَّذِينَ أُوتُوا۟ നൽകപ്പെട്ടവർ ٱلْكِتَٰبَ വേദഗ്രന്ഥം وَيَزْدَادَ അധികരിക്കാനും ٱلَّذِينَ ءَامَنُوٓا۟ വിശ്വസിച്ചവർ(ക്ക്) إِيمَٰنًا വിശ്വാസം, വിശ്വാസത്താൽ وَلَا يَرْتَابَ സംശയപ്പെടാതെ ഇരിക്കുവാനും ٱلَّذِينَ أُوتُوا۟ ٱلْكِتَٰبَ വേദഗ്രന്ഥം നൽകപ്പെട്ടവർ وَٱلْمُؤْمِنُونَ സത്യവിശ്വാസികളും وَلِيَقُولَ പറയുവാൻ വേണ്ടിയും ٱلَّذِينَ യാതൊരുവർ فِى قُلُوبِهِم അവരുടെ ഹൃദയങ്ങളിലുണ്ട് مَّرَضٌ (ഒരുതരം) രോഗം وَٱلْكَٰفِرُونَ അവിശ്വാസികളും مَاذَآ أَرَادَ എന്തൊന്നാണ് ഉദ്ദേശിച്ചിരിക്കുന്നത് ٱللَّهُ അല്ലാഹു بِهَٰذَا ഇതുകൊണ്ട്, ഇതിനാൽ مَثَلًا ഉപമ, ഉദാഹരണമായിട്ട് كَذَٰلِكَ അപ്രകാരം, يُضِلُّ ٱللَّهُ അല്ലാഹു വഴിപിഴപ്പിക്കുന്നതാണ് مَن يَشَآءُ അവൻ ഉദ്ദേശിക്കുന്നവരെ وَيَهْدِى അവൻ സൻമാർഗത്തിലാക്കുകയും ചെയ്യും مَن يَشَآءُ അവൻ ഉദ്ദേശിക്കുന്നവരെ وَمَا يَعْلَمُ അറിയുകയില്ല جُنُودَ رَبِّكَ നിന്റെ റബ്ബിന്റെ സൈന്യങ്ങളെ

إِلَّا هُوَ അവനല്ലാതെ وَمَا هِيَ അത് (ഇവ- അവ) അല്ല إِلَّا ذِكْرَىٰ ഉപദേശം (സ്മരണ) അല്ലാതെ لِلْبَشَرِ മനുഷ്യർക്ക്

നരകത്തിന്റെ മേൽനോട്ടം വഹിക്കുവാൻ ഏൽപിക്കപ്പെട്ടിരിക്കുന്നത് പത്തൊമ്പത് മലക്കുകളാണെന്ന് അല്ലാഹു പ്രസ്താവിച്ചുവല്ലോ. ഇതുകേട്ടപ്പോൾ അബൂജഹ്ൽ തന്റെ ആളുകളോട്: 'നിങ്ങളിൽ ഓരോ പത്തുപേർക്കും അവരിൽ ഓരോരുത്തരെ പിടിച്ചടക്കിക്കൂടേ!' എന്നും, വേറൊരുവൻ 'പതിനേഴുപേരെ ഞാൻ തടുത്തുകൊള്ളാം, ബാക്കി രണ്ടുപേരുടെ കാര്യം നിങ്ങൾക്കും ആയിക്കൂടേ?!' എന്നും മറ്റും പരിഹസിച്ചു പറയുകയുണ്ടായെന്ന് ചില രിവായത്തുകളിൽ വന്നിരിക്കുന്നു.

നരകത്തിന്റെ മേൽനോട്ടക്കാർ മലക്കുകൾ മാത്രമാണ്- അഥവാ മനുഷ്യരോ മറ്റോ അല്ല- എന്ന് അല്ലാഹു ആദ്യമായി ചൂണ്ടിക്കാട്ടി. ഒരു മലക്കിനെപ്പോലും നേരിടുവാനോ ചെറുത്തുനിൽക്കുവാനോ മനുഷ്യർക്ക് സാധ്യമല്ല. എന്നിരിക്കെ, പത്തൊമ്പത് പേരിൽനിന്ന് എങ്ങനെ രക്ഷപ്പെടുവാൻ കഴിയും? അതുകൊണ്ട് അവരിൽനിന്ന് ആരെങ്കിലും രക്ഷപ്പെട്ടേക്കുമെന്ന് കരുതേണ്ട. എന്നിങ്ങനെയുള്ള ഒരു സൂചന ഇതിൽ അടങ്ങിയിരിക്കുന്നു. പത്തൊമ്പത് എന്ന എണ്ണം എടുത്തുപറഞ്ഞതിൽ സത്യവിശ്വാസികളെ സംബന്ധിച്ചിടത്തോളം ഏതെങ്കിലും തരത്തിലുള്ള സംശയത്തിനോ ആശയക്കുഴപ്പത്തിനോ അവകാശമില്ല. എന്തുകൊണ്ട് പത്തൊമ്പതായി, അല്ലെങ്കിൽ ഇരുപതോ നൂറോ ആയില്ല. എന്നിത്യാദി വിമർശനങ്ങളൊന്നും അവരിൽനിന്നുണ്ടാവാനില്ല. അല്ലാഹു പറഞ്ഞത് അപ്പടി സ്വീകരിക്കുവാനും വിശ്വസിക്കുവാനും അവർ തികച്ചും സന്നദ്ധരാണ്. എന്നാൽ അവിശ്വാസികളെ സംബന്ധിച്ചിടത്തോളം അതൊരു പരീക്ഷണം മാത്രമാണെന്ന് തുടർന്ന് പ്രസ്താവിച്ചിരിക്കുന്നു. ഈ രണ്ട് മുഖവുരകൾക്ക് ശേഷം വിഷയം കുറേക്കൂടി വിശദീകരിക്കുകയാണ് അടുത്ത വാക്യങ്ങളിൽ ചെയ്തിരിക്കുന്നത്. അതായത്: വേദഗ്രന്ഥം നൽകപ്പെട്ടവർക്ക് ക്വുർആനിലുള്ള വിശ്വാസം ദൃഢകരമായിത്തീരുവാൻ അത് ഉപകരിക്കുന്നു. കാരണം, അവരുടെ പക്കലുള്ള ഗ്രന്ഥങ്ങൾ മുഖേന അത് അവർക്ക് മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ക്വുർആനും അതോട് യോജിച്ചുകാണുമ്പോൾ അവർക്കത് കൂടുതൽ ബോധ്യവും സ്വീകാര്യവും ആയിരിക്കുമല്ലോ. മുൻ വേദഗ്രന്ഥങ്ങളിൽ ഈ വിവരം ഉള്ളതുകൊണ്ടാണ് അല്ലാഹു ഇപ്രകാരം പ്രസ്താവിച്ചതെന്ന് ഇബ്നുഅബ്ബാസ് (റ), ക്വത്താദഃ (റ), മുജാഹിദ് (റ) എന്നിവരിൽ നിന്ന് നിവേദനങ്ങൾ വന്നിട്ടുണ്ട്. മറ്റ് പലതുമെന്ന പോലെ, ഇന്നത്തെ ബൈബ്ളുകളിൽ ഇത് കാണപ്പെടാത്തതിന് കാരണം വ്യക്തമാണ്. പക്ഷേ, ക്വുർആൻ അവതരിക്കുന്ന കാലത്തെ വേദക്കാർക്ക് ഇക്കാര്യം പൊതുവിൽ അറിയാമായിരുന്നുവെന്നും, അതുകൊണ്ടാണ് അവർ അതിനെ എതിർക്കാതിരുന്നതെന്നും സ്പഷ്ടമാണല്ലോ. ഇതുപോലെത്തന്നെ, സത്യവിശ്വാസികൾക്ക് അത് വിശ്വാസം വർദ്ധിക്കുവാനും ഇടയാകുന്നു. ക്വുർആന്റെ പ്രസ്താവനകളെ വേദക്കാർ ശരിവെച്ചു കാണുന്നതും, നരകശിക്ഷയുടെ കാഠിന്യത്തെയും

സ്വഭാവത്തെയും കുറിച്ച് അറിയുന്നതും സത്യവിശ്വാസികളുടെ വിശ്വാസവർദ്ധനവിന് കാരണമാകുന്നു; കൂടാതെ, അല്ലാഹുവിങ്കൽനിന്ന് അവതരിച്ചുകൊണ്ടിരിക്കുന്ന ഓരോ സന്ദേശവും അവരുടെ വിശ്വാസത്തിൽ വർദ്ധനവുണ്ടാക്കുന്നു. وإذا تليت عليهم ءاياته زادتهم إيمانا–الأنفال (അവരുടെ മേൽ അവന്റെ ആയത്തുകൾ ഓതിക്കേൾപ്പിക്കപ്പെട്ടാൽ അതവർക്ക് വിശ്വാസത്തെ വർദ്ധിപ്പിക്കുന്നതാണ്.) അങ്ങനെ ഇരുകൂട്ടർക്കും– വേദക്കാർക്കും സത്യവിശ്വാസികൾക്കും– സന്ദേഹത്തിനോ, ആശയക്കുഴപ്പത്തിനോ അവകാശമില്ലാതായിത്തീരുന്നു. പരീക്ഷണത്തിന്റെ ഒരു വശമത്രെ ഇത്.

നേരെമറിച്ച് ഹൃദയത്തിൽ രോഗമുള്ളവരായ കപടവിശ്വാസികൾക്കും സത്യനിഷേധികളായ അവിശ്വാസികൾക്കുമാകട്ടെ, ഈ പ്രസ്താവനമൂലം ആശയക്കുഴപ്പവും കുതർക്കവുമായിരിക്കും വർദ്ധിക്കുക. പരീക്ഷണഫലത്തിന്റെ മറുവശമാണിത്. അങ്ങനെ, അവർ പറഞ്ഞേക്കും: ഇതെന്തൊരു ഉപമയാണ്? ഇതിന്റെ ഉദ്ദേശ്യമെന്തായിരിക്കും? എന്താണ് ഒരു പത്തൊമ്പതിന്റെ കണക്ക്? എന്തുകൊണ്ട് ഒരെണ്ണം കൂടിച്ചേർത്ത് ഇരുപത് തികച്ചില്ല .... എന്നൊക്കെ. ഇതിന് അല്ലാഹു നൽകുന്ന മറുപടി ശ്രദ്ധേയമാകുന്നു:

(1) ഇങ്ങനെയുള്ള പരീക്ഷണങ്ങൾ മുഖേന അല്ലാഹു ഉദ്ദേശിച്ചവരെ അവൻ വഴിപിഴപ്പിക്കുകയും അവൻ ഉദ്ദേശിച്ചവരെ അവൻ സൻമാർഗത്തിലാക്കുകയും ചെയ്യുന്നു. അതെ, സഹൃദയൻമാർക്ക് നേർമാർഗം പ്രാപിക്കുവാനും, ദുഷ്ടൻമാർക്ക് വഴിപിഴച്ചു തെറ്റിപ്പോകുവാനും അത് കാരണമായിത്തീരുന്നു.

(2) അല്ലാഹുവിന്റെ സൈന്യങ്ങൾ ഏതൊക്കെയാണ്, എത്രയാണ്, അവരുടെ സ്ഥിതിഗതികൾ എന്തെല്ലാമാണ് എന്നൊക്കെ അവൻ മാത്രമേ അറിയുകയുള്ളൂ. ഓരോ തരത്തിലുള്ള ആരാധനാ കർമങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന മലക്കുകൾ ഇല്ലാത്ത ഒരു സ്ഥലവും ഏഴ് ആകാശങ്ങൾക്കിടയിൽ ഇല്ല എന്നും മറ്റും നബിﷺപ്രസ്താവിച്ചിട്ടുള്ളത് ഇവിടെ സ്മരണീയമാകുന്നു. (അ; തി; ജ) എന്നിരിക്കെ, അവരെക്കുറിച്ച് അല്ലാഹു പറയുന്നത് അക്ഷരാർത്ഥത്തിൽ വിശ്വസിക്കുകയും സമ്മതിക്കുകയുമല്ലാതെ അതിനെപ്പറ്റി ചോദ്യം ചെയ്യാനോ കൂടുതൽ ചർച്ച നടത്തുവാനോ ആർക്കും ന്യായമോ അവകാശമോ ഇല്ല. അക്കൂട്ടത്തിൽ നരകത്തിന്റെ മേൽനോട്ടക്കാരെ പത്തൊമ്പതാക്കിയതിന്റെ രഹസ്യവും അവന് മാത്രമേ അറിഞ്ഞുകൂടു. എനി 'ഇരുപത്' എന്നോ മറ്റോ പറഞ്ഞാൽ അപ്പോഴും 'എന്ത് കൊണ്ടാണത്' എന്ന് ഇവർ ചോദിച്ചുകൂടായ്കയില്ലല്ലോ.

(3) നരകത്തെക്കുറിച്ചും അതിലെ കാവൽക്കാരെക്കുറിച്ചും മറ്റുമുള്ള ഇത്തരം പ്രസ്താവനകളൊന്നും തർക്കത്തിനോ വിമർശനത്തിനോ വിഷയമായിക്കൂടാത്തതാണ്. ജനങ്ങളെ ഓർമിപ്പിക്കുക മാത്രമാണ് അവയുടെ ലക്ഷ്യം. ഇഷ്ടമുള്ളവർക്ക് അവയെപ്പറ്റി ചിന്തിക്കുകയും ഉറ്റാലോചിക്കുകയും ചെയ്യാം.

അവയുടെ അടിസ്ഥാനത്തിൽ സ്വന്തം ചര്യയെ ചിട്ടപ്പെടുത്തുകയും ചെയ്യാം. എന്ന് മാത്രം. അല്ലാഹു പറയുന്നു:

വിഭാഗം- 2

كَلَّا وَٱلْقَمَرِ ﴿٣٢﴾

﴾32﴿ അങ്ങനെ വേണ്ട! ചന്ദ്രൻ തന്നെയാണ (സത്യം)!

وَٱلَّيْلِ إِذْ أَدْبَرَ ﴿٣٣﴾

﴾33﴿ രാത്രിയുമാണസത്യം- അത് പിന്നിട്ടുപോകുമ്പോൾ- !-

وَٱلصُّبْحِ إِذَآ أَسْفَرَ ﴿٣٤﴾

﴾34﴿ പ്രഭാതവുമാണ സത്യം- അത് പുലർന്നു (പ്രകാശിച്ചു) വന്നാൽ- !-

إِنَّهَا لَإِحْدَى ٱلْكُبَرِ ﴿٣٥﴾

﴾35﴿ നിശ്ചയമായും അത് [നരകം] വൻകാര്യങ്ങളിൽ ഒന്നു തന്നെ!-

نَذِيرًا لِّلْبَشَرِ ﴿٣٦﴾

﴾36﴿ മനുഷ്യന് ഒരു താക്കീത് എന്ന നിലക്ക്;-

لِمَن شَآءَ مِنكُمْ أَن يَتَقَدَّمَ أَوْ يَتَأَخَّرَ ﴿٣٧﴾

﴾37﴿ അതായത്, നിങ്ങളിൽനിന്ന് മുന്നോക്കം വരുവാനോ, പിന്നോക്കം പോകുവാനോ ഉദ്ദേശിച്ചവർക്ക്!

﴾32﴿ كَلَّا അങ്ങനെയല്ലാ (വേണ്ടാ) وَٱلْقَمَرِ ചന്ദ്രൻതന്നെയാണ ﴾33﴿ وَٱلَّيْلِ രാത്രിയും തന്നെയാണ إِذْ أَدْبَرَ അത് പിന്നിട്ടുപോകുമ്പോൾ﴾34﴿ وَٱلصُّبْحِ പ്രഭാതവും തന്നെയാണ إِذَآ أَسْفَرَ അത് പുലരുമ്പോൾ, പ്രകാശപ്പെട്ടാൽ ﴾35﴿ إِنَّهَا നിശ്ചയമായും അത് لَإِحْدَى ഒന്ന് (ഒരു കാര്യം) തന്നെ ٱلْكُبَرِ വലുതായ (വൻകാര്യങ്ങളായ)തിൽ ﴾36﴿ نَذِيرًا താക്കീത് നൽകുന്നതായിട്ട് (താക്കീതെന്ന നിലയിൽ) لِّلْبَشَرِ മനുഷ്യന്﴾37﴿ لِمَن شَآءَ ഉദ്ദേശിച്ചവർക്ക് مِنكُمْ നിങ്ങളിൽനിന്ന് أَن يَتَقَدَّمَ മുന്നോട്ടുവരുവാൻ, മുന്തുവാൻ أَوْ يَتَأَخَّرَ അല്ലെങ്കിൽ പിന്നോട്ട് പോകാൻ, പിന്താൻ

സത്യയാഥാർത്ഥ്യങ്ങളുടെ നേരെ കൽപ്പിച്ചുകൂട്ടി ധിക്കാരം കൈകൊണ്ടവർക്ക് 'സകർ' എന്ന നരകശിക്ഷയാണുള്ളതെന്ന് 26 -ാം വചനത്തിൽ അല്ലാഹു താക്കീത് നൽകി. തുടർന്നുള്ള വചനങ്ങളിൽ അതിന്റെ ഉഗ്രതയും ഗൗരവവും ചൂണ്ടിക്കാട്ടി. പിന്നീട് വിഷയത്തിന്റെ ഗൗരവം ഒന്നുകൂടി ഊന്നിപ്പറയുകയാണ്.

ചന്ദ്രൻ, രാത്രി, പ്രഭാതം എന്നിവയുടെ പേരിൽ സത്യം ചെയ്തുകൊണ്ടുള്ള ആ പ്രസ്താവനയുടെ സാരം ഇങ്ങനെ സംഗ്രഹിക്കാം: അത്- ആ സഖറാകുന്ന നരകം- കേവലം അവഗണിച്ചു തള്ളാവുന്ന ഒരു കാര്യമല്ല, ഏറ്റവും വമ്പിച്ച ഒരു കാര്യമത്രെ അത്. ഇത് ഒരു വ്യക്തിക്കോ ചില വ്യക്തികൾക്കോ മാത്രമുള്ള ഒരു താക്കീതല്ല. മനുഷ്യവർഗത്തിനാകമാനമുള്ള താക്കീതാണിത്. അതെ, മുമ്പോട്ട് വന്ന് സത്യം സ്വീകരിക്കുവാൻ തയ്യാറാകുന്നവർക്കും, സത്യത്തിൽനിന്ന് പിന്നോക്കം പോയി ദുർമാർഗത്തിൽ പതിക്കുന്നവർക്കും താക്കീതാകുന്നു.

كُلُّ نَفْسٍۭ بِمَا كَسَبَتْ رَهِينَةٌ ﴿٣٨﴾

﴾38﴿ എല്ലാ (ഓരോ) ദേഹവും [ആളും] അത് സമ്പാദിച്ചുവെച്ചതിന് പണയപ്പെട്ടതായിരിക്കും;

إِلَّآ أَصْحَٰبَ ٱلْيَمِينِ ﴿٣٩﴾

﴾39﴿ വലതുപക്ഷക്കാരൊഴികെ.

فِى جَنَّٰتٍ يَتَسَآءَلُونَ ﴿٤٠﴾

﴾40﴿ ചില സ്വർഗങ്ങളിലായിരിക്കും (അവർ). അവർ ചോദ്യം ചെയ്യും,-

عَنِ ٱلْمُجْرِمِينَ ﴿٤١﴾

﴾41﴿ കുറ്റവാളികളെക്കുറിച്ച്:

مَا سَلَكَكُمْ فِى سَقَرَ ﴿٤٢﴾

﴾42﴿'നിങ്ങളെ 'സഖറി'ൽ പ്രവേശിപ്പിച്ചത് എന്താണ്?' എന്ന്

﴾38﴿ كُلُّ نَفْسٍۭ എല്ലാ ദേഹവും (ആത്മാവും, ആളും) بِمَا كَسَبَتْ അത് സമ്പാദിച്ച (പ്രവർത്തിച്ച)തിന്ന് رَهِينَةٌ പണയമാണ്, പണയപ്പെട്ടതായിരിക്കും ﴾39﴿ إِلَّآ أَصْحَٰبَ ആൾക്കാരൊഴികെ, കൂട്ടരല്ലാതെ ٱلْيَمِينِ വലതുപക്ഷത്തിന്റെ ﴾40﴿ فِى جَنَّٰتٍ ചില സ്വർഗങ്ങളിൽ يَتَسَآءَلُونَ അവർ ചോദ്യം ചെയ്യും ﴾41﴿ عَنِ ٱلْمُجْرِمِينَ കുറ്റവാളികളെപ്പറ്റി ﴾42﴿ مَا سَلَكَكُمْ നിങ്ങളെ പ്രവേശിപ്പിച്ചത് (പ്രവേശിച്ച കാരണം) എന്താണ് فِى سَقَرَ സഖറിൽ (നരകത്തിൽ)

ഓരോ ആളും അവരവരുടെ കർമങ്ങളാകുന്ന സമ്പാദ്യങ്ങൾക്ക് പണയമായിരിക്കും. അഥവാ, സ്വന്തം കടമകളും ബാധ്യതകളും തീർത്തുകഴിഞ്ഞ സമ്പാദ്യങ്ങളാണുള്ളതെങ്കിൽ രക്ഷയുണ്ട്. ഇല്ലാത്തപക്ഷം രക്ഷകിട്ടുവാൻ മാർഗമില്ല. പക്ഷേ, വലതുപക്ഷക്കാരാകുന്ന *(*)* സജ്ജനങ്ങളെ സംബന്ധിച്ചിടത്തോളം, അവരുടെ കടമകളും ബാധ്യതകളുമെല്ലാം ഇഹത്തിൽവെച്ച് നേരത്തെ നിറവേറ്റപ്പെട്ടുകഴിഞ്ഞിരിക്കുന്നതുകൊണ്ട് അവർ കർമങ്ങൾക്ക് പണയപ്പെട്ടു കഷ്ടപ്പെടേണ്ടിവരുന്നത

(*) വലതുപക്ഷക്കാരെ (أصحاب اليمين)പ്പറ്റി സൂ: വാകിഅ (الواقعة)യിൽ വിവരിച്ചിട്ടുണ്ട്.

ല്ല. അവർക്ക് സക്വറിനെ ഭയപ്പെടേണ്ടതുമില്ല. സ്വർഗമായിരിക്കും അവരുടെ സങ്കേതം. അവിടെവെച്ച് ചിലപ്പോൾ അവർ സക്വറിന്റെ അവകാശികളായിത്തീർന്ന കുറ്റവാളികളെക്കുറിച്ച് അന്വേഷണം നടത്തും. നിങ്ങൾ ഈ ശിക്ഷക്ക് വിധേയരാകുവാൻ കാരണമെന്താണെന്ന് അവരോട് ചോദിക്കും. അതിന് നരകക്കാർ നൽകുന്ന മറുപടി നോക്കുക:-

قَالُوا۟ لَمْ نَكُ مِنَ ٱلْمُصَلِّينَ ﴿٤٣﴾

﴾43﴿ അവർ (മറുപടി) പറയും: ഞങ്ങൾ നമസ്കരിക്കുന്നവരുടെ കൂട്ടത്തിൽ ആയിരുന്നില്ല;-

وَلَمْ نَكُ نُطْعِمُ ٱلْمِسْكِينَ ﴿٤٤﴾

﴾44﴿ ഞങ്ങൾ സാധുക്കൾക്ക് ഭക്ഷണം കൊടുത്തിരുന്നതുമില്ല;-

وَكُنَّا نَخُوضُ مَعَ ٱلْخَآئِضِينَ ﴿٤٥﴾

﴾45﴿ (തോന്നിയവാസത്തിൽ) മുഴുകിയിരുന്നവരോടൊപ്പം ഞങ്ങൾ മുഴുകിക്കൊണ്ടിരിക്കുകയും ചെയ്തിരുന്നു;-

وَكُنَّا نُكَذِّبُ بِيَوْمِ ٱلدِّينِ ﴿٤٦﴾

﴾46﴿ പ്രതിഫലനടപടിയുടെ ദിവസത്തെ ഞങ്ങൾ വ്യാജമാക്കുകയും ചെയ്തിരുന്നു;-

حَتَّىٰٓ أَتَىٰنَا ٱلْيَقِينُ ﴿٤٧﴾

﴾47﴿ അങ്ങനെ (മരണമാകുന്ന ആ) ഉറപ്പ് ഞങ്ങൾക്ക് വന്നെത്തി.

﴾43﴿ قَالُوا۟ അവർ പറയും لَمْ نَكُ ഞങ്ങളായിരുന്നില്ല, ആയില്ല مِنَ ٱلْمُصَلِّينَ നമസ്കരിക്കുന്നവരുടെ കൂട്ടത്തിൽ﴾44﴿ وَلَمْ نَكُ ഞങ്ങളായിരുന്നുമില്ല نُطْعِمُ ഭക്ഷണം കൊടുക്കുക ٱلْمِسْكِينَ സാധുവിന്, പാവപ്പെട്ടവന്﴾45﴿ وَكُنَّا نَخُوضُ ഞങ്ങൾ (തോന്നിയവാസത്തിൽ) മുഴുകുകയും ചെയ്തിരുന്നു مَعَ ٱلْخَآئِضِينَ മുഴുകുന്നവരോടൊപ്പം﴾46﴿ وَكُنَّا نُكَذِّبُ ഞങ്ങൾ വ്യാജമാക്കുകയും ചെയ്തിരുന്നു بِيَوْمِ ٱلدِّينِ പ്രതിഫലത്തിന്റെ (നടപടി എടുക്കുന്ന) ദിവസത്തെ ﴾47﴿ حَتَّىٰٓ أَتَىٰنَا ഞങ്ങൾക്ക് വരുന്നതുവരെ, അങ്ങനെ ഞങ്ങൾക്ക് വന്നു ٱلْيَقِينُ (ആ) ഉറപ്പ്, ദൃഢമായ കാര്യം (മരണം)

മരണംവരെയും ഇതായിരുന്നു ഞങ്ങളുടെ നില. അതുകൊണ്ടാണ് ഞങ്ങൾ നരകശിക്ഷക്ക് വിധേയരായത് എന്ന് സാരം. എല്ലാ സംശയങ്ങൾക്കും വിരാമമിടുന്നതും ആർക്കും യാതൊരു സംശയമില്ലാത്തതുമായ കാര്യമാണല്ലോ മരണം. അതാണിവിടെ ഉറപ്പായ കാര്യം (اليقين) എന്ന് മരണത്തെ ഉദ്ദേശിച്ചു പറഞ്ഞത്.

സത്യവിശ്വാസത്തിന്റെ അനിവാര്യഫലവും, സത്യവിശ്വാസികളുടെ സൽക്കർമങ്ങളിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നതുമാണ് നമസ്കാരം. അതിന്റെ അടുത്ത സ്ഥാനം സാധുക്കളുടെ വിശപ്പടക്കുന്നതിനുമാണ്. ഈ രണ്ട് കാര്യവും ഉപേക്ഷവരുത്തുന്നവൻ യഥാർത്ഥവിശ്വാസിയായിരിക്കയില്ല. അതുകൊണ്ടാണ് ഇത് രണ്ടും ഇവിടെ മറ്റ് പലേടത്തുമെന്നപോലെ- പ്രത്യേകം എടുത്തുപറഞ്ഞിരിക്കുന്നത്. വിശുദ്ധ ക്വുർആൻ സന്ദേശങ്ങൾ, പ്രവാചകപ്രഭുവിന്റെ അദ്ധ്യാപനങ്ങൾ ആദിയായവയുടെ നേരെ പുച്ഛഭാവവും അവഹേളനനയവും സ്വീകരിക്കുക, അവർക്കെതിരെ അപവാദങ്ങൾ പുറപ്പെടുവിക്കുക, പ്രകോപന നടപടികൾ കൈക്കൊള്ളുക, ഇത്യാദി ദുസ്സമ്പ്രദായക്കാരോട് സഹകരിച്ചും പങ്കുചേർന്നുംകൊണ്ടിരിക്കുക, ഇതൊക്കെ സത്യനിഷേധത്തിന്റെ പ്രത്യക്ഷ ലക്ഷണങ്ങളത്രെ. എല്ലാറ്റിനും അടിസ്ഥാനമായി നിലകൊള്ളുന്നത് മരണാനന്തര ജീവിതത്തിന്റെയും പരലോകരക്ഷാശിക്ഷകളുടെയും നിഷേധവുമാകുന്നു. മരണംവരെ ഈ നില തുടർന്നുപോന്നവർക്കുണ്ടോ പിന്നെ വല്ല രക്ഷാമാർഗവും?! അല്ലാഹു പറയുന്നു:-

فَمَا تَنفَعُهُمْ شَفَٰعَةُ ٱلشَّٰفِعِينَ ﴿٤٨﴾

﴾48﴿ എനി, അവർക്ക് ശുപാർശക്കാരുടെ ശുപാർശ പ്രയോജനപ്പെടുന്നതല്ല.

﴾48﴿ فَمَا تَنفَعُهُمْ എനി (ആകയാൽ) അവർക്ക് പ്രയോജന (ഉപകാര)പ്പെടുകയില്ല شَفَٰعَةُ ശുപാർശ ٱلشَّٰفِعِينَ ശുപാർശക്കാരുടെ

രക്ഷക്കുള്ള മാർഗങ്ങളെല്ലാം അവർ നഷ്ടപ്പെടുത്തിയിരിക്കകൊണ്ട് എനി അവർക്ക് വേണ്ടി ശുപാർശ ചെയ്യാൻ ആരുമില്ല. ഉണ്ടെന്ന് സങ്കൽപിച്ചാൽതന്നെ അതവിടെ സ്വീകാര്യവുമല്ല. അതിന് സാധ്യതയുമില്ല. ഇങ്ങനെയാണ് സത്യത്തെ നിഷേധിക്കുന്നവരുടെ പര്യവസാനം.

فَمَا لَهُمْ عَنِ ٱلتَّذْكِرَةِ مُعْرِضِينَ ﴿٤٩﴾

﴾49﴿ എന്നിരിക്കെ, എന്താണവർക്ക്, - ഈ ഉൽബോധനത്തെവിട്ട് (അവർ) തിരിഞ്ഞുകളയുന്നവരായിക്കൊണ്ടിരിക്കുന്നു?!

كَأَنَّهُمْ حُمُرٌ مُّسْتَنفِرَةٌ ﴿٥٠﴾

﴾50﴿ വിറളിയെടുത്തോടുന്ന കഴുതകളെന്നോണമിരിക്കുന്നു അവർ,-

فَرَّتْ مِن قَسْوَرَةٍۭ ﴿٥١﴾

﴾51﴿ (അതെ) വല്ല സിംഹത്തിൽനിന്നും ഓടിപ്പായുന്ന (കഴുതകളെപ്പോലെ).

﴾49﴿ فَمَا لَهُمْ എന്നിരിക്കെ (അപ്പോൾ) എന്താണ് അവർക്ക് عَنِ ٱلتَّذْكِرَةِ ഉൽബോധനം (ഉപദേശം, സ്മരണ) വിട്ട് مُعْرِضِينَ തിരിഞ്ഞു കളയുന്നവരായി (കൊണ്ടിരിക്കുന്നു)﴾50﴿ كَأَنَّهُمْ അവർ ആകുന്നുവെന്നപോലെ حُمُرٌ കഴുതകൾ مُّسْتَنفِرَةٌ വിറളിപിടിച്ചു പോകുന്ന, പേടിച്ചു ഓടുന്ന ﴾51﴿ فَرَّتْ ഓടിപ്പോകുന്ന مِن قَسْوَرَةٍ സിംഹത്തിൽ (വേട്ടക്കാരിൽ- അമ്പെത്തുകാരിൽ) നിന്ന്

ഉൽബോധനങ്ങളും ഉപദേശങ്ങളും കേൾക്കുമ്പോൾ അവരിലുണ്ടാകുന്ന പ്രതികരണങ്ങളും ചേഷ്ടകളും കാണുമ്പോൾ, തങ്ങളെ വേട്ടയാടിപ്പിടിക്കുവാൻവന്ന സിംഹങ്ങളെക്കണ്ട് നാലുപാടും വിറളിയെടുത്തോടുന്ന കാട്ടുകഴുതക്കൂട്ടങ്ങളാണ് അവരെന്ന് തോന്നിയേക്കും എന്ന് സാരം. قسورة(ക്വസ്‌വറത്ത്) എന്ന വാക്കിന് അമ്പെത്തുകാർ എന്നും, വേട്ടക്കാർ എന്നും ചിലർ അർത്ഥം കൽപിച്ചിട്ടുണ്ട്. ഉദ്ദേശ്യം അപ്പോഴും വ്യക്തംതന്നെ.

بَلْ يُرِيدُ كُلُّ ٱمْرِيٍٕ مِّنْهُمْ

﴾52﴿(അത്രയുമല്ല) പക്ഷേ, അവരിൽനിന്നുള്ള എല്ലാ (ഓരോ) മനുഷ്യനും ഉദ്ദേശിക്കുന്നു,-

أَن يُؤْتَىٰ صُحُفًا مُّنَشَّرَةً ﴿٥٢﴾

(തുറന്ന്) നിവർത്തിവെക്കപ്പെട്ട ഏടുകൾ തനിക്ക് നൽകപ്പെടണമെന്ന്!

كَلَّا ۖ بَل لَّا يَخَافُونَ ٱلْـَٔاخِرَةَ ﴿٥٣﴾

﴾53﴾ അതു വേണ്ടാ! പക്ഷേ, അവർ പരലോകത്തെ ഭയപ്പെടുന്നില്ല.

﴾52﴿ بَلْ يُرِيدُ പക്ഷേ (എങ്കിലും) ഉദ്ദേശിക്കുന്നു كُلُّ ٱمْرِيٍٕ എല്ലാ (ഓരോ) മനുഷ്യനും مِّنْهُمْ അവരിൽപെട്ട أَن يُؤْتَىٰ അവന് കൊടുക്കപ്പെടണമെന്ന് صُحُفًا ചില ഏടു(ഗ്രന്ഥം)കൾ مُّنَشَّرَةً വിരുത്ത (നൂർത്ത- തുറക്ക)പ്പെട്ടതായ ﴾53﴿ كَلَّا വേണ്ടാ, അങ്ങനെയല്ല بَل لَّا يَخَافُونَ പക്ഷേ, അവർ ഭയപ്പെടുന്നില്ല ٱلْـَٔاخِرَةَ പരലോകത്തെ

അവരുടെ ധിക്കാരം കണ്ടാൽ, പ്രവാചകന് ലഭിച്ച ഗ്രന്ഥമൊന്നും പോരാ, അവരിൽ ഓരോരുത്തന്നും വെവ്വേറെത്തന്നെ തുറന്ന വേദഗ്രന്ഥം അവതരിച്ചുകിട്ടണം എന്നാണവരുടെ നില. ഇത്രത്തോളം ധിക്കാരത്തിന് മുതിരാതിരിക്കുകയാണവർക്ക് നല്ലത് എന്ന് അവർ ഓർത്തുകൊള്ളട്ടെ. പരലോകത്തെക്കുറിച്ച് ഭയമില്ലാത്തതാണ് ഇതിനെല്ലാം കാരണം എന്ന് സാരം.

كَلَّآ إِنَّهُۥ تَذْكِرَةٌ ﴿٥٤﴾

﴾54﴿ അതു വേണ്ടാ! നിശ്ചയമായും ഇതൊരു ഉൽബോധനമത്രെ!-

فَمَن شَآءَ ذَكَرَهُۥ ﴿٥٥﴾

﴾55﴿ ആകയാൽ, ആർക്കുവേണമോ അവൻ അത് ഓർമിച്ചുകൊള്ളട്ടെ.

وَمَا يَذْكُرُونَ إِلَّآ أَن يَشَآءَ ٱللَّهُ ۚ هُوَ أَهْلُ ٱلتَّقْوَىٰ وَأَهْلُ ٱلْمَغْفِرَةِ ﴿٥٦﴾

﴾56﴿ അല്ലാഹു ഉദ്ദേശിക്കുന്നതായാലല്ലാതെ അവർ ഓർമിക്കുന്നതല്ലതാനും. അവൻ ഭയഭക്തിക്ക് അവകാശപ്പെട്ടവനും, പാപമോചനത്തിന് അവകാശപ്പെട്ടവനുമത്രെ.

﴾54﴿ كَلَّا വേണ്ടാ إِنَّهُۥ നിശ്ചയമായും അത് (ഇത്) تَذْكِرَةٌ ഒരു ഉൽബോധനം (ഉപദേശം) ആകുന്നു ﴾55﴿ فَمَن شَآءَ അതുകൊണ്ട് അപ്പോൾ ആർ ഉദ്ദേശിച്ചുവോ, ആർക്കുവേണമോ ذَكَرَهُۥ അതവൻ ഓർമിക്കട്ടെ, സ്മരിക്കും﴾56﴿ وَمَا يَذْكُرُونَ അവൻ ഓർക്കുന്നതുമല്ല إِلَّآ أَن يَشَآءَ ഉദ്ദേശിക്കുന്നതായാലല്ലാതെ ٱللَّهُ അല്ലാഹു هُوَ أَهْلُ അവൻ അർഹനാണ്, തരപ്പെട്ട (അവകാശപ്പെട്ട)വനാണ് ٱلتَّقْوَىٰ സൂക്ഷ്മതക്ക്, ഭയഭക്തിക്ക് وَأَهْلُ അർഹനുമാകുന്നു ٱلْمَغْفِرَةِ പാപമോചനത്തിന് (പാപം പൊറുക്കുവാൻ

ഈ തിരുവചനം ഓതിക്കൊണ്ട് നബിﷺ ഇപ്രകാരം അരുളിയതായി ഹദീഥിൽ വന്നിരിക്കുന്നു.'നിങ്ങളുടെ റബ്ബ് പറയുന്നു: ഞാൻ സൂക്ഷിക്കപ്പെടുവാൻ- ഭയഭക്തി കാണിക്കപ്പെടുവാൻ- അർഹനാകുന്നു. അതുകൊണ്ട് എന്നോടൊപ്പം ഒരു ആരാധ്യനും സ്വീകരിക്കപ്പെട്ടുകൂടാ. എന്നാൽ, എന്നെ ആർ സൂക്ഷിക്കുകയും അങ്ങനെ എന്നോടൊപ്പം ഒരു ആരാധ്യനെയും സ്വീകരിക്കാതിരിക്കുകയും ചെയ്തുവോ അവന് ഞാൻ പൊറുത്തുകൊടുക്കുവാൻ അവകാശപ്പെട്ടവനാകുന്നു.' (അ; തി; ജ; ന.)

ക്വുർആൻ ആരെയും സത്യമാർഗത്തിലേക്ക് നിർബന്ധിച്ചു പിടിച്ചു വലിക്കുന്നില്ല. അത് സത്യങ്ങൾ വെട്ടിത്തുറന്നു കാട്ടിയും ഉപദേശിച്ചുംകൊണ്ടും നേർവഴിയിലേക്ക് മാടിവിളിക്കുന്നുവെന്നുമാത്രം. സത്യം സ്വീകരിക്കണം, നേർമാർഗം പ്രാപിക്കണം എന്നൊക്കെ ഉദ്ദേശ്യവും താൽപര്യവും ഉള്ളവർക്ക് അത് ഓർമിക്കുകയും വിശ്വസിക്കുകയും ചെയ്യാം. അല്ലാത്തവർക്ക് വേണമെങ്കിൽ നിരസിക്കുകയും ചെയ്യാം. (فمن شاء فاليؤمن ومن شاء فاليكفر–الكهف) പക്ഷേ, അല്ലാഹുവിന്റെ ഉദ്ദേശ്യംകൂടി ഉണ്ടെങ്കിലേ അവർ ഓർമിക്കലും വിശ്വസിക്കലുമെല്ലാം ഉണ്ടാകൂ. (وما يذكرون إلا أن يشاء الله) അവന്റെ മാർഗത്തിൽനിന്ന് തെറ്റിപ്പോകുന്നവർ ആരൊക്കെയാണെന്നും, നേർമാർഗം പ്രാപിക്കുന്നവർ ആരൊക്കെയാണെന്നും അവന് നല്ലപോലെ അറിയാമല്ലോ. (إن ربك هو أعلم بمن ضل عن سبيله وهو أعلم بالمهتدين – النحل: ١٢٥) അക്രമകാരികളായ ആളുകളെ അവൻ നേർമാർഗത്തിലാക്കുകയില്ലതാനും (إن الله لا يهدي القوم الظالمين–المنافقين) ചുരുക്കിപ്പറഞ്ഞാൽ, സൂക്ഷിക്കപ്പെടുവാനും ഭയഭക്തി അർപ്പിക്കപ്പെടുവാനുമുള്ള അർഹത അല്ലാഹുവിന് മാത്രമാണുള്ളത്.

അവനെ ആർ സൂക്ഷിച്ചു വരുന്നുവോ അവൻ നേർമാർഗം പ്രാപിച്ചു. അവന് അല്ലാഹു പൊറുത്തുകൊടുക്കുകയും ചെയ്യും. പൊറുത്തുകൊടുക്കുവാനുള്ള അവകാശവും അധികാരവുമാകട്ടെ, അതും അവന്നല്ലാതെ മറ്റാർക്കും ഇല്ല.

وما يذكرون إلا أن يشاء الله (അല്ലാഹു ഉദ്ദേശിക്കുന്നതായാലല്ലാതെ അവർ ഓർമിക്കുന്നതല്ല) എന്ന വാക്യത്തിൽ ഇസ്‌ലാമിലെ ഒരു മൗലിക വിശ്വാസ സിദ്ധാന്തം അടങ്ങിയിരിക്കുന്നു. മനുഷ്യന്റെ പ്രവർത്തനങ്ങളടക്കമുള്ള സകല കാര്യങ്ങളും അല്ലാഹുവിന്റെ ഉദ്ദേശ്യം അനുസരിച്ചേ ഉണ്ടാകുകയുള്ളൂ എന്ന തത്വമത്രെ അത്. അപ്പോൾ, മനുഷ്യൻ ഉദ്ദേശിച്ചതുകൊണ്ടുമാത്രം അവന് ഒന്നും നടത്തുവാനോ, അവനിൽ ഒന്നും നടക്കുവാനോ പോകുന്നില്ല. അതിനുള്ള കഴിവും വിചാരവും വികാരവുമെല്ലാം അല്ലാഹുവിൽനിന്ന്തന്നെ ലഭിക്കേണ്ടതുണ്ട്. وما تشاءون إلا أن يشاء الله رب العلمين–التكوير (ലോകരക്ഷിതാവായ അല്ലാഹു ഉദ്ദേശിക്കുന്നതായാലല്ലാതെ നിങ്ങൾ ഉദ്ദേശിക്കുന്നതല്ല.) നബി തിരുമേനിﷺക്ക്പോലും തിരുമേനി ഇഷ്ടപ്പെടുന്നവരെ നേർമാർഗത്തിലാക്കുവാൻ സാധ്യമല്ല. إنك لا تهدي من احببت ولكن الله يهدي من يشاء وهو اعلم بالمهتدين – القصص: ٥٦ (നിശ്ചയമായും, നീ ഇഷ്ടപ്പെട്ടവരെ നീ നേർമാർഗത്തിലാക്കുന്നതല്ല. പക്ഷേ, അല്ലാഹു അവൻ ഉദ്ദേശിക്കുന്നവരെ നേർമാർഗത്തിലാക്കുന്നു. നേർമാർഗം പ്രാപിക്കുന്നവരെപ്പറ്റി അവൻ നല്ലവണ്ണം അറിയുന്നവനുമാണ്.)

മനുഷ്യന്റെ കാര്യങ്ങളെല്ലാം അവന്റെ സ്വന്തം കഴിവിൽപെട്ടതാണെന്നും, അതിൽ അല്ലാഹു അവന് നിരുപാധികമായ സ്വാതന്ത്ര്യം നൽകിയിട്ടുണ്ടെന്നും വാദിച്ചുകൊണ്ട് മനുഷ്യന് അതിരുകവിഞ്ഞ സ്ഥാനം കൽപിച്ചു കൊടുക്കുന്ന യുക്തിവാദക്കാർ ഇതുപോലെയുള്ള ക്വുർആൻ വചനങ്ങളെ ദുർവ്യാഖ്യാനം ചെയ്യുക മാത്രമല്ല, അല്ലാഹുവിന്റെ അറിവിനെയും, കഴിവിനെയും, അധികാരത്തെയും അൽപമൊന്ന് വെട്ടിച്ചുരുക്കുകയും, അവന്റെ അറിവിനും ഇഷ്ടത്തിനും എതിരായി ലോകത്ത് കുറേ കാര്യങ്ങൾ നടമാടുമെന്ന് വരുത്തിത്തീർക്കുകയും കൂടി ചെയ്യുന്നത് കാണാം. മറ്റൊരുവിധത്തിൽ പറഞ്ഞാൽ, മനുഷ്യന്റെ അധികാരവൃത്തവും കഴിവും വലുതാക്കുവാനും, അല്ലാഹുവിന്റെ അധികാരവൃത്തവും കഴിവും ചെറുതാക്കുവാനും ശ്രമിക്കുകയാണ് ചെയ്യുന്നത്. അതോടുകൂടി, അല്ലാഹുവിന്റെ സൃഷ്ടികളിലും ഭരണകാര്യങ്ങളിലും തങ്ങളുടെ ബുദ്ധിക്കും യുക്തിക്കും ന്യായീകരിക്കുവാൻ കഴിയാത്ത രഹസ്യങ്ങളൊന്നും ഉണ്ടായിക്കൂടാ എന്നൊരു ധാരണയും അവരിൽനിന്ന് പ്രകടമാകുന്നു. الله أكبر അല്ലാഹു നമുക്കെല്ലാവർക്കും സത്യം ഗ്രഹിക്കുവാനും, നേർമാർഗം പ്രാപിക്കുവാനും തൗഫീക്വ് നൽകട്ടെ. നമ്മുടെ പാപങ്ങളും പാകപ്പിഴവുകളും അവൻ പൊറുത്തുതരട്ടെ. ആമീൻ.

ولا حول ولا قوة إلا بالله وله الحمد والمنة

سورة القيامة

75. സൂറതുൽ ക്വിയാമഃ

മക്കഃയിൽ അവതരിച്ചത് - വചനങ്ങൾ 40 - വിഭാഗം (റുകൂഉ്) 2

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ

പരമകാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

لَآ أُقْسِمُ بِيَوْمِ ٱلْقِيَٰمَةِ ﴿١﴾

﴾1﴿ 'ക്വിയാമത്ത്' നാൾ [ഉയിർത്തെഴുന്നേൽപിന്റെ ദിവസം] കൊണ്ട് ഞാൻ സത്യം ചെയ്തുപറയുന്നു;-

وَلَآ أُقْسِمُ بِٱلنَّفْسِ ٱللَّوَّامَةِ ﴿٢﴾

﴾2﴿ ആക്ഷേപക്കാരിയായ ആത്മാവിനെ (അഥവാ മനസ്സിനെ)ക്കൊണ്ടും ഞാൻ സത്യം ചെയ്തു പറയുന്നു:

أَيَحْسَبُ ٱلْإِنسَٰنُ أَلَّن نَّجْمَعَ عِظَامَهُۥ ﴿٣﴾

﴾3﴿ മനുഷ്യൻ ഗണിച്ചുകൊണ്ടിരിക്കുന്നുവോ, അവന്റെ എല്ലുകളെ നാം ഒരുമിച്ചുകൂട്ടുന്നതേയല്ല എന്ന്?!

بَلَىٰ قَٰدِرِينَ عَلَىٰٓ أَن نُّسَوِّيَ بَنَانَهُۥ ﴿٤﴾

﴾4﴿ ഇല്ലാതേ! അവന്റെ വിരൽതലപ്പുകളെ (പ്പോലും) ശരിപ്പെടുത്തുവാൻ കഴിവുള്ളവരായിക്കൊണ്ട് (നാമത് ചെയ്യും).

﴾1﴿ لَآ أُقْسِمُ ഞാൻ സത്യം ചെയ്തു പറയുന്നു بِيَوْمِ ٱلْقِيَٰمَةِ ക്വിയാമത്തുനാളിനെക്കൊണ്ട് ﴾2﴿ وَلَآ أُقْسِمُ സത്യം ചെയ്തു പറയുകയും ചെയ്യുന്നു بِٱلنَّفْسِ ആത്മാവിനെ (മനസ്സിനെ- ദേഹത്തെ)ക്കൊണ്ട് ٱللَّوَّامَةِ ആക്ഷേപക്കാരിയായ, അധികം

കുറ്റപ്പെടുത്തുന്ന ﴿3﴾ أَيَحْسَبُ ٱلْإِنسَٰنُ മനുഷ്യൻ ഭാവിക്കുന്നോ, ഗണിക്കുന്നുവോ أَلَّن نَّجْمَعَ നാം ഒരുമിച്ചുകൂട്ടുന്നതേയല്ലെന്ന് عِظَامَهُۥ അവന്റെ അസ്ഥി (എല്ലു)കളെ ﴿4﴾ بَلَىٰ ഇല്ലാതേ, അതെ قَٰدِرِينَ കഴിവുള്ളവരായിക്കൊണ്ട് عَلَىٰٓ أَن نُّسَوِّيَ നാം ശരിപ്പെടുത്തുവാൻ بَنَانَهُۥ അവന്റെ വിരൽതലപ്പ് (സന്ധിയെല്ല് -വിരലു)കളെ

لا أقسم (ലാ- ഉക്സിമു) എന്ന വാക്കിന് 'ഞാൻ സത്യം ചെയ്തു പറയുന്നു' എന്ന് അർത്ഥം കൽപിച്ചതിനെക്കുറിച്ച് സൂ: വാക്വിഅഃ 75 ന്റെ വ്യാഖ്യാനത്തിൽ വിവരിച്ചത് ഓർക്കുക. ഒന്നാമതായി ക്വിയാമത്ത് നാളിന്റെ പേരിലും, രണ്ടാമതായി ആക്ഷേപക്കാരിയായ ആത്മാവിന്റെ -അഥവാ മനസ്സിന്റെ- പേരിലും അല്ലാഹു സത്യം ചെയ്തുകൊണ്ട് പറയുന്നു: മനുഷ്യന്റെ മരണശേഷം, അവന്റെ അസ്ഥികളെ മുഴുവനും ഒരുമിച്ചുകൂട്ടി അവനെ നാം പുനർജീവിപ്പിക്കുന്നതാണ്. നാമത് ചെയ്കയില്ലെന്നോ, നമുക്കതിന് കഴിയുകയില്ലെന്നോ അവൻ ഭാവിക്കുന്നുണ്ടെങ്കിൽ ആ ഭാവന വിട്ടേക്കട്ടെ. തീർച്ചയായും നാമത് ചെയ്യുകതന്നെ ചെയ്യും. അവന്റെ വിരൽ തലപ്പുകൾപോലും- അഥവാ ഓരോ സന്ധിയെല്ലും- അതതിന്റെ സ്ഥാനത്തുവെച്ച് ശരിപ്പെടുത്തിക്കൊണ്ടുതന്നെ അത് ചെയ്യാൻ നമുക്ക് തികച്ചും കഴിവുണ്ട്.

മനുഷ്യമനസ്സിനെ ആക്ഷേപക്കാരി (اللوامة) അഥവാ വളരെ കുറ്റപ്പെടുത്തിക്കൊണ്ടിരിക്കുന്നത്- എന്ന് വിശേഷിപ്പിച്ചത് വളരെ അർത്ഥവത്താകുന്നു. ഒരു തെറ്റായ കാര്യം ഒരാൾ ചെയ്യുമ്പോൾ അവന്റെ മനസ്സാക്ഷി അവനെ കുറ്റപ്പെടുത്തുന്നു. അത് അരുതാത്തതാണെന്ന് അവന്റെ മനസ്സ് അവനോട് മന്ത്രിക്കാതിരിക്കുകയില്ല. ഒരു നന്മചെയ്തശേഷം പലപ്പോഴും അതിനെക്കാൾ നന്നാകുമായിരുന്ന മറ്റൊന്ന് ചെയ്യാത്തതിനെപ്പറ്റി മനസ്സിൽ ആക്ഷേപം ഉയരുന്നു എന്തിനത് ചെയ്തു, എന്തിനത് തിന്നു, എന്തിനത് പറഞ്ഞു, എന്തുകൊണ്ടിത് ചെയ്തില്ല. എന്തുകൊണ്ടിത് പറഞ്ഞില്ല എന്നിത്യാദി ആക്ഷേപങ്ങൾ പുറപ്പെടുവിക്കാത്ത മനുഷ്യമനസ്സ് ആർക്കാണുള്ളത്? യാഥാർത്ഥ്യങ്ങളുടെ നേരെ കണ്ണടച്ചും ദൃഷ്ടാന്തങ്ങളെ അവഗണിച്ചും സത്യനിഷേധം നടത്തുന്നവരും, വീണ്ടുവിചാരമോ, ഉപദേശം കേൾക്കുവാനുള്ള സന്നദ്ധതയോ ഇല്ലാത്തവരും, ഭാവിയെപ്പറ്റി ചിന്തിക്കാറില്ലാത്തവരുമെല്ലാം തന്നെ ഒരിക്കൽ തങ്ങളെത്തന്നെ പഴിക്കുകയും തീരാത്ത ഖേദത്തിലായിത്തീരുകയും ചെയ്യുന്നു. സൽക്കർമങ്ങൾ കുറെയെല്ലാം ചെയ്തിരുന്നാലും പരലോകത്ത്വെച്ച് ലഭിക്കുന്ന അവർണനീയമായ സുഖസൗകര്യങ്ങൾ കാണുമ്പോൾ, അയ്യോ, കുറേക്കൂടി സൽക്കർമങ്ങൾ ഞാൻ ചെയ്തുവെച്ചിരുന്നെങ്കിൽ നന്നായേനേ എന്ന് മനുഷ്യൻ വിലപിച്ചു പോകും. ചുരുക്കത്തിൽ മനസ്സിന്റെ ആക്ഷേപത്തിന് ഒട്ടും വിധേയനാകാത്ത മനുഷ്യനെ കാണുവാൻ പ്രയാസം.

بَلْ يُرِيدُ ٱلْإِنسَٰنُ لِيَفْجُرَ أَمَامَهُۥ ﴿٥﴾

﴿5﴾ പക്ഷേ, മനുഷ്യൻ അവന്റെ മുമ്പോട്ടു(ള്ള ജീവിതത്തിൽ) തോന്നിയവാസം ചെയ്യാൻ ഉദ്ദേശിക്കുകയാണ്.

يَسْـَٔلُ أَيَّانَ يَوْمُ ٱلْقِيَٰمَةِ ﴿٦﴾

﴿6﴾അവൻ ചോദിക്കുന്നു; ഏത വസരത്തിലാണ് ക്വിയാമത്ത്നാൾ എന്ന്!

فَإِذَا بَرِقَ ٱلْبَصَرُ ﴿٧﴾

﴿7﴾എന്നാൽ, കണ്ണ് (അന്ധാളിച്ച്) അഞ്ചിപ്പോയാൽ,-

وَخَسَفَ ٱلْقَمَرُ ﴿٨﴾

﴿8﴾ ചന്ദ്രൻ (പ്രകാശംപോയി) ഇരുളടയുകയും (ചെയ്താൽ),

وَجُمِعَ ٱلشَّمْسُ وَٱلْقَمَرُ ﴿٩﴾

﴿9﴾ സൂര്യനും ചന്ദ്രനും ഒരുമിച്ചു കൂട്ടപ്പെടുകയും ചെയ്താൽ),-

يَقُولُ ٱلْإِنسَٰنُ يَوْمَئِذٍ أَيْنَ ٱلْمَفَرُّ ﴿١٠﴾

﴿10﴾ അന്നത്തെ ദിവസം മനുഷ്യൻ പറയും: എവിടെയാണ് ഓടി രക്ഷപ്പെടുന്നത്?!

كَلَّا لَا وَزَرَ ﴿١١﴾

﴿11﴾ അതില്ല! രക്ഷയേ ഇല്ല!

إِلَىٰ رَبِّكَ يَوْمَئِذٍ ٱلْمُسْتَقَرُّ ﴿١٢﴾

﴿12﴾ നിന്റെ റബ്ബിങ്കലേക്കത്രെ, അന്നത്തെ ദിവസം (ചെന്ന്) അടങ്ങുന്നത്.

﴿5﴾ بَلْ എങ്കിലും, പക്ഷേ يُرِيدُ ഉദ്ദേശിക്കുന്നു ٱلْإِنسَٰنُ മനുഷ്യൻ لِيَفْجُرَ ദുർവൃത്തി (തോന്ന്യാസം) ചെയ്യാൻ أَمَامَهُ അവന്റെ മുമ്പോട്ട് (ഭാവിയിൽ) ﴿6﴾ يَسْـَٔلُ അവൻ ചോദിക്കുന്നു أَيَّانَ ഏതൊരവസരത്തിലാണ് يَوْمُ ٱلْقِيَٰمَةِ ക്വിയാമത്ത്നാൾ ﴿7﴾ فَإِذَا بَرِقَ എന്നാൽ മിന്നി (അഞ്ചി- കൂച്ചി)യാൽ, അന്ധാളിക്കുമ്പോൾ ٱلْبَصَرُ കണ്ണ്, ദൃഷ്ടി ﴿8﴾ وَخَسَفَ ഇരുളടയുക (വെളിച്ചം പോകുക)യും ٱلْقَمَرُ ചന്ദ്രൻ ﴿9﴾ وَجُمِعَ ഒരുമിച്ചു കൂട്ടപ്പെടുകയും ٱلشَّمْسُ وَٱلْقَمَرُ സൂര്യനും ചന്ദ്രനും ﴿10﴾ يَقُولُ ٱلْإِنسَٰنُ മനുഷ്യൻ പറയും يَوْمَئِذٍ ആ ദിവസം أَيْنَ എവിടെയാണ്, എങ്ങോട്ടാണ് ٱلْمَفَرُّ ഓടി രക്ഷപ്പെടുന്ന സ്ഥാനം, ഓടിപ്പോക്ക് ﴿11﴾ كَلَّا അങ്ങനെയല്ല, അതില്ല لَا وَزَرَ രക്ഷയില്ല, അഭയസ്ഥാനമില്ല ﴿12﴾ إِلَىٰ رَبِّكَ നിന്റെ റബ്ബിങ്കലേക്കാണ് يَوْمَئِذٍ അന്നത്തെ

ദിവസം ٱلْمُسْتَقَرُّ അടക്കം, ചെന്നുകൂടൽ

അവിശ്വാസിയായ മനുഷ്യൻ അവന്റെ ഭൂതകാലം ഏതായാലും നഷ്ടപ്പെടുത്തി. എന്നാൽ, ഭാവിയും നഷ്ടപ്പെടുത്തുമാറ് തോന്ന്യാസം തുടരുവാനാണ് അവൻ തുനിയുന്നത്. മരണാനന്തരജീവിതത്തെയും അതിലെ അനുഭവങ്ങളെയും അവൻ നിഷേധിക്കുന്നു.'നിങ്ങൾ പറഞ്ഞു കേൾക്കുന്ന ഈ ക്വിയാമത്ത്നാൾ എപ്പോഴാണുണ്ടാകുക?' എന്ന് അവൻ നിഷേധപൂർവ്വം പരിഹസിക്കുന്നു. എന്നാൽ അവൻ അറിഞ്ഞിരിക്കട്ടെ, അതത്ര വിദൂരമൊന്നുമല്ല. അത് എപ്പോൾ എന്നതിനെക്കാൾ ആലോചിക്കേണ്ടത് അത് എങ്ങനെയായിരിക്കും എന്നുള്ളതാണ്. അത് സംഭവിക്കുമ്പോൾ ലോകത്തിന്റെ നിലയെല്ലാം മാറിപ്പോകും. മനുഷ്യൻ അന്ധാളിച്ചു ഭയവിഹ്വലനായിത്തീരും; മിന്നലേറ്റവണ്ണം അവന്റെ കണ്ണുകൾ അഞ്ചിപ്പോകും; ചന്ദ്രന്റെ വെളിച്ചം നഷ്ടപ്പെട്ടു അത് ഇരുട്ട്മയമായിത്തീരും; സൂര്യനും ചന്ദ്രനും ഒരേ സ്ഥാനത്ത് ഒരുമിച്ചു കൂട്ടപ്പെടും. ഇങ്ങനെയുള്ള ആ ഘോരസമയം വന്നുകഴിഞ്ഞാൽ അപ്പോൾ, മനുഷ്യൻ സഹികെട്ട് രക്ഷാമാർഗത്തിന് മുറവിളികൂട്ടിക്കൊണ്ടിരിക്കും. പക്ഷേ, എവിടെ നിന്ന് രക്ഷകിട്ടുവാനാണ്? എല്ലാവരും ലോകരക്ഷിതാവിന്റെ കോടതിയിൽ സമ്മേളിക്കേണ്ട ദിവസമാണത്. ഒരാൾക്കും അതിൽനിന്ന് രക്ഷയില്ല. ആർക്കും അതിൽനിന്ന് ഒഴിവുമില്ല.

ചന്ദ്രന്റെ വെളിച്ചം പോയി ഇരുളടയുക, സൂര്യനും ചന്ദ്രനും ഒരുമിച്ചുകൂട്ടപ്പെടുക എന്നിങ്ങനെയുള്ള അത്യുഗ്രമായ സംഭവവികാസങ്ങൾ പലതും ക്വിയാമത്ത്നാളിൽ സംഭവിക്കുവാനിരിക്കുന്നതായി അല്ലാഹു അറിയിക്കുന്നു. താഴെ സൂറത്തുകളിൽ കൂടുതൽ സംഭവങ്ങളെക്കുറിച്ച് കാണാവുന്നതുമാണ്. അവ ഓരോന്നിനെ സംബന്ധിച്ചും അല്ലാഹു എന്ത് പറഞ്ഞുവോ അതേപടി അത് സംഭവിക്കുമെന്നതിൽ യാതൊരു സംശയവുമില്ല. അങ്ങനെത്തന്നെ വിശ്വസിക്കൽ കടമയുമാണ്. പക്ഷേ, അതിനെപ്പററി കൂടുതൽ വിശദീകരിച്ചു വിവരിക്കുവാൻ നമുക്ക് സാദ്ധ്യമല്ല. അല്ലാഹു പറയുന്നു:-

يُنَبَّؤُا۟ ٱلْإِنسَـٰنُ يَوْمَئِذٍۭ بِمَا قَدَّمَ وَأَخَّرَ ﴿١٣﴾

﴿13﴾ മനുഷ്യൻ മുൻചെയ്തുവെക്കുകയും, (ചെയ്യാതെ) പിന്നോക്കം വെക്കുകയും ചെയ്തിട്ടുള്ളതിനെപ്പറ്റി അന്ന് അവൻ ബോധ്യപ്പെടുത്തപ്പെടും.

بَلِ ٱلْإِنسَـٰنُ عَلَىٰ نَفْسِهِۦ بَصِيرَةٌ ﴿١٤﴾

﴿14﴾ പക്ഷേ, (അത്രയുമല്ല) മനുഷ്യൻ തനിക്ക് തന്നെ എതിരിൽ തെളിവായിരിക്കും;-

وَلَوْ أَلْقَىٰ مَعَاذِيرَهُۥ ﴿١٥﴾

﴿15﴾ അവൻ തന്റെ ഒഴികഴിവുകൾ സമർപ്പിച്ചാലും ശരി.

﴾13﴿ يُنَبَّؤُا۟ വൃത്താന്തം അറിയിക്കപ്പെടും (ബോധ്യപ്പെടുത്തപ്പെടും) ٱلْإِنسَـٰنُ മനുഷ്യൻ يَوْمَئِذٍۭ അന്നേദിവസം, അന്ന് بِمَا قَدَّمَ അവൻ മുന്തിച്ച (മുൻചെയ്ത)തിനെപ്പറ്റി وَأَخَّرَ പിന്തിക്കുകയും (പിന്നോക്കമാക്കുകയും) ചെയ്ത ﴾14﴿ بَلِ ٱلْإِنسَـٰنُ പക്ഷേ മനുഷ്യൻ عَلَىٰ نَفْسِهِۦ തന്റെ പേരിൽ തന്നെ (തനിക്ക് തന്നെ എതിരിൽ) بَصِيرَةٌ തെളിവാണ്, ദൃക്സാക്ഷിയായിരിക്കും ﴾15﴿ وَلَوْ أَلْقَىٰ അവൻ ഇട്ടാലും (സമർപ്പിച്ചാലും) ശരി, കാട്ടിയാലും مَعَاذِيرَهُۥ അവന്റെ ഒഴികഴിവുകളെ

നല്ലതാവട്ടെ, ചീത്തയാവട്ടെ ഓരോരുവനും മരണത്തിനുമുമ്പ് ചെയ്തുവെച്ച സകലകർമങ്ങളെയും ചെയ്യാതെ ബാക്കിവെച്ച കർമങ്ങളെയും കുറിച്ച് സവിസ്തരം അവനെ തെര്യപ്പെടുത്തും. അവന്റെ കർമരേഖകളും വിവിധതരം സാക്ഷികളും മുഖേന അവയെല്ലാം സ്ഥാപിക്കപ്പെടുകയും ചെയ്യും. അവന് എല്ലാം ശരിക്കും ബോധ്യമാകുകയും ചെയ്യും. എന്നാലും ഒഴികഴിവുകൾ പലതും അവൻ സമർപ്പിച്ചേക്കും. പക്ഷേ, ഫലപ്പെടുകയില്ല. അവൻ സ്വയം തന്നെ തനിക്കെതിരിൽ തെളിവും സാക്ഷിയുംകൊണ്ടുവരുന്നു! അതാ, അവന്റെ കൈകാലുകളും, തൊലി തുടങ്ങിയ അവയവങ്ങളും അവൻ ചെയ്തിട്ടുള്ള തെറ്റുകുറ്റങ്ങൾ തുറന്നുപറയുന്നു! അപ്പോൾ അവന്റെ വായടഞ്ഞുപോകുന്നതാണ്. അടുത്ത വചനങ്ങളിൽ നബിﷺയെ അഭിമുഖീകരിച്ചുകൊണ്ട് അല്ലാഹു പറയുന്നു:-

لَا تُحَرِّكْ بِهِۦ لِسَانَكَ لِتَعْجَلَ بِهِۦٓ ﴿١٦﴾

﴾16﴿ (നബിയേ) നീ അതിന് [ക്വുർആന്] ധൃതികൂട്ടുവാൻ വേണ്ടി നിന്റെ നാവിനെ അതുംകൊണ്ട് നീ ഇളക്കേണ്ട.

إِنَّ عَلَيْنَا جَمْعَهُۥ وَقُرْءَانَهُۥ ﴿١٧﴾

﴾17﴿ നിശ്ചയമായും അതിനെ (നിന്റെ മനസ്സിൽ) സമാഹരിക്കലും, അത് ഓതിത്തരലും നമ്മുടെ മേലാണ് (ബാധ്യത) ഉള്ളത്

فَإِذَا قَرَأْنَـٰهُ فَٱتَّبِعْ قُرْءَانَهُۥ ﴿١٨﴾

﴾18﴿ ആകയാൽ, നാം അത് ഓതിത്തന്നാൽ നീ ആ ഓത്തു പിൻപറ്റിക്കൊള്ളുക.

ثُمَّ إِنَّ عَلَيْنَا بَيَانَهُۥ ﴿١٩﴾

﴾19﴿ പിന്നീട് അത് വിവരിച്ചുതരലും നമ്മുടെ മേലാണ് (ബാധ്യത) ഉള്ളത്.

﴾16﴿ لَا تُحَرِّكْ നീ ഇളക്ക (ചലിപ്പിക്ക- അനക്ക)രുത് بِهِۦ അതുംകൊണ്ട്, അതുമായി لِسَانَكَ നിന്റെ നാവ് لِتَعْجَلَ بِهِۦ അതിനെ നീ ധൃതിപ്പെടുവാൻവേണ്ടി ﴾17﴿

إِنَّ عَلَيْنَا നിശ്ചയമായും നമ്മുടെ മേലാണ് (ബാധ്യത) جَمْعَهُ അതിനെ ഒരുമിച്ചുകൂട്ടൽ (സമാഹരിക്കൽ) وَقُرْءَانَهُ അതിനെ ഓതിത്തരലും ﴿18﴾ فَإِذَا قَرَأْنَٰهُ അങ്ങനെ (ആകയാൽ) നാം അതിനെ ഓതിയാൽ (ഓതിത്തന്നാൽ) فَٱتَّبِعْ നീ പിൻപറ്റുക, തുടരുക قُرْءَانَهُ അതിന്റെ വായനയെ, ആ വായനയെ ﴿19﴾ ثُمَّ അനന്തരം إِنَّ عَلَيْنَا നിശ്ചയമായും നമ്മുടെ മേലാണ് (ബാധ്യത) بَيَانَهُ അതിന്റെ വിവരണം, വിവരിക്കൽ

നബി തിരുമേനിﷺക്ക് വളരെ ആശ്വാസപ്രദമായ ഒരു ഉപദേശമാണ് ഈ വചനങ്ങളിൽ അല്ലാഹു നൽകുന്നത്. സൂ: ത്വാഹാ 114 ന്റെ വ്യാഖ്യാനത്തിൽ പ്രസ്താവിച്ചതുപോലെ, ജിബ്‌രീൽ (അ) ക്വുർആന്റെ വഹ്‌യുമായി വരുമ്പോൾ, അദ്ദേഹം സ്ഥലം വിടുന്നതിന് മുമ്പ്തന്നെ അത് മനഃപാഠമാക്കുവാനും, മറന്നുപോകാതിരിക്കുവാനുംവേണ്ടി തിരുമേനി അത് ധൃതിയിൽ നാവിളക്കി ചൊല്ലിക്കൊണ്ടിരിക്കുമായിരുന്നുവെന്നും, ഇത് സംബന്ധിച്ചാണ് ഈ വചനങ്ങൾ അവതരിച്ചതെന്നും ബുഖാരിയും മുസ്‌ലിമും മറ്റും ഉദ്ധരിച്ച ഹദീഥുകളിൽ വ്യക്തമാക്കിയിരിക്കുന്നു. അങ്ങനെ സാഹസപ്പെടേണ്ടതില്ലെന്നും അത് മനസ്സിൽ സമാഹരിച്ച് ഉറപ്പിച്ചുതരലും വേണ്ടതുപോലെ പാരായണം ചെയ്തുതരലും നമ്മുടെ ബാധ്യതയാണെന്നും ഓതിത്തരുമ്പോൾ അത് ശ്രദ്ധിച്ചുകൊണ്ടിരുന്നാൽ മതിയെന്നും അല്ലാഹു നബിﷺയെ ഉണർത്തുന്നു. മാത്രമല്ല, അവതരിപ്പിച്ചുതരുന്ന ക്വുർആൻ വചനങ്ങൾക്ക് ആവശ്യമായ വിവരണവും വ്യാഖ്യാനവും നൽകലും അല്ലാഹുവിന്റെ ബാദ്ധ്യത തന്നെയാണെന്നുകൂടി ഉണർത്തിയിരിക്കുന്നു. ബുഖാരിയുടെ രിവായത്തിൽ, ഈ വചനങ്ങൾ അവതരിച്ചതിനുശേഷം, പിന്നീട് ജിബ്‌രീൽ (അ) വരുമ്പോൾ തിരുമേനി തലതാഴ്ത്തി ശ്രദ്ധാപൂർവ്വം കേൾക്കുകയും, അദ്ദേഹം പോയാൽ അല്ലാഹു വാഗ്ദത്തം ചെയ്തതുപോലെ അവിടുന്ന് അത് ഓതിക്കേൾപ്പിക്കുകയും ചെയ്തിരുന്നുവെന്നും പ്രസ്താവിച്ചിരിക്കുന്നു.

അതിനെ സമാഹരിച്ചുതരൽ നമ്മുടെ ബാധ്യതയാണ് (إن علينا جمعه) എന്ന് പറഞ്ഞതിന്റെ താൽപര്യം, അപ്പപ്പോൾ അവതരിക്കുന്ന വചനങ്ങൾ മറന്നുപോകാതിരിക്കത്തക്കവണ്ണം നബിﷺയുടെ ഹൃദയത്തിൽ അപ്പപ്പോൾതന്നെ ഉറപ്പിച്ചു പാഠമാക്കിക്കൊടുക്കുന്നു എന്നത്രെ. മുസ്ഹഫുകളിൽ ഇന്ന് ഈ കാണുന്നവിധത്തിൽ ക്വുർആന്റെ ആദ്യം മുതൽ അവസാനംവരെയുള്ള ക്രോഡീകരണമല്ല ഇതുകൊണ്ടുദ്ദേശ്യം എന്ന് വ്യക്തമാണ്. (ഈ ക്രോഡീകരണത്തെപ്പറ്റി മുഖവുരയിൽ വിവരിച്ചു പറഞ്ഞിട്ടുമുണ്ട്.) ക്വുർആൻ വിവരിക്കുന്നതിന്റെ ബാധ്യതയും അല്ലാഹുവിന്നാണ് (ثم إن علينا بيانه) എന്ന് പറഞ്ഞുവല്ലോ. ഈ വാഗ്ദാനം നിറവേറ്റപ്പെടുന്നത് പ്രധാനമായും രണ്ട് പ്രകാരത്തിലായിരിക്കും.

(1) ചില വചനങ്ങളിൽ സംക്ഷിപ്തമായോ, സൂചനയായോ, വ്യംഗ്യമായോ മറ്റോ പ്രസ്താവിക്കപ്പെട്ടിട്ടുള്ള കാര്യങ്ങൾ മറ്റ് ചില വചനങ്ങൾ മുഖേന വ്യക്തമായും വിശദമായും വിവരിച്ചുകൊടുക്കുക. ക്വുർആന്റെ ചില വശങ്ങൾ

ചില വശങ്ങൾക്ക് വ്യാഖ്യാനം നൽകുന്നുവെന്ന് പറയുന്നതിന്റെ സാരം ഇതാണ്.

(2) ക്വുർആൻ വചനങ്ങൾ മുഖേനയല്ലാതെ- അഥവാ വഹ്‌യിന്റെ പല ഇനങ്ങളിൽപെട്ട ഏതെങ്കിലും ഒരിനംമുഖേന- ആവശ്യമായ വിശദീകരണങ്ങൾ നൽകുക. നബി തിരുമേനിﷺയുടെ വചനങ്ങളിലൂടെയും ചര്യകളിലൂടെയും ഇത് നമുക്ക് ലഭിക്കുന്നു. തിരുമേനിയുടെ സുന്നത്തുകൾ ക്വുർആന്റെ വ്യാഖ്യാനമാണെന്ന് പറയുന്നതിന്റെ ഉദ്ദേശ്യം ഇതാണ്.

ക്വിയാമത്ത്നാളിനെയും, അതിനെ നിഷേധിക്കുന്നവരെയും കുറിച്ചായിരുന്നുവല്ലോ മുൻ ആയത്തുകളിലെ സംസാരം. ഇടക്കുവെച്ച് നബിﷺക്ക് ചില ഉപദേശങ്ങൾ നൽകുകയുണ്ടായി. ഒരു പക്ഷേ, ഈ സ്ഥാനത്തുവെച്ചുതന്നെ ഈ ഉപദേശം നൽകേണ്ടുന്ന പ്രത്യേക സന്ദർഭം നേരിട്ടിരുന്നുവെന്നും വരാം. അതുകൊണ്ടായിരിക്കാം ഇവിടെവെച്ചുതന്നെ അക്കാര്യം ഉണർത്തിയത്. അല്ലാഹുവിനറിയാം. ഏതായാലും അടുത്ത വചനങ്ങളിൽ മുൻ സംസാരവിഷയം തന്നെ തുടരുന്നു:-

كَلَّا بَلْ تُحِبُّونَ ٱلْعَاجِلَةَ ﴿٢٠﴾

《20》 (മനുഷ്യരേ) അങ്ങനെ വേണ്ട! പക്ഷേ, നിങ്ങൾ ക്ഷണികമായതിനെ [ഐഹികജീവിതത്തെ] ഇഷ്ടപ്പെടുന്നു;

وَتَذَرُونَ ٱلْآخِرَةَ ﴿٢١﴾

《21》 പരലോക (ജീവിത)ത്തെ നിങ്ങൾ വിട്ടേക്കുകയും ചെയ്യുന്നു!

《20》 كَلَّا അങ്ങനെയല്ല, വേണ്ട بَلْ تُحِبُّونَ. എങ്കിലും (പക്ഷേ) നിങ്ങൾ ഇഷ്ടപ്പെടുന്നു ٱلْعَاجِلَةَ ക്ഷണികമായതിനെ, വേഗം കഴിയുന്നതിനെ 《21》 وَتَذَرُونَ നിങ്ങൾ വിട്ടേക്കുകയും ചെയ്യുന്നു ٱلْآخِرَةَ പരലോകത്തെ

അതാണ് നിങ്ങൾക്ക് പിണഞ്ഞ അബദ്ധം. അതുകൊണ്ടാണ് നിങ്ങൾ എല്ലാ സത്യയാഥാർത്ഥ്യങ്ങളെയും നിഷേധിക്കുവാനും, തോന്ന്യാസങ്ങളിൽ മുഴുകുവാനും ഒരുമ്പെടുന്നത് എന്ന് താൽപര്യം. വാസ്തവത്തിൽ പരലോകജീവിതത്തിൽ വിശ്വാസമുള്ളവർപോലും ദുർമാർഗത്തിൽ പതിച്ചുപോകുവാനുള്ള പ്രധാന കാരണവും ഇത്തന്നെ. അതെ, ഐഹികജീവിതത്തോടുള്ള പ്രേമവും, പരലോകജീവിതത്തെക്കുറിച്ചുള്ള അവഗണനയും!

وُجُوهٌ يَوْمَئِذٍ نَّاضِرَةٌ ﴿٢٢﴾

《22》 ചില മുഖങ്ങൾ അന്നത്തെ ദിവസം (സന്തോഷിച്ചു) പ്രസന്നമായവയായിരിക്കും;-

إِلَىٰ رَبِّهَا نَاظِرَةٌ ﴿٢٣﴾

وَوُجُوهٌ يَوْمَئِذٍ بَاسِرَةٌ ﴿٢٤﴾

تَظُنُّ أَن يُفْعَلَ بِهَا فَاقِرَةٌ ﴿٢٥﴾

﴾23﴿ (അതെ) അവയുടെ റബ്ബിങ്കലേക്ക്നോക്കിക്കാണുന്നവയായിരിക്കും.

﴾24﴿ (മറ്റ്) ചില മുഖങ്ങളാകട്ടെ, അന്നത്തെ ദിവസം (വിഷാദിച്ചു) ചുളുങ്ങിയവയുമായിരിക്കും;-

﴾25﴿ അവയെക്കൊണ്ട് വല്ല അത്യാപത്തും പ്രവർത്തിക്കപ്പെടുമെന്ന് അവ(ഉറപ്പായി)ധരിക്കുന്നതാണ്.

﴾22﴿ وُجُوهٌ ചില മുഖങ്ങൾ يَوْمَئِذٍ അന്ന് نَّاضِرَةٌ പ്രസന്നമായ (ഭംഗിയായ- ശോഭിക്കുന്ന)വയായിരിക്കും ﴾23﴿ إِلَىٰ رَبِّهَا അവയുടെ റബ്ബിങ്കലേക്ക് نَاظِرَةٌ നോക്കുന്നവയായിരിക്കും ﴾24﴿ وُجُوهٌ ചില മുഖങ്ങളാവട്ടെ يَوْمَئِذٍ അന്ന് بَاسِرَةٌ ചുളുങ്ങിയ (ചുളിഞ്ഞ- ഇറുകിയ- ഇരുണ്ട) വയായിരിക്കും ﴾25﴿ تَظُنُّ അവ ധരിക്കും (ഉറപ്പിക്കും) أَن يُفْعَلَ ചെയ്യപ്പെടു (പ്രവർത്തിക്കപ്പെടു)മെന്ന് بِهَا അവയെക്കൊണ്ട്, അവയോട് فَاقِرَةٌ വല്ല അത്യാപത്തും, നട്ടെല്ലിന് ബാധിക്കുന്ന വിപത്ത്

അതായത്, സന്തോഷാധിക്യത്താൽ സജ്ജനങ്ങളുടെ മുഖങ്ങൾ പ്രശോഭിച്ചു പ്രസന്നങ്ങളായിത്തീരുകയും അല്ലാഹുവിനെ ദർശിക്കുകയെന്ന മഹാഭാഗ്യം അവർക്ക് സിദ്ധിക്കുകയും ചെയ്യും. അതേ സമയത്ത് ദുർജ്ജനങ്ങളാകട്ടെ, തങ്ങൾക്ക് അത്യാപത്താണ് നേരിടുവാനുള്ളതെന്ന് കണ്ട് അങ്ങേഅറ്റം വിഷാദപ്പെടുകയും അവരുടെ മുഖങ്ങൾ ഇരുളടഞ്ഞു ചുളുങ്ങിപ്പോകുകയും ചെയ്യുന്നു.

സ്വർഗീയ അനുഗ്രഹങ്ങളിൽ ഏറ്റവും വമ്പിച്ച അനുഗ്രഹമാണ് അല്ലാഹുവിന്റെ തിരുസന്നിധി ദർശിക്കുവാനുള്ള ഭാഗ്യം 'മുഅ്തസിലഃ' വിഭാഗക്കാരെപ്പോലെയുള്ള ചില യുക്തിവാദക്കാർക്ക് അവരുടെ തത്വശാസ്ത്രമനുസരിച്ച് ഈ ദർശനത്തെ അംഗീകരിക്കുവാൻ സാധിക്കയില്ല. അതുകൊണ്ട് അവർ അത് സംബന്ധിച്ച രേഖകളെല്ലാം ദുർവ്യാഖ്യാനം ചെയ്യുകയോ തള്ളിക്കളയുകയോ ചെയ്തുകാണാം. പക്ഷേ, ചില ക്വുർആൻ വചനങ്ങളിൽ നിന്നും ബലപ്പെട്ട പല ഹദീഥുകളിൽനിന്നും വ്യക്തമായി അറിയപ്പെട്ടതും, സ്വഹാബികൾ, താബിഉകൾ, സമുദായത്തിലെ പണ്ഡിതൻമാർ എന്നുവേണ്ട, പൊതുവിൽ മുസ്ലിം സമുദായം മുഴുവനും അംഗീകരിച്ചതുമായ ഒരു യാഥാർത്ഥ്യമാണത്. അബൂസഈദ് (റ), അബൂഹുറയ്റഃ (റ) എന്നീ സ്വഹാബികളിൽനിന്ന് ഇമാം ബുഖാരിയും മുസ്ലിമും (റ) മറ്റും ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: 'ചില ആളുകൾ ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ, നാം ക്വിയാമത്ത്നാളിൽ നമ്മുടെ റബ്ബിനെ കാണുമോ?' അപ്പോൾ തിരുമേനി പറഞ്ഞു: ഒട്ടും മേഘമില്ലാത്ത അവസരത്തിൽ സൂര്യനെയും ചന്ദ്രനെയും കാണുന്നതിൽ നിങ്ങൾക്ക് വിഷമം നേരിടുമോ? അവർ പറഞ്ഞു:

ഇല്ല. തിരുമേനി പറഞ്ഞു:'അതുപോലെ, നിശ്ചയമായും നിങ്ങൾ നിങ്ങളുടെ റബ്ബിനെ വഴിയെ കാണുന്നതാണ്.'

നബിﷺ അരുളിച്ചെയ്തതായി സ്വുഹൈബ് (റ) പ്രസ്താവിക്കുന്ന ഒരു ഹദീഥിന്റെ സാരം ഇപ്രകാരമാണ്: 'സ്വർഗക്കാർ സ്വർഗത്തിൽ പ്രവേശിച്ചാൽ, നിങ്ങൾക്ക് ഞാൻ വല്ലതും കൂടുതലായി നൽകേണ്ടതുണ്ടോ' എന്ന് അല്ലാഹു അവരോട് ചോദിക്കും. അവർ മറുപടി പറയും: നീ ഞങ്ങളുടെ മുഖം വെള്ളയാക്കി (ഞങ്ങൾക്ക് സന്തോഷം നൽകി)ത്തരുകയും ഞങ്ങളെ സ്വർഗത്തിൽ പ്രവേശിപ്പിക്കുകയും, ഞങ്ങളെ നരകത്തിൽനിന്ന് രക്ഷപ്പെടുത്തുകയും ചെയ്തുതന്നില്ലേ? (എനി എന്താണ് ഞങ്ങൾക്കുവേണ്ടത്?!) അപ്പോൾ മറ ഉയർത്തപ്പെടും. എന്നിട്ട് അവർ അല്ലാഹുവിന്റെ തിരുമുഖം നോക്കിക്കാണും. അപ്പോൾ അവർക്ക് തങ്ങളുടെ റബ്ബിനെ നോക്കിക്കാണുന്നതിനെക്കാൾ ഇഷ്ടപ്പെട്ടതായി മറ്റൊന്നുംതന്നെ ഉണ്ടായിരിക്കയില്ല. പിന്നീട് തിരുമേനി– للذين أحسنوا الحسنى وزيادت يونس (നന്മ പ്രവർത്തിച്ചവർക്ക് ഏറ്റവും നല്ല പ്രതിഫലമുണ്ട്; കൂടുതലുമുണ്ട്.) എന്ന ക്വുർആൻ വചനം ഓതുകയും ചെയ്തു. (മുസ്‌ലിം.) 'ഏറ്റവും നല്ല പ്രതിഫലം' എന്ന് പറഞ്ഞത് സ്വർഗവും, 'കൂടുതൽ' എന്ന് പറഞ്ഞത് തിരുമുഖദർശനവും ആകുന്നുവെന്നാണ് തിരുമേനി ഇത് മുഖേന ചൂണ്ടിക്കാട്ടിയത്. 'അപ്പോൾ മറ ഉയർത്തപ്പെടും' എന്നുള്ള ഹദീഥിലെ വാക്യം ശ്രദ്ധേയമാണ്. അല്ലാഹുവിന്റെ തിരുമുഖം സൃഷ്ടികൾക്ക് കാണുവാൻ സാധിക്കാതിരിക്കുമാറുള്ള എന്തോ ഒരു മറ– ആ മറ എന്താണെന്ന് അല്ലാഹുവിനറിയാം– ഉണ്ടെന്നും, ആ മറ ആരിൽനിന്ന് നീക്കപ്പെടുന്നുവോ ആ ഭാഗ്യവാൻമാർക്കേ അതിന് സാധിക്കുകയുള്ളുവെന്നും ഇതിൽനിന്ന് മനസ്സിലാക്കാം. ഈ വസ്തുത അല്ലാഹുവിന്റെ വചനത്തിൽനിന്ന് തന്നെ മനസ്സിലാക്കാവുന്നതാണ്. സൂറത്തുൽ മുത്വഫ്ഫിഫീനിൽ നരകക്കാരായ മഹാപാപികളെപ്പറ്റി അല്ലാഹു പറയുന്നു; كلا انهم عن ربهم يومئذ لمحجوبون– المطففين (അങ്ങനെയെല്ലാ, നിശ്ചയമായും അന്നത്തെ ദിവസം അവർ തങ്ങളുടെ റബ്ബിൽനിന്നും മറയിടപ്പെടുന്നവരാണ്.) ഇമാം ശാഫഈ (റ) ചൂണ്ടിക്കാണിച്ചതുപോലെ, അല്ലാഹുവിനെ ദർശിക്കുന്നതിൽനിന്ന് സജ്ജനങ്ങൾ മറയിടപ്പെടുന്നതല്ല. അതുകൊണ്ടാണല്ലോ അവിശ്വാസികൾ മറയിടപ്പെടുന്നവരാണെന്ന് അല്ലാഹു പറഞ്ഞിരിക്കുന്നത്.

كَلَّآ إِذَا بَلَغَتِ ٱلتَّرَاقِيَ ﴿٢٦﴾

《26》 വേണ്ട! അത് [പ്രാണൻ] തോളെല്ലിങ്കൽ [തൊണ്ടക്കുഴിയിൽ] എത്തിയാൽ,–

وَقِيلَ مَنْ رَاقٍ ﴿٢٧﴾

《27》 ആരുണ്ട് മന്ത്രം നടത്തുന്നവൻ എന്ന് പറയപ്പെടുകയും,–

وَظَنَّ أَنَّهُ ٱلْفِرَاقُ ﴿٢٨﴾

﴿28﴾ അവൻ [മരണം ആസന്നമായവൻ] അത് തന്റെ വേർപാടാണെന്ന് (ഉറപ്പായി) ധരിക്കുകയും,-

وَٱلْتَفَّتِ ٱلسَّاقُ بِٱلسَّاقِ ﴿٢٩﴾

﴿29﴾ കണങ്കാൽ കണങ്കാലോട് കൂടിപ്പിണയുകയും (ചെയ്താൽ)!-

إِلَىٰ رَبِّكَ يَوْمَئِذٍ ٱلْمَسَاقُ ﴿٣٠﴾

﴿30﴾ അന്ന് നിന്റെ റബ്ബിങ്കലേക്കായിരിക്കും (അവനെ) കൊണ്ടുപോകുന്നത്.

﴿26﴾ كَلَّآ വേണ്ട, അങ്ങനെയല്ല إِذَا بَلَغَتِ അത് എത്തിയാൽ ٱلتَّرَاقِيَ തോളെല്ലിങ്കൽ, വളയനെല്ലുകളിൽ ﴿27﴾ وَقِيلَ പറയപ്പെടുകയും مَنْ ആരുണ്ട്, ആരാണ്, رَاقٍ മന്ത്രം നടത്തുന്നവൻ, വൈദ്യക്കാരൻ ﴿28﴾ وَظَنَّ അവൻ ധരിക്കുക (ഉറപ്പിക്കുക)യും أَنَّهُ ٱلْفِرَاقُ അത് വേർപാടാണെന്ന് ﴿29﴾ وَٱلْتَفَّتِ കൂടിപ്പിണയുകയും, പറ്റിച്ചേരുകയും ٱلسَّاقُ കണങ്കാൽ بِٱلسَّاقِ കണങ്കാലോട് ﴿30﴾ إِلَىٰ رَبِّكَ നിന്റെ റബ്ബിങ്കലേക്കാണ് يَوْمَئِذٍ അന്ന് ٱلْمَسَاقُ തെളിക്കൽ (കൊണ്ടുപോകൽ)

ഈ രംഗം അധികമൊന്നും വിവരിക്കേണ്ട ആവശ്യമില്ല. അല്പമൊന്ന് ആലോചിക്കുന്ന എവനും അതിന്റെ ഗൗരവം ഏറെക്കുറെ ഊഹിക്കാവുന്നതാണ്. ഏതൊരുവനും നിസ്സഹായകനായി മുട്ടുകുത്തുന്ന രംഗമത്രെ അത്. അതെ, ഈ ലോകവുമായി എന്നെന്നേക്കും വിടവാങ്ങുകയും, വിഭാവനകൾക്കതീതമായ പരലോകജീവിതവുമായി കണ്ടുമുട്ടുകയും ചെയ്യുന്ന രംഗം!

വിഭാഗം- 2

فَلَا صَدَّقَ وَلَا صَلَّىٰ ﴿٣١﴾

﴿31﴾ എന്നാൽ, അവൻ (വിശ്വസിച്ച്) സത്യമാക്കിയിട്ടില്ല, നമസ്കരിച്ചിട്ടുമില്ല;-

وَلَٰكِن كَذَّبَ وَتَوَلَّىٰ ﴿٣٢﴾

﴿32﴾ പക്ഷേ, വ്യാജമാ(ക്കി നിഷേധി)ക്കുകയും, പിൻതിരിയുകയും ചെയ്തിരിക്കുന്നു!

ثُمَّ ذَهَبَ إِلَىٰٓ أَهْلِهِۦ يَتَمَطَّىٰٓ ﴿٣٣﴾

﴿33﴾ പിന്നെ (അതിനും പുറമെ) അവൻ തന്റെ സ്വന്തക്കാരിലേക്ക് ദുരഭിമാനം നടിച്ചുകൊണ്ടുപോകുകയും ചെയ്തിരിക്കുന്നു.

أَوْلَىٰ لَكَ فَأَوْلَىٰ ﴿٣٤﴾

《34》 (ഹേ, മനുഷ്യാ) നിനക്ക് ഏറ്റവും വേണ്ടപ്പെട്ടത് തന്നെ, വേണ്ടപ്പെട്ടത്തന്നെ! [നിനക്ക് യോജിച്ച ശിക്ഷതന്നെ]

ثُمَّ أَوْلَىٰ لَكَ فَأَوْلَىٰ ﴿٣٥﴾

《35》 പിന്നെ (വീണ്ടും) നിനക്ക് ഏറ്റവും വേണ്ടപ്പെട്ടത് തന്നെ, വേണ്ടപ്പെട്ടത്തന്നെ! [നിനക്ക് യോജിച്ച ശിക്ഷതന്നെ]

《31》 فَلَا صَدَّقَ എന്നാൽ അവൻ സത്യമാക്കിയിട്ടില്ല (വിശ്വസിച്ചിട്ടില്ല) وَلَا صَلَّىٰ നമസ്കരിച്ചിട്ടുമില്ല 《32》 وَلَٰكِن പക്ഷേ, എങ്കിലും, എന്നാൽ كَذَّبَ അവൻ വ്യാജമാക്കിയിരിക്കുന്നു وَتَوَلَّىٰ പിൻതിരിയുക (തിരിഞ്ഞുപോകുക)യും ചെയ്തിരിക്കുന്നു 《33》 ثُمَّ ذَهَبَ പിന്നെ അവൻ പോകുകയും ചെയ്തു إِلَىٰ أَهْلِهِ തന്റെ സ്വന്തം (ആൾ)ക്കാരിലേക്ക് يَتَمَطَّىٰ ദുരഭിമാനം നടിച്ചുകൊണ്ട്, അഹങ്കരിച്ചുകൊണ്ട് 《34》 أَوْلَىٰ ഏറ്റവും യോജിച്ചത്, വേണ്ടപ്പെട്ടത് (വലിയ നാശം) لَكَ നിനക്ക് فَأَوْلَىٰ ഏറ്റവും യോജിച്ചത് 《35》 ثُمَّ പിന്നെയും أَوْلَىٰ لَكَ നിനക്ക് ഏറ്റവും യോജിച്ചത് فَأَوْلَىٰ ഏറ്റവും യോജിച്ചത്

മരണപ്പെട്ടുനോക്കുമ്പോൾ അവന് രക്ഷക്ക്വേണ്ടുന്ന യാതൊന്നും അവന്റെ കൂടെയില്ല. സത്യമെന്ന് വിശ്വസിക്കേണ്ടതൊന്നും അവൻ വിശ്വസിച്ചിട്ടില്ല. മനുഷ്യന്റെ പ്രധാന കടമയായ നമസ്കാരകർമവും അവൻ നിർവഹിച്ചിട്ടില്ല. നേരെമറിച്ച് സത്യയാഥാർത്ഥ്യങ്ങളെ വ്യാജമാക്കി നിഷേധിക്കുകയും, ഉപദേശങ്ങളും കൽപനകളും അനുസരിക്കാതെ പിൻതിരിഞ്ഞുകളയുകയുമാണവൻ ചെയ്തിരിക്കുന്നത്. മാത്രമോ? ഇതിനെല്ലാം പുറമെ സത്യത്തിനെതിരിൽ താൻ സ്വീകരിച്ചുവന്ന ധിക്കാരപ്രവർത്തനങ്ങളിൽ അഹങ്കരിച്ചുകൊണ്ടും ദുരഭിമാനം നടിച്ചുകൊണ്ടും അവൻ തന്റെ ആൾക്കാരുടെ അടുക്കൽ ചെല്ലുകയും ചെയ്തിരിക്കുന്നു. ഇത്രയും കടുത്ത ധിക്കാരിയണവൻ. എടോ! നിനക്ക് കിട്ടേണ്ടുന്നത് -അതെ തികച്ചും നിനക്ക് യോജിച്ച ശിക്ഷ- തന്നെയാണ് നിനക്കുള്ളത് എന്ന് അല്ലാഹു അവനെ താക്കീത് ചെയ്യുകയാണ്. ആവർത്തിച്ചാവർത്തിച്ചുകൊണ്ടുള്ള ഈ താക്കീത് അല്ലാഹുവിന് അവനോടുള്ള കോപത്തിന്റെ കാഠിന്യത്തെയാണ് കാണിക്കുന്നത്.

അക്രമകാരികളായ ആളുകൾക്ക് വല്ല നാശവും സംഭവിക്കുമ്പോൾ 'നിനക്ക് കിട്ടേണ്ടതുകിട്ടി' എന്നും, 'നിനക്ക് യോജിച്ചതുതന്നെയാണത്.' എന്നുമൊക്കെ പറയാറുണ്ടല്ലോ. അതുപോലെയുള്ള ഒരു പ്രയോഗമാണ് 34, 35 വചനങ്ങളിൽ (أولى لك എന്ന്) ആവർത്തിച്ചുപറഞ്ഞിരിക്കുന്നത്. 31, 32 വചനങ്ങളിൽ

ചൂണ്ടിക്കാട്ടിയതുപോലെയുള്ള പാപങ്ങൾ ചെയ്തുകൊണ്ടിരുന്ന നിനക്ക് വളരെ ചേർന്നത്തന്നെയാണ്. (35 -ാം വചനത്തിൽ പ്രസ്താവിച്ച) ആ അഹങ്കാരവും ദുരഭിമാനവും എന്നിങ്ങനെയും ആ വാക്കുകൾ വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ട്. അതായത്, ഇത്രയും ധിക്കാരത്തിന് മുതിർന്ന നീ നിന്റെ ആ പ്രവർത്തനങ്ങളിൽ അഹങ്കാരം കൊള്ളുന്നതും നിനക്ക് യോജിച്ചതുതന്നെ, അതിൽ ആശ്ചര്യമില്ല എന്ന് സാരം. രണ്ടായാലും അല്ലാഹുവിന് അവനോടുള്ള കോപവും അമർഷവുമാണത് കാണിക്കുന്നത് എന്ന് വ്യക്തം. അല്ലാഹുവിന്റെ കോപത്തിനും ക്രോധത്തിനും പാത്രമാകാതെ നമ്മെയെല്ലാം അവൻ കാത്തുരക്ഷിക്കട്ടെ. ആമീൻ. അല്ലാഹു പറയുന്നു:-

أَيَحْسَبُ ٱلْإِنسَٰنُ أَن يُتْرَكَ سُدًى ﴿٣٦﴾

《36》 മനുഷ്യൻ വിചാരിക്കുന്നുവോ, അവൻ വെറുതെയങ്ങ് ഉപേക്ഷിക്കപ്പെടുമെന്ന്?!

أَلَمْ يَكُ نُطْفَةً مِّن مَّنِىٍّ يُمْنَىٰ ﴿٣٧﴾

《37》 അവൻ (ഗർഭാശയത്തിൽ) സ്രവിക്കപ്പെടുന്ന ഇന്ദ്രിയത്തിൽനിന്നുമുള്ള ഒരു തുളളിയായിരുന്നില്ലേ?!-

ثُمَّ كَانَ عَلَقَةً فَخَلَقَ فَسَوَّىٰ ﴿٣٨﴾

《38》പിന്നീടവൻ ഒരു രക്തപിണ്ഡമായി; എന്നിട്ട് (അവനെ) അവൻ [അല്ലാഹു] സൃഷ്ടിച്ചു ശരിപ്പെടുത്തി;-

فَجَعَلَ مِنْهُ ٱلزَّوْجَيْنِ ٱلذَّكَرَ وَٱلْأُنثَىٰٓ ﴿٣٩﴾

《39》 അങ്ങനെ, അതിൽനിന്ന് ആണും പെണ്ണുമാകുന്ന രണ്ട് ഇണകളെ അവൻ ഉണ്ടാക്കി.

أَلَيْسَ ذَٰلِكَ بِقَٰدِرٍ عَلَىٰٓ أَن يُحْـِۧىَ ٱلْمَوْتَىٰ ﴿٤٠﴾

《40》 (അങ്ങനെയുള്ള) അവൻ മരണപ്പെട്ടവരെ ജീവിപ്പിക്കുവാൻ കഴിവുള്ളവനല്ലേ?!

《36》 أَيَحْسَبُ ഗണിക്കു(വിചാരിക്കു)ന്നുവോ ٱلْإِنسَٰنُ മനുഷ്യൻ أَن يُتْرَكَ അവൻ ഉപേക്ഷിക്ക(വിട)പ്പെടുമെന്ന് سُدًى വെറുതെ 《37》 أَلَمْ يَكُ അവനായിരുന്നില്ലേ نُطْفَةً ഒരു തുള്ളി, ബിന്ദു مِّن مَّنِىٍّ ഇന്ദ്രിയ (ശുക്ല)ത്തിൽനിന്നുള്ള يُمْنَىٰ ഒഴുക്ക (സ്രവിക്ക)പ്പെടുന്ന, ഒലിക്കുന്ന 《38》 ثُمَّ كَانَ പിന്നെ അവനായി, ആയിരുന്നു عَلَقَةً

ഒരു രക്തപിണ്ഡം, ചോരക്കട്ട فَخَلَقَഎന്നിട്ട് അവൻ സൃഷ്ടിച്ചു فَسَوَّىٰ അങ്ങനെ ശരിപ്പെടുത്തി, ചൊവ്വാക്കി ﴿39﴾ فَجَعَلَ مِنْهُ എന്നിട്ട് അവനിൽ (അതിൽ) നിന്ന് ഉണ്ടാക്കി ٱلزَّوْجَيْنِ രണ്ട് ഇണകളെ ٱلذَّكَرَ അതായത് ആണ് وَٱلْأُنثَىٰ പെണ്ണ് ﴿40﴾أَلَيْسَ ذَٰلِكَ ആ അവനല്ലേ بِقَـٰدِرٍ കഴിവുള്ളവൻ عَلَىٰٓ أَن يُحْـِۧيَ അവൻ ജീവിപ്പിക്കുവാൻ ٱلْمَوْتَىٰ മരണപ്പെട്ടവരെ

അതെ, നിശ്ചയമായും അവൻ അതിന് കഴിവുള്ളവൻ തന്നെ! ശൂന്യാവസ്ഥയിലായിരുന്ന മനുഷ്യജീവിയെ കേവലം നിസ്സാരവും നിർജ്ജീവവുമായ ഒരു വസ്തുവിൽനിന്ന് ഉത്ഭവിപ്പിച്ച് പല ഘട്ടങ്ങളെയും തരണം ചെയ്യിച്ച് ഈ നിലക്ക് എത്തിച്ച ആ മഹാശക്തിക്ക് അവന്റെ മരണശേഷം അവനെ വീണ്ടും ഒന്ന് ജീവിപ്പിക്കുവാൻ കഴിയുമോ എന്ന് വിശേഷബുദ്ധിയുള്ള ആരെങ്കിലും സംശയിക്കുവാൻ അവകാശമുണ്ടോ?!

ഈ ഒടുവിലത്തെ വചനം ഓതിക്കഴിഞ്ഞാൽ سبحانك (നീ മഹാപരിശുദ്ധൻ!) എന്നും بلى (ഇല്ലാതേ! നിശ്ചയമായും കഴിയും) എന്ന് നബിﷺ പറഞ്ഞിരുന്നതായി ഹദീഥിൽ വന്നിട്ടുണ്ട്. ഹദീഥ് സൂ: മുർസലാത്തിന്റെ അവസാനത്തിൽ കാണാം. (ഇ. അ.) അതുപോലെ നാമും പറയുന്നത് ആവശ്യമാണ്. ഈ വചനങ്ങൾ മനഃപൂർവ്വം അർത്ഥം ആലോചിച്ചുകൊണ്ട് ഓതുന്നവൻ താനറിയാതെ തന്നെ അപ്രകാരം പറഞ്ഞേക്കുകതന്നെ ചെയ്യും.

[اللهم لك الحمد ولك المنة والفضل]

سورة الإنسان

76. സൂറത്തുൽ ഇൻസാൻ

[ഈ അദ്ധ്യായത്തിന് സൂറത്തു- ദ്ദഹ്ർ എന്നും പേരുണ്ട്.]

മക്കഃയിൽ അവതരിച്ചത് - വചനങ്ങൾ 31 - വിഭാഗം (റുകൂഉ്) 2

വെള്ളിയാഴ്ച സ്വുബ്ഹ് നമസ്കാരത്തിൽ നബിﷺ സൂ: സജദഃയും ഈ സൂറത്തും ഓതിയിരുന്നതായി ഹദീഥിൽ വന്നിരിക്കുന്നു. ഹദീഥ് നാം സൂ: സജദഃയുടെ വ്യാഖ്യാനത്തിൽ ഉദ്ധരിച്ചിട്ടുണ്ട്.

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ

പരമകാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

هَلْ أَتَىٰ عَلَى ٱلْإِنسَٰنِ حِينٌ مِّنَ ٱلدَّهْرِ لَمْ يَكُن شَيْـًٔا مَّذْكُورًا ﴿١﴾

﴾1﴿ മനുഷ്യൻ പറയത്തക്ക ഒരു വസ്തുവും ആയിരുന്നില്ലാത്ത ഒരു കാലഘട്ടം അവന്റെമേൽ (കഴിഞ്ഞു) പോയിട്ടുണ്ടോ?!

﴾1﴿ هَلْ أَتَىٰ വന്നിരിക്കുന്നുവോ, കഴിഞ്ഞുപോയോ عَلَى ٱلْإِنسَٰنِ മനുഷ്യന്റെമേൽ حِينٌ ഒരു അവസരം, ഘട്ടം, സമയം مِّنَ ٱلدَّهْرِ കാലത്തിൽ നിന്നുള്ള لَمْ يَكُن അവൻ ആയിരുന്നില്ലാത്ത شَيْـًٔا ഒരു വസ്തു مَّذْكُورًا പറയത്തക്ക, പ്രസ്താവിക്കപ്പെടുന്ന

'ഉണ്ട്, നിശ്ചയമായും കഴിഞ്ഞുപോയിട്ടുണ്ട്' എന്നല്ലാതെ ഈ ചോദ്യത്തിന് ഉത്തരം പറയുവാനില്ല. 'മനുഷ്യൻ' എന്ന അവസ്ഥ പോയിട്ട് ഏതെങ്കിലും രൂപത്തിലുള്ള ഒരു 'വസ്തു' എന്ന് പോലും പറയപ്പെടാനില്ലാത്ത ഒരു കാലം- എന്ന് വെച്ചാൽ ശുദ്ധശൂന്യമായിരുന്ന എത്രയോ നീണ്ടനീണ്ട ഒരു കാലഘട്ടം- അവന് മുമ്പ് കഴിഞ്ഞുപോയിട്ടുണ്ട്. ആകാശഭൂമികൾക്ക് മുമ്പ്, അവയുടെ സൃഷ്ടിക്ക് ശേഷം ഈ ഭൂമിയിൽ ജീവികൾ നിലവിൽവരുന്നതിനുമുമ്പ്, അതിനുശേഷം മനുഷ്യപിതാവായ ആദം (അ) സൃഷ്ടിക്കപ്പെടുന്നതിന് മുമ്പ്, പിന്നീട് ഓരോരുവനും

മനുഷ്യ സൃഷ്ടിയായി വെളിക്ക് വരുന്നതിന് മുമ്പ് എന്നിങ്ങനെയുള്ള ഓരോ ഘട്ടത്തെക്കുറിച്ചും ഒന്ന് ആലോചിച്ചുനോക്കുക! ലോകത്ത് മനുഷ്യവർഗം ജന്മം കൊള്ളുന്നതിന് മുമ്പ് അവനിൽ കഴിഞ്ഞുപോയ അതിദീർഘകാലത്തെ ശൂന്യാവസ്ഥക്ക് വിരാമമിട്ടുകൊണ്ട് അവന് അസ്തിത്വം നൽകിയ ഒരു സൃഷ്ടി കർത്താവില്ലാതെ, ഏതെങ്കിലും ഒരു ശുഭമുഹൂർത്തത്തിൽപെട്ടന്നങ്ങ് സ്വയം അസ്തിത്വം പൂണ്ടവനാണ് മനുഷ്യൻ എന്ന് പറയുവാൻ ഒരു നിഷ്പക്ഷബുദ്ധിക്ക് കഴിയുമോ? ഇല്ല, ഭൗതിക ലഹരിയിൽ മയങ്ങിയതോ, കല്ലുപോലെ മരവിച്ചതോ അല്ലാത്ത ഒരു ബുദ്ധിക്കും കഴിയുകയില്ലതന്നെ.

إِنَّا خَلَقْنَا ٱلْإِنسَٰنَ مِن نُّطْفَةٍ أَمْشَاجٍ نَّبْتَلِيهِ فَجَعَلْنَٰهُ سَمِيعًۢا بَصِيرًا ﴿٢﴾

﴾2﴿ (പലതിനാലും) മിശ്രമായ ഒരു ഇന്ദ്രിയബിന്ദുവിൽ നിന്ന് മനുഷ്യനെ നാം സൃഷ്ടിച്ചിരിക്കുന്നു- അവനെ നാം പരീക്ഷണം ചെയ്യാനായിട്ട്. അങ്ങനെ, നാം അവനെ കേൾക്കുന്നവനും കാണുന്നവനുമാക്കിയിരിക്കുന്നു.

إِنَّا هَدَيْنَٰهُ ٱلسَّبِيلَ إِمَّا شَاكِرًا وَإِمَّا كَفُورًا ﴿٣﴾

﴾3﴿ ഒന്നുകിൽ (അവൻ) നന്ദിയുള്ളവനായിക്കൊണ്ട്, അല്ലാത്ത പക്ഷം നന്ദികെട്ടവനായിക്കൊണ്ട് അവന് നാം മാർഗം കാട്ടിക്കൊടുത്തിരിക്കുന്നു.

﴾2﴿ إِنَّا خَلَقْنَا നാം സൃഷ്ടിച്ചിരിക്കുന്നു ٱلْإِنسَٰنَ മനുഷ്യനെ مِن نُّطْفَةٍ ഒരു (ഇന്ദ്രിയ) തുള്ളിയാൽ, ബിന്ദുവിൽനിന്ന് أَمْشَاجٍ മിശ്രമായ, കലർപ്പുകളായ نَّبْتَلِيهِ നാം അവനെ പരീക്ഷണം ചെയ്തുകൊണ്ട് (ചെയ്യാൻ) فَجَعَلْنَٰهُ അങ്ങനെ (അതിനാൽ) നാമവനെ ആക്കി سَمِيعًۢا കേൾക്കുന്നവൻ بَصِيرًا കാണുന്നവൻ ﴾3﴿ إِنَّا هَدَيْنَٰهُ നാം അവന് കാട്ടിക്കൊടുത്തു ٱلسَّبِيلَ മാർഗം إِمَّا شَاكِرًا ഒന്നുകിൽ നന്ദിയുള്ളവനായിക്കൊണ്ട് وَإِمَّا كَفُورًا ഒന്നുകിൽ (അതല്ലെങ്കിൽ) നന്ദികെട്ടവനായിക്കൊണ്ട്

കേവലം നിസ്സാരമായ ഇന്ദ്രിയ ബിന്ദുവിൽനിന്നാണല്ലോ മനുഷ്യന്റെ ഉൽഭവം. അതേ സമയത്ത് വിവിധ വസ്തുക്കളാൽ മിശ്രമായതത്രെ ആ ബിന്ദു. പിതാവിൽനിന്നും മാതാവിൽനിന്നുമുള്ള ബീജാംശങ്ങൾ കലർന്നതെന്ന നിലക്കും, പുരുഷന്റെത് കട്ടികൂടിയതും വെള്ളനിറവും സ്ത്രീയുടെത് നേർത്തതും മഞ്ഞനിറവും എന്ന നിലക്കും, ശീതോഷ്ണം വാത പിത്ത കഫം ആദിയായ പല പ്രകൃതി വിശേഷതകളോട് കൂടിയതെന്ന നിലക്കും, വർണരൂപ സ്വഭാവാദികളിൽ പര

സ്പരം വ്യത്യാസങ്ങളെന്ന നിലക്കും- എന്നുവേണ്ട, മറ്റ് പല നിലക്കും- നോക്കുമ്പോൾ ആ ചെറു ബീജം എത്രയോ വസ്തുക്കളുടെയും ഗുണങ്ങളുടെയും മിശ്രമാണെന്ന് കാണാം. ബഹു ഗുണങ്ങളടങ്ങിയ പ്രസ്തുത ബീജത്തിൽ നിന്ന് മനുഷ്യനെ അല്ലാഹു സൃഷ്ടിച്ചിട്ടുള്ളത് അവന് നന്ദിയുള്ളവനായിരിക്കുമോ, അതല്ല നന്ദികെട്ടവനായിരിക്കുമോ എന്ന ഒരു പരീക്ഷണമായിട്ടത്രെ. ഈ പരീക്ഷണത്തിൽ വിജയം നേടുവാൻ വേണ്ടുന്ന ഉപാധികളും അല്ലാഹു അവന് സജ്ജമാക്കിക്കൊടുത്തിരിക്കുന്നു. കണ്ടും കേട്ടും കാര്യങ്ങൾ ഗ്രഹിക്കുവാനുള്ള വിവേചന ശക്തി അവന് നൽകിയിട്ടുണ്ട്. മാത്രമല്ല, അവൻ ചരിക്കേണ്ടതും സ്വീകരിക്കേണ്ടതുമായ യഥാർത്ഥമാർഗം ഇന്നതാണെന്നും ശരിക്കും അവന് കാട്ടിക്കൊടുക്കുകയും ചെയ്തിരിക്കുന്നു. ആകയാൽ, ആ മാർഗം വിട്ടു വ്യതിചലിച്ചവർ കഠിന ശിക്ഷ അർഹിക്കുന്നുവെന്നത് തികച്ചും നീതിയുക്തമാണല്ലോ. അതേ സമയത്ത് മാർഗം മുറുകെപിടിച്ചവർക്കാകട്ടെ, അവൻ വമ്പിച്ച പ്രതിഫലം നൽകുമെന്ന് വാഗ്ദാനവും ചെയ്തിരിക്കുന്നു.

إِنَّآ أَعۡتَدۡنَا لِلۡكَٰفِرِينَ سَلَٰسِلَاْ وَأَغۡلَٰلاً وَسَعِيرًا ﴿4﴾

﴾4﴿ നിശ്ചയമായും നാം, അവിശ്വാസികൾക്ക് ചില ചങ്ങലകളും, വിലങ്ങുകളും കത്തിജ്വലിക്കുന്ന അഗ്നിയും ഒരുക്കിവെച്ചിരിക്കുന്നു.

إِنَّ ٱلۡأَبۡرَارَ يَشۡرَبُونَ مِن كَأۡسٖ كَانَ مِزَاجُهَا كَافُورًا ﴿5﴾

﴾5﴿ നിശ്ചയമായും, പുണ്യവാൻമാർ (മദ്യം നിറച്ച) ഒരു തരം പാനപാത്രത്തിൽനിന്ന് കുടിക്കുന്നതാണ്;- അതിലെ കൂട്ട് [ചേരുവ] കർപ്പൂരമായിരിക്കും.

عَيۡنٗا يَشۡرَبُ بِهَا عِبَادُ ٱللَّهِ يُفَجِّرُونَهَا تَفۡجِيرٗا ﴿6﴾

﴾6﴿ അതായത്, അല്ലാഹുവിന്റെ അടിയാൻമാർ കുടിക്കുന്നതായ ഒരു ഉറവ് (ജലം)! അവരത് (ഇഷ്ടമനുസരിച്ച്) ഒഴുക്കി നടത്തിക്കൊണ്ടിരിക്കും.

﴾4﴿ إِنَّآ أَعۡتَدۡنَا നിശ്ചയമായും, നാം ഒരുക്കിവെച്ചിരിക്കുന്നു لِلۡكَٰفِرِينَ അവിശ്വാസികൾക്ക്, നന്ദികെട്ടവർക്ക് سَلَٰسِلَاْ ചങ്ങലകൾ وَأَغۡلَٰلاً വിലങ്ങ് (ആമം) وَسَعِيرًا ജ്വലിക്കുന്ന അഗ്നിയും ﴾5﴿ إِنَّ ٱلۡأَبۡرَارَ നിശ്ചയമായും പുണ്യവാൻമാർ, സജ്ജനങ്ങൾ يَشۡرَبُونَ അവർ കുടിക്കും مِن كَأۡسٖ (മദ്യം നിറച്ച) കോപ്പയിൽ (പാനപാത്രത്തിൽ) നിന്ന് كَانَ مِزَاجُهَا അതിന്റെ ചേരുവ (കലർപ്പ്- കൂട്ട്) ആകുന്നു كَافُورًا കർപ്പൂരം ﴾6﴿ عَيۡنٗا ഒരു ഉറവുജലം يَشۡرَبُ بِهَا അതിനെ കുടിക്കും عِبَادُ ٱللَّهِ അല്ലാഹു

വിന്റെ അടിയാൻമാർ يُفَجِّرُونَهَا അവർ അതിനെ ഒഴുക്കും, പൊട്ടിഒലിപ്പിക്കും (നടത്തിക്കൊണ്ടുപോകും) تَفْجِيرًا ഒരു ഒഴുക്കൽ

കുളിർമക്കും, ആനന്ദത്തിനും സുഗന്ധത്തിനും വിശേഷപ്പെട്ട ചേരുവയാണ് കർപ്പൂരം. എന്നാൽ, സ്വർഗത്തിലെ കർപ്പൂരവും മദ്യവും -മറ്റെല്ലാ സ്വർഗീയ വിഭവങ്ങളുമെന്നപോലെത്തന്നെ- നമ്മുടെ ഭൗതിക വസ്തുക്കളുമായി നാമമാത്രബന്ധമേ ഉണ്ടായിരിക്കയുള്ളൂ. 'അല്ലാഹുവിന്റെ അടിയാൻമാർ' എന്നതിന്റെ വിവക്ഷ അല്ലാഹുവിന്റെ തൃപ്തി ലഭിച്ച സജ്ജനങ്ങൾ എന്നാകുന്നു. അവർ ഉദ്ദേശിക്കുമ്പോഴും, ഉദ്ദേശിക്കുന്ന സ്ഥലത്തും യഥേഷ്ടം ലഭിക്കുമാറ് ഒഴുക്കിക്കൊണ്ട് പോകാവുന്ന വിധത്തിലുള്ള ഒരു നീരുറവയത്രെ പ്രസ്തുത മദ്യം. ഈ അടിയാൻമാരുടെ ഗുണവിശേഷങ്ങളെന്താണെന്നോ?-

يُوفُونَ بِالنَّذْرِ وَيَخَافُونَ يَوْمًا كَانَ شَرُّهُۥ مُسْتَطِيرًا ﴿٧﴾

﴾7﴿ അവർ നേർച്ചയെ നിറവേറ്റുകയും, തിന്മ പാറിപ്പരക്കുന്ന (അഥവാ ആപത്തുകൾ വ്യാപിക്കുന്ന) തായ ഒരു ദിവസത്തെ ഭയപ്പെടുകയും ചെയ്യുന്നു.

وَيُطْعِمُونَ ٱلطَّعَامَ عَلَىٰ حُبِّهِۦ مِسْكِينًا وَيَتِيمًا وَأَسِيرًا ﴿٨﴾

﴾8﴿ ഭക്ഷണത്തിന് പ്രേമമുള്ളതോടെ (ത്തന്നെ) സാധുവിനും, അനാഥക്കും, ബന്ധനസ്ഥനും അവർ ഭക്ഷണം നൽകുകയും ചെയ്യുന്നു.

إِنَّمَا نُطْعِمُكُمْ لِوَجْهِ ٱللَّهِ لَا نُرِيدُ مِنكُمْ جَزَآءً وَلَا شُكُورًا ﴿٩﴾

﴾9﴿ (അവർ പറയും:) 'നിശ്ചയമായും അല്ലാഹുവിന്റെ പ്രീതിക്കു വേണ്ടി മാത്രം ഞങ്ങൾ നിങ്ങൾക്ക് ഭക്ഷണം നൽകുന്നു; ഞങ്ങൾ നിങ്ങളിൽനിന്ന് ഒരു പ്രതിഫലമാകട്ടെ, നന്ദിയാകട്ടെ ഉദ്ദേശിക്കുന്നില്ല.'

إِنَّا نَخَافُ مِن رَّبِّنَا يَوْمًا عَبُوسًا قَمْطَرِيرًا ﴿١٠﴾

﴾10﴿ '(വിഷാദപ്പെട്ട്) മുഖം ചുളിച്ചുപോകുന്ന അതിദുസ്സഹമായ ഒരു ദിവസത്തെ ഞങ്ങളുടെ റബ്ബിങ്കൽനിന്നും ഞങ്ങൾ ഭയപ്പെടുന്നു.'

﴾7﴿ يُوفُونَ അവർ നിറവേറ്റും, വീട്ടും بِالنَّذْرِ നേർച്ചയെ, പ്രതിജ്ഞയെ وَيَخَافُونَ അവർ ഭയപ്പെടുകയും ചെയ്യും يَوْمًا ഒരു ദിവസത്തെ كَانَ شَرُّهُ അതിന്റെ തിന്മ (കെടുതി, ദോഷം) ആകുന്നു مُسْتَطِيرًا പാറിപ്പരക്കുന്ന (പടർന്ന് പിടിക്കുന്ന) ﴾8﴿ وَيُطْعِمُونَ

അവർ ഭക്ഷിക്കാൻ കൊടുക്കുകയും ചെയ്യും ٱلطَّعَامَ ഭക്ഷണസാധനം عَلَىٰ حُبِّهِۦ അതിനോട് സ്നേഹമുള്ളതോടെ, പ്രേമത്തോടെ مِسْكِينًا സാധുവിന്, പാവപ്പെട്ടവന് وَيَتِيمًا അനാഥക്കുട്ടിക്കും وَأَسِيرًا ബന്ധനസ്ഥനും, ചിറയിൽപെട്ടവനും ﴿9﴾ إِنَّمَا نُطْعِمُكُمْ നിശ്ചയമായും നാം നിങ്ങൾക്ക് ഭക്ഷണം നൽകുന്നു لِوَجْهِ ٱللَّهِ അല്ലാഹുവിന്റെ തിരുമുഖത്തിന് (പ്രീതിക്ക്) വേണ്ടി (മാത്രം) لَا نُرِيدُ ഞങ്ങൾ (നാം) ഉദ്ദേശിക്കുന്നില്ല مِنكُمْ നിങ്ങളിൽനിന്ന് جَزَآءً ഒരു പ്രതിഫലവും وَلَا شُكُورًا ഒരു നന്ദിയും, കൃതജ്ഞതയും ഇല്ല ﴿10﴾ إِنَّا نَخَافُ നാം (ഞങ്ങൾ) ഭയപ്പെടുന്നു مِن رَّبِّنَا ഞങ്ങളുടെ റബ്ബിങ്കൽ നിന്ന് يَوْمًا ഒരു ദിവസത്തെ عَبُوسًا മുഖം ചുളിക്കുന്ന (കഠിനമായ) قَمْطَرِيرًا അതിദുസ്സഹമായ (കഠോരമായ- കഠിനമായി ചുളിക്കുന്ന)

ആ പുണ്യവാൻമാർ അത്രയും അനുഗൃഹീതരായിത്തീരുമാറ് അവരിലുണ്ടായിരുന്ന ഗുണങ്ങൾ എന്തായിരുന്നുവെന്ന് അല്ലാഹു ചൂണ്ടിക്കാണിക്കുകയാണ്. തങ്ങളുടെമേൽ നിർബന്ധമായി കൽപിക്കപ്പെട്ടിട്ടുള്ള എല്ലാ കടമകളും, തങ്ങൾ ചെയ്തുകൊള്ളാമെന്ന് സ്വയം പ്രതിജ്ഞ ചെയ്തതുമൂലം തങ്ങളുടെമേൽ നിർബന്ധമായിത്തീർന്ന മറ്റ് കടമകളും ശരിക്കും നിറവേറ്റുക, ആപത്ത് നിറഞ്ഞതായ കിയാമത്ത്നാളിനെക്കുറിച്ച് സദാ ഭയമുള്ളവരായിരിക്കുക, സാധുക്കൾക്കും അനാഥകൾക്കും ബന്ധനസ്ഥരായ ആളുകൾക്കും അന്നദാനം ചെയ്യുക മുതലായവയത്രെ പ്രസ്തുത ഗുണങ്ങൾ. ചുരുക്കത്തിൽ, അല്ലാഹുവിനോടുള്ള കടപ്പാടുകളും സഹജീവികളോടുള്ള കടപ്പാടുകളും അവർ നിർവ്വഹിച്ചിരുന്നുവെന്ന് പറയാം. ബന്ധനസ്ഥരായ ആളുകൾക്ക് അന്നദാനം ചെയ്യുന്നതിൽ മുസ്ലിംകളെന്നോ അമുസ്ലിംകളെന്നോ വ്യത്യാസമില്ലാത്തതാണ്. ജയിലിലടക്കപ്പെട്ടവരും, മറ്റുതരത്തിൽ ബന്ധിക്കപ്പെട്ടവരും അതിൽ ഉൾപ്പെടുകയും ചെയ്യും. ഇബ്നു അബ്ബാസ് (റ) പ്രസ്താവിച്ചതായി നിവേദനം ചെയ്യപ്പെട്ടതുപോലെ, ക്വുർആൻ അവതരിച്ച കാലത്തുണ്ടായിരുന്ന ബന്ധനസ്ഥർ മിക്കവാറും മുശ്രിക്കുകളായിരുന്നുവെന്ന് വ്യക്തമാണല്ലോ. ബദ്ർ യുദ്ധത്തിൽ ചിറപിടിക്കപ്പെട്ടവരോടുപോലും നല്ലനിലക്ക് പെരുമാറുവാൻ നബിﷺ കൽപിച്ചിരുന്നതും, സ്വഹാബികൾ അവരോട് അതിഥികളെന്നപോലെ പെരുമാറിയിരുന്നതും, അവർക്ക് ഭക്ഷണം നൽകിയതിനുശേഷമല്ലാതെ തങ്ങൾ ഭക്ഷണം കഴിക്കാതിരുന്നതും സ്മരണീയമാകുന്നു.

ധനത്തിന് ആവശ്യവും അതിനോട് പ്രേമവും ഉള്ളപ്പോൾ അത് ദാനധർമങ്ങളിൽ വിനിയോഗിക്കുന്നത് ഉടമസ്ഥന്റെ ത്യാഗമനഃസ്ഥിതിയും അല്ലാഹുവിങ്കൽനിന്നുള്ള പ്രതിഫലത്തിൽ അയാൾക്കുള്ള ആഗ്രഹവുമാണ് കാണിക്കുന്നത്. അത് ഭക്ഷണസാധനം കൂടിയാകുമ്പോൾ വിശേഷിച്ചും. അതുകൊണ്ടാണ് ഭക്ഷണസാധനത്തോട് പ്രേമമുള്ളതോടെത്തന്നെ അവർ ഭക്ഷണം നൽകും (ويطعمون الطعام على حبه) എന്ന് അല്ലാഹു പ്രത്യേകം എടുത്തു പറഞ്ഞിരിക്കുന്നതും. പുണ്യകർമങ്ങളെപ്പറ്റി പ്രസ്താവിക്കുന്ന മദ്ധ്യേ واتى المال على حبه (ധനത്തോട് പ്രേമ

മുള്ളതോടെ അത് നൽകുകയും) എന്ന് സൂറത്തുൽ ബഖറഃ 177 ലും പ്രസ്താവിച്ചു കാണാം. സൂറഃ ആലുഇംറാൻ 92 ൽ, 'നിങ്ങൾ ഇഷ്ടപ്പെടുന്നതിൽനിന്ന് ചിലവഴിക്കാതെ നിങ്ങൾക്ക് പുണ്യം ലഭിക്കുന്നതേയല്ല' (لن تنال البر حتى تنفقوا مما تحبون) എന്നും പ്രസ്താവിച്ചിരിക്കുന്നു. ബുഖാരീ (റ) ഉദ്ധരിച്ച ഒരു നബിവചനം ഇപ്രകാരമാകുന്നു: 'ധർമത്തിൽവെച്ച് ഏറ്റവും ശ്രേഷ്ഠമായത് ധനത്തിന് മോഹിച്ചും, ദാരിദ്ര്യത്തെ ഭയന്നുംകൊണ്ട് നീ ആരോഗ്യവാനും അത്യാർത്തിയുള്ളവനുമായിരിക്കെ ചെയ്യുന്ന ധർമമാകുന്നു.'

കീർത്തിക്കും പേരിനും വേണ്ടിയോ, ആക്ഷേപങ്ങളിൽനിന്ന് രക്ഷപ്പെടുവാൻ വേണ്ടിയോ, അല്ലെങ്കിൽ നിർബന്ധത്തിന് വഴങ്ങിയോ, അല്ലെങ്കിൽ ധർമം വാങ്ങുന്നവരിൽനിന്ന് എന്തെങ്കിലും പ്രതിഫലമോ നന്ദിപ്രകടനമോ പ്രതീക്ഷിച്ചുകൊണ്ടോ, മറ്റേതെങ്കിലും താൽപര്യത്തെ മുൻനിറുത്തിയോ മനുഷ്യർ ദാനധർമങ്ങൾ ചെയ്യാറുണ്ട്. പക്ഷേ, സജ്ജനങ്ങൾ ചെയ്യുന്ന ദാനധർമങ്ങളുടെ ലക്ഷ്യം അതൊന്നും ആയിരിക്കയില്ല. അവരുടെ ലക്ഷ്യം അല്ലാഹുവിന്റെ പ്രീതിലഭിക്കലും, ക്വിയാമത്ത്നാളിലെ ഭീകര വിപത്തുകളിൽനിന്ന് രക്ഷപ്പെടലും മാത്രമായിരിക്കും. തങ്ങളുടെ പക്കൽനിന്ന് ധർമം സ്വീകരിക്കുന്നവരിൽനിന്ന് ഏതെങ്കിലും പ്രകാരത്തിലുള്ള ഒരു പ്രതിഫലം തങ്ങൾക്ക് കിട്ടിയാൽ കൊള്ളാമെന്നോ, അവർ തങ്ങളോട് നന്ദിയുള്ളവരായിരിക്കണമെന്നോ അവർക്ക് ഉദ്ദേശ്യമുണ്ടായിരിക്കുകയില്ല. ഇതാണ് 9, 10 വചനങ്ങളിൽ അവരുടെ വാക്കുകളിലൂടെത്തന്നെ അല്ലാഹു ചൂണ്ടിക്കാട്ടിയിരിക്കുന്നത്. അപ്പോൾ, പാവങ്ങളുടെ നേരെയുള്ള അനുകമ്പയോ, പൊതുവിഷയങ്ങളിലുള്ള ഔൽസുക്യമോ കാരണമായി നല്ല വിഷയങ്ങളിൽ ധനം ചിലവഴിക്കുന്നതായാൽ തന്നെയും അല്ലാഹുവിങ്കൽ ശരിയായ പുണ്യകർമമായിത്തീരണമെങ്കിൽ അല്ലാഹുവിന്റെ പ്രീതിയും പ്രതിഫലവും ആയിരിക്കണം അതിന്റെ ലക്ഷ്യം എന്ന് മനസ്സിലാക്കേണ്ടിയിരിക്കുന്നു. وإنما لكل امرئ ما نوى (ഓരോ മനുഷ്യനും അവൻ എന്ത് ഉദ്ദേശിച്ചോ അതാണ് ഉണ്ടാകുക.) എന്നാണല്ലോ നബിവചനം.

ഉപകാരം ചെയ്തവരോട് നന്ദികാണിക്കൽ മനുഷ്യന്റെ കടമയത്രെ. لا يشكر الله من لم يشكر الناس – أبو داود والترمذي (ജനങ്ങളോട് നന്ദികാണിക്കാത്തവൻ അല്ലാഹുവിനോടും നന്ദികാണിക്കുകയില്ല. (ദാ; തി.) പക്ഷേ, ഉപകാരം ചെയ്യുന്നവൻ അത് ഉന്നംവെച്ചുകൂടാ എന്നേയുള്ളൂ. അതുപോലെത്തന്നെ, ചെയ്ത ഉപകാരം എടുത്തുപറയുവാനും പാടില്ലാത്തതാകുന്നു. لا تبطلوا صدقاتكم بالمن والأذى – البقرة : ٢٦٤ (ചെയ്ത ഉപകാരം എടുത്തുപറഞ്ഞും ഉപദ്രവം ചെയ്തും നിങ്ങളുടെ ധർമങ്ങളെ നിങ്ങൾ വ്യർത്ഥമാക്കിക്കളയരുത്.) തങ്ങളുടെ പക്കൽനിന്ന് അന്നദാനങ്ങൾ സ്വീകരിക്കുന്നവരെ അഭിമുഖീകരിച്ചുകൊണ്ട് സജ്ജനങ്ങൾ പറയുന്ന വാക്കുകളാണ് 9, 10 വചനങ്ങളിൽ അല്ലാഹു ഉദ്ധരിച്ചിരിക്കുന്നത്. ദാനധർമങ്ങൾ ചെയ്യുന്നവർ അതുമൂലം അല്ലാഹുവിന്റെ പക്കൽനിന്നുള്ള പ്രതിഫലമല്ലാതെ, അവ വാങ്ങുന്നവരിൽനിന്ന് യാതൊന്നും തന്നെ പകരം ലഭിക്കുവാൻ ഉദ്ദേശിക്കുന്നില്ലെന്ന് അവ

രോട് വ്യക്തമാക്കുന്നത് നല്ലതാണെന്നുകൂടി ഇതിൽനിന്ന് മനസ്സിലാകുന്നു.
والله اعلم

فَوَقَىٰهُمُ ٱللَّهُ شَرَّ ذَٰلِكَ ٱلْيَوْمِ وَلَقَّىٰهُمْ نَضْرَةً وَسُرُورًا ﴿١١﴾

《11》അതിനാൽ, ആ ദിവസത്തിന്റെ തിന്മയെ [ആപത്തിനെ] അല്ലാഹു അവർക്ക് കാത്തുകൊടുക്കുന്നതാണ്. അവർക്ക് പ്രസന്നതയും, സന്തോഷവും അവൻ ഇട്ടുകൊടുക്കുകയും ചെയ്യും.

وَجَزَىٰهُم بِمَا صَبَرُوا۟ جَنَّةً وَحَرِيرًا ﴿١٢﴾

《12》അവർ ക്ഷമിച്ചതുനിമിത്തം അവർക്ക് (സ്വർഗീയ) തോട്ടവും, പട്ടും അവൻ പ്രതിഫലം കൊടുക്കുന്നതുമാണ്;-

مُّتَّكِـِٔينَ فِيهَا عَلَى ٱلْأَرَآئِكِ ۖ لَا يَرَوْنَ فِيهَا شَمْسًا وَلَا زَمْهَرِيرًا ﴿١٣﴾

《13》അതിൽ സോഫ (അഥവാ അലംകൃത കട്ടിലു)കളിൽ ചാരിയിരുന്നുകൊണ്ട് (അവർ സുഖിക്കും.) വെയിലാകട്ടെ, കടുംതണുപ്പാകട്ടെ, അതിലവർ കാണുകയില്ല.

وَدَانِيَةً عَلَيْهِمْ ظِلَٰلُهَا وَذُلِّلَتْ قُطُوفُهَا تَذْلِيلًا ﴿١٤﴾

《14》അതിലെ തണലുകൾ [മരക്കൊമ്പുകൾ] അവർക്ക് മീതെ അടുത്തതായിക്കൊണ്ടുമായിരിക്കും. അതിലെ പഴക്കുലകൾ നിഷ്പ്രയാസമാക്കി സൗകര്യപ്പെടുത്തപ്പെടുകയും ചെയ്തിരിക്കുന്നതാണ്.

وَيُطَافُ عَلَيْهِم بِـَٔانِيَةٍ مِّن فِضَّةٍ وَأَكْوَابٍ كَانَتْ قَوَارِيرَا۠ ﴿١٥﴾

《15》വെള്ളിക്കൊണ്ടുള്ള പാത്രങ്ങളും, സ്ഫടികങ്ങളായ കൂജകളുമായി അവരിലൂടെ ചുറ്റിനടക്കപ്പെടുകയും ചെയ്യും.

قَوَارِيرَا۟ مِن فِضَّةٍ قَدَّرُوهَا تَقْدِيرًا ﴿١٦﴾

《16》അതായത്, വെള്ളികൊണ്ടുള്ള സ്ഫടിക (മയമായ) പാത്രങ്ങൾ! അവർ അവയ്ക്ക് ഒരു തോത് നിർണയപ്പെടുത്തുന്നതാണ്.

﴾11﴿ فَوَقَىٰهُمُ അതിനാൽ അവർക്ക് കാത്തുകൊടുക്കും, അവരെ രക്ഷിക്കുന്നതാണ് ٱللَّهُ അല്ലാഹു شَرَّ തിന്മയെ (ആപത്തിനെ), തിൻമയിൽനിന്ന് ذَٰلِكَ ٱلْيَوْمِ ആ ദിവസത്തിന്റെ وَلَقَّىٰهُمْ അവർക്കവൻ ഇട്ടുകൊടുക്കുകയും ചെയ്യും نَضْرَةً പ്രസന്നത, തിളക്കം, ഭംഗി وَسُرُورًا സന്തോഷവും ﴾12﴿ وَجَزَىٰهُم അവർക്ക് അവൻ പ്രതിഫലം നൽകുകയും ചെയ്യും بِمَا صَبَرُوا۟ അവർ ക്ഷമിച്ച(സഹിച്ച)തു കൊണ്ട് جَنَّةً സ്വർഗം, തോട്ടം وَحَرِيرًا പട്ടും ﴾13﴿ مُّتَّكِـِٔينَ ചാരിയിരുന്നവരായിക്കൊണ്ട് فِيهَا അതിൽ عَلَى ٱلْأَرَآئِكِ അലങ്കൃത കട്ടിലുകളിൽ, സോഫമേൽ لَا يَرَوْنَ അവർ കാണുകയില്ല فِيهَا അതിൽ شَمْسًا സൂര്യനെ, വെയില് (ചൂട്) وَلَا زَمْهَرِيرًا അതിശൈത്യവും (കാണുക) ഇല്ല ﴾14﴿ وَدَانِيَةً അടുത്തതായിക്കൊണ്ടും عَلَيْهِمْ അവരുടെമേൽ ظِلَٰلُهَا അതിലെ തണലുകൾ وَذُلِّلَتْ എളുപ്പമാക്ക (നിഷ്പ്രയാസമാക്ക- സൗകര്യപ്പെടുത്ത)പ്പെടുകയും ചെയ്തിരിക്കുന്നു قُطُوفُهَا അതിലെ (പറിച്ചെടുക്കുന്ന) പഴങ്ങൾ, പഴക്കുലകൾ تَذْلِيلًا ഒരു എളുപ്പമാക്കൽ ﴾15﴿ وَيُطَافُ ചുററിനടക്കപ്പെടും عَلَيْهِم അവരിൽ بِـَٔانِيَةٍ പാത്രങ്ങളുമായി مِّن فِضَّةٍ വെള്ളിയാലുള്ള مِّن فِضَّةٍ കോപ്പ (കൂജ)കളുമായും كَانَتْ അവയായിരിക്കുന്നു قَوَارِيرَا۟ പളുങ്ക് (പാത്രം)കൾ, സ്ഫടികങ്ങൾ ﴾16﴿ قَوَارِيرَا۟ അതായത് പളുങ്കുകൾ مِن فِضَّةٍ വെള്ളികൊണ്ടുള്ള قَدَّرُوهَا അതിനെ അവർ കണക്കാക്കി (നിർണയം ചെയ്തി)രിക്കുന്നു تَقْدِيرًا ഒരു കണക്കാക്കൽ

തങ്ങളുടെ കടമകൾ നിറവേറ്റുന്നതിലും, സ്വന്തം ആവശ്യങ്ങൾ അവഗണിച്ചു ദാനധർമങ്ങൾ ചെയ്യുന്നതിലുമെല്ലാം അവർ അതിയായ ക്ഷമയും സഹനവും കൈകൊള്ളേണ്ടിവന്നിട്ടുണ്ടല്ലോ. അതുനിമിത്തം അല്ലാഹു അവർക്ക് കൊടുത്തിരുന്ന കണക്കറ്റ അനുഗ്രഹങ്ങളുടെ ചില ഉദാഹരണങ്ങളാണ് ഈ വചനങ്ങളിലും അടുത്ത വചനങ്ങളിലും കാണുന്നത്. അതെ, അവർ ഇച്ഛിച്ചിരുന്നതുപോലെ കിയാമത്ത്നാളിലെ ഭയങ്കരതകളിൽ നിന്നെല്ലാം അല്ലാഹു അവരെ കാത്തുരക്ഷിക്കുകയും, അതിന് പുറമെ അവർണനീയമായ സ്വർഗീയ സുഖസൗകര്യങ്ങൾകൊണ്ട് അവരെ അനുഗ്രഹിക്കുകയും ചെയ്യുന്നു. അങ്ങനെ, പരിപൂർണ സംതൃപ്തിയും അതിരറ്റ സന്തോഷവും കാലാകാലം അവരെ ആശ്ലേഷിച്ചുകൊണ്ടിരിക്കും.

പഴങ്ങൾക്ക് ആവശ്യം തോന്നുമ്പോൾ ഇരുന്നോ, നിന്നോ, കിടന്നോ നിഷ്പ്രയാസം പറിച്ചെടുക്കുവാൻ സാധിക്കുമാറ് പ്രത്യേകം സൗകര്യങ്ങളോടുകൂടിയാണ് സ്വർഗത്തിലെ ഫലവൃക്ഷങ്ങൾ സ്ഥിതിചെയ്യുന്നത് എന്നത്രെ ذلّلت قطوفها تذليلا (അതിലെ പഴക്കുലകൾ നിഷ്പ്രയാസം സൗകര്യപ്പെടുത്തപ്പെട്ടിരിക്കുന്നു) എന്ന് പറഞ്ഞതിന്റെ താൽപര്യം. قطوفها دانية–الحاقة (അതിലെ പഴക്കുലകൾ അടുത്ത് വരുന്നവയാണ്.)

'പറിക്കാറായ ഫലങ്ങൾ, പറിച്ചെടുത്ത ഫലങ്ങൾ, പഴക്കുലകൾ' എന്നീ അർത്ഥങ്ങൾ വരുന്ന പദമാണ് قطوف (ക്വുതൂഫ്). പാനപാത്രങ്ങളുമായി ചുറ്റിനടക്കുന്ന പരിചാരകൻമാർ ആരായിരിക്കുമെന്ന് 19 -ാം വചനത്തിൽ പ്രസ്താവിക്കുന്നുണ്ട്. പാത്രങ്ങൾ വെള്ളികൊണ്ടുള്ളവയാണെങ്കിലും അവ നമ്മുടെ വെള്ളി പാത്രങ്ങൾ പോലെയല്ല. സ്ഫടികസമാനമായിരിക്കും. ഓരോരുത്തന്റെയും ഹിതത്തിനും ആവശ്യത്തിനും അനുസരിച്ച് കണക്കാക്കിയായിരിക്കും പരിചാരകൻമാരായ ബാലൻമാർ അത് കൊണ്ടുവന്നു കൊടുക്കുന്നത്.

وَيُسْقَوْنَ فِيهَا كَأْسًا كَانَ مِزَاجُهَا زَنجَبِيلًا ﴿١٧﴾

《17》 അതിൽ അവർക്ക് (മദ്യം നിറച്ച) ഒരു തരം പാനപാത്രവും കുടിക്കുവാൻ കൊടുക്കപ്പെടും; അതിന്റെ ചേരുവ[കൂട്ട്] ഇഞ്ചിയായിരിക്കുന്നതാണ്.

عَيْنًا فِيهَا تُسَمَّىٰ سَلْسَبِيلًا ﴿١٨﴾

《18》 അതായത്, 'സൽസബീൽ' എന്ന് പേരുപറയപ്പെടുന്ന അതിലെ ഒരു ഉറവ് (ജലം)!

وَيَطُوفُ عَلَيْهِمْ وِلْدَانٌ مُّخَلَّدُونَ إِذَا رَأَيْتَهُمْ حَسِبْتَهُمْ لُؤْلُؤًا مَّنثُورًا ﴿١٩﴾

《19》 ശാശ്വത (മായ നവത്വ) ജീവിതം നൽകപ്പെട്ടവരായ ചില കുട്ടികൾ അവരിലൂടെ ചുറ്റിനടന്നു കൊണ്ടുമിരിക്കും; അവരെ നീ കണ്ടാൽ, വിതറിയിടപ്പെട്ട മുത്തുകളാണ് അവരെന്ന് നീ വിചാരിക്കുന്നതാണ്!

وَإِذَا رَأَيْتَ ثَمَّ رَأَيْتَ نَعِيمًا وَمُلْكًا كَبِيرًا ﴿٢٠﴾

《20》 അവിടെ നീ കണ്ടാൽ, ഒരു (മഹത്തായ) സുഖാനുഗ്രഹവും വലുതായ ഒരു രാജകീയതയും (അഥവാ സാമ്രാജ്യവും) നിനക്ക് കാണാവുന്നതുമായിരിക്കും.

عَالِيَهُمْ ثِيَابُ سُندُسٍ خُضْرٌ وَإِسْتَبْرَقٌ ۖ وَحُلُّوا أَسَاوِرَ مِن فِضَّةٍ وَسَقَاهُمْ رَبُّهُمْ شَرَابًا طَهُورًا ﴿٢١﴾

《21》 അവരുടെ മേലിൽ പച്ച വർണമായ നേർമപ്പട്ടിന്റെ വസ്ത്രങ്ങളും, കട്ടിപ്പട്ടും (അഥവാ കസവ് വസ്ത്രവും) ഉണ്ടായിരിക്കും;

വെള്ളികൊണ്ടുള്ള വളകളും അവർക്ക് അണിയിക്കപ്പെടും. അവരുടെ റബ്ബ് അവർക്ക് വളരെ ശുദ്ധമായ ഒരു (തരം) പാനീയം കുടിക്കുവാൻ കൊടുക്കുന്നതുമാണ്.

إِنَّ هَٰذَا كَانَ لَكُمْ جَزَاءً وَكَانَ سَعْيُكُم مَّشْكُورًا ﴿٢٢﴾

﴾22﴿ (ഹേ, പുണ്യവാൻമാരേ) നിശ്ചയമായും ഇത് (ഒക്കെയും) നിങ്ങൾക്ക് പ്രതിഫലമായിരിക്കുന്നതാകുന്നു. നിങ്ങളുടെ പരിശ്രമം നന്ദിപൂർവം സ്വീകരിക്കപ്പെട്ടതുമാകുന്നു (എന്ന് പറയപ്പെടും)

﴾17﴿ وَيُسْقَوْنَ അവർക്ക് കുടിക്കാൻ കൊടുക്കും (കുടിപ്പിക്കപ്പെടും) فِيهَا അതിൽവെച്ച് كَأْسًا ഒരു (മദ്യം നിറച്ച) പാനപാത്രം كَانَ مِزَاجُهَا അതിന്റെ ചേരുവ ആയിരിക്കും زَنجَبِيلًا ഇഞ്ചി ﴾18﴿ عَيْنًا അതായത് ഒരു ഉറവ് فِيهَا അതിലുള്ള تُسَمَّىٰ അതിന് പേര് പറയപ്പെടും سَلْسَبِيلًا സൽസബീൽ എന്ന് ﴾19﴿ وَيَطُوفُ عَلَيْهِمْ അവരിൽ ചുറ്റി നടക്കും وِلْدَانٌ ചില കുട്ടികൾ مُّخَلَّدُونَ ശാശ്വതത്വം നൽകപ്പെട്ടവരായ إِذَا رَأَيْتَهُمْ നീ അവരെ കണ്ടാൽ حَسِبْتَهُمْ നീ അവരെ ഗണിക്കും, വിചാരിക്കും لُؤْلُؤًا മുത്താണെന്ന് مَّنثُورًا വിതറപ്പെട്ട ﴾20﴿ وَإِذَا رَأَيْتَ നീ കണ്ടുവെങ്കിലോ ثَمَّ അവിടം رَأَيْتَ നീ കാണും, നിനക്ക് കാണാം نَعِيمًا ഒരു സൗഖ്യം, അനുഗൃഹീത സുഖം وَمُلْكًا ഒരു രാജകീയതയും, രാജത്വവും, സാമ്രാജ്യവും كَبِيرًا വലുതായ, വമ്പിച്ച ﴾21﴿ عَالِيَهُمْ അവരുടെ മേലുണ്ടായിരിക്കും ثِيَابُ വസ്ത്രങ്ങൾ سُندُسٍ നേർമ (മിനുസ്സ്)പ്പട്ടിന്റെ خُضْرٌ പച്ചയായ وَإِسْتَبْرَقٌ കട്ടി (കസവ്) പട്ടും وَحُلُّوا അവർക്ക് അണിയിക്കപ്പെടുകയും ചെയ്യും, ആഭരണം ഇടപ്പെടും أَسَاوِرَ ചില വളകൾ مِن فِضَّةٍ വെള്ളി കൊണ്ടുള്ള وَسَقَاهُمْ അവർക്ക് കുടിക്കാൻ കൊടുക്കുകയും ചെയ്യും رَبُّهُم അവരുടെ റബ്ബ് شَرَابًا ഒരു പാനീയം طَهُورًا വളരെ ശുദ്ധമായ ﴾22﴿ إِنَّ هَٰذَا നിശ്ചയമായും ഇത് كَانَ ആകുന്നു, ആയിരിക്കുന്നു لَكُمْ നിങ്ങൾക്ക് جَزَاءً പ്രതിഫലം وَكَانَ سَعْيُكُم നിങ്ങളുടെ പരിശ്രമം (അദ്ധ്വാനം) ആകുന്നു, ആയിരിക്കുന്നു مَّشْكُورًا നന്ദി ചെയ്ത (നന്ദിപൂർവ്വം സ്വീകരിക്ക)പ്പെട്ടത്

കർപ്പൂരക്കലർപ്പുള്ള ഒരു തരം ഉറവുമദ്യത്തെപ്പറ്റി മുമ്പ്പറഞ്ഞുവല്ലോ. അതുപോലെ ഇഞ്ചിക്കലർപ്പുള്ള മറ്റൊരു ഉറവുമദ്യത്തെക്കുറിച്ചാണ് ഇവിടെ രണ്ടാമത് പറഞ്ഞിരിക്കുന്നത്. ഹൃദ്യവും ആസ്വാദ്യകരവുമായ ചുവയോടുകൂടിയതാണല്ലോ ഇഞ്ചിയും. അറബികൾ ഇഞ്ചിരസത്തെപ്പറ്റി വളരെ പുകഴ്ത്തിപ്പറയാറുള്ളതുമാണ്. 'സൽസബീൽ' (سلسبيلا) എന്ന് അല്ലാഹു ഉറവ് ജലത്തിന് നാമകരണം ചെയ്തിരിക്കുന്നുവെന്നല്ലാതെ, ആ വാക്കിന്റെ അർത്ഥം എന്താണെന്ന് തിട്ടമായി നമുക്കറിഞ്ഞുകൂടാ. അറബിഭാഷയിൽ സാധാരണ കാണപ്പെടാറില്ലാത്ത ഒരു പദമാണത്. ക്വുർആനിലല്ലാതെ ആ വാക്ക് കണ്ടിട്ടില്ലെന്നുപോലും ചില

മഹാൻമാർ പ്രസ്താവിച്ചിരിക്കുന്നു. സ്വർഗസ്ഥരായ ആളുകൾക്ക് പാനീയങ്ങളുമായി ഉപചാരസേവനം നടത്തുന്ന ബാലൻമാരെപ്പറ്റി مخلدون (ശാശ്വതജീവിതം നൽകപ്പെട്ടവർ) എന്ന് വിശേഷിപ്പിച്ചതിൽനിന്ന് അവരുടെ കൗമാരനവത്വത്തിന് ഒരു കാലത്തും കോട്ടം തട്ടുകയില്ലെന്ന് മനസ്സിലാക്കാം. മുത്തുവിതറിയപോലെ എന്ന ഉപമ അവരുടെ കൗതുകവും, ഭംഗിയും, വടിയും ഉദാഹരിക്കുന്നു. കൂടാതെ, അവരുടെ എണ്ണത്തിന്റെ ആധിക്യവും അത് സൂചിപ്പിക്കുന്നുണ്ട്. ചില പ്രത്യേക പാനീയങ്ങളെപ്പററി പ്രസ്താവിച്ച ശേഷം 21 -ാം വചനത്തിൽ റബ്ബ് അവർക്ക് വളരെ ശുദ്ധമായ ഒരു പാനീയം നൽകുമെന്ന് വീണ്ടും ഉണർത്തിയത് ശ്രദ്ധേയമാണ്. അത് അവരുടെ മനസ്സിനും, ശരീരത്തിനും, സ്വഭാവങ്ങൾക്കുമെല്ലാം തന്നെ കൂടുതൽ പരിശുദ്ധി നൽകുന്ന മറ്റൊരു അനുഗൃഹീത പാനീയമായിരിക്കാമെന്ന് ചില മഹാൻമാർ പറഞ്ഞുകാണുന്നു. الله اعلم

സന്ദർഭമനുസരിച്ച് ചിലപ്പോഴെല്ലാം ഇതിനുമുമ്പ് നാം ചൂണ്ടിക്കാട്ടിയിട്ടുള്ള ചില സംഗതികൾ ഇവിടെ വീണ്ടും അനുസ്മരിക്കുന്നത് അസ്ഥാനത്തായിരിക്കയില്ല. സ്വർഗീയ ജീവിതത്തെയും അതിലെ വിഭവങ്ങളെയും കുറിച്ച് ക്വുർആനിലോ ഹദീഥിലോ വല്ലതും പറയുമ്പോൾ- നരകത്തെ സംബന്ധിച്ചും അതുപോലെത്തന്നെ- ഉപയോഗിച്ച പദങ്ങളെയും, ആ പദങ്ങളുടെ ഭാഷാർത്ഥത്തെയും മാത്രം നോക്കി അവയെപ്പറ്റി അനുമാനം നടത്തിക്കൂടാത്തതാകുന്നു. കാരണം; ഒന്നാമതായി, പരലോക സംബന്ധമായ കാര്യങ്ങൾ എല്ലാംതന്നെ നമ്മുടെ അറിവിനും അനുമാനത്തിനും അതീതമായവയും നമുക്ക് അപരിചിതങ്ങളുമായിരിക്കും. മരണശേഷം അനുഭവത്തിൽ കാണുമ്പോഴല്ലാതെ അവയുടെ സാക്ഷാൽ രൂപത്തിൽ അവയെ മനസ്സിലാക്കുവാൻ നമുക്ക് ഒരിക്കലും കഴിയില്ല. രണ്ടാമതായി, നമുക്ക് സുപരിചിതമായ ഭാഷയിലൂടെയും പ്രയോഗങ്ങളിലൂടെയുമല്ലാതെ ഏതുകാര്യവും നമുക്ക് വിവരിച്ചുതരുവാൻ നിവൃത്തിയില്ല. അഥവാ അവയുടെ യഥാർത്ഥരൂപത്തിൽ അവയെപ്പറ്റി വ്യവഹരിക്കുന്ന മറ്റുവല്ല അപരിചിതവാക്കുകൾ മുഖേനയും നമ്മോട് സംസാരിച്ചിട്ട് കാര്യമില്ല. ആകയാൽ നമുക്കറിയാവുന്ന വാക്കുകളിൽ നമ്മെ പരിചയപ്പെടുത്തുവാനേ നിവൃത്തിയുള്ളൂ. അതുകൊണ്ട് സ്വർഗത്തിലെ പഴം, കള്ള്, വെള്ളി, പട്ട്, വള തുടങ്ങിയ ഓരോന്നിനും അതേ പേരുകളിൽ നമുക്കറിയാവുന്ന അതത് വസ്തുക്കളുടെ തോതുവെച്ച് രൂപം കൽപിച്ചുകൂടാത്തതാകുന്നു. 20 -ാം വചനത്തിൽനിന്ന് തന്നെ ഈ യാഥാർത്ഥ്യം ഏറെക്കുറെ മനസ്സിലാക്കാം. സ്വർഗത്തിലെ വസ്തുക്കളെപ്പറ്റി 'ഒരു കണ്ണും കണ്ടിട്ടില്ലാത്തതും, ഒരു ചെവിയും കേട്ടിട്ടില്ലാത്തതും, ഒരു മനുഷ്യന്റെ ഹൃദയത്തിലും തോന്നിയിട്ടില്ലാത്തതുമായിരിക്കും അവ' എന്ന് ഹദീഥിൽ വന്നിട്ടുള്ളത് ഈ യാഥാർത്ഥ്യമാണ് വ്യക്തമാക്കുന്നത്. (സൂ: സജദ: 17ന്റെ വ്യാഖ്യാനത്തിൽ കൊടുത്തിട്ടുള്ള ഹദീഥ് നോക്കുക.) അല്ലാഹു നമ്മെയെല്ലാം അവന്റെ പുണ്യവാൻമാരായ അടിയാൻമാരിൽ ഉൾപ്പെടുത്തിത്തരട്ടെ. ആമീൻ.

വിഭാഗം- 2

إِنَّا نَحْنُ نَزَّلْنَا عَلَيْكَ ٱلْقُرْءَانَ تَنزِيلًا ﴿٢٣﴾

﴿23﴾ നിശ്ചയമായും നാം തന്നെയാണ് നിന്റെ മേൽ ക്വുർആൻ ഒരു (ക്രമേണയായുള്ള) അവതരിപ്പിക്കൽ അവതരിപ്പിച്ചിരിക്കുന്നത്.

فَٱصْبِرْ لِحُكْمِ رَبِّكَ وَلَا تُطِعْ مِنْهُمْ ءَاثِمًا أَوْ كَفُورًا ﴿٢٤﴾

﴿24﴾ അതിനാൽ നിന്റെ രക്ഷിതാവിന്റെ വിധിക്ക് നീ ക്ഷമിച്ചുകൊള്ളുക; അവരിൽനിന്ന് യാതൊരു പാപിയെയോ, അവിശ്വാസിയായുള്ളവനെയോ നീ അനുസരിക്കയും ചെയ്യരുത്.

وَٱذْكُرِ ٱسْمَ رَبِّكَ بُكْرَةً وَأَصِيلًا ﴿٢٥﴾

﴿25﴾ രാവിലെയും, വൈകുന്നേരവും, നിന്റെ റബ്ബിന്റെ നാമം നീ സ്മരിക്കുകയും ചെയ്യുക.

وَمِنَ ٱلَّيْلِ فَٱسْجُدْ لَهُۥ وَسَبِّحْهُ لَيْلًا طَوِيلًا ﴿٢٦﴾

﴿26﴾ രാത്രിയിൽനിന്നുംതന്നെ (അല്പനേരം) നീ അവന് സുജൂദ് [സാഷ്ടാംഗ നമസ്കാരം] ചെയ്യണം; ഒരു നീണ്ട (സമയം) രാത്രി അവന് തസ്ബീഹും [പ്രകീർത്തനവും] നടത്തണം.

﴿23﴾ إِنَّا نَحْنُ നിശ്ചയമായും നാം തന്നെ نَزَّلْنَا അവതരിപ്പിച്ചു, ഇറക്കി عَلَيْكَ നിന്റെമേൽ ٱلْقُرْءَانَ ക്വുർആനെ تَنزِيلًا ഒരു അവതരിപ്പിക്കൽ, ഇറക്കൽ ﴿24﴾ فَٱصْبِرْ അതിനാൽ ക്ഷമിക്കുക, സഹിക്കുക لِحُكْمِ വിധിക്ക് رَبِّكَ നിന്റെ റബ്ബിന്റെ وَلَا تُطِعْ അനുസരിക്കുകയും അരുത് مِنْهُمْ അവരിൽ നിന്ന് ءَاثِمًا ഒരു പാപിയെയും أَوْ كَفُورًا അല്ലെങ്കിൽ അവിശ്വാസിയായുള്ളവനെ, നന്ദികെട്ടവനെ ﴿25﴾ وَٱذْكُرِ നീ സ്മരിക്കുക (ഓർക്കുക- കീർത്തനം ചെയ്യുക)യും ചെയ്യുക ٱسْمَ رَبِّكَ നിന്റെ റബ്ബിന്റെ നാമം بُكْرَةً കാലത്ത്, രാവിലെ وَأَصِيلًا വൈകുന്നേരവും, വൈകീട്ടും ﴿26﴾ وَمِنَ ٱلَّيْلِ രാത്രിയിൽനിന്നും തന്നെ فَٱسْجُدْ لَهُ അവനെ നീ സുജൂദ് ചെയ്യുക

وَسَبِّحْهُ അവനെ പ്രകീർത്തനം ചെയ്യുക, വാഴ്ത്തുകയും വേണം لَيْلًا രാത്രി طَوِيلًا നീണ്ട, ദീർഘിച്ച (സമയം)

ക്വുർആനെ ഒന്നായി അവതരിപ്പിക്കാതെ സന്ദർഭമനുസരിച്ച് ഗഡുക്കളായും, സാവകാശമായും അവതരിപ്പിച്ചു കൊണ്ടിരിക്കുന്നതിനെപ്പറ്റിയാണ് 23 -ാം വചനത്തിൽ പ്രസ്താവിക്കുന്നത്. ഇത് അല്ലാഹുവിന്റെ വിധിയനുസരിച്ചാണെന്നും, അത് തൃപ്തിപ്പെട്ടുകൊള്ളണമെന്നും, സഹനത്തോടും ക്ഷമയോടുംകൂടി കൃത്യങ്ങളെല്ലാം നിർവ്വഹിച്ചുകൊണ്ടിരിക്കണമെന്നും, അതിനെതിരിൽ വിലങ്ങടിക്കുന്ന ഏത് പാപികളെയും നിഷേധികളെയും അനുസരിക്കുകയോ അവർക്ക് വഴങ്ങിക്കൊടുക്കുകയോ ചെയ്യരുതെന്നും അല്ലാഹു നബിﷺയോട് കൽപിക്കുന്നു. ഇങ്ങനെയുള്ള കൽപനകൾ തിരുമേനിക്ക് കൂടുതൽ മനോധൈര്യവും ദൃഢമനസ്കതയും ഉളവാക്കുന്നതാണെന്ന് പറയേണ്ടതില്ല. മാനസികശക്തിയും ആത്മീയപരിശുദ്ധിയും വളർത്തുന്നതാണ് നമസ്കാരം, തസ്ബീഹ്, ദിക്ർ മുതലായ കർമങ്ങൾ. അതുകൊണ്ട് അവയെപ്പറ്റിയും പ്രത്യേകം ഓർമിപ്പിച്ചിരിക്കുന്നു. واستعينوا بالصبر والصلاة (നിങ്ങൾ ക്ഷമകൊണ്ടും നമസ്കാരംകൊണ്ടും സഹായം തേടിക്കൊള്ളുക.)

രാവിലെയും വൈകുന്നേരവും റബ്ബിന്റെ നാമം സ്മരിക്കുക എന്ന് പറഞ്ഞതിൽ സ്വുബ്ഹ്, ളുഹ്ർ, അസ്ർ എന്നീ നമസ്കാരങ്ങൾ മുഖേനയുള്ള സ്മരണയും, രാത്രി കുറച്ച് സമയം സുജൂദ് ചെയ്യണമെന്ന് പറഞ്ഞതിൽ മഗ്രിബും, ഇശാഉം ഉൾപ്പെടുന്നതാണ്. രാത്രി ദീർഘനേരം തസ്ബീഹ്-സ്തോത്രകീർത്തനം -നടത്തണമെന്ന് പറഞ്ഞതിൽ രാത്രിയിലെ തഹജ്ജുദ് നമസ്കാരം തുടങ്ങിയ ദിക്റുകളും ഉൾപ്പെടുന്നു. അഥവാ ഇതുപോലെയുള്ള കൽപനകളുടെ പ്രായോഗിക രൂപങ്ങളായിക്കൊണ്ടാണ് നബിﷺ അതെല്ലാം സമുദായത്തിന് കാണിച്ചുതന്നിരിക്കുന്നത്. 'ദിക്ർ- തസ്ബീഹ്- സുജൂദ്' എന്നിവയെപ്പറ്റിയും, മേപ്പടി സമയങ്ങളെപ്പറ്റിയും സൂ: അൻകബൂത്ത് 45; സൂ: റൂം 17, 18 മുതലായ സ്ഥലങ്ങളിൽ മുമ്പ് വിവരിച്ചത് ഓർക്കുക.

إِنَّ هَٰٓؤُلَآءِ يُحِبُّونَ ٱلْعَاجِلَةَ وَيَذَرُونَ وَرَآءَهُمْ يَوْمًا ثَقِيلًا ﴿٢٧﴾

﴾27﴿ നിശ്ചയമായും, ഇക്കൂട്ടർ ക്ഷണികമായതിനെ [ഐഹികജീവിതത്തെ] ഇഷ്ടപ്പെടുന്നു;ഭാരമേറിയ ഒരു ദിവസത്തെ അവർ തങ്ങളുടെ പുറകിൽ വിട്ടുകളയുകയും ചെയ്യുന്നു.

نَّحْنُ خَلَقْنَٰهُمْ وَشَدَدْنَآ أَسْرَهُمْ ۖ وَإِذَا شِئْنَا بَدَّلْنَآ أَمْثَٰلَهُمْ تَبْدِيلًا ﴿٢٨﴾

﴾28﴿ നാമത്രെ അവരെ സൃഷ്ടിച്ചതും, അവരുടെ (ശരീര) ഘടനയെ ബലപ്പെടുത്തിയതും. നാം ഉദ്ദേശിച്ചാൽ, അവർക്ക് തുല്യമായവരെ നാം (അവർക്ക്) പകരമാക്കിക്കൊണ്ടുവരുന്നതുമാണ്.

﴾27﴿ إِنَّ هَٰٓؤُلَآءِ നിശ്ചയമായും ഇക്കൂട്ടർ يُحِبُّونَ അവർ ഇഷ്ടപ്പെടുന്നു, സ്നേഹിക്കുന്നു ٱلْعَاجِلَةَ ക്ഷണികമായ (വേഗം കഴിയുന്ന)തിനെ وَيَذَرُونَ അവർ വിടുക (ഉപേക്ഷിക്കുക)യും ചെയ്യുന്നു وَرَآءَهُمْ അവരുടെ പിന്നിൽ, പുറകിൽ يَوْمًا ثَقِيلًا ഭാരമേറിയ ഒരു ദിവസം ﴾28﴿ نَّحْنُ നാം, നാമത്രെ خَلَقْنَٰهُمْ അവരെ സൃഷ്ടിച്ചു, സൃഷ്ടിച്ചത് وَشَدَدْنَآ നാം ബലപ്പെടുത്തുകയും ചെയ്തു, ഉറപ്പിച്ചതും أَسْرَهُمْ അവരുടെ (ശരീര) ഘടന, സന്ധുക്കളുടെ കെട്ടുറപ്പ് وَإِذَا شِئْنَا നാം ഉദ്ദേശിച്ചാൽ, ഉദ്ദേശിക്കുമ്പോൾ بَدَّلْنَآ നാം പകരമാക്കും أَمْثَٰلَهُمْ അവർക്ക് തുല്യമായവരെ, അവരെപ്പോലുള്ളവരെ تَبْدِيلًا ഒരു പകരമാക്കൽ

കഴിഞ്ഞ സൂറത്തിലെ 20, 21 വചനങ്ങളിലെ ആശയംതന്നെയാണ് 27 -ാം വചനത്തിലും കാണുന്നത്. അവിടെ 'പരലോകം (الآخرة)' എന്നതിന്റെ സ്ഥാനത്ത് ഇവിടെ 'ഭാരമേറിയ ഒരു ദിവസം (يوما ثقيلا)' എന്നാണുള്ളത്. ഇത് കിയാമത്ത് നാളാണെന്ന് വ്യക്തമാണ്. തങ്ങളുടെ മുമ്പിൽ കാണുന്ന ക്ഷണികമായ ഐഹികജീവിതത്തിൽ മാത്രമാണ് അവർക്ക് പ്രതിപത്തിയുള്ളത്. അവരുടെ പിന്നാലെ അടുത്തടുത്ത് വന്നുകൊണ്ടിരിക്കുന്ന ആ ഭാരമേറിയ ദിവസത്തെ അവർ തീരെ അവഗണിച്ചുകളയുന്നു. അതുകൊണ്ടാണ് അവർ സൻമാർഗത്തിൽ പ്രവേശിക്കാത്തത് എന്ന് താൽപര്യം.

28 -ാം വചനത്തിന്റെ അവസാനഭാഗം രണ്ടുപ്രകാരത്തിൽ വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു:

(1) നാം ഉദ്ദേശിക്കുമ്പോൾ, അഥവാ പുനഃരുത്ഥാനദിവസം അവരെ പുതിയൊരു സൃഷ്ടിയാക്കി മാറ്റിക്കൊണ്ട് എഴുന്നേൽപിക്കും.

(2) നാം ഉദ്ദേശിക്കുകയാണെങ്കിൽ, അവരെ മാറ്റി അവരെപ്പോലെയുള്ള വേറൊരു കൂട്ടരെ- അഥവാ രൂപത്തിൽ തുല്യരാണെങ്കിലും സ്വഭാവത്തിലും മറ്റും വ്യത്യസ്തരായ ഒരു കൂട്ടരെ -ഇവിടെ പകരം കൊണ്ടുവരും. സൂ: ഫാത്വിർ 16 മുതലായ ചില ആയത്തുകളിലെ ആശയം അനുസരിച്ചുള്ളതാണ് ഈ വ്യാഖ്യാനം. മൂന്നാമതായി വേറൊരഭിപ്രായം കൂടി കാണാം. നാമാണ് അവരെ സൃഷ്ടി

ച്ചതും അവരുടെ ശരീരഘടന ബലപ്പെടുത്തിയിരിക്കുന്നതും. എന്നിരിക്കെ, നാം ഉദ്ദേശിക്കുന്നപക്ഷം, അവരുടെ ഈ ശരീരഘടനയല്ലാതെ മറ്റൊരു ശരീരഘടന യുള്ളവരെ ഈ ഭൂമിയിൽതന്നെ നാം അവർക്ക് പകരമായി കൊണ്ടുവരും എന്നത്രെ ആ അഭിപ്രായം. ഒന്നാമത്തേതിന് ഭാഷാപരമായ ചില ന്യായീകരണ ങ്ങളും *(*)* രണ്ടാമത്തെ അഭിപ്രായത്തിന് ക്വുർആൻ വാക്യങ്ങളുടെ പിൻബലവും ചൂണ്ടിക്കാട്ടപ്പെടുന്നു. والله اعلم

إِنَّ هَٰذِهِۦ تَذْكِرَةٌ ۖ فَمَن شَآءَ ٱتَّخَذَ إِلَىٰ رَبِّهِۦ سَبِيلًا ﴿٢٩﴾

《29》 നിശ്ചയമായും ഇതൊരു (മഹത്തായ) ഉപദേശം (അഥവാ സ്മരണ) ആകുന്നു. ആകയാൽ ആർ (വേണമെന്ന്) ഉദ്ദേശിച്ചുവോ അവൻ, തന്റെ റബ്ബിങ്കലേക്ക് (വേണ്ടുന്ന) മാർഗം ഏർപ്പെടുത്തിക്കൊള്ളട്ടെ.

وَمَا تَشَآءُونَ إِلَّآ أَن يَشَآءَ ٱللَّهُ ۚ إِنَّ ٱللَّهَ كَانَ عَلِيمًا حَكِيمًا ﴿٣٠﴾

《30》 അല്ലാഹു ഉദ്ദേശിക്കുന്നതായാലല്ലാതെ നിങ്ങൾ ഉദ്ദേശിക്കുന്നതുമല്ല. നിശ്ചയമായും, അല്ലാഹു സർവജ്ഞനും, അഗാധജ്ഞനുമാകുന്നു.

يُدْخِلُ مَن يَشَآءُ فِى رَحْمَتِهِۦ ۚ وَٱلظَّٰلِمِينَ أَعَدَّ لَهُمْ عَذَابًا أَلِيمًۢا ﴿٣١﴾

《31》 അവൻ ഉദ്ദേശിക്കുന്നവരെ അവൻ തന്റെ കാരുണ്യത്തിൽ പ്രവേശിപ്പിക്കുന്നു; അക്രമികൾക്കാകട്ടെ, അവർക്ക് വേദനയേറിയ ശിക്ഷ അവൻ ഒരുക്കുകയും ചെയ്തിരിക്കുന്നു.

《29》 إِنَّ هَٰذِهِۦ നിശ്ചയമായും ഇത് تَذْكِرَةٌ ഒരു ഉപദേശമാണ്, സ്മരണയാണ് فَمَن شَآءَ ആകയാൽ ആർ ഉദ്ദേശിച്ചുവോ ٱتَّخَذَ അവൻ ഏർപ്പെടുത്തി (ഉണ്ടാക്കി) ക്കൊള്ളട്ടെ, സ്വീകരിക്കാം إِلَىٰ رَبِّهِۦ തന്റെ റബ്ബിങ്കലേക്ക് سَبِيلًا മാർഗം, നേർവഴി 《30》 وَمَا تَشَآءُونَ നിങ്ങൾ ഉദ്ദേശിക്കുന്നതുമല്ല إِلَّآ أَن يَشَآءَ ഉദ്ദേശിക്കുന്നതായതല്ലാതെ ٱللَّهُ അല്ലാഹു إِنَّ ٱللَّهَ നിശ്ചയമായും അല്ലാഹു كَانَ അവനാകുന്നു عَلِيمًا സർവജ്ഞൻ حَكِيمًا അഗാധജ്ഞൻ, യുക്തിമാനായ 《31》 يُدْخِلُ അവൻ പ്രവേശിപ്പിക്കും مَن يَشَآءُ

(*) يعني :لأن 'ان' بالكسر لا تستعمل غالبا فيما معلوم الوقوع بخلاف 'إذا' فاستعملها يكون فيما تحقق وقوعه

താൻ ഉദ്ദേശിക്കുന്നവരെ فِي رَحْمَتِهِ എന്റെ കാരുണ്യത്തിൽ وَٱلظَّٰلِمِينَ അക്രമികൾക്കോ أَعَدَّ لَهُمْ അവർക്കവൻ ഒരുക്കിയിരിക്കുന്നു عَذَابًا أَلِيمًا വേദനയേറിയ ശിക്ഷ

---

29 -ാം വചനംപോലെ സൂ: മുസ്സമ്മിൽ 19 ലും കഴിഞ്ഞുപോയിട്ടുണ്ട്. അതേ ഉദ്ദേശ്യം തന്നെയാണ് ഇവിടെയും. ഈ സൂറത്തിൽ ഇതേവരെയായി പുണ്യവാൻമാരായ സജ്ജനങ്ങളുടെയും, അവരുടെ എതിർപക്ഷക്കാരായ ദുർജനങ്ങളുടെയും സ്ഥിതിഗതികൽ പലതും വിവരിച്ചു. സന്തോഷവാർത്തകളും, ഭയവാർത്തകളും പലതും കഴിഞ്ഞു. അനന്തരം മഹത്തായ ഒരു ഉപദേശമാണിതെന്നും, വേണമെന്നുള്ളവർ അത് സ്വീകരിച്ചുകൊള്ളട്ടെ എന്നും താക്കീത് നൽകി. തുടർന്നുകൊണ്ട് അതിപ്രധാനമായ ഒരു യാഥാർത്ഥ്യം അല്ലാഹു ഓർമിപ്പിക്കുന്നു. മനുഷ്യന് ഏതൊരു കാര്യവും ഉദ്ദേശിക്കുവാനും അത് പ്രായോഗികമാക്കുവാനും സാധിക്കണമെങ്കിൽ അതിൽ അല്ലാഹുവിന്റെ ഉദ്ദേശ്യം കൂടി ഉണ്ടായിരിക്കേണ്ടതുണ്ട്. മനുഷ്യൻ സൻമാർഗം സ്വീകരിക്കുന്നതുപോലും അല്ലാഹു ഉദ്ദേശിക്കുമ്പോഴേ ഉണ്ടാവുകയുള്ളൂ. എന്നാൽ, ആരൊക്കെയാണ് സൻമാർഗം പ്രാപിക്കുവാൻ അർഹതയുള്ളവർ, ആരൊക്കെയാണ് അതിന് അർഹരല്ലാത്തവർ, എപ്പോഴാണതിന്റെ സന്ദർഭം എന്നൊക്കെയുള്ള കാര്യങ്ങൾ അല്ലാഹുവിന് ശരിക്കും അറിയാം. അതെ, അവൻ മാത്രമാണ് അതൊക്കെ അറിയുന്നവൻ. ഓരോ കാര്യവും യഥായോഗ്യം യുക്തമായ നിലയിൽമാത്രം അവൻ കൈകാര്യം ചെയ്യുകയും ചെയ്യുന്നു. നിശ്ചയമായും അവൻ എല്ലാം അറിയുന്ന സർവ്വജ്ഞനാണ്. യുക്തിമാനും അഗാധജ്ഞനുമാണ്. (إن الله كان عليما حكيما) ഈ വിഷയകമായി 20 -ാം വ്യാഖ്യാനക്കുറിപ്പിൽ വിസ്തരിച്ചു വിവരിച്ചിട്ടുള്ളത് ഓർക്കുക.

അവസാനമായി, ഇതേവരെ സംസാരിച്ച വിഷയങ്ങളുടെ രത്നച്ചുരുക്കമെന്നോണം, അല്ലാഹു ഉദ്ദേശിക്കുന്നവരെ അവൻ തന്റെ കാരുണ്യത്തിൽ പ്രവേശിപ്പിക്കുമെന്നും, അക്രമികൾക്ക് വേദനയേറിയ ശിക്ഷ ഒരുക്കിവെച്ചിട്ടുണ്ടെന്നും ഒന്നുകൂടി അനുസ്മരിപ്പിക്കുന്നു. അപ്പോൾ അല്ലാഹുവിന്റെ കാരുണ്യത്തിന് പാത്രമായിത്തീരുന്നവർ- അഥവാ സജ്ജനങ്ങളായ ഭാഗ്യവാൻമാർ- ആരായിരിക്കുമെന്ന് മനസ്സിലാക്കാവുന്നതാണ്. അതെ, അക്രമികളും തോന്നിയവാസികളും അല്ലാത്തവർ തന്നെ. അല്ലാഹു അക്രമികളായ ജനങ്ങളെ സൻമാർഗത്തിലാക്കുന്നതല്ല. (والله لا يهدي القوم الظالمين- الصف) തോന്നിയവാസികളായ ജനങ്ങളെയും അവൻ സൻമാർഗത്തിലാക്കുകയില്ല (والله لا يهدي القوم الفاسقين- الصف) അപ്പോൾ, അല്ലാഹുവിന് അവന്റെ വിധി നിർണയത്തിൽ തികച്ചും ന്യായമുണ്ടെന്ന് വ്യക്തമായല്ലോ. (قل فلله الحجة البالغة)

[والحمد لله أوّلا واخر اوله الحمد والفضل والمنة]

سورة المرسلات

77. സൂറത്തുൽ മുർസലാത്ത്

മക്കഃയിൽ അവതരിച്ചത് - വചനങ്ങൾ 50 - വിഭാഗം (റുകൂഉ്) 2

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ

പരമകാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

وَٱلْمُرْسَلَٰتِ عُرْفًا ﴿١﴾

﴾1﴿ പതിവായി [തുടർച്ചയായി] അയക്കപ്പെടുന്നവ തന്നെയാണ (സത്യം)!

فَٱلْعَٰصِفَٰتِ عَصْفًا ﴿٢﴾

﴾2﴿ അങ്ങനെ, (ഊക്കോടെയുള്ള) ഒരു അടിച്ചുവീശൽ വീശുന്നവ തന്നെയാണ (സത്യം)!

وَٱلنَّٰشِرَٰتِ نَشْرًا ﴿٣﴾

﴾3﴿ പരത്തിവ്യാപിപ്പിക്കുന്നവയും തന്നെയാണ (സത്യം)!

فَٱلْفَٰرِقَٰتِ فَرْقًا ﴿٤﴾

﴾4﴿ എന്നിട്ട് വേർതിരിച്ചു വിവേചനം ചെയ്യുന്നവ തന്നെയാണ (സത്യം)!

فَٱلْمُلْقِيَٰتِ ذِكْرًا ﴿٥﴾

﴾5﴿ അങ്ങനെ, സന്ദേശം (അഥവാ ഉപദേശം) ഇട്ടുകൊടുക്കുന്നവയാണ (സത്യം)!-

عُذْرًا أَوْ نُذْرًا ﴿٦﴾

﴾6﴿ അതായത്, ഒഴികഴിവ്, അല്ലെങ്കിൽ മുന്നറിയിപ്പ് (ഇട്ടുകൊടുക്കുന്നവ)

إِنَّمَا تُوعَدُونَ لَوَٰقِعٌ ﴿٧﴾

﴾7﴿ നിശ്ചയമായും നിങ്ങളോട് വാഗ്ദത്തം (അഥവാ താക്കീത്) ചെയ്യപ്പെടുന്നത് സംഭവിക്കുന്നതുതന്നെയാകുന്നു.

﴾1﴿ وَٱلۡمُرۡسَلَٰتِ അയക്കപ്പെട്ടവ (വിട്ടയക്കപ്പെട്ടവ) തന്നെയാണ عُرۡفًا പതിവായി, തുടർച്ചയായി, നന്മയായി ﴾2﴿ فَٱلۡعَٰصِفَٰتِ എന്നിട്ട് (അങ്ങനെ) അടിച്ചുവീശുന്നവയാണ عَصۡفًا ഒരു അടിച്ചുവീശൽ (ഊക്കോടെ) ﴾3﴿ وَٱلنَّٰشِرَٰتِ പരത്തുന്ന (വ്യാപിപ്പിക്കുന്ന- വിതരണം ചെയ്യുന്ന)വയും തന്നെയാണ نَشۡرًا ഒരു പരത്തൽ, വ്യാപിപ്പിക്കൽ ﴾4﴿ فَٱلۡفَٰرِقَٰتِ എന്നിട്ട് (അങ്ങനെ) വിവേചനം (വ്യത്യാസം) ചെയ്യുന്നവ തന്നെയാണ فَرۡقًا ഒരു വിവേചനം, വ്യത്യാസം ﴾5﴿ فَٱلۡمُلۡقِيَٰتِ എന്നിട്ട് (അങ്ങനെ) ഇട്ടുകൊടുക്കുന്നവ തന്നെയാണ ذِكۡرًا സന്ദേശം, ഉപദേശം, സ്മരണ, പ്രസ്താവന ﴾6﴿ عُذۡرًا അതായത് ഒഴികഴിവ്, ഒഴികഴിവിനായി أَوۡ نُذۡرًا അല്ലെങ്കിൽ മുന്നറിയിപ്പ്, താക്കീതിനായി ﴾7﴿ إِنَّمَا تُوعَدُونَ നിശ്ചയമായും നിങ്ങൾ താക്കീത് (വാഗ്ദത്തം) ചെയ്യപ്പെടുന്നത് لَوَٰقِعٞ സംഭവിക്കുന്ന (ഉണ്ടാകുന്ന)തുതന്നെ

സൂഃ സ്വാഫ്ഫാത്ത്, സൂറ: ദാരിയാത്ത് എന്നിവയിൽ കണ്ടതുപോലെയുള്ള ചില സത്യവാചകങ്ങളാണ് ആദ്യത്തെ അഞ്ച് വചനങ്ങളിൽ കാണുന്നത്. ഓരോന്നിലും പറയപ്പെട്ടിട്ടുള്ള വിശേഷണങ്ങളാൽ വിശേഷിപ്പിക്കപ്പെട്ട വസ്തു- അഥവാ അവകൊണ്ട് വിവക്ഷിക്കപ്പെട്ടിരിക്കുന്നത്- ഏതാണെന്ന് വ്യക്തമാക്കപ്പെട്ടിട്ടില്ല. അതിനാൽ ഇവിടെ വ്യാഖ്യാതാക്കൾക്ക് പല വ്യത്യസ്താഭിപ്രായങ്ങളും കാണാം.

(1) അഞ്ച് വചനങ്ങളിലും മലക്കുകളാണ് ഉദ്ദേശ്യമെന്നും

(2) എല്ലാം കാറ്റിനെ ഉദ്ദേശിച്ചാണെന്നും

(3) എല്ലാം നബിമാരെ ഉദ്ദേശിച്ചാണെന്നും

(4) എല്ലാം ക്വുർആൻ വചനങ്ങളെ ഉദ്ദേശിച്ചാണെന്നും

(5) മലക്കുകൾ, പ്രവാചകൻമാർ, സദ്‌വൃത്തരായ പണ്ഡിതൻമാർ മുതലായവരെ ഉദ്ദേശിച്ചാണെന്നും

(6) ആദ്യത്തെ മൂന്ന് വചനങ്ങളും കാറ്റിനെ ഉദ്ദേശിച്ചും, പിന്നീടുള്ള രണ്ടും മലക്കുകളെ ഉദ്ദേശിച്ചുമാണെന്നും

(7) അവസാനത്തേത്മാത്രം മലക്കുകളെ ഉദ്ദേശിച്ചും, ബാക്കി കാറ്റിനെയോ മറ്റോ ഉദ്ദേശിച്ചുമാണെന്നും അഭിപ്രായങ്ങൾ കാണാം. അല്ലാഹു പ്രസ്താവിച്ച വാക്കുകളുടെ അർത്ഥവ്യാപ്തിയിൽ ഉൾപ്പെടുന്ന തരത്തിൽ ഓരോ അഭിപ്രായക്കാരും അവരുടെ അഭിപ്രായത്തിന് വിശദീകരണവും നൽകിയിരിക്കുന്നു.

എന്നാൽ, മുൻഗാമികളായ മിക്ക മഹാൻമാരും സ്വീകരിച്ചുവരുന്നതും, സ്വഹാബികളിൽനിന്നും താബിഉകളിൽനിന്നും പ്രമാണിക്കപ്പെടുന്നതും ഇവയിൽ രണ്ട് അഭിപ്രായങ്ങളാകുന്നു. അതായത് എല്ലാറ്റിലും ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത് മലക്കുകളാണെന്നും, ആദ്യത്തെ മൂന്നിലും കാറ്റും, ഒടുവിലത്തെ രണ്ടിലും മലക്കുകളുമാണെന്നും, ഈ രണ്ട് അഭിപ്രായങ്ങളിൽ രണ്ടാമത്തേതാണ് കൂടുതൽ സ്വീകാര്യമായിത്തോന്നുന്നത്. കാരണം ഇബ്നുകഥീർ (റ) മുതലായവർ ചൂണ്ടിക്കാട്ടിയതുപോലെ- ആദ്യത്തെ മൂന്ന് വചനങ്ങളിൽ പ്രസ്താവിക്കപ്പെട്ട ഗുണങ്ങൾ കാറ്റിന്റെ ഗുണങ്ങളായി വേറെ ക്വുർആൻ വാക്യങ്ങളിൽ പ്രസ്താവിക്കപ്പെട്ടു കാണാം. അവസാനത്തെ വചനങ്ങളിൽ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത് മലക്കുകളാണെന്ന് ഇബ്നുമസ്ഊദ്, ഇബ്നുഅബ്ബാസ്, മസ്റൂഖ്, മുജാഹിദ്, ക്വത്താദഃ, റബീഉ്, സുദ്ദീ, ഥൗരീ (رضي الله عنهم) എന്നിവരിൽനിന്ന് രിവായത്തുകൾ വന്നിട്ടുമുണ്ട്. മാത്രമല്ല, 5 ഉം 6 ഉം വചനങ്ങളിൽ പ്രസ്താവിക്കപ്പെട്ട വിശേഷത കാറ്റിന്റെതായി വ്യാഖ്യാനിക്കുവാൻ കുറച്ച് സാഹസപ്പെടേണ്ടതുമുണ്ട്. الله أعلم

അല്ലാഹുവിന്റെ അനുഗ്രഹമാകുന്ന മഴയെക്കുറിച്ച് സന്തോഷവാർത്ത അറിയിക്കുന്ന വിധത്തിൽ അവൻ കാറ്റിനെ അയക്കുന്നു; അങ്ങനെ, അവ കനത്ത മേഘങ്ങളെ വഹിച്ചുകൊണ്ടുപോകുന്നു; എന്നിട്ട് നിർജീവമായിക്കിടക്കുന്ന നാട്ടിനു മഴ നനക്കുന്നു; അതുമൂലം എല്ലാ ഫലവർഗങ്ങളും ഉൽപാദിപ്പിക്കുന്നു എന്നൊക്കെ സൂറ: അഅ്റാഫ്, 57 ൽ കാണാം. ഏതാണ്ട് ഇതേ പ്രകാരത്തിലുള്ള വിശേഷണങ്ങൾ കാറ്റിനെക്കുറിച്ച് വേറെ സ്ഥലങ്ങളിലും പറഞ്ഞു കാണാവുന്നതാണ്. ഏറെക്കുറെ ഈ ആശയം തന്നെയാണ് ഇവിടെയും കാറ്റുകളെക്കുറിച്ച് പറഞ്ഞിരിക്കുന്നത്. 4 ഉം 5 ഉം വചനങ്ങളുടെ സാരം ഇപ്രകാരം പറയാം: സത്യാസത്യങ്ങൾക്കും, ന്യായാന്യായങ്ങൾക്കുമിടയിൽ വിവേചനം എത്തിച്ചുകൊടുക്കുന്ന മലക്കുകളെകൊണ്ട് അവയിൽ അല്ലാഹു സത്യം ചെയ്തിരിക്കുന്നു. കാറ്റിന്റെയും, മലക്കുകളുടെയും പേരിൽ ശപഥം ചെയ്തതിൽ അന്തർഭവിച്ച ഒരു തത്വം ഇതാണ്: കാറ്റുകൾ മനുഷ്യന്റെ ഐഹികവും, ശാരീരികവുമായ ജീവിതത്തിനും അഭിവൃദ്ധിക്കും ആവശ്യമാകുന്നു. എന്നാൽ കാറ്റിന്റെ പ്രവർത്തനവും ചലനങ്ങളും മനുഷ്യന് കാൺമാൻ കഴിയാത്തതാണ്. അതുപോലെ, മനുഷ്യന്റെ പാരത്രികവും, ആത്മീയവുമായ ജീവിതത്തിനും അഭിവൃദ്ധിക്കും ആവശ്യമായ ഒരു മഴ- ദൈവിക സന്ദേശങ്ങളാകുന്നു മഴ-യും, അതുകൊണ്ടുവരുന്ന അദൃശ്യ സൃഷ്ടികളായ മലക്കുകളും നിലവിലുണ്ട്. ഇവ രണ്ടും അല്ലാഹുവിന്റെ അനുഗ്രഹങ്ങളിൽ പെട്ടതാണ്താനും.

വഹ്‌യിന്റെ വാഹകനായ മലക്ക് ജിബ്‌രീൽ (അ) ആണെന്നിരിക്കെ, ഇവിടെ മലക്കുകളെപ്പറ്റി ബഹുവചനരൂപത്തിൽ പ്രസ്താവിച്ചതുകൊണ്ട് ആശയക്കുഴപ്പത്തിനവകാശമില്ല. അല്ലാഹുവിന്റെ സന്ദേശങ്ങൾ ഭൂമിയിലേക്ക് എത്തിക്കുന്നതിൽ വേറെ മലക്കുകൾക്കും പങ്കുണ്ടെന്ന് ക്വുർആനിൽനിന്നുതന്നെ വ്യക്തമായിട്ടുള്ളതാകുന്നു. പല മഹാൻമാരും പറയുന്നതുപോലെ, ജിബ്‌രീൽ (അ) അവരുടെ

യെല്ലാം തലവനായിരിക്കാം. ഇബ്റാഹീം നബി (അ)ക്ക് സന്തോഷവാർത്തയും, ലൂത്വ് നബി (അ)യുടെ ജനതക്ക് ശിക്ഷവരാൻപോകുന്നുവെന്ന മുന്നറിയിപ്പും കൊണ്ടുവന്ന മലക്കുകൾ ഒന്നിലധികം പേരുണ്ടായിരുന്നുവല്ലോ. വഹ്‌യിന്റെ സംരക്ഷണാർത്ഥം മുമ്പിലും പിമ്പിലും അല്ലാഹു രക്ഷാസേനയെ അയക്കുമെന്ന് സൂഃ ജിന്നിലും വന്നിരിക്കുന്നു.

ദൈവിക സന്ദേശങ്ങളിൽ ശിക്ഷകളെക്കുറിച്ചുള്ള താക്കീതുകളും മുന്നറിയിപ്പുകളും അടങ്ങിയിരിക്കുമല്ലോ. അതുപോലെത്തന്നെ, പരലോകത്തുവെച്ച് തങ്ങൾ കുറ്റക്കാരല്ലെന്നും, തങ്ങൾക്ക് നേർമാർഗം എന്താണെന്ന് അറിവ് കിട്ടിയിരുന്നില്ലെന്നും വാദിക്കുവാനുള്ള അവസരം അതുമൂലം അവിശ്വാസികൾക്ക് നഷ്ടപ്പെടുകയും ചെയ്യുന്നു. അതുകൊണ്ടാണ് അവയെപ്പറ്റി عذرا أو نذرا (ഒഴികഴിവ് അല്ലെങ്കിൽ താക്കീത്) എന്ന് പറഞ്ഞിരിക്കുന്നത്.

എനി, അഞ്ച് സത്യവാചകങ്ങളിലും മലക്കുകളാണ് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത് എന്നുവെക്കുമ്പോൾ ആദ്യത്തെ മൂന്ന് വചനങ്ങളുടെ സാരം. ദൈവിക സന്ദേശങ്ങളുമായി തുടരെത്തുടരെ അയക്കപ്പെടുകയും, ഉടനെ അതിവേഗം ആ സന്ദേശങ്ങൾ എത്തിച്ചുകൊടുക്കുകയും ചെയ്യുന്ന മലക്കുകളെക്കൊണ്ട് സത്യം ചെയ്യുന്നു എന്നായിരിക്കും. ഏതായാലും ഈ മഹത്തായ -അർത്ഥഗർമായ- സത്യവാചകങ്ങളെക്കൊണ്ട് സത്യംചെയ്തു അല്ലാഹു ഉറപ്പിച്ചു പറയുന്ന വിഷയം എന്താണ്? അതത്രെ, ഏഴാം വചനത്തിൽ കാണുന്നത്. അതെ,إنما توعدون لواقع (നിശ്ചയമായും നിങ്ങളോട് വാഗ്ദത്തം ചെയ്യപ്പെടുന്ന കാര്യം സംഭവിക്കുന്നതുതന്നെ) എന്ന്! പരലോകം, പുനർജീവിതം, അന്ത്യനാൾ രക്ഷാശിക്ഷകൾ ആദിയായവ സംഭവിക്കുവാനിരിക്കുന്നുവെന്ന ഉറപ്പായ വിശ്വാസമാണല്ലോ എല്ലാ നന്മയുടെയും അടിത്തറ. അടുത്ത വചനങ്ങളിൽ ആ ദിവസം സംഭവിക്കുമ്പോഴുണ്ടാകുന്ന ഗൗരവമേറിയ ചില പ്രത്യാഘാതങ്ങളെക്കുറിച്ച് പറയുന്നു:-

فَإِذَا ٱلنُّجُومُ طُمِسَتْ ﴿٨﴾

﴾8﴿ എന്നാൽ, നക്ഷത്രങ്ങൾ (വെളിച്ചം) തുടച്ചുമായിക്കപ്പെട്ടാൽ!-

وَإِذَا ٱلسَّمَآءُ فُرِجَتْ ﴿٩﴾

﴾9﴿ ആകാശം (തുറന്ന്) വിടർത്തപ്പെടുകയും ചെയ്താൽ!-

وَإِذَا ٱلْجِبَالُ نُسِفَتْ ﴿١٠﴾

﴾10﴿ മലകൾ (ധൂളിയായി) പൊടിക്കപ്പെടുകയും ചെയ്താൽ!-

وَإِذَا ٱلرُّسُلُ أُقِّتَتْ ﴿١١﴾

﴾11﴿ റസൂലുകൾക്ക് സമയം നിശ്ചയിക്കപ്പെടുകയും ചെയ്താൽ!-

لِأَيِّ يَوْمٍ أُجِّلَتْ ﴿١٢﴾

﴾12﴿ ഏതൊരു ദിവസത്തേക്കാണ് അവർക്ക് അവധി നിശ്ചയിക്കപ്പെട്ടിരിക്കുന്നത്?!

لِيَوْمِ ٱلْفَصْلِ ﴿١٣﴾

﴿13﴾ (അതെ) തീരുമാനത്തിന്റെ ദിവസത്തേക്ക് (തന്നെ)!

وَمَآ أَدْرَىٰكَ مَا يَوْمُ ٱلْفَصْلِ ﴿١٤﴾

﴿14﴾ തീരുമാനത്തിന്റെ ദിവസം എന്നാലെന്താണെന്ന് നിനക്ക് എന്തറിയാം?!

وَيْلٌ يَوْمَئِذٍ لِّلْمُكَذِّبِينَ ﴿١٥﴾

﴿15﴾ അന്നത്തെ ദിവസം (മഹാ) നാശം; വ്യാജമാക്കുന്നവർക്കായിരിക്കും.

﴿8﴾ فَإِذَا ٱلنُّجُومُ എന്നാൽ നക്ഷത്രങ്ങൾ ആകുമ്പോൾ (ആയാൽ) طُمِسَتْ അവ തുടച്ച് മായിക്ക (നീക്ക)പ്പെടുക ﴿9﴾ وَإِذَا ٱلسَّمَآءُ ആകാശം ആയാലും (ആകുമ്പോഴും) فُرِجَتْ അത് വിടർത്ത (തുറവിയാക്ക)പ്പെടുക ﴿10﴾ وَإِذَا ٱلْجِبَالُ മലകൾ ആകുമ്പോഴും (ആയാലും) نُسِفَتْ അത് പൊടിക്കപ്പെടുക, പാറ്റപ്പെടുക ﴿11﴾ وَإِذَا ٱلرُّسُلُ റസൂലുകൾ ആകുകയും ചെയ്താൽ أُقِّتَتْ അവർക്ക് സമയം നിശ്ചയിക്കപ്പെടുക ﴿12﴾ لِأَيِّ يَوْمٍ ഏതൊരുദിവസത്തേക്കാണ് أُجِّلَتْ അവക്ക് (അവർക്ക്) അവധി നിശ്ചയിക്കപ്പെട്ടിരിക്കുന്നത് ﴿13﴾ لِيَوْمِ ദിവസത്തേക്ക്, ദിവസത്തിൽ ٱلْفَصْلِ തീരുമാനത്തിന്റെ, പിരിച്ചുവിടലിന്റെ ﴿14﴾ وَمَآ أَدْرَىٰكَ നിനക്ക് അറിവ് നൽകിയതെന്താണ് (നിനക്ക് എന്തറിയാം) مَا يَوْمُ ദിവസമെന്താണെന്ന് ٱلْفَصْلِ തീരുമാനത്തിന്റെ ﴿15﴾ وَيْلٌ (മഹാ) നാശം, കഷ്ടം يَوْمَئِذٍ അന്നത്തെ ദിവസം لِّلْمُكَذِّبِينَ വ്യാജമാക്കുന്നവർക്കാണ്

അന്ത്യനാളിലെ ഗൗരവമേറിയ ചില സംഭവവികാസങ്ങളാണ് ചൂണ്ടിക്കാട്ടുന്നത്. ആകാശം, ഭൂമി, പർവ്വതങ്ങൾ, സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ ആദിയായവയെല്ലാം അന്ന് നിലതെറ്റി അവതാളത്തിലാകുന്നതാണെന്ന് ക്വുർആനിൽ പലപ്പോഴും പ്രസ്താവിക്കപ്പെട്ടിട്ടുള്ളതാണ്. താഴെവരുന്ന മക്കീസൂറത്തുകളിൽ ഇതുപോലെ വേറെയും പല സംഭവവികാസങ്ങളെക്കുറിച്ച് പ്രസ്താവിക്കുന്നുണ്ട്. ക്വിയാമത്തുനാളിൽ റസൂലുകളെ അല്ലാഹു ഒരുമിച്ചുകൂട്ടി അവരുടെ സമുദായങ്ങൾ അവരുടെ പ്രബോധനം സ്വീകരിച്ചതിനെപ്പറ്റി അവരോട് ചോദിക്കുമെന്നും (5 : 112) സമുദായങ്ങളുടെമേൽ സാക്ഷികളായി നബിമാരെകൊണ്ടുവരുമെന്നും (4 : 41) അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. ഇങ്ങനെ ഓരോ റസൂലിന്റെയും അവരുടെ സമുദായത്തിന്റെയും കാര്യങ്ങൾ തീരുമാനം ചെയ്യുന്നതിലുള്ള അവധി നിർണയത്തെക്കുറിച്ചാണ് 11 -ാം വചനത്തിൽ സൂചിപ്പിക്കപ്പെട്ടിരിക്കുന്നത്. 12 -ാം വചനത്തിൽ ആ മഹാദിനത്തിന്റെ അതിഭയങ്കരത ഒരു ചോദ്യരൂപത്തിൽ ഓർമിപ്പിച്ചുകൊണ്ട് മേൽപറഞ്ഞ കാര്യങ്ങളെല്ലാം സംഭവിക്കുവാനിരിക്കുന്ന ദിവസമാണ് സാക്ഷാൽ തീരുമാനത്തിന്റെ അവധി എന്നും, അന്ന് സത്യനിഷേധിക

ൾക്ക് വമ്പിച്ച നാശത്തിന്റെ ദിവസമായിരിക്കുമെന്നും തുടർന്നുള്ള മൂന്നുവചനങ്ങളിൽ പ്രസ്താവിക്കുന്നു. അന്നത്തെദിവസം സത്യനിഷേധികളുടെ വമ്പിച്ച നാശത്തെപ്പറ്റി ഈ അദ്ധ്യായത്തിൽ അല്ലാഹു പത്തുവട്ടം ആവർത്തിച്ചു താക്കീത് നൽകിയിരിക്കുന്നത് കാണാം.

أَلَمْ نُهْلِكِ ٱلْأَوَّلِينَ ﴿١٦﴾

《16》 പൂർവ്വികൻമാരെ നാം നശിപ്പിച്ചു കളഞ്ഞില്ലേ?!

ثُمَّ نُتْبِعُهُمُ ٱلْءَاخِرِينَ ﴿١٧﴾

《17》പിറകെ, അവസാനമുള്ളവരെ നാം അവരോട് തുടർത്തുന്നതാണ്.

كَذَٰلِكَ نَفْعَلُ بِٱلْمُجْرِمِينَ ﴿١٨﴾

《18》 അപ്രകാരമത്രെ, നാം കുറ്റവാളികളെക്കൊണ്ട് ചെയ്യുക.

وَيْلٌ يَوْمَئِذٍ لِّلْمُكَذِّبِينَ ﴿١٩﴾

《19》 അന്നത്തെ ദിവസം (മഹാ) നാശം, വ്യാജമാക്കുന്നവർക്കായിരിക്കും.

أَلَمْ نَخْلُقكُّم مِّن مَّآءٍ مَّهِينٍ ﴿٢٠﴾

《20》 നിസ്സാരപ്പെട്ട ഒരു ജലത്തിൽ നിന്ന് നിങ്ങളെ നാം സൃഷ്ടിച്ചില്ലേ?!

فَجَعَلْنَٰهُ فِى قَرَارٍ مَّكِينٍ ﴿٢١﴾

《21》 എന്നിട്ട് അതിനെ ഭദ്രമായ ഒരു താവളത്തിൽ നാം ആക്കി(വെച്ചു);

إِلَىٰ قَدَرٍ مَّعْلُومٍ ﴿٢٢﴾

《22》 -നിശ്ചിതമായ ഒരു (കാല) അളവുവരെ.

فَقَدَرْنَا فَنِعْمَ ٱلْقَٰدِرُونَ ﴿٢٣﴾

《23》 അങ്ങനെ, നാം (എല്ലാം) കണക്കാക്കി (നിർണയിച്ചു.) അപ്പോൾ, (നാം) എത്രയോ നല്ല കഴിവുള്ളവരത്രെ.

وَيْلٌ يَوْمَئِذٍ لِّلْمُكَذِّبِينَ ﴿٢٤﴾

《24》 അന്നത്തെ ദിവസം (മഹാ) നാശം, വ്യാജമാക്കുന്നവർക്കായിരിക്കും.

《16》 أَلَمْ نُهْلِكِ നാം നശിപ്പിച്ചിട്ടില്ലേ ٱلْأَوَّلِينَ ആദ്യത്തെവരെ, പൂർവ്വികൻമാരെ 《17》 ثُمَّ പിന്നെ, പിറകെ نُتْبِعُهُمُ അവരോട് നാം തുടർത്തും, അനുഗമിപ്പിക്കും ٱلْءَاخِرِينَ അവസാനത്തെവരെ, പിന്നീടുള്ളവരെ 《18》 كَذَٰلِكَ അപ്രകാരം نَفْعَلُ നാം ചെയ്യും بِٱلْمُجْرِمِينَ കുറ്റവാളികളെക്കൊണ്ട് 《19》 (വചനം 15 പോലെ) 《20》

أَلَمْ نَخْلُقكُّم നിങ്ങളെ നാം സൃഷ്ടിച്ചിട്ടില്ലേ مِّن مَّآءٍ ഒരു ജലത്തിൽനിന്ന് مَّهِينٍ നിന്ദ്യമായ, നിസ്സാരപ്പെട്ട ﴿21﴾ فَجَعَلْنَٰهُ എന്നിട്ടതിനെ നാം ആക്കി فِى قَرَارٍ ഒരു താവളത്തിൽ, പതിയിൽ, വനത്തിൽ مَّكِينٍ ഭദ്രമായ, സൗകര്യപ്രദമായ ﴿22﴾ إِلَىٰ قَدَرٍ ഒരു കണക്ക് (തോത്- നിർണയം) വരെ مَّعْلُومٍ അറിയപ്പെട്ട (നിശ്ചിതമായ) ﴿23﴾ فَقَدَرْنَا എന്നിട്ട് നാം കണക്കാക്കി, നിർണയപ്പെടുത്തി, നമുക്ക് സാധ്യമായി فَنِعْمَ അപ്പോൾ വളരെ (എത്രയോ) നല്ലത് ٱلْقَٰدِرُونَ കഴിവുള്ളവർ, കണക്കാക്കുന്നവർ ﴿24﴾ [15 പോലെ]

കേവലം അറപ്പും, ചെടിപ്പും തോന്നുന്ന ഇന്ദ്രിയജലത്തിൽനിന്ന് മനുഷ്യനെ സൃഷ്ടിച്ചുണ്ടാക്കിയതും, കുറേകാലത്തോളം ആ ബീജം മാതാവിന്റെ ഗർഭാശയത്തിൽ ഭദ്രമായി സൂക്ഷിച്ചുവെച്ചതും, അവിടെവെച്ച് അവന്റെ ആകൃതിയും പ്രകൃതിയുമെല്ലാം നിർണയിച്ചു സൃഷ്ടിരൂപം പൂർത്തിയാക്കിയതും അനുസ്മരിപ്പിച്ചുകൊണ്ട് അവന്റെ പുനർജീവിതത്തിന്റെ സാധ്യത ഓർമിപ്പിക്കുകയാണ്. قدر (ക്വദറ) എന്ന വാക്കിന് 'നിർണയിച്ചു, കണക്കാക്കി' എന്നൊക്കെ അർത്ഥം വരുന്നതുപോലെ, 'കഴിവുണ്ടാക്കി, സാധ്യമായി' എന്നിങ്ങനെയും അർത്ഥമുണ്ട്. മനുഷ്യന്റെ ആകൃതിയും പ്രകൃതിയും അവന് നൽകുവാൻ നമുക്ക് കഴിവുണ്ടായി എന്നും, നാം വളരെ നല്ല കഴിവുകളുള്ളവനാണ് എന്നും താൽപര്യം.

أَلَمْ نَجْعَلِ ٱلْأَرْضَ كِفَاتًا ﴿٢٥﴾

﴿25﴾ ഭൂമിയെ നാം ഉൾക്കൊള്ളുന്നതാക്കിയില്ലേ,-

أَحْيَآءً وَأَمْوَٰتًا ﴿٢٦﴾

﴿26﴾ ജീവനുള്ളവരെയും, മരണപ്പെട്ടവരെയും?!

وَجَعَلْنَا فِيهَا رَوَٰسِىَ شَٰمِخَٰتٍ وَأَسْقَيْنَٰكُم مَّآءً فُرَاتًا ﴿٢٧﴾

﴿27﴾ ഉന്നതങ്ങളായി ഉറച്ചു നിൽക്കുന്ന പർവ്വതങ്ങളെ നാം അതിൽ ഏർപ്പെടുത്തുകയും ചെയ്തിരിക്കുന്നു. സ്വച്ഛമായ ജലം നിങ്ങൾക്ക് നാം കുടിക്കുവാൻ തരുകയും ചെയ്തിരിക്കുന്നു.

وَيْلٌ يَوْمَئِذٍ لِّلْمُكَذِّبِينَ ﴿٢٨﴾

﴿28﴾ അന്നത്തെ ദിവസം (മഹാ) നാശം, വ്യാജമാക്കുന്നവർക്കാണ്.

﴿25﴾ أَلَمْ نَجْعَلِ നാം ആക്കിയില്ലേ ٱلْأَرْضَ ഭൂമിയെ كِفَاتًا ഉൾക്കൊള്ളുന്നത്, ഒരുമിച്ചുകൂട്ടുന്നത് ﴿26﴾ أَحْيَآءً ജീവനുള്ളവരെ وَأَمْوَٰتًا മരണപ്പെട്ട (നിർജീവമായ)വരെയും ﴿27﴾ وَجَعَلْنَا فِيهَا നാമതിൽ ആക്കു(ഏർപ്പെടുത്തു)കയും ചെയ്തു رَوَٰسِىَ ഉറച്ചുനിൽക്കുന്ന മലകളെ شَٰمِخَٰتٍ പൊന്തിനിൽക്കുന്ന, ഉന്നതങ്ങളായ وَأَسْقَيْنَٰكُم

നിങ്ങൾക്ക് നാം കുടിക്കാൻ തരുകയും ചെയ്തു مَّآءً فُرَاتًا സ്വച്ഛമായ (ശുദ്ധ)ജലം ﴾28﴿ [15 ന്റെ അർത്ഥംപോലെ]

അല്ലാഹുവിന്റെ ചില അനുഗ്രഹങ്ങളെയും, ദൃഷ്ടാന്തങ്ങളെയും എടുത്തു കാട്ടുകയാണ്. ഇത്തരം കാര്യങ്ങളെപ്പറ്റി ഉറ്റാലോചിക്കുന്നവർക്ക് അല്ലാഹുവിന്റെ അപാരമായ കഴിവിനെക്കുറിച്ചും, മരണാനന്തര ജീവിതത്തെക്കുറിച്ചും സംശയ മുണ്ടാകുവാൻ അവകാശമുണ്ടായിരിക്കയില്ല എന്ന് താൽപര്യം. ജീവിച്ചിരിക്കു ന്നവർക്ക് ഭൂമുഖത്ത് ജീവിക്കുവാനുള്ള സൗകര്യം ഏർപ്പെടുത്തിയിരിക്കുന്നതു പോലെ, മരണപ്പെട്ടവരെ ഭൂമിക്കുള്ളിൽ അടക്കം ചെയ്യാനുള്ള സൗകര്യവും അല്ലാഹു ഏർപ്പെടുത്തിയിരിക്കുന്നുവല്ലോ. ഇതിനെപ്പറ്റിയാണ് 25 - 26 ൽ പ്രസ്താ വിച്ചിരിക്കുന്നത്. ഇങ്ങനെയുള്ള യാഥാർത്ഥ്യങ്ങളെ അവഗണിച്ചു നിഷേധിക്കു ന്നവരെ അഭിമുഖീകരിച്ചുകൊണ്ട് അല്ലാഹു പറയുന്നു:-

ٱنطَلِقُوٓاْ إِلَىٰ مَا كُنتُم بِهِۦ تُكَذِّبُونَ ﴿٢٩﴾

﴾29﴿ '(ഹേ, വ്യാജമാക്കുന്നവരേ) നിങ്ങൾ യാതൊന്നിനെ വ്യാജമാക്കി ക്കൊണ്ടിരുന്നുവോ അതിലേക്ക് നിങ്ങൾ പോയിക്കൊള്ളുവിൻ!

ٱنطَلِقُوٓاْ إِلَىٰ ظِلٍّ ذِى ثَلَٰثِ شُعَبٍ ﴿٣٠﴾

﴾30﴿ അതായത്, മൂന്ന് ശാഖക ളുള്ളതായ ഒരു (തരം) തണലി ലേക്ക് പോയിക്കൊള്ളുവിൻ!-

لَّا ظَلِيلٍ وَلَا يُغْنِى مِنَ ٱللَّهَبِ ﴿٣١﴾

﴾31﴿ (അത് ചൂടിൽനിന്ന്) നിഴൽ നൽകുന്നതല്ല; (അഗ്നി) ജ്വാലയിൽ നിന്ന് അത് തടുക്കുകയുമില്ല.

إِنَّهَا تَرْمِى بِشَرَرٍ كَٱلْقَصْرِ ﴿٣٢﴾

﴾32﴿ നിശ്ചയമായും അത്, [നരകം] വൻകെട്ടിടം പോലെയുള്ള തീപ്പൊരി വീശുന്നതാണ്.

كَأَنَّهُۥ جِمَٰلَتٌ صُفْرٌ ﴿٣٣﴾

﴾33﴿ അത് [തീപ്പൊരി] മഞ്ഞ വർണമായ ഒട്ടകക്കൂട്ടമെന്നോണമി രിക്കും!

وَيْلٌ يَوْمَئِذٍ لِّلْمُكَذِّبِينَ ﴿٣٤﴾

﴾34﴿ അന്നത്തെ ദിവസം (മഹാ) നാശം, വ്യാജമാക്കുന്നവർക്കാണ്.

﴾29﴿ ٱنطَلِقُوٓاْ നിങ്ങൾ പോയിക്കൊള്ളുവിൻ إِلَىٰ مَا യാതൊന്നിലേക്ക് كُنتُم بِهِۦ അതിനെ നിങ്ങളായിരുന്നു تُكَذِّبُونَ വ്യാജമാക്കും ﴾30﴿ ٱنطَلِقُوٓاْ നിങ്ങൾ പോയി

ക്കൊള്ളുക إِلَىٰ ظِلٍّ ഒരു തണലി (നിഴലി)ലേക്ക് ذِى ثَلَٰثِ മൂന്നുള്ളതായ شُعَبٍ ശാഖകൾ, പിരിവുകൾ ﴾31﴿ لَّا ظَلِيلٍ തണൽ (നിഴൽ) നൽകുന്നതല്ല وَلَا يُغْنِى അത് പര്യാപ്തമാക്കയുമില്ല (തടുക്കയുമില്ല) مِنَ ٱللَّهَبِ ജ്വാലയിൽനിന്ന് ﴾32﴿ إِنَّهَا നിശ്ചയമായും അത് (നരകം) تَرْمِى എറിയും, (വീശും) بِشَرَرٍ തീപ്പൊരിയെ كَٱلْقَصْرِ മണിമാളിക (വൻകെട്ടിടം- കോട്ട) പോലുള്ള ﴾33﴿ كَأَنَّهُۥ അതാണെന്നപോലെ جِمَٰلَتٌ ഒട്ടകങ്ങൾ, ഒട്ടകക്കൂട്ടം صُفْرٌ മഞ്ഞനിറമുള്ള ﴾34﴿ [15 നോക്കുക]

നിങ്ങൾ പരലോക ജീവിതത്തെയും നരകശിക്ഷയെയും വ്യാജമാക്കിത്തള്ളിയിരുന്നുവല്ലോ. ആ ശിക്ഷ ഇതാ ഇപ്പോൾ യഥാർത്ഥമായിത്തീർന്നിരിക്കുന്നു. അതാ, ആ മൂന്ന് ശാഖകളായി പിരിഞ്ഞുയരുന്ന വമ്പിച്ച കരിമ്പുകയുടെ തണലാണ് നിങ്ങൾക്ക് ഇനി ആധാരം. അതിലേക്ക് പോയിക്കൊള്ളുക. പക്ഷേ അത് സാധാരണ തണലുപോലെ, ചൂടിൽ നിന്ന് തണുപ്പ് നൽകുന്നതോ, നരകാഗ്നിയിൽനിന്നുയരുന്ന തീപ്പൊരികൾക്ക് തടവായിരിക്കുന്നതോ അല്ല. നരകമാകട്ടെ, വൻകെട്ടിടങ്ങൾപോലെയുള്ള വമ്പിച്ച തീപ്പൊരികൾ പറപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്യും. അവയുടെ ആധിക്യവും, വലുപ്പവും വർണവും നോക്കുമ്പോൾ മഞ്ഞ വർണത്തിലുള്ള ഒട്ടകക്കൂട്ടങ്ങൾ ചിന്നിച്ചിതറുകയാണെന്ന് തോന്നും. അത്രയും വൻതോതിലായിരിക്കും ആ തീപ്പൊരികൾ എന്ന് സാരം. ഈ കരിമ്പുകയെപ്പറ്റി തണൽ (ظل) എന്ന് പറഞ്ഞത് കേവലം പരിഹാസ രൂപത്തിലാണെന്ന് വ്യക്തമാണ്. സൂ: വാകിഅഃ 43 - 44 ലും, അൽകഹ്ഫ് 29 ലും വായിച്ചത് ഓർക്കുക.

هَٰذَا يَوْمُ لَا يَنطِقُونَ ﴿٣٥﴾

﴾35﴿ അവർ മിണ്ടാത്തതായ ദിവസമത്രെ ഇത്.

وَلَا يُؤْذَنُ لَهُمْ فَيَعْتَذِرُونَ ﴿٣٦﴾

﴾36﴿ (ഒഴികഴിവ് പറയുവാൻ) അവർക്ക് അനുവാദം നൽകപ്പെടുകയുമില്ല, എന്നാലവർക്ക് ഒഴികഴിവ് പറയാമായിരുന്നു.

وَيْلٌ يَوْمَئِذٍ لِّلْمُكَذِّبِينَ ﴿٣٧﴾

﴾37﴿ അന്നത്തെ ദിവസം (മഹാ) നാശം, വ്യാജമാക്കുന്നവർക്കാകുന്നു.

﴾35﴿ هَٰذَا يَوْمُ ഇത് ഒരു ദിവസമത്രെ لَا يَنطِقُونَ അവർ മിണ്ടാത്ത, സംസാരിക്കാത്ത ﴾36﴿ وَلَا يُؤْذَنُ അനുവാദം നൽകപ്പെടുകയുമില്ല لَهُمْ അവർക്ക് فَيَعْتَذِرُونَ എന്നാലവർക്ക് ഒഴികഴിവ് പറയാമായിരുന്നു, അങ്ങനെ ഒഴികഴിവ് പറയുകയും (ഇല്ല) ﴾37﴿ [15 നോക്കുക]

സ്ഥിതിഗതികളുടെ ഗൗരവം നിമിത്തം അന്ന് അവർക്ക് സംസാരിക്കുവാൻപോലും കഴിയുന്നതല്ല. വല്ല ഒഴികഴിവുകളും പറഞ്ഞുനോക്കുവാനാണെങ്കിൽ, അതിന് അനുവാദവും ലഭിക്കുകയില്ല.

هَٰذَا يَوْمُ ٱلْفَصْلِ ۖ جَمَعْنَٰكُمْ وَٱلْأَوَّلِينَ ﴿٣٨﴾

﴾38﴿ '(ഹേ, വ്യാജമാക്കുന്നവരേ) തീരുമാനത്തിന്റെ ദിവസമാണിത്. നിങ്ങളെയും പൂർവികൻമാരെയും നാം (ഇവിടെ) ഒരുമിച്ചു കൂട്ടിയിരിക്കുന്നു.'

فَإِن كَانَ لَكُمْ كَيْدٌ فَكِيدُونِ ﴿٣٩﴾

﴾39﴿ എനി, വല്ല ഉപായതന്ത്രവും നിങ്ങൾക്ക് ഉണ്ടെങ്കിൽ എന്നോട് നിങ്ങൾ (അത്) പ്രയോഗിച്ചുകൊള്ളുവിൻ! [എന്നാലതൊന്ന് കാണാമല്ലോ!]

وَيْلٌ يَوْمَئِذٍ لِّلْمُكَذِّبِينَ ﴿٤٠﴾

﴾40﴿ അന്നത്തെ ദിവസം (മഹാ) നാശം, വ്യാജമാക്കുന്നവർക്കാകുന്നു.

﴾38﴿ هَٰذَا ഇത്, ഇതത്രെ يَوْمُ ٱلْفَصْلِ തീരുമാനത്തിന്റെ ദിവസം جَمَعْنَٰكُمْ നാം നിങ്ങളെ ഒരുമിച്ചു കൂട്ടിയിരിക്കുന്നു وَٱلْأَوَّلِينَ ആദ്യത്തെവരെയും, പൂർവ്വികൻമാരെയും ﴾39﴿ فَإِن كَانَ എനി ഉണ്ടെങ്കിൽ, എന്നാൽ ഉണ്ടായിരുന്നാൽ لَكُمْ നിങ്ങൾക്ക് كَيْدٌ വല്ല ഉപായവും, തന്ത്രവും فَكِيدُونِ എന്നാൽ നിങ്ങൾ എന്നോട് തന്ത്രം പ്രയോഗിച്ചുകൊള്ളുവിൻ ﴾40﴿ [15 പോലെ]

വിഭാഗം- 2

അവിശ്വാസികളെയും, അവരുടെ ഭാവിയെയും കുറിച്ച് പലതും പ്രസ്താവിച്ചശേഷം- ക്വുർആന്റെ പതിവനുസരിച്ച്- സത്യവിശ്വാസികളെയും, അവരുടെ ഭാവിയെയും കുറിച്ച് പറയുന്നു:-

إِنَّ ٱلْمُتَّقِينَ فِى ظِلَٰلٍ وَعُيُونٍ ﴿٤١﴾

﴾41﴿ നിശ്ചയമായും, സൂക്ഷ്മതയുള്ളവർ ചില (മഹത്തായ) തണലുകളിലും, ഉറവുജലങ്ങളിലുമായിരിക്കും;

وَفَوَٰكِهَ مِمَّا يَشْتَهُونَ ﴿٤٢﴾

﴾42﴿ അവർ ഇച്ഛിക്കുന്ന തരത്തിലുള്ള പഴവർഗങ്ങളിലുമായിരിക്കും (കഴിഞ്ഞുകൂടുക)

كُلُوا۟ وَٱشْرَبُوا۟ هَنِيٓـًٔۢا بِمَا كُنتُمْ تَعْمَلُونَ ﴿٤٣﴾

《43》 നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നത് നിമിത്തം, നിങ്ങൾ മംഗളമായി തിന്നുകയും കുടിക്കുകയും ചെയ്തുകൊള്ളുവിൻ! (എന്ന് പറയപ്പെടും)

إِنَّا كَذَٰلِكَ نَجْزِى ٱلْمُحْسِنِينَ ﴿٤٤﴾

《44》 നിശ്ചയമായും, അപ്രകാരമത്രെ നാം സുകൃതവാൻമാർക്ക് പ്രതിഫലം കൊടുക്കുന്നത്.

وَيْلٌ يَوْمَئِذٍ لِّلْمُكَذِّبِينَ ﴿٤٥﴾

《45》 അന്നത്തെ ദിവസം (മഹാ) നാശം, വ്യാജമാക്കുന്നവർക്കായിരിക്കും.

അവിശ്വാസികളെ അല്ലാഹു താക്കീത് ചെയ്യുന്നു:-

كُلُوا۟ وَتَمَتَّعُوا۟ قَلِيلًا إِنَّكُم مُّجْرِمُونَ ﴿٤٦﴾

《46》 നിങ്ങൾ അൽപം (കാലം) തിന്നുകയും സുഖമനുഭവിക്കുകയും ചെയ്തുകൊള്ളുക;- നിശ്ചയമായും, നിങ്ങൾ കുറ്റവാളികളാകുന്നു!

وَيْلٌ يَوْمَئِذٍ لِّلْمُكَذِّبِينَ ﴿٤٧﴾

《47》 അന്നത്തെ ദിവസം (മഹാ) നാശം, വ്യാജമാക്കുന്നവർക്കാകുന്നു.

《41》 إِنَّ ٱلْمُتَّقِينَ നിശ്ചയമായും സൂക്ഷ്മതയുള്ളവർ, ഭയഭക്തൻമാർ فِى ظِلَٰلٍ ചില നിഴലു (തണലു)കളിലായിരിക്കും وَعُيُونٍ ഉറവുജലങ്ങ (അരുവിക)ളിലും 《42》 وَفَوَٰكِهَ പഴവർഗങ്ങളിലും مِّمَّا യാതൊരു തരത്തിലുള്ള يَشْتَهُونَ അവർ ഇച്ഛിക്കുന്ന, ആശിക്കുന്ന 《43》 كُلُوا۟ നിങ്ങൾ തിന്നുവിൻ وَٱشْرَبُوا۟ കുടിക്കുകയും ചെയ്യുവിൻ هَنِيٓـًٔۢا മംഗളമായിട്ട് (ആനന്ദത്തോടെ) بِمَا كُنتُمْ നിങ്ങളായിരുന്നതു നിമിത്തം تَعْمَلُونَ പ്രവർത്തിക്കും 《44》 إِنَّا كَذَٰلِكَ നിശ്ചയമായും നാം അപ്രകാരം نَجْزِى നാം പ്രതിഫലം നൽകുന്നു ٱلْمُحْسِنِينَ സുകൃതവാൻമാർക്ക്, നന്മ ചെയ്യുന്നവർക്ക് 《45》 [15 നോക്കുക] 《46》 كُلُوا۟ തിന്നുകൊള്ളുവിൻ وَتَمَتَّعُوا۟ സുഖം (അനുഭവം) എടുക്കുകയും ചെയ്യുവിൻ قَلِيلًا അൽപം കുറച്ച് إِنَّكُم നിശ്ചയമായും നിങ്ങൾ مُّجْرِمُونَ കുറ്റവാളികളാകുന്നു 《47》 [15 പോലെ]

ഓരോരുത്തന്നും നിശ്ചയിക്കപ്പെട്ട തുച്ഛമായ ആയുഷ്കാലം തീരുന്നതുവരെ നിങ്ങൾക്കിവിടെ യഥേഷ്ടം വിഹരിക്കാം. പക്ഷേ, നിങ്ങളുടെ ഭാവി ഭയാനകമാണെന്ന് ഓർത്തുകൊള്ളുക എന്ന് സാരം. ഇവർ ഇത്രയും കടുത്ത പാപികളായിത്തീരുവാൻ കാരണം അല്ലാഹുവിനെ അനുസരിച്ചുകൊണ്ട് അവന് താഴ്മകാണിക്കുവാനും, അവന്റെ മുമ്പിൽ കുമ്പിട്ട് നമസ്കാരം ചെയ്യാനും അവർ വിസമ്മതിച്ചതാണെന്ന് അല്ലാഹു ചൂണ്ടിക്കാട്ടുന്നു:-

وَإِذَا قِيلَ لَهُمُ ارْكَعُوا لَا يَرْكَعُونَ ﴿48﴾

﴾48﴿ 'നിങ്ങൾ കുമ്പിടുവിൻ' എന്ന് അവരോട് പറയപ്പെട്ടാൽ അവർ കുമ്പിടുന്നതല്ല.

وَيْلٌ يَوْمَئِذٍ لِّلْمُكَذِّبِينَ ﴿49﴾

﴾49﴿ അന്നത്തെ ദിവസം (മഹാ) നാശം വ്യാജമാക്കുന്നവർക്കാകുന്നു.

فَبِأَيِّ حَدِيثٍ بَعْدَهُ يُؤْمِنُونَ ﴿50﴾

﴾50﴿ എനി, ഇതിന് [ക്വുർആന്] ശേഷം ഏതൊരു വർത്തമാനത്തിലാണ് അവർ വിശ്വസിച്ചേക്കുന്നത്?!

﴾48﴿ وَإِذَا قِيلَ പറയപ്പെട്ടാൽ, പറയപ്പെടുമ്പോൾ لَهُمُ അവരോട് ارْكَعُوا നിങ്ങൾ കുമ്പിടുവിൻ, റുകൂഉ് ചെയ്യുവിൻ (നമസ്കരിക്കുവിൻ) لَا يَرْكَعُونَ അവർ കുമ്പിടുകയില്ല ﴾49﴿ [15 പോലെ] ﴾50﴿ فَبِأَيِّ حَدِيثٍ എനി ഏത് വർത്തമാനത്തിലാണ്, വിഷയം കൊണ്ടാണ് بَعْدَهُ ഇതിനുശേഷം, ഇതിന് പുറമെ يُؤْمِنُونَ അവർ വിശ്വസിക്കുക

ركوع (റുകൂഉ്) എന്ന വാക്കിന് 'കുമ്പിടുക, തലകുനിക്കുക, താഴ്മ കാണിക്കുക, ഭക്തി ചെയ്യുക, നമസ്കരിക്കുക' എന്നൊക്കെ അർത്ഥം വരാം. നമസ്കാരകർമത്തിൽ കുമ്പിട്ട് ചെയ്യുന്ന ഭാഗത്തിന് സാധാരണയായി 'റുകൂഉ്' എന്ന് പറഞ്ഞുവരുന്നു. നമസ്കാരകർമത്തെ ഉദ്ദേശിച്ചു 'സുജൂദ്' എന്ന പറയാറുള്ളതുപോലെ റുകൂഉ് എന്നും പറയാറുണ്ട്. ചുരുക്കത്തിൽ, അല്ലാഹുവിന്റെ മുമ്പിൽ തല കുനിക്കുവാനും അവനെ ആരാധിച്ചു കീഴ്പെടുവാനും അവർ തയ്യാറില്ല. ഗർവും അഹംഭാവവുമായി കഴിയുകയാണ്. ഇത്രയും വ്യക്തവും യുക്തവുമായ ഉപദേശങ്ങളും താക്കീതുകളും ലഭിച്ചുകൊണ്ടിരുന്നിട്ടും ഈ ക്വുർആനിൽ വിശ്വസിക്കുവാൻ അവർ കൂട്ടാക്കുന്നില്ല. എന്നിരിക്കെ എനി ഏതൊന്നിലാണ് അവർ വിശ്വസിക്കുവാൻ പോകുന്നത്?! എന്ന് താൽപര്യം.

ഇമാം അഹ്മദ്, അബൂദാവൂദ്, ഹാകിം (റ) മുതലായ മഹാൻമാർ അബൂഹുറയ്റഃ (റ)യിൽ നിന്ന് നിവേദനം ചെയ്ത ഒരു നബിവചനത്തിന്റെ ചുരുക്കം

ഇപ്രകാരമാകുന്നു: 'സൂറ:'വത്തീനി'ഓതി അവസാനിക്കുമ്പോൾ, ഓതുന്നവർ بلى وأنا على ذلك من الشاهدين (അല്ലാഹേ! ഞാനും അതിന് സാക്ഷിയാണ്.) എന്ന് പറയണം. സൂഃ കിയാമത്ത് അവസാനിക്കുമ്പോൾ അവൻ بلى (അല്ലാഹേ!) എന്നും പറയണം. സൂഃ വൽമുർസലാത്തി ഓതി അവസാനിക്കുമ്പോൾ آمنا بالله (ഞങ്ങൾ അല്ലാഹുവിൽ വിശ്വസിച്ചിരിക്കുന്നു.)'എന്നും പറയണം.

ഈ സൂറത്തുകളുടെ അവസാനത്തെ വചനങ്ങളിൽ അടങ്ങിയ ചോദ്യങ്ങൾക്ക് മറുപടിയെന്നോണമത്രെ ആ വാക്കുകൾ പറയുവാൻ നബിﷺ കൽപിക്കുന്നത്. ഓരോ വചനത്തിന്റെ ഉള്ളടക്കവും, മറുപടിയുടെ സാരവും നോക്കുമ്പോൾ അത് വ്യക്തമാകുന്നതാണ്. മാത്രമല്ല, ക്വുർആൻ പാരായണവേളയിൽ, സന്തോഷവാർത്തകൾ കാണുന്നിടത്ത് അല്ലാഹുവിനോട് അതിനുവേണ്ടി പ്രാർത്ഥിക്കലും, ഭയവാർത്തകൾ കാണുന്നിടത്ത് അല്ലാഹുവിനോട് അതിൽനിന്ന് രക്ഷതേടലും ആവശ്യമാകുന്നു. ഈ ഒടുവിലത്തെ വചനത്തിൽ കാണുന്നതുപോലെ ചോദ്യരൂപത്തിലുള്ള വചനങ്ങൾ പാരായണം ചെയ്യുമ്പോൾ വിനയപൂർവം അതതിന് യോജിച്ച മറുപടി വാക്യങ്ങൾ പറയുന്നതും നന്നായിരിക്കും. നബിﷺയുടെ ചര്യകൾ പരിശോധിക്കുമ്പോൾ കാണാവുന്ന മര്യാദകളാണ് ഇവയെല്ലാം. والله الموفق

آمنا بالله وبما أنزل وصدق الله وبلغ رسوله ونحن على ذلك من الشاهدين ولله الحمد والمنة